കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 30, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 197 –നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 30, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

പേജ്

I. **ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധമായി ചേർത്തിരിക്കുന്നു) ....

II. **നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്** ....

III. **ശ്രദ്ധക്ഷണിക്കൽ**

സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ പ്രശ്നങ്ങൾ
– ശ്രീ. കോവൂർ കുഞ്ഞുമോൻ ....

IV. **റിപ്പോർട്ട് സമർപ്പണം** ....

(1) കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും ...

(3) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2024 ഏപ്രിൽ 1മുതൽ 2025 മാർച്ച് 31വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...

(4) ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

V. റിപ്പോർട്ട് പരിഗണന ....

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് ....

VI. നിയമനിർമ്മാണകാര്യം

താഴെപറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ ....

(ii) 2025-ലെ കേരള ഏകകിടപ്പാടം സംരക്ഷണ ബിൽ ....

(iii) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ....

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 30, ചൊവ്വ

വാല്യം 197} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 7

നിയമസഭ 2025 സെപ്റ്റംബർ മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*151)

മദ്യപാനംമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് അവബോധം നൽകാൻ പദ്ധതി

1 (*151) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്തും 2016-2021 കാലയളവിലുമുണ്ടായിട്ടുള്ള മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച വിശദാംശം 2011-2016 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്ത് ലഭ്യമാക്കാമോ;

(സി) മദ്യപാനശീലം നിരുത്സാഹപ്പെടുത്തുന്നതിനും മദ്യപാനംമൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപരവും സാമൂഹികപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ വിദ്യാർഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി പ്രചാരണം കൂടുതൽ ശക്തമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്തും മുമ്പുള്ള രണ്ട് സർക്കാരുകളുടെ കാലത്തുമുണ്ടായിട്ടുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യ വിൽപനയുടെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	വിൽപന നടത്തിയ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അളവ് (കെയ്സുകൾ ലക്ഷത്തിൽ)
2011-12	241.78
2012-13	244.33
2013-14	240.67
2014-15	220.58
2015-16	201.75
2016-17	205.41
2017-18	208.51
2018-19	216.34
2019-20	218.84
2020-21	187.5
2021-22	181.03
2022-23	224.34
2023-24	221.70
2024-25	228.60

ഇതിൽനിന്ന് വ്യക്തമാകുന്നൊരു കാര്യം, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപനയുടെ അളവ് 2011-12-ൽ 241.78 ലക്ഷം കെയ്സുകളായിരുന്നു. ഈ സർക്കാരിന്റെ കാലത്ത് (2024-25) അത് 228.60 ലക്ഷം കെയ്സുകളാണ്. 241.78-ൽനിന്ന് 228.60 ലക്ഷം കെയ്സുകളായി കുറയുകയാണ് ചെയ്തത്. 2023-24-ൽ 221.70 ലക്ഷം കെയ്സുകളും

2022-23-ൽ 224.34 ലക്ഷം കെയ്സുകളുമാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ വിൽപന നടത്തിയ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അളവ് തുടർച്ചയായി കുറയുന്നതായാണ് കാണുന്നത്.

(സി) മദ്യത്തിനും മയക്കുമരുന്നുപയോഗത്തിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിൽ 2016 ഒക്ടോബറിൽ വിമുക്തി മിഷൻ (കേരള സംസ്ഥാന ലഹരിവർജന മിഷൻ) രൂപീകരിച്ചിരുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, വനിതാ-ശിശു വികസനം, പൊലീസ്, കായികം, സാംസ്കാരികം തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും ലഹരിക്കെതിരെ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ബോധവൽക്കരണം, കൗൺസലിങ്, ലഹരിമുക്ത ചികിത്സ എന്നിവയിലാണ്. ലഹരിയുടെ ദുരുപയോഗം, ദൂഷ്യഫലങ്ങൾ, ലഹരി വസ്തുക്കളുടെ കടന്നുവരവിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, ലഹരിയിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നതിനുള്ള മാർഗങ്ങൾ, ലഹരി വസ്തുക്കൾക്കെതിരെയുള്ള പ്രതിരോധം എന്നിവയാണ് പ്രധാനമായും ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നാളിതുവരെ ലഹരി ഉപയോഗിച്ചിട്ടില്ലാത്തവർ യാതൊരു വിധത്തിലും ലഹരിയുടെ മാർഗത്തിലേയ്ക്ക്

പോകരുതെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വിമുക്തി മിഷൻ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. വിമുക്തി മിഷനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസലിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ലഹരിമുക്ത ചികിത്സ നൽകുന്നതിനായി വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ വീതം പ്രവർത്തിപ്പിക്കുന്നുണ്ട്.

(ഡി) സ്കൂൾ വിദ്യാർഥികൾക്കിടയിലുൾപ്പെടെ കടന്നുകയറിയ ലഹരി വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ ക്രിയാത്മകമായ രീതിയിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും വിദ്യാർഥികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ചാണ് നടത്തുന്നത്. പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിച്ച് അതിലൂടെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും വിവിധങ്ങളായ പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ചെറിയ പ്രായം മുതൽതന്നെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി "ബാല്യം അമൂല്യം" എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 140 സ്കൂളുകളിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേയ്ക്ക് പോകാതെ അവരുടെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് 'ഉണർവ്' എന്ന പദ്ധതി നടപ്പിലാക്കുന്നു. വിദ്യാലയങ്ങളിൽ കളിയിടങ്ങളൊരുക്കുക, കായിക ഉപകരണങ്ങൾ നൽകുക എന്നിവ ലക്ഷ്യമിടുന്ന ടി പദ്ധതി 29 സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കുട്ടികളുടെ കായിക മത്സരയിനങ്ങളിലുള്ള താൽപര്യം വർധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തി പരിഹരിക്കുന്നതിന് ഒരു Standard Operating Procedure (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിവരുന്നു.

ലഹരി വിരുദ്ധ പോരാട്ടത്തിന് എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ലഹരി വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടേയും വിവിധ യുവജന-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സന്നദ്ധ സംഘടനകൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് വിമുക്തി മിഷന്റെ പ്രവർത്തനം എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ലഹരിവർജനം പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുവിൽ വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നത്. മദ്യവർജനമാണ് 2016 മുതലുള്ള സർക്കാരിന്റെ നയം. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി ഘട്ടംഘട്ടമായ പ്രവർത്തനങ്ങൾ അവലംബിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ തന്നെയാണ്. മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് ഈ സർക്കാരിന്റെയും മുമ്പുള്ള രണ്ട് സർക്കാരുകളുടെയും കാലത്തെ കണക്കുകളാണ് ഇവിടെ ചോദ്യമായി ഉന്നയിച്ചിട്ടുള്ളത്. ഇതിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപന ഏറ്റവും കൂടുതൽ നടന്നത് 2012-13-ലാണെന്ന് ഞാനിവിടെ സൂചിപ്പിച്ചു. 2016-ലാണ് വിമുക്തി മിഷന്റെ പ്രവർത്തനം ആരംഭിച്ചത്. 2016-നുശേഷം മദ്യ ഉപഭോഗത്തിൽ വന്നിട്ടുള്ള കുറവ് സൂചിപ്പിക്കുന്നത് വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്നും അത് ലക്ഷ്യം കാണുന്നുണ്ടെന്നുമാണ്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കണക്കുകളാണ് നേരത്തെ ഞാൻ സൂചിപ്പിച്ചത്. ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും ചേർത്ത് ആകെ മദ്യ വിൽപനയുടെ കണക്ക് പരിശോധിച്ചാൽ 2011-12-ൽ 339.6 ലക്ഷം കെയ്സുകളായിരുന്നത് 2024-25-ൽ 330.27 ലക്ഷം കെയ്സുകളായി എന്നതാണ്. മാത്രമല്ല, കഴിഞ്ഞ പതിനഞ്ച് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ (2011-12 മുതൽ 2024-25 വരെയുള്ള) ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും ചേർത്ത് ഏറ്റവും കൂടുതൽ മദ്യ വിൽപന നടന്നത് 2015-16-ലാണ്, (355.95 ലക്ഷം കെയ്സുകൾ) അതാണ് 330.27 ലക്ഷം കെയ്സുകളായി കുറഞ്ഞിരിക്കുന്നത്. അതായത്, 25.68 ലക്ഷം കെയ്സിന്റെ കുറവാണ് മദ്യത്തിന് ഏറ്റവും കൂടുതൽ വിൽപനയുണ്ടായ 2015-16

വർഷവും ഈ തൊട്ടുമുമ്പത്തെ വർഷവും തമ്മിലുള്ള വ്യത്യാസമായി കാണാൻ സാധിക്കുന്നത്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഇതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് തന്നെയാണ് സർക്കാർ കാണുന്നത്. വിമുക്തി മിഷൻ വിപുലമായ പ്രവർത്തനങ്ങളാണ് മദ്യ ഉപഭോഗത്തിനും പൊതുവിലുള്ള ലഹരി ഉപഭോഗത്തിനുമെതിരായി സംഘടിപ്പിച്ചിട്ടുള്ളത്. 14 ജില്ലകളിലും വിമുക്തി മിഷന്റെ നേതൃത്വത്തിലുള്ള ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന 2025 ആഗസ്റ്റ് വരെ 152320 പേർക്ക് ഒ.പി.-യിലും 12114 പേർക്ക് ഐ.പി.-യിലും ചികിത്സ നൽകിയിട്ടുണ്ട്. വിമുക്തി മിഷനുകീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി മൂന്ന് മേഖല കൗൺസലിങ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2025 ആഗസ്റ്റ് വരെ 25010 പേർക്ക് ഈ കേന്ദ്രങ്ങളിലൂടെ കൗൺസലിങ് നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകരയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കും മാത്രം ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടത്തുന്നുണ്ട്. വളരെ വിപുലമായ പ്രവർത്തനങ്ങളായതിനാൽ എല്ലാ കാര്യങ്ങളും ഞാൻ വിശദമായി പരാമർശിക്കുന്നില്ല.

ശ്രീ. കെ. പ്രേംകുമാർ: സർ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ഡി-അഡിക്ഷൻ സെന്ററിനുപുറമേ മറ്റേതെങ്കിലും

തരത്തിൽ മാതൃകാപരമായ ഇടപെടൽ നടത്താൻ വകുപ്പ് തയ്യാറായിട്ടുണ്ടോ; അത്തരം കാര്യങ്ങളെപ്പറ്റി വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ മോചിപ്പിക്കാൻ വേണ്ടിയാണ് ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. എന്നാൽ അത്തരം പ്രവർത്തനങ്ങൾ മാത്രമല്ല വിമുക്തി മിഷനും എക്സൈസ് വകുപ്പും നടത്തിവരുന്നത്. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സ്വാധീനത്തിൽ അകപ്പെടാതിരിക്കാൻ യുവജനങ്ങളെയും കുട്ടികളെയും കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം അവരുടെ ഊർജം മറ്റ് ക്രിയാത്മകമായ മേഖലകളിലേയ്ക്ക് വഴിതിരിച്ചുവിടാനുള്ള പ്രവർത്തനങ്ങൾകൂടി നടത്തുന്നുണ്ട്. ലഹരിക്കെതിരായ പ്രത്യൗഷധമായി സ്പോർട്സ് ഉപയോഗിക്കുകയെന്നത് ലോകത്താകെ പരീക്ഷിച്ച് തെളിയിക്കപ്പെട്ടതാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ട് 'ടീം വിമുക്തി' എന്ന പേരിൽ സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചുവരികയാണ്. അയ്യായിരത്തോളം ലഹരി വിരുദ്ധ ക്ലബ്ബുകളുണ്ട്. 2022-23, 2023-24 എന്നീ വർഷങ്ങളിലായി ആയിരം സ്പോർട്സ് ടീമുകൾ സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചു. ഈ വർഷം 500 സ്കൂളുകളിൽക്കൂടി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ 'ടീം വിമുക്തി' എന്ന സ്പോർട്സ് ടീം രൂപീകരിക്കും. അതിനുവേണ്ടി 60 ലക്ഷം രൂപയാണ് വകുപ്പ് വകയിരുത്തിയിട്ടുള്ളത്. ഈ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്പോർട്സ് മീറ്റ് ജില്ലാതലത്തിലും എക്സൈസ് സർക്കിൾ തലത്തിലും സംഘടിപ്പിക്കാറുണ്ട്. 'The Challenge Accepted' എന്ന പേരിലാണ് എല്ലാ വർഷവും

സ്പോർട്സ് മീറ്റ് നടത്തുന്നത്. ഈ വർഷം 220 മത്സരങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. വിജയികൾക്ക് സമ്മാനങ്ങളും നൽകുന്നുണ്ട്. അതുപോലെ ചെസ് മത്സരം, സംവാദ മത്സരം, ചിത്രരചനാ മത്സരം, ഹ്രസ്വചിത്ര നിർമ്മാണ മത്സരം എന്നിവയൊക്കെ ടീം വിമുക്തി മിഷന്റെ ഭാഗമായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായവും ഏകോപനവും എക്സൈസ് ഉദ്യോഗസ്ഥർ നൽകിവരുന്നുണ്ട്. 'കരുതൽ', 'കവചം' എന്നീ പേരുകളിൽ ഇതിനുവേണ്ടി രണ്ട് കൈപുസ്തകങ്ങൾ എക്സൈസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതിനേക്കാൾ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഈ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുൾപ്പെടെ എക്സൈസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനുവേണ്ടി ഇന്ത്യയിലെ ഏറ്റവും പ്രശസ്ത സ്ഥാപനമായ ബാംഗ്ലൂർ 'നിംഹാൻസ്'-ന്റെ നേതൃത്വത്തിൽ 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് എക്സൈസ് അക്കാദമിയിൽവച്ച് പരിശീലനം നൽകിയിട്ടുണ്ട് എന്നതാണ്. മാത്രമല്ല, കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിന് ഇവരെ നിയോഗിച്ചിട്ടുണ്ട്. ഈ വർഷം 360 എക്സൈസ് ഉദ്യോഗസ്ഥർക്കാണ് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നത്. മറ്റ് വിദഗ്ധരുടെ സേവനവും ഇക്കാര്യങ്ങളിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് ആന്റി ഡ്രഗ് സ്ക്വാഡ് വർക്കുകൾ മികച്ച രീതിയിൽ നടക്കുകയാണ്. പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പരിസരങ്ങളിൽ സിന്തറ്റിക് ഡ്രഗിന്റെ വ്യാപാരം വ്യാപകമായി നടക്കുന്നുണ്ട്. അതിനാൽ ഇത്തരം ടീമുകളെ പിടിക്കൂടാനാവശ്യമായ

സംവിധാനങ്ങൾ ഒരുക്കാൻ കഴിയുമോ; സിന്തറ്റിക് ഡ്രഗിന്റെ ഉപയോഗത്തിൽ അകപ്പെടുന്ന കുട്ടികൾക്ക് കൗൺസലിങ് നൽകാനുള്ള കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കൗൺസലിങ് കേന്ദ്രങ്ങളുടെ കാര്യം ഞാനിവിടെ വിശദമായി പരാമർശിച്ചതിനാൽ അക്കാര്യം ആവർത്തിക്കുന്നില്ല. സ്കൂളുകൾ കേന്ദ്രീകരിച്ച് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. സർക്കാർ അതിനെ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. 2025 ജനുവരി മുതൽ ആഗസ്റ്റ് മാസംവരെ സ്കൂൾ പരിസരങ്ങളിൽ എക്സൈസ് നടത്തിയ പരിശോധനകളുടെ എണ്ണം 30374 ആണ്. അതിന്റെ ഭാഗമായി 10 NDPS കേസുകളും 1511 COTPA കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്ത് ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 2022 ആഗസ്റ്റ് 2 മുതൽ മയക്കുമരുന്നിനെതിരായി ജനകീയ പങ്കാളിത്തത്തോടെയുള്ള വലിയ ക്യാമ്പയിൻതന്നെ നടന്നുവരികയാണ്. ആ ക്യാമ്പയിൻ നാല് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 റിപ്പബ്ലിക് ദിനം വരെ നീണ്ടുനിൽക്കുന്ന ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബോധവൽക്കരണം മാത്രമല്ല, ബോധവൽക്കരണത്തോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റും എന്നതാണ് സർക്കാരിന്റെ സമീപനം. "Operation Clean Slate" എന്ന പേരിൽ എക്സൈസ് വകുപ്പ് ആരംഭിച്ച പദ്ധതിക്ക് മാധ്യമങ്ങളിൽനിന്നും പൊതുസമൂഹത്തിൽനിന്നും എല്ലാവിഭാഗം ആളുകളിൽനിന്നും വലിയ പിന്തുണയാണ് ലഭിച്ചത്. "Operation Clean Slate"-ന്റെ ഒന്നാംഘട്ടത്തിൽ 6344 റെയ്ഡുകൾ നടത്തുകയും 962 പേരെ അറസ്റ്റ് ചെയ്യുകയും 527 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ

ചെയ്യുകയും ചെയ്തു. ആകെ 1489 കേസുകളും 6344 റെയ്ഡുകളും ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ ഒന്നാം ഘട്ടത്തിൽ നടത്തി. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏപ്രിൽ 21 മുതൽ മേയ് 16 വരെ നടത്തി. ഒന്നാംഘട്ട പ്രവർത്തനം വളരെ വിജയകരമായിരുന്നുവെന്ന് കണ്ടതിനെത്തുടർന്നാണ് രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചത്. രണ്ടാം ഘട്ടത്തിൽ റെയ്ഡുകളുടെ എണ്ണം 6344-ൽ നിന്ന് 10893 ആയി ഉയർന്നു. അതായത് രണ്ടാം ഘട്ടത്തിൽ കൂടുതൽ ശക്തമായ റെയ്ഡുകൾ നടത്തി. കൂടാതെ 398 എക്സൈസ്-പൊലീസ് സംയുക്ത റെയ്ഡുകളും നടത്തി. രണ്ടാംഘട്ടത്തിൽ 104575 വാഹന പരിശോധനകൾ നടത്തിയിട്ടുണ്ട്. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ രണ്ടാം ഘട്ടത്തിൽ 1489 അബ്കാരി കേസുകളും 996 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് മാഫിയയെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചമർത്തുമെന്നാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. അങ്ങനെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചമർത്തിയതിന്റെ കാഴ്ചകളാണ് കഴിഞ്ഞ മാസങ്ങളിലെല്ലാം പൊലീസ് വകുപ്പിന്റെ 'ഓപ്പറേഷൻ ഡീ-ഹണ്ട്', എക്സൈസ് വകുപ്പിന്റെ 'ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്' എന്നീ രണ്ട് പ്രവർത്തനങ്ങളിലൂടെ കേരളം കണ്ടത്. കേരളത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പംതന്നെ കേസുകളിൽ അറസ്റ്റ് ചെയ്തിട്ടുള്ള പ്രതികളിൽനിന്ന് തെളിവ് ശേഖരിക്കുന്നതിനായി കേരളത്തിന് പുറത്തുള്ള പ്രഭവകേന്ദ്രത്തിലെത്താനും പൊലീസ്, എക്സൈസ് വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടെ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, ലഹരിമുക്ത കേരളത്തിനായി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ ഫോറിൻ ലിക്വർ

ഷോപ്പുകളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, എന്റെ കൈയിൽ ഇപ്പോൾ വിശദമായ കണക്കില്ല. കേരളത്തിൽ ഏകദേശം 309 ബെവ്കോ ഔറ്റ്ലെറ്റുകളാണുള്ളത്. പക്ഷെ തമിഴ്നാട്ടിൽ ഇതിന്റെ പത്തിരട്ടിയും കർണ്ണാടകയിൽ പതിനഞ്ചിരട്ടിയെങ്കിലും ഉണ്ടാകും. ഈ സംസ്ഥാനങ്ങളിലെല്ലാം വിൽപന പതിന്മടങ്ങാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അയ്യായിരത്തിലധികമാണ് കർണ്ണാടകയിലെ ഔട്ട്ലെറ്റുകളുടെ എണ്ണം. തമിഴ്നാട്ടിലെ TASMAC-ലെ ഔട്ട്ലെറ്റുകളുടെ എണ്ണം മൂവായിരത്തിലധികമാണ്. അതായത്, കേരളത്തിലുള്ളതിന്റെ 10 ഇരട്ടിയാണ്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, മയക്കുമരുന്നിന്റെ പ്രഭവകേന്ദ്രം കണ്ടുപിടിക്കാനും അതിന്റെ വിതരണ ശൃംഖല തകർക്കാനും നടത്തികൊണ്ടിരിക്കുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. മയക്കുമരുന്നിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിന് വിമുക്തി പ്രസ്ഥാനം നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അങ്ങ് വിശദീകരിച്ചു. അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുമോ; ടൂറിസവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഹോട്ടലുകളിൽ ഇപ്പോൾ നിലനിൽക്കുന്ന സമയക്രമം, നിയന്ത്രണവിധേയമായിട്ടുള്ള മദ്യത്തിന്റെ ഉപയോഗം എന്നിവ സംബന്ധിച്ച് ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനും കേരള ടാവൽ മാർട്ടുമെല്ലാം ചില പുതിയ നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാൻ സർക്കാർ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ രണ്ട് മദ്യനയങ്ങളിലായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആ മദ്യനയമാണ് ഇപ്പോൾ നിലവിലുള്ളത്. അതനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുക. MICE ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നിയന്ത്രിതമായ ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രാബല്യത്തിലുള്ള മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടിയിലെ ആദിവാസി ഉന്നതികളിൽ മദ്യത്തിന്റെ വ്യാപനം വളരെ വ്യാപകമായതുകൊണ്ട് പല ക്രമസമാധാന പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ ഏക ഡി-അഡിക്ഷൻ സെന്ററാണ് ചാലക്കുടി താലൂക്ക് ആശുപത്രിയിലെ വിമുക്തി സെന്റർ. അവിടെ ഡോക്ടർമാരുടെയും മറ്റ് സൗകര്യങ്ങളുടെയും അഭാവമുണ്ട്. കൂടാതെ അവിടെ പലപ്പോഴും അത്യാവശ്യ സേവനങ്ങൾ ലഭ്യമാകാത്ത സാഹചര്യവുമുണ്ട്. അതുകൊണ്ട് പുതിയൊരു കെട്ടിടം നിർമ്മിച്ച് വിമുക്തി സെന്റർ വിപുലീകരിച്ച് അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ ചോദ്യരൂപേണ ഉന്നയിച്ച ആവശ്യം വളരെ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്. പുതിയ കെട്ടിടത്തിന്റെ ആവശ്യകത അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ ചാലക്കുടിയിലാണ് ഡി-അഡിക്ഷൻ സെന്ററുള്ളത്. ഒരു കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക

വിനിയോഗിക്കുന്നതിനുള്ള അവസരമുണ്ട് എന്ന കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, സർക്കാർതലത്തിൽ നടത്തുന്ന ഡി-അഡിക്ഷൻ സെന്ററുകൾ വളരെ ഫലപ്രദമായാണ് പ്രവർത്തിക്കുന്നത്. ബോധവൽക്കരണവും കൗൺസലിങും ചികിത്സയുമൊക്കെ ഏറ്റവും ഫലപ്രദവും ശാസ്ത്രീയവുമായി നടത്തുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങൾ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നം ഒരു സ്ഥാപനമെന്ന നിലയിലുള്ള ലൈസൻസ് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് അവർക്ക് ലഭിക്കുന്നില്ല എന്നതാണ്. കഴിഞ്ഞദിവസം ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർക്ക് ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രികൂടിയായ അങ്ങ് ഫലപ്രദമായി ഇടപെടുമോ; എന്താണ് അതിലെ തടസ്സം എന്നുകൂടി പരിശോധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. പൊതുവായ പ്രശ്നമാണെങ്കിൽ ആ നിലയിലും പ്രത്യേക കേസുകൾ എന്ന നിലയ്ക്കാണെങ്കിൽ അങ്ങനെയും പരിശോധിക്കാവുന്നതാണ്. ഒരുകാര്യം സഭയിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിലുണ്ട്. ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി ഉയർന്നുവന്ന നിർദ്ദേശങ്ങളെത്തുടർന്ന് ലൈസൻസ് ചട്ടങ്ങൾ ഉദാരമാക്കികൊണ്ടുള്ള വിജ്ഞാപനം ആദ്യം പുറപ്പെടുവിച്ചത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

പഞ്ചായത്ത് ലൈസൻസ് ചട്ടങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തികൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. മുനിസിപ്പാലിറ്റി ചട്ടങ്ങളും പരിഷ്കരിക്കുന്നതിനുള്ള ഉത്തരവ് ഏതാനും ആഴ്ചകൾക്കുള്ളിൽ വരും. അങ്ങ് ഉന്നയിച്ച പ്രശ്നം പ്രത്യേകം പരിശോധിക്കേണ്ട ആവശ്യമുണ്ടെങ്കിൽ അക്കാര്യം ഗൗരവമായിതന്നെ പരിശോധിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യഷാപ്പുകളുടെ എണ്ണവും അതുപോലെ മദ്യപാനികളുടെ എണ്ണവും വർധിച്ചിരിക്കുകയാണ്. ഇപ്പോൾ കുട്ടികൾക്കിടയിൽപോലും വൻതോതിലുള്ള മദ്യവ്യാപനമാണ് നടന്നുകൊണ്ടിരിക്കുന്നത്. 1057 വിദ്യാലയങ്ങൾ മദ്യലഹരി മാഫിയയുടെ പിടിയിലാണെന്നും അവിടെ ഇത്തരം വസ്തുക്കൾ സൂക്ഷിക്കാൻപോലും സംവിധാനമുണ്ടെന്ന് ഈയിടെ കേരളകൗമുദി ദിനപത്രത്തിൽ വന്നൊരു വാർത്ത ഞാൻ വായിക്കുകയുണ്ടായി. കുട്ടികളിലെ മദ്യവ്യാപനം തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. ബി. രാജേഷ്: സർ, സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ സ്വാധീനം തടയാൻ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമായ മറുപടി നൽകിയതാണ്. ജനുവരി മുതൽ ആഗസ്റ്റ് മാസംവരെ സ്കൂളുകളുടെ പരിസരങ്ങളിൽ എക്സൈസ് വകുപ്പ് മുപ്പതിനായിരത്തിലേറെ പരിശോധനകൾ നടത്തിയിട്ടുണ്ട്. അത് തുടർന്നുവരികയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, മാതൃകാപരമായാണ് വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നത്. ഒൻപതിനായിരത്തോളം വിദ്യാർഥികളെ ലഹരികെണിയിൽ നിന്ന്

മോചിപ്പിച്ച് സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നാണ് ബഹുമാന്യരായ മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും പ്രസ്താവിച്ചത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർസെക്കൻഡറി വിഭാഗത്തിലും രക്ഷിതാക്കൾ, വിദ്യാർഥികൾ, സന്നദ്ധപ്രവർത്തകർ, എസ്.പി.സി. എന്നിവരെ ഉൾപ്പെടുത്തി കൃത്യമായ പരിശോധനകൾക്കുള്ള സംവിധാനങ്ങൾ ഫലപ്രദമാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ നിരന്തരമായി നടന്നുവരികയാണ്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഏകോപിപ്പിക്കാനും സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായും ജില്ലാതലങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അധ്യക്ഷരായും തദ്ദേശസ്ഥാപന തലത്തിൽ തദ്ദേശസ്ഥാപന മേധാവികൾ അധ്യക്ഷരായും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ പി.ടി.എ.-യുടെ നേതൃത്വത്തിലും വാർഡുതലത്തിൽ മറ്റ് സന്നദ്ധസംഘടനകളും ജനപ്രതിനിധികളും അടങ്ങുന്ന സമിതികളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒരുപക്ഷെ കേരളത്തിലല്ലാതെ മറ്റൊരു സ്ഥലത്തും ഇതേരീതിയിലുള്ള പ്രവർത്തനങ്ങൾ കാണാൻ കഴിയില്ല. ഇക്കാര്യത്തിൽ ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനതലം മുതൽ വാർഡുതലത്തിലും സ്കൂൾതലത്തിലും വരെ ഇത്തരത്തിലുള്ള സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭിക്കുന്നുണ്ട്. ഇതിനുവേണ്ടി അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകൾ

കേന്ദ്രീകരിച്ച് 'യോദ്ധാവ്' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇക്കാര്യത്തിൽ പഴുതടച്ച പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ വിദ്യാർഥികൾക്ക് നേരിട്ട് ഒരു കത്തെഴുതിയിട്ടുണ്ട്. 'പ്രിയപ്പെട്ട മക്കളേ'.. എന്നുതുടങ്ങുന്ന ആ കത്തിൽ വിദ്യാഭ്യാസ രംഗത്തെ കാര്യങ്ങൾ സൂചിപ്പിച്ചശേഷം ലഹരിവസ്തുക്കളെ സംബന്ധിച്ചുള്ള കാര്യങ്ങളും പരാമർശിക്കുന്നുണ്ട്. 'ലഹരിയുടെയും മറ്റും ചതിക്കുഴികൾ നമുക്ക് ചുറ്റുമുണ്ടെന്ന് തിരിച്ചറിയണം. അവയ്ക്കെതിരെ സദാ ജാഗ്രതയുള്ളവരായിക്കണം, പ്രത്യേകിച്ച് ലഹരിക്കെതിരെ സർക്കാർ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളിൽ നിങ്ങൾ സജീവമായി അണിചേരണം. നമുക്ക് ചുറ്റുമുള്ളവരെ ലഹരിയുടെ വലയിൽപ്പെടാതെ കാത്തുസൂക്ഷിക്കാൻ ചുമതലയുണ്ട്. കൂടാതെ നല്ല വായനാശീലം വളർത്താനും പ്രത്യേകം ശ്രദ്ധിക്കണം..' കത്തിലെ ഏതാനും ചില വരികളാണിത്. കേരളത്തിലെ 40 ലക്ഷത്തിലധികം വരുന്ന വിദ്യാർഥികൾക്കുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കത്ത് എഴുതിയിരിക്കുന്നത്. കത്തിന്റെ പ്രിന്റിങ് പൂർത്തിയായിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ലഹരിവിമുക്തി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ എക്സൈസ് ഉദ്യോസ്ഥർ ക്ലാസുകളെടുക്കുന്നതായും ആയതിന് ടി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതായും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം പ്രശംസനീയമാണ്. പക്ഷെ ഇതുസംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ വ്യക്തമാക്കാൻ ഞാൻ

ആഗ്രഹിക്കുന്നു. എക്സൈസ് ഉദ്യോഗസ്ഥരെ സ്കൂളുകളിൽ ക്ലാസെടുക്കാൻ നിയോഗിക്കപ്പെടുന്ന അവസരത്തിൽ അവർക്ക് കൃത്യമായി ഡ്യൂട്ടി നിർവഹിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സ്ട്രെങ്ത് കുറവാണെന്ന വസ്തുതയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ, ഇവരുടെ ക്ലാസുകളിൽ പല കുട്ടികളും അലക്ഷ്യമായിരിക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. ഉദ്യോഗസ്ഥർ അവരുടെ ഡ്യൂട്ടിയുടെ ഭാഗമെന്നോണം ക്ലാസുകളെടുക്കുന്നുവെന്നുമാത്രം. മോട്ടിവേഷണൽ സ്പീച്ചുകൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെ ക്ലാസുകളെടുക്കാൻ നിയോഗിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയാണെങ്കിൽ കുട്ടികൾക്ക് ക്ലാസുകൾ കുറച്ചുകൂടി ശ്രദ്ധിക്കാനും മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയും. ഈ രീതിയിൽ ക്ലാസുകൾ സംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ NIMHANS-ന്റെ നേതൃത്വത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുണ്ട്. ഇതിനുപുറമെ സൈക്യാട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ തുടങ്ങിയ വിദഗ്ധരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. എല്ലാ മേഖലകളിലെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള നിയമസഭയിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് വിദഗ്ധരുടെ ഒരു സമ്മേളനം വിളിച്ചു ചേർത്തിരുന്നു. മികച്ച പ്രതികരണമാണ് അതിന് ലഭിച്ചത്. ഹാൾ നിറഞ്ഞ് കവിഞ്ഞ ജനപങ്കാളിത്തമുണ്ടായിരുന്നു. അവരുടെയെല്ലാം സേവനങ്ങൾ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ട്. മോട്ടിവേഷണൽ സ്പീച്ച് നടത്തുന്നവരെ ലഹരിവിമുക്തി

ക്ലാസുകളെടുക്കാൻ ഏൽപ്പിക്കണമെന്ന അഭിപ്രായമാണ് അദ്ദേഹം സൂചിപ്പിച്ചത്. മോട്ടിവേഷണൽ സ്പീച്ച് നടത്തുന്ന എല്ലാവരുടെയും സ്പീച്ച് അത്രയും മോട്ടിവേറ്റിങ് അല്ലെന്ന കാര്യവും ഓർക്കണം. എല്ലാവരും ശാസ്ത്രീയമായ രീതിയിലല്ല കാര്യങ്ങളെ സമീപിക്കുന്നത്. അദ്ദേഹത്തിന്റെ നിർദേശം പാടേ തള്ളിക്കളയുന്നില്ല. ശാസ്ത്രീയ അടിത്തറയോടുകൂടി ക്ലാസുകൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെ പരിഗണിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ജയിൽ മതിലുകളിലെ വൈദ്യുതവേലികൾ

2 (*152) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എൻ. ഷംസുദ്ദീൻ: സർ, താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളിൽ സുരക്ഷയുടെ ഭാഗമായി മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന നടത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതവേലി പ്രവർത്തിക്കാത്തതിനെത്തുടർന്ന് ജയിൽപ്പുള്ളികൾ മതിൽ ചാടി രക്ഷപ്പെടുന്ന സാഹചര്യമുണ്ടോ; വിശദവിവരം നൽകാമോ;

(സി) വൈദ്യുതവേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ-സി) തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ എന്നീ മൂന്ന് സെൻട്രൽ ജയിലുകളിലും വിയ്യൂർ അതീവസുരക്ഷാ ജയിലിലും വിയ്യൂർ ജില്ലാ ജയിലിലെ വനിതാ ബ്ലോക്കിലും മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനുള്ള ചുമതല അതത് ജയിൽ സൂപ്രണ്ടുമാർക്കാണ്.

25-07-2025-ന് കണ്ണൂർ സെൻട്രൽ ജയിലിൽനിന്നും ഒരു തടവുപുള്ളി മതിൽ ചാടിപ്പോയ സാഹചര്യമുണ്ടായി. മണിക്കൂറുകൾക്കകം ഇയാളെ ജനങ്ങളുടെ സഹായത്തോടെ പൊലീസ് പിടികൂടുകയും ചെയ്തു.

സംഭവത്തിൽ കണ്ണൂർ ടൗൺ പൊലീസ് സ്റ്റേഷനിൽ ക്രൈം നം. 899/2025 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും സംസ്ഥാന പൊലീസ് മേധാവിയുടെ 01-09-2025-ലെ ഉത്തരവുപ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ-കാസർഗോഡ് പൊലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി. നടത്തിയ പ്രാഥമികാന്വേഷണത്തിൽ ജയിലിലെ വൈദ്യുതവേലി പ്രവർത്തനക്ഷമമല്ലാതിരുന്നത് സംഭവത്തിന് ഇടയാക്കിയ കാരണങ്ങളിലൊന്നായി വിലയിരുത്തിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ നാല് ജയിൽ ജീവനക്കാരെ അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

സംഭവത്തെക്കുറിച്ചും ഇതിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും വിശദമായി അന്വേഷിക്കുന്നതിന് ജസ്റ്റിസ് (റിട്ട) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ, മുൻ പൊലീസ്

മേധാവി ശ്രീ. ജേക്കബ് പുന്നൂസ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26-07-2025-ന് ചേർന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന കാര്യങ്ങളാണ് കമ്മിറ്റി പരിശോധിക്കുന്നത്.

(1) തടവുപുള്ളി രക്ഷപ്പെടാൻ ഇടയായ സാഹചര്യങ്ങൾ വിലയിരുത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുക.

(2) സംസ്ഥാനത്തെ പ്രധാന ജയിലുകളിലെ സുരക്ഷ വർധിപ്പിക്കുന്നതിനായി അടിസ്ഥാനസൗകര്യങ്ങൾ, മാനവശേഷി, ഉദ്യോഗസ്ഥ പരിശീലനം, നിലവിലുള്ള നടപടിക്രമം എന്നിവ സമഗ്രമായി വിലയിരുത്തി പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കുക.

(3) ജയിലിനുള്ളിലെ സുരക്ഷയും ജാഗ്രതയും വർധിപ്പിക്കുന്നതിനുവേണ്ട നിർദേശങ്ങൾ സമർപ്പിക്കുക.

(4) അനുവദനീയമല്ലാത്തതും ആശാസ്യമല്ലാത്തതുമായ പ്രവൃത്തികൾ ജയിലിനുള്ളിൽ കർശനമായി തടയുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക.

സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ആധുനികവും പഴുതടച്ചുള്ളതുമായ സുരക്ഷാസംവിധാനം സംസ്ഥാനത്തെ ജയിലുകളിലുണ്ടെന്ന് ഉറപ്പാക്കും.

സെൻട്രൽ ജയിലുകളിൽ ഇലക്ട്രിക് ഫെൻസിങ് സംവിധാനമൊരുക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് എത്രയുംവേഗം ലഭ്യമാക്കി മൂന്ന് മാസത്തിനകം പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുറംമതിലുകളിൽ ലേസർ സെക്യൂരിറ്റി സിസ്റ്റം സ്ഥാപിക്കുന്നത് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള സി.സി.ടി.വി. സംവിധാനത്തിനുപുറമെ ലേസർ സംവിധാനമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, ഫയർ അലാറം സിസ്റ്റം എന്നിവയും സ്ഥാപിക്കും. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കൊടുംകുറ്റവാളികളായ തടവുകാരെ അവിടങ്ങളിലെ ജയിലുകളിലേക്ക് മാറ്റാനാകുമോ എന്നതും പരിശോധിക്കും.

ഇന്റലിജൻസ് സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. പ്രശ്നക്കാരും അതീവ സുരക്ഷ ആവശ്യമുള്ളതുമായ തടവുകാരെ ആശുപത്രി, കോടതി എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്ന അവസരത്തിൽ പൊലീസ് എസ്കോർട്ട് കൂടുതൽ ശക്തമാക്കാനും യോഗം തീരുമാനിച്ചു.

സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കൊടുംകുറ്റവാളികളെ പാർപ്പിച്ചിട്ടുള്ള ജയിലുകളിൽ മറ്റ് ജയിലുകളിൽ നിന്ന് വ്യത്യസ്തമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ടോ; ടെയിനിൽ വച്ച് ഒരു പെൺകുട്ടിയെ ആക്രമിച്ച് പുറത്ത് തള്ളിയിടുകയും തുടർന്ന് പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തുകയും ചെയ്ത ഗോവിന്ദച്ചാമിയെ പാർപ്പിച്ചിരുന്ന ജയിലിൽ എന്തൊക്കെ അധിക സുരക്ഷകളാണ് ഏർപ്പെടുത്തിയിരുന്നത്; അതൊക്കെ മറികടന്ന് അയാൾ ജയിൽ ചാടിയത് എങ്ങനെയാണെന്ന് കണ്ടെത്തിയോ; അയാൾക്ക് ജയിൽ ചാടാൻ ജയിൽ ഉദ്യോഗസ്ഥരിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; ആയതിന്റെ കണ്ടെത്തൽ എന്താണ്;

ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് അതീവ ഗൗരവമായ നടപടികൾതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ ഭാഗമായി ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. രജീഷ് എ. കെ., അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ. സഞ്ജയ് എസ്., ശ്രീ. അഖിൽ ചാരിറ്റ്, അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. റിജോ കെ. സി. എന്നീ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ ഗൗരവമായി നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നിയമനടപടികൾ സംബന്ധിച്ച് ജസ്റ്റിസ് (റിട്ട) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ, മുൻ പൊലീസ് മേധാവി ശ്രീ. ജേക്കബ് പുന്നൂസ് എന്നിവരുൾപ്പെട്ട കമ്മിറ്റി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തടവുപുള്ളി രക്ഷപ്പെടാനിടയായ സാഹചര്യങ്ങൾ വിലയിരുത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാനും പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ജയിലുകളിലെ സുരക്ഷ വർധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ, മാനവവിഭവശേഷി, ഉദ്യോഗസ്ഥ പരിശീലനം, നിലവിലുള്ള നടപടിക്രമം എന്നിവയെല്ലാം സമഗ്രമായി വിലയിരുത്തി പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ശക്തമായ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, പല ജയിലുകളിലും പ്രത്യേകിച്ച് രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികളെ പാർപ്പിച്ചിരിക്കുന്ന ജയിലുകളിൽ ജയിൽ നിയമങ്ങൾ കർശനമായി

പാലിക്കപ്പെടുന്നില്ലെന്നും രാഷ്ട്രീയ സ്വാധീനമുള്ള അത്തരം പ്രതികളെ ജയിൽ ഉദ്യോഗസ്ഥർ ഭയപ്പെടുകയാണെന്നും അതാണ് ജയിലിലെ സംഘർഷങ്ങൾക്ക് ഇടയാക്കുന്നതെന്നും വിചാരണ തടവുകാരും ചെറിയ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരും ഇവരെ ഭയന്നാണ് ജയിലുകളിൽ കഴിയുന്നതെന്നുമുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ഒരു സംഘർഷാവസ്ഥ ജയിലുകളിലുണ്ടെന്ന് പറയാൻ കഴിയില്ല. കുറ്റവാളികൾ മാത്രമല്ല റിമാൻഡ് തടവുകാരും ജയിലുകളിൽ കഴിയുന്നുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നത് ജയിൽ ഉദ്യോഗസ്ഥർ തന്നെയാണ്. ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടികൾ അന്തേവാസികളുടെ ഭാഗത്തുനിന്നും ഉണ്ടായാൽ കർശന നടപടി ഉദ്യോഗസ്ഥർ സ്വീകരിക്കാറുണ്ട്. രാഷ്ട്രീയ കേസുകളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് പ്രത്യേക ആനുകൂല്യമോ അവകാശമോ ജയിലുകളിൽ അനുവദിക്കുന്നില്ല. അതൊക്കെ ദുഷ്പ്രചാരണങ്ങൾ മാത്രമാണ്. കൃത്യമായി അച്ചടക്കം പാലിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ജയിൽ ഉദ്യോഗസ്ഥർ ശ്രമിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കണ്ണൂർ സെൻട്രൽ ജയിലിൽ 160-ലധികം വർഷം പഴക്കമുള്ള കെട്ടിടങ്ങളിലാണ് തടവുകാരെ പാർപ്പിച്ചിരിക്കുന്നത്. അത് പൊളിച്ച് ആധുനിക സുരക്ഷാ സംവിധാനങ്ങളുള്ള ജയിലും കെട്ടിടങ്ങളും മതിലും നിർമ്മിക്കാൻ പദ്ധതിയുണ്ടോ? എന്റെ മണ്ഡലമായ കാസർഗോഡ് ജില്ലയിലെ സ്പെഷ്യൽ സബ് ജയിലിന് എൺപത് വർഷത്തെ പഴക്കവും ധാരാളം പരിമിതികളുമുണ്ട്. അത് പുനർനിർമ്മിക്കാൻ സർക്കാരിന്

പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായ ഒരു സാമൂഹിക പ്രശ്നം തന്നെയാണ്. ജയിലുകളിൽ പലതും കാലപ്പഴക്കമുള്ളതും കാലാനുസൃതമായി നവീകരിക്കപ്പെടേണ്ടതുമാണ്. കൂടാതെ പുതിയ ജയിലുകളും ആവശ്യമായിട്ടുണ്ട്. സർക്കാർ അത്തരത്തിലുള്ള ഗൗരവമായ ആലോചനയിൽ തന്നെയാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ ജയിലിന്റെ കാര്യം പ്രത്യേകമായി ഇക്കൂട്ടത്തിൽ പരിഗണിക്കാം.

ശ്രീ. നജീബ് കാന്തപുരം: സർ, നിലവിൽ ജയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് മിക്ക വികസിത രാജ്യങ്ങളിലും വ്യത്യസ്തമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിവരികയാണ്. പ്രത്യേകിച്ചും ബയോമെട്രിക് മോണിറ്ററിങ്, എ.ഐ. ബേസ്ഡ് സർവൈലൻസ്, ഇലക്ട്രോണിക് ടാഗിങ്, മോഷൻ സെൻസേഴ്സ്, സ്മാർട്ട് ഫെൻസിങ്, ഡ്രോൺ സർവൈലൻസ്, റിയൽ ടൈം ട്രാക്കിങ് തുടങ്ങിയ ആധുനികമായ നിരവധി സാങ്കേതികവിദ്യകളുടെ സാധ്യതകൾ ഒട്ടുമിക്ക വികസിത രാജ്യങ്ങളിലും ഉപയോഗിക്കുകയാണ്. സംസ്ഥാനത്തെ ജയിലുകളുടെ മതിലുകൾ ഉയർത്തിയതുകൊണ്ട് മാത്രം കാര്യമില്ല. തടവറയിൽ കഴിയുന്ന സാങ്കേതിക പരിജ്ഞാനമുള്ള പ്രതികൾക്ക് ജയിൽ ബ്രേക്കിങ്ങിന് പലതരത്തിലുള്ള ആധുനിക സൗകര്യങ്ങളും ലഭ്യമാകും എന്നിരിക്കെ പുതിയ സാങ്കേതികവിദ്യയെ ജയിൽ സുരക്ഷയ്ക്കുവേണ്ടി കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ? ഇത്തരത്തിൽ ഏതെങ്കിലും പുതിയ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച

രീതിയിലുള്ള മാറ്റങ്ങൾ ജയിലുകളിൽ അനിവാര്യമാണ്. നേരത്തെ കോടതികളിൽ കേസ് വരുമ്പോൾ പ്രതികൾ ജയിലിനകത്താണെങ്കിൽ അവരെ കോടതിയിൽ ഹാജരാക്കണമായിരുന്നു. ഇപ്പോൾ വീഡിയോ കോൺഫറൻസിങ് വഴി ജയിലിനകത്തുനിന്നുതന്നെ അവർക്ക് ഹാജരാകാൻ കഴിയും. ഇത് ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ ബോഡി സ്കാനിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്, പക്ഷേ അത് പൂർണ്ണമായിട്ടില്ല. അദ്ദേഹം പരാമർശിച്ച രീതിയിലുള്ള സാങ്കേതികവിദ്യകൾ നമുക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ ജയിലുകൾ കാര്യക്ഷമമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചത്. രാഷ്ട്രീയ സംഘർഷങ്ങളിൽപ്പെടുന്ന തടവുകാർക്ക് പ്രത്യേക പരിരക്ഷ നൽകുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ജയിലുകളിൽ ചില പ്രത്യേക തടവുകാർക്ക് മൊബൈൽ ഫോൺ, ഭക്ഷണം, മദ്യം എന്നിവ ലഭിക്കുന്നുണ്ടെന്ന് നമ്മുടെ രാജ്യത്തെ മാധ്യമങ്ങൾ കൃത്യമായി ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുകയാണ്. ഈയടുത്ത കാലത്ത് നമ്മളെ ഞെട്ടിച്ച ഒരു സംഭവം നടക്കുകയുണ്ടായി. പ്രതികളെ ജയിലിൽനിന്ന് കോടതിയിൽ കൊണ്ടുപോയി തിരിച്ചുകൊണ്ടുവരുന്നതിനിടയിൽ ഒരുസ്ഥലത്ത് പ്രത്യേകമായി മദ്യപാനത്തിന് സൗകര്യം ഏർപ്പെടുത്തുകയും അവർ മദ്യപിക്കുന്നത് ടെലിവിഷനിലൂടെ ജനം കാണുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ജയിൽചട്ടങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ നടന്നാൽ അതുമായി ബന്ധപ്പെട്ട നടപടികളിലേക്ക് സർക്കാർ കടക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിന്മേൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൊന്നും ആർക്കും പ്രത്യേക പരിഗണനയില്ല. തടവുകാരെ വിവിധ കേസുകളിൽ ദൂരെയുള്ള സ്ഥലങ്ങളിൽ ഹാജരാക്കുമ്പോൾ അവർക്ക് ഭക്ഷണവും മറ്റ് സൗകര്യങ്ങളും പോലീസുകാർ ഒരുക്കുന്നതിനെ കുറ്റമായി കാണാനാവില്ല. എന്നാൽ തെറ്റായ കാര്യങ്ങൾ നടന്നാൽ ശക്തമായ നടപടി സ്വീകരിക്കും. ഇവിടെ ഭക്ഷണം കഴിച്ചുയെന്നതിന്റെ പേരിൽ നടപടിയെടുക്കാൻ പുറപ്പെട്ട ഒരു കാലമുണ്ടായിരുന്നു, അത് നമ്മൾ മറക്കരുത്. അങ്ങനെ ചെയ്യുന്നത് മനുഷ്യത്വപരമായ കാര്യമാണോ? ജയിലിലെ തടവുപുള്ളിയായതുകൊണ്ട് അവർക്ക് സാധാരണഗതിയിലുള്ള മാനുഷിക അവകാശങ്ങളില്ലേ? തെറ്റായ കാര്യങ്ങൾ നടന്നാൽ അതിനെതിരെ ശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്. ആ നടപടി എപ്പോഴും സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. ജോയി: സർ, ജയിലുകളിലെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ശിക്ഷാകാലാവധി കഴിഞ്ഞ ധാരാളം പ്രതികൾ ഇപ്പോഴും കഴിയുന്നുണ്ട്. ജയിലുകളിൽ ഓവർക്രൗഡിങ് കുറയ്ക്കുന്നതിന് 26-07-2025-ന് ചേർന്ന യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് വിശദമായ ഒരു ചർച്ചയാണ് നേരത്തെ നടന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഓവർക്രൗഡിങ്

പലയിടങ്ങളിലുമുണ്ട് എന്നത് വസ്തുതയാണ്. അട്ടക്കുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന വനിതാ ജയിൽ, പൂജപ്പുര സെൻട്രൽ ജയിൽ എന്നിവ അനെക്സ് ചെയ്താൽ ഏകദേശം 300 തടവുകാരെ പാർപ്പിക്കാൻ കഴിയും. സെൻട്രൽ പ്രിസണിന് അടുത്തുള്ള ഒരു ബ്ലോക്കിലേക്ക് വനിതാ ജയിലിനെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ ആലപ്പുഴ ജില്ലാ ജയിലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അത് പൂർത്തിയായാൽ അവിടെ 150 പേരെ പാർപ്പിക്കാൻ കഴിയും. അവിടെ ആവശ്യമായ തസ്തികകളും സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മുട്ടം ജില്ലാ ജയിലിലും ഏകദേശം 100 അന്തേവാസികളെകൂടി പാർപ്പിക്കാൻ കഴിയും. അതിന് മതിയായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. കോട്ടയം, പത്തനംതിട്ട മേഖലയിൽ ഒരു സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാരണം, തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ ജയിൽ കഴിഞ്ഞാൽ തൃശ്ശൂരിലെ വിയ്യൂർ സെൻട്രൽ ജയിലാണുള്ളത്. പിന്നെ വരുന്നത് തവനൂരും കണ്ണൂരുമാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ മധ്യഭാഗത്തായി ഒരു സെൻട്രൽ ജയിലുണ്ടാകുന്നത് ഓവർ ക്രൗഡിങ് കുറയ്ക്കുന്നതിന് സഹായകരമാകും. നേരത്തെ വീഡിയോ കോൺഫറൻസിങ് സംവിധാനത്തെപ്പറ്റി സൂചിപ്പിച്ചു. അക്കാര്യം 100 ശതമാനവും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള കോടതികളുടെ സമീപത്തെ ജയിലുകളിൽ പരമാവധി തടവുകാരെ പാർപ്പിക്കാൻ ശ്രമിക്കുന്നതാണ്. എല്ലാ സെൻട്രൽ പ്രിസൺ സൂപ്രണ്ടുമാരും ജയിലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനുള്ള നിർദേശം സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, ശരീരം മെലിയുന്നതിനുവേണ്ടി ഭക്ഷണം കുറച്ചും മാസങ്ങൾ

നീണ്ട തയ്യാറെടുപ്പുകൾ നടത്തിയതിനുംശേഷമാണ് ഗോവിന്ദച്ചാമി ജയിൽ ചാടിയത്. സെല്ലിലെ കമ്പികൾ മുറിച്ചും വസ്ത്രങ്ങൾ ഉപയോഗിച്ച് കയറുണ്ടാക്കിയും വലിയ മതിൽ ചാടിക്കടന്നുമാണ് ഒറ്റകൈയനായ കൊടുംകുറ്റവാളി രക്ഷപ്പെട്ടത്. ഇത്തരത്തിലുള്ള എത്ര കൊടുംകുറ്റവാളികൾ ജയിലുകളിലുണ്ടെന്നും അവരെ നിരീക്ഷിക്കാനുള്ള പ്രത്യേക സംവിധാനം ജയിലിലുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊരു ശരിയായ നിർദേശമാണ്. ജയിലുകളിലെ കൊടുംകുറ്റവാളികൾ കുറേക്കാലം കഴിയുമ്പോൾ സാധാരണഗതിയിലുള്ള കുറ്റവാളികളായി ജയിൽ ഉദ്യോഗസ്ഥർക്ക് തോന്നാം. അങ്ങനെ കാണാൻ പാടില്ല. അവരെ ഗൗരവമായി നിരീക്ഷിക്കേണ്ടതുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അവരുടെ കാര്യത്തിൽ പ്രത്യേക നിരീക്ഷണ സംവിധാനം എല്ലാ ഘട്ടത്തിലും ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ജയിലുകളിലെ അന്തേവാസികളിൽ മാനസികാസ്വാസ്ഥ്യം വർധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മാനസികാസ്വാസ്ഥ്യം കൂടുന്ന അവസ്ഥ വന്നാൽ പ്രത്യേക നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ആവശ്യമായ ജയിൽ പരിശോധനകളും നടത്തുന്നുണ്ട്.

ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനങ്ങൾ

3 (*153) <u>ശ്രീ. യു. ആർ. പ്രദീപ്</u>:

ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ നടത്തുന്ന ബോധവൽക്കരണ ക്ലാസുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെയും വിമുക്തി മിഷൻ കൗൺസിലർമാരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) വിദ്യാർഥികൾ ലഹരിക്കെതിരായി ചിന്തിക്കുന്നതിനും വിദ്യാർഥികളിലെ വ്യത്യസ്തങ്ങളായ സർഗാത്മക കഴിവുകൾ വികസിപ്പിച്ചെടുത്ത് പ്രസ്തുത കഴിവുകൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂളുകളുടെയും കോളേജുകളുടെയും സമീപ പ്രദേശങ്ങളിലെ കടകളിൽ പുകയില ഉൽപന്നങ്ങളും മയക്കുമരുന്ന് വില്പനയും തടയുന്നതിന് വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) സംസ്ഥാനത്ത് നിലവിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളേജ് തലങ്ങളിലാണ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്. സ്കൂൾ തലത്തിൽ 5862 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 899 ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കുട്ടികൾ ലഹരി ഉപയോഗിക്കില്ലെന്നും അവരുടെ സുഹൃത്തുക്കളോ സഹപാഠികളോ ലഹരി മാർഗങ്ങളിലേക്ക് പോകില്ലെന്നും ആത്മവിശ്വാസത്തോടെ പറയുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യാതൊരുവിധ ലഹരി ഉൽപന്നങ്ങളും കടന്നുവരില്ലെന്ന് ഉറപ്പുവരുത്താനും ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്. നിലവിലെ സാമൂഹിക സാഹചര്യങ്ങൾക്ക് അനുസൃതമായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരി വിരുദ്ധ ക്ലബ്ബുകൾ കാര്യക്ഷമമാക്കുന്നതിനായി ക്ലബ്ബുകൾക്ക് ഘടനാപരമായ ഒരു പൊതുസ്വഭാവം വരുത്തുന്നതിനും ക്ലബ്ബ് അംഗങ്ങളുടെ അച്ചടക്കം ഉറപ്പാക്കുന്നതിനും എല്ലാ സ്കൂളുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രജിസ്റ്റർ നമ്പർ നൽകിയിട്ടുണ്ട്. ക്ലബ്ബുകളിലെ കുട്ടികൾ സ്കൂളിൽനിന്നും വിടുതൽ ചെയ്തുപോകുന്ന മുറയ്ക്ക് ഓരോ വർഷവും ജൂൺ, ജൂലായ് മാസങ്ങളിൽ ക്ലബ്ബ് പുനഃസംഘടിപ്പിച്ചുവരുന്നു. അതത് വിദ്യാലയത്തിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മേൽനോട്ടത്തിലാണ് എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നത്. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങളും സഹായങ്ങളും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റേഞ്ചിലെ ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എല്ലാ സ്കൂളുകളിലും ക്ലബ്ബിന്റെ മേൽനോട്ടത്തിന് ഒരു അധ്യാപകനെ ക്ലബ്ബ് കൺവീനറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. വിവിധ മേഖലകളിൽ പരിജ്ഞാനവും കഴിവും വികസിപ്പിക്കുന്നതിന് ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖാന്തരം സംഘടിപ്പിക്കാവുന്ന പ്രവർത്തനങ്ങൾ ക്ലബ്ബുകൾക്ക് നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ബോധവൽക്കരണ ആശയങ്ങൾ ഉൾപ്പെടുന്ന വിവിധ പ്രവർത്തനങ്ങളും കുട്ടികളിൽ ലഹരിക്കെതിരെ കായിക ലഹരി വളർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തരം നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായവും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റേഞ്ചിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. ജീവിത നൈപുണികളെ അടിസ്ഥാനമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിലും വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിച്ച് അതിലൂടെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ശരിയായ കാര്യങ്ങൾ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുവഴി തെറ്റായ പ്രവണതകൾ കുട്ടികളിലേക്ക് കടന്നുവരാതിരിക്കുന്നതിനും ചെറിയ പ്രായം മുതൽതന്നെ കുട്ടികളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി "ബാല്യം അമൂല്യം" എന്ന പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 140 സ്കൂളുകളിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ, അവരുടെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് "ഉണർവ്", "ടീം വിമുക്തി സ്പോർട്സ് ടീം" എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻനിർത്തി വിദ്യാലയങ്ങളിൽ കളിയിടങ്ങൾ ഒരുക്കുക, കായിക ഉപകരണങ്ങൾ നൽകുക എന്നിവ ലക്ഷ്യമിടുന്ന 'ഉണർവ്' പദ്ധതി 29 സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ

ഭാഗമായും കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപര്യം വർധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്.

(ഡി) ലഹരി പദാർഥങ്ങളിൽനിന്നും കുട്ടികൾക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപന്നങ്ങൾ, മയക്കുമരുന്ന് എന്നിവ വില്പന നടത്താൻ സൂക്ഷിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സ്കൂളുകളുടെയും കോളേജുകളുടെയും സമീപ പ്രദേശങ്ങളിലെ കടകളിൽ പുകയില ഉൽപന്നങ്ങളും മയക്കുമരുന്ന് വില്പനയും തടയുന്നതിനും കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തി പരിഹരിക്കുന്നതിനും ഒരു Standard Operating Procedure (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മഫ്തി പട്രോളിങ്ങും ബൈക്ക് പട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുമ്പും ക്ലാസ്സ് അവസാനിച്ചതിനുശേഷവും നിശ്ചിത ഇടവേളകളിൽ സ്കൂൾ പരിസരങ്ങളിലും സംശയമുള്ള സ്ഥലങ്ങളിലും പട്രോളിങ് നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പ് മാത്രമായും, പൊലീസ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ലഹരിക്കെതിരെ മികച്ച ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഒന്നാമത്തെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ലഹരിക്കെതിരെ സ്കൂൾ-കോളേജ് തലങ്ങളിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ വാർഡ് തലത്തിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ സാധിക്കുമോ; ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് തലത്തിലോ സംസ്ഥാന തലത്തിലോ മികച്ച ജനപ്രതിനിധികൾ നടത്തിയ ഇടപെടലിന് അവാർഡ് പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വാർഡുതലത്തിൽ ലഹരിക്കെതിരെയുള്ള കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ നേരത്തെ മറുപടിയിൽ വ്യക്തമാക്കിയതാണ്. ലഹരിക്കെതിരെ ധാരാളം പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സ്കൂൾ തലത്തിൽ നടപ്പാക്കിയ 'ബാല്യം അമൂല്യം' എന്ന പദ്ധതി 140 സ്കൂളുകളിൽ ആരംഭിച്ചു. അത് മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്താനും പരിഹരിക്കാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പ്രതികൂല സാഹചര്യങ്ങളിൽപ്പെട്ട് ലഹരി ഉപയോഗത്തിലേക്ക് തിരിയുന്ന കുട്ടികളെ കരകയറ്റാനുള്ള പ്രാഥമിക ഇടപെടലായ 'നേർവഴി' എന്ന പദ്ധതി അധ്യാപകരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നുണ്ട്. കോളേജ് ഹോസ്റ്റലുകൾ കേന്ദ്രീകരിച്ചുകൊണ്ട് 'ശ്രദ്ധ' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. അധ്യയനവർഷത്തിന്റെ ആരംഭത്തിൽതന്നെ മഫ്തി പട്രോളിങ്ും ബൈക്ക് പട്രോളിങ്ും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ, ക്ലാസുകൾ

ആരംഭിക്കുന്നതിനുമുമ്പും ആരംഭിച്ചതിനുശേഷവും സ്കൂൾ പരിസരങ്ങളിലും സംശയമുള്ള സ്ഥലങ്ങളിലും പട്രോളിങ് നടത്തുന്നുണ്ട്. എക്സൈസ് വകുപ്പ് സ്വന്തം നിലയിലും പൊലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും ആരോഗ്യവകുപ്പുമായി ചേർന്ന് പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. സ്കൂൾ പരിസരത്ത് പതിവായി കറങ്ങി നടക്കുന്നവരുടെ വ്യക്തി വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. അവരുടെ നീക്കങ്ങൾ മഫ്തിയിലും മറ്റുമുള്ള എക്സൈസ് ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ളവർ ഏതെല്ലാം കുട്ടികളുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നുവെന്നത് നിരീക്ഷണവിധേയമായിട്ടുള്ള കാര്യങ്ങളാണ്. ലഹരിക്കെതിരായി ധാരാളം പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ലഹരിക്കെതിരെ വാർഡുതല കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചിത തുക ചെലവഴിക്കാനുള്ള അനുമതിയും സർക്കാർ നൽകിക്കഴിഞ്ഞിട്ടുണ്ടെന്നകാര്യം ഞാൻ ഈയവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച അവാർഡ് നൽകുന്നത് ഉൾപ്പെടെയുള്ള നിർദേശങ്ങൾ വളരെ ഗൗരവത്തോടുകൂടി പരിശോധിക്കുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഗ്രാമങ്ങളിലെ വായനശാലകൾ നിലവിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ചില വായനശാലകൾ ലഹരിക്കെതിരായി വലിയ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ വായനശാലകൾക്ക് ഗ്രാന്റ് അനുവദിക്കാറുണ്ട്. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന വായനശാലകൾക്ക് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് നിർബന്ധമായും എക്സ്ട്രാ ഗ്രാന്റ് കൊടുക്കുന്നതിനുള്ള ഒരു

ഇടപെടൽ നടത്താൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഏതുകാര്യത്തിനും സാമ്പത്തിക സഹായം നൽകി മുന്നോട്ടുകൊണ്ടുപോകുക എന്നതിനുപകരം വായനശാലകൾക്ക് സ്വന്തംനിലയിൽതന്നെ ലഹരിക്കെതിരെ ആളുകളെ അണിനിരത്തുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. പുതുതലമുറ വായനശാലകളിൽ വേണ്ടത്ര വരുന്നില്ലായെന്നത് ഒരു പരിമിതിയാണ്. നമ്മളൊക്കെ വായനശാലകളുടെ വാർഷിക പരിപാടികൾ ഉദ്ഘാടനം ചെയ്യാൻ പോകുന്നവരാണ്. വായനശാലയുടെ പേര് യുവജന വായനശാലയെന്നായിരിക്കും, പക്ഷേ ഉദ്ഘാടനത്തിന് പോകുമ്പോൾ ഭാരവാഹികളും വേദിയിലും സദസ്സിലുമുള്ളവരിൽ ബഹുഭൂരിപക്ഷവും യുവജനങ്ങൾ ആയിരിക്കില്ലെന്നുള്ള പരിമിതിയുണ്ട്. വായനശാലകളുടെ പ്രാധാന്യം ചെറുപ്പക്കാരിലേക്കും കുട്ടികളിലേക്കും എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതോടൊപ്പം ഇത്തരം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നതും അനിവാര്യമാണ്.

ശ്രീ. ഡി. കെ. മുരളി: സർ, സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ ലഹരി പരിശോധനയും ക്യാമ്പയിനും വർധിച്ച സാഹചര്യത്തിൽ ലഹരി വസ്തുക്കൾ എത്തിക്കുന്നതിനുവേണ്ടി ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള നവമാധ്യമങ്ങളെ ഉപയോഗിക്കുന്നുണ്ട്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിനും എസ്.പി.സി. പോലുള്ള വിദ്യാർഥി കേഡറ്റുകൾക്കും പരിശീലനം നൽകി നവമാധ്യമങ്ങളെ നിരീക്ഷിക്കാനും ലഹരി വസ്തുക്കളുടെ ഉറവിടങ്ങൾ കണ്ടെത്താനുമുള്ള നടപടിയിലേക്ക് പോകാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട

അംഗം ഇവിടെ ഉന്നയിച്ചത്. എക്സൈസ് വകുപ്പും പൊലീസ് വകുപ്പും നവമാധ്യമങ്ങളിൽ വളരെ ശക്തമായ നിരീക്ഷണം നടത്തുന്നുണ്ട്, അത് തുടരുകയും ചെയ്യും. അടുത്തകാലത്ത് Dark Web ഉപയോഗിച്ചുള്ള മയക്കുമരുന്ന് വ്യാപാരം സംബന്ധിച്ച വലിയ കണ്ടെത്തലുകൾ പുറത്തുവന്നിട്ടുണ്ട്. അതിന്റെകൂടി ഫലമായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് വകുപ്പിലെ ഐ.ടി. സെല്ലിനെ ശക്തീകരിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ട്. C-DAC-ൽനിന്ന് എക്സൈസ് വകുപ്പിലെ ഐ.ടി. സെല്ലിലെ ഉദ്യോഗസ്ഥർക്ക് ഉന്നതനിലവാരമുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഐ.ടി. സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് MacBook-ഉം iMAC-ഉം ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായിത്തന്നെ കൈകാര്യം ചെയ്യുന്നുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയാനും അവരെ ബോധവൽക്കരിക്കുന്നതിനുമായി സ്കൂളുകളിൽ എസ്.പി.സി. മോഡലുള്ളതുപോലെ Student Excise Cadet എന്ന പുതിയ ഒരു സംവിധാനം രൂപീകരിക്കാൻ കഴിയുമോ? അതോടൊപ്പംതന്നെ കോളേജ് യൂണിയനുകൾക്കും സർവ്വകലാശാല യൂണിയനുകൾക്കും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള മാർഗ്ഗനിർദ്ദേശം നൽകി ആ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, എസ്.പി.സി. ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇനിയൊരു അധിക സംവിധാനംകൂടി നടപ്പാക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. എസ്.പി.സി.-യുടെ പ്രവർത്തനങ്ങളെ ഇപ്പോൾ നമ്മൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഇതിനുപുറമെ NSS, NCC

എന്നിവയുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച നേർവഴി, ശ്രദ്ധ, നേർക്കുട്ടം തുടങ്ങിയ നിരവധി പദ്ധതികളുമുണ്ട്. കൂടുതൽ സംവിധാനങ്ങൾ നടപ്പാക്കുന്നതിനുപകരം നിലവിലുള്ള പദ്ധതികൾ മികച്ച രീതിയിൽ ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. കോളേജ് യൂണിയനുകളും സർവ്വകലാശാല യൂണിയനുകളും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത വിദഗ്ധരുടെ യോഗത്തിൽ ഇത്തരം ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. വിദ്യാർഥി യുവജനസംഘടനകളുടെ യോഗം പ്രത്യേകമായി നേരത്തെ വിളിച്ചുചേർത്തിട്ടുണ്ട്. അവരോടും ഇക്കാര്യങ്ങളെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. കോളേജ് യൂണിയനുകളും സർവ്വകലാശാല യൂണിയനുകളും ഈ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. പി. സുമോദ്: സർ, ലഹരി കടത്തിനുവേണ്ടി തീവണ്ടി, വിവിധ വാഹനങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. ലഹരി കടത്തിന്റെ ഇപ്പോഴത്തെ പ്രധാനപ്പെട്ട മാർഗ്ഗം കടൽ വഴിയാണെന്ന് പറയപ്പെടുന്നു. ഈയടുത്ത കാലത്ത് ഇത്തരമൊരു കൈമാറ്റം അധികൃതർ കൈയോടെ പിടികൂടിയിട്ടുണ്ട്. കടൽ വഴിയുള്ള ലഹരികടത്ത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കടൽ വഴിയുള്ള ലഹരികടത്ത് തടയേണ്ടതിന്റെ പ്രധാന ഉത്തരവാദിത്വം കോസ്റ്റ്ഗാർഡ്, നർക്കോട്ടിക് കൺട്രോൾ ബ്യൂറോ പോലുള്ള ദേശീയ ഏജൻസികൾക്കാണ്. നമ്മുടെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. 15,000 കോടി രൂപയുടെ ലഹരി വേട്ട നർക്കോട്ടിക്

കൺട്രോൾ ബ്യൂറോ നടത്തുകയും ഒരു ഇറാനിയൻ പൗരനെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പക്ഷേ അയാൾ കുറ്റക്കാരനല്ലെന്ന് കോടതി കണ്ടെത്തിയതിനെതുടർന്ന് വിട്ടയയ്ക്കുന്ന സ്ഥിതിയുണ്ടായി. അത് വലിയ വാർത്തയുമായിരുന്നു. കേരളത്തിലെ ഏജൻസികൾക്ക് അവരുടെ പരിധിക്കകത്ത് നിന്നുകൊണ്ട് മാത്രമേ ഇത്തരം അന്വേഷണങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. അതേസമയം ഇവിടെ അറസ്റ്റ് ചെയ്യുന്ന പ്രതികളിൽനിന്ന് കിട്ടുന്ന കേസിന്റെ തുമ്പ് പിന്തുടർന്ന് കേരളത്തിനുപുറത്ത് അന്വേഷണം വ്യാപിപ്പിച്ച നിരവധി ഉദാഹരണങ്ങളുണ്ട്. ആൻഡമാനിൽ ആദ്യമായി പുറത്തുനിന്നുള്ള ഒരു ഏജൻസിയെത്തിയത് കേരള എക്സൈസ് ആണെന്ന കാര്യം ഇവിടെ വ്യക്തമാക്കിയതാണ്. അവിടെയുള്ള ഒരു ബങ്കറിൽ 100 കോടി രൂപയുടെ മയക്കുമരുന്ന് കണ്ടെത്തുകയും അതിനെ അവിടെവച്ചുതന്നെ നശിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ മാസം കോഴിക്കോട് ടൗൺ പൊലീസ് ഡൽഹി-ഹരിയാന പൊലീസിനൊപ്പം ഗുർഗാവിൽ പോയി അവിടെയുള്ള industrial estate-ൽ പ്രവർത്തിച്ചിരുന്ന ഒരു വലിയ രാസലഹരി ഫാക്ടറി കണ്ടെത്തുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അതോടൊപ്പംതന്നെ തൃശ്ശൂർ ടൗൺ പൊലീസ് ഹൈദരാബാദിലെ industrial estate-ൽ പ്രവർത്തിച്ചിരുന്ന രാസലഹരി ഫാക്ടറി കണ്ടെത്തുകയും ഉടമയായ ശതകോടീശ്വരനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇക്കാര്യങ്ങൾ നേരത്തെ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. അന്വേഷണം ഉറവിടത്തിലെത്തുന്നില്ല എന്ന പരാതി പലരും ഉന്നയിക്കാറുണ്ട്. ഉറവിടം ഇവിടെയല്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഉറവിടം കേരളത്തിന് പുറത്താണ്. ഉറവിടത്തിലെത്തുന്നതിന് കേരളത്തിലെ ഏജൻസികൾക്ക് പരിമിതികളുണ്ട്. മറ്റ് കേന്ദ്ര ഏജൻസികളുടെ ഏകോപനത്തോടുകൂടിയുള്ള

പ്രവർത്തനത്തിലൂടെ മാത്രമേ ഇത്തരം വസ്തുക്കളുടെ ഉറവിടം കണ്ടെത്താനും നശിപ്പിക്കാനും കഴിയുകയുള്ളൂ. കണ്ടെത്താവുന്ന ഉറവിടങ്ങളെല്ലാം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്.

ശ്രീ. റോജി എം. ജോൺ: സർ, ലഹരി വ്യാപനം ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹിക പ്രശ്നമാണ്. ലഹരിയുടെ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് പലതവണ ഈ സഭയിൽ പരാമർശിച്ചിട്ടുള്ളതാണ്. പ്രതിരോധ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ പ്രധാന ഉത്തരവാദിത്വം. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, യുവജനകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ഡോക്ടർമാരും കൗൺസലിങ് നടത്താൻ സാധിക്കുന്ന വ്യക്തികളും ഉൾപ്പെട്ട ഒരു പ്രൊഫഷണൽ ടീമിനെ ലഹരിക്കെതിരായ പ്രചാരണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഒരുവശത്ത് മദ്യം നൽകുകയും മറുവശത്ത് അത് കഴിക്കരുതെന്ന് പറയുകയും ചെയ്യുന്ന പ്രഹസനമാണ് എക്സൈസ് വകുപ്പ് നടത്തുന്നത്. എൻഫോഴ്സ്മെന്റ് കാര്യങ്ങളിൽ എക്സൈസ് വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങൾക്കുവേണ്ടി മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പ്രൊഫഷണൽ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച വിഷയം സർക്കാർ ഇപ്പോൾത്തന്നെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രചാരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് മാത്രമായിട്ടല്ല നടത്തുന്നത്.

എക്സൈസ് വകുപ്പ് അതിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നുവെന്നത് ശരിയാണ്. പക്ഷേ, ഇതിൽ വിവിധ വകുപ്പുകളുടെ ഏകോപനമുണ്ട്. ആരോഗ്യം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം എന്നിങ്ങനെ എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനമാണ് നടത്തുന്നത്. വിദഗ്ധരുടെ സേവനത്തെക്കുറിച്ച് ഞാനിവിടെ സൂചിപ്പിച്ചു. ഈ നിയമസഭാ മന്ദിരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വിദഗ്ധരായിട്ടുള്ള നൂറുകണക്കിന് വ്യക്തികളാണ് പങ്കെടുത്തത്. അവരുടെ മുഴുവൻ സേവനവും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ രംഗത്തെ പ്രൊഫഷണലുകളുടെയും വിദഗ്ധരുടെയും സഹായത്തോടെ ഏകോപിതമായും ജനകീയമായുമാണ് കാര്യങ്ങൾ നടത്തുന്നത്. പ്രസ്തുത വിഷയം എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നതിനാൽ എക്സൈസ് വകുപ്പിനെ ഇതിൽനിന്ന് മാറ്റിനിർത്താൻ സാധിക്കില്ല. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റിനെ ഇത് ഒരുതരത്തിലും ബാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന കണക്കുകൾ ആദ്യത്തെ ചോദ്യത്തിന് മറുപടിയായി പരാമർശിച്ചു. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ ഒന്നാം ഘട്ടത്തിൽ 6300-ഉം രണ്ടാം ഘട്ടത്തിൽ 10800-ഉം റെയ്ഡുകളാണ് നടത്തിയത്. എൻഫോഴ്സ്മെന്റിന്റെ കാര്യത്തിൽ കുറവൊന്നും വരുത്തിയിട്ടില്ല. കേരളത്തിൽ മാത്രമല്ല, കേരളത്തിന് പുറത്തും ഇടപെട്ടതിന്റെ ഉദാഹരണങ്ങൾ ഇവിടെ പരാമർശിച്ചു. കേരളത്തിലെ conviction rate ഇന്ത്യയിലെ ഏറ്റവും ഉയർന്ന നിരക്കായത് ഈ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായിട്ടാണ്. ശിക്ഷാനിരക്ക് മാത്രമല്ല ശിക്ഷയുടെ കാലാവധിയും വർധിച്ചിട്ടുണ്ട്. എക്സൈസ് ക്രൈം ബ്രാഞ്ച് നിലവിൽ വന്നതിനുശേഷം 20 മുതൽ 35 വർഷം വരെ ശിക്ഷിച്ച കേസുകളുണ്ടായിട്ടുണ്ട്.

ചൂരൽമല-മുണ്ടക്കൈ ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾ

4 (*154) ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിലുണ്ടായ പ്രകൃതി ദുരന്തത്തെതുടർന്ന് ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അടിയന്തര കേന്ദ്ര സഹായം ആവശ്യപ്പെട്ട് എന്തെല്ലാം ഇടപെടലുകൾ നടത്തിയിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ദേശീയ ദുരന്തനിവാരണ നിധിയിൽനിന്നും കേരളത്തിന് സഹായം അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ വിവേചനപരമായ സമീപനമാണ് സ്വീകരിച്ചുവരുന്നതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ചൂരൽമല, മുണ്ടക്കൈ ദുരന്തങ്ങൾപോലുള്ള ഗുരുതരമായ ദുരന്തത്തെ ദേശീയ ദുരന്തമായി അംഗീകരിക്കാതെ കേരളത്തിന്റെ ആവശ്യം അവഗണിച്ചതിന് പിന്നിലെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാരിന്റെ അനാസ്ഥയും അവഗണനയുംമൂലം പ്രസ്തുത ദുരന്തബാധിതർക്ക് യാതൊരു പ്രതിസന്ധിയും ഉണ്ടാകാതിരിക്കാൻ ഈ സർക്കാർ സമയബന്ധിതമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ദുരന്തം 'അതിതീവ്ര ദുരന്തം' ആയി പ്രഖ്യാപിക്കണമെന്നും ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്നും ആവശ്യപ്പെട്ട് 06-08-2024-നും 10-08-2024-നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 17-08-2024-ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2,262 കോടി രൂപയുടെ മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. കൂടാതെ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതരെയും വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കാൻ Post-Disaster Need Assessment നടത്തി 2,221.10 കോടി രൂപയുടെ പോസ്റ്റ്-ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (PDNA) റിപ്പോർട്ട് 13-11-2024-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 07-08-2025-ൽ നടന്ന Sub-Committee of National Executive Committee (SC-NEC) പരിഗണിക്കുകയും ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സംസ്ഥാന സർക്കാരിന്റെ ഉന്നതതല സംഘവുമായി ചർച്ച ചെയ്യുകയും ചെയ്തു. 260.65 കോടി രൂപയുടെ ധനസഹായം അനുവദിക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയുന്നു. എന്നാൽ തുക ലഭിച്ചിട്ടില്ല.

ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സംസ്ഥാനത്തിന് സഹായകരമായിരുന്ന ദുരന്ത നിവാരണ നിയമം 2005-ലെ 13-ാം വകുപ്പിലെ വ്യവസ്ഥ 2025 മാർച്ച് 29-ാം തീയതി പുറപ്പെടുവിച്ച ഭേദഗതി പ്രകാരം കേന്ദ്രസർക്കാർ ഒഴിവാക്കുകയുണ്ടായി. സെക്ഷൻ 13 അടിയന്തരമായി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ

ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 12-06-2025-ന് കത്ത് നൽകിയെങ്കിലും അനുകൂല മറുപടി ഉണ്ടായിട്ടില്ല.

(ബി) മറ്റ് സംസ്ഥാനങ്ങളിലുണ്ടായ സമാന ദുരന്തങ്ങളിൽ സ്വീകരിച്ച അനുഭാവപൂർവ്വമായ സമീപനം കേന്ദ്രസർക്കാർ കേരളത്തോട് സ്വീകരിച്ചില്ല. സാധാരണനിലയിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന SDRF തുകയല്ലാതെ ചൂരൽമല ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ ഒരു പ്രത്യേക സാമ്പത്തിക സഹായവും കേന്ദ്രത്തിൽനിന്നും ഇതുവരെ ലഭ്യമായിട്ടില്ല.

(സി) കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് കാണിക്കുന്ന അവഗണനയുടെ തുടർച്ചയായി ഈ നടപടിയെ കാണാവുന്നതാണ്.

(ഡി) ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ദുരന്തനിവാരണ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. വളരെ ചുരുങ്ങിയ സമയംകൊണ്ട് കേന്ദ്ര-സംസ്ഥാന സേനകളെയും സാങ്കേതിക വിഭാഗങ്ങളെയും മറ്റ് സംവിധാനങ്ങളെയും ആവശ്യകതയ്ക്ക് അനുസരിച്ച് ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചു. സംസ്ഥാന സർക്കാരിന്റെ അഭ്യർഥന പ്രകാരം ആർമി അടക്കമുള്ള കേന്ദ്രസേനകൾ ദുരന്തമുഖത്ത് പ്രവർത്തിക്കുകയും സമാനതകളില്ലാത്ത രക്ഷാപ്രവർത്തനം നടത്തുകയും ചെയ്തു. സംസ്ഥാന സർക്കാർ നൽകിയ അടിയന്തര ധനസഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി സർക്കാർ എൽസ്റ്റോൺ എസ്റ്റേറ്റിൽനിന്നും ഏറ്റെടുത്ത 64.4705 ഹെക്ടർ ഭൂമിയിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും പുരോഗതി കൃത്യമായി വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിന് സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലും കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. 2026 ജനുവരി മാസത്തിൽ ടൗൺഷിപ്പ് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

പുനരധിവാസത്തിനായി ഫെയ്സ് 1, ഫെയ്സ് 2A, ഫെയ്സ് 2B എന്നീ മൂന്ന് ഘട്ടങ്ങളായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി 402 ഗുണഭോക്താക്കളുടെ പുനരധിവാസ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽനിന്നും ഓപ്ഷൻ 1 (വീട്), ഓപ്ഷൻ 2 (ധനസഹായം) എന്നിങ്ങനെ സമ്മതപത്രം സ്വീകരിക്കുകയും ടൗൺഷിപ്പിന് പുറത്ത് താമസിക്കുന്നതിന് സർക്കാർ ധനസഹായം ലഭിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ച 104 ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുമുണ്ട്. 295 ഗുണഭോക്താക്കൾ വീടിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

വയനാട് മേപ്പാടി പഞ്ചായത്തിൽ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ മൈനർ ആയിട്ടുള്ള അവകാശികൾക്ക് മരണപ്പെട്ടവരുടെ ആശ്രിതരെന്ന നിലയിൽ 6 ലക്ഷം രൂപ കുട്ടിക്ക് 18 വയസ്സിനുശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശുസംരക്ഷണ

ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ഈ തുകയുടെ പലിശ അതത് മാസങ്ങളിൽ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനും വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിനുവേണ്ടി മാത്രം 10 ലക്ഷം രൂപാ വീതം 18 വയസ്സ് വരെ തുക പിൻവലിക്കാൻ കഴിയില്ല എന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രതിമാസ പലിശ ബന്ധപ്പെട്ട കുട്ടിയുടെ രക്ഷാകർത്താവിന് ഓരോ മാസവും നൽകുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വയനാട് ചൂരൽമല ദുരന്തബാധിതരുടെ തുടർ ചികിത്സ പദ്ധതി നടപ്പാക്കുന്നതിനും അവരുടെ ഇതുവരെയുള്ള ചികിത്സാ ആവശ്യങ്ങൾക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനുമായി വയനാട് ജില്ലാ കളക്ടർക്ക് 6 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഉപജീവനമാർഗം നഷ്ടപ്പെട്ട ദുരന്തബാധിതരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിന് സഹായകരമായ ഉജ്ജീവനം വായ്പാ പദ്ധതി പുനഃസ്ഥാപിക്കുന്നതിന് 30-08-2025-ൽ കൂടിയ SLBC യോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ചൂരൽമല ദുരന്തത്തിൽ ഉപജീവന മാർഗം നഷ്ടപ്പെട്ട സംരംഭകർക്ക് ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

ഇതിനായി 23-09-2025-ൽ ലഭിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ലോകത്തിനുതന്നെ മാതൃകയാണ്. മുണ്ടക്കൈ-ചൂരൽമല ടൗൺഷിപ്പ് മറ്റൊരു മാതൃകയായി മാറുമെന്ന് ഉറപ്പാണ്. അതിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

ശ്രീ. പിണറായി വിജയൻ: സർ, ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് എൽസ്റ്റോൺ എസ്റ്റേറ്റിൽ നിന്നും 64.4705 ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്തത്. ടൗൺഷിപ്പിന്റെ ഭാഗമായി 410 വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാവുന്ന രീതിയിലാണ് നിർമ്മാണം നടത്തുന്നത്. ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർപേഴ്സണും ടൗൺഷിപ്പ് പ്രോജക്ട് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ കൺവീനറുമായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഈ കമ്മിറ്റി ഉറപ്പാക്കുന്നുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, മുണ്ടക്കൈ, ചൂരൽമല ദുരന്തത്തോടനുബന്ധിച്ച് പുനരധിവാസത്തിനായി തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ എത്ര പേരാണുള്ളത്; സർക്കാരിന്റെ ടൗൺഷിപ്പ് പദ്ധതിയിൽ നിന്ന് എത്രപേരാണ് പിരിഞ്ഞുപോയിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, മൂന്ന് ഘട്ടങ്ങളിലായുള്ള പുനരധിവാസത്തിന് 402 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്. 295 ഗുണഭോക്താക്കൾ വീടിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലഭ്യമായ അപ്പീൽ അപേക്ഷകൾ പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 49 ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ചൂരൽമല-മുണ്ടക്കൈ പ്രദേശത്തുണ്ടായ പ്രകൃതിദുരന്തം കേരളത്തെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു. ഈ ദുരന്തത്തിന്റെ ഫലമായി വലിയ തോതിൽ ജീവനും ജീവനോപാധികളും നഷ്ടമായി. സമാനതകളില്ലാത്ത ദുരന്തമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പഴുതുകളില്ലാത്ത രക്ഷാപ്രവർത്തനം ലോക ശ്രദ്ധ നേടി. ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാൻവേണ്ടി സർക്കാർ ടൗൺഷിപ്പ് പ്രഖ്യാപിച്ചു. എന്നാൽ ചില കുടുംബങ്ങൾ ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ തയ്യാറായി. ഇത്തരത്തിൽ പുറത്ത് താമസിക്കുന്നവർക്ക് സർക്കാർ പ്രത്യേക ധനസഹായം നൽകുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അത് നേരത്തെ വ്യക്തമാക്കിയ കാര്യമാണ്. നമ്മൾ ഒരുക്കുന്ന പുനരധിവാസത്തിന്റെ ഭാഗമായുള്ള ടൗൺഷിപ്പിൽ താമസിക്കുന്നതിന് ഏതെങ്കിലും

തരത്തിൽ താൽപര്യം കാണിക്കുന്നില്ലെങ്കിൽ അത്തരം ആളുകൾക്ക് മറ്റ് സ്ഥലങ്ങളിൽ താമസിക്കാമെന്നുണ്ടെങ്കിൽ അവർക്ക് 15 ലക്ഷം രൂപ വിതരണം ചെയ്യുമെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിരുന്നു. അതിന്റെ ഭാഗമായി ഇതിനകം 15.60 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. ലിന്റോ ജോസഫ്: സർ, വയനാട് ജില്ലയിലെ ചൂരൽമല-മുണ്ടക്കൈ ദുരിതബാധിതർക്ക് ലോകോത്തരമായ പുനരധിവാസം ഉറപ്പാക്കുന്ന പ്രവൃത്തികൾക്കാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. കൽപ്പറ്റ നഗരത്തോട് ചേർന്ന് കൽപ്പറ്റ ബൈപ്പാസിന് സമീപം നടക്കുന്ന ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; അവരെ എന്ന് മുതൽ അങ്ങോട്ടേയ്ക്ക് മാറ്റാൻ കഴിയും?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ പ്രവർത്തനം ദ്രുതഗതിയിൽ നടക്കുകയാണെന്ന് നേരത്തെ സൂചിപ്പിച്ചതാണ്. അടുത്ത ജനുവരി മാസത്തിനുള്ളിൽതന്നെ പുനരധിവാസം പൂർത്തിയാക്കാൻ കഴിയും.

സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനം

5 (*155) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. സി. മൊയ്തീൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി കിഫ്ബി വഴിയും മറ്റ് പദ്ധതികൾ വഴിയും ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2011-2016, 2016-2021 എന്നീ കാലയളവുകളിൽ പ്രസ്തുത മേഖലയിൽ ചെലവഴിച്ച തുകകൾ തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ മേഖലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ആരോഗ്യസ്ഥാപനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) ആരോഗ്യ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ്, ആയുഷ് (IRIA) എന്നീ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ കിഫ്ബി മുഖാന്തരമുള്ള ധനസഹായത്തോടുകൂടിയ 98 പദ്ധതികൾക്കായി ആകെ 9,414.42 കോടി (ഒൻപതിനായിരത്തി നാനൂറ്റി പതിനാല് കോടി നാൽപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾക്കായി

കിഫ്ബിയിൽനിന്നും നാളിതുവരെ ആകെ 2,267.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പദ്ധതി ഇനത്തിൽ 2021-2025 കാലയളവിൽ ആകെ 1274,61,81,415/-രൂപ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നബാർഡ് പ്രോജക്ടുമായി ബന്ധപ്പെട്ട് 2021-25 കാലയളവിൽ 77,86,09,820/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കെ.ഡി.പി. പാക്കേജ് മുഖേന കാസർഗോഡ് മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിൽ 2021-25-ൽ 4,01,86,557/-രൂപയും 2021-25-ൽ റസിഡൻഷ്യൽ ഫെസിലിറ്റീസിനായി 26,86,77,087/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2021-25 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ 92,56,82,498/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പ്ലാൻ ഫണ്ടുകളിലായി ആകെ 37,979.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 2021-25 കാലഘട്ടത്തിൽ നബാർഡ് ട്രാഞ്ചെ XXVII മുതൽ XXX വരെ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 12 നിർമ്മാണ പ്രവൃത്തികൾക്കായി 1,833.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

റീജിയണൽ കാൻസർ സെന്ററിൽ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 17,518.15 ലക്ഷം രൂപയും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി റോബോട്ടിക് സർജറി യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആകെ 3,214.99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

മലബാർ കാൻസർ സെന്ററിൽ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി 2021-22 മുതൽ 2025-26 വരെ പ്ലാൻ ശീർഷകത്തിൽ ആകെ 75.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ റോബോട്ടിക് കാൻസർ സംവിധാനം സ്ഥാപിക്കുന്നതിനായി 30 കോടി രൂപയും ഡിജിറ്റൽ പാത്തോളജി ലാബിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.96 കോടി രൂപയും വിവിധ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കെ.എം.എസ്.സി.എൽ. മുഖേന സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിൽ കിഫ്ബി ഫണ്ടും എം.എൽ.എ. ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി നാളിതുവരെ 94.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയ വകയിൽ കിഫ്ബി വഴി ആകെ 326.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ. വഴി മറ്റ് പദ്ധതികൾക്കായി 157.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 164 സ്ഥാപനങ്ങളിൽ ROP ഫണ്ടിൽ അംഗീകാരം ലഭിച്ച 239.64 കോടി രൂപ വിനിയോഗിച്ച് നിർമ്മാണ-നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. PM-ABHIM

പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിൽ പബ്ലിക് ഹെൽത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 7.6 കോടി രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി. പരിവർത്തന പ്രവൃത്തികൾ 13.43 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 25 താലൂക്കാശുപത്രികളിലെ ഒ.പി. പരിവർത്തന പ്രവൃത്തികൾ 24.32 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 107 സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവൃത്തികൾ 31.10 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 740 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവൃത്തികൾ 101 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. ഇവ കൂടാതെ സംസ്ഥാനത്തെ 1212 സബ് സെന്ററുകളെ ഒരു സ്ഥാപനത്തിന് 7 ലക്ഷം രൂപ നിരക്കിൽ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി.

(ബി) 2011-2016 കാലയളവിൽ കിഫ്ബി വഴി വികസന പദ്ധതികൾ ഒന്നും തന്നെയില്ല.

2011-2016, 2016-2021 എന്നീ കാലയളവുകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ അനുവദിക്കപ്പെട്ട സംസ്ഥാന പദ്ധതി/പദ്ധതിയേതര ഫണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മലപ്പുറം ജില്ലയിലെ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ വെള്ളപ്പൊക്കത്തിൽ തകർന്ന കെട്ടിടത്തെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി സി.എസ്.ആർ. ഫണ്ടുപയോഗിച്ച് പുനർനിർമ്മിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്റർ,

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

റീജിയണൽ കാൻസർ സെന്റർ എന്നിവയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി റോബോട്ടിക് സർജറി സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ വകുപ്പ് മേധാവി തലത്തിലും സർക്കാർ തലത്തിലും അവലോകനയോഗം കൂടുകയും വ്യക്തമായ നിർദ്ദേശങ്ങൾ നിർവഹണ ഏജൻസിക്ക് നൽകുകയും ചെയ്യുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കിഫ്ബി പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികളിലും മറ്റ് താലൂക്കാശുപത്രികളിലും കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ അതിന്റെ അടിസ്ഥാനത്തിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ്?

ശ്രീമതി വീണാ ജോർജ്: സർ, ആർദ്രം മിഷനിലൂടെ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബുകൾ സ്ഥാപിക്കുകയും ഹൃദ്രോഗ ചികിത്സ കൊണ്ടുവരാൻ കഴിയുകയും ചെയ്തുവെന്നത് ചികിത്സാരംഗത്തെ വളരെ സുപ്രധാനമായ ഒരു ഇടപെടലാണ്. കാത്ത് ലാബുകൾ സ്ഥാപിക്കേണ്ട ജില്ലാ ആശുപത്രികളിൽ ഇനി അവശേഷിക്കുന്നത് ഇടുക്കി ജില്ല മാത്രമാണ്. ഇടുക്കി ജില്ലയ്ക്ക് ഇടുക്കി പാക്കേജിൽനിന്നും സംസ്ഥാന ബജറ്റിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിൽ നടന്നുവരികയാണ്. കാത്ത് ലാബുകൾ സ്ഥാപിച്ചതിലൂടെ ചികിത്സാരംഗത്ത് ഹൃദ്രോഗ ചികിത്സയിലുള്ള ഭീമമായ ചെലവ് കുറയ്ക്കാൻ

സാധിച്ചു. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ഹൃദയാഘാതംമൂലം ആശുപത്രികളിൽ എത്തുന്നവരിൽ 30% ആളുകൾക്ക് മരണം സംഭവിക്കുമായിരുന്നു. പക്ഷേ കാത്ത് ലാബുകൾ സ്ഥാപിച്ചതോടുകൂടി മരണനിരക്ക് 6% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ....ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+)

10.00 a.m.}

II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ടെലിവിഷൻ ചർച്ചയ്ക്കിടയിൽ വിവാദ പരാമർശം നടത്തിയ വ്യക്തിയെ അറസ്റ്റ് ചെയ്യാത്തതിനെ സംബന്ധിച്ച വിഷയമാണ് ഇന്ന് ചട്ടം 50 പ്രകാരം നോട്ടീസായി ലഭിച്ചത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കാൻതക്ക പ്രാധാന്യമോ അടിയന്തര സ്വഭാവമോ ഇക്കാര്യത്തിലുള്ളതായി കാണാത്തതിനാൽ പ്രസ്തുത നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു. (...ബഹളം...) എന്നിരുന്നാലും നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫിന് ഇക്കാര്യം ഇന്നേദിവസം ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. ഓർഡർ....ഓർഡർ... (...ബഹളം...) നിങ്ങൾ അവിടെ പോയിരിക്കൂ. മൈക്ക് ലഭിക്കണമെങ്കിൽ നിങ്ങൾ അവിടെ പോയിരിക്കൂ. (...ബഹളം...) യെസ്... പ്ലീസ്... പ്ലീസ്... പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. (...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ് ചട്ടം 50 പ്രകാരം ഇവിടെ നൽകിയ നോട്ടീസിൽ വളരെ ഗൗരവതരമായ വിഷയമാണ് പരാമർശിച്ചിരിക്കുന്നത്. ചാനൽ ചർച്ചയ്ക്കിടയിൽ ഒരു ബി.ജെ.പി. നേതാവ് ലോക്സഭാ പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധിയുടെ നെഞ്ചിലേക്ക് വെടിയുതിർക്കുമെന്ന് പറഞ്ഞത് നിസാരമായ വിഷയമാണെന്ന് അങ്ങ് പരാമർശിച്ചതിനെതിരായി അതിശക്തമായ പ്രതിഷേധം ഞാൻ ഈ സഭയിൽ രേഖപ്പെടുത്തുകയാണ്. രാജ്യത്തെ പ്രമുഖനായ ഒരു നേതാവിന്റെ നെഞ്ചിൽ വെടിയുതിർക്കുമെന്ന് പറയുന്ന സംഭവം നിയമസഭയിൽ വരുമ്പോൾ ഗവൺമെന്റ് അതിന് മറുപടി നൽകേണ്ടതല്ലേ? എന്നാൽ രണ്ടുദിവസം കഴിഞ്ഞ് ഇന്നലെയാണ് അയാൾക്കെതിരെ കേസെടുത്തത്. അയാളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ശ്രമം നടത്തുന്നു. അതിൽ ഞങ്ങൾക്ക് ശക്തിയായ എതിർപ്പുണ്ട്.

മി. സ്പീക്കർ: യെസ്... യെസ്.....അങ്ങയെപ്പോലെതന്നെ ചെയറും പ്രതിപക്ഷ നേതാവിനെ ബഹുമാനിക്കുന്നുണ്ട്. ഒരു ടെലിവിഷൻ ചർച്ചയിൽ പങ്കെടുത്ത് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതൊക്കെ സഭയിൽ ഉന്നയിക്കാൻ സാധിക്കുമോ? (...ബഹളം...)

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടന്നു.)

10.04 a.m.}

III. ശ്രദ്ധക്ഷണിക്കൽ

സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ പ്രശ്നങ്ങൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന വളരെ പ്രധാനപ്പെട്ട തൊഴിൽമേഖലയാണ് കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖല. 95 ശതമാനത്തോളം വനിതകൾമാത്രം പണിയെടുക്കുന്ന ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ ആകെയുള്ള കശുവണ്ടി ഫാക്ടറികളിൽ 100 ഫാക്ടറികൾ മാത്രമേ തുറന്നുപ്രവർത്തിക്കുന്നുള്ളൂ. അതിൽ ബഹുഭൂരിപക്ഷം ഫാക്ടറികളും സ്വകാര്യ മുതലാളിമാരുടേതാണ്. മുതലാളിമാർക്ക് അവ തുറന്നുപ്രവർത്തിപ്പിക്കുന്നതിൽ ചില സാമ്പത്തിക പ്രശ്നങ്ങളുണ്ടായപ്പോൾ ഗവൺമെന്റ് നല്ലരീതിയിൽ അതിൽ ഇടപെടുകയും ആവശ്യമായ തുക നൽകുകയുമുണ്ടായി. തുക കൈപ്പറ്റിയിട്ടും ഒരു ഫാക്ടറിപോലും തുറന്നുപ്രവർത്തിപ്പിക്കാൻ സ്വകാര്യ മുതലാളിമാർ ഇന്നേവരെ തയ്യാറായിട്ടില്ല. ആയതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ കശുവണ്ടി ഉൽപാദനം വർധിപ്പിക്കുന്നതിനായി ഒരു കേന്ദ്ര പാക്കേജ് നേരത്തെതന്നെ ആവശ്യപ്പെട്ടിരുന്നു. കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനായി ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? സംഭരിച്ച തോട്ടണ്ടികൾ എത്രയുംവേഗം ഫാക്ടറികളിലെത്തിച്ച് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ

നൽകുന്ന നടപടികൾ സ്വീകരിക്കണമെന്നാണ് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്. സ്വകാര്യ മുതലാളിമാരുടെ അടഞ്ഞുകിടന്ന ഫാക്ടറികളിലെ പാവപ്പെട്ട തൊഴിലാളികൾക്ക് ഓണക്കാലത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ഇടപെടൽ നടത്തിയതിന്റെ ഫലമായി 2,500/- രൂപ വീതം ബോണസ് നൽകി. യു.ഡി.എഫ്.-ന്റെ കാലത്തും ഇതുപോലെയുള്ള സംഭവങ്ങളുണ്ടായിട്ടുണ്ടെങ്കിലും യാതൊരു തുകയും കശുവണ്ടിത്തൊഴിലാളികൾക്ക് നൽകിയിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പാവപ്പെട്ട തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷം ഇവിടെ എന്താണ് കാണിക്കുന്നത്? കേരളത്തിലെ കശുവണ്ടി മേഖലയിലെ തൊഴിലാളികളെക്കുറിച്ച് പരാമർശിക്കുമ്പോൾ അവർക്ക് പുച്ഛമാണ്. എന്തൊരു വിരോധാഭാസമാണ് ഇവിടെ നടക്കുന്നത്? യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ കേന്ദ്രമന്ത്രിയും ശ്രീ. കൊടിക്കുന്നിൽ സുരേഷ് കേന്ദ്ര സഹമന്ത്രിയുമായിരിക്കുന്ന ഘട്ടത്തിലാണ് മരണഫണ്ട് നിർത്തലാക്കിയത്. എന്നിട്ടാണ് ഇവിടെവന്നുനിന്ന് ഇപ്പോൾ മുദ്രാവാക്യം വിളിക്കുന്നത്. ഒരു കോൺഗ്രസുകാരനുവേണ്ടി മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളുടെ മരണഫണ്ട് പുനഃസ്ഥാപിക്കണമെന്ന് ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയോട് ആവശ്യപ്പെടണം. കശുവണ്ടി മേഖലയിൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ ധാരാളമുണ്ട്. കശുമാങ്ങയിൽ നിന്നും ഫെനി പോലെയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? കശുവണ്ടി മേഖലയിൽ ധാരാളം

പ്രതിസന്ധികളുണ്ടെങ്കിലും സഖാവ് പിണറായി വിജയന്റെ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഈ മേഖലയിലെ പ്രശ്നങ്ങൾ ഒന്നൊന്നായി പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമേറിയ വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ഈ സന്ദർഭത്തിൽ ഇവിടെ ഇങ്ങനെയൊരു ബഹളമുണ്ടാക്കുന്നത് പ്രതിപക്ഷം ഏതുപക്ഷത്തിനൊപ്പമാണ് നിൽക്കുന്നതെന്ന് വ്യക്തമാകുന്നതാണ്. പ്രതിപക്ഷം ഇവിടെ ഇരമ്പിക്കയറി വന്നില്ലേ; 26-ാം തീയതി ടെലിവിഷൻ ചർച്ചയിൽ ഇക്കാര്യം നടന്നിട്ടും 27, 28, 29 എന്നീ തീയതികളിൽ കേരളത്തിന്റെ ഒരു തെരുവിലും ചെറിയൊരു പ്രകടനംപോലും നടത്താതിരുന്ന വ്യക്തികൾ ഇന്ന് ഇത്തരത്തിലുള്ള കാര്യങ്ങളുമായി വരുന്നത് എത്രമാത്രം പ്രതിഷേധാർഹമാണെന്ന് കാണേണ്ടതുണ്ട്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായോ സബ്മിഷനായോപോലും ഈ വിഷയം സഭയിൽ ഇതുവരെ കൊണ്ടുവരാതിരുന്നത് എന്തുകൊണ്ടാണ്? നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ സ്നേഹിക്കുന്നെങ്കിൽ, നിങ്ങൾ ബി.ജെ.പി.-ക്ക് എതിരാണെങ്കിൽ എന്തുകൊണ്ട് ഒരു സബ്മിഷൻപോലും സഭയിൽ കൊണ്ടുവന്നില്ല. അപ്പോൾ നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പമല്ല എന്നതന്നെയല്ലേ ഇത് തെളിയിക്കുന്നത്?

കശുവണ്ടി മേഖലയിൽ ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കശുവണ്ടി മേഖലയെ പ്രതിസന്ധിയിൽനിന്നും കരകയറ്റാൻ കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും സ്വീകരിച്ച സമീപനത്തിന്റെ ഭാഗമായി ഇന്ന് കശുവണ്ടി ഫാക്ടറികളെല്ലാംതന്നെ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ജൂൺ മാസം വരെയുള്ള കശുവണ്ടി KSCDC (Kerala State Cashew Development Corporation Limited)-യുടെയും CAPEX (The Kerala State Cashew Workers Apex Industrial Co-operative Society)-ന്റെയും കൈവശമുണ്ടെന്ന കാര്യംകൂടി ഞാൻ സഭയെ അറിയിക്കുകയാണ്. അടഞ്ഞുകിടന്നിരുന്ന സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. ഈ പ്രതിസന്ധി ഘട്ടത്തിലും തൊഴിലാളികൾക്ക് 23 ശതമാനം കൂലി വർധിപ്പിക്കാൻ സാധിച്ച സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 2,500 രൂപ വീതം നൽകി. 3,45,87,500/- രൂപയാണ് ഇതിന് ചെലവായത്. ഈ മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒക്ടോബർ മാസത്തിൽ കൊല്ലത്ത് വിപുലമായ ഒരു പരിപാടി സംഘടിപ്പിക്കുന്നുവെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നിരവധി ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. അതിൽ കുറച്ച് ഫാക്ടറികളെങ്കിലും സർക്കാർ ഏറ്റെടുക്കണമെന്നൊരു നിർദേശമുണ്ട്. ഇ. കെ.

നായനാർ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇത്തരമൊരു പ്രതിസന്ധിയുണ്ടായപ്പോൾ ചില ഫാക്ടറികൾ ഏറ്റെടുത്തിരുന്നു. നിർത്തലാക്കിയ മരണഫണ്ട് പുനഃസ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം യു.പി.എ.-യുടെയും കോൺഗ്രസിന്റെയും തൊഴിലാളിവിരുദ്ധ സമീപനമാണ് ഇവിടെ ഉയർത്തിക്കാണിച്ചത്. അത് തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാം. നേരത്തെ ഏറ്റെടുത്ത ഫാക്ടറികളുടെ നഷ്ടപരിഹാരം നൽകണമെന്നുള്ള വിധികൾ വന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണിത്. ആ സാഹചര്യം യഥാർഥത്തിൽ പുതിയ കമ്പനികൾ ഏറ്റെടുക്കുന്നതിന് ചില ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. എന്നാൽ ആ കമ്പനികളെല്ലാം തുറക്കുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണ സർക്കാർ നൽകുന്നുണ്ട്. അവരുടെ കടം ഉൾപ്പെടെയുള്ള ബാധ്യതകൾ, രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള വായ്പയാണെങ്കിൽ 50 ശതമാനം വരെ അടച്ചാൽ മതിയെന്ന രൂപത്തിൽ ഒരു സെറ്റിൽമെന്റ് ഉണ്ടാക്കുകയും അത് ഒരുവർഷം കൂടി ദീർഘിപ്പിക്കാൻ നിലവിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. എ. കെ. എം. അഷ്റഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ചെയർ നിരന്തരമായി ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിലേക്ക് പോകുന്നില്ല. അതുകൊണ്ട് ചെയർ മറ്റ് നടപടികളിലേക്ക് നീങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് സബ്മിഷനുകളുടെ ഉത്തരം മേശപ്പുറത്ത്

വയ്ക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സബ്മിഷനുകൾക്കുള്ള മറുപടി+ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു.)

10.13 a.m.}

IV. റിപ്പോർട്ടുകളുടെ സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതി അംഗമായ ഞാൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അധ്യക്ഷനായ ഞാൻ, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടുകളും സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(4) ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

ശ്രീ. ആന്റണി രാജു: ഹർജികൾ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

10.15 a.m.}

V. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ

പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

10.16 a.m.}

VI. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച ക്കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച ക്കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ആർ. ബിന്ദു: സർ, 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

(സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് വളരെ ചരിത്രപ്രാധാന്യമുള്ള ഒരു ബില്ലാണ്. ഈ ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിലാണ് ഇവിടെ ബഹളം നടക്കുന്നത്. ശ്രീ. എ. കെ. ആന്റണി ഒരു പത്രസമ്മേളനം നടത്താനിടയായി. ആ പത്രസമ്മേളനം നടത്താൻ

നിർബന്ധിതനായത് ഈ നിയമസഭയിൽ എനിക്കുവേണ്ടി സംസാരിക്കാൻ ആരുമില്ലല്ലോ എന്ന വിലാപമായിരുന്നു. ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധി ഡൽഹിയിൽ ഒരു പത്രസമ്മേളനം നടത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിലെല്ലാം നിശബ്ദത പാലിച്ചല്ലോ എന്നുള്ള ഒരു പത്രസമ്മേളനം ഡൽഹിയിൽ ശ്രീ. രാഹുൽ ഗാന്ധി നടത്താനിടയുണ്ട് എന്ന് കരുതിയിട്ടുള്ള ഒരു സമരാഭാസമാണ് ഇന്ന് ഈ സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിന്റെ ചരിത്രത്തെ സംബന്ധിച്ച ഏറ്റവും പ്രാധാന്യമുള്ള ഒരു ബില്ലാണ്.

2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ...ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 6-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ 6-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.20-ന് പിരിഞ്ഞു.)

അനുബന്ധം

(1) ചോദ്യം നമ്പർ 4(*154)-ന്റെ (ഡി) പിരിവിന്റെ അനുബന്ധം

- മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്ക് അടിയന്തര ധനസഹായമായി 1036 കുടുംബങ്ങൾക്ക് 1,03,60,000/- രൂപ അനുവദിച്ചു.

- മൃതദേഹം സംസ്കരിക്കുന്നതിനുവേണ്ടി 174 പേർക്ക് CMDRF-ൽനിന്ന് 17,40,000/- രൂപ അനുവദിച്ചു.

- ഗുരുതരമായി പരിക്കുകൾ പറ്റിയ 37 പേർക്ക് 18,86,000/- രൂപ അനുവദിച്ചു.

- Exgratia to bereaved persons-നുവേണ്ടി 4 ലക്ഷം രൂപ വീതം 220 പേർക്ക് SDRF-ൽ നിന്ന് 8,80,00,000/- രൂപയും CMDRF-ൽ നിന്ന് 4,22,90,000/- രൂപയും ഉൾപ്പെടെ ആകെ 13,02,90,000/-രൂപ അനുവദിച്ചു.

- ദുരന്തബാധിതർക്ക് താൽക്കാലിക പുനരധിവാസം നടത്തുകയും, ഓരോ മാസവും വീട്ടുവാടക സർക്കാർ നൽകുകയും ചെയ്യുന്നുണ്ട്. CMDRF-ൽ നിന്ന് 2024 ആഗസ്റ്റ് മാസം മുതൽ വീട്ടുവാടക നൽകുന്നതിനായി 4,88,46,200/- രൂപ ചെലവഴിച്ചു.

- ചൂരൽമലയിൽ കൂലിപ്പണിക്കാർ, തോട്ടം തൊഴിലാളികൾ മുതലായ ദുരന്തബാധിതരായിട്ടുള്ള 858 കുടുംബങ്ങൾക്ക് സർക്കാരിൽ നിന്നുള്ള 1,000/- രൂപ വിലയുള്ള ഫുഡ് കൂപ്പൺ പ്രതിമാസം നൽകി വരുന്നു.

ചോദ്യം നമ്പർ (*155)-ന്റെ (ബി) പിരിവിലെ അനുബന്ധം.

Year	Health Sector (Total)	
	Plan & Non Plan (in crores)	
	Outlay	Exp.
2011-12	2739.92	2901.13
2012-13	3301.69	3255.32

2013-14	3837.55	3652.03
2014-15	4530.61	4239.57
2015-16	5600.82	4777.39
Total (2011-2016)	**20010.59**	**18825.44**
2016-17	5695.96	6001.80
2017-18	6834.91	6908.57
2018-19	7255.35	7267.17
2019-20	7237.27	7557.43
2020-21	7866.28	8916.82
Total (2016-2021)	**34889.77**	**36651.79**
2021-22	10363.54	12080.82
2022-23	9976.90	10255.59
2023-24	9939.53	9586.12
2024-25	10091.67	9587.90
		(2024-25 RE)
2025-26	10877.97	
Total (2021-2026)	**51249.61**	**41510.43**

II രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദ്യാർത്ഥി സംഘടനാ നേതാക്കളെ മുഖംമൂടിയും കൈവിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി

6(*156) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പ്രമുഖ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള പ്രവർത്തകരെ മുഖംമൂടിയും കൈവിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈവിലങ്ങ് ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കുന്നതിനെതിരെ സുപ്രീംകോടതിയുടെ പരാമർശമുണ്ടായ സാഹചര്യത്തിൽ പോലീസിന്റെ പ്രസ്തുത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ?

(എ&ബി) കോഴിക്കോട് സർവകലാശാല ഡി-സോൺ കലോത്സവവുമായി ബന്ധപ്പെട്ട് കിള്ളിമംഗലം കോളേജിലും മാള കോളേജിലും ഇരുവിഭാഗം വിദ്യാർഥികൾ തമ്മിൽ സംഘർഷം നടന്നിരുന്നു. ഈ സംഭവത്തെ തുടർന്ന് 19-08-2025-ന് ഗണേഷ് എന്നയാൾ ഉൾപ്പെടെ ഏഴുപേർ ചേർന്ന് രണ്ടു വിദ്യാർഥികളെ തലയ്ക്കടിച്ചും മറ്റും ദേഹോപദ്രവം ഏൽപ്പിക്കുകയും പണവും മൊബൈൽ ഫോണും കവരുകയും ചെയ്തുവെന്ന മൊഴിയുടെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2025 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. സംഭവത്തിനുശേഷം ഒളിവിൽപോയ ഗണേഷ് ഉൾപ്പെടെയുള്ള മൂന്നുപേരെ 11-09-2025-ന് കൊയിലാണ്ടിയിൽ നിന്നും അറസ്റ്റ് ചെയ്യുകയുണ്ടായി. പോലീസ്

റിപ്പോർട്ട് പ്രകാരം അക്രമത്തിൽ പരിക്കേറ്റ ഒരു വിദ്യാർഥി, പ്രതികളെ മുൻപരിചയമില്ലെന്നും കണ്ടാൽ തിരിച്ചറിയാമെന്നും മൊഴി നൽകിയതിനാൽ പ്രതികളെ പൊതുമണ്ഡലത്തിൽ തിരിച്ചറിയാതിരിക്കാൻ മുഖംമൂടി ധരിപ്പിച്ചാണ് കോടതിയിൽ ഹാജരാക്കിയത്. ബഹു. കോടതി പ്രതികളെ റിമാൻഡ് ചെയ്തിട്ടുള്ളതും, ഐഡന്റിഫിക്കേഷൻ പരേഡ് നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. വിദ്യാർഥികളെ വിലങ്ങ് വച്ചതായി പരാതിയുണ്ടായിട്ടുണ്ട്. വിദ്യാർഥികളെ വിലങ്ങ് വച്ചിട്ടുണ്ടെങ്കിൽ ആ നടപടിയോട് സർക്കാരിന് യോജിപ്പില്ല. ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുവാനും അന്വേഷണവിധേയമായി സ്റ്റേഷൻ ഹൗസ് ഓഫീസറെ പോലീസ് ആസ്ഥാനത്തേക്ക് സ്ഥലം മാറ്റിയിട്ടുമുണ്ട്.

(സി) ഈ സംഭവത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ജെ.എഫ്.സി.എം. വടക്കാഞ്ചേരി കോടതിയിൽ നിന്ന് തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് 15-09-2025-ന് കത്ത് ലഭിച്ചിട്ടുള്ളതും കുന്നംകുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് അന്വേഷിച്ചു വരുന്നതുമാണ്. പോലീസ് ആസ്ഥാനത്തേക്ക് ലഭിച്ച മറ്റൊരു പരാതിയിന്മേൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയെത്തുടർന്ന് വിരലുകൾ മുറിച്ചു മാറ്റിയ സംഭവം

7(*157) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ?

(എ) അടിവയറ്റിലെ കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ ഒൻപത് വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്ന സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കോസ്മെറ്റിക് ക്ലിനിക്ക് എന്ന സ്വകാര്യ ക്ലിനിക്കിൽ അടിവയറ്റിലെ കൊഴുപ്പ് നീക്കം ചെയ്യുന്നതിന് നടത്തിയ ശസ്ത്രക്രിയയെത്തുടർന്ന് യുവതിക്ക് വിരലുകൾ നഷ്ടമായത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന ലഭ്യമാക്കിയ (G3250303644-എ) പരാതി പ്രകാരവും കഴക്കൂട്ടം അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിച്ച പരാതി പ്രകാരവും 10-04-2025-ന് തിരുവനന്തപുരം അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം, RCH ഓഫീസർ എന്നിവർ ആരോപണം ഉന്നയിക്കപ്പെട്ട ആശുപത്രിയിലെ ജീവനക്കാർ, പരാതിക്കാരൻ എന്നിവരെ നേരിട്ട് കേട്ട് അന്വേഷണം നടത്തിയിരുന്നു. തുടർന്ന് ജില്ലാതല, സംസ്ഥാനതല മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ യോഗം ചേരുകയും റിപ്പോർട്ടുകൾ വിശകലനം ചെയ്ത് വിദഗ്ധാഭിപ്രായം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം, RCH ഓഫീസർ തിരുവനന്തപുരം എന്നിവർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

- സാധാരണ ചെയ്യുന്ന Liposuction എന്ന പ്രക്രിയ തന്നെയാണ് ചികിത്സയ്ക്ക് വിധേയയായ യുവതിക്കും ചെയ്തിരിക്കുന്നത്. അതിനുശേഷം ഉണ്ടായ രക്തസമ്മർദം കുറവ്, രക്തനഷ്ടം, ഹൃദയസ്തംഭനം മുതലായവയെ പരിഹരിക്കാനായി നൽകിയ മരുന്നുകളും പ്രസ്തുത അവസ്ഥയിലെത്താൻ കാരണമായി എന്ന് അനുമാനിക്കുന്നു.

- കൂടാതെ ഈ സ്ഥാപനം തമ്പുരാൻമുക്കിലേക്ക് മാറുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുകയും പ്രവർത്തിക്കാൻ വേണ്ട മറ്റു സാഹചര്യങ്ങൾ ഒരുക്കിയിരുന്നുവെങ്കിലും സംഭവം നടക്കുന്ന 22-02-2025-ന് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള സ്ഥിര രജിസ്ട്രേഷൻ കരസ്ഥമാക്കിയിരുന്നില്ല.

- കൂടാതെ, പ്രസ്തുത യുവതിക്ക് സർജറി ചെയ്ത കോസ്മെറ്റിക് ക്ലിനിക്, അരശ്രുംമൂട്, കുഴിവിള റോഡ്, Near Infosys Campus, തമ്പുരാൻമുക്ക് എന്ന സ്ഥാപനത്തിന്റെ ടി മേൽവിലാസത്തിന് പകരം ടിയാളുടെ ചികിത്സാ രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നത് Cosmetiq Cilnic, Pulli Lane, Chacka-Pettah road, Trivandrum, Kerala, 695024 എന്നാണ്. ഇതും മേൽ ആക്ട് പ്രകാരമുള്ള പോരായ്മയായി കാണുന്നു.

അടിവയറ്റിലെ കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ ഒൻപത് വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്ന സംഭവത്തിൽ ക്രൈം നമ്പർ 353/2025 പ്രകാരം തുമ്പ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആശുപത്രികളിലെ ചികിത്സാപിഴവ് സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും 21-04-2025-ലെ സർക്കുലർ നമ്പർ SSB3/323/2024-Home-ൽ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദേശങ്ങൾ പ്രകാരം പോലീസ് വകുപ്പിൽ നിന്നും ജില്ലാതല വിദഗ്ധ പാനലിന് വിദഗ്ധ അഭിപ്രായം ലഭ്യമാക്കുന്നതിന് കേസ് രേഖകൾ കൈമാറുകയും, 08-05-2025, 09-05-2025 എന്നീ തീയതികളിൽ ജില്ലാതല വിദഗ്ധ പാനൽ ചേരുകയും ചുവടെ നൽകിയിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

- "In the opinion part of the report it is stated that" Patient presented with systemic complication (Tachycardia, Hypotension, Tachypnoea, Decreased urine output) to Cosmetiq Clinic on 24-02-2025 at 9.30 am. She was treated with IV fluids, Oxygen, Albumin infusion, Blood transfusion till 7 pm. As her condition was not improving, she was referred to a higher centre.

- In view of these signs, she could have been referred early to a higher centre for further care and treatment."

- In the report it is not mentioned whether the above delay is negligence or not and whether the delay potentially worsened the patient's condition which lead to her

existing conditions.

- Hence the panel members couldn't arrive at a final conclusion in this regard."

ടി റിപ്പോർട്ടിൽ ചികിത്സാ പിഴവ് ഉണ്ടായതായി പരാമർശിച്ചിട്ടില്ല. കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയെത്തുടർന്നുണ്ടായ കോംപ്ലിക്കേഷനെ തുടർന്ന് പേഷ്യന്റിനെ തിരുവനന്തപുരത്തെ മറ്റൊരു സ്വകാര്യ ആശുപത്രിയിലാണ് പ്രവേശിപ്പിച്ച് ചികിത്സിച്ചത്.

മേൽവിഷയത്തിൽ ജില്ലാതല വിദഗ്ധ സമിതിക്ക് അന്തിമ നിഗമനത്തിൽ എത്തിച്ചേരാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, ഈ വിഷയം സംസ്ഥാനതല അപെക്സ് ബോഡിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 23-08-2025-ന് ചേർന്ന സംസ്ഥാനതല അപെക്സ് ബോഡി വിദഗ്ധാഭിപ്രായത്തിൽ എത്തിച്ചേർന്നിട്ടുള്ളതും ആയത് താമസംവിനാ പോലീസ് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതുമാണ്.

(സി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചികിത്സാ പിഴവ് ഉണ്ടായതായി പരമാർശിച്ചിട്ടില്ല. 23-08-2025-ന് ചേർന്ന സംസ്ഥാനതല അപെക്സ് ബോഡിയുടെ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥന് ഉടൻ കൈമാറുന്നതാണ്.

കോസ്മെറ്റിക് ക്ലിനിക് എന്ന സ്ഥാപനം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് രജിസ്ട്രേഷനുവേണ്ടി നൽകിയിരുന്ന രേഖകളിൽ വെളിപ്പെടുത്താത്ത liposuction surgery

എന്ന ചികിത്സ നടത്തിയതായി മനസിലാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോസ്മെറ്റിക് ഹോസ്പിറ്റൽ, അരശ്രുംമൂട്, തമ്പുരാൻ മുക്ക്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് രജിസ്ട്രേഷൻ 10-05-2025 തീയതിയിൽ സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്.

(ഡി) കോസ്മെറ്റോളജി ചികിത്സ നടത്തുന്ന സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

എല്ലാത്തരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുവേണ്ടിയിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്സ് 20-04-2023-ലെ SRO 503/2023 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഒരു ക്ലിനിക്കൽ സ്ഥാപനം സ്ഥിര രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുമ്പോൾ അസ്സസർമാർ രജിസ്ട്രേഷൻ നൽകുന്നതിനായി സ്ഥാപനങ്ങളിൽ നേരിട്ട് പോയി മിനിമം സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള മാനവ വിഭവശേഷി നിലവാരം നിർണ്ണയിക്കുകയും അസ്സസർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നത്. വിജ്ഞാപനം ചെയ്തിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്സ് അനുസരിച്ച് കോസ്മറ്റോളജി സേവനങ്ങൾ നൽകുന്ന ത്വക്ക്രോഗ വിദഗ്ധർക്ക് സർക്കാർ അംഗീകൃത കേന്ദ്രങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. ബ്യൂട്ടി ക്ലിനിക്കിൽ ഡെർമറ്റോളജിസ്റ്റ് ഇല്ലാതെ കെമിക്കൽ അല്ലെങ്കിൽ ലേസർ ചികിത്സ അനുവദനീയമല്ല. ബ്യൂട്ടി ക്ലിനിക്കിൽ പ്ലാസ്റ്റിക് സർജൻ ഇല്ലാതെ ലിപ്പോസക്ഷൻ/ലിപ്പോളിസിസ് അനുവദനീയമല്ല.

ബ്രഹ്മോസ് എയ്റോസ്പേസ് സംസ്ഥാനത്ത് നിലനിർത്തുന്നതിന് നടപടി

8(*158) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ?

(എ) കേരളത്തിലെ ആദ്യ പ്രതിരോധ ഉപകരണ നിർമ്മാണ കേന്ദ്രവും തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ ബ്രഹ്മോസ് എയ്റോസ്പേസിനെ ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ബ്രഹ്മോസ് മിസൈലിലെ നിർണ്ണായക ഘടകങ്ങൾക്ക് പുറമെ ഐ.എസ്.ആർ.ഒ., ബാർക്ക്, ജി.ടി.ആർ.ഇ. കൽപ്പാക്കം, കൽപ്പാക്കം ആണവ നിലയം തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ യന്ത്രഘടകങ്ങൾ നിർമ്മിച്ചുനൽകുന്ന കേരളത്തിലെ അഭിമാന സ്ഥാപനം ഇല്ലാതാക്കാനുള്ള നീക്കം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ബ്രഹ്മോസ് എയ്റോസ്പേസിന്റെ (BATL) പ്രവർത്തനം നിർത്തുകയോ, അത് കേരളത്തിൽ നിന്ന് മാറ്റിക്കൊണ്ടുപോകുന്നതിനുള്ള തീരുമാനമോ ഉണ്ടായിട്ടില്ല. BATL-ന്റെ തന്ത്രപ്രധാനത പരിഗണിച്ച് അത് നേരിട്ട് DRDO/പ്രതിരോധ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാക്കു ന്നതിനുള്ള നിർദേശങ്ങൾ പരിഗണിച്ചുവരുന്നതായി കേന്ദ്ര പ്രതിരോധ മന്ത്രാലയ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തീരുമാനം റദ്ദാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി

കേന്ദ്ര പ്രതിരോധ മന്ത്രിക്ക് 07-08-2025-ന് കത്ത് നൽകിയിട്ടുണ്ട്. കത്ത് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഇതുസംബന്ധിച്ച് ബ്രഹ്മോസിലെ ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തെ സംസ്ഥാനത്ത് തന്നെ നിലനിർത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. BrahMos Aerospace Thiruvananthapuram Ltd. (BATL)-ലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

11-10-2007-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 129/2007/ഐ.ഡി പ്രകാരമാണ് പൂർണ്ണ സംസ്ഥാന സർക്കാർ സ്ഥാപനമായിരുന്ന കെൽട്രെക്ക് (Kerala Hitech Industries Ltd)-നെ M/s. BrahMos Aerospace-ന് കൈമാറി നൽകിയത്.

കേന്ദ്ര സർക്കാരിന് പ്രസ്തുത കമ്പനിയിലുള്ള ഓഹരികൾ ഗണ്യമായി കുറയ്ക്കുകയോ, പൂർണ്ണമായും ഒഴിവാക്കുകയോ ചെയ്യുകയാണെങ്കിൽ അത് സ്വന്തമാക്കുന്നതിന് സംസ്ഥാന സർക്കാരിന് പ്രഥമ പരിഗണന നൽകണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയ്ക്ക് അനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കുമെന്നും കമ്പനിയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സുരക്ഷയും അവകാശങ്ങളും സംരക്ഷിക്കുന്നതിന് സർക്കാർ യൂണിയൻ ഗവൺമെന്റുമായി ബന്ധപ്പെടുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്രഹ്മോസിന്റെ വികസന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്ത് അനുയോജ്യമായ കൂടുതൽ സ്ഥലം വിട്ടുനൽകുന്നതിനുള്ള നിർദേശം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

ജയിലുകളിലെ സൗകര്യം വർധിപ്പിക്കാൻ നടപടി

9(*159)ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ ജയിലുകളിൽ അംഗീകൃത പാർപ്പിട ശേഷിയേക്കാൾ കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ജയിലുകളിലെ അന്തേവാസികളുടെ എണ്ണം അംഗീകൃത പാർപ്പിട ശേഷിയേക്കാൾ കൂടുതലാണ്.

(ബി) തടവുകാരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് ജയിലുകളിൽ സൗകര്യം വർധിപ്പിക്കാറുണ്ടോ;

(സി) തടവുകാരുടെ എണ്ണം വർധിക്കുന്നതിന് ആനുപാതികമായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) ജയിലിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി-ഡി) തടവുകാരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് ജയിലുകളിൽ സൗകര്യം

വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. മുഖ്യമന്ത്രിതലത്തിൽ 04-02-2025-ന് വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ ജയിലുകളിലെ ഓവർ ക്രൗഡിങ് സംബന്ധിച്ചും, അത് പരിഹരിച്ച് ജയിലുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തിരുന്നു. യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിനനുസരിച്ച്, അറ്റകുറ്റപ്പണികൾ നടത്തി നിലവിലുള്ള സൗകര്യം വർധിപ്പിച്ചും ഉപയോഗശൂന്യമായ സെല്ലുകൾ വാസയോഗ്യമാക്കിയും അന്തേവാസികളെ പാർപ്പിച്ചുവരുന്നു. പുതിയ ബ്ലോക്കുകൾ നിർമ്മിച്ച് പാർപ്പിടശേഷി വർധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ജയിൽ വകുപ്പിന്റെ 'ജയിലുകളുടെ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾക്ക് 20-09-2025-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലാ ജയിലിന്റെ പുനർനിർമ്മാണം, ആലപ്പുഴയിലെ പഴയ ജില്ലാ ജയിൽ കെട്ടിടത്തിന്റെ നവീകരണം എന്നിവ നടന്നുവരുന്നു. ആലപ്പുഴ ജില്ലാ ജയിലിന്റെ പഴയ കെട്ടിടം പുതിയ സബ്ജയിലായി മാറ്റുന്നതിനുള്ള പ്രൊപ്പോസലും അട്ടക്കുളങ്ങര വനിതാ ജയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ പഴയ ഫീമെയിൽ ബ്ലോക്കിലേക്ക് മാറ്റുന്നതിനും തുടർന്ന് അട്ടകുളങ്ങര ജയിൽ പുരുഷ അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ സബ് ജയിലായി പ്രവർത്തിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിശോധനയിലാണ്. ജയിലുകളിലെ ഓവർക്രൗഡിങ് പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു.

30-04-2025-ലെ ഉത്തരവ് പ്രകാരം KEXCON മുഖേന ദിവസവേതനാടിസ്ഥാനത്തിൽ പരമാവധി 100 പേരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KEXCON മുഖേന 100 വിമുക്തഭടന്മാരെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായി വിവിധ ജയിൽ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഇടുക്കി, പാലക്കാട് ജില്ലാ ജയിലുകളിലും പുതുതായി ആരംഭിക്കുവാൻ പരിഗണനയിലുള്ള തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും ആലപ്പുഴ സബ്ജയിലിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ ഹോം ഗാർഡിന്റെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു. ജയിൽ വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനവും നടത്തി വരുന്നുണ്ട്.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര പദവി

10(*160) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര പദവി നിലനിർത്തുന്നതിന്റെ ഭാഗമായി വിമാനത്താവള വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്ത് നൽകുന്ന നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അന്താരാഷ്ട്ര വ്യോമയാന മാനദണ്ഡങ്ങളുടെ ഭാഗമായ RESA (റൺവേ എൻഡ് സേഫ്റ്റി ഏരിയ) വികസനത്തിനായി ചാക്ക ഐ.ടി.ഐ. മുതൽ ആൾസെയിന്റ്സ് കോളേജ് ജങ്ഷൻ

വരെയുള്ള ഭാഗത്തെ ഭൂമി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം സ്ഥാപനങ്ങളെ പ്രസ്തുത സ്ഥലമേറ്റെടുപ്പ് ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ചാക്ക അഗ്നിശമന നിലയം, ചാക്ക ഗവ. ഐ.റ്റി.ഐ., കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്രഹ്മോസ് ഏറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഭൂമി ഈ ആവശ്യത്തിനായി ഏറ്റെടുക്കേണ്ടി വരും.

(സി) സംസ്ഥാന സർക്കാർ കേന്ദ്ര പ്രതിരോധമേഖലയ്ക്ക് കൈമാറിയ ബ്രഹ്മോസ് എയറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കാൻ ഇടയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് കേന്ദ്ര പ്രതിരോധ വകുപ്പോ ബ്രഹ്മോസ് എയ്റോസ്പേസോ സംസ്ഥാന സർക്കാരുമായി എന്തെങ്കിലും കത്തിടപാടുകളോ ചർച്ചകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(സി&ഡി) ഉണ്ട്. ഇതുസംബന്ധിച്ച് ഡി.ആർ.ഡി.ഒ.-യുമായും ബ്രഹ്മോസ് ഏറോസ്പേസുമായും ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഫയർ & റസ്ക്യൂ സർവീസ്, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ് എന്നിവയുമായും ചർച്ചകൾ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ്, നഷ്ടപരിഹാരത്തുക എന്നിവ അന്തിമമായിട്ടില്ല. നിലവിലുള്ള റോഡ് റീ അലൈൻമെന്റ്, റൺവേ എന്നിവയുടെ രൂപരേഖ അന്തിമമാക്കുന്ന മുറയ്ക്ക് ഇക്കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്.

നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ച വ്യാധികളെ

നേരിടുന്നതിന് നടപടി

11(*161) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ച വ്യാധികളെ ഫലപ്രദമായി നേരിടുന്നതിൽ നടത്തിയ സുശക്തമായ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുന്നതിന് സുശക്തമായ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തിയത്. ഇത് ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്നതിന് കാരണമായി തീർന്നിട്ടുണ്ട്.

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നിപ, മങ്കിപോക്സ്, സിക കേസുകൾ എല്ലാംതന്നെ യഥാസമയം സെൻട്രൽ സർവൈലൻസ് യൂണിറ്റിലേക്ക് ഐ.ഡി.എസ്.പി. റിപ്പോർട്ടിങ്ങിലൂടെ കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക എന്നീ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആഗോളതലത്തിൽ നിപ രോഗബാധയെത്തുടർന്നുണ്ടാകുന്ന മരണനിരക്കും കേരളത്തിലുണ്ടായ മരണനിരക്കും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ 2018 മുതൽ 2025 വരെ കണ്ടെത്തിയിട്ടുള്ള നിപ വൈറസിന്റെ ജനിതക വകഭേദം Niv-I (Indian genotype) ആണ്. ബംഗ്ലാദേശിൽ നിപയ്ക്ക് കാരണമായ Niv-B (Bangladesh) ജനിതക വകഭേദത്തിന്റെ രോഗലക്ഷണങ്ങളുമായി അടുത്ത സാമ്യമുള്ളതാണ് ഈ ജനിതക വകഭേദം. നിപയുടെ ബംഗ്ലാദേശ് വകഭേദത്തിന്റെ ആഗോള മരണ നിരക്ക് 70%-ന് മുകളിലാണ്. ഒറ്റ രോഗിയിൽ മാത്രമായി നിപ വരുന്ന അവസരങ്ങളിൽ രോഗിയെ രക്ഷപ്പെടുത്തുന്നത് ശ്രമകരമാണ്. രോഗം കണ്ടെത്തുന്ന സമയത്ത് രോഗി മരണപ്പെട്ടു കഴിഞ്ഞിരിക്കുകയോ, അത്യന്തം ഗുരുതരാവസ്ഥയിൽ ആയിരിക്കുകയോ ചെയ്യാം. തീവ്രവ്യാപനശേഷിയും ഉയർന്ന മരണനിരക്കുമുള്ള നിപ രോഗബാധ സംശയിക്കുന്ന ഏതെങ്കിലും കേസ് റിപ്പോർട്ട് ചെയ്യപ്പെടുന്നത് മുതൽ നടത്തിവരുന്ന സമയോചിത ഇടപെടലുകളും പ്രതിരോധ പ്രവർത്തനങ്ങളുംമൂലം കേസുകളുടെ എണ്ണം വർധിക്കുന്നത് തടയുന്നതിനും മരണങ്ങൾ ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന് കഴിയുന്നുണ്ട്. ആഗോളതലത്തിൽ മരണനിരക്ക് 70 ശതമാനത്തിന് മുകളിൽ ആണെങ്കിലും കേരളത്തിൽ അത് 2023-ലെ രോഗവ്യാപനത്തിൽ 33 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിപ പരിശോധനയും ചികിത്സയും കൂടുതൽ നിലയിൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിപ പരിശോധനയും ചികിത്സയും കൂറ്റമറ്റ നിലയിൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി[+] ചേർക്കുന്നു.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ചിന്റെ പ്രവർത്തനലക്ഷ്യവും പുരോഗതിയും വ്യക്തമാക്കാമോ?

നിപ രോഗവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളും ഏകാരോഗ്യ സമീപനത്തിൽ ഊന്നിയുള്ള സാമൂഹ്യ പ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക എന്നതാണ് കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള വൺ ഹെൽത്ത് സെന്റർ ഫോർ റിസർച്ച് ആൻഡ് റസിലിയൻസ് എന്ന സ്ഥാപനത്തിന്റെ ലക്ഷ്യം. പ്രസ്തുത സെന്ററിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ പ്രവർത്തന കലണ്ടർ അനുസരിച്ചാണ് കേരളത്തിൽ നിപ രോഗത്തിന് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. നിപ രോഗത്തിന്റെ കാര്യത്തിൽ കേരളത്തിലുണ്ടായ അണുബാധകളിൽനിന്നും ലോകം പഠിച്ച പാഠങ്ങളെപ്പറ്റി ഒരു ഗവേഷണ പ്രബന്ധം ഏകാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ അന്തർദേശീയ ജേർണലിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. ഐ.സി.എം.ആർ. ഹെഡ്ക്വാർട്ടേഴ്സ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമിയോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി തുടങ്ങി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ ഏജൻസികളുമായി ചേർന്ന് നിപ പ്രതിരോധത്തിനാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡ്വാൻസ്ഡ് വൈറോളജി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത നിപയുടെ സ്യൂഡോവൈറസ് പരിശോധന 2025 പാലക്കാട്/മലപ്പുറം ജില്ലകളിലെ അണുബാധ സമയത്ത് ഫീൽഡ് ടെസ്റ്റ് ചെയ്തിരുന്നു. അതിന്മേലുള്ള വിശദമായ പഠനങ്ങളും ഏകാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

മയക്കുമരുന്നിന്റെ വ്യാപനവും ഉപയോഗവും തടയാൻ നടപടി

12(*162) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരിയുടെ കടന്നുവരവ് പൂർണ്ണമായും ഇല്ലാതാക്കിയാൽ മാത്രമേ ലഹരിവിരുദ്ധ പോരാട്ടങ്ങൾ സംസ്ഥാനത്ത് വിജയം കാണുകയുള്ളൂ എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരിയുടെ കടന്നുവരവ് തടയുന്നതിനായി വളരെ ഫലപ്രദമായ എൻഫോഴ്സ്മെന്റ് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. വാട്സ് ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നും

അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരിക്കടത്ത് ഇല്ലാതാക്കുന്നതിനായി സൈബർ സെൽ സഹായത്തോടെയും പോലീസുമായി സഹകരിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു.

കൊറിയർ സർവ്വീസ് വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തരമായ നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നു. അതിർത്തിപ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരിവസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത റോഡുകളിലും, ചെക്ക് പോസ്റ്റ് കഴിഞ്ഞു വരുന്ന ഇടറോഡുകളിലും പ്രത്യേക മൊബൈൽ സ്ക്വാഡുകളെ നിയോഗിച്ച് കർശനമായ വാഹന പരിശോധനകൾ നടത്തിവരുന്നു. അതിർത്തി പ്രദേശങ്ങളിലെ ലഹരിക്കടത്ത് തടയുന്നതിനുവേണ്ടി തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) രൂപീകരിച്ച് ലഹരി വസ്തുക്കൾ തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

അതിർത്തി സംസ്ഥാനങ്ങളിലെ പോലീസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ, രഹസ്യ വിവര ശേഖരണം, കുറ്റവാളികളുടെ വിവരങ്ങളുടെ കൈമാറ്റം എന്നിവയും കോസ്റ്റ് ഗാർഡ്, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവയുമായി ചേർന്ന് ജലാശയങ്ങൾ, സമുദ്രാതിർത്തികൾ എന്നിവ കേന്ദ്രീകരിച്ചും സംയുക്ത പരിശോധനകളും നടത്തിവരുന്നു.

(ബി) മയക്കുമരുന്ന് കടത്തും വിതരണവും ഉപയോഗവും പൂർണ്ണമായി തടഞ്ഞ്

സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റെയ്ഡുകൾ നടത്തുകയും കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു. മയക്കുമരുന്ന് കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനായി ജില്ലാതലങ്ങളിൽ സ്പെക്കിംഗ് ഫോഴ്സ് ടീമും ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തുന്നുണ്ട്. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാരസെൽ വഴിയും ജില്ലാതലങ്ങളിൽ കൺട്രോൾ റൂമുകൾ വഴിയും ലഭ്യമാകുന്ന വിവരങ്ങളിലും പരാതികളിലും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരി ഉപയോഗം തടയുന്നതിനായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും 14 ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി-നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

ഒന്നിലധികം മേജർ/കൊമേഴ്സ്യൽ NDPS കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ 1988-ലെ PITNDPS ACT-ലെ-10(1) വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥിരമായി ലഹരിക്കടത്തും കച്ചവടവും നടത്തി വരുന്നവരുടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ തയ്യാറാക്കി അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ലഹരി വില്പന തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ ഇല്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നു. ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ചു പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വിദ്യാലയങ്ങളിൽ ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ സന്ദർശിച്ച്, ആവശ്യമായ നിർദേശങ്ങൾ നൽകി വരുന്നു. വ്യാജ വാറ്റ്, വ്യാജമദ്യം, മറ്റ് മയക്കുമരുന്ന് ഉത്പന്നങ്ങൾ എന്നിവയുടെ ഉൽപാദനം, വിപണനം, വില്പന, ഉപയോഗം തുടങ്ങിയവ തടയുന്നതിനായി പോലീസ്, ഫോറസ്റ്റ്, ആരോഗ്യം, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ ഇതര വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ലഹരിവേട്ടയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എ.ഐ. സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എക്സൈസ് വകുപ്പിൽ ലഹരിവേട്ടയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ല.

(ഡി) ലഹരി പദാർത്ഥങ്ങളിലെ രാസഘടകങ്ങൾ നിരന്തരം മാറ്റുന്നതിനാൽ കെമിക്കൽ അനാലിസിസ് ലാബുകളിൽ പലപ്പോഴും ഇവ കണ്ടെത്താൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ലൈഫ് പദ്ധതി

13(*163) ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. വിജിൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു തദ്ദേശ സ്ഥാപനത്തിലെ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവർ മറ്റൊരു തദ്ദേശസ്ഥാപന പരിധിയിൽ സ്ഥലം കണ്ടെത്തി വീട് വച്ചാലും തുക അനുവദിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്നപക്ഷം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനംതന്നെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദേശം

നൽകിക്കൊണ്ടുള്ള 15-11-2022-ലെ സ.ഉ. (സാധാ) നം. 2808/2022/ എൽ.എസ്.ജി.ഡി ഉത്തരവ്, പി.എം.എ.വൈ.(ജി) പദ്ധതിക്കുകൂടി ബാധകമാക്കിക്കൊണ്ട് 02-08-2025-ലെ സ.ഉ. (സാധാ) നം. 1904/2025/ എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ വീട് വച്ചാലും തുക നൽകുന്നതിൽ തടസ്സമുണ്ടോ;

(സി) എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യത്തിലെത്താൻ പ്രസ്തുത തീരുമാനം കൂടുതൽ സഹായകരമായിട്ടുണ്ടോ?

(ബി&സി) ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കൾ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിച്ചാലും ഇത്തരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും ഭൂമി ലഭ്യമായ സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള തദ്ദേശസ്ഥാപന വിഹിതം, ഹഡ്കോ ലോൺ എന്നീ ഇനങ്ങളിൽ അർഹമായ തുകയും ഗുണഭോക്താവിനെ തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഗുണഭോക്താവായിതന്നെ ടി ഗുണഭോക്താക്കളെ നിലനിർത്തി ഭവന നിർമ്മാണം നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനംതന്നെ ഗുണഭോക്താവിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 15-11-2022-ലെ സ.ഉ. (സാധാ) നം. 2808/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. അതിനാൽ

ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ ഭൂമി വാങ്ങിയാലും വീട് വച്ചാലും തുക നൽകുന്നതിന് യാതൊരു തടസവുമില്ല. ഈ തീരുമാനം എല്ലാവർക്കും വീട് എന്ന ലൈഫ് ഭവനപദ്ധതി ലക്ഷ്യത്തിലെത്താൻ കൂടുതൽ സഹായകരമായിട്ടുണ്ട്.

(ഡി) പി.എം.എ.വൈ.-ജി. (പ്രധാനമന്ത്രി ആവാസ് യോജന- ഗ്രാമീൺ), പി.എം.എ.വൈ.-യു. (പ്രധാനമന്ത്രി ആവാസ് യോജന- അർബൻ) തുടങ്ങിയ പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

പി.എം.എ.വൈ (ജി) (പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ) പദ്ധതി പ്രകാരം ഒരു വീടിന് യൂണിറ്റ് കോസ്റ്റ് ആയി 1,20,000/- രൂപയാണ് കേന്ദ്ര സംസ്ഥാന വിഹിതമായി അനുവദിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 72,000/- രൂപയും സംസ്ഥാന വിഹിതം 48,000 രൂപയും 60:40 എന്ന അനുപാതത്തിലാണ്. എന്നാൽ കേരളത്തിൽ പി.എം.എ.വൈ (ജി) പദ്ധതി ലൈഫ് ഭവന പദ്ധതിയോടൊപ്പം സംയോജിപ്പിച്ച് നടപ്പിലാക്കിയതിനാൽ യൂണിറ്റ് കോസ്റ്റ് ഒരു വീടിന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് 4,00,000/- രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും, ദുർഘട പ്രദേശങ്ങളിലേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണത്തിന് യൂണിറ്റ് കോസ്റ്റ് 6,00,000/- രൂപയുമാണ്. ഇതിൽ ജനറൽ, എസ്.സി., എസ്.ടി. എന്നിവർക്ക് അവശേഷിക്കുന്ന 2,80,000 രൂപ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും വകയിരുത്തി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായമായി 4,00,000 രൂപ അനുവദിക്കുന്നു. പട്ടികവർഗ്ഗ

സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള 6,00,000/- രൂപയിൽ അവശേഷിക്കുന്ന 2,00,000/- രൂപ തദ്ദേശസ്വയംഭരണ വകുപ്പ്/പട്ടികവർഗ്ഗ വികസന വകുപ്പ്/ലൈഫ് മിഷൻ മുഖേന നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

പി.എം.എ.വൈ (യു) (പ്രധാനമന്ത്രി ആവാസ് യോജന-അർബൻ) പദ്ധതിയിൽ യൂണിറ്റ് കോസ്റ്റായി ഒരു വീടിന് 2,00,000/- രൂപയാണ് കേന്ദ്ര/സംസ്ഥാന വിഹിതമായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 1,50,000/- രൂപ കേന്ദ്ര വിഹിതവും 50,000/- രൂപ സംസ്ഥാന വിഹിതവും 75:25 എന്ന അനുപാതത്തിലാണ്. എന്നാൽ കേരളത്തിൽ ഈ പദ്ധതിയും ലൈഫ് ഭവനപദ്ധതിയോടൊപ്പം സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമിനത്തിൽ 4,00,000/- രൂപ അനുവദിക്കുന്നു. ഇതിൽ അവശേഷിക്കുന്ന 2,00,000/- രൂപ സംസ്ഥാന സർക്കാർ നഗരസഭകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നോ/തനത് ഫണ്ടിൽ നിന്നോ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകുന്നു. ടി തുക ഇപ്രകാരം കണ്ടെത്തുവാൻ കഴിയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ഹഡ്കോ വായ്പയിനത്തിൽ ലഭ്യമാക്കുന്നു. ഈ തുകയുടെ മുതൽ തിരിച്ചടവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും, പലിശ സംസ്ഥാന സർക്കാരും വഹിക്കുന്നു.

(ഇ) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകേണ്ടുന്ന കേന്ദ്ര വിഹിതത്തിൽ നിലവിൽ എത്ര തുക കുടിശികയായിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ കുടിശികയില്ല.

(എഫ്) ലൈഫ് പദ്ധതി കൂടുതൽ സുതാര്യമായി നടപ്പാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകാമോ?

ലൈഫ് ഭവനപദ്ധതി നിർവ്വഹണം വളരെ സുതാര്യമായിട്ടാണ് നടപ്പിലാക്കിവരുന്നത്. ലൈഫ് ഭവനപദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നത് മുതൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കുന്നത് വരെയുള്ള നടപടികളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതലത്തിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കർമ്മസമിതിയും മോണിറ്ററിംഗ് സംവിധാനവും പ്രവർത്തിച്ചു വരുന്നു.

വനിത-ശിശുവികസന വകുപ്പിന് അംഗീകാരങ്ങൾ

14(*164) ശ്രീമതി ദെലീമ:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിത-ശിശുവികസന വകുപ്പിന് അന്തർദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത വകുപ്പിന് ദേശീയതലത്തിൽ ശ്രദ്ധേയമായ എന്തെല്ലാം പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അവ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണെന്നും പ്രത്യേകം അറിയിക്കാമോ?

(എ&ബി) 2023 സെപ്തംബർ മാസം 23, 24 തീയതികളിൽ സുപ്രീം കോടതിയുടെ നേതൃത്വത്തിൽ നടന്ന National Stakeholders Consultation on Children in Conflict With Law: Prevention, Restorative Justice and Diversion and Alternatives in Detention എന്ന പരിപാടിയിൽ, 2015-ലെ ബാലനീതി നിയമപ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കാവൽ പദ്ധതി അവതരിപ്പിക്കുകയും ബഹു. സുപ്രീം കോടതി പദ്ധതിയുടെ പ്രവർത്തനങ്ങളെയും കൈവരിച്ച നേട്ടങ്ങളെയും പ്രത്യേകം അഭിനന്ദിക്കുകയും മറ്റ് സംസ്ഥാനങ്ങളോട് ടി പദ്ധതിയുടെ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കുവാൻ അഭിപ്രായപ്പെടുകയും ചെയ്തു.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം വനിതാ വികസന കോർപ്പറേഷന് 2023-24, 2024-25 വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, വനിതാ ശിശു വികസന വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന മികച്ച പദ്ധതികളെ സംബന്ധിച്ച് 2024-ൽ UNICEF-ന്റെ സഹകരണത്തോടെ ഒരു ഡോക്യുമെന്ററിയും തയ്യാറാക്കിയിട്ടുണ്ട്.

(സി) വനിതാ വികസന കോർപ്പറേഷന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള

ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

2023-24, 2024-25 എന്നീ വർഷങ്ങളിൽ ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിത വികസന കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

യുറേനിയം, തോറിയം മുതലായ ആണവ ധാതുക്കളുടെ ഖനനം

15(*165) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സമുദ്രമേഖലയിൽ നിന്നും ആണവ ധാതുക്കളുടെ ഖനനവും പര്യവേഷണങ്ങളും നടത്തുന്നതിന് സ്വകാര്യ മേഖലയ്ക്കും അനുമതി നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിന് 2023-ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ, കേന്ദ്രം നാമനിർദേശം ചെയ്യുന്ന സ്വകാര്യ കമ്പനികൾക്കും മുൻകൂർ അനുമതിയോടെ ഖനനത്തിൽ ഏർപ്പെടാൻ സാധിക്കുമെന്ന വ്യവസ്ഥ 14-07-2025-ലെ ജി.എസ്.ആർ. 468 (ഇ) നമ്പർ വിജ്ഞാപനം വഴി നിലവിൽ വന്ന 2025-ലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫ്ഷോർ ഏരിയാസ് ആറ്റോമിക് മിനറൽസ് ഓപ്പറേറ്റിംഗ് റൈറ്റ് നിയമങ്ങളിലും നിലനിർത്തിയിട്ടുള്ളതാണ്.

(ബി) ഖനനം മത്സ്യസമ്പത്തിനെ മാത്രമല്ല മത്സ്യങ്ങളുടെ ആഹാരശൃംഖലയേയും ഇല്ലാതാക്കുന്നതിനാൽ ലക്ഷക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗ്ഗം പ്രതിസന്ധിയിലാകാനും സമുദ്രത്തിന്റെ ആവാസവ്യവസ്ഥയെ ഗുരുതരമായി ബാധിക്കാനും ഇടയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കടലിന്റെ അടിത്തട്ടിലെ ധാതുഖനനം കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. മത്സ്യസമ്പത്തിനെ മാത്രമല്ല, സമുദ്രത്തിലെ ആകെ പരിസ്ഥിതിയെതന്നെ ഖനനം ഗുരുതരമായി ബാധിക്കും. സമുദ്ര ആഹാര ശൃംഖല അസന്തുലിതമാകുകയും ചെയ്യും. ഖനനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ശബ്ദമലിനീകരണവും രാസമലിനീകരണവും മത്സ്യങ്ങളുടെ ആരോഗ്യത്തെയും ഉണനിലവാരത്തെയും ബാധിക്കും. സമുദ്രജലത്തിലുള്ള ഓക്സിജൻ കുറയുന്നതിനും ജലഗുണനിലവാരത്തകർച്ചയും മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെയും ബാധിക്കും. അടിത്തട്ടിലെ ധാതുഖനനംമൂലം കടൽജലം കലങ്ങുന്നത് കടലിലെ പ്രകാശിത മേഖലയുടെ ശോഷണത്തിന് കാരണമാകും. ഇത് കടലിലെ പ്രകാശ സംശ്ലേഷണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കുവാൻ കാരണമാകും. ഇതും മത്സ്യസമ്പത്തിന് ഭീഷണിയാണ്. കടൽ ഖനനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കും തീരക്കടലിൽ എത്തുന്ന നിരവധി കപ്പലുകൾ/ബോട്ടുകൾ എന്നിവ മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന

മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകും.

(സി) യുറേനിയം, തോറിയം പോലുള്ള ആണവ ധാതുക്കളുടെ ഖനനത്തിന് കേന്ദ്ര സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയാൽ അത് രാജ്യത്തിന്റെ സുരക്ഷയെപ്പോലും ബാധിക്കാനിടവരുത്തുമെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളുടെ തീരപ്രദേശത്താണ് ഖനനത്തിന് അനുമതി നൽകിയിരിക്കുന്നതെന്നും പ്രസ്തുത വിവരം അതത് സംസ്ഥാന സർക്കാരുമായി ചർച്ച നടത്തേണ്ടതുമായിരുന്നുവെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്ത്യയിൽ തോറിയം ധാതുവിന്റെ വലിയ ശേഖരം കേരളം, ഒഡീഷ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ തീരദേശങ്ങളിലാണ് കാണപ്പെടുന്നത്. 2023-ൽ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ്&റെഗുലേഷൻ) ആക്ടിൽ വരുത്തുവാൻ ഉദ്ദേശിച്ചിരുന്ന ഭേദഗതിയുടെ കരടിന്മേൽ നടത്തിയ അഭിപ്രായ സ്വരൂപണ വേളയിൽ തന്നെ കേരളം ഈ ഭേദഗതിയിലൂടെ ഉണ്ടാകുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിർദേശങ്ങൾ കണക്കിലെടുക്കാതെയാണ് ഭേദഗതി കൊണ്ടുവന്നത്. 2025-ലെ ഓഫ്ഷോർ ഏരിയാസ് ആറ്റോമിക് മിനറൽസ് ഓപ്പറേറ്റിംഗ് റൈറ്റ് നിയമങ്ങൾ രൂപീകരിക്കുന്നതിന് മുൻപ് സംസ്ഥാന സർക്കാരുകളോട് അഭിപ്രായം ആരാഞ്ഞിരുന്നില്ല.

ഈ നിയമങ്ങൾ നടപ്പാക്കുന്നതിലെ ആശങ്കകൾ ചൂണ്ടിക്കാട്ടി ആയത് പരിഹരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

അതിദരിദ്രർക്ക് റേഷൻകാർഡുകൾ

16(*166) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ:

ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം ദരിദ്രരിൽ അതിദരിദ്രർ ആയിട്ടുള്ളവർക്കാണ് AAY കാർഡുകൾ നൽകിവരുന്നത്.

കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള, AAY വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 595800 ആണ്. അതിദരിദ്രർക്ക് നൽകുന്ന പ്രസ്തുത കാർഡുകളുടെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. AAY വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതിദരിദ്രരായിട്ടുള്ളവരെ പ്രസ്തുത വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തുവരുന്നു. അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ ചെയ്ത

3940 കുടുബങ്ങൾക്ക് AAY കാർഡുകൾ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

(ബി) ഗ്രണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവേയിൽ ഉൾപ്പെട്ട മുഴുവൻ അതിദരിദ്ര കുടുംബത്തിനും റേഷൻകാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. എല്ലാവർക്കും റേഷൻ കാർഡ് എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പുറമ്പോക്കിലും റെയിൽവേ പരിസരത്തും റോഡരികിലും കുടിലുകൾകെട്ടി താമസിക്കുന്നവരെ കണ്ടെത്തി വീട്ടുനമ്പർ ഇല്ലെങ്കിലും വീട്ടുനമ്പരിന്റെ സ്ഥാനത്ത് "00" എന്ന് രേഖപ്പെടുത്തി റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58329 AAY കാർഡുകൾ നൽകിയിട്ടുണ്ട്. AAY കാർഡിന് അർഹതയില്ലാത്തവർക്ക് PHH കാർഡുകൾ അനുവദിച്ചു വരുന്നു.

(സി) റേഷൻ ഷോപ്പുകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ വിതരണം ചെയ്യുന്നതിനായി ആരംഭിച്ച ഒപ്പം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

വാർധക്യവും രോഗങ്ങളും കാരണം റേഷൻ സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിലെത്തിക്കുകയാണ് ഒപ്പം പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ ഗ്രണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് ഓട്ടോറിക്ഷ തൊഴിലാളികൾ

സൗജന്യമായി വീട്ടിൽ എത്തിച്ച് നൽകിവരുന്നു. നിലവിൽ ഒപ്പം പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 682 ഗുണഭോക്താക്കൾക്കുള്ള റേഷൻ സാധനങ്ങൾ അവരവരുടെ വീടുകളിൽ എത്തിച്ചുനൽകുന്നു.

(ഡി) വനമേഖലകളിലെ എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങളായ ആദിവാസി നഗറുകൾ, ടൈബൽ സെറ്റിൽമെന്റുകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വാതിൽപ്പടി റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി". പ്രസ്തുത പദ്ധതി നിലവിൽ 10 ജില്ലകളിലായി 21 താലൂക്കുകളിൽ 142 ആദിവാസി ഉന്നതികളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്തിച്ച് നൽകുന്നു. ഇതുമൂലം ഒറ്റപ്പെട്ട മേഖലകളിൽ താമസിക്കുന്ന ഗോത്രവർഗക്കാർക്ക് ദുർഘടമായ പാതയിലൂടെ കിലോമീറ്ററോളം സഞ്ചരിച്ച് റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാകുകയും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി അവർക്ക്

ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്.

കേരളത്തെ ആഗോള വ്യോമയാന ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ

17 (*167) ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു ആഗോള വ്യോമയാന ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരളത്തെ ഒരു ആഗോള വ്യോമയാന ഹബ്ബായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് FICCI-യുമായി ചേർന്ന് 2025 ഓഗസ്റ്റ് മാസം കേരള എവിയേഷൻ സമിറ്റ് സംഘടിപ്പിച്ചിരുന്നു. ഈ ഉച്ചകോടിയുടെ ഭാഗമായി വ്യോമയാന മേഖലയിലെ പ്രധാന വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. ഉച്ചകോടിയിൽ, പ്രവാസി മലയാളികളുടെയും അന്താരാഷ്ട്ര യാത്രക്കാരുടെയും ഗതാഗത സൗകര്യവർധനവിനൊപ്പം കേരളത്തിൽ നിലവിലുള്ള വിവിധ മേഖലകളിലെ വികസന സാധ്യതകൾ കൂടി ചർച്ച ചെയ്യുകയുണ്ടായി.

ടൂറിസം, മെഡിക്കൽ ടൂറിസം, തീർഥാടന ടൂറിസം, വാട്ടർ/അഡ്വഞ്ചർ ടൂറിസം, വിദ്യാഭ്യാസ സൗകര്യങ്ങൾ, പെരിഷബിൾ/നോൺ-പെരിഷബിൾ കാർഗോയുടെ കയറ്റുമതി

തുടങ്ങിയ മേഖലകളിൽ വളർച്ച കൈവരിക്കുന്നതിനുള്ള സാധ്യതകളും ഉച്ചകോടി വിശദമായി ചർച്ച ചെയ്തു.

(ബി) ഈ ലക്ഷ്യം കൈവരിക്കാനായി വ്യോമയാന ഉച്ചകോടിയിൽ നിന്നും ലഭിച്ച നിർദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

1. പ്രാദേശിക കണക്ടിവിറ്റിയെ സംബന്ധിച്ച് സർക്കാർ നൽകുന്ന മാർഗനിർദേശപ്രകാരം സംസ്ഥാനത്തെ എല്ലാ വിമാനത്താവള ഓപ്പറേറ്റർമാരും മറ്റ് ഏവിയേഷൻ മേഖലയിലെ പങ്കാളികളും ഒരു ടീമായി പ്രവർത്തിച്ച്, വ്യത്യസ്ത ടൂറിസം കേന്ദ്രങ്ങളെ വ്യോമയാന, ജല, റെയിൽ, റോഡ് ഗതാഗത മാർഗങ്ങളിലൂടെ ഫലപ്രദമായി ബന്ധിപ്പിക്കണമെന്ന ആശയമുയർന്നു. യാത്രകൾ സുരക്ഷിതവും സൗകര്യപ്രദവുമായ രീതിയിൽ നടത്തപ്പെടുന്നതും ഉറപ്പാക്കും.

2. എയർപോർട്ടിലേക്ക് മെട്രോ കണക്ടിവിറ്റി, നെടുമ്പാശ്ശേരിയിൽ പ്രത്യേക റെയിൽവേ സ്റ്റേഷൻ, NHAI-അങ്കമാലി-കുണ്ടന്നൂർ റോഡ് വികസനം, പേഴ്സണലൈസ്ഡ് റാപ്പിഡ് ട്രാൻസിറ്റ് (POD), ടാക്സി ഓപ്പറേറ്റർമാർ, സീപോർട്ട്-എയർപോർട്ട് റോഡ് വികസനം എന്നിവയിലൂടെ സിറ്റി സൈഡ് കണക്ടിവിറ്റി (Cityside Connectivity) മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ പുരോഗമിക്കുകയാണ്.

3. കാർഗോ കയറ്റുമതിയെ സംബന്ധിച്ച്, പെരിഷബിൾ (കൃഷി ഉൽപ്പന്നങ്ങൾ, farm fresh to export) നോൺ-പെരിഷബിൾ ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി കേരള സർക്കാരും കേന്ദ്രസർക്കാരും നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ വർധിപ്പിക്കാനും

തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുതിയ എയർലൈൻ സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

Zett Fly Aviation, Star Air, Alhind Air എന്നിവർ സംസ്ഥാനത്തെ വിമാനത്താവളങ്ങളെ സമീപ സംസ്ഥാനങ്ങളിലെ വിമാനത്താവളങ്ങളുമായും ബന്ധിപ്പിക്കുന്ന സർവീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുവരികയാണ്. സീപ്ലെയിൻ സർവീസുകൾ ആരംഭിക്കുന്നതിനായുള്ള ചർച്ചകളും പുരോഗമിക്കുകയാണ്. ഡെ ഹാവിലാൻഡ് (De Havilland) കമ്പനി ഡെമോ ഓപ്പറേഷൻ നടത്തി കഴിഞ്ഞിട്ടുണ്ട്. കൂടാതെ, Vertical Take-off and Landing (VTOL) സർവീസുകളുമായി ബന്ധപ്പെട്ട ചർച്ചകളും പുരോഗമിക്കുകയാണ്. BluJ Aero Aviation-നുമായി എഗ്രിമെന്റ് ഒപ്പിടുകയും SARLA ഏവിയേഷനുമായി ചർച്ചകൾ പുരോഗമിക്കുകയും ചെയ്യുന്നു.

(ഡി) ഉച്ചകോടിയുടെ ഭാഗമായി കേരളത്തിൽ തൊഴിലവസരങ്ങളും ടൂറിസം മേഖലയിലെ വളർച്ചയും എത്രത്തോളം വികാസം പ്രാപിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള ഏവിയേഷൻ സമ്മിറ്റ് 2025-ന്റെ പ്രധാനലക്ഷ്യം സംസ്ഥാനത്തെ വിമാന ഗതാഗതവും സമഗ്രമായ ഏവിയേഷൻ ഇക്കോസിസ്റ്റവും മെച്ചപ്പെടുത്തുക എന്നതാണ്. ഇതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും പരോക്ഷ തൊഴിലവസരങ്ങൾ ഉണ്ടാകുകയും ചെയ്യും. അമേരിക്ക, യൂറോപ്പ് മുതലായ രാജ്യങ്ങളിൽ നിന്നുള്ള

വിനോദസഞ്ചാരികളോടൊപ്പം തായ്ലാൻഡ്, മലേഷ്യ, ഇൻഡോനേഷ്യ, വിയറ്റ്നാം എന്നിവിടങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളെയുംകൂടി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

അമീബിക് മസ്തിഷ്കജ്വരം

18(*168) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുമാസം പ്രായമായ കുട്ടിക്ക് അടക്കം അമീബിക് മസ്തിഷ്കജ്വരം ബാധിച്ച സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

2023-ലെ നിപ രോഗബാധയെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ എല്ലാം തന്നെ റിപ്പോർട്ട് ചെയ്യണമെന്ന നിർദേശം നൽകിയതിനുശേഷം മസ്തിഷ്കജ്വരങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഓരോ കേസിന്റെയും കാരണം കണ്ടെത്തുന്ന നടപടികളും കർശനമായി നടക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച കേസുകൾ കൂടുതലായി കണ്ടെത്താൻ തുടങ്ങിയത്. രോഗം നേരത്തെ കണ്ടെത്താൻ സാധിക്കുന്നതുകൊണ്ട് കേരളത്തിൽ മരണനിരക്ക് ആഗോള ശരാശരിയേക്കാൾ വളരെ കുറവാണ്.

(ബി) കുളങ്ങളിലും മറ്റ് ജലാശയങ്ങളിലും മുങ്ങിക്കുളിക്കാത്തവരിൽ പോലും ഈ

രോഗം പിടിപെടുന്നതിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നതും അപൂർവമായി മനുഷ്യരിൽ രോഗബാധയുണ്ടാക്കുന്നതുമായ ഒരു സൂക്ഷ്മാണുവാണ് അമീബ. കായലുകൾ, പുഴകൾ, നീരുറവകൾ, കുളങ്ങൾ, പൈപ്പ് വെള്ളം തുടങ്ങി വിവിധ ജലസ്രോതസ്സുകളിൽ ഇവ കാണപ്പെടുന്നു. മലിനമായ ജലത്തിലും, പ്രത്യേകിച്ച് കെട്ടി നിൽക്കുന്ന ജലസ്രോതസ്സുകളിലും ഇവ കാണാനുള്ള സാധ്യത കൂടുതലാണ്.

Naeglaria Fowleri എന്ന സ്വതന്ത്രമായി ജീവിക്കുന്ന അമീബയാണ് പ്രൈമറി അമീബിക് മസ്തിഷ്ക ജ്വരത്തിന് (Primary Amoebic Meningoencephalitis) കാരണമാകുന്നത്. 450C വരെ താപനില സഹിക്കാൻ കഴിയുന്ന Naeglaria Fowleri അമീബ മണ്ണിലും ശുദ്ധജല സ്രോതസ്സുകളിലും പ്രത്യേകിച്ച് ഒഴുക്ക് കുറഞ്ഞതും വെള്ളം കെട്ടിനിൽക്കുന്നതുമായ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നു. ശുദ്ധജല തടാകങ്ങൾ, കായലുകൾ, നദികൾ, ചൂടുള്ള നീരുറവകൾ, ശുദ്ധീകരിക്കാത്ത നീന്തൽകുളങ്ങൾ, ശുദ്ധീകരിക്കാത്ത ജലസംഭരണികൾ, മലിനമായ മറ്റ് ജലസ്രോതസ്സുകൾ എന്നിവയിൽ ഇവ കാണപ്പെടുന്നു. ജലസ്രോതസ്സുകളുടെ താപനില ഉയരുമ്പോൾ ഇവയുടെ സാന്നിധ്യത്തിനുള്ള സാധ്യത കൂടുതലാണ്. അമീബയുടെ സാന്നിധ്യമുള്ള ജലസ്രോതസ്സുകളിൽ കുളി, നീന്തൽ, ഡൈവിംഗ്, വാട്ടർ സ്കീയിംഗ്, സർഫിംഗ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും ഇത്തരം ജലമുപയോഗിച്ച് മുഖം കഴുകുമ്പോഴും, മൂക്ക് കഴുകുമ്പോഴും മൂക്കിനുള്ളിലെ സ്ലേഷ്മപാളിയിലൂടെയും ക്രിബ്രിഫോം പ്ലേറ്റിലെ ചെറുസുഷിരങ്ങളിലൂടെയും ഇവ തലച്ചോറിലേക്ക് പ്രവേശിച്ച് മസ്തിഷ്കജ്വരത്തിന്

കാരണമാകുന്നു. ഗ്രാനുലോമാറ്റസ് അമീബിക് എൻസെഫലൈറ്റിസ് (Granulomatous Ameobic Encephalitis) Acanthamoeba spp., Balamuthia mandrillaris, Sappinia diploidea, Vermamoeba vermiformis എന്നീ വിഭാഗത്തിലുള്ള സൂക്ഷ്മാണുക്കൾ കാരണമാണ് ഉണ്ടാകുന്നത്. ശ്വാസകോശം, ത്വക്ക് എന്നിവയിലൂടെ പ്രവേശിച്ച് തലച്ചോറിലെത്തുകയും രോഗലക്ഷണങ്ങളുണ്ടാക്കുകയും ചെയ്യുന്നു. അപൂർവ്വമായി കണ്ണുകളിൽ അണുബാധയുണ്ടായി നാഡികളിലൂടെ തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

അമീബിക് മസ്തിഷ്കജ്വരം ഉണ്ടായ രോഗികളുടെ വീടുകളിലെ കിണറുകൾ, ജലസംഭരണികൾ, പൈപ്പ് വെള്ളം, ഇവർ ഉപയോഗിച്ചിരുന്ന പൊതു കിണറുകൾ, കുളങ്ങൾ, നീന്തൽകുളങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളിൽ ചില സാമ്പിളുകളിൽ അമീബയുടെ സാന്നിധ്യം വ്യക്തമായിട്ടുണ്ട്. വിവിധ ജലസ്രോതസ്സുകളിൽ Balamuthia mandrillaris, Vermameoba vermiformis, Paravahikampfika Francinae, Acanthameoba എന്നീ അമീബാ വകഭേദങ്ങളുടെ സാന്നിധ്യം PCR പരിശോധനയിലൂടെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സമഗ്രമായി ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനായി ഒരു ടെക്നിക്കൽ വർക്ഷോപ്പ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ഈ ശില്പശാലയിൽ ഏകാരോഗ്യ സമീപനത്തിലൂന്നിയ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുകയുമുണ്ടായി. അമീബിക് മസ്തിഷ്കജ്വരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പഠനങ്ങൾ വിവിധ മെഡിക്കൽ കോളേജുകളുടെ ഭാഗമായി നടന്നുവരുന്നുണ്ട്.

1. Microbiological profile of Meningoencephalitis due to pathogenic free living Amoebae: A case series (തിരുവനന്തപുരം/കോഴിക്കോട് മെഡിക്കൽ കോളേജ്)

2. Clinical and laboratory profile of patients with Free-living amoebic encephalitis in a tertiary care hospital in north Kerala (കോഴിക്കോട് മെഡിക്കൽ കോളേജ്)
3. Integrating epidemiological profile and environmental surveillance with genomic sequencing to study the amoebic meningoencephalitis cases reporting to a tertiary care centre in Kozhikode district (കോഴിക്കോട് മെഡിക്കൽ കോളേജ്)

കൂടാതെ, 'Genomic sequencing of Molecular confirmed cases of Amoebic Meningoencephalitis' എന്ന ഒരു പഠനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ സഹായത്തോടുകൂടി ഐ.സി.എം.ആർ. വിദഗ്ധരുടെ സഹകരണംകൂടി ഉറപ്പാക്കി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നിലവിൽ സ്ഥിരീകരിച്ച കേസുകളിൽ 5 എണ്ണം Naegleria Fowleri, 20 എണ്ണം Acanthamoeba എന്നീ സ്പീഷീസ് മൂലമാണെന്ന് PCR പരിശോധനയിലൂടെ തിരിച്ചറിഞ്ഞിട്ടുണ്ട്.

ജലസ്രോതസ്സുകളുടെ മലിനീകരണം, താപനില വർധനവ് എന്നിവ അമീബയുടെ സാന്നിധ്യം കൂട്ടുന്നതിനും തന്മൂലം മനുഷ്യരിൽ രോഗാവസ്ഥയ്ക്കുമുള്ള വർധിച്ച സാഹചര്യത്തിനും കാരണമാകുന്നുണ്ടെന്ന് അനുമാനിക്കുന്നു.

(സി) അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കാൻ ജലവിഭവ വകുപ്പിനെയും തദ്ദേശ സ്വയംഭരണ വകുപ്പിനെയും ഏകോപിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആരോഗ്യ

ജാഗ്രത കലണ്ടറിന്റെ ഭാഗമായി മുന്നേ കൂട്ടിതന്നെ വിവിധ ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിച്ചിട്ടുള്ള സമഗ്രമായ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തിനും മൈക്രോ പ്ലാൻ ഉണ്ടാക്കുകയും ഈ മൈക്രോപ്ലാൻ പ്രകാരം തദ്ദേശവകുപ്പും ആരോഗ്യവകുപ്പും ജലവിഭവ വകുപ്പും മറ്റ് വകുപ്പുകളും ചേർന്ന് വിവിധ പ്രതിരോധ പ്രവർത്തനങ്ങളും മാലിന്യനിർമാർജ്ജനവും ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2025 ആഗസ്റ്റ് 18-ന് കൂടിയ ഉന്നതതലയോഗത്തിൽ അമീബിക് മസ്തിഷ്കജ്വര ബാധ പ്രതിരോധിക്കുന്നതിന് നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള വിവിധ തീരുമാനങ്ങളെടുക്കുകയും അവ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കിയും വരുന്നു. 2025 ആഗസ്റ്റ് 30, 31 തീയതികളിൽ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ മുഴുവൻ വീടുകളിലെയും സ്ഥാപനങ്ങളിലെയും കിണറുകൾ, ജലാശയങ്ങൾ എന്നിവ ക്ലോറിനേറ്റ് ചെയ്യുക, ജലസംഭരണികൾ വൃത്തിയാക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ക്യാമ്പയിനിൽ ആരോഗ്യ വകുപ്പിന്റെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തി. പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും വിവിധ മാധ്യമങ്ങൾ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേനയും അവബോധ സന്ദേശങ്ങൾ നൽകുന്നുണ്ട്.

വിനോദത്തിനും പരിശീലനത്തിനും വേണ്ടിയുള്ള പൊതു/സ്വകാര്യ നീന്തൽ കുളങ്ങളുടെ ഉപയോഗം, മലിനമായ കുളങ്ങൾ, തടാകങ്ങൾ, ഒഴുക്ക് കുറഞ്ഞ തോടുകൾ

തുടങ്ങിയ ജലാശയങ്ങളിൽ മുങ്ങി കുളിക്കുന്നത് എന്നിവ അമീബിക് മസ്തിഷ്കജ്വരം ഉണ്ടാകുന്നതിനും ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഭീഷണി ആവാൻ സാധ്യതയുള്ളതും ആയതിനാൽ 2023-ലെ കേരള പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പുകൾ പ്രകാരം ആരോഗ്യ വകുപ്പ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹോട്ടലുകൾ, റിസോർട്ടുകൾ, വാട്ടർ തീം പാർക്കുകൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പുകാർ, ചുമതലക്കാർ അതതിടങ്ങളിലെ ജലം എല്ലാദിവസവും ക്ലോറിനേറ്റ് ചെയ്യുകയും ക്ലോറിൻ അളവുകൾ പരിശോധിച്ചു ഉറപ്പുവരുത്തുകയും അതിനായുള്ള രജിസ്റ്ററിൽ അതേദിവസം രേഖപ്പെടുത്തുകയും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയോ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരോ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

നീന്തൽ കുളങ്ങൾ, വാട്ടർ തീം പാർക്കുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ജലം ക്ലോറിനേഷൻ പൂർത്തീകരിച്ചതിനുശേഷം Residual ക്ലോറിൻ ഒന്നു മുതൽ മൂന്ന് പിപിഎം എന്ന അളവിൽ ഉണ്ടായിരിക്കണം. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന ജലസംഭരണികളിൽ residual ക്ലോറിൻ 0.5 പിപിഎം അളവിൽ ഉണ്ടായിരിക്കണം. ജലസ്രോതസ്സുകളിലേക്ക് ഒഴുകി എത്തുന്ന എല്ലാ ദ്രവ മാലിന്യ കുഴലുകളും ഒഴിവാക്കാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാക്കാനും അതിന് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ആവശ്യമാണ്. മലിനമായതും കെട്ടിക്കിടക്കുന്നതുമായ ജലത്തിൽ കുളിക്കരുതെന്ന സന്ദേശം വിവിധ IEC

മെറ്റീരിയലുകളിലൂടെ പരമാവധി പൊതുജനങ്ങളിൽ എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണം ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടെയും സമഗ്രമായ പ്രവർത്തനങ്ങളിലൂടെ ജലാശയങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും അതിലൂടെ അമീബിക് മസ്തിഷ്കജ്വര രോഗബാധ കുറയ്ക്കുവാനുമുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. അമീബിക് മസ്തിഷ്കജ്വര രോഗബാധ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഏകാരോഗ്യത്തിൽ ഊന്നിയ ഒരു ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. ആയതിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്.

തെരുവുനായ്ക്കളുടെ വന്ധ്യംകരണം

19(*169) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം വർധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) 2019-ൽ നടന്ന ഇരുപതാം കന്നുകാലി കണക്കെടുപ്പ് പ്രകാരം (നിലവിലെ സെൻസസ്) ലഭ്യമായ തെരുവ് നായ്ക്കളുടെ എണ്ണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Sl.No	District	Stray Dogs
1	Thiruvananthapuram	47829
2	Kollam	50869
3	Pathanamthitta	14080
4	Alappuzha	19249
5	Kottayam	9915
6	Idukki	7375
7	Ernakulam	14155
8	Thrissur	25277
9	Palakkad	29898
10	Malappuram	18554
11	Kozhikode	14044
12	Wayanad	6907
13	Kannur	23666
14	Kasargod	8168
Grand Total		289986

(സി) തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിലൊന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി)

പ്രോഗ്രാം. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടാപ്പം തീവ്ര വാക്സിനേഷൻ യജ്ഞം, ശുചിത്വ യജ്ഞം, ഐ.ഇ.സി. ക്യാമ്പയിൻ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തി വരുന്നു. നിലവിൽ എ.ബി.സി. പദ്ധതിക്കായി 18 എ.ബി.സി. സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള എ.ബി.സി. കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എ.ബി.സി. കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പോർട്ടബിൾ എ.ബി.സി. സെന്റർ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ആസ്ഥാനമാക്കി ഒക്ടോബർ മാസത്തോടെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി Indian Immunologicals Ltd (IIL)-ന്റെ CSR ഫണ്ടുപയോഗിച്ച് മൃഗക്ഷേമ സംഘടനയായ CAWA എന്ന NGO-യുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ഈ വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ 7 പോർട്ടബിൾ എ.ബി.സി. സെന്റർ തുടങ്ങുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

(ഡി) കൂടുതൽ വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്. നിലവിലുള്ള 18 എ.ബി.സി. കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എ.ബി.സി. കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യമൊരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യും.

ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കേസുകൾ

20(*170) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നാമജപ ഘോഷയാത്ര നടത്തിയതുൾപ്പെടെ സമാധാനപരമായി സമരം നടത്തിയവർക്കെതിരെ എടുത്ത എല്ലാ കേസുകളും എഴുതിത്തള്ളിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസുകൾ എഴുതിത്തള്ളാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് നാമജപ ഘോഷയാത്ര ഉൾപ്പെടെയുള്ള സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എടുത്ത കേസുകളും പിൻവലിക്കാൻ

സർക്കാർ തയ്യാറാകുമോ?

(എ-സി) ശബരിമല യുവതീ പ്രവേശനം സംബന്ധിച്ചുണ്ടായ ബഹു. സുപ്രീംകോടതി വിധിയെത്തുടർന്നും പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നതിനെത്തുടർന്നും സംസ്ഥാനത്ത് വിവിധ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതേത്തുടർന്ന് പോലീസ് നിയമനടപടികൾ സ്വീകരിച്ചിരുന്നു.

ഈ കേസുകളിൽ സമാധാനപരമായി സമരം നടത്തിയവയും ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്തതുമായ കേസുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 26-02-2021-ലെ സ.ഉ. (കൈ)നം.70/2021/ആഭ്യന്തരം പ്രകാരം പൊതു ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ഉത്തരവിൽ കേസുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ബഹു. സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ വിവിധ സംഭവങ്ങളിൽ 2634 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേസുകൾ പിൻവലിക്കുന്നതിന് ഓരോ കേസിലും കേസ് പരിഗണിക്കുന്ന കോടതിയുടെ മുമ്പാകെ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21-08-2023-ന് യോഗം ചേരുകയും, ഓരോ ജില്ലയിലും ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ, അഡ്മിനിസ്ട്രേഷൻ

ചുമതലയുള്ള ഡിവൈ.എസ്.പി, ജില്ലാകളക്ടർ ചുമതലപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ഗുരുതര സ്വഭാവമില്ലാത്ത കേസുകൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ നിർദേശം നൽകി.

തുടർന്ന് കേസുകളുടെ സ്വഭാവം കണക്കിലെടുത്ത് പോലീസ് തുടർനടപടികൾ ഒഴിവാക്കിയതും പിൻവലിക്കാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചതുമായ കേസുകളുടെ എണ്ണം 1047 ആണ്. 86 കേസുകൾ കോടതി മറ്റ് തരത്തിൽ തീർപ്പാക്കി. 278 കേസുകൾ വെറുതെ വിട്ടു. 726 കേസുകൾ കോടതി ശിക്ഷിച്ചു. 692 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്.

ഗുരുതരസ്വഭാവമുള്ള വകുപ്പുകൾ ഉൾപ്പെടുന്നതിനാൽ ചില കേസുകൾ പിൻവലിക്കാൻ കഴിയുകയില്ല. ഗുരുതര ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ എത്രയും വേഗം പിൻവലിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

പരമ്പരാഗത കള്ള് ചെത്ത് വ്യവസായം

21(*171) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തൊഴിൽ മേഖലകളിലൊന്നായ കള്ളുചെത്ത് തൊഴിലിലും കള്ള്

വ്യവസായ മേഖലയിലുമുണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളിലൊന്നായ കള്ളുചെത്ത് തൊഴിലും കള്ളുവ്യവസായവും സംരക്ഷിക്കുന്നതിന് സർക്കാർ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കള്ളുവ്യവസായം പരമ്പരാഗത വ്യവസായം ആണെങ്കിലും കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾ ആധുനികവൽക്കരണം എന്നിവ അനിവാര്യമാക്കി തീർത്തിട്ടുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ട് 2021-ൽ സംസ്ഥാനത്ത് കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കള്ളുവ്യവസായ മേഖലയെ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, കള്ള് ഉൽപാദനം കൂടുതലുള്ള സ്ഥലങ്ങളിൽനിന്നും അവ സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക, കള്ളിൽ നിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, സീസൺ സമയത്ത് അധികമായി ലഭിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനമേർപ്പെടുത്തുക, അത്യുൽപാദനശേഷിയുള്ള തെങ്ങ് നട്ട് പിടിപ്പിക്കുക, കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുക, ആവശ്യാനുസരണം കള്ള് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക, വിനോദസഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ഷാപ്പുകൾ ആരംഭിക്കുക, തൊഴിലാളികൾക്കും പുതിയതായി ആ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം

നൽകുക, കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുക, കർഷകർക്കും, തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുകയും, ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക, ഈ രംഗത്ത് ആവശ്യമായിവരുന്ന ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കള്ള് വ്യവസായ വികസന ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

കള്ള് വ്യവസായം പരിപോഷിപ്പിക്കുന്നതിനായി ടൂറിസ്റ്റ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നാല്, അഞ്ച് സ്റ്റാർ ക്ലാസ്സിഫിക്കേഷനുകളോടെ ടോഡി പാർലറുകൾ ആരംഭിക്കുക, കുടുംബശ്രീ പോലെയുള്ള സംരംഭങ്ങളുടെ സഹകരണത്തോടെ കള്ളിൽ നിന്നും വിനാഗിരി പോലെയുള്ള മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, കള്ള് കുപ്പിയിലാക്കി കയറ്റുമതി ചെയ്യുക, കള്ളിന്റെ കാലാവധി (shelf life) ദീർഘിപ്പിച്ച് കുപ്പിയിൽ അടച്ച് വിപണിയിൽ എത്തിക്കുക തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം മുന്നിൽകണ്ട് ഓരോ കള്ളുഷാപ്പുകൾക്കും നിശ്ചിത തൊഴിലാളികൾ ഉണ്ടായിരിക്കണം എന്ന നിബന്ധന കർശനമായി പാലിച്ചുവരുന്നുണ്ട്. കൂടാതെ അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. കള്ളുഷാപ്പുകൾ അടഞ്ഞുകിടന്ന് തൊഴിലാളികൾക്ക് തൊഴിൽനഷ്ടം സംഭവിക്കാതിരിക്കുന്നതിനായി കള്ളുഷാപ്പുകൾ ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കള്ള് ചെത്ത് വ്യവസായ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ടോഡി ബോർഡ് ഉദ്ദേശിക്കുന്നത്?

കള്ളുവ്യവസായ മേഖലയെ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി ആദ്യ ഘട്ടമെന്ന നിലയിൽ കള്ള് ഷോപ്പുകൾക്ക് സ്റ്റാർ പദവി നൽകി അതിനനുസൃതമായ തലത്തിലേക്ക് ഉയർത്തി കേരളത്തിലെ കള്ള് ഷോപ്പുകളുടെ നിലവിലെ നിലവാരം മാറ്റുക, കേരളത്തിലെ ടൂറിസം സെന്ററുകൾ കേന്ദ്രീകരിച്ച് സ്റ്റാർ പദവിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക, കേരളത്തിലെ എല്ലാ കള്ള് ഷോപ്പുകളെയും ഒരു പൊതു ബ്രാൻഡിൽ കൊണ്ടുവരിക, നിശ്ചിത പദവിക്കനുസരിച്ച് ഏകീകൃത ഡിസൈൻ നല്കുക, ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേരള ടോഡി ബ്രാൻഡിൽ കള്ള് ബോട്ടിലിംഗ് ആരംഭിക്കുക, അധികമായി വരുന്ന കള്ള് കുടുംബശ്രീയുമായി ചേർന്ന് മൂല്യവർധിത ഉല്പന്നമായ വിനാഗിരി നിർമ്മിച്ച് കുടുംബശ്രീ-ടോഡി ബോർഡ് സംയുക്ത ബ്രാൻഡിൽ വിപണനം ചെയ്യുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനാണ് ടോഡി ബോർഡ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്ട് 2021-ന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ച് 2024 മാർച്ച് മാസം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുവാൻ ടോഡി ബോർഡ് വഴി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ?

കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി കള്ള് ഉല്പാദനം കൂടുതലുള്ള സ്ഥലങ്ങളിൽ നിന്നും അവ സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക, കള്ളിൽ നിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, സീസൺ സമയത്ത് അധികമായി ലഭിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക, കള്ള് ലഭിക്കുന്നതിന് അത്യുല്പാദന ശേഷിയുള്ള വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക, കള്ള് ഷോപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുക, ആവശ്യാനുസരണം കള്ള് ഷോപ്പുകൾ ഏറ്റെടുത്ത് നടത്തുക, വിനോദസഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷോപ്പുകൾ ആരംഭിക്കുക, തൊഴിലാളികൾക്കും പുതുതായി ഈ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക, കള്ള് ചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവരകണക്കുകൾ സൂക്ഷിക്കുക, കർഷകർക്കും തൊഴിലാളികൾക്കും ഉപകരിക്കുന്നതരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുകയും ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക, ഈ രംഗത്ത് ആവശ്യമായ ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്നീ ചുമതലകളാണ് കള്ള് വ്യവസായ വികസന ബോർഡിനെ ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതോടെ ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ലഭ്യമാകും.

(ഇ) ചെത്തിയ കള്ള് ബോട്ടിലുകളിൽ നിറച്ച് വിൽപ്പന നടത്തുന്നതിനും കയറ്റുമതി

ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

ചെത്തിയ കള്ള് ബോട്ടിലുകളിൽ നിറച്ച് വില്പന ചെയ്യുന്നതിന് കള്ള് വ്യവസായ വികസന ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. കള്ളിന്റെ ആയുസ് (Shelf Life) ദീർഘിപ്പിച്ച് ബോട്ടിലിങ് നടപ്പിലാക്കുന്നതിനായി താൽപര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് മുൻനിര പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മഞ്ഞപിത്തം ബാധിച്ചുള്ള മരണം വർധിക്കുന്ന സാഹചര്യം

22(*172) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം ക്രമാതീതമായി വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വളരെ ഗൗരവത്തോടെ കാണുന്നുണ്ട്. ഹെപ്പറ്റൈറ്റിസ്-എ എന്നത് ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന ഒരു സാംക്രമിക രോഗമാണ്. ഹെപ്പറ്റൈറ്റിസ്-എ വ്യാപിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ചുവടെ പറയുന്നവ ഉൾപ്പെടുന്നു.

- മലിനമായ വെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ഉപയോഗം
- രോഗബാധിതരായ വ്യക്തികൾ തയ്യാറാക്കിയതും കൈകാര്യം ചെയ്യുന്നതുമായ ഭക്ഷണ പാനീയങ്ങളുടെ ഉപയോഗം
- പൊതുശുചിത്വം പാലിക്കുന്നതിലുള്ള അപാകതകളും മോശമായ ശുചിത്വ ശീലങ്ങളും
- രോഗബാധിതരായ വ്യക്തികളുമായി അടുത്ത ബന്ധം പുലർത്തുക
- രോഗബാധിത പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുക, മലിനമായ ജലം, ഭക്ഷണം എന്നിവയുടെ ഉപഭോഗം
- രോഗബാധിത പ്രദേശങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്കും ഹെപ്പറ്റൈറ്റിസ് -എ അണുബാധ സമൂഹത്തിൽ പകർത്താൻ കഴിയും.

മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം കേരളത്തിൽ അടുത്തിടെയുണ്ടായ ഹെപ്പറ്റൈറ്റിസ്-എ രോഗബാധയ്ക്ക് കാരണമായിട്ടുണ്ട്. നമ്മുടെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടാതെ സൂക്ഷിക്കേണ്ടതും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കേണ്ടുന്നതും വളരെ അത്യാവശ്യമാണ്. ഹെപ്പറ്റൈറ്റിസ്-എ ബാധിക്കുമ്പോൾ കൂടുതൽപേരും ഗുരുതരാവസ്ഥയിലേക്ക് കടക്കാതെ രോഗമുക്തി നേടുന്നുണ്ട്. എന്നാൽ കരൾരോഗവും മറ്റ് ഗുരുതരരോഗങ്ങളും ഉള്ളവർക്ക് മരണം വരെ സംഭവിക്കുന്നുണ്ട്.

ഹെപ്പറ്റൈറ്റിസ്-എ ബാധിച്ച് കരളിന്റെ പ്രവർത്തനം തടസ്സപ്പെടുമ്പോൾ ചുരുക്കം വ്യക്തികളിൽ Liver Failure എന്ന അവസ്ഥയും മരണം വരെയും സംഭവിക്കുന്നു. ഇത്തരം വ്യക്തികളെ രക്ഷിക്കുന്നതിനുവേണ്ടി Plasma Exchange പോലുള്ള ചികിത്സാസംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഇത് തടയുന്നതിനായി പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ

നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഹെപ്പറ്റൈറ്റിസ്-എ തടയുന്നതിനായി പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കുടുംബശ്രീ ടൈബൽ എന്റർപ്രൈസ് ആൻഡ്

ഇന്നൊവേഷൻ സെന്റർ പദ്ധതി

23 (*173)ശ്രീ. എ. രാജ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ടൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നൊവേഷൻ സെന്റർ (കെ-ടിക്) പദ്ധതിയുടെ ഭാഗമായി എത്ര വനിതാ ഗുണഭോക്താക്കൾ സ്വയം സംരംഭകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ തദ്ദേശീയരായ പട്ടികവർഗ്ഗ മേഖലയിലെ യുവതീയുവാക്കൾക്ക് ഉപജീവന വികസനം സാധ്യമാക്കി, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പാക്കുക എന്നതാണ് കുടുംബശ്രീ ടൈബൽ എന്റർപ്രൈസസ് ആൻഡ് ഇന്നൊവേഷൻ സെന്റർ അഥവാ കെ-ടിക് വഴി ലക്ഷ്യമിടുന്നത്. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ഥായീഭാവത്തോടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവ നിലനിർത്തികൊണ്ടുപോകുന്നതിന് വൈദഗ്ധ്യ പരിശീലനം ഉൾപ്പെടെയുള്ള പിന്തുണ ഉറപ്പാക്കുകയും അതുവഴി യുവതീ യുവാക്കളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയും ആണ് പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. സംരംഭകർക്ക് ആവശ്യമായ ബിസിനസ് പരിജ്ഞാനം, സമാന സ്വഭാവമുള്ള സംരംഭങ്ങളെയോ സംരംഭകരെയോ നേരിൽ കണ്ട് അനുഭവമാർജ്ജിക്കാനുള്ള അവസരമൊരുക്കൽ, സാമ്പത്തികസഹായം ലഭ്യമാക്കൽ, വിദഗ്ധരുടെ മെന്ററിങ് പിന്തുണ ഉറപ്പാക്കൽ എന്നിവയും പദ്ധതിയുടെ സവിശേഷതകളാണ്.

കുടുംബശ്രീ ടൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നൊവേഷൻ സെന്റർ (കെ-ടിക്) പദ്ധതിയുടെ ഭാഗമായി ആകെ 201 വനിതാ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് തുടർച്ചയായ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ 201 പേരിൽ 11 പേർ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ജില്ലയിൽ നിന്നുള്ളവരാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

കെ-ടിക് പദ്ധതിയിലെ വനിതാ ഗുണഭോക്താക്കൾ നിലവിൽ എല്ലാ ജില്ലകളിലും ഉണ്ട്. ആയവരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	31
കൊല്ലം	20
പത്തനംതിട്ട	13

കോട്ടയം	18
ആലപ്പുഴ	14
ഇടുക്കി	12
എറണാകുളം	16
തൃശ്ശൂർ	7
പാലക്കാട്	22
വയനാട്	8
മലപ്പുറം	12
കോഴിക്കോട്	10
കണ്ണൂർ	14
കാസർഗോഡ്	4

ഗുണഭോക്താക്കൾക്ക് 3 ഘട്ടങ്ങളിലായി വിശദമായ പരിശീലനം നൽകിയിട്ടുണ്ട്.

(സി) സൂക്ഷ്മ സംരഭങ്ങളുടെ പ്രവർത്തനരീതിയും വിപണനവും ഉൾപ്പെടെ മനസ്സിലാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ഫീൽഡ് സന്ദർശനം സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കെ-ടിക് പദ്ധതിയുടെ പ്രാഥമിക നടത്തിപ്പിൽ 3 ഘട്ടങ്ങളിലായി ഗുണഭോക്താക്കൾക്ക് ജില്ലകളിൽ വിശദമായ പരിശീലനം നൽകുന്നതിനോടൊപ്പം സൂക്ഷ്മ സംരംഭങ്ങളുടെ പ്രവർത്തനരീതിയും വിപണനവും മനസിലാക്കുന്നതിനുവേണ്ടി മാതൃജില്ലയിലും മറ്റ് ജില്ലകളിലുമായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ, കുടുംബശ്രീ ഇതര സൂക്ഷ്മ

സംരംഭങ്ങളുടെ ഫീൽഡ് സന്ദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. കെ-ടിക് പദ്ധതിയിൽ പങ്കെടുക്കുന്നവർക്കെല്ലാവർക്കും തുടർച്ചയായുള്ള പരിശീലനവും ഫീൽഡ് സന്ദർശനവും ആവശ്യാനുസരണം നടത്തി വരുന്നുണ്ട്.

എക്സൈസ് കേസുകൾ

24(*174)ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. എം. എം. മണി:

ശ്രീ എം. എസ്. അരുൺ കുമാർ:

ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ഡി.പി.എസ്. (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട്) കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിൽ എക്സൈസ് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എൻ.ഡി.പി.എസ്. കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനായി എക്സൈസ് വകുപ്പ് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേസുകൾ സംബന്ധിച്ച് എക്സൈസ് കമ്മിഷണർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ളവർ വിവിധതലങ്ങളിൽ അവലോകനങ്ങൾ നടത്തുകയും കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് നിയമപരമായ നിർദ്ദേശങ്ങൾ നൽകുകയും

ചെയ്തുവരുന്നു. എല്ലാ മാസവും എൻ.ഡി.പി.എസ്. കേസുകളുടെ പുരോഗതി സംസ്ഥാനതലത്തിൽ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ജില്ലാതലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവർ വിലയിരുത്തി നിർദേശങ്ങൾ നൽകിവരുന്നു. പ്രതികൾ റിമാൻഡിൽ കഴിയുന്ന എൻ.ഡി.പി.എസ്. കേസുകളിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച് റിമാൻഡിൽ കഴിയുന്ന പ്രതികൾക്ക് ജാമ്യം ലഭിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ആയതിനുവേണ്ട കർശനമായ നിർദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. ഒന്നിലേറെ എൻ.ഡി.പി.എസ്. കേസുകളിൽ പ്രതികളാകുന്നവരെ 1988-ലെ PIT NDPS ACT നിയമത്തിലെ 3(1) വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. 2025 വർഷത്തിൽ നാളിതുവരെ 5 പ്രതികളെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) എക്സൈസ് കേസുകളിൽ കൺവിക്ഷൻ റേറ്റ് എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് കണ്ടെത്തുന്ന കേസുകളുടെ 2021 മുതൽ 2025 ആഗസ്റ്റ് വരെയുള്ള കൺവിക്ഷൻ റേറ്റ് ചുവടെ ചേർക്കുന്നു.

2021	97.56%
2022	97.56%
2023	98.04%

2024	96.53%
2025	94.58% (2025 ആഗസ്റ്റ് വരെ)

(സി) മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തുന്ന വാഹനങ്ങൾ പരിശോധനകൾക്കും തെളിവുശേഖരണത്തിനുംശേഷം തിരികെനൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

എൻ.ഡി.പി.എസ്. കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ ഡിസ്പോസൽ നടപടികൾ Narcotic Drugs and Psychotropic Substances Act, 1985, Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 എന്നിവ പ്രകാരമാണ് നടപ്പിലാക്കിവരുന്നത്. ഇവ കേന്ദ്രനിയമങ്ങൾ ആയതു കൊണ്ടുതന്നെ സംസ്ഥാനസർക്കാരിന് പ്രത്യേക നിയമം വഴി നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരമില്ല. കോടതിയിൽ നിന്നുള്ള വാഹനങ്ങളുടെ ഡിസ്പോസൽ ഉത്തരവ് ലഭിച്ചശേഷം പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ രാസപരിശോധനാ ഫലം, വാഹനത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, വാഹനത്തിന്റെ വിപണി മൂല്യം നിശ്ചയിച്ചിട്ടുള്ള രേഖകൾ തുടങ്ങിയവ ലഭ്യമാക്കി ആയവ ജില്ലാതല Drug Disposal കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ഡിസ്പോസൽ കമ്മിറ്റി വാഹന ഉടമയെ കേട്ട ശേഷം NDPS ആക്ടിന്റെ സെക്ഷൻ 52 എ, Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 എന്നീ നിയമങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ

പൂർത്തിയാക്കി വാഹനങ്ങൾ പൊതുലേലത്തിൽ വയ്ക്കുന്നതിന് അനുമതി നൽകുകയും അതിൻപ്രകാരം പൊതുലേലത്തിൽ വിൽപ്പന നടത്തി തുക സർക്കാരിലേക്ക് മുതൽക്കൂട്ടുകയും ചെയ്തുവരുന്നു. വാഹനങ്ങൾ ഉടമകൾക്ക് തിരികെ നൽകുന്നതിനുള്ള അധികാരം നിലവിലെ നിയമപ്രകാരം കോടതികളിൽ നിക്ഷിപ്തമാണ്.

(ഡി) തൊണ്ടിമുതലായി കണ്ടെത്തിയ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കത്തക്കവിധവും അലക്ഷ്യമായി കൂടിക്കിടക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കാൻ നിയമാനുസൃതം എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ കേരള അബ്കാരി ആക്ട് പ്രകാരവും NDPS കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ NDPS ACT Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 പ്രകാരവുമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് മുമ്പുതന്നെ വാഹനത്തിന്റെ വില നിക്ഷേപിച്ച് വാഹന ഉടമയ്ക്ക് വാഹനം താൽക്കാലികമായി വിട്ടുകൊടുക്കുന്നതിനും, ടി വില സർക്കാരിലേക്ക് വരവുവച്ച് വാഹനം സ്ഥിരമായി വിട്ടുനൽകുന്നതിനും, കണ്ടുകെട്ടിയ വാഹനങ്ങൾ സർക്കാർ വകുപ്പുകളുടെ ഉപയോഗത്തിനായി ആവശ്യാനുസരണം അനുവദിക്കുന്നതിനും പൊതുലേലങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് വിൽപ്പന നടത്തി പണം സർക്കാരിലേക്ക് മുതൽ

കൂട്ടുന്നതിനും ഉൾപ്പെടെയുള്ള വ്യവസ്ഥകൾ അബ്കാരി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.

NDPS കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങൾ ബഹു. കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, വിപണി മൂല്യം നിശ്ചയിക്കൽ തുടങ്ങിയ രേഖകൾ ലഭ്യമായശേഷം NDPS ആക്ടിന്റെ സെക്ഷൻ 52 എ, Narcotic Drugs and Psychotropic Substances (Seizure, Storage, Sampling and Disposal), Rules 2022 എന്നിവ പ്രകാരമുള്ള മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് Drug Disposal കമ്മിറ്റി പൊതു ലേലത്തിലൂടെ തീർപ്പാക്കുന്നു.

മേൽ വിവരിച്ച പ്രകാരം തൊണ്ടിമുതലായി കണ്ടെത്തിയ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായി നശിച്ചു പോകാതെയും സർക്കാരിന് വരുമാനനഷ്ടം ഉണ്ടാകാതെയും അലക്ഷ്യമായി കൂടിക്കിടന്ന് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാതെയും സമയബന്ധിതമായി ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

തെരുവുനായ ആക്രമണം തടയാൻ നടപടി

25(*175) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളെത്തുടർന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പരിക്കേറ്റവരുടെ വിവരങ്ങൾ ജില്ല അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ നായ കടിയേറ്റ് ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. തെരുവ് നായ കടിയേറ്റ് ചികിത്സ തേടുന്നവരുടെ അഞ്ച് വർഷത്തെ കണക്കുകൾ പ്രത്യേകം ലഭ്യമല്ല.

	ജില്ല	2020	2021	2022	2023	2024	2025 (upto August)
1	തിരുവനന്തപുരം	25739	31806	41335	44326	50870	40413
2	കൊല്ലം	19300	23525	31419	34011	37618	31015
3	പത്തനംതിട്ട	9103	11381	14898	14184	15460	14494
4	ആലപ്പുഴ	11833	15433	19404	24006	27726	23969
5	കോട്ടയം	9978	12353	18404	31319	23360	17956
6	ഇടുക്കി	8082	7954	7780	8534	10003	7646
7	എറണാകുളം	18354	23690	28105	28925	32086	23877
8	തൃശ്ശൂർ	9844	13818	30172	30043	29363	23580
9	പാലക്കാട്	22375	28474	32671	28346	31303	24065
10	മലപ്പുറം	5631	8887	11543	13658	11143	8228
11	കോഴിക്കോട്	6275	12190	15763	19616	18472	14186
12	വയനാട്	4386	6950	8651	5505	5719	4551
13	കണ്ണൂർ	3998	15299	18584	15760	15418	12171

14	കാസർഗോട്	5585	9619	10137	8194	8252	6410
Total		160483	221379	288866	306427	316793	252561

(ബി) തെരുവു നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന മൃഗങ്ങളുടെ ജനന നിയന്ത്രണ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ ജനന നിയന്ത്രണ (എ.ബി.സി.) പരിപാടിയും പ്രതിരോധ കുത്തിവയ്പ്പും നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ 15-ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നം.2244/2022/ത.സ്വ.ഭ.വ പ്രകാരം പ്രതിരോധ നടപടികൾ ആരംഭിച്ചിരുന്നു. തെരുവുനായകളുടെ വന്ധ്യംകരണത്തിനും വാക്സിനേഷൻ ഡ്രൈവുകൾക്കും നടപടികൾ സ്വീകരിച്ചത് കൂടാതെ വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തി വന്നിരുന്നു. തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവയ്പും ഉറപ്പാക്കാനും പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. അക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിനുള്ള വ്യവസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിർബന്ധിത വന്ധ്യംകരണവും നായകൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുമാണ് തെരുവ് നായ നിയന്ത്രണത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ.

തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് മാലിന്യ സംസ്കരണ

സംവിധാനങ്ങളിൽ സുപ്രധാന നടപടികൾ സ്വീകരിച്ചുവരികയും പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള കർശനനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഫലപ്രദമായ നിർവഹണത്തിനായി പ്രാദേശിക വിജിലൻസ് സ്ക്വാഡുകൾ, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.

എ.ബി.സി. പദ്ധതിക്കായി നിലവിൽ 18 എ.ബി.സി. സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പോർട്ടബിൾ എ.ബി.സി സെന്റർ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ഒക്ടോബർ മാസത്തോടെ പ്രവർത്തനമാരംഭിക്കും. എ.ബി.സി. കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തെരുവ് നായയുടെ വന്ധ്യംകരണം വാക്സിനേഷൻ സംബന്ധിച്ച വിശദാംശങ്ങൾ (01-09-2024 മുതൽ 30-06-2025 വരെ)

വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം	11,869
വാക്സിനേഷൻ നടത്തിയ ആകെ തെരുവ്നായ്ക്കളുടെ എണ്ണം	1,13,708
വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ ആകെ എണ്ണം	2,17,419
രജിസ്ട്രേഷൻ/ലൈസൻസ് അനുവദിച്ച വളർത്തുന്ന നായ്ക്കളുടെ ആകെ എണ്ണം	56,681
ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം	17,5 72

(സി) തെരുവുനായ പ്രശ്നം ഗുരുതരമായ പ്രദേശങ്ങളിൽ താൽക്കാലിക ആശ്രയ കേന്ദ്രങ്ങൾ/ഷെൽട്ടറുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ എവിടെയൊക്കെ, എത്രയെണ്ണം വീതം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവ എപ്പോൾ പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കാമോ?

താൽക്കാലിക ആശ്രയ കേന്ദ്രങ്ങൾ/ഷെൽട്ടറുകൾ നിലവിലില്ല. താൽക്കാലിക അഭയ കേന്ദ്രങ്ങൾ/ഷെൽട്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിന് പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സർവകക്ഷി ജനകീയ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള 18 എ.ബി.സി. കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എ.ബി.സി. കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) തെരുവുനായ ആക്രമണംമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ നൽകുന്ന നഷ്ടപരിഹാരം/ധനസഹായം സംബന്ധിച്ച മാനദണ്ഡങ്ങളും 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച നഷ്ടപരിഹാരം/ധനസഹായം എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ?

തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടത് ഇതുവരെ ബഹു. ജസ്റ്റിസ്(റിട്ട) സിരിജഗൻ കമ്മിറ്റി മുമ്പാകെയായിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ WP(c) 41500/2024 ലെ 18-12-2024-ലെ നിർദ്ദേശ

പ്രകാരം 08-08-2025-ലെ സ.ഉ. (കൈ) നം.135/2025/തസ്വഭവ പ്രകാരം സംസ്ഥാനത്ത് തെരുവുനായ ആക്രമണംമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ചെയർപേഴ്സൺ ആയി ജില്ലാതലത്തിൽ Stray Dog Victim Compensation Recommendation Committee (SDVCRC) രൂപീകരിച്ച് ഉത്തരവായിരുന്നു. ടി കമ്മിറ്റിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ എന്നിവർ അംഗങ്ങളാണ്. കെൽസ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി മുമ്പാകെ നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം നിശ്ചയിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് സർക്കാർ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവാകുകയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ അത് വിതരണം ചെയ്യുകയും ചെയ്യുന്നു. അതനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 99,32,083 രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക ധനസഹായം, മാർഗനിർദേശങ്ങൾ, ജീവനക്കാരുടെ പരിശീലനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, എ.ബി.സി. പ്രോഗ്രാം, റാബിസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 23.38 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരുവുനായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

പരിഹരിക്കുന്നത് സംബന്ധിച്ച് 23-08-2022-ലെ സ.ഉ. (സാധാ) 2065/2022/എൽ.എസ്.ജി.ഡി., 15-09-2022-ലെ സ.ഉ. (സാധാ) 2244/2022/എൽ.എസ്.ജി.ഡി. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം തെരുവുനായ്ക്കളുടെ പ്രശ്നം പരിഹരിക്കുന്നതിനായി തീവ്രവാക്സിനേഷൻ യജ്ഞം, ശുചിത്വ യജ്ഞം, ഐ.ഇ.സി. ക്യാമ്പയിൻ, വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തിവരുന്നു. കൂടാതെ എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിട്ടുണ്ട്.

മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ

ഉയർത്തുന്നതിനുള്ള നടപടികൾ

26(*176) ശ്രീമതി യു. പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് കാര്യക്ഷമമായ ഇടപെടൽ നടത്തിവരുന്നു. ടി വിഭാഗങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും നടത്തുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഓരോ സർക്കാർ മെഡിക്കൽ കോളേജിലും സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്

ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത രോഗ ചികിത്സയ്ക്കായി ആധുനിക സംവിധാനത്തോടെയുള്ള സ്ട്രോക് ഐ.സി.യു. 0.97 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നിലവിലുള്ള മൂന്ന് കാത്ത് ലാബുകൾ (ന്യൂറോ, കാർഡിയോളജി, ഇന്റർവെൻഷണൽ റേഡിയോളജി), എസ്.എ.റ്റി. ആശുപത്രിയിലെ പീഡിയാട്രിക് കാത്ത് ലാബ് എന്നിവയ്ക്കുപുറമേ 8.5 കോടി രൂപ മുതൽ മുടക്കി KHRWS കാത്ത് ലാബ് സ്ഥാപിച്ചു.

സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം അനുബന്ധമായ ശ്രീ അവിട്ടം

തിരുനാൾ ആശുപത്രിയിലെ പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി യൂണിറ്റിന് കീഴിൽ രോഗികളുടെ ചികിത്സാ നിർണ്ണയത്തിനു വേണ്ടി പുതുതായി ഗ്യാസ്ട്രോ എൻഡോസ്കോപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായി. വിഭാഗത്തിന് കീഴിൽ പുതുതായി പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്കിന്റെ നിർമ്മാണം പൂർത്തിയായി.

സി.റ്റി. ആൻജിയോഗ്രാം (GMCH) മസ്തിഷ്ക രോഗങ്ങളെക്കുറിച്ചും മസ്തിഷ്ക സിരാ ധമനികളുടെ ഘടനയും വിശകലനം ചെയ്ത പഠിക്കുന്നതിനും അതിലൂടെ രോഗികൾക്ക് കൃത്യതയാർന്ന രോഗനിർണ്ണയം സാധ്യമാക്കുന്നതിനും ഉതകുന്ന സി.ടി. ആൻജിയോഗ്രാഫി മെഷീൻ ന്യൂറോളജി വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. 4.4 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത സംവിധാനം അത്യാസന്നനിലയിൽ എത്തുന്ന രോഗികൾക്ക് അതിവേഗ രോഗനിർണ്ണയത്തിനുതകുമാറ് കാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയിലെ യൂറോളജി, നെഫ്രോളജി വിഭാഗങ്ങളിലെ കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായ രോഗനിർണ്ണയം നടത്തുന്നതിന് ഉപയോഗപ്രദമാകുന്ന യൂറോ ഡയനാമിക്സ് സ്റ്റഡി സെന്റർ ലാബിന്റെ പ്രവർത്തനം 2025 മെയ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ ലാബ് ഒരുക്കുന്നതിനായി ഏകദേശം ഒന്നരക്കോടിയോളം രൂപയാണ് ചെലവായത്. 6 ഹീമോഡയാലിസിസ് മെഷീൻ ഉള്ള ഒരു യൂണിറ്റും 12 പുതിയ ഹീമോഡയാലിസിസ് മെഷീൻ ഉള്ള മറ്റൊരു യൂണിറ്റും

പ്രവർത്തനസജ്ജമാണ്. ഈ ഹീമോഡയാലിസിസ് യൂണിറ്റ് കേരളത്തിലെ സ്വകാര്യ പൊതുമേഖലയിൽ കുട്ടികൾക്ക് മാത്രമായുള്ള ഏക സംവിധാനം ആണ്.

<u>ന്യൂറോ കാത്ത് ലാബ്</u> - മസ്തിഷ്കത്തിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഉൾപ്പെടെ രോഗനിർണ്ണയം നടത്തി ചികിത്സ നൽകുവാനുതകുന്ന ലോകോത്തര സംവിധാനമായ ന്യൂറോ കാത്ത് ലാബ് 5.15 കോടി രൂപ ചെലവിൽ സജ്ജീകരിച്ചിരിക്കുന്നു.

കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം (SATH) കുട്ടികളിലെ ഹൃദ്രോഗ ശസ്ത്രക്രിയ ചികിത്സക്കായി നൂതന സംവിധാനത്തോടെ പീഡിയാട്രിക് ഹൃദ്രോഗ ശസ്ത്രക്രിയാ വിഭാഗം ആരംഭിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

173.18 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ കാർഡിയോളജി, ഗ്യാസ്ട്രോളജി, ന്യൂറോമെഡിസിൻ, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി, യൂറോളജി എന്നീ വിഭാഗങ്ങളുടെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നു.

കാർഡിയോളജി വിഭാഗത്തിനായി 3D മാപ്പിങ് സൗകര്യങ്ങളോടുകൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നവീന രീതിയിലുള്ള എക്കോ, ടി.എം.ടി., ഇ.സി.ജി., ഹോൾട്ടർ എന്നീ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. PMR വിഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ നവീകരണത്തിനായി Institute of Rehabilitation in Medi Care Alappuzha -യുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

യൂറോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. 2021-ൽ ഒരു കോടി വിലമതിക്കുന്ന 3D, 4K Laparoscopy സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്റെ കീഴിൽ നൂതനമായ DSA machine, Digital Fluoroscopy machine എന്നിവ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

06-09-2018-ലെ സ.ഉ.(സാധാ) നം. 2752/2018/ആ.കു.വ പ്രകാരം മോഡേണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ്, കോട്ടയം എന്ന പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന് 276.95 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകി. ഈ പണികളുടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ ഹൈറ്റ്സിനെയാണ് നിയോഗിച്ചിരിക്കുന്നത്. ടി കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്ക് നിർമ്മാണം: നബാർഡ് ട്രാഞ്ച 26 മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി നിലവിൽ പൂർത്തീകരണ ഘട്ടത്തിലാണ്. 18-09-2020-ലെ G.O (Rt)No.1699/2020/H&FWD പ്രകാരം Rs.3641.84 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ നിർമ്മാണ ഏജൻസി ഹൈറ്റ്സ് ആണ്. 200 കിടക്കകൾ, 3 ഓപ്പറേഷൻ തീയറ്റർ, ICU കോംപ്ലക്സ് എന്നിവ ഈ കെട്ടിടത്തിൽ ഉൾപ്പെടുന്നു.

സർക്കാർ മെഡിക്കൽ കോളേജ് എറണാകുളം:

എറണാകുളം മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി സാമ്പത്തിക സഹായത്തോടെ 285.31 കോടി രൂപ മുതൽ മുടക്കിൽ 8 നിലകളിലായി 683 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമാകുന്നതോടെ Gynaecology, Paediatric Surgery, OMFS, Urology, Nephrology, Gastro, Cardiology, Cardio Thoracic Surgery, Neuro Surgery, PMR, Transfusion Medicine എന്നീ വിഭാഗങ്ങൾ പ്രവർത്തനസജ്ജമാകും.

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 195.93 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ന്യൂറോളജി വിഭാഗത്തിന്റെ ശാക്തീകരണത്തിനായി പുതിയ സ്ട്രോക്ക് സെന്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും പണികൾ പൂർത്തിയായി വരികയും ചെയ്യുന്നു.

(സി) കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. കോഴ്സുകൾ ആരംഭിക്കുന്നതിനായി എൻ.എം.സി.-യുടെ അനുമതി ലഭ്യമാകേണ്ടിയിരുന്ന വയനാട്, കാസർഗോഡ് എന്നീ മെഡിക്കൽ കോളേജുകളിൽ

02-09-2025-ലെ N-22011/146/2025-Ass.-Cell/MARB (8343232) പ്രകാരം കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലും 02-09-2025-ലെ N-22011/152/2025-Ass.-Cell/MARB (8344009) പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജിലും 50 സീറ്റോടുകൂടിയ പുതിയ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിന് ലെറ്റർ ഓഫ് പെർമിഷൻ (LOP) നൽകി നാഷണൽ മെഡിക്കൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 2025-26 അധ്യയന വർഷം മുതൽ എം.ബി.ബി.എസ്. ക്ലാസുകൾ ആരംഭിക്കുന്നതിനും അനുമതിയും നൽകിയിട്ടുണ്ട്. അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) എം.ആർ.സി. മാനദണ്ഡങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എൻ.എം.സി. മാനദണ്ഡങ്ങൾ അനുസരിച്ചാണ് മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് പുതിയ മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും മാൻപവറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

നെല്ല് സംഭരണത്തിനുള്ള തുക നൽകാൻ നടപടി

27 (*177) ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. രാജ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ മുഴുവൻ തുകയും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിലെ (2024-25 സംഭരണ സീസണിൽ) ഒന്നാംവിളയിൽ 412.40 കോടി രൂപയുടെയും രണ്ടാംവിളയിൽ 1232.66 കോടി രൂപയുടെയുംകൂടി ആകെ 1645.07 കോടി രൂപയുടെ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 1,575 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. സീസണിൽ ബാക്കിയുള്ള 70 കോടി രൂപ കർഷകർക്ക് പി.ആർ.എസ്. സംവിധാനം മുഖേന നൽകുന്നതിന് ആവശ്യമായ തുക ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) നെല്ല് സംഭരണത്തിന് നടപ്പു സംഭരണ വർഷം മുതൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രതിമാസ ക്ലെയിം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതുപ്രകാരം ഏതെല്ലാം മാസം മുതലാണ് ക്ലെയിം നൽകേണ്ടിയിരുന്നത്; വിശദമാക്കുമോ?

(ബി&സി) 2025 ഏപ്രിൽ മാസം മുതൽ പ്രതിമാസ ക്ലെയിം നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ നെല്ല് സംഭരിച്ചശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതു വിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കേന്ദ്രസർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്. സാധാരണഗതിയിൽ

നെല്ല് സംഭരണ സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽ പ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ വൈകാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയുംവേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ്. (Paddy Receipt Sheet) വായ്പാ പദ്ധതി മുഖേന സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. സർക്കാരിൽ നിന്നും തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

സി. എം. വിത്ത് മി

28 (*178) ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തുന്നതിനായി 'മുഖ്യമന്ത്രി എന്നോടൊപ്പം' (സി.എം. വിത്ത് മി) എന്ന സിറ്റിസൺസ് കണക്ട് സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

പൊതുജനങ്ങളുടെ പരാതികൾക്ക് മറുപടിയും പരിഹാരവും ഉറപ്പാക്കുന്നതിനും അടിയന്തരഘട്ടങ്ങളിൽ കൃത്യമായ വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നതിനുമായി 'മുഖ്യമന്ത്രി എന്നോടൊപ്പം' (CM with Me) എന്ന പേരിൽ സിറ്റിസൺ കണക്ട് സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സുതാര്യമായ ഈ സംവിധാനത്തിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ എന്നതിലുപരി നവകേരളത്തെ രൂപപ്പെടുത്തുന്നതിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തംകൂടി ഉറപ്പുവരുത്തുന്നതിനാണ് പുതിയ സംരംഭം ആരംഭിച്ചിട്ടുള്ളത്. നിരന്തര സംവാദത്തോടൊപ്പം ജനസേവനം പ്രദാനം ചെയ്യുന്ന നൂതന സംവിധാനമായിരിക്കും സിറ്റിസൺ കണക്ട് സെന്റർ.

(ബി) സംസ്ഥാനത്ത് വിവിധ മിഷനുകൾ വഴി നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ടോ?

പദ്ധതികളുടെ ഗുണനിലവാരവും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനും കാലതാമസം കുറയ്ക്കുന്നതിനും ജനങ്ങളുടെ പ്രതികരണം ശേഖരിക്കുന്നതിനും നവകേരള നിർമ്മാണത്തിനായി പുതിയ ആശയങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഭവന നിർമ്മാണം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യങ്ങൾ, പരിസ്ഥിതി സുസ്ഥിരത തുടങ്ങി ജനജീവിതത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ജനങ്ങളുടെ അഭിപ്രായങ്ങൾ നേരിട്ട് അറിയിക്കാനും അതിൽ ഫലപ്രദമായ ഇടപെടൽ

നടത്താനും 'മുഖ്യമന്ത്രി എന്നോടൊപ്പം' എന്ന പരിപാടി സഹായകരമാകും.

(സി) പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കിഫ്ബിയാണ് സിറ്റിസൺ കണക്ട് സെന്ററിലെ അടിസ്ഥാന-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്.

(ഡി) വികസന ക്ഷേമ പദ്ധതികൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവയുടെ നടത്തിപ്പ് കാര്യക്ഷമവും ശക്തവുമാക്കുന്നതിന് പ്രസ്തുത പദ്ധതി ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വികസന-ക്ഷേമ പദ്ധതികൾ, വിവിധ സംരംഭങ്ങൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി തുടങ്ങിയവയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകാനും ദുരിതാശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ സഹായം അതിവേഗത്തിൽ ലഭ്യമാക്കുന്നതിനും കഴിയും.

(ഇ) പദ്ധതി നടത്തിപ്പിന്റെ ചുമതല ഏത് വകുപ്പിനെയാണ് ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നത്; സി.എം. വിത്ത് മി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്ററിന്റെ നടത്തിപ്പും മേൽനോട്ടചുമതലയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പിനാണ്. ഉത്തരവിന്റെ

പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. 29-09-2025-ന് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1800-425-6789 എന്ന ടോൾഫ്രീ നമ്പറിലൂടെയും https://cmwithme.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും email@cmwithme.in എന്ന ഇ-മെയിൽ വിലാസത്തിലും സിറ്റിസൺ കണക്ട് സെന്ററുമായി ബന്ധപ്പെടാം.

ആരോഗ്യസർവകലാശാലയുടെ പ്രവർത്തനങ്ങൾ

29 (*179) ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർക്കാർ തലത്തിൽ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെങ്കിലും സർവകലാശാലയുടെ പ്രവർത്തനങ്ങൾ സർക്കാർ നിരീക്ഷിക്കുന്നുണ്ട്. സർവകലാശാലാ അധികാരികളെ ഉൾപ്പെടുത്തി വിവിധ അവലോകനയോഗങ്ങൾ സർക്കാർ തലത്തിൽ ചേരാറുണ്ട്. സർവകലാശാലയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് സർക്കാർ സൂക്ഷ്മമായി പരിശോധിക്കാറുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ഗവേണിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി പങ്കെടുക്കുകയും സർവകലാശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ മെഡിക്കൽ, അലൈഡ് ഹെൽത്ത് സയൻസ്, ഫാർമസി എന്നിവയിലായി പുതിയതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പുതിയതായി ആരംഭിച്ച കോഴ്സുകൾ ചുവടെ ചേർക്കുന്നു.

Pharmacy Stream

1. M.Pharm in Industrial Pharmacy
2. M.Pharm in Pharmaceutical Regulatory Affairs
3. M.Pharm in Pharmaceutical Quality Assurance.

Medical Stream

1. MD Geriatrics
2. DM Critical Care Medicine
3. DM Paediatric Nephrology

Allied Health Sciences Stream

1. MSc in Audiology
2. MSc in Speech and Language Pathology
3. B.Sc. in Medical Imaging Technology

4. B.Sc. in Radiotherapy Technology
5. B.Sc. in Neuro Technology
6. MSc in Medical Biochemistry
7. MSc in Medical Microbiology.
8. Bachelor in Prosthetics and Orthotics
9. B.Sc. in Respiratory Technology
10. B.Sc. in Emergency Medical Technology
11. Bachelor of Anaesthesia Technology
12. B.Sc. in Nuclear Medicine Technology
13. M.Phil. in Rehabilitation Psychology
14. MPT in Community Health and Geriatrics
15. MPT in OBG

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള സമഗ്രമായ മുന്നേറ്റങ്ങൾ വിശദമാക്കാമോ?

പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതിലൂടെ അലൈഡ് ഹെൽത്ത് സയൻസ്, ഫാർമസി എന്നീ മേഖലകളിൽ വിദ്യാർഥികൾക്ക് അവർക്കിഷ്ടമുള്ള കോഴ്സുകളും തുടർന്ന് അതനുസരിച്ചുള്ള തൊഴിൽ മേഖലകളും തിരഞ്ഞെടുക്കുന്നതിനുള്ള അവസരം ലഭിക്കുകയും അതുവഴി മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വളരെ മുന്നേറ്റം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫാർമസി വിഭാഗത്തിൽ പുതുതായി 67 സീറ്റുകളും മെഡിക്കൽ വിഭാഗത്തിലെ പി.ജി. സ്ട്രീമിൽ 2 സീറ്റുകളും സൂപ്പർ സ്പെഷ്യാലിറ്റി സ്ട്രീമിൽ 4 സീറ്റുകളും അലൈഡ് ഹെൽത്ത് സയൻസസ് വിഭാഗത്തിലെ പി.ജി. സ്ട്രീമുകളിൽ 96 സീറ്റുകളും യു.ജി. സ്ട്രീമുകളിൽ 237

സീറ്റുകളും ഉൾപ്പടെ ആകെ 406 സീറ്റുകൾ വർധിച്ചിട്ടുണ്ട്. ഇപ്രകാരം പുതുതായി സീറ്റുകൾ അനുവദിച്ചതു കാരണം കൂടുതൽ വിദ്യാർഥികൾക്ക് പഠനാവസരങ്ങൾ ലഭിക്കുകയും ആരോഗ്യമേഖലയിൽ ഓരോ വർഷവും കൂടുതൽ പ്രൊഫഷണലുകളെ സംഭാവന ചെയ്യുവാനും സാധിച്ചിട്ടുണ്ട്.

(ഡി) നാഷണൽ മെഡിക്കൽ കമ്മീഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും ഒരുക്കിയതിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം പുരസ്കാരങ്ങൾ നേടുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നാഷണൽ മെഡിക്കൽ കമ്മീഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും ഒരുക്കിയതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ മെഡിക്കൽ കോളേജുകൾക്ക് ലഭിച്ച പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

- 2024-ലേക്കുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് ദേശീയ തലത്തിൽ മെഡിക്കൽ വിഭാഗത്തിൽ 42-ാം റാങ്ക് ലഭിച്ചു.

- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എ.റ്റി. ആശുപത്രിയെ കേന്ദ്ര ഗവൺമെന്റ് Centre of Excellence for Rare Disease ആയി പ്രഖ്യാപിച്ചു. (2023)

- പ്രസവം നടക്കുന്ന ആശുപത്രികൾക്കുള്ള ദേശീയ ഗുണനിലവാര അംഗീകാരമായ

Laqshya Certification 2024-ൽ ലഭിച്ചു.

- മാതൃ-ശിശു സൗഹൃദ ആശുപത്രി എന്ന ഗുണനിലവാരത്തിലുള്ള ദേശീയ അംഗീകാരമായ MBFHI Certification ലഭിച്ചു (2023).

- തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗം MusQan-ന് അംഗീകാരം ലഭിക്കുന്നതിനായുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

- ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാസ്പ് സ്കീം മുഖേന ഏറ്റവും കൂടുതൽ ഹെൽത്ത് കാർഡ് രോഗികൾക്ക് പുതുക്കി നൽകിയത് വഴി കേരളത്തിൽ ഒന്നാം സ്ഥാനവും ഇന്ത്യയിൽ മൂന്നാം സ്ഥാനവും 2021-ൽ ലഭിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

- 2022-23 വർഷത്തിൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം ദേശീയതലത്തിൽ ലക്ഷ്യ അംഗീകാരം നേടി.

- 2022-23 വർഷത്തിൽ 97.2% മാർക്കോടെ എം.ബി.എഫ്.എച്ച്.ഐ. അംഗീകാരം നേടി.

- **ആരോഗ്യ മന്ദൻ 3.0 (കാസ്പ്) 2021** - 01-10-2020 മുതൽ 31-08-2021 വരെയുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് കാസ്പ് പദ്ധതി വഴി സൗജന്യ ചികിത്സ (43352 പേർക്ക്) കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിന്നും ലഭ്യമാക്കി.

- **ആരോഗ്യ മന്ദൻ 4.0 (കാസ്പ്) 2022-** കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ

മുഖാന്തരം കാസ്പ് പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം ലഭിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 2023-24 കാലയളവിൽ മദർ & ബേബി ഫ്രണ്ട്ലി അംഗീകാരം (MBFHI) ലഭിച്ചിട്ടുണ്ട്.

- 2025-ൽ ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

- കോഴിക്കോട് മെഡിക്കൽ കോളേജിന് ദേശീയതലത്തിൽ ലക്ഷ്യ അംഗീകാരം ലഭിച്ചു.

- മദർ & ബേബി ഫ്രണ്ട്ലി അംഗീകാരം (MBFHI) ലഭിച്ചിട്ടുണ്ട്.
- കുട്ടികളുടെ ചികിത്സാസൗകര്യങ്ങളുടെ ഗുണനിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതുമൂലം സംസ്ഥാന തലത്തിലും ദേശീയതലത്തിലും മുസ്കാൻ അംഗീകാരം ലഭിച്ചു.

സർക്കാർ മെഡിക്കൽ കോളേജ്, വയനാട്

- വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 2023 വർഷത്തിൽ LAQSHYA പുരസ്കാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2024-ൽ MUSQAN പുരസ്കാരം ലഭിച്ചിട്ടുണ്ട്.

അർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി

30(*180) ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. വി. ആർ. സുനിൽകുമാർ:

ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ)സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ കാർഡിന് അർഹതയുണ്ടായിട്ടും കേന്ദ്രസർക്കാർ നിശ്ചയിച്ച ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട നിരവധി പേരെ സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 15480040 ആണ്. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിധി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ എല്ലാ അർഹരായ കുടുംബങ്ങൾക്കും NFSA പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ള പരിധിക്ക് ഉപരിയായി മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന് കഴിയില്ല. എങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) റേഷൻകാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുന്നതിനും അതിൻപ്രകാരം അർഹരായവരെയെല്ലാം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

Kerala Food Security Rules 2018 ഖണ്ഡിക (6)-ൽ മുൻഗണനാ ഒഴിവാക്കൽ

മാനദണ്ഡങ്ങളും ഖണ്ഡിക (7)-ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരമാണ് സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിക്കുന്നത്. അർഹരായവരെയെല്ലാം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായി കണക്കാക്കി നടപടി കൈക്കൊണ്ടുവരുന്നതിനാൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നു.

(സി) ഓരോ അപേക്ഷയും പ്രത്യേകം പരിശോധിച്ച് മുൻഗണനാ കാർഡിന് അർഹരാണെന്ന് കാണുന്നപക്ഷം മാനദണ്ഡങ്ങളിൽ ഇളവ് നൽകി മുൻഗണനാ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് പ്രസ്തുത കുടുംബങ്ങളെ മെരിറ്റടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ 27-10-2020-ലെ 319/2020/ഭ.പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കി വരുന്നുണ്ട്.

(ഡി) അനർഹർ സ്വമേധയാ സറണ്ടർ ചെയ്തതും ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെയുള്ള

പരിശോധനാ നടപടികളിലൂടെ ലഭ്യമായതുമായ മുൻഗണനാ കാർഡുകൾ അർഹരായവരുടെ കൈകളിൽ യഥാസമയം എത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ചതും തരംമാറ്റി നല്കിയതും ഉൾപ്പെടെ 640786 മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ മുൻഗണനാ അപേക്ഷകളും പരിശോധനയ്ക്ക് വിധേയമാക്കുകയും അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ കാർഡുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 2025 സെപ്റ്റംബർ മാസം 20 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാം ശിപാർശ

1 (2055) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാം ശിപാർശ പ്രകാരം 09-12-2024-ലെ സ.ഉ.(കൈ) 24/2024/പി&എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സബോർഡിനേറ്റ് സർവീസിലും സ്റ്റേറ്റ് സർവീസിലും ജീവനക്കാർക്ക് ഒരു പ്രൊബേഷൻ എന്നുള്ള ശിപാർശ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) എത്ര സമയത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട പരിശോധന പൂർത്തീകരിച്ച് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശ നടപ്പാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പരിശോധിച്ചു വരുന്നു.

ഹോമിയോ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടി

2 (2057) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2020 ജൂൺ 22-ലെ WP(C) 1464 of 2019 നമ്പർ കേസിലെ വിധിയനുസരിച്ച് നിർദ്ദേശമുണ്ടായിട്ടും ചക്കാല നായർ സമുദായത്തിന് ഹോമിയോ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിച്ച് നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ചക്കാല നായർ സമുദായത്തിന് ഹോമിയോ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതിയ ഹോമിയോ/ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്ന വിഷയം

ഇപ്പോൾ പരിഗണനയിലില്ല.

റീബിൽഡ് കേരള പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

3(2058) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ തുക എത്രയൊക്കെയാണെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

റീബിൽഡ് കേരള പദ്ധതികൾ

4(2059) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റീബിൽഡ് കേരള പദ്ധതി

5(2060) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ തൃക്കുർ ഗ്രാമപഞ്ചായത്തിലെ എസ്.എം.എസ്. റോഡിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി അനുമതി ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പുതിയ പ്രൊപ്പോസലുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ റിബിൽഡ് കേരള പദ്ധതികൾ

6(2061) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാത്തവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

അന്താരാഷ്ട്ര നിലവാരത്തിൽ റസ്റ്റ് സ്റ്റോപ്പുകൾ

7(2062) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ലോക കേരളസഭയുടെ ശിപാർശ പ്രകാരം ആരംഭിച്ച ഒ.കെ.ഐ.എച്ച്. (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ്) എന്ന കമ്പനിയുടെ കീഴിൽ അന്താരാഷ്ട്ര നിലവാരത്തിൽ റസ്റ്റ് സ്റ്റോപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ 5.5 ഏക്കർ വിസ്തൃതിയിലുള്ള സ്ഥലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള റസ്റ്റ്സ്റ്റോപ്പ് വേസൈഡ് അമിനിറ്റീസ് സെന്ററിന്റെ വികസനം ഒ.കെ.ഐ.എച്ച് (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ്) ഒന്നാം ഘട്ടത്തിൽ ആരംഭിച്ചു. 25000 അടി വിസ്തീർണ്ണമുള്ള ഒരു കൺവീനിയൻസ് സ്റ്റോർ, 3 റസ്റ്റോറന്റുകൾ, 5 ഫുഡ് കോർട്ട് യൂണിറ്റുകൾ, 5 റീട്ടെയിൽ ഔട്ട്ലെറ്റുകൾ ഇന്ധന സ്റ്റേഷൻ, ഇലക്ട്രിക് വാഹന ചാർജിംഗ് സൗകര്യം, വിശാലമായ പാർക്കിംഗ് എന്നിവ ഈ പദ്ധതിയിലുണ്ട്.

(ബി) ആലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ മണ്ഡലത്തിൽ റസ്റ്റ്സ്റ്റോപ്പ് നടപ്പിലാക്കുന്ന വിഷയം അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

സെക്രട്ടേറിയറ്റിൽ തൊഴിൽ നിയമ ലംഘനം

8(2063) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്ക് 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാറ്റുവിറ്റി നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇന്ത്യൻ പാർലമെന്റ് പാസാക്കിയ 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി അനുവദിക്കണമെന്ന ശ്രീമതി രത്നകുമാരിയുടെ അപേക്ഷ (സി എം ഒ 25009011) നിരസിച്ചതിന് കാരണമായ നിയമത്തിലെ വ്യവസ്ഥ അറിയിക്കാമോ; നിയമപിൻബലമില്ലാതെയാണ് പ്രസ്തുത അപേക്ഷ നിരസിച്ചതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) 2013 ഏപ്രിൽ 1 മുതലാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ അവസാനിപ്പിച്ച് അന്നത്തെ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. അതിനുശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട

ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ബാധകമല്ല. ആയതിനാൽ ഇവർ വിരമിക്കുമ്പോൾ ഗ്രാറ്റുവിറ്റി അനുവദിക്കാൻ വ്യവസ്ഥയില്ല.

സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവ്

9(2064) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു വകുപ്പ് മേധാവിക്ക് ഒട്ടനവധി വകുപ്പുകളുടെ അധിക ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഐ.എ.എസ്. കേഡറിൽ 78 എണ്ണവും ഐ.പി.എസ്. കേഡറിൽ 26 എണ്ണവും ഐ.എഫ്.എസ്. കേഡറിൽ 31 ഉദ്യോഗസ്ഥരുടെയും കുറവുണ്ട്. ആയതിനാൽ അധിക ചുമതല നൽകേണ്ട സാഹചര്യമാണുള്ളത്.

(സി) അഖിലേന്ത്യാ സർവീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്നുണ്ടെന്ന് അറിയിക്കുമോ?

ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 30 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 9 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ 30 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 5 പേർ സംസ്ഥാന ഡെപ്യൂട്ടേഷനിലും ഐ.എഫ്.എസ്. ഉദ്യോഗസ്ഥരിൽ 13 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ സംസ്ഥാന ഡെപ്യൂട്ടേഷനിലുമാണ്.

(ഡി) സംസ്ഥാനത്ത് സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവുകൾ

പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

നേരിട്ടുള്ള നിയമനത്തിലൂടെയും സ്ഥാനക്കയറ്റത്തിലൂടെയും സെലക്ഷൻ പ്രക്രിയയിലൂടെയുമാണ് അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ കേരള കേഡറിൽ നിയമിക്കുന്നത്. ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റം

10(2065) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഏത് സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നടപ്പാക്കുന്നതെന്നും സ്പാർക്ക് മുഖേന നടപ്പിലാക്കുന്നവ ഏതൊക്കെയാണെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ?

ഉണ്ട്. ചുവടെ ചേർക്കുന്ന വകുപ്പുകൾ ഒഴികെ ബാക്കി വകുപ്പുകൾ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട്.

പുരാവസ്തു, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, കോളേജ് വിദ്യാഭ്യാസം, ദേശീയസമ്പാദ്യ പദ്ധതി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം (അധ്യാപകരുടേത് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല), പിന്നോക്കവിഭാഗ വികസനം, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, കോ-ഓപ്പറേറ്റീവ് ആഡിറ്റ്, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്, ഇറിഗേഷൻ, ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ്, ലാൻഡ് ബോർഡ്, സ്റ്റേറ്റ് ലോട്ടറീസ്, മൈനിംഗ് & ജിയോളജി, മ്യൂസിയം & സൂ, പ്ലാനിംഗ്

ബോർഡ്, തുറമുഖം, പ്രിസൺസ് & കറക്ഷണൽ (എക്സിക്യൂട്ടീവ് സ്റ്റാഫ് മാത്രം ഓൺലൈൻ ആക്കിയിട്ടില്ല), പട്ടികജാതി വികസനം, പട്ടികവർഗ വികസനം, വിനോദസഞ്ചാരം, ടൗൺ & കൺട്രി പ്ലാനിംഗ്, ട്രഷറി, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, നികുതി കമ്മീഷണറുടെ കാര്യാലയം, എക്സൈസ് കമ്മീഷണറുടെ കാര്യാലയം, ക്ഷീര വികസനവകുപ്പ്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 25-02-2017-ലെ സ.ഉ.(പി)നമ്പർ 3/2017/ഉഭപവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റവും നടത്തുന്നത് അതത് വകുപ്പുകളാണ്. അതായത് ഓരോ വകുപ്പുകളും പ്രസ്തുത വകുപ്പിലെ ആവശ്യകതയ്ക്കനുസരിച്ചുള്ള സോഫ്റ്റ്വെയറുകളാണ് ഉപയോഗിക്കുന്നത്. ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(ബി) ഓൺലൈൻ സംവിധാനം നടപ്പാക്കാത്ത വകുപ്പുകളിൽ അതിനുള്ള കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

സാങ്കേതികമായ കാരണങ്ങളാൽ ഓൺലൈൻ സ്ഥലംമാറ്റം നടത്താൻ കഴിയാത്ത വകുപ്പുകളിൽ അതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിരമിച്ച ജീവനക്കാരുടെ പുനർനിയമനം

11(2066) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെ സർക്കാർ സർവീസ്/പൊതുമേഖല/അർധസർക്കാർ സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാരെ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ കരാർ അടിസ്ഥാനത്തിലോ സ്ഥിരനിയമനമായോ ഏതെങ്കിലും തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ, പൊതുമേഖല, അർദ്ധസർക്കാർ മേഖലയിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് 2016-2025 വരെ പുനർനിയമനം നൽകിയിട്ടുള്ളത്; നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനം ലഭിച്ച ജീവനക്കാരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ-സി) കരാറടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ നിയമിക്കപ്പെടുന്നവരുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പുനർനിയമനം

12(2067) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ; അതുവഴി സംസ്ഥാന സർക്കാരിനുവന്നിട്ടുള്ള ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

(ബി) ഇത്തരം പുനർനിയമനങ്ങൾ സംസ്ഥാന സർക്കാരിനുണ്ടാക്കിയ നേട്ടം എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിപുലമായ അനുഭവസമ്പത്തും ഭരണപരമായ മികവും കണക്കിലെടുത്താണ് നിയമനം നൽകിയിട്ടുള്ളത്.

സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം

13(2068) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1, കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് തസ്തികകളിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ അനുവദനീയമായ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ആളുകൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കാമോ; കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും പറയാമോ;

(ബി) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ കാറ്റഗറി മാറ്റത്തിലൂടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, മറ്റ് തസ്തികകൾ എന്നിവയിലേക്ക് എത്രപേർ മാറിയിട്ടുണ്ടെന്ന വിവരം വർഷവും തസ്തികയും തിരിച്ച് ലഭ്യമാക്കുമോ; ഇപ്രകാരം

സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 & 1 തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിൽ വന്നതെന്നും, കാറ്റഗറി മാറ്റത്തിലൂടെ വന്ന കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.എസി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഓരോ വർഷവും എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(സി) ഇപ്രകാരം തസ്തിക മാറിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലുണ്ടായ ഒഴിവുകൾ ഈ വർഷങ്ങളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) സെക്രട്ടേറിയറ്റിലെ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പുകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1, കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് തസ്തികകളിലെ കേഡർ സ്ട്രെങ്ത്, നിലവിൽ ജോലി ചെയ്യുന്നവർ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

തസ്തിക	അനുവദനീയമായ തസ്തികകൾ	നിലവിൽ ജോലി ചെയ്യുന്നവർ (ഡെപ്യൂട്ടേഷനിൽ പോയവർ ഉൾപ്പെടെ)	ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം
ഓഫീസ് സൂപ്രണ്ട്	50	52	ഇല്ല
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്	143	146	ഇല്ല
സീനിയർ	144	145	1

ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്			
കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I	145	131	19
കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II	147	106+8 (സൂപ്പർന്യൂമററി)	34

സെക്രട്ടേറിയറ്റിലെ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പുകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റനിയമനം ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	തസ്തിക - എണ്ണം
2024	അസിസ്റ്റന്റ് -19 സെക്ഷൻ ഓഫീസർ- 4
2025	അസിസ്റ്റന്റ് -26 സെക്ഷൻ ഓഫീസർ- 5

ഇ-ഫയൽ സമ്പ്രദായം നിലവിൽ വന്ന സാഹചര്യത്തിൽ ഭാവിയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ജോലിഭാരത്തിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് സെക്രട്ടേറിയറ്റ് പരിഷ്കരണം സംബന്ധിച്ച് സെന്തിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. അതിനുശേഷം മാത്രമേ പ്രസ്തുത തസ്തികയിലെ നിയമന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

(ഡി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ വിരമിക്കൽമൂലം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ

ഉണ്ടായിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?

സെക്രട്ടേറിയറ്റിലെ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പുകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ഓഫീസ് സൂപ്രണ്ട് തസ്തികകകളിലെ വിരമിക്കൽ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	വിരമിക്കൽ ഒഴിവുകൾ	പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തത്	പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ
2024	39	36	ഇല്ല
2025	24	21	ഇല്ല

(ഇ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ സെക്രട്ടേറിയേറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ഗ്രേഡ്-1 ലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒരോ വർഷവും എത്ര ഒഴിവുകൾ വീതമെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?

2024 വർഷം 50 പേർക്കും 2025 വർഷം ഇതുവരെ 34 പേർക്കും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. 2024 വർഷം 37 ഒഴിവുകളും 2025 വർഷം 20 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഒരു തസ്തികയിലും നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

ന്യൂഡൽഹി ട്രാവൻകൂർ പാലസ്

14(2069) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷക്കാലങ്ങളായി ന്യൂഡൽഹി ട്രാവൻകൂർ പാലസിൽ നടപ്പാക്കിയിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിർവഹണ ഏജൻസിയുടെയും ഭരണാനുമതിയുടെയും വിവരങ്ങളും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പൂർത്തീകരിച്ചതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ വർക്കുകൾ സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിങിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) ട്രാവൻകൂർ പാലസിലെ പ്രവൃത്തികൾ ഏജൻസികൾക്ക് നൽകുന്നത് ടെൻഡർ അക്രഡിറ്റഡ് ഏജൻസി വഴിയാണോ; വ്യക്തമാക്കാമോ; ഇപ്രകാരം പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികൾ ഏതെന്നും പൂർത്തീകരിച്ച തീയതിയെന്നാണെന്നും അറിയിക്കാമോ?

30-04-2015-ലെ സ.ഉ.(സാ.ധാ.) 3215/2015/പൊഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ന്യൂഡൽഹിയിലെ ട്രാവൻകൂർ പാലസിന്റെ സംരക്ഷണം, അഡാപ്റ്റീവ്

പുനരുപയോഗം, രൂപകല്പന എന്നിവയ്ക്കായി ഭരണാനുമതി നൽകിയത്. തുടർന്ന് 23-10-2020-ലെ സ.ഉ. (കൈ) 205/2020/പൊഭവ സർക്കാർ ഉത്തരവ് പ്രകാരം പൈതൃക കെട്ടിടങ്ങളുടെ ഇന്റീരിയർ ജോലികൾ രൂപകൽപ്പന ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും പരിചയസമ്പന്നരായ കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനമായ നാഷണൽ ബിൽഡിങ്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (NBCC)-നെ പാലസിലെ പൈതൃക കെട്ടിടത്തിന്റെ നവീകരണവും പ്രത്യേക അറ്റകുറ്റപ്പണികൾ, ഇന്റീരിയർ അപ്ഗ്രഡേഷൻ, സൈറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കുന്നതിലേക്കായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (പി.എം.സി.) നിയമിക്കുകയും ചെയ്തു. നവീകരിച്ച ട്രാവൻകൂർ പാലസ് 04-08-2023-ന് ഉദ്ഘാടനം ചെയ്യുകയും പൈതൃകത്തിന്റെയും കലയുടെയും പ്രദർശനങ്ങൾക്കും മറ്റ് സാംസ്കാരിക പരിപാടികൾ നടത്തുന്നതിലേക്കുമായി ആർട്ട് ഗാലറി, മൾട്ടി ഫങ്ഷനിങ് ഹാൾ, തുറന്ന തീയേറ്ററുകൾ, കോൺഫറൻസ് ഹാളുകൾ ഉൾപ്പെടുന്ന പാലസ് സമുച്ചയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തു. പ്രവൃത്തികൾ സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഇവിടെ നടപ്പാക്കേണ്ട പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതിനും പ്രോജക്ട് തയ്യാറാക്കി ശിപാർശ ചെയ്യുന്നതിനും ഏതെങ്കിലും സർക്കാർ/സ്വകാര്യ ഏജൻസിയുടെ സഹായം തേടിയിട്ടുണ്ടോ; ഇപ്രകാരമുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നത് മലയാളികൾക്ക് ഉപകാരപ്പെടുന്ന രീതിയിലാണെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ?

13-06-2017-ലെ സ.ഉ.(സാധാ.) 3683/2017/പൊഭവ നമ്പർ സർക്കാർ ഉത്തരവ്

പ്രകാരം പാലസിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതിനും നിർദേശങ്ങൾ തയ്യാറാക്കുന്നതിനുമായി വിദഗ്ധ സമിതിയും പ്രശസ്തരായ ആർക്കിടെക്ടുകളിൽ നിന്ന് ആശയങ്ങൾ, പ്ലാനുകൾ, ഡിസൈനുകൾ എന്നിവ ക്ഷണിച്ച് അവ വിലയിരുത്തുന്നതിനായി ഒരു സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയും രൂപീകരിച്ചിരുന്നു.

ആശ്രിതനിയമനത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച്

15(2070) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആശ്രിതനിയമനത്തിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ആശ്രിത നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയും കൂടുതൽ തസ്തികകൾ ആശ്രിത നിയമനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി നിലവിലുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടും 29-03-2025-ലെ സ.ഉ.(അച്ചടി) നം. 4/2025/പി&എ.ആർ.ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി[+] ചേർക്കുന്നു.

ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

16(2071) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിലുള്ള എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നുമുള്ള വിശദാംശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാമോ?

60 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) കേന്ദ്ര സർവീസിൽ നിയമനം ലഭിക്കുന്നതിന് വിജിലൻസ് ക്ലിയറൻസ് റിപ്പോർട്ട് ആവശ്യമുണ്ടോ; എങ്കിൽ 2024 ജനുവരിക്കുശേഷം ഇതിനായി ഏതെല്ലാം ഐ.പി.എസ്. ഉദ്യോഗസ്ഥർ അപേക്ഷ നൽകിയിട്ടുണ്ട്; ആർക്കൊക്കെ വിജിലൻസ് ക്ലിയറൻസ് നൽകാതിരുന്നിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് വിജിലൻസ് ക്ലിയറൻസ് റിപ്പോർട്ട് നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമായി വ്യക്തമാക്കുമോ?

(ബി&സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെടുന്ന മുറയ്ക്ക് വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് തേടിയശേഷം ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

ഇടുക്കിയുടെ സമഗ്ര വികസനം

17(2072) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 12,000 കോടി രൂപയുടെ ഇടുക്കി പാക്കേജിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവ സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ വികസനമാണ് സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതൊരു വിശാല ഇടുക്കി വികസന പാക്കേജാണ്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെ പാക്കേജിൽ നിർദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ എറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം മുതൽ (2022-23) 75 കോടി രൂപ ബജറ്റിൽ വകയിരുത്തി വരുന്നുണ്ട്.

2019-20 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന 5,963.80 കോടി രൂപയുടെ വിവിധ പദ്ധതികൾ ഇടുക്കി ജില്ലയ്ക്കായി നടപ്പിലാക്കുകയുണ്ടായി. മറ്റ് ഏജൻസികൾ മുഖേന ഇക്കാലയളവിൽ 2,162.15 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കി. ആകെ 8,125.95 കോടി രൂപയുടെ പദ്ധതികൾ 2019-20 മുതൽ 2024-25 വരെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളിലായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

- പാക്കേജ് കാലയളവിൽ 1,158.01 കോടി രൂപയുടെ പദ്ധതികൾ കെ.എസ്.ഇ.ബി. വഴി നടത്തുകയുണ്ടായി. അതിൽ 20 വലിയ പദ്ധതികൾ പൂർത്തിയാക്കുയുണ്ടായി. 21 പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.
- 49.89 കോടി രൂപയുടെ പ്രവൃത്തികൾ ഡി.ഐ.സി. വഴി നടപ്പിലാക്കി.
- 463.37 കോടി രൂപയുടെ പ്രവൃത്തികൾ പൊതുമരാമത്ത് (റോഡ്) വിഭാഗത്തിലൂടെ നടപ്പിലാക്കി.

- 18 കോടി രൂപയുടെ പദ്ധതികൾ കിൻഫ്രയിലൂടെ നടപ്പിലാക്കി.
- വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെ 3,491.08 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ച ബജറ്റ് വിഹിതം ഉൾപ്പെടെ 2,945.60 കോടി രൂപയുടെ വിവിധ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി.

വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വിശാല ഇടുക്കി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളാണ് മേല്പറഞ്ഞവ.

റീബിൽഡ് കേരള പദ്ധതി

18(2073) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതി പ്രകാരം നാളിതുവരെ നൽകിയ തുക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ പദ്ധതികൾ അനുവദിക്കുന്നതും ഫണ്ട് വകയിരുത്തുന്നതും മണ്ഡലാടിസ്ഥാനത്തിലല്ല. മറിച്ച് വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദേശങ്ങളിൽ, ആർ.കെ.ഐ.-യുടെ പദ്ധതി വിലയിരുത്തൽ മാർഗരേഖയനുസരിച്ചുള്ളവ, ഫണ്ട് ലഭ്യതയുടെ കൂടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, അനുമതി നൽകി നടപ്പാക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി

എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റാ, പൊതുമേഖലാ ശാക്തീകരണം എന്നീ മേഖലകളിലായി നാളിതുവരെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൻ കീഴിൽ 8,800 കോടിയോളം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 5,600 കോടിയോളം രൂപ ചെലവഴിച്ച് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

19(2074) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

20(2075) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2011-16 സർക്കാരിന്റെ കാലഘട്ടത്തിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് കീഴിൽ 2015-ൽ പ്രവർത്തനമാരംഭിച്ച സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (എസ്.എ.എസ്.എ.) എന്ന സ്ഥാപനത്തെ ഡാറ്റാ റിസർച്ച് ആൻഡ് അനാലിസിസ് കേന്ദ്രമാക്കി ഉയർത്തണമെന്ന 21-01-2025-ൽ 54/എൽഒപി/2025 നമ്പർ കത്ത് പ്രകാരമുള്ള പ്രതിപക്ഷ നേതാവിന്റെ ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

നയരൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുകയും സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം നവീകരിക്കുകയും പരിശീലനങ്ങളിലൂടെയും ഡാറ്റാ അധിഷ്ഠിതമായ ഗവേഷണങ്ങളിലൂടെയും സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തികമേഖലയിൽ പഠന ഗവേഷണത്തിൽ മികവിന്റെ കേന്ദ്രമായി മാറുകയും ചെയ്യുക എന്നതാണ് സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA)-ന്റെ ഉദ്ദേശ്യലക്ഷ്യം.

ഡാറ്റാ സയൻസിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്ന ഒരു പഠന ഗവേഷണകേന്ദ്രം എന്ന നിലയിൽ SASA-യെ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. SASA-യുടെ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടെ Support for Statistical Strengthening Project-നായി നടപ്പ് വർഷത്തെ ബജറ്റിൽ 156.17 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. SASA-യെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ഒരു സ്വയംഭരണ സ്ഥാപനമായി മാറ്റുന്നതിലൂടെ ഗവേഷണ പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുവാനും സ്വന്തമായി വരുമാനം കണ്ടെത്തുവാനും

സാധിക്കുന്നതാണ്. SASA അഡ്വൈസറി കമ്മിറ്റിയുടെ നിർദേശപ്രകാരമുള്ള Quick study, റിസർച്ച് മെത്തഡോളജി പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിന് വിഭാവനം ചെയ്യുകയും തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്.

സയൻസ് പാർക്കുകൾ ആരംഭിക്കാൻ നടപടി

21(2076) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ.)-ന്റെ കീഴിൽ കേരളത്തിൽ എത്ര സയൻസ് പാർക്കുകളാണ് നിലവിലുള്ളതെന്നും ഏതൊക്കെ ജില്ലയിലാണ് ഇവ സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കാമോ?

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിന്റെ കീഴിൽ കേരളത്തിൽ നിലവിൽ സയൻസ് പാർക്കുകളൊന്നും പ്രവർത്തിക്കുന്നില്ല. 2022-23-ലെ ബജറ്റ് പ്രസംഗം അനുസരിച്ച് സംസ്ഥാനത്ത് നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കുവാൻ കേരള സർക്കാർ 1,000 കോടി രൂപ അനുവദിച്ചു. 23-03-2023-ന് ചേർന്ന മന്ത്രിസഭായോഗം ശാസ്ത്രസാങ്കേതിക വകുപ്പിനുകീഴിൽ മൂന്ന് സയൻസ് പാർക്കുകൾ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ അംഗീകാരം നൽകി. ഈ മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കണ്ണൂരിൽ സ്ഥാപിക്കുന്ന സയൻസ് പാർക്കിന്റെ

നിർമ്മാണപ്രവർത്തനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന രീതിയിൽ മറ്റ് ജില്ലകളിൽകൂടി സയൻസ് പാർക്കുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത സയൻസ് പാർക്കുകളിൽ നൂതന സാങ്കേതികവിദ്യകളായ വെർച്വൽ റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

സയൻസ് പാർക്കുകൾ സ്ഥാപിക്കുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ ഈ വിഷയം സംബന്ധിച്ച് തീരുമാനം കൈകൊണ്ടിട്ടില്ല.

(ഡി) പ്രസ്തുത സ്ഥാപനം വഴി ഓരോ നിയോജകമണ്ഡലത്തിലെയും ഓരോ സ്കൂളുകളിലെങ്കിലും സയൻസ് പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സയൻസ് പാർക്കുകൾ, സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതിയല്ല. കേരളത്തിന്റെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ ഫലപ്രദമായി സംഭാവന ചെയ്യുന്നതിനായി സർക്കാരിനും സർവ്വകലാശാലകൾക്കും വ്യവസായശാലകൾക്കും സഹകരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന സാങ്കേതികവിദ്യയുടെ നവീകരണം, ഗവേഷണം, വികസനം, വാണിജ്യവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ഉയർന്ന ഗവേഷണത്തിനും അക്കാദമിക്കും

വ്യവസായത്തിനും ഇടയിലുള്ള വിവർത്തന ഗവേഷണത്തിനും സൗകര്യമൊരുക്കുന്നതിനാണ് സയൻസ് പാർക്കുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

ഫ്ലാറ്റുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാവകാശം

22(2077) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ നിരവധി ഫ്ലാറ്റുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കണമെന്ന് കാണിച്ചുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് വൈദ്യുതി ബോർഡിന് നിർദേശം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെറും ഏഴു ദിവസത്തെ സാവകാശം മാത്രം നൽകിയാണ് ഇപ്രകാരം ഇപ്പോൾ നിർദേശം നൽകിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കനാൽ റീജനറേഷൻ പദ്ധതിയുടെ ഭാഗമായി നഗരത്തിൽ കേന്ദ്രീകൃത എസ്.ടി.പി. സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ എന്നതറിയിക്കുമോ; ഈ പദ്ധതിയിൽ ഈ ഫ്ലാറ്റുകളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ സീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി മതിയായ സാവകാശം അനുവദിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശം നടപ്പിലാക്കുന്നതിന് സാവകാശം നൽകുന്നതിന് നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) 2022-ലെ WP(C) No. 40564-ലെ ബഹു. ഹൈക്കോടതി ഉത്തരവുകളെത്തുടർന്ന് ബോർഡ് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം-1974 സെക്ഷൻ 33 A പ്രകാരം 71 അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾക്ക് അടച്ചുപൂട്ടുന്നതിനുള്ള

നിർദേശം നൽകിയിരുന്നു. ടി സ്ഥാപനങ്ങൾക്ക് 2023-24 കാലയളവിൽതന്നെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് Closure Intention Notice നൽകിയിരുന്നതാണ്. മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ/നിയമങ്ങൾ പാലിക്കുന്നതിനാവശ്യമായ മതിയായ സമയം നൽകിയതിനുശേഷവും അവ പാലിക്കാത്ത സ്ഥാപനങ്ങൾക്കാണ് ബോർഡ് Closure Order നൽകിയത്. തുടർന്ന്, ടി അപ്പാർട്ട്മെന്റുകളിലേക്കുള്ള വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനായി 2025 ജൂലൈ 23-ന് കെ.എസ്.ഇ.ബി.-ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകി.

ചട്ടങ്ങൾ/നിയമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം അപ്പാർട്ട്മെന്റുകൾക്ക് അനുവദനീയമായ മതിയായ സമയം നൽകേണ്ടതാണെന്ന 2025 ഓഗസ്റ്റ് 1-ലെ ബഹു. ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടുന്നതിനും STP സ്ഥാപിക്കുന്നതിനുമായി സത്യവാങ്മൂലം സമർപ്പിക്കുന്ന അപ്പാർട്ട്മെന്റുകളിലേക്കുള്ള വൈദ്യുതി വിച്ഛേദന നിർദേശം ബോർഡ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

നിലവിൽ 57 അപ്പാർട്ട്മെന്റുകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 14 സ്ഥാപനങ്ങളുടെ സത്യവാങ്മൂലം ലഭ്യമാക്കുന്നതിലേക്കായി മലിനീകരണ നിയന്ത്രണ ബോർഡ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ക്ലാർക്ക് ടൈപിസ്റ്റ്/ടൈപിസ്റ്റ് ക്ലാർക്ക് നിയമനങ്ങൾ

23(2079) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും വളരെ പരിമിതമായി മാത്രമേ നിയമനങ്ങൾ നടക്കുന്നുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തിക തുടരേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് വകുപ്പുകളിൽ പ്രവൃത്തി പഠനം നടക്കുന്നതിനാൽ അതു പൂർത്തിയാകുന്നത് വരെ 21-08-2025-ലെ ഉപ.സി3/59/2024/പി; & എ.ആർ.ഡി. നമ്പർ കത്ത് പ്രകാരം പി.എസ്.സി. പുതിയ നോട്ടിഫിക്കേഷൻ വിളിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിനെത്തുടർന്ന് ഫിസിക്കൽ ഫയലുകൾ ഇല്ലാതായ സാഹചര്യത്തിൽ ടൈപ്പിംഗ് ജോലികൾ ക്ലാർക്ക്/അസിസ്റ്റന്റുമാർ തന്നെ നിറവേറ്റേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇത് ടൈപ്പിസ്റ്റ് തസ്തികകളുടെ ജോലിഭാരത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠനവിഭാഗം വിവിധ വകുപ്പുകളിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തിക തുടരേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച വിശദമായ പ്രവൃത്തി പഠനം നടത്തിവരുന്നുണ്ട്. പ്രസ്തുത പ്രവൃത്തിപഠനം പൂർത്തിയാകുന്നതുവരെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിപഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി

വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശാ നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടെ പ്രൊമോഷനും ആനുകൂല്യങ്ങളും നിയമവിരുദ്ധമായി തടയുന്നത് നിയന്ത്രിക്കാൻ നടപടി

24(2080) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് മേധാവികൾക്കോ ഉയർന്ന ഉദ്യോഗസ്ഥർക്കോ താൽപര്യമില്ലാത്ത സർക്കാർ ജീവനക്കാരുടെ പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നിയമവിരുദ്ധമായി തടയുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ജീവനക്കാരുടെ പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും ക്രമപ്രകാരം അനുവദിക്കുന്നതിന് വ്യക്തമായ വ്യവസ്ഥകളും ചട്ടങ്ങളും നിലവിലുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സംസ്ഥാന തലത്തിൽ ഒരു ഉന്നത സമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ രണ്ടു മാസത്തിനുള്ളിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(ബി&സി) പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നിയമവിരുദ്ധമായി തടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർ

25(2082) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ ക്ലറിക്കൽ തസ്തികയായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ നിർവഹിക്കേണ്ട ജോലികൾ അവരുടെ അഭാവത്തിൽ ടെക്നിക്കൽ കേഡറിലെ ജീവനക്കാർ നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഇത്തരമൊരു ഉത്തരവ് നൽകിയിട്ടുള്ളതെന്നും അതിന് ആധാരമായ സാഹചര്യം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; ക്ലറിക്കൽ വിഭാഗം തസ്തികക്ക് യോഗ്യതയുള്ള നിരവധി ഉദ്യോഗാർത്ഥികളുള്ള സാഹചര്യത്തിൽ ഈ ഉത്തരവ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനം നിർത്തലാക്കിയ സാഹചര്യത്തിൽ 24-07-1985-ലെ G.O. (P)No.58/85/Plg നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിലെ ക്ലറിക്കൽ ജോലികൾ ടെക്നിക്കൽ വിഭാഗം ജീവനക്കാർ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണപരമായ പ്രവർത്തനങ്ങൾ ടെക്നിക്കൽ വിഭാഗം ജീവനക്കാർ കൂറ്റമറ്റ രീതിയിൽ നിർവ്വഹിച്ചുവരുന്നതിനാൽ ക്ലറിക്കൽ തസ്തികകൾ പുനഃസൃഷ്ടിക്കേണ്ട സാഹചര്യം നിലവിലില്ല.

(ബി) സ്ഥിതി വിവരക്കണക്കുകൾ ക്രോഡീകരിക്കേണ്ട ടെക്നിക്കൽ കേഡറിലെ ജീവനക്കാർ ക്ലറിക്കൽ ജോലികളാണ് നിർവഹിക്കുന്നതെന്നും ഇതിന് മാത്രമായി ടെക്നിക്കൽ വിഭാഗം ജീവനക്കാർ ആവശ്യമില്ലെന്നും കാണിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (എ.ആർ.4) ഏതെങ്കിലും റിപ്പോർട്ട് തയ്യാറാക്കി ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(സി) മറ്റ് വകുപ്പുകളെ അപേക്ഷിച്ച് ക്ലറിക്കൽ വിഭാഗം ജീവനക്കാർക്ക് ചെയ്യാൻ പറ്റാത്ത എന്തെല്ലാം ജോലികളാണ് ക്ലർക്കിനെക്കാൾ ഉയർന്ന ശമ്പളത്തിലുള്ള ടെക്നിക്കൽ വിഭാഗം ജീവനക്കാർ ഈ വകുപ്പിൽ ചെയ്യുന്നതെന്നും വകുപ്പിലെ ഏതെല്ലാം ജോലികളാണ് നിലവിൽ അവരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നതെന്നും വിശദീകരിക്കാമോ;

(ഡി) സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ക്ലർക്ക് തസ്തികയിലെ ജോലിക്ക് പത്താം ക്ലാസ്സും അസിസ്റ്റന്റ് തസ്തികയിലെ ജോലിക്ക് ബിരുദവും നിശ്ചയിച്ചിട്ടും ഇതേ ജോലികൾതന്നെ നിർവഹിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് നിശ്ചിത വിഷയങ്ങളിലുള്ള ബിരുദം യോഗ്യതയാക്കി നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വിവിധ മേഖലകളിലെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാരിന്റെ നയരൂപീകരണത്തിനും, പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം,

തരംതിരിക്കൽ, വിശകലനം തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്ന ഏജൻസിയായാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രവർത്തിച്ചു വരുന്നത്. അതോടൊപ്പം ഭാരത സർക്കാരിന്റെ കാർഷിക-കർഷക ക്ഷേമ മന്ത്രാലയം നടപ്പിലാക്കുന്ന കാർഷിക സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. പ്രസ്തുത പദ്ധതികൾ കൃത്യതയോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും കണക്കാക്കുന്നതിനും, വിളപരീക്ഷണങ്ങൾ നടത്തുന്നതടക്കമുള്ള ജോലികൾ നിർവ്വഹിക്കുന്നതിനായും വകുപ്പിലെ ജീവനക്കാർക്ക് സ്റ്റാറ്റിസ്റ്റിക്സിന്റെ പ്രത്യേക രീതിശാസ്ത്രം ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം ആവശ്യമാണ്. ഇത്തരത്തിൽ തികച്ചും സാങ്കേതികമായ ജോലികൾ നിർവ്വഹിക്കേണ്ടതിനാലാണ് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റെയും, വകുപ്പിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകളുടെ യോഗ്യത നിശ്ചിത വിഷയത്തിലുള്ള ബിരുദം ആക്കി നിശ്ചയിച്ച് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുകയുണ്ടായത്.

വോട്ടർ പട്ടികയിൽ സ്പെഷ്യൽ ഇന്റെൻസീവ് റിവിഷൻ

26(2083) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ സ്പെഷ്യൽ ഇന്റെൻസീവ് റിവിഷൻ

നടത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് തയ്യാറെടുപ്പുകൾക്കായി എന്നാണ് ആദ്യമായി സംസ്ഥാനത്തിന് കത്തയച്ചതെന്ന് അറിയിക്കാമോ; ഇതേ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എസ്.ഐ.ആർ. ഇതിനുമുൻപ് പൂർണമായി നടന്നത് ഏതൊക്കെ വർഷങ്ങളിലാണ്; പ്രസ്തുത വോട്ടർ പട്ടിക പരിഷ്കരണം എന്തെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിഷ്കരണങ്ങൾ എസ്.ഐ.ആർ. നടപടിക്രമങ്ങൾ പാലിച്ചാണോ അതോ സാധാരണ വോട്ടർ പട്ടിക പരിഷ്കരണ നടപടികളനുസരിച്ചാണോ നടത്തിയതെന്ന് അറിയിക്കാമോ; പ്രസ്തുത വർഷങ്ങളിലെ എസ്.ഐ.ആർ. നടപടികൾ ബി.എൽ.ഒ.-മാർ വീടുകൾ സന്ദർശിച്ചാണോ നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ എസ്.ഐ.ആർ. നടന്നത് 2002-ലാണോ; പ്രസ്തുത പരിഷ്കരണം നടത്തിയത് എത്രനാൾ നീണ്ട നടപടികളിലൂടെയാണെന്ന് അറിയിക്കാമോ; എന്നാണ് 2002-ലെ എസ്.ഐ.ആർ. പട്ടിക പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പട്ടിക ഇപ്പോൾ കേരളത്തിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുനഃപ്രസിദ്ധീകരിച്ചത്; ആയതുമായി ബന്ധപ്പെട്ട് നൽകിയ പ്രധാന അറിയിപ്പുകളും ഉത്തരവുകളും ലഭ്യമാക്കാമോ; പ്രസ്തുത വിവരം ജനങ്ങളെ അറിയിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(എഫ്) എസ്.ഐ.ആർ. നടപടികൾക്കായി ഏതെങ്കിലും രേഖകൾ കൂടുതലായി

ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്തെഴുതിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ നൽകാമോ;

(ജി) ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് സംസ്ഥാനത്തുനിന്ന് വിദേശത്തേക്ക് കുടിയേറിയവരുടെ കണക്കുകളുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ; കേരളത്തിൽ കളക്ടർമാർ 2002-നുശേഷം ഇന്ത്യൻ പൗരത്വം നൽകിയത് എത്ര പേർക്കാണ്; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ-ജി) വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശത്തിനെതിരെ 29-09-2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി+ ചേർക്കുന്നു.

കോഴിക്കോട് സൈബർ പാർക്ക്

27(2084) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്കിനോടനുബന്ധിച്ച് 2 വീട്ടുകാരുടെ ഭൂമി ഏറ്റെടുക്കുന്നതിൽ താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ ഇലക്ട്രോണിക്സ് & ഐ. ടി. വകുപ്പിൽ നിലവിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

A1/37/2022 എന്ന ഫയലിൽ തീർപ്പുണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) സൈബർ പാർക്കിനോട് ചേർന്ന് 20 സെൻറ് സ്ഥലം (2 വീട്ടുകാരുടെ ഭൂമി) കൂടി ഏറ്റെടുക്കുന്നതിന് 19-09-2024-ൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് കഴിഞ്ഞ സാമ്പത്തികവർഷം തുക അനുവദിക്കുവാൻ സാധിച്ചിരുന്നില്ല. പ്രസ്തുത ആവശ്യത്തിനായി നടപ്പ് സാമ്പത്തിക വർഷം തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

അരൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി

28(2085) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര പേർക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട് എന്നത് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

കെ-ഫോൺ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 62 കുടുംബങ്ങൾക്ക് കെ-ഫോൺ സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. നൽകിയ കണക്ഷനുകളുടെ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

സ്റ്റാർട്ടപ്പ് മിഷൻ

29(2086) ശ്രീ. വി ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) പുതിയ ആശയങ്ങളും സാങ്കേതികവിദ്യയും വിപണിയിലെത്തുന്നത് സമ്പദ്‌വ്യവസ്ഥയ്ക്കും സേവനമേഖലയ്ക്കും പുതു ഊർജ്ജമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ സ്റ്റാർട്ടപ്പുകളും പരമ്പരാഗത വ്യവസായവും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുക എന്നതാണ് സ്റ്റാർട്ടപ്പ് മേഖലയിലെ പുതിയ പ്രവണത. സ്റ്റാർട്ടപ്പ് മേഖലയിലെ കേരളത്തിന്റെ വളർച്ച വ്യാവസായിക വികസനത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.), ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.ടി.), ഓട്ടോമേഷൻ തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതിലൂടെ കേരളത്തിന്റെ വ്യാവസായികോൽപാദനം വർധിപ്പിക്കുക മാത്രമല്ല ചെലവ് കുറയ്ക്കാനും ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയും.

കൂടാതെ, ഫണ്ടിങ്ങിന്റെയും നിക്ഷേപത്തിന്റെയും കാര്യത്തിലും കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ഗണ്യമായ വളർച്ച കൈവരിച്ചു. നവ സാങ്കേതികവിദ്യയിലൂന്നിയതും പുതുമയുള്ളതും സമൂഹത്തിലെ വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾക്ക് മികച്ചതും കാര്യക്ഷമമായതുമായ പരിഹാരങ്ങളുമായി ഏഴായിരത്തിൽപ്പരം പുതുസംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. അതിലൂടെ എഴുപതിനായിരത്തിലധികം പേർക്ക് തൊഴിൽ ലഭിച്ചു. കഴിഞ്ഞ ഒൻപത് വർഷത്തിനുള്ളിൽ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നായി കേരളത്തിലെ സ്റ്റാർട്ടപ്പുകളിലേക്കായി 6,000 കോടിയോളം രൂപയുടെ നിക്ഷേപം കേരളത്തിലേക്കെത്തി.

(ബി) ഐ. ടി. അധിഷ്ഠിത സ്റ്റാർട്ടപ്പുകളുടെ ഉല്പന്ന വികസനത്തിന് സഹായകരമായ ഗവേഷണം നടത്തുവാനും ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകൾ സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ വിപണിയിലേക്ക് എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്റ്റാർട്ടപ്പുകൾക്കായി ഉൽപന്ന വികസനത്തിനും ഗവേഷണ വികസനത്തിനുമുള്ള ഗ്രാന്റുകൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ഗവേഷണ സ്ഥാപനങ്ങളെയും സ്റ്റാർട്ടപ്പ് കമ്പനികളെയും സാങ്കേതികവിദ്യ കൈമാറ്റത്തിനും വാണിജ്യവത്കരണത്തിനുമായി ബന്ധിപ്പിക്കുന്ന റിസർച്ച് ഇന്നൊവേഷൻ നെറ്റ്‌വർക്ക്-കേരള (RINK) എന്നൊരു പദ്ധതിയും കേരള സ്റ്റാർട്ടപ്പ് മിഷനുണ്ട്. RINK വെബ്സൈറ്റിലൂടെ IT മേഖലയിൽ ഉൾപ്പടെയുള്ള ഗവേഷണ വികസന സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതികവിദ്യ വിവരങ്ങൾ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാണ്. RINK വഴി, വാണിജ്യപരമായി സാധ്യതയുള്ള സാങ്കേതികവിദ്യകൾ കൈമാറുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് വെർച്വൽ ഡെമോ ഡേകളും എക്സ്പോഷർ വിസിറ്റുകളും നടത്തുന്നു. ഐ.ടി. മേഖലയിലെ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതികവിദ്യകളും ഇതിൽ ഉൾപ്പെടുന്നു.

ഇതിന് പുറമേ സ്റ്റാർട്ടപ്പുകൾക്കായി ഉൽപന്ന വികസനത്തിനും ഗവേഷണ വികസനത്തിനുമുള്ള ഗ്രാന്റുകൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, അഡ്വാൻസ്ഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഹ്യൂമൻ-കമ്പ്യൂട്ടർ ഇന്ററാക്ഷൻ, ഇമ്മേഴ്സീവ് ടെക്നോളജീസ് തുടങ്ങിയ ഡീപ്‌ടെക് മേഖലകളിൽ

പ്രവർത്തിക്കുന്ന ഐ.ടി. അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് ഈ ഗ്രാന്റുകൾ ഉപയോഗിച്ച് ഗവേഷണം നടത്തുവാനും നൂതന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉൽപന്നങ്ങൾ വികസിപ്പിക്കാനും സാധിക്കും. ഗവേഷണ വികസന സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് R&D ഗ്രാന്റ്. ഡീപ് ടെക്, എമർജിംഗ് ടെക്നോളജീസ്, ഹാർഡ്‌വെയർ, ഡിഫൻസ്, മെഡ്‌ടെക്, ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻസ്, അഗ്രി-ഫുഡ് ടെക് തുടങ്ങിയ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റിന് അപേക്ഷിക്കാം.

രാജ്യത്തെ അംഗീകൃത ഗവേഷണ സ്ഥാപനത്തിൽ നിന്നും സാങ്കേതികവിദ്യ വാങ്ങി വാണിജ്യവൽക്കരിക്കാൻ സ്റ്റാർട്ടപ്പുകളെ പ്രോൽസാഹിപ്പിക്കുന്ന ധനസഹായ പദ്ധതിയാണ് ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേഴ്സ്യലൈസേഷൻ സ്കീം. സാങ്കേതികവിദ്യ കൈമാറ്റത്തിന് ചെലവായ തുകയിൽ പരമാവധി പത്തുലക്ഷം രൂപ വരെയാണ് ഈ വിഭാഗത്തിൽ നൽകുന്ന ധനസഹായം. സാങ്കേതികവിദ്യ വാങ്ങുന്ന ഘട്ടത്തിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് നൽകേണ്ടിവരുന്ന ഫീസ് 10 ലക്ഷത്തിൽ താഴെയാണെങ്കിൽ തുകയുടെ 90% വരെയായിരിക്കും തിരികെ ലഭിക്കുക. ഈ പദ്ധതി പ്രകാരം ഇതുവരെ, 4 സ്റ്റാർട്ടപ്പുകൾക്കായി 10,03,590/- രൂപയുടെ ഫണ്ടിങ് ലഭ്യമാക്കിയിട്ടുണ്ട്.

സ്വയം വികസിപ്പിച്ച സാങ്കേതികവിദ്യകൾക്കും ഉൽപന്നങ്ങൾക്കും പേറ്റന്റ് എടുക്കുമ്പോൾ ചെലവാകുന്ന തുക തിരികെ നൽകുന്നതാണ് പേറ്റന്റ് സപ്പോർട്ട് സ്കീം. വിദ്യാർഥി സംരംഭകർക്ക് കൺസൾട്ടേഷൻ ഫീസ് ഉൾപ്പെടെയുള്ള പേറ്റന്റ് ചെലവ് തിരികെ നൽകുന്നു. വിദേശ പേറ്റന്റുകൾ നേടുന്നവർക്ക് 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കും.

ഫയലിങ്, പ്രോസിക്യൂഷൻ, പേറ്റന്റ് കരസ്ഥമാക്കൽ എന്നീ 3 ഘട്ടങ്ങളിലായാണ് റീ-ഇംബേഴ്സ്മെന്റ് ലഭിക്കുക.

(സി) കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ വിദ്യാർഥി സംരംഭകരെ വാർത്തെടുക്കാനുള്ള പദ്ധതിയായി കോളേജുകൾ കേന്ദ്രീകരിച്ച് ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർഥി സംരംഭകരെ വാർത്തെടുക്കുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ച് കേരള സ്റ്റാർട്ട്പ്പ് മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ (IEDC). എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിലെ വിദ്യാർഥികൾക്കും ഗവേഷകർക്കും നൂതനമായ മേഖലകളിൽ ചുവടുവയ്ക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്. നൂതനസാങ്കേതികവിദ്യ, ഉന്നതനിലവാരത്തിലുള്ള വിദഗ്ധോപദേശം, ആഗോള പരിചയസമ്പന്നത, ധനസഹായം എന്നിവ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതുവരെ കേരളത്തിൽ 557 ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. മികച്ച ആശയങ്ങളെ ഉൽപന്നങ്ങളാക്കി മാറ്റുന്നതിനായി 'ഇന്നൊവേഷൻ ഗ്രാന്റ്' എന്ന പേരിൽ സാമ്പത്തിക സഹായവും സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നു. ആശയങ്ങളിൽനിന്ന് ഉൽപന്നമാതൃക തയ്യാറാക്കുന്നതിനും അവയെ പൂർണരൂപത്തിലുള്ള വ്യവസായമാക്കി മാറ്റാനുമുള്ള തുകയാണ് ഘട്ടംഘട്ടമായി നൽകുന്ന ഇന്നൊവേഷൻ ഗ്രാന്റ്. ആശയ രൂപീകരണത്തിനും ഉൽപന്ന മാതൃക വികസിപ്പിക്കുന്നതിനുമായി വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ 'ഐഡിയ ഗ്രാന്റ് ' ആയി

നൽകുന്നു.

(ഡി) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ യുവജനങ്ങളെ സംരംഭകരും തൊഴിൽദാതാക്കളുമായി മാറ്റാൻ സ്റ്റാർട്ടപ് സിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പട്ടികവർഗ (എസ്.ടി.) വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയാണ് സ്റ്റാർട്ടപ്പ് സിറ്റി. ഏതെങ്കിലും മേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി കേരള സ്റ്റാർട്ടപ്പ് മിഷനും കേരള എംപവർമെന്റ് സൊസൈറ്റിയും (ഉന്നതി) സംയുക്തമായാണ് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി നടപ്പിലാക്കുന്നത്. ബി.ടെക്, എം.ബി.എ. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച പട്ടികവർഗ യുവാക്കൾ, തൊഴിൽരഹിതർ, യുവ സ്റ്റാർട്ടപ്പ് സംരംഭകർ, പട്ടികജാതി വികസന വകുപ്പ് സംഘടിപ്പിച്ച നൈപുണ്യ വികസന പരിപാടികളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കിയവർ എന്നിവർക്ക് പദ്ധതിയിൽ മുൻഗണന ലഭിക്കും.

എസ്.ടി. വിഭാഗത്തിലെ സ്റ്റാർട്ടപ്പുകളെയും ബിസിനസുകളെയും പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിക്കുക, മികച്ച സംരംഭകരെ കണ്ടെത്തുക, സാങ്കേതിക സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ മെച്ചപ്പെടുത്തുക, സംരംഭങ്ങൾ ആരംഭിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ താത്പര്യമുള്ളവർക്ക് സഹായം ഉറപ്പ് വരുത്തുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം.

കെ-ഫോൺ കണക്ഷനുകൾ

30(2087) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിയ സൗജന്യ കെ-ഫോൺ കണക്ഷനുകളുടെയും ഇനി നൽകാൻ ബാക്കിയുള്ള സൗജന്യ കണക്ഷനുകളുടെയും കണക്ക് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് നൽകിയ സൗജന്യ കെ-ഫോൺ കണക്ഷനുകളുടെ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. നിലവിൽ മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവരുടെ അപേക്ഷ അടിസ്ഥാനമാക്കിയാണ് സൗജന്യ കണക്ഷൻ നൽകുന്നത്. അതിനാൽ, ഇനി നൽകാൻ ബാക്കിയുള്ള സൗജന്യ കണക്ഷനുകളുടെ കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ ഇനി നൽകാൻ ബാക്കിയുള്ള സർക്കാർ ഓഫീസുകളുടെ കണക്ക് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ ഇനി നൽകാൻ ബാക്കിയുള്ള സർക്കാർ ഓഫീസുകളുടെ നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഇനി എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മണ്ഡലം തിരിച്ചുള്ള എണ്ണം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. കണക്ഷൻ നൽകാൻ ബാക്കിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കണക്ഷൻ സൗജന്യമാണോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായല്ല കെ-ഫോൺ കണക്ഷൻ നൽകുന്നത്.

സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്നത്

31(2088) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജനങ്ങൾക്ക് നൽകിവന്ന സർക്കാർ സേവനങ്ങളിൽ ഏതൊക്കെ സേവനങ്ങളാണ് 2021 വർഷം മുതൽ നാളിതുവരെയായി ഓൺലൈൻ മുഖാന്തരം ലഭ്യമാക്കിയതെന്നത് വകുപ്പിന്റെ പേര് സഹിതം വിശദമാക്കാമോ?

സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങളെ ഏകോപിപ്പിക്കുന്നതിനായി വികസിപ്പിച്ച "ഇ-സേവനം" എന്ന കേന്ദ്രീകൃത പോർട്ടൽ 2021-ൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ ഈ പോർട്ടലിലൂടെ സംസ്ഥാന സർക്കാരിന്റെ 83 വകുപ്പുകൾ/സ്ഥാപനങ്ങൾ നൽകുന്ന 937 സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.

സേവനങ്ങളുടെ വകുപ്പ്/സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേട്ടം

32(2089) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള സർക്കാരുമായി യോജിച്ച് ഇന്ത്യയിലാദ്യമായി കൈരളി ചിപ്പ് നിർമ്മിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് സെമികണ്ടക്ടർ ചിപ്പുകൾ രൂപകല്പന ചെയ്യാനും നിർമ്മിക്കാനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

അക്കാദമിക് ഗവേഷണത്തിനും വികസനത്തിനുമായി നൂതന ഇലക്ട്രോണിക് ഡിസൈൻ ഓട്ടോമേഷൻ (ഇ.ഡി.എ.) ഉപകരണങ്ങൾ ഉൾപ്പെടെ ചിപ്പ് രൂപകൽപ്പനയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വൈദഗ്ധ്യവും ഡിജിറ്റൽ സർവകലാശാലയിൽ ലഭ്യമാണ്.

(സി) ഇല്ലെങ്കിൽ സെമികണ്ടക്ടർ കെ-ചിപ്പ് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചിപ്പ് 100% ഇന്ത്യയിൽ രൂപകൽപ്പന ചെയ്തതാണെങ്കിലും ഇത്തരം ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫൗൺഡ്രി ഇന്ത്യയിൽ നിലവിലില്ലാതിരുന്നതിനാൽ വിദേശത്ത് നിന്ന് ഫാബ്രിക്കേറ്റ് ചെയ്ത് കൊണ്ടുവരികയാണുണ്ടായത്.

(ഡി) സ്വന്തമായി ചിപ്പ് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച യൂണിവേഴ്സിറ്റിയിലെ

ഒരു പ്രൊഫസർക്ക് മുഖ്യമന്ത്രിയുടെ കീഴിലുള്ള ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് 25 ലക്ഷം രൂപ പാരിതോഷികമായി അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല.

(ഇ) കേരളം ആദ്യമായി കൈവരിച്ച കെ-ചിപ്പ് നിർമ്മാണ നേട്ടത്തിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ 'ചിപ്പ് ടു സ്റ്റാർട്ടപ്പ്' പദ്ധതിയിലേക്ക് കൈരളി ചിപ്പ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് .

സ്വകാര്യ വ്യക്തികളുൾപ്പടെയുള്ളവർ സ്ഥാപിക്കുന്ന സി.സി.ടി.വി. സിസ്റ്റം

33(2090) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.സി.ടി.വി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി സിസ്റ്റം മേഖലയിൽ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിലും സർക്കാരിലെ ഏതെങ്കിലും സംവിധാനങ്ങളുമായി അവർക്ക് അഫിലിയേറ്റ് ചെയ്യുവാനുള്ള അവസരം കൊടുക്കുന്നുണ്ടോ എന്നത് അറിയിക്കാമോ;

(ബി) സി.സി.ടി.വി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി സിസ്റ്റം മേഖലയിൽ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിലും വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ആ മേഖലയിൽപ്പെട്ടവർക്ക് ഗവൺമെന്റ് ഏതെങ്കിലും രീതിയിൽ ലൈസൻസ് ഉൾപ്പെടെ നൽകുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ വ്യക്തികൾ സർവൈലൻസ് ക്യാമറ സ്ഥാപിക്കുന്നതിൽ ഗവൺമെന്റ്

എന്തെങ്കിലും മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം മാനദണ്ഡം ഇറക്കുവാൻ ഉദ്ദേശിക്കുണ്ടോ; വിശദമാക്കാമോ?

(എ-സി) കേരളത്തിൽ സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ സ്ഥാപിക്കുന്ന സി.സി.ടി.വി./സർവൈലൻസ് സിസ്റ്റങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നിർദേശങ്ങളൊന്നുംതന്നെ നൽകിയിട്ടില്ല.

(ഡി) കേരളത്തിൽ നിലവിൽ ഇൻസ്റ്റാൾ ചെയ്യുന്ന സി.സി.ടി.വി. ക്യാമറകൾക്ക് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളോജി മന്ത്രാലയം പുതുതായി പുറത്തിറക്കിയ സ്റ്റാൻഡേർഡൈസേഷൻ ടെസ്റ്റിംഗ് ആൻഡ് ക്വാളിറ്റി സർട്ടിഫിക്കേഷൻ കേരളത്തിൽ പ്രാബല്യത്തിൽ വരുത്തിയോ എന്നറിയിക്കാമോ; ഗവൺമെന്റ് സ്ഥാപനങ്ങളിലും കെ.എസ്.ആർ.ടി.സി. ബസുകളിലും ഉപയോഗിക്കുന്ന ക്യാമറകളിൽ ഈ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവർ സ്ഥാപിക്കുന്ന സർവൈലൻസ്/സി.സി.ടി.വി. ഇൻസ്റ്റലേഷനുകളിൽ പൗരന്മാരുടെ സ്വകാര്യത ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(ഡി&ഇ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിയമ നിർമ്മാണം നടത്തുന്നതിനും കേരളാ മുനിസിപ്പാലിറ്റീസ് ആക്ട്, കേരളാ പഞ്ചായത്ത് രാജ് ആക്ട് എന്നിവയുടെ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച

പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

34(2091) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം കാര്യക്ഷമതയോടെയും വേഗത്തിലുമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി സി.എം.ഒ. പോർട്ടൽ മുഖേന സുഗമവും സുതാര്യവുമായി നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പണം മുതൽ തുക അനുവദിക്കൽ വരെയുള്ള എല്ലാ നടപടികളും പൂർണ്ണമായും ഓൺലൈനായിട്ടാണ് ചെയ്യുന്നത്. അപേക്ഷകർക്ക് നേരിട്ടോ ഓൺലൈനായോ അപേക്ഷ നൽകാവുന്നതാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് DBT സംവിധാനം മുഖേനയാണ് തുക വിതരണം ചെയ്യുന്നത്.

ഒന്നിലധികം അപേക്ഷ സമർപ്പിച്ചാൽ അവ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം, അപേക്ഷയുടെ ഓരോ നീക്കവും അപേക്ഷകനെ അറിയിച്ചു കൊണ്ടുള്ള SMS സംവിധാനം, അപേക്ഷന് ലഭ്യമായ Docket നമ്പർ ഉപയോഗിച്ച് ഏത് സമയത്തും cmo.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷയുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനം, അപേക്ഷ സമർപ്പണത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസ്, റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസ്, MLA/MP,

അക്ഷയകേന്ദ്രങ്ങൾ എന്നിവർക്കായി പ്രത്യേക ലോഗിൻ സംവിധാനം, പൊതുജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി പൊതുവായ ലോഗിൻ സംവിധാനം, അപേക്ഷകളുടെ തീർപ്പ് നിരീക്ഷിക്കാനായി താലൂക്ക്, കളക്ടറേറ്റ്, റവന്യൂ വകുപ്പ്, റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങളിൽ ഡാഷ് ബോർഡ് സംവിധാനം, അപേക്ഷയിൽ ഏതെങ്കിലും രേഖകളുടെ കുറവുണ്ടായാൽ അപേക്ഷകനെ ആ വിവരം അറിയിക്കുന്നതിനായി വില്ലേജ് തലത്തിൽ SMS സംവിധാനം, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന ഡോക്ടറുടെ ആധികാരികത പരിശോധിക്കാനായി ഡോക്ടർമാരുടെ രജിസ്ട്രേഷൻ മെഡിക്കൽ കൗൺസിൽ ഡാറ്റാബേസുമായി ബന്ധിപ്പിച്ച് വില്ലേജ്തലത്തിൽ പരിശോധന നടത്താനുള്ള സംവിധാനം തുടങ്ങിയ സവിശേഷതകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാസംതോറും വില്ലേജ്-താലൂക്ക്-ജില്ലാതലത്തിലും സർക്കാർതലത്തിലും അവലോകന യോഗം ചേർന്ന് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും തുടർനടപടികൾക്കായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആകെ എത്ര പേർക്ക് തുക അനുവദിച്ചുവെന്നും 2016 മുതൽ 2021 വരെയും 2011 മുതൽ 2016 വരെയും ഉള്ള സർക്കാരുകളുടെ കാലഘട്ടങ്ങളിൽ പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിരുന്നു എന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി 402939 പേർക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ 1293127 പേർക്ക് 5715.92 കോടി രൂപയും 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ 460653 പേർക്ക് 808.78 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി

35(2093) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദവും അപകടങ്ങൾ താരതമ്യേന കുറവുള്ളതും സർക്കാരിന്റെ സ്വപ്ന പദ്ധതികളിലൊന്നുമായ ദേശീയ ജലപാതയുടെ നിലവിലെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ദേശീയ ജലപാതയുടെ ഏതെല്ലാം റീച്ചുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ ഏതെല്ലാം റീച്ചുകളുടെ നിർമ്മാണമാണ് പൂർത്തീകരിക്കാനുള്ളതെന്നും ഓരോ റീച്ചിലും എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ-സി) കോവളം ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാത വികസന പദ്ധതി സർക്കാർ മുൻഗണന നൽകി നടപ്പാക്കുന്ന പദ്ധതികളിലൊന്നാണ്. അതിനാൽ

സർക്കാർതലത്തിലും വകുപ്പ് തലത്തിലും പുരോഗതി അവലോകനം നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ 616 കി.മീ. നീളത്തിൽ വിഭാവനം ചെയ്തിട്ടുള്ള കോവളം-ബേക്കൽ പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ)-ന്റെ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്.

പശ്ചിമതീരകനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരുന്നത്. ഒന്നാംഘട്ടത്തിൽ 520 കീ.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശ്രുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

ഇപ്പോൾ നടന്നുവരുന്ന രണ്ടാംഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിനും ജലപാത നിലവാരത്തിനാവശ്യമായ വീതിയിൽ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും കനാലുകൾക്ക് കുറുകെ ഉയരവും വീതിയും നീളവും കുറഞ്ഞ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൂന്നാംഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിൽ കോവളം മുതൽ കൊല്ലം അഷ്ടമുടി കായൽ മൗത്ത് വരെയുള്ള

(74.18 കി.മീ.) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്.

കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ ദൈർഘ്യമുള്ള ജലപാത ദേശീയ ജലപാത-3 ആയി ആദ്യം പ്രഖ്യാപിക്കപ്പെട്ടിരുന്നതും പിന്നീട് അതിനെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ (160 കി.മീ.) ദീർഘിപ്പിച്ചിട്ടുമുണ്ട്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജും പുനർനിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI)- യുടെ അധീനതയിലാണ് നടപ്പാക്കുന്നത്. ദേശീയ ജലപാത-3-ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ദൂരം ദേശീയ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) ദേശീയ ജലപാത അതോറിറ്റി (IWAI) തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക്-കം- ബ്രിഡ്ജ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കോഴിക്കോട് സിറ്റിയിൽ കൂടി കടന്നുപോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ.

ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 13.38 കി.മീ. ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും അപ്രോച്ച് റോഡിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

വടകര-മാഹി കനാൽ നിർമ്മാണം വിവിധ റീച്ചുകളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റീച്ച് 1 - ജലപാത നിർമ്മാണം പൂർത്തീകരിച്ചു. കൾവർട്ടുകളുടെ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം എന്നിവ പുരോഗമിക്കുന്നു.

റീച്ച് 2 - പൂർത്തീകരിച്ചു.

റീച്ച് 3 - 52% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിംഗ് ഭാഗത്തെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റീച്ച് 4 - കനാൽ എസ്കവേഷൻ പ്രവൃത്തി 93% പൂർത്തിയായിട്ടുണ്ട്.

റീച്ച് 5 - ജലപാത നിർമ്മാണം പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്.

മാഹി - വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്റർ ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാത ആക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ നടന്നുവരുന്നു. വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് - പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവർത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

രണ്ടാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവർത്തിയുടെ 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

മൂന്നാംകട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ നീലേശ്വരം - കോട്ടപ്പുറം വരെ 22.63 കിമീ. ജലപാത ഗതാഗതയോഗ്യമാണ്. നീലേശ്വരം - കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ (21.92 കി.മീ) നീട്ടുന്നതിനുള്ള പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനസജ്ജമായ സാഹചര്യത്തിലും വിനോദസഞ്ചാര വികസനത്തിന്റെ അനന്തസാധ്യതകളും കണക്കിലെടുത്തും സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലപാതാ വികസനപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കോവളം മുതൽ ബേക്കൽ

വരെയുള്ള ജലപാത നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിൽ 520 കി.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ചു പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡപ്രകാരം തിരുവനന്തപുരം ജില്ലയിലെ ആക്കുളം മുതൽ തൃശ്ശൂർ ജില്ലയിലെ ചേറ്റുവ വരെയുള്ള ജലപാത വികസന പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്.

ജലപാത വികസനത്തിന്റെ ഭാഗമായി കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിന് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരുന്ന കോവളം-ആക്കുളം ഭാഗം, കോട്ടപ്പുറം കല്ലായി ഭാഗം, കോഴിക്കോട് കനാൽസിറ്റി ഭാഗം, മാഹി-വളപട്ടണം, നീലേശ്വരം-ബേക്കൽ എന്നീ റീച്ചുകൾ ഒഴികെയുള്ള ഭാഗങ്ങൾ 2026 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പറമ്പിക്കുളം – ആളിയാർ കരാർ

36(2094) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജലകരാർ പുനരവലോകനം ചെയ്യേണ്ടിയിരുന്ന വർഷം ഏതാണെന്ന് വ്യക്തമാക്കാമോ?

1970 മെയ് 29-ന് നിലവിൽ വന്ന പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. ഉഭയകക്ഷി സമ്മതപ്രകാരം കരാറിലെ വ്യവസ്ഥകൾ ഓരോ 30 വർഷത്തിന്റെയും അനുഭവത്തിന്റെ വെളിച്ചത്തിൽ

പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. അതിനാൽ കരാർ പുനരവലോകനം ചെയ്യേണ്ടിയിരുന്നത് 1988, 2018 എന്നീ വർഷങ്ങളിലാണ്.

(ബി) കരാർ പുതുക്കുന്നതിന് കേരളത്തിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ പത്തുവർഷം എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയതെന്ന് വിശദീകരിക്കാമോ?

പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാനം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരുസംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

എന്നാൽ അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-09-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുവാൻ തമിഴ്നാട് സമ്മതിക്കുകയും കരാർ പുതുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകാം എന്ന് തീരുമാനിക്കുകയും ചെയ്തു. ഇരു സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറുമാസത്തിലൊരിക്കൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്താനും തീരുമാനിച്ചു.

കൂടാതെ, കരാർ പുതുക്കുന്നതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ വീതമുള്ള കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. മണക്കടവ് വിയറിൽ നിന്നും കേരളത്തിന് നൽകുന്ന ജലത്തിന്റെ അളവിലും, ചിറ്റൂർ പുഴ പ്രദേശത്തുനിന്നും കേരളത്തിന് ലഭ്യമാകുന്ന ജലത്തിന്റെ അളവിലുമുള്ള കുറവ് സംബന്ധിച്ച വിഷയങ്ങളും ഇതേ കമ്മിറ്റി പരിഗണിക്കുന്നതാണ്. ഇതിനായി 26-10-2019-ലെ സ.ഉ.(സാധാ) നം.762/2019/ജ.വി.വ പ്രകാരം കേരളം അന്നത്തെ ജലവിഭവ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു.

ഈ കമ്മിറ്റിയുടെ ആദ്യ യോഗം 12-12-2019-ന് ചെന്നൈയിൽ വച്ച് നടന്നു. പ്രസ്തുത ചർച്ചയിൽ കേരളം ആവശ്യപ്പെട്ടതനുസരിച്ച് കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള പറമ്പിക്കുളം സിസ്റ്റത്തിന്റെ ഡാറ്റയും പറമ്പിക്കുളം-ആളിയാർ സിസ്റ്റത്തിൽ ഉൾപ്പെടുന്ന എല്ലാ റിസർവോയറുകളുടെയും യഥാർത്ഥ ലഭ്യതയും പുനഃപരിശോധിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

പി.എ.പി. കരാർ പുനരവലോകന സാങ്കേതിക സമിതിയുടെ രണ്ടാമത് യോഗം 11-09-2020-ന് തിരുവനന്തപുരത്തുവച്ച് നടന്നു. പ്രസ്തുത യോഗത്തിൽ തമിഴ്നാട് ഉന്നയിച്ച ആവശ്യങ്ങൾ വിശദമായി പരിശോധിച്ച് പ്രസ്തുത പദ്ധതികൾ എങ്ങനെയൊക്കെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും എന്ന് ജലസേചന വകുപ്പിലെയും വൈദ്യുതി വകുപ്പിലെയും വിദഗ്ധർ ഉൾപ്പെട്ട സമിതി പഠനം നടത്തി തുടർനടപടികൾ നിർദേശിച്ചിട്ടുണ്ട്. കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് 17-09-2021-ന് കേരളത്തിലെയും

തമിഴ്നാട്ടിലെയും സെക്രട്ടറിമാരുടെ യോഗം ഓൺലൈൻ ആയി കൂടിയിരുന്നു.

പി.എ.പി. കരാർ പുതുക്കി നിശ്ചയിക്കുന്നതുവഴി കേരളത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ച നടത്തി പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും കൂടുതൽ ജലം നേടിയെടുക്കുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്.

ജലപാതയുടെ നിർമ്മാണം

37(2095) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലപാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നത് വിശദമാക്കാമോ?

വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ നിന്നും കുടിയൊഴിപ്പിക്കുന്നവരെ കിഫ്ബി ധനസഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനായി 'വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്' എന്ന പുനരധിവാസ പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിന് അർഹരായി വർക്കല ഭാഗത്ത് കണ്ടെത്തിയ 385 കുടുംബങ്ങളിൽ 357 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. ബാക്കി കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

വർക്കല ഭാഗത്ത് 'പുനർഗേഹം' മോഡൽ പുനരധിവാസ പദ്ധതി പ്രകാരം അംഗീകാരം നൽകിയ 76 കുടുംബങ്ങളുടെ ലിസ്റ്റിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം

പദ്ധതിയുടെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള 9 കുടുംബങ്ങൾ, അർഹതാലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഒരു കുടുംബം എന്നിവർ ഒഴികെ ശേഷിക്കുന്ന 66 കുടുംബങ്ങളിൽ 30 പേർക്ക് ആനുകൂല്യം ഫിഷറീസ് വകുപ്പ് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന 36 കുടുംബങ്ങളും അധികമായി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്ന് പിന്നീട് കണ്ടെത്തിയ 3 കുടുംബങ്ങളും ചേർത്ത് 39 കുടുംബങ്ങളിൽ 37 കുടുംബങ്ങൾക്ക് പുനരധിവാസ തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 കുടുംബങ്ങളിൽ ഒരാൾക്ക് ആനുകൂല്യത്തിന് അർഹതയില്ലെന്ന് കണ്ടെത്തിയിട്ടുള്ളതും മറ്റൊരാൾ മരണപ്പെട്ടതിനാൽ ആനുകൂല്യം ഭാര്യയ്ക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്.

കഠിനംകുളം ഭാഗത്ത് പാക്കേജ് പ്രകാരം പുനരധിവസിപ്പിക്കേണ്ട 194 കുടുംബങ്ങളിൽ 178 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിവരുന്നു.

തിരുവനന്തപുരം ഭാഗത്ത് 937 പ്ലോട്ടുകളിലായി 967-ഓളം കുടുംബങ്ങളെ പുനരധവസിപ്പിക്കേണ്ടതുണ്ട്. ഇതിൽ 473 പ്ലോട്ടുകൾക്ക് പട്ടയം ഉള്ളതായി കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത ഭൂമി ലാൻഡ് അക്വിസിഷൻ നടപടിയിലൂടെ ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ച് വരികയുമാണ്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ കനാൽ പുറമ്പോക്കിലുള്ള 494 കുടുംബങ്ങളിൽ 416 കുടുംബങ്ങൾ പാക്കേജ് സ്വീകരിക്കാൻ തയ്യാറായിട്ടുണ്ട്. ഇതിൽ 349 കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകി തുക കൈമാറി വരുന്നതുമാണ്.

നാളിതുവരെ 759 കുടുംബങ്ങൾക്ക് പാക്കേജ് തുക കൈമാറിയിട്ടുണ്ട്. ബാക്കി

കുടുംബങ്ങളുടെ തുക കൈമാറി വരുന്നു.

(ബി) ആയതിൽ വർക്കല മണ്ഡലത്തിൽ എത്ര പേർ ഉൾപ്പെടുന്നു എന്ന് വിശദമാക്കാമോ?

'വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്' പ്രകാരം വർക്കല ഭാഗത്ത് 385 കുടുംബങ്ങളിൽ 357 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. ബാക്കി കുടുംബങ്ങളുടെ പുനരധിവാസം പുരോഗമിച്ചു വരുന്നു.

വർക്കല ഭാഗത്ത് 'പുനർഗേഹം' മോഡൽ പുനരധിവാസ പദ്ധതി പ്രകാരം അംഗീകാരം നൽകിയ 76 കുടുംബങ്ങളുടെ ലിസ്റ്റിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള 9 കുടുംബങ്ങൾ, അർഹതാലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഒരു കുടുംബം എന്നിവർ ഒഴികെ ശേഷിക്കുന്ന 66 കുടുംബങ്ങളിൽ 30 പേർക്ക് ആനുകൂല്യം ഫിഷറീസ് വകുപ്പ് പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന 36 കുടുംബങ്ങളും അധികമായി പുനരധിവസിപ്പിക്കേണ്ടതുണ്ട് എന്ന് കണ്ടെത്തിയ 3 കുടുംബങ്ങളും ചേർത്ത് 39 കുടുംബങ്ങളിൽ 37 കുടുംബങ്ങൾക്ക് പുനരധിവാസ തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 കുടുംബങ്ങളിൽ ഒരാൾക്ക് ആനുകൂല്യത്തിന് അർഹതയില്ലെന്ന് കണ്ടെത്തിയിട്ടുള്ളതും മറ്റൊരാൾ മരണപ്പെട്ടതിനാൽ ആനുകൂല്യം ഭാര്യയ്ക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്.

(സി) വർക്കല മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ?

കൃത്യമായ രേഖകൾ ലഭ്യമല്ലാത്ത കുടുംബങ്ങളുടെ പുന:പരിശോധന

പൂർത്തീകരിക്കുന്ന മുറയ്ക്കും കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന അപേക്ഷകളിൽ തീരുമാനം ആകുന്ന മുറയ്ക്കും മാത്രമേ ആനുകൂല്യം ലഭ്യമാകാനുള്ളവരുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

അഴീക്കോട് ജങ്കാർ നീക്കം ചെയ്യാൻ നടപടി

38(2097) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം മണ്ഡലത്തിൽ അഴീക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണത്തെത്തുടർന്ന് സർവീസ് മതിയാക്കിയ അഴീക്കോട് മുനമ്പം ജങ്കാർ കോസ്റ്റൽ പോലീസ് സ്റ്റേഷന് സമീപത്തായി തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്നതിനാൽ ആയതുകൊണ്ട് കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും പ്രദേശവാസികൾക്ക് ഉണ്ടായിട്ടുള്ള ഭീതി പരിഹരിക്കുന്നതിനുമായി എത്രയും വേഗം നീക്കം ചെയ്യുന്നതിനായി എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, എറണാകുളം ജില്ലയിലെ മുനമ്പം എന്നീ കടവുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലം നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജങ്കാർ ലേലം ചെയ്ത് വിൽക്കുന്നതിനും കൂടാതെ ജങ്കാർ സർവ്വീസ് നിർത്തി വച്ച സാഹചര്യത്തിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനും അനുമതി നല്കണമെന്നുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ തീരുമാനത്തിൽ ആർ.സി3/798/2023/തസ്വഭവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഫയൽ ഷിപ്പിങും ഉൾനാടൻ ജലഗതാഗതവും

വകുപ്പിലേക്ക് കൈമാറുകയുണ്ടായി. ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പിന്റെ എ 2/129/2025/CSIN നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരികയാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ

39(2098) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും അവയുടെ അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ?

ക്രമ നം.	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക (ലക്ഷം രൂപ)	നിലവിലെ അവസ്ഥ
1	പൂതക്കുളം ഗ്രാമപഞ്ചായത്തിലെ നെല്ലേറ്റിൽ കടവ് ബോട്ട് ജെട്ടി നവീകരണം	16.15	പ്രവൃത്തി പൂർത്തീകരിച്ചു
2	പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കാപ്പിൽ കടവ് ബോട്ട് ജെട്ടി നവീകരണം	16	പ്രവൃത്തി പൂർത്തീകരിച്ചു
3	പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ഇടയാടി ബോട്ട് ജെട്ടി നവീകരണം	10	പ്രവൃത്തി പൂർത്തീകരിച്ചു
4	പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പീന്തമുക്ക് ബോട്ട് ജെട്ടി നവീകരണം	20	പ്രവൃത്തി പൂർത്തീകരിച്ചു
5	കുട്ടൂർ പാലം മുതൽ ആറ്റുംപുറം പാലം വരെ മണിയൻകുളം തോടിന്റെ സംരക്ഷണത്തിനായി ചെയിൻ ലിങ്ക് ഫെൻസിംഗ്.	94	പ്രവൃത്തി പൂർത്തീകരിച്ചു
6	ആറ്റുംപുറം പാലം മുതൽ മണിയൻകുളം പാലം വരെ മണിയൻകുളം തോടിന്റെ സംരക്ഷണത്തിനായി	94	പ്രവൃത്തി പൂർത്തീകരിച്ചു

	ചെയിൻ ലിങ്ക് ഫെൻസിംഗ്.		
7	പരവൂർ മുൻസിപ്പാലിറ്റിയിൽ നേരുകടവ് ബോട്ട് ജെട്ടി നവീകരണം.	18	പ്രവൃത്തി പൂർത്തീകരിച്ചു
8	പരവൂർ മുൻസിപ്പാലിറ്റിയിൽ പൊഴിക്കര ബോട്ട് ജെട്ടി നവീകരണം	12	പ്രവൃത്തി പൂർത്തീകരിച്ചു
9	മണിയംകുളം തോട് ചെ. 57.96 കി.മീ മുതൽ 60.72 കി.മീ വരെ ആഴം കൂട്ടൽ പ്രവൃത്തി.	50	പ്രവൃത്തി പുരോഗമിക്കുന്നു
10	പരവൂർ മുനിസിപ്പാലിറ്റിയിൽ കൂട്ടുർ പാലത്തിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലുമായി മണിയൻകുളം തോടിന്റെ ഇടത് വലത് കരകളുടെ സംരക്ഷണ 17 പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി	11	ടെണ്ടർ നടപടികൾ നടന്നുവരുന്നു.
11	പൂതക്കുളം ഗ്രാമപഞ്ചായത്തിലെ ബയോഡൈവേഴ്സിറ്റി പാർക്ക് ബോട്ട് ജെട്ടിയുടെ നവീകരണ പ്രവൃത്തി	84	ഭരണാനുമതി ലഭിച്ചു.

ഡ്രെഡ്ജിംഗ് നടത്തുന്ന സ്ഥലം അടയാളപ്പെടുത്തുന്നതിന് നടപടി

40(2099) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിൽ അഷ്ടമുടിക്കായലിൽ ആഴം കൂട്ടുന്നതിനായി കരാർ എടുത്ത കമ്പനി ദേശീയ ജലപാതയുടെ അതിർത്തിവിട്ട് മത്സ്യബന്ധനത്തിന് തടസ്സമുണ്ടാകുന്ന തരത്തിൽ ഡ്രഡ്ജിംഗ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡ്രഡ്ജിംഗ് നടത്തേണ്ട സ്ഥലം അടയാളപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഡ്രഡ്ജിംഗ് ജോലികൾക്കായി വിഭാവനം ചെയ്ത മൂന്ന് റീച്ചുകളും മറൈൻ ഹൈഡ്രോഗ്രാഫിക് വിങ് മുഖേന അളന്ന് തിട്ടപ്പെടുത്തിയിരുന്നു. ഡ്രഡ്ജിംഗ് പ്രവൃത്തി ദേശീയ ജലപാതയിലെ ഭാഗങ്ങളിലേക്ക് മാറ്റാനായി NHAI-യ്ക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

കനാൽ നവീകരണ പദ്ധതി

41(2100) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ ഏതൊക്കെ കനാലുകളെയാണ് കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഓരോ കനാലുകളും എവിടെ നിന്നാരംഭിക്കുന്നുവെന്നും എവിടെ അവസാനിക്കുന്നുവെന്നും ഓരോന്നിനും എത്ര നീളമുണ്ടെന്നുമുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രോജക്ട് (IURWTS) എന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കനാലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇടപ്പള്ളി കനാൽ (11.50 കി.മീ നീളം) – മുട്ടാർ കടവ് മുതൽ ചിത്രപ്പുഴ വരെ.

ചിലവന്നൂർ കനാൽ (11.50 കി.മീ നീളം) – അമൃത ഹോസ്പിറ്റൽ മുതൽ ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് വരെ.

പേരണ്ടൂർ കനാൽ (9.90 കി.മീ നീളം) – പേരണ്ടൂർ റെയിൽവേ പാലം മുതൽ തേവര കനാൽ വരെ.

തേവര കനാൽ (1.41 കി.മീ നീളം) തേവര കായൽ മുതൽ കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത വരെ.

മാർക്കറ്റ് കനാൽ (660 മീറ്റർ നീളം) –എറണാകുളം മാർക്കറ്റ് ബാനർജി റോഡ് മുതൽ കൊച്ചി കായൽ വരെ.

കോന്തുരുത്തി കനാൽ (660 മീറ്റർ നീളം) –തേവര കനാലിൽ നിന്നും ആരംഭിച്ച് തേവര

കായലിൽ അവസാനിക്കുന്നു.

മംഗളവനം കനാൽ (300 മീറ്റർ നീളം) – മംഗളവനം പക്ഷി സങ്കേതം മുതൽ കൊച്ചി കായൽ വരെ.

(ബി) ഈ പദ്ധതിയുടെ ഭാഗമാകുന്നതിന് പ്രസ്തുത കനാലുകൾക്കുള്ള നിലവിലെ വീതി പര്യാപ്തമാണോ; ഇനിയും വീതി വർധിപ്പിക്കേണ്ടതായ കനാലുകളുണ്ടെങ്കിൽ അവയേതൊക്കെയെന്നും അവയുടെ നിലവിലെ വീതിയും വർധിപ്പിക്കേണ്ടതായ വീതിയും തരംതിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

നിലവിലുള്ള വീതി പര്യാപ്തമല്ല.

ഇടപ്പള്ളി കനാൽ- നിലവിൽ 5 മീറ്റർ മുതൽ 180 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിനും ജലഗതാഗതത്തിനുംവേണ്ടി ഏറ്റവും ചുരുങ്ങിയത് 16.50 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

ചിലവന്നൂർ കനാൽ - നിലവിൽ 2 മീറ്റർ മുതൽ 300 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിനുവേണ്ടി ഏറ്റവും ചുരുങ്ങിയത് 9 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

പേരണ്ടൂർ കനാൽ - നിലവിൽ 2 മീറ്റർ മുതൽ 110 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിനുവേണ്ടി ഏറ്റവും ചുരുങ്ങിയത് 11 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

തേവര കനാൽ - നിലവിൽ 13 മീറ്റർ മുതൽ 25 മീറ്റർ വരെ വീതിയുള്ള കനാലിനെ വെള്ളപ്പൊക്ക നിവാരണത്തിനുവേണ്ടി ഏറ്റവും ചുരുങ്ങിയത് 11 മീറ്റർ വീതിയിൽ

വികസിപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

മാർക്കറ്റ് കനാൽ -നിലവിൽ 2 മീറ്റർ മുതൽ 20 മീറ്റർ വരെ വീതിയുള്ള കനാലിനെ നിലവിലുള്ള വീതിയിൽ നിലനിർത്തുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

കോന്തുരുത്തി കനാൽ - നിലവിൽ 2 മീറ്റർ മുതൽ 20 മീറ്റർ വരെ വീതിയുള്ള കനാലിനെ സർവ്വെ റെക്കോർഡുകൾ പ്രകാരമുള്ള കനാലിന്റെ യഥാർത്ഥ വീതിയിലേക്ക് എത്തിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

(സി) ഇതിനായി കനാലിന്റെ വശങ്ങളിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നും എത്ര വീടുകൾ അതിലുണ്ടെന്നതും സംബന്ധിച്ച വിശദവിവരം ഓരോ കനാലിന്റെയും പേരിനോടൊപ്പം തരംതിരിച്ച് ലഭ്യമാക്കുമോ?

കനാലുകളുടെ ഇരുകരകളിലും നടപ്പാത നിർമ്മിക്കുന്നതിനായി ചുരുങ്ങിയത് 2 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടി വരും. ഇതിനായി 42 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അനുമതി നല്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി കനാൽ പുറമ്പോക്ക് അതിർത്തി നിർണ്ണയ സർവ്വെ ജോലികൾ ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പുറമ്പോക്ക് വിവരങ്ങൾ ലഭിച്ചതിനുശേഷംമാത്രമേ എത്ര വീടുകൾ ഉൾപ്പെടുന്നുണ്ട് എന്നറിയുവാൻ കഴിയുകയുള്ളൂ.

(ഡി) ഈ പദ്ധതിയിലുൾപ്പെടുന്ന ഏതൊക്കെ കനാലുകളിലൂടെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതരത്തിൽ ബോട്ട് സർവീസ് ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഇടപ്പള്ളി കനാലും, തേവര കനാലും ഉടനീളത്തിൽ ജലഗതാഗത യോഗ്യമാക്കുന്നതിനും ചിലവന്നൂർ കനാലിന്റെ എളംകുളം മെട്രോ സ്റ്റേഷൻ മുതൽ ബണ്ട് റോഡ് വരെയുള്ള ഭാഗം ജലഗതാഗത യോഗ്യമാക്കുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ, മംഗളവനം കനാൽ എന്നിവയിൽ ജലഗതാഗതം വിഭാവനം ചെയ്തിട്ടില്ല. പേരണ്ടൂർ കനാലിലും, ചിലവന്നൂർ കനാലിന്റെ ബാക്കി ഭാഗത്തും റെയിൽവെ പാലങ്ങൾ ഉയർത്തുന്നത് പ്രായോഗികമല്ലാത്തതിനാൽ ജലഗതാഗതം വിഭാവനം ചെയ്തിട്ടില്ല.

വാട്ടർമെട്രോ ടെർമിനലുകൾ

42(2101) ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വാട്ടർ മെട്രോ ടെർമിനലുകൾ ഏതെല്ലാമാണെന്നും പ്രസ്തുത ടെർമിനലുകളുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളിൽ വൈപ്പിൻ, ബോൾഗാട്ടി ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മുളവുകാട് നോർത്ത് ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്.

മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചെന്നൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, ചാരിയംതുരുത്ത്, എളംകുന്നപ്പുഴ, മൂലമ്പിള്ളി എന്നീ ടെർമിനലുകളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഓരോ ടെർമിനലുകളുടേയും നിർമ്മാണത്തിനായി വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ?

ഓരോ ടെർമിനലുകളുടേയും നിർമ്മാണത്തിനായി വകയിരുത്തിയ തുക, പൂർത്തീകരിച്ച ടെർമിനലുകളുടെ ചെലവായ തുക എന്നിവ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത

43(2102) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാതയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; ഏത് സ്ഥാപനമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; നിർദിഷ്ട ജലപാതയുടെ ആകെ നീളം എത്ര കിലോമീറ്ററാണ്; ഈ പദ്ധതിക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കിലോമീറ്റർ ജലപാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ 616 കി.മീ നീളത്തിൽ വിഭാവനം ചെയ്തിട്ടുള്ള കോവളം-ബേക്കൽ പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ)-ന്റെ കോവളം മുതൽ കൊല്ലംവരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയജലപാതയുമാണ്. ഉൾനാടൻ ജലപാത വികസന പ്രവൃത്തികൾക്കായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെഡബ്ല്യുഐഎൽ), ഇൻലാൻഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാവിഗേഷൻ വകുപ്പ് എന്നിവ സംയുക്തമായാണ് ജലപാതാ വികസനം നടപ്പിലാക്കി വരുന്നത്.

പശ്ചിമതീരകനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാംഘട്ടത്തിൽ 520 കീ.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

ഇപ്പോൾ നടന്നുവരുന്ന രണ്ടാംഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ, വികസിപ്പിക്കുന്നതിനും ജലപാത നിലവാരത്തിനാവശ്യമായ വീതിയിൽ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും കനാലുകൾക്ക് കുറുകെ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിരവധി ലോക്ക്-കം-ബ്രിഡ്ജ്കളുടെ നിർമ്മാണവും അതോടൊപ്പം നടന്നുവരുന്നു.

മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പദ്ധതിക്കായി ഏകദേശം 6500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

കോവളം-വർക്കല ഭാഗത്തെ കനാൽ വികസനത്തിന്റെ ഭാഗമായി 1500-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ പ്രാഥമിക ചെലവിലേക്ക് 247.2 കോടി രൂപയും, കോവളം ആക്കുളം ഭാഗത്തെ 16 കി.മീ വികസന പ്രവൃത്തികൾക്ക് 183 കോടി രൂപയും

കിഫ്ബി ധനസഹായം അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കനോലി കനാലിനെ ജലപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിനായുള്ള 1,118 കോടി രൂപയുടെ കനാൽ സിറ്റി പദ്ധതി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

മാഹി വളപട്ടണം ഭാഗത്തെ മൂന്ന് റീച്ചുകളിലായി ഭൂമി ഏറ്റെടുക്കുന്നതിന് 650 കോടി രൂപയുടെ കിഫ്ബി ധനസഹായത്തിന് അനുമതി നൽകിയിട്ടുണ്ട്.

നീലേശ്വരം ബേക്കൽ ഭാഗത്ത് 6.5 കി.മീ ദൂരം പുതിയതായി കനാൽ നിർമ്മിക്കുന്നതിനായി കിഫ്ബി മുഖേന 189 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ.) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്.

കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ ദൈർഘ്യമുള്ള ജലപാത ദേശീയ ജലപാത-3 ആയി ആദ്യം പ്രഖ്യാപിക്കപ്പെട്ടിരുന്നതും പിന്നീട് അതിനെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ (160 കി.മീ.) ദീർഘിപ്പിച്ചിട്ടുമുണ്ട്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജും പുനർനിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി

വരുന്നുണ്ട്. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാത അതോറിറ്റിയുടെ (IWAI) അധീനതയിലാണ് നടപ്പാക്കുന്നത്. ദേശീയ ജലപാത 3-ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ദൂരം ദേശീയ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) ദേശീയ ജലപാത അതോറിറ്റി (IWAI) തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക്-കം- ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

കോഴിക്കോട് സിറ്റിയിൽക്കൂടി കടന്നുപോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 13.38 കി.മീ. ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും അപ്രോച്ച് റോഡിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്റർ ദൂരം വരുന്ന കനാൽ

നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാത ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കാസർകോഡ് ജില്ലയിൽ കൊറ്റി മുതൽ നീലേശ്വരം - കോട്ടപ്പുറം വരെ 22.63 കി.മീ. ജലപാത ഗതാഗത യോഗ്യമാണ്. നീലേശ്വരം-കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ (21.92 കി.മീ.) നീട്ടുന്നതിനുള്ള പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിൽ 6.5 കി.മീ. ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ജലപാതയുടെ നിർമ്മാണം എന്തുകൊണ്ടാണ് സമയത്തിന് പൂർത്തിയാക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ?

ജലപാത വികസനത്തിന്റെ ഭാഗമായി കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിന് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. ഈ പുനരധിവാസ നടപടികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നതും കനാൽ വികസനത്തിന് ആവശ്യമായ സ്ഥലമേറ്റെടുപ്പിന് നിയമപരമായ നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി വരുന്ന സമയപരിധിയും ജലപാത വികസന പ്രവർത്തനങ്ങളുടെ പുരോഗതി വൈകുവാൻ കാരണമാകുന്നുണ്ട്.

(സി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ വർധിപ്പിക്കുന്ന പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിൽ

520 കീ.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശ്രുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡപ്രകാരം തിരുവനന്തപുരം ജില്ലയിലെ ആക്കുളം മുതൽ തൃശ്ശൂർ ജില്ലയിലെ ചേറ്റുവ വരെയുള്ള ജലപാത വികസന പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്, 2025 ഡിസംബർ മാസത്തോടുകൂടി പൂർണ്ണമായും പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുവാനാണ് ലക്ഷ്യമിടുന്നത്. ജലപാത വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുപ്പിന് നിയമപരമായി ഉണ്ടാകുന്ന കാലതാമസവും കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസ നടപടികൾ പൂർത്തിയാക്കേണ്ടതുള്ളതിനാലുമാണ് ജലപാത വികസന പ്രവർത്തനങ്ങളുടെ വേഗം കുറയുന്നത്. എന്നിരുന്നാലും സ്ഥലംമേറ്റെടുപ്പ് ആവശ്യമായി വരുന്ന കോവളം-ആക്കുളം ഭാഗം, കോട്ടപ്പുറം-കല്ലായി ഭാഗം, കോഴിക്കോട് കനാൽ സിറ്റി ഭാഗം, മാഹി-വളപട്ടണം, നീലേശ്വരം-ബേക്കൽ എന്നീ റീച്ചുകൾ ഒഴികെ 2026 ഡിസംബർ മാസത്തോടുകൂടി ജലപാത പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

പ്രവാസി മലയാളികൾക്ക് ആരോഗ്യ-അപകട ഇൻഷ്വറൻസ്

44(2103) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി ആരോഗ്യ - അപകട ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലൂടെ വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലുമുള്ള മലയാളികൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ വ്യക്തമാക്കാമോ?

(എ-സി) ഉണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി രൂപകല്പന ചെയ്തിട്ടുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷ്വറൻസ് പരിരക്ഷയാണ് നോർക്ക കെയർ. ടി പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 22-ന് നടന്നു. New India Assurance Company Ltd. ആണ് ഇൻഷ്വറൻസ് പാർട്ട്ണർ.

മാനദണ്ഡങ്ങൾ

സാധുവായ നോർക്ക പ്രവാസി ഐ.ഡി. കാർഡുള്ള പ്രവാസി കേരളീയർ, വിദേശത്ത് പഠിക്കുന്ന നോർക്ക സ്റ്റുഡന്റ് ഐ.ഡി. കാർഡുള്ള കേരളീയരായ വിദ്യാർഥികൾ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ എൻ.ആർ.കെ. ഐ.ഡി. കാർഡുള്ള പ്രവാസികളായ കേരളീയർ എന്നിവർക്ക് ഇതിൽ അപേക്ഷിക്കാം.

പദ്ധതിയുടെ ആനുകൂല്യങ്ങൾ

- ഇൻഷ്വറൻസ് കവറേജ് - ₹5 ലക്ഷം
- പ്രായപരിധി - 18-70 വയസ്സ്, കുട്ടികൾക്ക് പരമാവധി 25 വയസ്സ്
- പോളിസി കാലത്തിനുമുമ്പുള്ള രോഗങ്ങൾക്കും പരിരക്ഷ.

- ചികിത്സ ലഭിക്കുന്നതിന് കാത്തിരിപ്പ് കാലം ഒഴിവാക്കിയിരിക്കുന്നു.
- ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാണ്.
- ചികിത്സയ്ക്കുമുമ്പ് 30 ദിവസത്തെയും പിന്നീട് 60 ദിവസത്തെയും ചെലവുകൾ 5,000 രൂപ വരെ ഓരോ ക്ലെയിമിനും ലഭ്യമാണ്.

പദ്ധതിയുടെ പ്രധാന സവിശേഷതകൾ:

- നിലവിൽ മാർക്കറ്റിലുള്ള ഇൻഷ്വറൻസ് പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ, ഈ പദ്ധതിയുടെ പ്രീമിയം വളരെ കുറവാണ്.
- ഇന്ത്യയിലുടനീളം 16000-ലധികം ആശുപത്രികൾ ഈ പദ്ധതിയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. (കേരളത്തിൽ മാത്രം 480+ ആശുപത്രികൾ).
- ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന പ്രവാസികൾക്ക് താമസിക്കുന്ന സ്ഥലങ്ങളിൽ ചികിത്സ തേടുന്നതിനുള്ള സൗകര്യം ലഭ്യമാണ്.
- 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയും നൽകുന്നുണ്ട്.
- ഇൻഷ്വറൻസ് പ്രീമിയം ജി.എസ്.ടി. ഉൾപ്പെടെ 13,411 രൂപ (ഭർത്താവ്, ഭാര്യ, 25 വയസ്സിനുതാഴെയുള്ള രണ്ട് മക്കൾ)
- ഒരു വ്യക്തിക്ക് (പ്രായപരിധി 18 -70) ₹ 8101/-
- അധികമായി ഒരു കുട്ടിക്ക് (25 വയസ്സിനുതാഴെയുള്ള) ₹4130/-
- അപകട മരണ ഇൻഷ്വറൻസ് - ₹10 ലക്ഷം (സ്കീം ഉടമയ്ക്കുമാത്രം)

സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ തൊഴിൽ കൂടിയേറ്റം

45(2104) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതവും വ്യവസ്ഥാപിതവും ഗുണനിലവാരമുള്ളതുമായ തൊഴിൽ കൂടിയേറ്റം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നോർക്ക റൂട്ട്സിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സുരക്ഷിതവും വ്യവസ്ഥാപിതവും ഗുണനിലവാരമുള്ളതുമായ കുടിയേറ്റത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് നോർക്ക റൂട്ട്സ് പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നു. കുടിയേറുന്ന രാജ്യത്തെക്കുറിച്ചും തൊഴിൽ സാഹചര്യത്തെക്കുറിച്ചും വ്യക്തമായ തീരുമാനങ്ങളെടുക്കുന്നതിനും പുതിയ രാജ്യത്ത് വിജയിക്കാനാവശ്യമായ അറിവ്, കഴിവ്, ആത്മവിശ്വാസം എന്നിവ വളർത്തി വ്യക്തികളെ സജ്ജരാക്കുന്നതിനും പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സഹായിക്കുന്നു. ഇത് അന്താരാഷ്ട്ര കുടിയേറ്റവുമായി ബന്ധപ്പെട്ട അപകടസാധ്യതകളും വെല്ലുവിളികളും കുറയ്ക്കുന്നു. കുടിയേറുന്ന രാജ്യത്ത് സുരക്ഷിതവും വിജയകരവുമായി എത്തിച്ചേരുന്നതിനും അവിടത്തെ സാംസ്കാരിക, തൊഴിൽ സാഹചര്യങ്ങൾ, പൊതുനിയമങ്ങൾ എന്നിവയെക്കുറിച്ചും പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകളിലൂടെ അവബോധം നൽകുന്നു. പ്രധാനമായും നഴ്സിങ് കോളേജുകൾ കേന്ദ്രീകരിച്ചാണ് പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നത്. കഴിഞ്ഞ

വർഷം നഴ്സിങ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി 16 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

സുരക്ഷിത കുടിയേറ്റം മുൻനിർത്തി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി പോസ്റ്ററുകൾ, ഷോർട്ട് വീഡിയോകൾ എന്നിവ പ്രദർശിപ്പിച്ചുവരുന്നു. വിസ/തൊഴിൽ തട്ടിപ്പിനിരയാകുന്നവരുടെയും അനധികൃത ഏജന്റുമാരുടെ ചതിക്കുഴികളിൽപെടുന്നവരുടെയും എണ്ണം വർധിച്ചുവരുന്നതിനാൽ കൂടുതൽ ശക്തവും കാര്യക്ഷമവുമായ ഇടപെടലുകൾ നടത്തുന്നതിനായി കേരളീയ പ്രവാസികാര്യ വകുപ്പ്, കേരള പോലീസിന്റെയും വിദേശകാര്യ മന്ത്രാലയത്തിനുകീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെയും സഹകരണത്തോടെ ഓപ്പറേഷൻ ശുഭയാത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

'ഓപ്പറേഷൻ ശുഭയാത്ര'-യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, തിരുവനന്തപുരം, എറണാകുളം ഓഫീസുകളിലെ ഉദ്യോഗസ്ഥർ, പൊലീസ് സൂപ്രണ്ട് എൻ.ആർ.ഐ. സെൽ എന്നീ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇ-മെയിലുകൾ വഴിയും 0471-2721547 എന്ന ഹെൽപ് ലൈൻ നമ്പർ വഴിയും അറിയിക്കാൻ സാധിക്കുന്നതാണ്.

(ബി) ഉന്നത വിദ്യാഭ്യാസം നേടിയ കേരളത്തിലെ യുവതീ-യുവാക്കൾക്ക് ലോകത്തെവിടെയും തൊഴിലവസരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ യുവതീ-യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള സാങ്കേതിക കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിവരുന്നു.

വിദേശ രാജ്യങ്ങളിൽ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിൽ ലഭ്യമാകുന്ന ഉയർന്ന തൊഴിൽ സാധ്യത പരിഗണിച്ച് യുവ തൊഴിലന്വേഷകർക്ക് ഈ മേഖലയിലെ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സസ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡേറ്റാ സയൻസ് & അനലറ്റിക്സ് എന്നീ കോഴ്സുകൾ ഐ.സി.റ്റി. അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിങ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ, നഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവൺമെന്റ് ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് നഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)-മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം മുഖേന ആകെ 1040 യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. (ICT-553, Nice- Anep-77, ASAP-141, LBS-55, OET-151, Language-63). കൂടാതെ German, Japanees, Spoken Arabic, English (IELTS, OET) എന്നീ ഭാഷകളിൽ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ Norka Institute of Foreign Language

എന്ന സ്ഥാപനം മുഖേന പരിശീലനം നടത്തിവരുന്നു.

(സി) കുടിയേറ്റ ഏജന്റുമാരുടെ വഞ്ചനയും തട്ടിപ്പും കുറയ്ക്കുന്നതിനായി ഭാഷാ പരിശീലന കേന്ദ്രങ്ങളെയും റിക്രൂട്ട്മെന്റ് ഏജൻസികളെയും കൃത്യമായി നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിദേശകാര്യ മന്ത്രാലയത്തിനുകീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ നിയന്ത്രണത്തിലാണ് റിക്രൂട്ട്മെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നത്. എന്നിരുന്നാലും കുടിയേറ്റ ഏജന്റുമാരുടെ വഞ്ചനയും തട്ടിപ്പും കുറയ്ക്കുന്നതിനായി കേരള പൊലീസും പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സുമായി ചേർന്ന് ഓപ്പറേഷൻ ശുഭയാത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 'ഓപ്പറേഷൻ ശുഭയാത്ര'-യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം സാധ്യമാക്കുന്നതിന് സ്റ്റുഡന്റ്സ് മൈഗ്രേഷൻ സെൽ രൂപകല്പന ചെയ്തിട്ടുണ്ട്. പരാതികൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന പരാതി പരിഹാരം, വിദേശ രാജ്യങ്ങളിലെ പ്രസക്തമായ നിയമനിർമ്മാണങ്ങളെക്കുറിച്ചുള്ള പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ മെറ്റീരിയലുകളും അപ്ഡേറ്റുകളും നൽകുന്ന ഒരു സമഗ്ര വെബ്സൈറ്റിന്റെ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ദുരിതത്തിലായ വിദ്യാർഥികൾക്ക് ഡയസ്പോറ കണക്ഷനുകൾ, നോർക്ക ഹെൽപ് ഡെസ്കുകൾ എന്നിവയിലൂടെ ആവശ്യമായ സഹായങ്ങളും ഈ പദ്ധതി നൽകുന്നു. സ്റ്റുഡന്റ്സ് മൈഗ്രേഷനുമായി ബന്ധപ്പെട്ട് വിശദവിവരങ്ങൾ നൽകുന്നതിന് സ്റ്റുഡന്റ്സ് മൈഗ്രേഷൻ

പോർട്ടൽ അന്തിമഘട്ടത്തിലാണ്.

സുരക്ഷിതവും സുതാര്യവുമായ കുടിയേറ്റം, വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അവ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് റിക്രൂട്ട്മെന്റ് ഏജൻസികളെ ഒരുമിപ്പിക്കുക എന്നീ വിഷയങ്ങളെ അധികരിച്ചുകൊണ്ട് നോർക്ക വകുപ്പും പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി തിരുവനന്തപുരത്തുവച്ച് വിദേശ റിക്രൂട്ട്മെന്റ് ഏജൻസികളുടെ ഏകദിന ശില്പശാല സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

(ഡി) കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വിശ്വമാകെ വ്യാപിച്ചുകിടക്കുന്ന പ്രവാസി സമൂഹത്തിന് വലിയ പങ്കുണ്ടെന്നത് പരിഗണിച്ച് പ്രവാസി മിഷൻ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നാലാം ലോക കേരള സഭയിൽ ഉയർന്നുവന്ന നിർദേശമനുസരിച്ച് കേരള സർക്കാർ നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ പ്രവാസി മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പുനരധിവാസ/ പുനഃസംയോജന ശ്രമങ്ങളെ ഏകീകരിക്കാനും വിപുലീകരിക്കാനും ഇതിന് കഴിയും. പ്രവാസി മിഷൻ, കേരളത്തിലേക്ക് തിരിച്ചെത്തുന്ന പ്രവാസികളുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പ്രവാസികളുടെ സാമ്പത്തിക പുനഃസംയോജനം സാധ്യമാക്കുക, പ്രവാസി പുനരധിവാസത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നോർക്കയുടെ പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത സ്വഭാവം നൽകുക, പ്രവാസി നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ വികസന ചട്ടക്കൂടിലേക്ക് കൃത്യമായി ഉപയോഗപ്പെടുത്താൻ സഹായിക്കുക, പ്രവാസി പങ്കാളിത്തത്തോടെയുള്ള പുനരധിവാസ പദ്ധതികൾ ആസൂത്രണം

ചെയ്യുക എന്നിവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച മാർഗരേഖ ഉടൻ പുറപ്പെടുവിക്കുന്നതാണ്.

സാന്ത്വനം പദ്ധതി

46(2105) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് ധനസഹായം ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സാന്ത്വനം പദ്ധതി പ്രകാരം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസി കേരളീയർക്ക് ചികിത്സ, മരണാനന്തര-വിവാഹ ധനസഹായം, അംഗപരിമിതർക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- കുറഞ്ഞത് 2 വർഷം വിദേശത്ത് തൊഴിൽ വിസയിൽ ജോലി ചെയ്തിരിക്കണം.
- കുടുംബത്തിന്റെ വാർഷിക വരുമാനം 1,50,000 രൂപയിലധികമാകാൻ പാടില്ല.
- വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ നാട്ടിലെത്തിയതിനുശേഷം 10 വർഷം ഇവയിൽ കുറഞ്ഞത് ഏതാണോ, അതിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.
- അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകന് സാധുതയുള്ള വിസയുണ്ടാകാൻ

പാടില്ല.

(ബി) പത്തുവർഷം വിദേശത്ത് ജോലി ചെയ്ത ഒരു പ്രവാസി തിരികെ വന്ന് പത്തുവർഷം നാട്ടിൽ താമസിച്ചശേഷം വീണ്ടും വിദേശത്ത് പോകുമ്പോൾ പുതിയ പ്രവാസി എന്നനിലയിൽ വീണ്ടും കുറഞ്ഞത് രണ്ടുവർഷമെങ്കിലും വിദേശത്ത് നിന്നെങ്കിൽമാത്രമേ നോർക്ക ആനുകൂല്യങ്ങൾക്ക് പ്രവാസിയായി പരിഗണിക്കുകയുള്ളുവെന്ന് നിലവിലെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ;

(സി) ഇപ്രകാരം നീണ്ട ഇടവേളക്കുശേഷം വിദേശത്തുപോയ വ്യക്തി അവിടെ ജോലിയിലായിരിക്കെ മരണപ്പെട്ടാൽ വിദേശത്ത് രണ്ട് വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടില്ലെന്ന കാരണത്താൽ സാന്ത്വനം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം നിലവിലുണ്ടോ?

(ബി&സി) പത്തുവർഷം വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ തിരികെയെത്തുന്ന ഒരു പ്രവാസിക്ക് അദ്ദേഹം നാട്ടിലെത്തിയ തീയതി മുതൽ പത്ത് വർഷത്തിനകം സാന്ത്വനം പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ 10 വർഷം കഴിഞ്ഞ് പ്രവാസി വീണ്ടും വിദേശത്ത് പോയാൽ പദ്ധതിയിൽനിന്നുള്ള ആനുകൂല്യത്തിനായി അപേക്ഷിക്കണമെങ്കിൽ കുറഞ്ഞത് 2 വർഷം വിദേശത്ത് പൂർത്തിയാക്കി നാട്ടിൽ തിരികെയെത്തണം. പ്രസ്തുത സാഹചര്യത്തിൽ, പത്തുവർഷം വിദേശത്ത് ജോലി ചെയ്ത ഒരു പ്രവാസി തിരികെ വന്ന് പത്തുവർഷം നാട്ടിൽ താമസിച്ചശേഷം വീണ്ടും വിദേശത്തുപോയി അവിടെ രണ്ടുവർഷം പൂർത്തിയാക്കുന്നതിനുമുമ്പ് ജോലിക്കിടെ മരണപ്പെട്ടാൽ സാന്ത്വനം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല.

(ഡി) എങ്കിൽ ഇത്തരം നിബന്ധനകൾ സാമാന്യനീതിക്ക് നിരക്കാത്തതാണെന്ന് കരുതുന്നുണ്ടോ; ഇത്തരം നിബന്ധനകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ തിരികെയെത്തി, ദുരിതമനുഭവിക്കുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ പ്രവാസികളെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് സാന്ത്വനം. പ്രസ്തുത പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പാലിക്കുന്ന ധാരാളം അപേക്ഷകൾ ലഭ്യമാകുന്ന സാഹചര്യമുണ്ട്. ആയതിനാൽ, സാന്ത്വനം പദ്ധതിയുടെ നിബന്ധനകൾ പരിഷ്കരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

നോർക്ക മുഖേനയുള്ള പ്രവാസി ക്ഷേമ പദ്ധതികൾ

47(2106) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക മുഖേന പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(ബി) പുതുതായി പ്രഖ്യാപിച്ച ഇൻഷ്വറൻസ്/അപകട ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള പ്രവാസി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി രൂപകല്പന ചെയ്തിട്ടുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷ്വറൻസ് പരിരക്ഷയാണ് നോർക്ക കെയർ. ടി പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 22-ന് നടന്നു. New India Assurance company Ltd. എന്ന കമ്പനിയാണ് ഇൻഷ്വറൻസ് പാർട്ട്ണർ.

മാനദണ്ഡങ്ങൾ

സാധുവായ നോർക്ക പ്രവാസി ഐ.ഡി. കാർഡുള്ള പ്രവാസി കേരളീയർ, വിദേശത്ത് പഠിക്കുന്ന നോർക്ക സ്റ്റുഡന്റ്സ് ഐ.ഡി. കാർഡുള്ള കേരളീയരായ വിദ്യാർഥികൾ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ എൻ.ആർ.കെ. ഐ.ഡി. കാർഡുള്ള പ്രവാസികളായ കേരളീയർ എന്നിവർക്ക് ഇതിൽ അപേക്ഷിക്കാം.

പദ്ധതിയുടെ ആനുകൂല്യങ്ങൾ

- ഇൻഷ്വറൻസ് കവറേജ് - ₹ 5 ലക്ഷം.
- പ്രായപരിധി - 18-70 വയസ്സ്, കുട്ടികൾക്ക് പരമാവധി 25 വയസ്സ്.
- പോളിസി കാലത്തിനുമുമ്പുള്ള രോഗങ്ങൾക്കും പരിരക്ഷ
- ചികിത്സ ലഭിക്കുന്നതിന് കാത്തിരിപ്പുകാലം ഒഴിവാക്കിയിരിക്കുന്നു.
- ക്യാഷ്ലെസ് ചികിത്സ ലഭ്യമാണ്.
- ചികിത്സയ്ക്കുമുമ്പ് 3 ദിവസത്തെയും പിന്നീട് 60 ദിവസത്തെയും ചെലവുകൾ 5,000 രൂപ വരെ ഓരോ ക്ലെയ്മിനും ലഭ്യമാണ്.

പദ്ധതിയുടെ പ്രധാന സവിശേഷതകൾ:

നിലവിൽ മാർക്കറ്റിലുള്ള ഇൻഷ്വറൻസ് പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ, ഈ പദ്ധതിയുടെ പ്രീമിയം വളരെ കുറവാണ്. ഇന്ത്യയിലുടനീളം 16000-ലധികം ആശുപത്രികൾ ഈ പദ്ധതിയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. (കേരളത്തിൽ മാത്രം 480+ ആശുപത്രികൾ). ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന പ്രവാസികൾക്ക്, താമസിക്കുന്ന സ്ഥലങ്ങളിൽ ചികിത്സ തേടുന്നതിനുള്ള സൗകര്യം ലഭ്യമാണ്. 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയും നൽകുന്നുണ്ട്. ഇൻഷ്വറൻസ് പ്രീമിയം ജി.എസ്.ടി. ഉൾപ്പെടെ 13411 രൂപ (ഭർത്താവ്, ഭാര്യ, 25 വയസിനുതാഴെയുള്ള രണ്ട് മക്കൾ) ഒരു വ്യക്തിക്ക് (പ്രായപരിധി 18-70) ₹8101/- അധികമായി ഒരു കുട്ടിക്ക് (25 വയസ്സിനുതാഴെയുള്ള) ₹4130/- അപകട മരണ ഇൻഷ്വറൻസ് - ₹10 ലക്ഷം (സ്കീം ഉടമയ്ക്കുമാത്രം)

(സി) പദ്ധതി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ടി പദ്ധതിയുടെ ഉദ്ഘാടനം 2025 സെപ്റ്റംബർ 22-ന് നടന്നുകഴിഞ്ഞു.

പ്രവാസി ക്ഷേമ പെൻഷൻ

48(2107) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ പ്രവാസി ക്ഷേമ ബോർഡ് വഴി നൽകുന്ന പെൻഷൻ യഥാസമയം നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നും നാളിതുവരെ പെൻഷന് അർഹത നേടിയ എല്ലാ ജില്ലകളിലെ പെൻഷൻകാർക്കും പ്രതിമാസ പെൻഷൻ അനുവദിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് പെൻഷൻ നൽകിവരുന്നുണ്ട്.

നോർക്ക കെയർ ഇൻഷ്വറൻസ് പദ്ധതി

49(2108) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി നോർക്ക കെയർ എന്നപേരിൽ ആരോഗ്യ അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും എന്നുമുതൽക്കാണ് ഇത് പ്രാബല്യത്തിൽ വരുന്നതെന്നും പദ്ധതിയിൽ ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും എന്തെല്ലാമാണെന്നും അറിയിക്കുമോ?

ഉണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി രൂപകല്പന ചെയ്തിട്ടുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷ്വറൻസ് പരിരക്ഷയാണ് നോർക്ക കെയർ. ടി പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 22-ന് നടന്നു.

മാനദണ്ഡങ്ങൾ

സാധുവായ നോർക്ക പ്രവാസി ഐ.ഡി. കാർഡുള്ള പ്രവാസി കേരളീയർ, വിദേശത്ത് പഠിക്കുന്ന നോർക്ക സ്റ്റുഡന്റ്സ് ഐ.ഡി. കാർഡുള്ള കേരളീയരായ വിദ്യാർഥികൾ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ എൻ.ആർ.കെ. ഐ.ഡി. കാർഡുള്ള പ്രവാസികളായ

കേരളീയർ എന്നിവർക്ക് ഇതിൽ അപേക്ഷിക്കാം.

ആനുകൂല്യങ്ങൾ

5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയും നൽകുന്നുണ്ട്.

പദ്ധതിയുടെ ആനുകൂല്യങ്ങൾ

- ഇൻഷ്വറൻസ് കവറേജ് - ₹ 5 ലക്ഷം.
- പ്രായപരിധി - 18-70 വയസ്സ്, കുട്ടികൾക്ക് പരമാവധി 25 വയസ്സ്.
- പോളിസി കാലത്തിനുമുമ്പുള്ള രോഗങ്ങൾക്കും പരിരക്ഷ.
- ചികിത്സ ലഭിക്കുന്നതിന് കാത്തിരിപ്പുകാലം ഒഴിവാക്കിയിരിക്കുന്നു.
- ക്യാഷ്ലെസ് ചികിത്സ ലഭ്യമാണ്.
- ചികിത്സയ്ക്കുമുമ്പ് 30 ദിവസത്തെയും പിന്നീട് 60 ദിവസത്തെയും ചെലവുകൾ 5000 രൂപ വരെ ഓരോ ക്ലെയ്മിനും ലഭ്യമാണ്.

പദ്ധതിയുടെ പ്രധാന സവിശേഷതകൾ:

- നിലവിൽ മാർക്കറ്റിലുള്ള ഇൻഷ്വറൻസ് പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ, ഈ പദ്ധതിയുടെ പ്രീമിയം വളരെ കുറവാണ്.
- ഇന്ത്യയിലുടനീളം 16000-ലധികം ആശുപത്രികൾ ഈ പദ്ധതിയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. (കേരളത്തിൽ മാത്രം 480+ ആശുപത്രികൾ).
- ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന പ്രവാസികൾക്ക് താമസിക്കുന്ന

സ്ഥലങ്ങളിൽ ചികിത്സ തേടുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

- ഇൻഷ്വറൻസ് പ്രീമിയം ജി.എസ്.ടി. ഉൾപ്പെടെ 13411 രൂപ (ഭർത്താവ്, ഭാര്യ, 25 വയസ്സിനുതാഴെയുള്ള രണ്ട് മക്കൾ)
- ഒരു വ്യക്തിക്ക് (പ്രായപരിധി 18 -70) ₹ 8101 /-
- അധികമായി ഒരു കുട്ടിക്ക് (25 വയസ്സിനുതാഴെയുള്ള) ₹4130 /-
- അപകട മരണ ഇൻഷ്വറൻസ് - ₹10 ലക്ഷം (സ്കീം ഉടമയ്ക്കുമാത്രം)

(ബി) വിദേശത്തുനിന്നും തിരികെ നാട്ടിലെത്തി സ്ഥിരതാമസമാക്കിയ പ്രവാസികൾക്ക് ഈ പദ്ധതിയിൽ ചേരാൻ കഴിയുമോ; നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇവർക്ക് പുതുതായി നോർക്ക അംഗത്വം ലഭിക്കുന്നതിനോ നോർക്ക ഐ.ഡി. കാർഡ് ലഭിക്കുന്നതിനോ നിലവിലെ അംഗത്വം പുതുക്കുന്നതിനോ കഴിയുമോ?

നിലവിൽ കഴിയില്ല.

(സി) വിദേശത്തായിരിക്കുമ്പോൾ പ്രവാസികൾക്കും 60-70 വയസ്സ് പ്രായമുള്ള ആരോഗ്യപ്രശ്നമുള്ള മുതിർന്നവർക്കും റസിഡൻസ് ഐ.ഡി. പുതുക്കുമ്പോൾ നിർബന്ധിത ഇൻഷ്വറൻസ് എടുക്കേണ്ട സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) എങ്കിൽ പ്രവാസം പൂർത്തിയാക്കി തിരികെ നാട്ടിൽ വന്ന് സ്ഥിരതാമസമാക്കുന്നവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നതെന്നത് പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ പ്രവാസം മതിയാക്കി തിരിക നാട്ടിൽ സ്ഥിരതാമസമാക്കുന്ന പ്രവാസികൾക്കുകൂടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

സാന്ത്വന സഹായം പദ്ധതി

50(2109) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് സാന്ത്വന സഹായം പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വിശദമാക്കാമോ; ഇതിൽ എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏത് വർഷം വരെ അപേക്ഷ നൽകിയവർക്ക് സഹായം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ കാലയളവിൽ സാന്ത്വന പദ്ധതിയിൽ നാളിതുവരെ 4321 അപേക്ഷകൾ കോഴിക്കോട് ജില്ലയിൽനിന്നും ലഭിച്ചിട്ടുണ്ട്. 2025 ജൂൺ മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 2024 ഡിസംബർ മാസം വരെ അപേക്ഷ സമർപ്പിച്ചവർക്ക് ധനസഹായം വിതരണം ചെയ്തു.

<u>പ്രവാസികൾക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ</u>

51(2110) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പ്രവാസികൾക്കും നാട്ടിൽ തിരികെയെത്തുന്ന പ്രവാസികൾക്കുമായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രവാസികൾക്കും നാട്ടിൽ തിരികെയെത്തുന്ന പ്രവാസികൾക്കുമായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നോർക്ക കെയർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നുമുതലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിൽ അംഗത്വമെടുക്കാനുള്ള അർഹതയും പോളിസി എടുത്തവരുടെ ഏതെല്ലാം കുടുംബാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്നും വ്യക്തമാക്കുമോ?

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമുള്ള പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി രൂപകല്പന ചെയ്തിട്ടുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷ്വറൻസ് പരിരക്ഷയാണ് നോർക്ക കെയർ. ടി പദ്ധതിയുടെ ഉദ്ഘാടനം സെപ്റ്റംബർ 22-ന് നടന്നു.

മാനദണ്ഡങ്ങൾ

സാധുവായ നോർക്ക പ്രവാസി ഐ.ഡി. കാർഡുള്ള പ്രവാസി കേരളീയർക്ക്, വിദേശത്ത് പഠിക്കുന്ന നോർക്ക സ്റ്റുഡന്റ്സ് ഐ.ഡി. കാർഡുള്ള കേരളീയരായ വിദ്യാർഥികൾ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ എൻ.ആർ.കെ ഐ.ഡി. കാർഡുള്ള പ്രവാസികളായ കേരളീയർ എന്നിവർക്ക് ഇതിൽ അപേക്ഷിക്കാം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനുകൂല്യങ്ങൾ

- ഇൻഷുറൻസ് കവറേജ് - ₹5 ലക്ഷം രൂപ.
- പ്രായ പരിധി : 18 -70 വയസ്സ്, കുട്ടികൾക്ക് പരമാവധി 25 വയസ്സ്.
- പോളിസി കാലത്തിനുമുമ്പുള്ള രോഗങ്ങൾക്കും പരിരക്ഷ.
- ചികിത്സ ലഭിക്കുന്നതിന് കാത്തിരിപ്പുകാലം ഒഴിവാക്കിയിരിക്കുന്നു.
- കാഷ്‌ലെസ് ചികിത്സ ലഭ്യമാണ്.
- ചികിത്സയ്ക്കുമുമ്പ് 30 ദിവസത്തെയും പിന്നീട് 60 ദിവസത്തെയും ചെലവുകൾക്ക് ഓരോ ക്ലെയ്മിനും 5,000/- രൂപ വരെ ലഭ്യമാണ്.

പദ്ധതിയുടെ പ്രധാന സവിശേഷതകൾ:

- നിലവിൽ മാർക്കറ്റിലുള്ള ഇൻഷ്വറൻസ് പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ, ഈ പദ്ധതിയുടെ പ്രീമിയം വളരെ കുറവാണ്.
- ഇന്ത്യയിലുടനീളം 16000-ലധികം ആശുപത്രികൾ ഈ പദ്ധതിയിൽ ലിസ്റ്റ് ചെയ്തിരിക്കുന്നു. (കേരളത്തിൽ മാത്രം 480+ ആശുപത്രികൾ).
- ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ താമസിക്കുന്ന പ്രവാസികൾക്ക് താമസിക്കുന്ന സ്ഥലങ്ങളിൽ ചികിത്സ തേടുന്നതിനുള്ള സൗകര്യം ലഭ്യമാണ്.
- ഇൻഷ്വറൻസ് പ്രീമിയവും ജി.എസ്.ടി.-യും ഉൾപ്പെടെ 13411 (ഭർത്താവ്, ഭാര്യ, 25 വയസ്സിനുതാഴെയുള്ള രണ്ട് മക്കൾ)
- ഒരു വ്യക്തിക്ക് (പ്രായപരിധി 18 -70) 8101

- അധികമായി ഒരു കുട്ടിക്ക് (25 വയസ്സിനുതാഴെയുള്ള) 4130 /-
- അപകട മരണ ഇൻഷ്വറൻസ് - 10 ലക്ഷം (സ്കീം ഉടമക്കുമാത്രം)

(സി) ഈ ഇൻഷ്വറൻസ് പോളിസി എടുക്കുന്നവരുടെ മാതാപിതാക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) തിരികെയെത്തിയ പ്രവാസികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; അവരെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഇ) തിരികെയെത്തുന്ന പ്രവാസികൾക്കുവേണ്ടിയുള്ള സാന്ത്വനം പദ്ധതിയിൽ മരണമടഞ്ഞ പ്രവാസികളുടെ ബന്ധുക്കൾക്ക് ലഭിക്കേണ്ട ധനസഹായത്തിനും തിരികെയെത്തിയ പ്രവാസികളുടെ വിവിധ രോഗങ്ങൾക്ക് നൽകുന്ന ചികിത്സാ ധനസഹായത്തിനും എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്നും ഇവയിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ?

തിരികെയെത്തുന്ന പ്രവാസികൾക്കുവേണ്ടിയുള്ള സാന്ത്വനം പദ്ധതിയിൽ മരണമടഞ്ഞ പ്രവാസികളുടെ ബന്ധുക്കൾക്ക് ലഭിക്കേണ്ട ധനസഹായത്തിനും തിരികെയെത്തിയ പ്രവാസികളുടെ വിവിധ രോഗങ്ങൾക്ക് നൽകുന്ന ചികിത്സാ ധനസഹായത്തിനുമായി ആകെ 2364 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. 2025 മേയ് മാസം 28 മുതൽ സെപ്റ്റംബർ 10 വരെ

സർക്കാർ ധനസഹായം അനുവദിച്ച ആകെ 1028 ഗുണഭോക്താക്കളിൽ, 367 പേരുടെ മരണാനന്തര ധനസഹായമായ 3,09,50,000 രൂപയും 661 പേരുടെ ചികിത്സാ ധനസഹായമായ 2,54,68,000 രൂപയും കുടിശ്ശികയുണ്ട്.

പ്രവാസി ക്ഷേമനിധി പെൻഷൻ

52(2111) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വം പുനഃസ്ഥാപിക്കാനുള്ള അംശദായ കുടിശ്ശികയ്ക്ക് ഇളവ് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രവാസി ക്ഷേമനിധിയിൽ അംഗത്വം പുനഃസ്ഥാപിക്കാൻ അംശദായ കുടിശ്ശികയിൽ ഇളവ് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രവാസി ക്ഷേമനിധി പെൻഷൻ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2,000/- രൂപയായിരുന്ന മിനിമം പ്രവാസി ക്ഷേമ പെൻഷൻ 01-04-2022 മുതൽ 1എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും 3,500/- രൂപയായും 1ബി, 2എ വിഭാഗത്തിലുള്ള എല്ലാ പെൻഷൻകാർക്കും 3,000/- രൂപയായും വർധിപ്പിച്ച് അനുവദിച്ചുവരുന്നുണ്ട്. 5 വർഷത്തിൽ കൂടുതൽ തുടർച്ചയായി അംശദായം ഒടുക്കിയിട്ടുള്ളവർക്ക് മിനിമം പെൻഷൻ തുകയുടെ 3% തുക കൂടി അധികമായി പെൻഷൻ (പരമാവധി 7,000/- രൂപ) വർധിപ്പിച്ച് ലഭ്യമാക്കിയിട്ടുണ്ട്.

വീടുകൾക്കുനേരെയുള്ള ആക്രമണം

53(2112) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി. വടകര യൂണിയൻ ഭാരവാഹികളുടെ വീടുകൾ നിരന്തരമായി ആക്രമിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ ആക്രമസംഭവങ്ങൾക്കുപിന്നിലെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) വടകര പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിപ്രകാരം ക്രൈം നം. 189/21 U/s 447, 427 r/w 34 IPC, ക്രൈം നം. 207/21 U/s 341, 324 IPC, ക്രൈം നം. 99/22 U/s 427,447 IPC, ക്രൈം നം. 1250/25 U/s 324(2), 329(3) of BNS എന്നിങ്ങനെ 4 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

പൊലീസ് മർദനം

54(2113) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ ഭരണകക്ഷിയിൽപ്പെട്ട പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനയുടെ പ്രവർത്തകനെ പൊലീസ് മർദിച്ച് കൊലപ്പെടുത്തിയെന്ന പ്രസ്തുത വ്യക്തിയുടെ

കുടുംബത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. ജോയൽ മരണപ്പെട്ടത് പൊലീസ് മർദനത്തെത്തുടർന്നാണെന്നും മരണകാര്യത്തിൽ സംശയമുണ്ടെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജോയലിന്റെ അച്ഛൻ ജോയിക്കുട്ടിയുടെ മൊഴിയിൽ അടൂർ പൊലീസ് സ്റ്റേഷൻ ക്രൈം നം. 1798/2020 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം സംബന്ധിച്ച് ജോയലിന്റെ ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിയിരുന്നതാണ്. ജോയലിന്റെ പോസ്റ്റ്മോർട്ടം പരിശോധനയിൽ മരണ കാരണം Postmortem findings are consistent with death due to occlusive coronary artery disease എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടിയാന്റെ ഹൃദയത്തിലെ ധമനികളിൽ കൊഴുപ്പടിഞ്ഞ് രക്തയോട്ടം നിലച്ച് ഹൃദയസ്തംഭനമുണ്ടായി മരണം സംഭവിച്ചതാണെന്നും ആന്റിമോർട്ടം ഇൻജൂറീസ് മരിക്കുന്നതിന് 3 ദിവസങ്ങൾക്കുമുമ്പ് സംഭവിച്ചതാണെന്നും ടി കേസിന്റെ അന്വേഷണത്തിൽ വെളിവായിട്ടുള്ളതാകുന്നു. കേസിന്റെ അന്വേഷണം 11-10-2021-ന് പൂർത്തിയാക്കിയിട്ടുള്ളതും ജോയലിന്റെ മരണം സ്വാഭാവിക മരണമായി പരിഗണിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) അടൂരിലെ ജോലിത്തട്ടിപ്പുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച വിവരം പ്രസ്തുത വ്യക്തി പുറത്തുപറയുമോയെന്ന ഭയംമൂലം പ്രമുഖ രാഷ്ട്രീയകക്ഷി നേതാക്കളുടെ നിർദേശപ്രകാരമാണ് പൊലീസ് മർദനം നടത്തിയതെന്ന ആരോപണം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉണ്ട്. അന്വേഷണത്തിൽ ജോയലിനെ പൊലീസ് മർദിച്ചതായി വെളിവായിട്ടില്ല.

(സി) പ്രസ്തുത സംഭവത്തിലുൾപ്പെട്ടതായി ആരോപിക്കപ്പെട്ട പൊലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഇല്ല. അന്വേഷണത്തിൽ ജോയലിന്റെ മരണം സ്വാഭാവിക മരണമാണെന്ന് വെളിവായിട്ടുള്ളതും ആയതുസംബന്ധിച്ച് അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിനാൽ കുറ്റാരോപിതരായ പൊലീസുകാർക്കെതിരെ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ഉദ്യോഗസ്ഥനെതിരെ നടപടി

55(2114) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ നൽകിയ 22327/B3/2017 നമ്പർ പരാതിയിന്മേൽ സമിതിയുടെ ശിപാർശയിൽ ഡിവൈ.എസ്.പി.-ക്കെതിരെ ആഭ്യന്തരവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചശേഷം 06-06-2023-ലെ സ.ഉ. (സാധാ) 1488/2023/ആഭ്യ. പ്രകാരം ഡിവൈ.എസ്.പി.-യെ മറ്റൊരു സബ് ഡിവിഷനിലേക്ക് മാറ്റിനിയമിച്ചിട്ടുള്ള വിവരം അറിയിച്ചുകൊണ്ട് സമിതിക്ക് റിപ്പോർട്ട് നൽകുകയും റിപ്പോർട്ട് അംഗീകരിച്ച സമിതി ഫയലിൽ നടപടി അവസാനിപ്പിക്കുകയുമുണ്ടായി.

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എത്ര പൊലീസ് കേസ് നിലവിലുണ്ട്; വിശദമാക്കാമോ; T8/12787/2009 ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്ത വിവരം ടിയാന്റെ സർവീസ് ബുക്കിൽ രേഖപ്പെടുത്തിയതെന്നാണ്; വ്യക്തമാക്കാമോ; ഇത് വൈകാനുണ്ടായ കാരണം വിശദമാക്കാമോ?

സസ്പെൻഡ് ചെയ്ത കാര്യം രേഖപ്പെടുത്തിയിരുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ട തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി കാര്യാലയം 29.01.2018-ന് സ്വീകരിച്ച നടപടി വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥനെതിരെ കേസ് നിലവിലില്ല.

പൊലീസ് സേനയിൽ സൃഷ്ടിച്ച തസ്തികകൾ

56(2115) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ചരീതിയിൽ ക്രമസമാധാനം നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയതിന്റെ പിന്നിൽ കേരള പൊലീസിന്റെ പ്രവർത്തന മികവ് ഒരു കാരണമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പൊലീസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകളാണ് പൊലീസിന്റെ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1472 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 813, പുനർവിന്യാസം വഴി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 434, താഴ്ന്ന തസ്തികകളിൽനിന്നും അപ്ഗ്രേഡ് ചെയ്ത് സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 19, നിലവിലുണ്ടായിരുന്ന തസ്തിക നിർത്തലാക്കി പകരം സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 206 എന്നിങ്ങനെയാണ്.

പൊലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ

57(2116)ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് കസ്റ്റഡിയിലെടുക്കുന്ന പ്രതികൾക്കുനേരെ മൂന്നാം മുറ പ്രയോഗിച്ചതായി പരാതിപ്പെടുന്ന കേസുകളിൽ പൊലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നിയമതടസമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിയമതടസമില്ലെങ്കിൽ എത്ര ദിവസത്തിനകം സി.സി.ടി.വി. ദൃശ്യങ്ങൾ നൽകണമെന്ന് നിഷ്കർഷിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പൊലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ നൽകുന്നത് പരാതിക്കാർ, പ്രതികൾ, വിവിധ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകാൻ പൊലീസ് സ്റ്റേഷനിലെത്തുന്നവർ എന്നിവരുടെ സ്വകാര്യതയെയും സുരക്ഷയെയും ബാധിക്കും. അതോടൊപ്പം POCSO, RAPE മുതലായ കേസുകളിലെ പരാതിക്കാരുടെ വിവരങ്ങൾ

പുറത്തുവിടുന്നത് നിയമപ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധിച്ചതിനുശേഷമാണ് പൊലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നത്.

(സി) ദൃശ്യങ്ങളിൽ ക്രൂരമായ പീഡനം നടന്നതായി കണ്ടെത്തുന്നപക്ഷം കുറ്റക്കാരായ പൊലീസുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; കുറ്റക്കാരായവരെ സർവീസിൽനിന്ന് പിരിച്ചുവിടാനാവശ്യമായ നിർദേശം നൽകുമോ; വിശദമാക്കാമോ?

കുറ്റകൃത്യത്തിന്റെ ഗുരുതരസ്വഭാവം വകുപ്പുതല അന്വേഷണത്തിൽ ലഭ്യമായ തെളിവുകൾ, കുറ്റം ചെയ്ത ഉദ്യോഗസ്ഥന്റെ മുൻകാല സേവനചരിത്രം എന്നിവ പരിഗണിച്ച് അച്ചടക്ക നടപടിയിലെ ശിക്ഷണാധികാരി, 1958-ലെ കെ.പി.ഡി.ഐ.പി. & എ റൂൾ 15 പ്രകാരമുള്ള ശിക്ഷകളാണ് നൽകുന്നത്.

പൊലീസിലെ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങൾ

58(2117) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊലീസിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി നിലവിൽ വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

(1) കേരള പൊലീസിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ വിവിധങ്ങളായ സംവിധാനങ്ങൾ പുതുതായി നിലവിൽ വന്നിട്ടുണ്ട്. അതിൽ പ്രധാനമായി രാജ്യത്ത് വർധിച്ചുവരുന്ന സൈബർ ക്രൈമുകൾ കൈകാര്യം ചെയ്യുന്നതിലേക്ക് 05-01-2024-ലെ സർക്കാർ ഉത്തരവ് (കൈ. നം. 4/2024/ആഭ്യന്തരം പ്രകാരം കേരള പൊലീസിൽ സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം പൊതുജന സമ്പർക്കം, വഞ്ചനയും സാമൂഹ്യമാധ്യമ ഗ്രൂപ്പും, സൈബർ സുരക്ഷയും ആധുനിക കുറ്റകൃത്യങ്ങളും, പരിശീലനവും കാര്യശേഷി വർധിപ്പിക്കലും, സൈബർ ഡോമുകൾ, അനാലിസിസ് വിങ് എന്നിങ്ങനെ 6 വിഭാഗങ്ങളിലായി ആകെ 113 പൊലീസുദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നു.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിൽ ഇരകളാക്കപ്പെട്ട പൊതുജനങ്ങൾക്ക് സഹായകമായ 1930 പോർട്ടൽ, സ്ഥിരമായി സാമ്പത്തിക തട്ടിപ്പ് നടത്തിവരുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകളെ നിർവീര്യമാക്കുന്നതിനുള്ള നടപടികൾ എന്നീ പ്രവർത്തനങ്ങൾ 'പൊതുജന സമ്പർക്കം' എന്ന വിഭാഗത്തിൽ നടത്തിവരുന്നു. വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുമായി ബന്ധപ്പെട്ട പരാതികൾ ഏകോപിപ്പിക്കുന്നതും മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് ബന്ധപ്പെട്ട പരാതികൾക്കാവശ്യമായ നടപടികൾ ചെയ്യുന്നതും 'വഞ്ചനയും സാമൂഹ്യ മാധ്യമ ഗ്രൂപ്പ്' ആണ്. ക്രിപ്റ്റോ, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെറ്റാവേഴ്സ് എന്നിവയുമായി ബന്ധപ്പെട്ടവ കൈകാര്യം ചെയ്യുന്നതിനായി 'സൈബർ സുരക്ഷയും ആധുനിക കുറ്റകൃത്യങ്ങളും' എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു.

സൈബറിടങ്ങളിൽ ശ്രദ്ധിക്കേണ്ട വിവരങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണവും നിർദേശങ്ങളും നൽകുന്നതിന്റെ ഭാഗമായി കേരള പൊലീസിന്റെ സൈബർ ഡിവിഷന്റെ കീഴിൽ 'പരിശീലനവും കാര്യശേഷി വർധിപ്പിക്കലും' എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു. ക്രിപ്റ്റോ, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെറ്റാവേഴ്സ് എന്നിവയുമായി ബന്ധപ്പെട്ട അഡ്വാൻസ്ഡ് കേസുകൾ സൈബർ ഡോമുകൾ കൈകാര്യം ചെയ്തുവരുന്നു.

ഡ്രോണുകളും ആന്റി-ഡ്രോൺ സിസ്റ്റങ്ങൾ 'അനാലിസിസ് വിങ് കൈകാര്യം ചെയ്യുവരുന്നു.

(2) സംസ്ഥാന ഗവൺമെന്റിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി 2025 മാർച്ച് 1-ന് സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC) സ്ഥാപിക്കപ്പെട്ടു.

സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC)

കേരള പൊലീസ് സംസ്ഥാന വ്യാപകമായി പൊലീസ് ഡിപ്പാർട്ട്മെന്റിലെ സൈബർ ഭീഷണികളെ കണ്ടെത്താനും പ്രതിരോധിക്കാനുമായി നിർമ്മിതബുദ്ധി (AI) അടിസ്ഥാനത്തിലുള്ള ഒരു സുരക്ഷാ പ്ലാറ്റ്ഫോം സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ (SOC) 2025 മാർച്ച് 1-ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു. സെക്യൂറ്റി ഓപ്പറേഷൻസ് സെന്റർ (SOC), ലോഗുകൾ നിരീക്ഷിക്കുകയും സുരക്ഷാപ്രശ്നങ്ങൾ കണ്ടെത്തുകയും അതിൽ നിർമ്മിതബുദ്ധി (AI) സംയോജിപ്പിച്ച് അലർട്ടുകൾ നൽകുകയും ചെയ്യുന്നു.

കേരള പൊലീസും കേന്ദ്ര സർക്കാർ മേൽനോട്ടത്തിലുള്ള സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ് (C-DOT)-മായി ചേർന്നാണ് സെക്യൂരിറ്റി ഓപ്പറേറ്റിങ് സെന്റർ (SOC) സ്ഥാപിച്ചത്. അതിനായി കേരള പൊലീസിന്റെ നെറ്റ്വർക്കും വിവരസുരക്ഷയും മെച്ചപ്പെടുത്തുന്നതിനായി C-DOT വികസിപ്പിച്ച ഒരു സമഗ്ര സൈബർ സുരക്ഷാ സൊല്യൂഷൻ ആയ ത്രിനേത്ര സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത്. വിപുലമായ 24x7 നിരീക്ഷണം, സുരക്ഷാ പിഴവുകൾ കണ്ടെത്തൽ, പരിഹാര നടപടികൾ എന്നിവയിലൂടെ സെൻസിറ്റീവ് ഡാറ്റയും മറ്റും സംരക്ഷിക്കുന്നതിനാണ് SOC രൂപകല്പന ചെയ്തിരിക്കുന്നത്.

സെക്യൂരിറ്റി ഓപ്പറേറ്റിങ് സെന്റർ നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാന

പൊലീസ് ആസ്ഥാനം, ഉത്തര-ദക്ഷിണ മേഖലാ ഐ.ജി.പി. കാര്യാലയങ്ങൾ, റേഞ്ച് ഡി.ഐ.ജി.-മാരുടെ കാര്യാലയങ്ങൾ, എല്ലാ ജില്ലകളിലെയും ജില്ലാ പൊലീസ് മേധാവിമാരുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ മുഴുവൻ കമ്പ്യൂട്ടറുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിങ് സെന്ററിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അടുത്തഘട്ടത്തിൽ കേരളത്തിലെ എല്ലാ പൊലീസ് സ്റ്റേഷനുകളും ഉൾപ്പടെ പൊലീസ് വകുപ്പിലെ എല്ലാ കമ്പ്യൂട്ടറുകളെയും ഫയർവാളുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിങ് സെന്ററിന്റെ ഭാഗമാക്കി സുരക്ഷിതരാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചവരുന്നു.

(3) 2025 ആഗസ്റ്റ് 15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള പൊലീസിന്റെ എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റത്തിന്റെ കീഴിൽ 'Next Generation 112' ഉദ്ഘാടനം ചെയ്തു.

Next Gen ERSS

നാഷണൽ എമർജൻസി റെസ്പോൺസ് സിസ്റ്റം പദ്ധതിക്ക് കീഴിലായി ERSS എന്ന പുതിയ സംവിധാനം പൊലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് എമർജൻസി കൺട്രോൾ റൂമിൽ മുഖ്യമന്ത്രി 2019 ആഗസ്റ്റ് 15-ന് ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി രാജ്യത്തെ നിലവിലുള്ള എല്ലാ അടിയന്തര സഹായ നമ്പരുകളും 112 എന്ന ഒറ്റ ടോൾഫ്രീ നമ്പരിലേക്ക് സംയോജിപ്പിച്ചു. 100 (പോലീസ്), 101 (അഗ്നിശമന സേന), 108 (ആംബുലൻസ് സേവനങ്ങൾ), 1078 (ദുരന്തനിവാരണ സേവനങ്ങൾ), 1091 (വനിത ഹെൽപ് ലൈൻ), 1515 (പിങ്ക് കൺട്രോൾ), 181 (ദേശീയ വനിത ഹെൽപ് ലൈൻ), 1098 (Child ഹെൽപ് ലൈൻ) എന്നിവ 112-ലേക്ക് പൗരന്മാരിൽനിന്നും സഹായം അഭ്യർഥിച്ച് ലഭിക്കുന്ന ഫോൺ കോളുകൾ, SMS, SOS സന്ദേശങ്ങൾ എന്നിവ എത്രയുംവേഗം സാധ്യമായ ഏറ്റവും

ചുരുങ്ങിയ സമയത്തിനുള്ളിൽ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ERSS പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ 6 വർഷത്തിനുള്ളിൽ 1320144 പേർക്ക് എമർജൻസി റെസ്പോൺസ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി സേവനം ലഭിച്ചു. C-DAC ആണ് ഈ പദ്ധതിയുടെ നിർവഹണ ഏജൻസിയായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്.

സംസ്ഥാന പൊലീസ് സേനയെ ആധുനികീകരിക്കുന്നതിന്റെ ഭാഗമായി ERSS പദ്ധതിയെ ERSS NextGen എന്ന രണ്ടാം തലത്തിലേക്ക് ഉയർത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് പഴയ സംവിധാനങ്ങളിൽനിന്ന് വ്യത്യസ്തമായി whatsapp, ഇ-മെയിൽ, വെബ് റിക്വസ്റ്റ്, chat bot എന്നീ സംവിധാനങ്ങൾ വഴിയും സഹായം/സേവനം ആവശ്യപ്പെടാം. പുതിയ സംവിധാനത്തിന്റെ ഭാഗമായി പരാതിക്കാരന്റെ/സേവനം ലഭിക്കേണ്ട വ്യക്തിയുടെ തത്സമയ സ്ഥലം കൺട്രോൾ റൂമിൽ ലഭ്യമാകും. 112 ഇന്ത്യ ആപ്പിലൂടെ പൗരന്മാർക്ക് "Track Me/Trip Monitoring" സംവിധാനവും ലഭ്യമാക്കും. ഇതിലൂടെ കൺട്രോൾ റൂമിൽ സേവനം ലഭിക്കേണ്ട വ്യക്തിയുടെ സഞ്ചാരപാത വ്യക്തമാകുകയും ചെയ്യും. ഈ സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള എമർജൻസി റെസ്പോൺസ് വാഹനങ്ങളിലായി 1088 റെസ്പോൺസ് ഡിവൈസുകളും സ്ഥാപിക്കപ്പെട്ടു. ഈ ഡിവൈസുകളുടെ സഹായത്താൽ സഹായം ലഭിക്കേണ്ട വ്യക്തികളുടെ അടുക്കൽ അതിവേഗം എത്തുന്നതിനും സേവനം നൽകുന്നതിനും സാധിക്കും.

സൈബർ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള 05-01-2024-ലെ G.O. (Ms) 04/2024/Home. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയതിലേക്കായി 466 തസ്തികകൾ

ടെലിക്കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽനിന്നും കേരള സിവിൽ പൊലീസ് വിഭാഗത്തിൽനിന്നും പുനർവിന്യാസം വഴി സൃഷ്ടിച്ചിട്ടുണ്ട്.

iAPS

അഡ്മിനിസ്ട്രേഷൻ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും ഫലപ്രദമായ ഫയൽ നീക്കത്തിനുവേണ്ടിയും 2012-ൽ കേരള പൊലീസ് വകുപ്പിൽ "ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിങ് സിസ്റ്റം (IAPS) എന്നപേരിൽ ഒരു വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ നടപ്പിലാക്കിയിരുന്നു. ടി ആപ്ലിക്കേഷൻ വകുപ്പിൽ വിജയകരമായും കാര്യക്ഷമമായും പ്രവർത്തിക്കുകയും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത കൊണ്ടുവരാൻ പ്രാപ്തമാക്കുകയും ചെയ്തു. കേരള പൊലീസിൽ ഫയൽ മാനേജ്മെന്റ് ആവശ്യങ്ങൾക്ക് മാത്രമല്ല IAPS ആപ്ലിക്കേഷൻ ഉപയോഗിക്കുന്നത്. Petition Management, Strength Management, Audit Management, Record Keeping, Store & Inventory Management, Cash Management, Seat Inspection, Asset Management, Recruit Management തുടങ്ങിയ മൊഡ്യൂളുകൾ, രേഖകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തലത്തിൽ ഡിജിറ്റലായി സൂക്ഷിക്കുന്നതിന് പ്രാപ്തമാക്കി. മാത്രമല്ല സബോർഡിനേറ്റ് ഓഫീസുകളിലെ (പൊലീസ് സ്റ്റേഷനുകൾ, എസ്.ഡി.പി. etc.) ഉപയോഗിക്കുന്നതിനായി Current Processing, Duty Management, Strength Management, Petition Processing, Arms & Ammunition, Motor Vehicle Management, Grievence etc. തുടങ്ങിയ മൊഡ്യൂളുകൾ നിലവിലുണ്ട്.

(ബി) സൈബർ സംവിധാനങ്ങളുൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി രൂപം നൽകിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

വിശദമാക്കാമോ?

കേരള പൊലീസിന്റെ സൈബർ ഡിവിഷന്റെ കീഴിൽ സൈബർ സംവിധാനങ്ങളുൾപ്പെടെ ഉപയോഗിച്ച് നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്ക് നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിന്റെ ഭാഗമായി 1930 എന്ന NCRP ഹെൽപ് ലൈൻ നമ്പർ കേരള പൊലീസിന്റെ കീഴിൽ 24x7 പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക തട്ടിപ്പുകളിൽ പണം നഷ്ടപ്പെട്ടവരുടെ തുകകൾ ഹോൾഡ് ചെയ്യുന്നതിനും ഹോൾഡ് ചെയ്യപ്പെട്ട തുക ബഹുമാനപ്പെട്ട കോടതികൾ മുഖാന്തരം തിരിച്ച് നൽകാനും വേണ്ട സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സാധാരണക്കാർക്ക് പണം നഷ്ടമാകാൻ സാധ്യതയുള്ള വ്യാജ വെബ്സൈറ്റുകൾ കണ്ടെത്തി അവ ബ്ലോക്ക് ചെയ്യുകയും എൻ.സി.ആർ.പി. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായ വ്യാജ വെബ്സൈറ്റുകൾ അനലൈസ് ചെയ്യുകയും സമാനമായ വ്യാജ വെബ്സൈറ്റുകൾ/ആപ്ലിക്കേഷനുകൾ കണ്ടെത്തി നീക്കം ചെയ്തുവരുന്നുണ്ട്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വരുന്ന സാമ്പത്തിക തട്ടിപ്പിന് കാരണമായേക്കാവുന്ന പരസ്യങ്ങളും പ്രൊഫൈലുകളും കണ്ടെത്തുകയും അവ പ്രസ്തുത പ്ലാറ്റ്ഫോമുകളിൽനിന്നും നീക്കുകയും ചെയ്യുന്നു. ആർ.ബി.ഐ. അംഗീകൃത എൻ.ബി.എഫ്.സി.-ക്ക് കീഴിലല്ലാത്ത വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി ബ്ലോക്ക് ചെയ്യുകയും സൈബർ സ്പേസിൽ എങ്ങനെ സുരക്ഷിതരായിരിക്കണം എന്നതിനെക്കുറിച്ച് സ്കൂൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തുവരുന്നു. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ/ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ കൈകാര്യം ചെയ്യാൻ

പൊലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ., എസ്.ഐ.-മാർ തുടങ്ങി സിവിൽ പൊലീസ് ഉദ്യോഗസ്ഥർക്കുവേണ്ട പരിശീലനം നൽകിവരുന്നു. സൈബർ സംവിധാനങ്ങളുൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി 17-03-2022-ലെ G.O. (Ms) No. 51/2022/Home സർക്കാർ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ചിനുകീഴിൽ സാമ്പത്തിക കുറ്റാന്വേഷണത്തിന് മാത്രമായി ഒരു പ്രത്യേക വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 233 പുതിയ തസ്തികകൾ സൃഷ്ടിച്ചു. (ഐ.ജി - 1, എസ്.പി. - 4, ഡിവൈ.എസ്.പി. - 11, ഐ.ഒ.പി. - 19, എസ്.ഐ. - 29, എസ്.സി.പി.ഒ. - 73, സി.പി.ഒ. - 73, ഡ്രൈവർ - 16, സീനിയർ സൂപ്രണ്ട് - 1, ജൂനിയർ സൂപ്രണ്ട് - 1, സീനിയർ ക്ലാർക്ക് - 2, ക്ലാർക്ക് - 2, സി.എ. - 1). 2022 - 23 വർഷം മുതലുള്ള സംസ്ഥാന പ്ലാൻ പദ്ധതി വിഹിതം ഉപയോഗിച്ചുകൊണ്ട് സംസ്ഥാന സാമ്പത്തിക വിഭാഗം ഹെഡ്ക്വാർട്ടേഴ്സ് ഓഫീസിനും മറ്റ് ജില്ലാ റേഞ്ച് ഓഫീസുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) മൊബൈൽ ഫോറൻസിക് ലാബുകളുൾപ്പെടെ നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഇവയെ കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

എല്ലാ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2020 മുതൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ സ്വീകരിക്കപ്പെടുന്ന കേസുകളെല്ലാംതന്നെ 'ഇ-ഫോറൻസിക്' എന്ന കമ്പ്യൂട്ടർ അധിഷ്ഠിത സോഫ്റ്റ്വെയറിലാണ് രജിസ്ട്രേഷൻ നടത്തിവരുന്നത്. ഇതിലൂടെ കേസുകളുടെ രജിസ്ട്രേഷൻ, ഡാറ്റാ ട്രാക്കിങ്,

ഡിജിറ്റൽ ഡാറ്റാ റിക്കാർഡ് എന്നിവ സാധ്യമാകുന്നതാണ്. ഇതുകൂടാതെ ഉടൻതന്നെ 'ഇ ഫോറൻസിക് 2.0' എന്ന സോഫ്റ്റ്വെയറിലേക്ക് അപ്ഡേറ്റ് ആവുന്നതാണ്.

(ഡി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങൾക്കാണ് സംസ്ഥാന പൊലീസിൽ തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. എ. ഐ. അധിഷ്ഠിത ആന്റി ഡ്രോൺ സിസ്റ്റം

അനധികൃത ഡ്രോണുകളെ കണ്ടെത്തി തിരിച്ചറിയുകയും അവയെ നിർവീര്യമാക്കുകയും ചെയ്യുന്നതിനായി എ.ഐ. അധിഷ്ഠിത ആന്റി ഡ്രോൺ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. എ.ഐ. അധിഷ്ഠിത ഡ്രോൺ സർവൈലൻസ് സിസ്റ്റം

വലിയ തോതിലുള്ള ജനക്കൂട്ടങ്ങളെ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും ആളുകളെ തിരിച്ചറിയുന്നതിനും വേണ്ടി എ.ഐ. അധിഷ്ഠിതമായ ഡ്രോൺ നിരീക്ഷണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കേരള പൊലീസ് സൈബർ വാൾ പ്രോജക്ട്

സൈബർ സ്പേസിൽ സാധാരണക്കാരായ ജനങ്ങൾ സൈബർ തട്ടിപ്പുകൾക്ക് ഇരയാകാതിരിക്കാൻ കേരള പൊലീസ് സൈബർ ഡിവിഷൻ വികസിപ്പിക്കുന്ന പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ ആണ്. സാധാരണക്കാർക്ക് സംശയാസ്പദമായി തോന്നുന്ന വെബ്സൈറ്റ് ലിങ്കുകൾ, ഇ-മെയിലുകൾ, ഐ.പി. അഡ്രസ്, എ.പി.കെ. ഫയലുകൾ, ബാങ്ക് അക്കൗണ്ട് നമ്പരുകൾ, ഫോൺ നമ്പരുകൾ എന്നിവ

പോർട്ടലിൽ നൽകിയിട്ടുള്ള സെർച്ച് ബോക്സിൽ നൽകിയാൽ അതിന്റെ വിശ്വാസ്യത അറിയാൻ സാധിക്കും. അതിനായി ഈ പോർട്ടലിൽ 0-100 വരെയുള്ള ഒരു സ്കോർ നൽകിയിട്ടുണ്ട്. മാത്രമല്ല, വെബ്സൈറ്റ് ലിങ്കുകളാണെങ്കിൽ അതിന്റെ കാലപ്പഴക്കം, അതിന്റെ സ്വഭാവം, ഫിഷിങ് മുതലായ തട്ടിപ്പുകൾക്ക് സാധ്യതയുണ്ടോ എന്നെല്ലാം അറിയാൻ സാധിക്കും. ഏതൊരു സാധാരണക്കാർക്കും അനായാസം ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് ഈ പോർട്ടൽ ഡിസൈൻ ചെയ്തിരിക്കുന്നത്. ഇതിൽ ഇംഗ്ലീഷിലും മലയാളത്തിലും ഔട്ട്പുട്ട് ലഭ്യമാണ്. നിലവിൽ ടെസ്റ്റിങ് സ്റ്റേജിലാണ് ഈ പ്രോജക്ട്.

സംസ്ഥാന പൊലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നവീകരണത്തിനായി കേരള പൊലീസ് സൈബർ ഡോമിനുകീഴിൽ കേരള പൊലീസ് Drone Forensic Lab & Research Center 2021-ൽ സ്ഥാപിക്കുകയും ഡ്രോണുകൾ ഉയർത്തുന്ന ഭീഷണികൾ നേരിടുന്നതിനായി Anti Drone-കൾ വികസിപ്പിക്കുക, പുതിയ ഡ്രോണുകളുടെ നിർമ്മാണം, നിരീക്ഷണ ഡ്രോണുകൾ, VVIP സുരക്ഷയ്ക്കാവശ്യമായ മൊബൈൽ Anti Drone System എന്നീ സംവിധാനങ്ങൾ ടി Drone Forensic Lab & Research Center-ൽ പുരോഗമിച്ചുവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നവീകരണത്തിനായി 2021-22, 2022-23, 2023-24-ലെ സംസ്ഥാന പദ്ധതികൾ പ്രകാരം Development of Anti-drone system & establishing Drone Forensic Lab & Research Centre, Development of Drone/Anti drone system & Software, Procurement of Drone എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാൻ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി Artificial Intelligence based mobile application (For crowd control and surveillance, facial identification, scanning video footage

for anomalies etc.) വികസിപ്പിച്ചുവരുന്നു.

കേരള പൊലീസ് സേനയിൽ Artificial intelligence സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 15 പൊലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Dedicated AI Team, രൂപീകരിക്കുകയും പ്രസ്തുത ടീമിന് IIITM-K നടത്തുന്ന AI and Data Analytics Course പങ്കെടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. കേരള പൊലീസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക AI Wing രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ SPC സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതുസംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട അധിക വിവരങ്ങൾ തേടിയിരിക്കുകയാണ്. കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ മന്ത്രാലയത്തിന്റെ വാഹൻ, സാരഥി ഡാറ്റ ബേസുകളുമായി ലിങ്ക് ചെയ്തിട്ടുള്ള ഇ-ചെലാൻ സംവിധാനം പൊലീസ് വകുപ്പിൽ നടപ്പാക്കി. TR 5 രസീതുകളും ചെക്ക് റിപ്പോർട്ടുകളും എഴുതി നൽകുന്ന സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ട്. ഇത് വാഹന പരിശോധന കൂടുതൽ സുതാര്യമാക്കി.

വെള്ളറട പഞ്ചായത്തിലെ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥല വിവരങ്ങൾ

59(2118) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ ആഭ്യന്തരവകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളത്; വിശദാംശം അറിയിക്കാമോ?

വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ (വെള്ളറട വില്ലേജിൽ) സർവെ നമ്പർ 673/1-ൽ ഒരേക്കർ 97 സെന്റ് സ്ഥലം പൊലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ട്.

(ബി) നിലവിൽ കാടുകയറി അന്യാധീനപ്പെട്ടുകിടക്കുന്ന പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

തിരുവനന്തപുരം റൂറൽ ജില്ലയിലെ പൊലീസുദ്യോഗസ്ഥർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് ആവശ്യമുള്ളതിനാൽ ടി സ്ഥലത്തെ പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി പുതിയ ഫാമിലി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) നെയ്യാർഡാം പൊലീസ് സ്റ്റേഷൻ കെട്ടിടം കാലഹരണപ്പെട്ടതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുകയുമാണെന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാർഡാം പൊലീസ് സ്റ്റേഷന്റെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് റസ്റ്റ് റൂമുകൾ പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി KPHCC-ക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പൊലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നത് വാടക കെട്ടിടത്തിലല്ല.

പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

60(2119) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2011-ലെ കേരള പൊലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം കേരളത്തിൽ 2012 ഫെബ്രുവരി 22-ാം തീയതിയാണ് സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികൾ നിലവിൽ വന്നിട്ടുള്ളത്. സംസ്ഥാന തലത്തിലും (State Police Complaints Authority) ജില്ലാ തലത്തിലും (District Police Complaints Authority) പ്രസ്തുത അതോറിറ്റികൾ നിലവിലുണ്ട്. എസ്.പി. റാങ്കിന് തുല്യമായോ മുകളിലോ ഉള്ള പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിക്കപ്പെടുന്ന പെരുമാറ്റ ദൂഷ്യവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും കൂടാതെ കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗിക ഉപദ്രവം നടത്തുന്നതോ ഏതെങ്കിലും വ്യക്തിയെ കൊലപ്പെടുത്തുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ കഠിന ദേഹോപദ്രവം ഏല്പിക്കുകയോ ബലാത്സംഗം ചെയ്യുകയോ മറ്റ് ഗുരുതര കുറ്റം ചെയ്തതായി ആരോപണമുണ്ടാകുന്ന ഇതര റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളും സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികൾ പരിശോധിക്കുകയും അന്വേഷണം നടത്തുകയും ചെയ്തുവരുന്നു.

സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയിൽ സമർപ്പിക്കുന്ന പരാതികൾ കേരള പൊലീസ് ആക്ട് സെക്ഷൻ 110(i)(ii)-ന്റെ പരിധിയിൽ വരുന്നുവെങ്കിൽ ഒ.പി. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റം തെളിയുന്നപക്ഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണം കോടതി

വ്യവഹാരങ്ങൾക്ക് സമാനമായ രീതിയിലാണ് നടത്തുന്നത്.

റിട്ട. ഹൈക്കോടതി ജഡ്ജി ചെയർപേഴ്സണായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), എ.ഡി.ജി.പി. (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ ഔദ്യോഗിക അംഗങ്ങളായും രണ്ട് അനൗദ്യോഗിക അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ യോഗം ചേർന്ന് വിലയിരുത്താറുണ്ട്.

ഡിവൈ.എസ്.പി. റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും ജില്ലാ പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികൾ നിലവിലുണ്ട്.

28-02-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം 521/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമാണ് 14 ജില്ലകളിലും ജില്ലാ പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികളുടെ പ്രവർത്തനങ്ങൾ 2019 സെപ്റ്റംബർ 26-ലെ ജി.ഒ.(പി) നം.37/2019/ആഭ്യന്തരം എസ്.ആർ.ഒ. നം. 684/2019-ലെ 12-ാം ചട്ട പ്രകാരമാണ് നടന്നുവരുന്നത്.

ജില്ലാ പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റി ചെയർപേഴ്സൺ റിട്ട. ജഡ്ജിയും ജില്ലാ കളക്ടർ, ജില്ലാ പൊലീസ് മേധാവിമാർ എന്നിവർ അംഗങ്ങളുമാണ്. പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികളിൽ സമർപ്പിക്കപ്പെടുന്ന പരാതികളിൽ ചെയർപേഴ്സൺ നിർദേശിക്കുന്ന ദിവസം വിചാരണക്ക് ഹാജരാവുന്നതിന് ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും കൃത്യമായി സിറ്റിങ് നടത്തുകയും ചെയ്തുവരുന്നുണ്ട്. കോടതി കേസുകളോ മറ്റ് ഭരണപരമായ

കാരണങ്ങൾകൊണ്ടോ സിറ്റിങ്ങിന് ഹാജരാകാൻ സാധിക്കാത്ത പൊലീസുദ്യോഗസ്ഥർ ആയത് രേഖാമൂലം ബോധിപ്പിച്ച് ആബ്സന്റ് റിപ്പോർട്ട് സമർപ്പിക്കാറുള്ളതാണ്. അല്ലാത്തപക്ഷം ടി ഉദ്യോഗസ്ഥരെ എക്സ് പാർട്ടിയാക്കി കേസ് set aside ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ചെയർപേഴ്സൺ ഉത്തരവ് പുറപ്പെടുവിക്കാറുള്ളതാണ്. ലഭ്യമായ പരാതികൾ കാലതാമസം വരുത്താതെ അടുത്ത സിറ്റിങ്ങിൽ പരിഗണിക്കുകയും വാദിഭാഗത്തെയും എതിർ ഭാഗത്തെയും കൃത്യമായി വിസ്തരിച്ചതിനുശേഷം നിയമപരമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) പ്രസ്തുത അതോറിറ്റിയിൽ ലഭിക്കുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയിൽ 2017 മുതൽ ലഭിക്കുന്ന പരാതികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. പൊലീസ് അതിക്രമം കുറയുന്നുവെന്നത് തന്നെയാണിത് സൂചിപ്പിക്കുന്നത്.

ദക്ഷിണ മേഖലാ പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ കീഴിൽ വരുന്ന 6 ജില്ലകളിലും കഴിഞ്ഞ 5 വർഷത്തിനിടയിൽ അതോറിറ്റിയിൽ ലഭിച്ച പരാതികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു.

ഉത്തര മേഖല പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ കീഴിൽവരുന്ന വയനാട് ജില്ലയിൽ പരാതികൾ കുറയുകയും മറ്റ് ജില്ലകളിൽ എല്ലാ മാസവും പുതിയ പരാതികൾ ലഭിക്കുകയും ചെയ്യുന്നുണ്ട്.

(സി) പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

2012 ഫെബ്രുവരി 22-ാം തീയതി സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റി നിലവിൽ വരികയുണ്ടായി. 2017-ൽ ജസ്റ്റിസ് വി. കെ. മോഹനൻ ചെയർപേഴ്സൺ ആയി അധികാരമേൽക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സൺ നിർദേശിച്ചതനുസരിച്ച് അതോറിറ്റി സർക്കാരിൽ നിർദേശങ്ങൾ സമർപ്പിക്കുകയും 2019-ൽ കേരള സംസ്ഥാന പൊലീസ് (കംപ്ലൈന്റ്സ് അതോറിറ്റികൾ) ചട്ടം പ്രാബല്യത്തിൽ വരികയും ചെയ്തു. അങ്ങനെ അതോറിറ്റി പ്രവർത്തനം സുഗമമാകുകയും ചെയ്തു. 2017 വരെ അതോറിറ്റിയുടെ ഭരണപരമായ കാര്യങ്ങളിൽ ചെയർപേഴ്സൺ ആണ് ഉത്തരവ് നൽകിയിരുന്നത്. 2017-ൽ ജസ്റ്റിസ് വി. കെ. മോഹനൻ ചെയർപേഴ്സൺ ആയി ചാർജ്ജെടുത്തതിനുശേഷം, ഹൈക്കോടതിയിലുള്ളതുപോലെ അഞ്ച് അംഗങ്ങളുൾപ്പെടുന്ന ഭരണസമിതി രൂപീകരിക്കുകയും കാലാകാലങ്ങളിൽ യോഗം ചേർന്ന് ജനാധിപത്യപരമായി ഭൂരിപക്ഷ തീരുമാനത്തിനനുസരിച്ച് നയപരവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമാണ് ചെയ്തുവരുന്നത്.

സംസ്ഥാന പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റി എന്നാൽ ചെയർപേഴ്സണും ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ അഞ്ച് പേരടങ്ങുന്നതാണെന്നും ചെയർപേഴ്സൺ ഒറ്റയ്ക്കോ, മെമ്പർമാർക്ക് ഒറ്റയ്ക്കോ വിധി പറയാൻ കഴിയില്ലെന്ന് 05-04-2018-ൽ ജസ്റ്റിസ് സി. എ. ചാലി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സൺ ആയ ജസ്റ്റിസ് വി. കെ. മോഹനൻ സർക്കാരിന് നൽകിയ ശിപാർശ കണക്കിലെടുത്ത് ചെയർപേഴ്സൺ ഒറ്റയ്ക്കോ അല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന

മെമ്പർക്ക് ഒറ്റയ്ക്കോ അതല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന ബഞ്ചിനോ വിധി പുറപ്പെടുവിക്കാമെന്ന നിയമഭേദഗതി സർക്കാർ വരുത്തുകയും അതുവഴി അതോറിറ്റിയുടെ പ്രവർത്തനം സുഗമമാക്കുകയുമുണ്ടായി. നിലവിൽ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും ജില്ല തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ സുതാര്യവും ലളിതവുമായ രീതിയിലാണ് അതോറിറ്റി പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നത്. ജില്ലാ പൊലീസ് കംപ്ലൈന്റ്സ് അതോറിറ്റികളിലെ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടന്നുവരുന്നു.

കുന്നംകുളത്ത് പൊലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർത്തുവെന്ന ആരോപണത്തിലെ നടപടി

61(2120) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളത്ത് പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകനെ പൊലീസ് മർദിച്ച കേസ്, ഇൻസ്പെക്ടർ പത്തുലക്ഷം രൂപ നൽകി ഒതുക്കിയെന്ന് കുന്നംകുളം നഗരസഭയിലെ ഒരു കൗൺസിലർ നടത്തിയ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ബി.ജെ.പി. കുന്നംകുളം മുൻ മുനിസിപ്പൽ പ്രസിഡന്റായ മുരളി എന്നയാളെ പൊലീസ് മർദിച്ചതായി പറയുന്ന സംഭവത്തിൽ ഇൻസ്പെക്ടർ പത്തുലക്ഷം രൂപ നൽകി

ഒതുക്കിയെന്ന് കുന്നംകുളം നഗരസഭ കൗൺസിലറായ ബിനു പ്രസാദ് പറഞ്ഞതായി മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതും ബിനു പ്രസാദിന്റെ ആരോപണത്തെ സാധൂകരിക്കുന്ന തെളിവുകളൊന്നും ലഭ്യമല്ലാത്തതുമാണ്.

(സി) പൊലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർക്കുന്നുവെന്ന ആരോപണങ്ങളിൽ കർശന നടപടി സ്വീകരിക്കുമോ?

പൊലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർക്കുന്നു എന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചാൽ ആയതിൽ അന്വേഷണം നടത്തി കുറ്റം തെളിയുന്നപക്ഷം കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് അംഗത്തിന്റെ ആത്മഹത്യ

62(2121) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് പഞ്ചായത്ത് അംഗം ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിലുൾപ്പെട്ടതായി ആരോപിക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിനും പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ നേതൃത്വത്തിനുമെതിരെ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കേസ് എടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആര്യനാട് പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1140/2025 U/s 194 BNSS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്.

ലഹരി മാഫിയയിൽനിന്നും തീരദേശത്തെ സുരക്ഷിതമാക്കാനുള്ള നടപടി

63(2122) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം, ലൈഫ് ഭവന പദ്ധതിപ്രകാരം ഒട്ടേറെ ആളുകളെ തീരപ്രദേശത്തുനിന്നും മാറ്റി താമസിപ്പിച്ചപ്പോഴുണ്ടായ ആളൊഴിഞ്ഞ സ്ഥലങ്ങളിലും വീടുകളിലും ഇവിടങ്ങളിലെ ലഹരി മാഫിയകളും മറ്റ് അസാന്മാർഗിക പ്രവർത്തനങ്ങളിലേർപ്പെടുന്നവരും തമ്പടിക്കുന്നത് തടയുന്നതിന് എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദീകരിക്കാമോ?

പുനർഗേഹം, ലൈഫ് ഭവന പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് തീരപ്രദേശങ്ങളിൽനിന്നും ആളുകളെ മാറ്റിപാർപ്പിച്ചപ്പോഴുണ്ടായ ആളൊഴിഞ്ഞ സ്ഥലങ്ങളും വീടുകളും കേന്ദ്രീകരിച്ച് രാവും പകലും പൊലീസ് പട്രോളിങ് ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകളിലെ പൊലീസ് ഉദ്യോഗസ്ഥരെ മഫ്തിയിൽ പ്രസ്തുത സ്ഥലങ്ങളിൽ ഡ്യൂട്ടിക്കായി നിയോഗിച്ച് രഹസ്യവിവരങ്ങൾ ശേഖരിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നതും സ്റ്റേഷൻ പരിധിയിലെ വിവിധ ബീറ്റുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് അവരവരുടെ ബീറ്റുകളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതും വിവരങ്ങളുടെ അടിസ്ഥാനത്തിൽ

നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. യോദ്ധാവ് പദ്ധതിപ്രകാരം പൊതുജനങ്ങൾക്ക് ലഹരി ഉപയോഗത്തെക്കുറിച്ച് 9995966666 എന്ന ഫോൺ നമ്പരിൽ പരാതി നൽകുന്നതിലേക്ക് ബോധവൽക്കരണം നടത്തിവരുന്നതും അതുവഴി ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതും ഏത് അടിയന്തര സാഹചര്യത്തിലും പൊലീസിന്റെ സേവനം ലഭ്യമാകാൻ 112 എന്ന നമ്പർ ഫലപ്രദമായി ഉപയോഗിച്ചുവരുന്നതുമാണ്. ആളൊഴിഞ്ഞ സ്ഥലങ്ങളിലും വീടുകളിലും ലഹരി മാഫിയ തമ്പടിച്ച് അസാന്മാർഗിക പ്രവർത്തനങ്ങളിലേർപ്പെടുന്നത് തടയുന്നതിലേക്കായി DANSAF ടീമിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. ബന്ധപ്പെട്ട സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ രഹസ്യവിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ അത് എത്രയും പെട്ടെന്ന് പൊലീസ് അധികാരികളെ അറിയിക്കുന്നതിനായി കടലോര ജാഗ്രതാ സമിതികൾക്കും നിർദേശം നൽകിയിട്ടുള്ളതാണ്.

(ബി) സുരക്ഷയുടെ ഭാഗമായി തീരപ്രദേശ വിദ്യാലയമായ എസ്.എം.എച്ച്.എസ്.എസ്. അഴിക്കോട് വിദ്യാലയത്തിൽ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് സംവിധാനം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്?

സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിന്റെ ആദ്യഘട്ടമായി 2025-26 മുതൽ 70 പുതിയ സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ എസ്.എം.എച്ച്.എസ്.എസ്. അഴിക്കോട് ഉൾപ്പെട്ടിട്ടില്ല. എസ്.എം.എച്ച്.എസ്.എസ്. അഴിക്കോട് വിദ്യാലയത്തിനുള്ള ഊഴം വരുമ്പോൾ ഈ പദ്ധതി

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സുരക്ഷയുടെ ഭാഗമായി കയ്യമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

സുരക്ഷയുടെ ഭാഗമായി കയ്യമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിലും മറ്റും ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് കൊടുങ്ങല്ലൂർ സബ് ഡിവിഷനിൽ ഡാൻസാഫ് എന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും കയ്യമംഗലം നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ കയ്യമംഗലം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളതും M.E.S. സ്കൂൾ പടിഞ്ഞാറെ വെമ്പല്ലൂർ, സെന്റ് ജോസഫ് സ്കൂൾ മതിലകം, OLF GHS മതിലകം, പനങ്ങാട് ഹൈസ്കൂൾ, ചെന്ത്രാപ്പിന്നി ഹൈസ്കൂൾ, ചാലിങ്ങാട് ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റുഡന്റ്സ് പൊലീസ് പദ്ധതി നടപ്പിലാക്കിവരുന്ന സ്കൂളുകളിൽ ഇക്കാര്യത്തിന് പ്രത്യേക ബോധവൽക്കരണ ക്ലാസുകളും നൽകിവരുന്നുണ്ട്. മയക്കുമരുന്നിന്റെ വിതരണവും ഉപയോഗവും വ്യാപനവും തടയാനായി യോദ്ധാവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാണ്.

കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റിനെതിരായ പരാതികൾ

64(2123) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് പി. പി. ദിവ്യക്കെതിരെ 2024 ഒക്ടോബർ 1 മുതൽ നാളിതുവരെ ലഭിച്ച പരാതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദാംശം സഹിതം വ്യക്തമാക്കാമോ?

25 പരാതികൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പരാതികളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) ടിയാൾക്കെതിരെ വിജിലൻസിന് ലഭിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ, അന്വേഷണ റിപ്പോർട്ടുകൾ, തുടർനടപടി ശിപാർശകളുടെ വിശദാംശം എന്നിവ ബന്ധപ്പെട്ട രേഖകളും തീയതികളും സഹിതം വ്യക്തമാക്കാമോ?

ജില്ലാ പഞ്ചായത്തിലെ നിർമ്മാണ കരാറുകളിൽ ഫണ്ട് ദുരുപയോഗം ചെയ്തുവെന്നും നിർമ്മാണ കരാറുകൾ Carton India Alliance Pvt. Ltd. കമ്പനിക്ക് നൽകിയതിൽ സ്വജനപക്ഷപാതം നടത്തിയെന്നും മറ്റുമായിരുന്നു പരാതികളിൽ പറഞ്ഞിരുന്നത്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് വെരിഫിക്കേഷൻ നടത്തി ഇവയിൽ ക്രമക്കേടുകളൊന്നുംതന്നെ ഇല്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) എ.ഡി.എം. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് നാളിതുവരെ വിവിധ കോടതി വ്യവഹാരങ്ങൾക്കായി ഫീസിനത്തിലും ചെലവിനത്തിലും ഉൾപ്പെടെ സർക്കാർ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കേസുകളിൽ സർക്കാർ അഭിഭാഷകർ തന്നെയാണ് ഹാജരായിട്ടുള്ളത്. ആയതിനാൽ

ഫീസിനത്തിലും ചെലവിനത്തിലും സർക്കാരിന് അധിക ചെലവുണ്ടായിട്ടില്ല.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് യൂണിറ്റുകൾ

65(2124) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്; ഇവയിൽ എത്രയെണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

എസ്.പി.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ സ്കൂളുകളിൽനിന്നും സ്വീകരിക്കുന്നത്. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അതുവരെ സമർപ്പിച്ചിരുന്ന അപേക്ഷകൾ കാലഹരണപ്പെടുന്ന രീതിയാണ് നിലവിലുള്ളത്. 2024-25 അക്കാദമിക് വർഷത്തിൽ സംസ്ഥാന പൊലീസ് മേധാവി സർക്കാരിന്റെ അനുമതിയോടെ എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും അതുപ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ 4 സ്കൂളുകൾ അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ആദ്യഘട്ടത്തിൽ സർക്കാർ എസ്.പി.സി. യൂണിറ്റ് അനുവദിച്ച 70 സ്കൂളുകളുടെ പട്ടികയിൽ ഈ 4 സ്കൂളുകൾ ഉൾപ്പെട്ടിട്ടില്ല. നിലവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ 8 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി പ്രവർത്തിക്കുന്നുണ്ട്.

പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങൾ

66(2125) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് പൊലീസ് എടുത്തിട്ടുള്ള കേസുകളുടെ എണ്ണവും അവയുടെ വിശദാംശവും ലഭ്യമാക്കാമോ;

(ബി) അതിൽ പിൻവലിക്കപ്പെട്ട കേസുകളുടെ എണ്ണവും അവയുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) നാളിതുവരെ പിൻവലിക്കപ്പെടാത്ത കേസുകളുടെ എണ്ണം അറിയിക്കാമോ; പ്രസ്തുത കേസുകൾ പിൻവലിക്കാത്തതിന് കാരണമെന്തെന്ന് വിശദമാക്കാമോ?

(എ-സി) പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് 843 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 112 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

നാളിതുവരെ പിൻവലിക്കപ്പെടാത്ത 118 കേസുകളുണ്ട്. ഗുരുതര സ്വഭാവം ഉൾപ്പെടെയുള്ള പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലാണ് അവ പിൻവലിക്കാത്തത്. കേസുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ഗാർഹികപീഡനത്തെ തുടർന്നുണ്ടായ ആത്മഹത്യകൾ

67(2126) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ആളുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗാർഹികപീഡനത്തിന് ഇരയായിട്ടുണ്ട്; ഗാർഹികപീഡനത്തെത്തുടർന്ന് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്ത്രീകൾ കുഞ്ഞുങ്ങളോടൊപ്പം ആത്മഹത്യ ചെയ്ത എത്ര കേസുകളുണ്ടായിട്ടുണ്ട്; ഇതിൽ എത്ര കേസുകൾ ഗാർഹിക പീഡനത്തെത്തുടർന്നാണ്; ഇത്തരം എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത കേസുകളിൽ ഗാർഹിക പീഡനത്തെത്തുടർന്ന് (ഡൊമസ്റ്റിക് വയലൻസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ) ആരുംതന്നെ ആത്മഹത്യ ചെയ്തിട്ടില്ല.

വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പൊലീസ് നടപടി

68(2128) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്.ഐ.ആർ. നമ്പർ അറിയിക്കാമോ; അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നാളിതുവരെ 14

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനിലുൾപ്പെട്ട മൂൾ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് പൊലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അക്കൗണ്ടുകൾ മരവിപ്പിച്ചെന്നും എത്ര തുക കണ്ടുകെട്ടിയെന്നും വിശദമാക്കാമോ?

വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനിലുൾപ്പെട്ട മൂൾ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് പൊലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ HDFC സംക്രാന്തി ബ്രാഞ്ചിലെ ഒരു അക്കൗണ്ടും KOTAK MAHINDRA കോട്ടയം ബ്രാഞ്ചിലെ ഒരു അക്കൗണ്ടും എറണാകുളം റൂറൽ ജില്ലയിൽ ലക്ഷ്മി വിലാസ് ബാങ്ക് ലിമിറ്റഡ്, പെരുമ്പാവൂർ ബ്രാഞ്ചിലെ ഒരു അക്കൗണ്ടും ICICI ബാങ്കിന്റെ Burra Bazar-Kolkata, Rajarhat-Gopalpur, Serampore എന്നീ 3 ബ്രാഞ്ചുകളിലെ ഓരോ അക്കൗണ്ടുകളും Punjab National Bank Nimtala ബ്രാഞ്ചിലെ ഒരു അക്കൗണ്ടും കോഴിക്കോട് സിറ്റി ജില്ലയിൽ YES Bank നടക്കാവ് ബ്രാഞ്ചിലെ ഒരു അക്കൗണ്ടും ഉൾപ്പെടെ ആകെ 8 അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി അക്കൗണ്ടുകളിൽനിന്നും തുക കണ്ടുകെട്ടിയിട്ടില്ലാത്തതാണ്.

വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസന്വേഷണത്തിന്റെ ഭാഗമായി ജി.എസ്.ടി. വകുപ്പിൽനിന്നും ലഭിച്ച രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 16-08-2023-നുശേഷം നിലവിൽവന്ന ഈ അക്കൗണ്ടുകളിൽ inoperative-ഉം balance zero-യുമാണ്.

(സി) സൈബർ ക്രൈമുകളുടെയും വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകളുടെയും എണ്ണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ആഭ്യന്തരവകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രതിരോധ നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

സൈബർ ക്രൈമുകളുടെ എണ്ണം വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ അവ കാര്യക്ഷമമായി തടയുന്നതിനുവേണ്ട മുൻകരുതലെന്ന നിലയിൽ കേരള പൊലീസ് വികസിപ്പിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയാണ് സൈബർ വാൾ പ്രോജക്ട്. സൈബർ സ്പേസിൽ സാധാരണക്കാരായ ജനങ്ങൾ സൈബർ തട്ടിപ്പുകൾക്കിരയാവാതിരിക്കാൻ കേരള പൊലീസ് സൈബർ ഡിവിഷൻ വികസിപ്പിക്കുന്ന പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷനാണിത്. സാധാരണക്കാർക്ക് സംശയാസ്പദമായി തോന്നുന്ന വെബ്സൈറ്റ് ലിങ്കുകൾ, ഇ-മെയിലുകൾ, ഐ.പി. അഡ്രസ്, എ.പി.കെ. ഫയലുകൾ, ബാങ്ക് അക്കൗണ്ട് നമ്പരുകൾ, ഫോൺ നമ്പരുകൾ എന്നിവ പോർട്ടലിൽ നൽകിയിട്ടുള്ള സെർച്ച് ബോക്സിൽ നൽകിയാൽ അതിന്റെ വിശ്വാസ്യത അറിയാൻ സാധിക്കും. അതിനായി ഈ പോർട്ടലിൽ 0 മുതൽ 100 വരെയുള്ള ഒരു സ്കോറും നൽകിയിട്ടുണ്ട്. മാത്രമല്ല, വെബ്സൈറ്റ് ലിങ്കുകളാണെങ്കിൽ അതിന്റെ കാലപ്പഴക്കം, അതിന്റെ സ്വഭാവം, ഫിഷിങ് മുതലായ തട്ടിപ്പുകൾക്ക് സാധ്യതയുണ്ടോ എന്നെല്ലാം അറിയാൻ സാധിക്കും. ഏതൊരു സാധാരണക്കാർക്കും അനായാസം ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് ഈ പോർട്ടൽ ഡിസൈൻ ചെയ്തിരിക്കുന്നത്. ഇതിൽ ഇംഗ്ലീഷിലും മലയാളത്തിലും ഔട്ട്പുട്ട് ലഭ്യമാണ്. നിലവിൽ ടെസ്റ്റിങ് സ്റ്റേജിലാണ് ഈ പ്രോജക്ട്.

വ്യാജരേഖകൾ ഉപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻപുട്ട്

ടാക്സ് ക്രെഡിറ്റ് കൈമാറ്റം ചെയ്യുന്നതായി ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്, ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികളിലൂടെ വ്യാജമായി കൈമാറ്റം ചെയ്തതായി കണ്ടെത്തുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വെട്ടിപ്പ് നടത്തിയവർക്കെതിരെ പെനാൽറ്റി നടപടികളും സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ദേശീയ തലത്തിൽ നടന്നുവരുന്ന ആന്റി ഫേക്ക് ഇൻവോയ്സ് & രജിസ്ട്രേഷൻ ഡ്രൈവ് എന്ന പദ്ധതിയിലൂടെ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും ഇത്തരം വ്യാജ രജിസ്ട്രേഷൻ കണ്ടെത്തി മേൽവിവരിച്ച രീതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വ്യാജ രേഖകളുപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തുന്നതിലുൾപ്പെട്ട സംഘങ്ങളെ തിരിച്ചറിയുന്നതിനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി പൊലീസിന് ലഭ്യമായ സാങ്കേതിക സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും മതിയായതാണോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഈ മേഖലയിൽ കൂടുതൽ സാങ്കേതിക പിന്തുണ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വ്യാജ രേഖകളുപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തുന്ന സംഘങ്ങളെ തടയുന്നതിനും തിരിച്ചറിയുന്നതിനും പൊലീസിന് ലഭ്യമായ സാങ്കേതിക സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും പര്യാപ്തമാണ്.

(ഇ) 2025-ൽ കോട്ടയം ജില്ലാ പൊലീസ് മേധാവിയുടെ മുമ്പാകെ ഇത്തരം വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ തട്ടിപ്പിനിരയായ ഏതെങ്കിലും വ്യക്തി സമർപ്പിച്ച പരാതിയുടെ

അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

കോട്ടയം ജില്ലാ പൊലീസ് മേധാവിയുടെ മുമ്പാകെ 2025 വർഷത്തിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ലാത്തതാണ്.

പൂക്കോട് സർവകലാശാലയിലെ വെറ്ററിനറി വിദ്യാർഥിയുടെ കൊലപാതകം

69(2129) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് സർവകലാശാലയിലെ വെറ്ററിനറി വിദ്യാർഥി സിദ്ധാർത്ഥന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ കൊലപാതകത്തിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്?

(എ&ബി) പൂക്കോട് സർവകലാശാലയിലെ വെറ്ററിനറി വിദ്യാർഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് 77/2024 ക്രൈം നമ്പറായി വൈത്തിരി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിലിരിക്കെ, സർക്കാർ പ്രസ്തുത കേസ് അന്വേഷണം സ. ഉ. (കൈ) നം. 70/2024/ആഭ്യന്തരം പ്രകാരം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്.

അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി

70(2130) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത കൊലപാതക കേസിന്റെ തുടർനടപടി വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയ (ക്രൈം നമ്പർ 257/CB/EKM/R/2021) അയിരൂർപ്പാടം ആമിന അബ്ദുൽ ഖാദർ കൊലപാതക കേസിന്റെ കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിച്ചിരുന്ന ഒരാൾ അന്വേഷണ കാലയളവിൽ മരണപ്പെട്ടു. സംശയിക്കുന്ന മറ്റ് രണ്ട് വ്യക്തികളുടെ പോളിഗ്രാഫ് പരിശോധന റിപ്പോർട്ടിൽനിന്നും കേസിലേക്ക് മതിയായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇതിൽ ഒരാളുടെ നാർക്കോ അനാലിസിസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേസിലേക്ക് നാളിതുവരെ നാൽപതിലേറെ പേരുടെ മൊഴി രേഖപ്പെടുത്തിയും സി.ഡി.ആർ. അനാലിസിസ് നടത്തിയും ശാസ്ത്രീയ പരിശോധനാ ഫലം ലഭ്യമാക്കിയും കേസിലെ പ്രതികളെ കണ്ടെത്തുന്നതിനും നഷ്ടപ്പെട്ട മുതലുകൾ കണ്ടെത്തുന്നതിനും സംസ്ഥാന ക്രൈംബ്രാഞ്ച് ഊർജിതമായ അന്വേഷണം നടത്തിവരുന്നു.

വളയം പൊലീസ് സ്റ്റേഷൻ പരിധിയിലുണ്ടായ സംഘട്ടനം

71(2131) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വളയം പൊലീസ് സ്റ്റേഷൻ പരിധിയിൽ ഓണത്തിനോടനുബന്ധിച്ചുണ്ടായ പ്രശ്നത്തിൽ രജിസ്റ്റർ ചെയ്ത കേസിന്റെ വിശദാംശം

നൽകുമോ?

സംഭവത്തിൽ വളയം പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 651/25, U/s 189(2), 191(2), 191(3), 126(2), 115(2), 118(1), 351(3), 110, 324(4), 190 of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(ബി) റിമാൻഡ് റിപ്പോർട്ടിൽ വർഗീയ പരാമർശം ചേർത്തുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഫ്.ഐ.ആർ.-ന്റെയും റിമാൻഡ് റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

കേസ് നിലവിൽ അന്വേഷണാവസ്ഥയിലായതിനാൽ കേസുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ലഭ്യമാക്കാൻ നിർവാഹമില്ല.

കണ്ണനല്ലൂർ പൊലീസ് മർദിച്ചെന്ന ആരോപണം

72(2132) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണനല്ലൂർ പൊലീസ് മർദിച്ചെന്ന ആരോപണമുന്നയിച്ച പ്രമുഖ രാഷ്ട്രീയകക്ഷിയുടെ നെടുമ്പന നോർത്ത് ലോക്കൽ സെക്രട്ടറിക്കെതിരെ പൊലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്.ഐ.ആർ. രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കണ്ണനല്ലൂർ പൊലീസ് മർദിച്ചെന്ന ആരോപണമുന്നയിച്ചത് ആരാണെന്നോ ഏത് പാർട്ടിയുടെ ആളാണെന്നോ ചോദ്യത്തിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ചോദ്യം അവ്യക്തമാണ്.

മേലാറ്റൂർ പൊലീസ് രജിസ്റ്റർ ചെയ്ത കേസ് നമ്പർ 580/2022

73(2133) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ വില്ലേജിൽപ്പെട്ട കരിഞ്ചാപ്പാടി പ്രദേശത്തെ ഷഫീഖ്, മുബഷിർ, നിഷാദ്, ഉബൈദ് എന്നിവരുടെ പേരിൽ മേലാറ്റൂർ പൊലീസ് 25-10-2022-ൽ 580/2022 നമ്പരായി എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്ന കേസിൽ, കെമിക്കൽ എക്സാമിനേഷൻ ലാബിൽനിന്നും പരിശോധനാ റിപ്പോർട്ട് വന്നപ്പോൾ അത് പൊലീസ് പറഞ്ഞപ്രകാരമുള്ള എം.ഡി.എം.എ. ആയിരുന്നില്ലെന്നും 'വുഡ് റോസിൻ' എന്നൊരു വസ്തു മാത്രമാണെന്നും തെളിഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേസിലകപ്പെട്ടതുകൊണ്ടുണ്ടായ മാനസിക പ്രയാസത്തിൽ ഹൃദയാഘാതമുണ്ടായി ഷഫീഖ് മരണമടയുകയും ഈ നാല് കുടുംബങ്ങൾക്കും സമൂഹമധ്യത്തിൽ മാനഹാനിയുണ്ടാവുകയും വലിയ തോതിലുള്ള സാമ്പത്തിക നഷ്ടങ്ങളും തൊഴിൽ നഷ്ടങ്ങളുമുണ്ടാവുകയും ചെയ്തതായ പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കൃത്രിമമായി കേസുണ്ടാക്കിയ പൊലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25-10-2022-ന് പുലർച്ചെ 1.35-ന് മേലാറ്റൂർ സബ് ഇൻസ്പെക്ടർക്ക് കീഴാറ്റൂർ അംശം മണിയാണീരിക്കടവ് എന്ന സ്ഥലത്തുള്ള

പാലത്തിനുസമീപം കാറിൽ 4 പേർ മയക്കുമരുന്ന് കച്ചവടം നടത്തുന്നതായി ലഭിച്ച രഹസ്യവിവരത്തെത്തുടർന്ന് പൊലീസ് പാർട്ടിയുമായി സ്ഥലത്തെത്തി നടത്തിയ പരിശോധനയിൽ മുബഷിർ, ഷഫീഖ്, ഉബൈദുള്ള, നിഷാദ് എന്നിവർ കാറിൽ 32.72 ഗ്രാം ക്രിസ്റ്റൽ രൂപത്തിലുള്ള MDMA പോലുള്ള വസ്തു കൈവശം വച്ചിരുന്നത് കണ്ടെടുക്കുകയും ആയത് MDMA ആണെന്ന് പ്രതികൾതന്നെ പൊലീസിനോട് സമ്മതിച്ചതിനാൽ ടി വസ്തു MDMA ആണെന്ന ഉത്തമ വിശ്വാസത്തിൽ പ്രതികൾക്കെതിരെ മേലാറ്റൂർ സ്റ്റേഷൻ ക്രൈം 580/2022 U/s 22(സി), 29 NDPS Act ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

എന്നാൽ ബന്ധവസിലെടുത്ത ടി കേസിലെ തൊണ്ടി മുതലുകളുടെ ശാസ്ത്രീയ പരിശോധനാഫലം വന്നതിൽ ടി മുതലുകളിൽ ലഹരി വസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ടി കേസ് Mistake of Facts ആയി പരിഗണിക്കുന്നതിന് 31-05-2025-ൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ അന്തിമതീരുമാന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട Manjeri Special Court for NDPS Act Cases, കോടതി RC 71/2025 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

ജാമ്യത്തിലിരിക്കവെ കേസിലെ രണ്ടാം പ്രതി ഷഫീഖ് എന്നയാൾക്ക് 07-10-2024 തീയതി രാവിലെ 08.30-നും 09.00 മണിക്കും ഇടയിൽ കോഴിക്കോട് ഭാഗത്തേക്കുള്ള ബസ് യാത്രക്കിടയിൽ മോങ്ങം എന്ന സ്ഥലത്തുവച്ച് നെഞ്ചുവേദന അനുഭവപ്പെടുകയും തുടർന്ന് മഞ്ചേരി മലബാർ ആശുപത്രിയിലെത്തിക്കുകയും അവിടെ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ളതുമാണ്. മരണവുമായി പൊലീസിന് ബന്ധമുള്ളതായി കണ്ടെത്താൻ

സാധിച്ചിട്ടില്ല.

അരിമ്പൂർ സ്വദേശിക്ക് അന്തിക്കാട് പൊലീസ് സ്റ്റേഷനിൽ മർദനമേറ്റ സംഭവം

74(2134)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിമ്പൂർ സ്വദേശിയായ യുവാവിന് അന്തിക്കാട് പൊലീസ് സ്റ്റേഷനിൽനിന്ന് മർദനമേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായ പൊലീസുകാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) മർദനമേറ്റതായി മാധ്യമങ്ങളിലൂടെവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും സംഭവത്തെക്കുറിച്ച് ഗൗരവപൂർവം അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

31-08-2024-ന് 18.30 മണിക്ക് ആറാംകല്ല് Zoom മോട്ടോഴ്സിന് സമീപം വച്ചുനടന്ന വാഹനാപകടത്തിൽ വാടാനപ്പള്ളി നടുവിൽക്കര സ്വദേശിയായ ഷൈൻ എന്നയാൾക്ക് ഗുരുതര പരിക്കുപറ്റിയതിന് അന്തിക്കാട് പൊലീസ് സ്റ്റേഷനിൽ ക്രൈം നം 1009/24 U/s 281, 125(ബി) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതി ഓടിച്ചിരുന്ന ഓട്ടോറിക്ഷ നിറുത്താതെ പോയിട്ടുള്ളതും അന്വേഷണത്തിൽ ഓട്ടോറിക്ഷ ATUL കമ്പനിയുടെതാണെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള ഓട്ടോറിക്ഷ വാങ്ങിയ ആളുകളുടെ അഡ്രസ്

പരിശോധിക്കുന്നതിനായി KL-08-82-7298 ഓട്ടോറിക്ഷയും അത് ഓടിച്ചിരുന്ന അഖിൽ എന്നയാളെയും അന്തിക്കാട് പൊലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുകയും പരിശോധനയിൽ വാഹനം അപകടത്തിൽപ്പെട്ടിട്ടുണ്ടാകാമെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ സയന്റിഫിക് എക്സ്പെർട്ടിന്റെ സഹായത്തോടെ കണ്ടെത്തുന്നതിനായി അയയ്ക്കാമെന്ന് തീരുമാനിക്കുകയും വിവരം അഖിലിനെ അറിയിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഈ സമയം തന്റെ വാഹനം അപകടത്തിൽപ്പെട്ടിട്ടില്ലെന്നും തനിക്ക് വാഹനം വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് പൊലീസ് സബ് ഇൻസ്പെക്ടറോട് വാക്കുതർക്കത്തിലേർപ്പെടുകയുണ്ടായി. ഇതിനിടെ എസ്.ഐ.-യെ അഖിൽ മർദിക്കുന്നതുകണ്ട് സ്റ്റേഷനിലെ മറ്റ് പൊലീസുകാർ അഖിലിനെ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്യുകയും ഈ കാര്യത്തിന് അന്തിക്കാട് പൊലീസ് സ്റ്റേഷൻ ക്രൈം നം. 1106/24 U/s 117(e) KP ACT പ്രകാരം രജിസ്റ്റർ ചെയ്തശേഷം സ്റ്റേഷനിൽനിന്ന് അന്നേദിവസം അഖിലിന്റെ അച്ഛൻ യേശുദാസിന്റെയും ജോർജിന്റെയും ആൾ ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

കേസിലെ പ്രതിയായ അഖിൽ 30-09-2024-ന് അന്തിക്കാട് പൊലീസ് തല്ലിയെന്നാരോപിച്ച് തൃശ്ശൂർ ജില്ലാ ഹോസ്പിറ്റലിൽ ചികിത്സ തേടിയിട്ടുള്ളതും അഖിലിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും മൊഴിയിൽ നിയമ നടപടികൾ ആവശ്യമില്ലെന്ന് പറഞ്ഞിട്ടുള്ളതുമാണ്. കേസിൽ അന്വേഷണം പൂർത്തീകരിച്ച് തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് നമ്പർ-II കോടതിയിൽ പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കോടതി CC 3474/2024 ആയി സ്വീകരിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ടിയാനെ പിഴയടക്കാൻ ശിക്ഷിച്ചിട്ടുള്ളതും ടിയാൻ 11-01-2025-ാം തീയതി പിഴ അടച്ചിട്ടുള്ളതുമാണ്. മാധ്യമങ്ങളിൽ

കൊടുത്ത ബൈറ്റ് അല്ലാതെ ടിയാൻ ഇതുവരെ ആർക്കെതിരെയും എവിടെയും പരാതി നൽകിയതായി അറിവില്ലാത്തതുമാണ്.

നിരപരാധിയെ വ്യാജ തെളിവുണ്ടാക്കി കേസിൽപ്പെടുത്തിയ നടപടി

75(2135) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പുറക്കാട് ഒറ്റപ്പന സ്വദേശിനിയായ മധ്യവയസ്കയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് നിരപരാധിയായ വ്യക്തിയെ അറസ്റ്റ് ചെയ്ത് മാനസിക പീഡനത്തിനിരയാക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിരപരാധിയെ കേസിൽ കുടുക്കുന്നതിനുവേണ്ടി വ്യാജ തെളിവുകൾ സൃഷ്ടിച്ച് ഗുരുതര കൃത്യവിലോപം നടത്തിയ പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസിൽ യഥാർഥ പ്രതികളെ പൊലീസ് പിടികൂടിയിട്ടുണ്ടോ; നിരപരാധിയെ കൊലക്കുറ്റത്തിൽ പ്രതിയാക്കി പീഡിപ്പിച്ച പൊലീസുദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) അമ്പലപ്പുഴ ഒറ്റപ്പന ഭാഗത്ത് തനിച്ച് താമസിച്ചുവന്നിരുന്ന റംലത്ത് എന്നയാളെ കൊലപ്പെടുത്തിയ സംഭവത്തിലേക്ക് അമ്പലപ്പുഴ പൊലീസ് സ്റ്റേഷൻ ക്രൈം നം. 1463/2025 U/s 331(8), 331(4), 332 (എ), 311, 309 (6), 103 (1), 64, 3 (5) BNS പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതാണ്. പൊലീസുദ്യോഗസ്ഥരുടെ

ഭാഗത്തുനിന്നും കൃത്യവിലോപമുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം

76(2138) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം അറിയിക്കാമോ?

2011-ലെ കേരള പൊലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം കേരളത്തിൽ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ 2012-ൽ നിലവിൽ വന്നിട്ടുള്ളതാണ്. സംസ്ഥാന തലത്തിലും (State Police Complaints Authority) ജില്ലാ തലത്തിലും (District Police Complaints Authority) പ്രസ്തുത അതോറിറ്റികൾ നിലവിലുണ്ട്. എസ്.പി. റാങ്കിന് തുല്യമായോ മുകളിലോ ഉള്ള പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിക്കപ്പെടുന്ന പെരുമാറ്റ ദൂഷ്യവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും കൂടാതെ കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗിക ഉപദ്രവം നടത്തുന്നതോ ഏതെങ്കിലും വ്യക്തിയെ കൊലപ്പെടുത്തുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ കഠിന ദേഹോപദ്രവം ഏല്പിക്കുകയോ ബലാത്സംഗം ചെയ്യുകയോ മറ്റ് ഗുരുതര കുറ്റം ചെയ്തതായി ആരോപണമുണ്ടാകുന്ന ഇതര റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ പരിശോധിക്കുകയും അന്വേഷണം നടത്തുകയും ചെയ്യാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഡിവൈ.എസ്.പി. റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും ജില്ലാ പൊലീസ് കംപ്ലയിന്റ്സ്

അതോറിറ്റികൾ നിലവിലുണ്ട്.

2012 ഫെബ്രുവരി 22-ാം തീയതിയാണ് സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി പ്രവർത്തനമാരംഭിച്ചത്. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർപേഴ്സണായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) എ.ഡി.ജി.പി. (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ ഔദ്യോഗിക അംഗങ്ങളായും കൂടാതെ രണ്ട് അനൗദ്യോഗിക അംഗങ്ങളും ചേർന്നതാണ് സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി. അതോറിറ്റിയുടെ പ്രവർത്തനങ്ങൾ അതോറിറ്റിതന്നെ കാലാകാലങ്ങളിൽ യോഗം ചേർന്ന് വിലയിരുത്താറുണ്ട്. യോഗതീരുമാനങ്ങൾ യഥാസമയം ഔദ്യോഗിക അംഗങ്ങളുൾപ്പെടെ എല്ലാവരും അറിയാറുണ്ട്. ഈ അതോറിറ്റിയിൽ സമർപ്പിക്കുന്ന പരാതികളിൽ കേരള പൊലീസ് ആക്ട് 2011 പ്രകാരം അതോറിറ്റിയുടെ അധികാര പരിധിയിൽവരുന്ന പരാതികൾ 2019-ലെ കേരള സംസ്ഥാന പൊലീസ് (കംപ്ലയിന്റ്സ് അതോറിറ്റി) ചട്ടങ്ങൾ പ്രകാരം പരിശോധിച്ച് കുറ്റക്കാരായ പൊലീസുദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്യുവരുന്നു. ഈ വിധം വളരെ കാര്യക്ഷമമായാണ് സ്റ്റേറ്റ് പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി/ജില്ലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി പ്രവർത്തിക്കുന്നത്.

(ബി) പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

2012 ഫെബ്രുവരി 22-ാം തീയതി സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലവിൽ വരികയും 2017-ൽ ജസ്റ്റിസ് വി. കെ. മോഹനൻ ചെയർപേഴ്സൺ ആയി അധികാരമേൽക്കുകയുമുണ്ടായി. തുടർന്ന് ചെയർപേഴ്സന്റെ നിർദേശമനുസരിച്ച് അതോറിറ്റി

സർക്കാരിൽ നിർദേശങ്ങൾ സമർപ്പിക്കുകയും 2019-ൽ കേരള സംസ്ഥാന പൊലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടം പ്രാബല്യത്തിൽ വരികയും ചെയ്തു. 2017 വരെ അതോറിറ്റിയുടെ ഭരണപരമായ കാര്യങ്ങളിൽ ചെയർപേഴ്സൺ ആണ് ഉത്തരവ് നൽകിയിരുന്നത്. ഹൈക്കോടതിയിലുള്ളതുപോലെ അഞ്ച് അംഗങ്ങളുൾപ്പെടുന്ന ഭരണസമിതി രൂപീകരിക്കുകയും കാലാകാലങ്ങളിൽ യോഗം ചേർന്ന് ജനാധിപത്യപരമായി ഭൂരിപക്ഷ തീരുമാനത്തിനനുസരിച്ച് നയപരവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമാണ് ചെയ്തുവരുന്നത്.

സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി എന്നാൽ ചെയർപേഴ്സണും ഔദ്യോഗിക-അനൗദ്യോഗിക അംഗങ്ങളുമുൾപ്പെടെ അഞ്ച് പേരടങ്ങുന്നതാണെന്നും ചെയർപേഴ്സൺ ഒറ്റയ്ക്കോ മെമ്പർമാർക്ക് ഒറ്റയ്ക്കോ വിധി പറയാൻ കഴിയില്ലെന്ന് 05-04-2018-ൽ ജസ്റ്റിസ് സി. എ. ചാലി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സൺ ആയ ജസ്റ്റിസ് വി. കെ. മോഹനൻ സർക്കാരിന് നൽകിയ ശിപാർശ കണക്കിലെടുത്ത് ചെയർപേഴ്സൺ ഒറ്റയ്ക്കോ അല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന മെമ്പർക്ക് ഒറ്റയ്ക്കോ അതല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന ബഞ്ചിനോ വിധി പുറപ്പെടുവിക്കാമെന്ന നിയമഭേദഗതി സർക്കാർ വരുത്തി. നിലവിൽ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും ജില്ല തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ സുതാര്യവും ലളിതവുമായ രീതിയിലാണ് അതോറിറ്റി പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നത്.

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊലീസുദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളുടെ എണ്ണം എത്രയെന്നും എത്ര റിപ്പോർട്ടുകൾ സർക്കാരിന്

നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും തീർപ്പാക്കിയ പരാതികളിൽ എത്ര അപ്പീലുകൾ ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി

പൊലീസ് സൂപ്രണ്ടും അതിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കെതിരായ എല്ലാ തരത്തിലുമുള്ള നടപടി ദൃഷ്യത്തെപ്പറ്റിയുള്ള പരാതികളും കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ അല്ലെങ്കിൽ ഏതെങ്കിലും ആളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഗുരുതരമായി പരിക്കേല്പിക്കൽ അല്ലെങ്കിൽ ബലാത്സംഗം എന്നിവ സംബന്ധിച്ചും എല്ലാ പദവികളിലുമുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ഗുരുതര സ്വഭാവത്തിലുള്ള പരാതികളുമാണ് സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി പരിശോധിക്കുന്നത്.

മേൽ വിവരിച്ചതല്ലാത്ത നടപടി ദൃഷ്യങ്ങൾ പരിശോധിക്കുന്നത് ജില്ലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റികളാണ്. ഈ വിധം, ജില്ലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ മാത്രം പരിഗണിക്കേണ്ട പരാതികളും ഈ അതോറിറ്റി മുമ്പാകെ ലഭിക്കാറുണ്ട്. അത്തരം കേസുകളിൽ ബന്ധപ്പെട്ട ജില്ലാ അതോറിറ്റികളെ സമീപിച്ച് പരിഹാരം കാണാൻ നിർദേശിച്ചുവരുന്നു. സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പരിധിയിൽവരുന്ന പരാതികൾ ഒ.പി. ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അപ്രകാരം 25-05-2016 മുതൽ 22-09-2025 വരെ 3043 ഒ.പി.-കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2982 കേസുകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റം തെളിയുന്ന കേസുകളിൽ നടപടി സ്വീകരിക്കുന്നതുസംബന്ധിച്ച്

ശിപാർശകൾ അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം)/സംസ്ഥാന പൊലീസ് മേധാവി/മറ്റ് ഉന്നത പൊലീസുദ്യോഗസ്ഥർ മുതലായവർക്ക് നൽകാറുണ്ട്.

ഒരു പരാതിയിന്മേൽ സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ അതിന്മേൽ ക്ലറിക്കലോ അല്ലെങ്കിൽ കണക്കുകളിലോ ഉള്ള തിരുത്തലുകളൊഴികെ മറ്റൊരു തിരുത്തലും പുന:പരിശോധനയും നടത്താൻ പാടുള്ളതല്ലെന്ന് 2019-ലെ കേരള സംസ്ഥാന പൊലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി അതോറിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകളിന്മേലോ ജില്ലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി തീർപ്പാക്കിയ കേസുകളിന്മേലോ അപ്പീൽ സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്കോ നൽകാൻ വ്യവസ്ഥയില്ല. സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി പുറപ്പെടുവിച്ച ഉത്തരവിന്മേൽ സർക്കാരിലേയ്ക്കും അപ്പീൽ നൽകാൻ നിയമ വ്യവസ്ഥയില്ല. അച്ചടക്ക നടപടിയുടെ ഭാഗമായി സ്റ്റേറ്റ് പൊലീസ് ചീഫോ വകുപ്പുതല ഉദ്യോഗസ്ഥരോ പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങൾക്കെതിരെ സർവീസ് നിയമപ്രകാരം സർക്കാരിൽ അപ്പീൽ നൽകാൻ കഴിയുമെന്നേയുള്ളൂ.

ജില്ലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി, ദക്ഷിണ മേഖല, കോട്ടയം

ദക്ഷിണ മേഖലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ കീഴിൽ വരുന്ന 6 ജില്ലകളിലുംകൂടി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആകെ ലഭിച്ച പരാതികൾ, തീർപ്പാക്കിയവ, അപ്പീലുകൾ എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	ആകെ ലഭിച്ച പരാതികൾ	ആകെ തീർപ്പാക്കിയ പരാതികൾ	ആകെ അപ്പീലുകൾ

2016	746	689	0
2017	590	538	2
2018	496	351	0
2019	391	272	0
2020	334	178	0
2021	384	159	0
2022	328	85	0
2023	485	107	0
2024	327	34	1
2025	374	9	1
ആകെ	4455	2422	4

ജില്ലാ പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി, ഉത്തര മേഖല, കോഴിക്കോട്

ജില്ല	ലഭിച്ച പരാതികളുടെ എണ്ണം	പൊലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ച കേസുകളുടെ എണ്ണം
എറണാകുളം	880	0
തൃശ്ശൂർ	707	6
പാലക്കാട്	360	0
മലപ്പുറം	458	3
കോഴിക്കോട്	572	0
വയനാട്	256	0
കണ്ണൂർ	263	0
കാസർഗോഡ്	140	0
ആകെ	3636	9

(ഡി) പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ശിപാർശകളിൽ സർക്കാർ കൃത്യമായി നടപടി സ്വീകരിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പൊലീസ് മർദനം, കസ്റ്റഡി മരണം തുടങ്ങിയ ഗൗരവമേറിയ കുറ്റങ്ങളിൽ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അധികാരം പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്ക് നൽകണമെന്ന ആവശ്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) സാധാരണഗതിയിൽ സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി സ്റ്റേറ്റ് പൊലീസ് ചീഫിനും വകുപ്പിനുമാണ് ശിപാർശകൾ നൽകുന്നത്. സംസ്ഥാന പൊലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലവിലുള്ള നിയമപ്രകാരം സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്.

യുവാവ് പൊലീസ് മർദനത്തിനിരയായത്

77(2139) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്തെ പൂഴനാട് എന്ന സ്ഥലത്ത് വിഷാദരോഗിയായ ചെറുപ്പക്കാരൻ പൊലീസ് മർദനത്തിനിരയായ സംഭവത്തിൽ, ബന്ധപ്പെട്ടവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

<u>പൊലീസ് മർദനം</u>

78(2140) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന സ്വദേശിയെ കൊല്ലം കണ്ണനല്ലൂർ പൊലീസ് മർദിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊലീസ് സ്റ്റേഷനിലെത്തിയ ഈ വ്യക്തി സംഘർഷമുണ്ടാക്കി എന്നതുകാണിച്ച് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; വിശദാംശം നൽകാമോ;

(സി) ഒരു കേസിന്റെ മധ്യസ്ഥചർച്ചക്കായി സ്റ്റേഷനിലെത്തിയ ഈ വ്യക്തിയെ സി. ഐ. ഒരു കാരണവുമില്ലാതെ ഉപദ്രവിച്ചെന്ന ഇയാളുടെ ആരോപണത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) കൊല്ലം കണ്ണനല്ലൂർ പൊലീസ് സ്റ്റേഷനിൽ പരാതിക്കാരിയോടൊപ്പം സ്റ്റേഷനിലെത്തിയ ആൾ പൊലീസുദ്യോഗസ്ഥനോട് കയർത്ത് സംസാരിക്കുകയും ബഹളം വയ്ക്കുകയും ചെയ്തതുസംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. ഭർത്താവ് മദ്യപിച്ച് ബഹളമുണ്ടാക്കിയെന്ന പരാതിക്കാരിയുടെ പരാതിയിൽ ക്രൈം നമ്പർ 1338/2025 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പേരാമ്പ്രയിൽ പുതിയ ട്രാഫിക് യൂണിറ്റ്

79(2142) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയിൽ (പി.യു.കെ.സി.) നടുവണ്ണൂർ മുതൽ ചെറിയ കുമ്പളം വരെയുള്ള പേരാമ്പ്ര പൊലീസ് സ്റ്റേഷൻ പരിധിയിൽ 22 കിലോമീറ്റർ ദൂരം വരുന്ന റോഡിൽ നിരന്തരമുണ്ടാകുന്ന വാഹനാപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേരാമ്പ്ര നഗരത്തിലുണ്ടാകുന്ന ഗതാഗത തിരക്ക് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പേരാമ്പ്രയിലെ പഴയ പൊലീസ് സ്റ്റേഷൻ കെട്ടിടം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്കായി സർക്കാരിൽ ലഭ്യമായ പ്രൊപ്പോസലിൽ ഗതാഗത ക്രമീകരണത്തിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുമായി ആധുനിക സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും സംസ്ഥാന പൊലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്.

പൊലീസ് സ്റ്റേഷനുകളിലെ നിരീക്ഷണ ക്യാമറകൾ

80(2143) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയുള്ള പൊലീസ് സ്റ്റേഷനുകളിൽ എത്രയെണ്ണത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

518 പൊലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള പൊലീസ് സ്റ്റേഷനുകളിൽ അവ

പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധന നടത്തിയ പൊലീസ് സ്റ്റേഷനുകളുടെ എണ്ണവും ഏത് ഏജൻസിയാണ് പരിശോധന നടത്തിയതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന Beagle Cyber Innovations Pvt. Ltd. നടത്തി സമർപ്പിച്ച സെക്യൂരിറ്റി ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ച ഇ.&ഐ.ടി. വകുപ്പ് VMS-ആപ്ലിക്കേഷൻ EVMS PRO V3.0 സംവിധാനം പൊലീസ് വകുപ്പിന് ഉപയോഗിക്കുന്നതിന് സാങ്കേതികമായി അനുയോജ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള മുഴുവൻ പൊലീസ് സ്റ്റേഷനുകളിലും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗത്തോട് ശിപാർശ ചെയ്യാമോ; വിശദമാക്കുമോ?

നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

അട്ടപ്പാടി അഗളി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ

81(2144) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി അഗളി പൊലീസ് 22-09-2023-ന് രജിസ്റ്റർ ചെയ്ത 153/2023 നമ്പർ എഫ്.ഐ.ആർ.-മായി ബന്ധപ്പെട്ട് ആഭ്യന്തരവകുപ്പിന് എത്ര അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചുവെന്നും റിപ്പോർട്ടുകളിൽ എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുവെന്നും വിശദമാക്കാമോ;

(ബി) അന്വേഷണ റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന്

വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഈ കേസുമായി ബന്ധപ്പെട്ട് അഗളി ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. എൻ. മുരളീധരൻ, അഗളി എസ്.എച്ച്.ഒ. ആയിരുന്ന ശ്രീ. സലീം എന്നിവർക്കെതിരെ ഭൂമാഫിയയുമായി ബന്ധം സ്ഥാപിച്ചതിനും ഔദ്യോഗികപദവി ദുർവിനിയോഗം നടത്തിയതിനും പരാതികൾ ശരിയായവിധം അന്വേഷിക്കാത്തതിനും 27-10-23-ന് പാലക്കാട് ജില്ലാ പൊലീസ് മേധാവിയുടെ No. 24/Camp/2023/P പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ 11-01-2024-ലെ G.O.(Rt) No. 137/2024/ആഭ്യന്തരം പ്രകാരം സംയുക്ത വാച്യാന്വേഷണ ത്തിന് ഉത്തരവായിട്ടുള്ളതും ആയത് നടത്താൻ IR ബറ്റാലിയൻ കമാൻഡന്റ് ആയ ശ്രീ. ഷാഹുൽ ഹമീദിനെ ചുമതലപ്പെടുത്തുകയും അന്വേഷണം പൂർത്തിയാക്കി പി.ആർ. മിനിട്സ് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. ആഭ്യന്തരവകുപ്പിന്റെ പരിശോധനയിലിരിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പ് നൽകുന്നത് ഉചിതമല്ല.

(സി) അട്ടപ്പാടി അഗളി പൊലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര വിജിലൻസ് കേസുകൾ എടുത്തുവെന്നും അതിൽ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

അട്ടപ്പാടി അഗളി പൊലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റ കാലത്ത് വിജിലൻസ് കേസുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

ആലത്തൂർ, മംഗലം ഡാം, കുഴൽമന്ദം പൊലീസ് സ്റ്റേഷനുകളിൽ നടപ്പാക്കിയ വികസന

പ്രവർത്തനങ്ങൾ

82(2145) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ, മംഗലം ഡാം, കുഴൽമന്ദം പൊലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ, മംഗലം ഡാം, കുഴൽമന്ദം പൊലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തരവകുപ്പുവഴി നടപ്പാക്കിയ വിവിധ വികസന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ വിവരം	ചെലവ്
1	Renovation of Mangalam Dam police station	10,00,000/-
2	Basic Amenities of Mangalam Dam police station	8,33,000/-
3	Construction of new model Police station at Kuzhalmannam, Palakkad	56,20,789/-
4	Construction of New Septic tank at Police Lower subordinate quarters (LSQ) Kuzhalmannam, Palakkad	85,464/-
5	Constuction of additional Police station House Officer room in Kuzhalmannam	13,23,006/-
6	Construction of visitors room and women police constable rest room at Alathur Police station	5,92,030/-
7	Construction of one number Police upper subordinate quarters (USQ) at Alathur	16,35,846/-
8	Construction of recreation room at	3,76,481/-

	Kuzhalmannam Police Station, Palakkad	
9	Construction of New Police Station at Alathur, Palakkad	1,23,97,186/-
10	Construction of Ramp and disabled friendly toilet of Kuzhalmannam Police Station, Palakkad	3,84,790/-
11	Construction of compound wall at Kuzhalmannam Police Station, Palakkad	1,26,712/-
12	Repair & maintenance of Police circle Inspector office at Kuzhalmannam, Palakkad	1,66,721/-
13	Upgradation of Sub divisional Office at Alathur	6,29,694/-
14	Supplying installation and testing and commissioning of modular toilet at Alathur Police station	2,51,046/-
15	Basic Amenities at Alathur Police Station	2,87,300/-
16	Basic Amenities at Kuzhalmannam Police Station	5,80,000/-

കേരള അക്കാദമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട മാറനല്ലൂർ പൊലീസ് സ്റ്റേഷനിലെ പരാതികൾ

83(2146) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള അക്കാദമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട് മാറനല്ലൂർ പൊലീസ് സ്റ്റേഷനിലും സമീപസ്റ്റേഷനുകളിലും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

മാറനല്ലൂർ പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള കേരള അക്കാദമി ഓഫ്

ഫാർമസിയുമായി ബന്ധപ്പെട്ട് നാളിതുവരെ 10 പരാതികൾ മാറനല്ലൂർ പൊലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുണ്ട്.

ഹോസ്റ്റൽ സൗകര്യം, ശമ്പളം/സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കൽ എന്നിവ സംബന്ധിച്ച പരാതികളിൽ ചിലത് കോളേജ് അധികാരികളുമായി സംസാരിച്ച് ഒത്തുതീർപ്പാക്കുകയും ബാക്കിയുള്ള പരാതികൾ ഹയർ എഡ്യൂക്കേഷൻ വകുപ്പ് മുഖേനയോ ബഹുമാനപ്പെട്ട കോടതി മുഖേനയോ പരിഹാരം കാണുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കോളേജ് ചെയർമാൻ ദേഹോപദ്രവം ഏല്പിച്ചതായി കാണിച്ച് കോളേജിലെ ഒരു വിദ്യാർഥി നൽകിയ പരാതിയിൽ മാറനല്ലൂർ പൊലീസ് സ്റ്റേഷൻ ക്രൈം 511/ 2025 U/S 115(2), 118(1) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കോളേജിലെ വിദ്യാർഥികൾ ചേർന്ന് ദേഹോപദ്രവം ഏല്പിച്ചതായി കോളേജിലെ ചെയർമാൻ സമർപ്പിച്ച പരാതിയിന്മേൽ മാറനല്ലൂർ പൊലീസ് സ്റ്റേഷൻ ക്രൈം. 512/2025 U/s 189(2), 190, 191(2), 332(സി), 296(ബി), 115(2) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് നിലവിൽ അന്വേഷണാവസ്ഥയിലുമാണ്.

നിലമൂരിൽ ട്രാഫിക് പൊലീസ് സ്റ്റേഷൻ

84(2147) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

താലൂക്ക് ആസ്ഥാനമായ നിലമ്പൂരിൽ ട്രാഫിക് പൊലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ട്രാഫിക് പൊലീസ് സ്റ്റേഷനുകളിൽനിന്നും ലോക്കൽ പൊലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പൊലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തുകൊണ്ട് 14-07-2018-ലെ സ. ഉ. (കൈ) നം. 116/2018/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കാൻ സംസ്ഥാന പൊലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. നിലമ്പൂരിൽ പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കരീലക്കുളങ്ങര പൊലീസ് സ്റ്റേഷന്റെ നിർമ്മാണം

85(2148) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കരീലക്കുളങ്ങര പൊലീസ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ കരീലക്കുളങ്ങര പൊലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 2024-25 സ്റ്റേറ്റ് പ്ലാൻ സ്കീമിലുൾപ്പെടുത്തി 18-03-2025-ലെ ഉത്തരവ് പ്രകാരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക ആലപ്പുഴ ജില്ലാ പൊലീസ് ഓഫീസ് മുഖേന നിർമ്മാണ ചുമതലയുള്ള പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ട്രഷറി ശീർഷകത്തിൽ 19-07-2025-ൽ നിക്ഷേപിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കരട് പ്ലാൻ

തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ നിർത്തലാക്കിയ പൊലീസ് ഔട്ട് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി

86(2149) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ നിർത്തലാക്കിയ പൊലീസ് ഔട്ട് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ പൊലീസ് ഔട്ട് പോസ്റ്റ് പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിന്റെ കേടുപാടുകൾ പരിഹരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേടുപാടുകൾ പരിഹരിക്കുന്നമുറയ്ക്കോ അല്ലെങ്കിൽ പുതിയ കെട്ടിടം പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് പൊലീസ് വകുപ്പിന് കൈമാറി നൽകുന്നമുറയ്ക്കോ ഔട്ട് പോസ്റ്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

തിരുരങ്ങാടി ചെമ്മാട് പൊലീസ് വകുപ്പിന്റെ ഭൂമിയിൽ പുതിയ നിർമ്മാണം

87(2150) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ ചെമ്മാട് പൊലീസ് ക്വാർട്ടേഴ്സുകൾ സ്ഥിതിചെയ്യുന്ന ഭൂമിയിൽ ബസ് സ്റ്റാൻഡ് വിത്ത് പൊലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരുരങ്ങാടി മണ്ഡലത്തിലെ ചെമ്മാട് പൊലീസ് ക്വാർട്ടേഴ്സുകൾ സ്ഥിതിചെയ്യുന

ഭൂമിയിൽ ബസ് സ്റ്റാൻഡ് വിത്ത് പൊലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

(ബി) ഉപയോഗശൂന്യമായി കിടക്കുന്ന ഈ സ്ഥലത്ത് അണ്ടർഗ്രൗണ്ട് പാർക്കിംഗ്, ബസ് സ്റ്റാൻഡ്, വശങ്ങളിലുള്ള കെട്ടിടങ്ങളിൽ പൊലീസിന്റെ ഓഫീസ് കെട്ടിടങ്ങളും പൊലീസ് ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം നടത്തുകയാണെങ്കിൽ സർക്കാരിന് ലഭിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി& സി) ഇല്ല.

കോഴിച്ചെന ആർ.ആർ.ആർ.എഫ്. ക്യാമ്പ് കെട്ടിട നിർമ്മാണം

88(2151) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെന ആർ.ആർ.ആർ.എഫ്. (റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ്) ക്യാമ്പിലെ കെട്ടിടങ്ങൾ 100 വർഷത്തിലധികം പഴക്കമുള്ളതാണെന്നും ഏതുസമയത്തും ഇടിഞ്ഞുവീഴാവുന്ന അവസ്ഥയിലാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 100 വർഷത്തിലധികം പഴക്കമുള്ള ഈ കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി സർക്കാർ ലഭ്യമാക്കുമോ; വിശദമാക്കാമോ;

(സി) കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായ ഈ കെട്ടിടങ്ങൾ

ഇടിഞ്ഞുവീഴുകയാണെങ്കിലുണ്ടാകാവുന്ന അപകടസ്ഥിതി നേരിടാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ഡി) 100 വർഷങ്ങൾ പിന്നിട്ട ഈ കെട്ടിടങ്ങൾക്ക് നിലവിൽ ഫിറ്റ്നസ് ലഭ്യമാണോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായിട്ടും ഇവ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ-ഇ) എം.എസ്.പി. ബറ്റാലിയന്റെ അധീനതയിലുണ്ടായിരുന്ന ക്ലാരി ക്യാമ്പ് കെട്ടിടങ്ങൾ 2018 മാർച്ച് മാസം ആർ.ആർ.എഫ്. ബറ്റാലിയന് കൈമാറിയശേഷം ആയത് നിലനിർത്തുന്നതിനുവേണ്ട അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് ലഭിക്കുന്നതിനുവേണ്ട നടപടി സംസ്ഥാന പൊലീസ് മേധാവി തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നമ്പർ 2/183, 2/187 എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന പൊലീസ് മേധാവി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കാലപ്പഴക്കത്താൽ കേടുവരുന്ന കെട്ടിടങ്ങൾ താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി പരിപാലിച്ചുവരുന്നു. നിലവിലെ കെട്ടിടങ്ങൾക്ക് കാലപ്പഴക്കമുണ്ടെങ്കിലും അവ ഉപയോഗശൂന്യമാകാതിരിക്കാനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ്, കെ.പി.എച്ച്.സി.സി. എന്നിവിടങ്ങളിൽനിന്നും കെട്ടിടം പുനർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളം സിറ്റി പൊലീസ് കമ്മീഷണർ ഓഫീസ് നിർമ്മാണം

89(2152) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറൈൻ ഡ്രൈവിൽ പണിയുന്ന എറണാകുളം സിറ്റി പൊലീസ് കമ്മീഷണർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ആരെയാണ് ഏല്പിച്ചിരിക്കുന്നത്; ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) മറൈൻ ഡ്രൈവിൽ നിർമ്മിക്കുന്ന കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളായി പൂർത്തീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്. കേരള പൊലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് നിർമ്മാണ ചുമതല ഏല്പിച്ചിരിക്കുന്നത്. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണം 65% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് 2026-27 പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സംസ്ഥാന പൊലീസ് മേധാവി തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷൻ നിർമ്മാണം

90(2153) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മാവേലിക്കര പൊലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

91(2154) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള പൊലീസ് ക്വാർട്ടേഴ്സ് ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പൊലീസ് ക്വാർട്ടേഴ്സിനായി ആധുനിക നിലവാരത്തിലുള്ള ബഹുനില മന്ദിരം നിർമ്മിക്കുന്നത് പരിഗണിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര പൊലീസ് സ്റ്റേഷനിൽ ആകെ 47 പൊലീസ് ക്വാർട്ടേഴ്സുകളാണുള്ളത്. അതിൽ 10 ക്വാർട്ടേഴ്സുകളിൽ നിലവിൽ താമസമുണ്ട്. ബാക്കിയുള്ളവ വാസയോഗ്യമല്ല. നിലവിൽ താമസമുള്ള ക്വാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്ത് ആധുനിക നിലവാരത്തിലുള്ള പൊലീസ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പൊലീസ്

മേധാവിയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ചാവക്കാട് പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

92(2155) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ 20% തുക വകയിരുത്തിയ ചാവക്കാട് പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2024-25 ബജറ്റിൽ അനുവദിച്ച 2 കോടി രൂപയ്ക്കുപുറമേ വരുന്ന തുക ആഭ്യന്തരവകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാവക്കാട് പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് അയച്ച കത്തിലെ Estimate Report പ്രകാരം അനുവദിക്കപ്പെട്ട 200 ലക്ഷം രൂപ കെട്ടിടനിർമ്മാണത്തിന് അപര്യാപ്തമാണെന്നും Ground Floor, First Floor, Terrace എന്നിവയുടെ Structural Frame, കൽപ്പണി എന്നിവ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അധികമായി ലഭിക്കേണ്ട തുകയുടെ എസ്റ്റിമേറ്റ് സമർപ്പിക്കാൻ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ 4,50,00,000/- (നാല് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സംസ്ഥാന പൊലീസ് മേധാവി തലത്തിൽ

പരിശോധിച്ചുവരുകയും ചെയ്യുന്നു. ഇതുസംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ കണ്ടെത്തുന്നതിന് നടപടി

93(2156) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമ പഞ്ചായത്തിൽ കണ്ണവം സങ്കേതത്തിൽ നരിക്കോടൻ മേൽവിലാസത്തിൽ താമസിച്ചിരുന്ന 40 വയസ്സുള്ള സിന്ധു എൻ. എന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ 31-12-2024 മുതൽ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണ പുരോഗതി വിശദമാക്കാമോ?

പാട്യം ഗ്രാമ പഞ്ചായത്തിൽ കണ്ണവം സങ്കേതത്തിൽ നരിക്കോടൻ മേൽവിലാസത്തിൽ താമസിച്ചിരുന്ന 40 വയസ്സുള്ള സിന്ധു എൻ. എന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ 31-12-2024 മുതൽ കാണാതായത് സംബന്ധിച്ച് സഹോദരൻ രതീഷ് കണ്ണവം പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 2/2025 U/s 57 of KP Act പ്രകാരം 01/01/2025 തീയതി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അന്നേ ദിവസംതന്നെ ടി വിഷയത്തിൽ വയർലസ്സ് മുഖേന ടി സ്ത്രീയെ തിരിച്ചറിയുന്നതിനുള്ള അടയാള വിവരം പോലീസ് കൺട്രോൾ റൂമിലേക്കും മറ്റ് സ്റ്റേഷനുകളിലേക്കും അറിയിച്ചിട്ടുണ്ട്. ശേഷം ഫോട്ടോ സഹിതം പ്രത്യേക ക്രൈം കാർഡ് തയ്യാറാക്കി സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനിലേക്കും, സോഷ്യൽ മീഡിയ വഴിയും

അയച്ചു കൊടുത്തിട്ടുള്ളതും, കൂടാതെ അന്വേഷണ ഉദ്യോഗസ്ഥർ പരാതിക്കാരന്റെ അമ്മയെയും, ബന്ധുക്കളെയും, പരിസരവാസികളേയും നേരിൽ കണ്ട് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണത്തിൽ ടിയാൾ ഒറ്റപ്പെട്ടു താമസിക്കുന്നതും മാനസിക അസ്വാസ്ഥ്യം ഉള്ളയാളാണെന്നും അറിയാൻ സാധിച്ചിട്ടുണ്ട്.

കേസിൽ ബന്ധുക്കളിൽ നിന്നും നാട്ടുകാരിൽ നിന്നും മനസ്സിലാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കാണാതായ സിന്ധു വിറകോ, കിഴങ്ങ് വർഗ്ഗങ്ങളോ ശേഖരിക്കുന്നതിനായി വനത്തിൽ പോയിട്ട് തിരികെ വന്നിട്ടില്ല എന്ന ഉറച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തണ്ടർ ബോൾട്ട്, ഡോഗ് സ്ക്വാഡ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, കുടംബശ്രീ അംഗങ്ങൾ, എസ്.ടി. പ്രൊമോട്ടർമാർ എന്നിവരുമായി ചേർന്ന് വനമേഖലയിലെ സ്ഥലങ്ങളിലും, പുഴകളിലും, ജലാശയങ്ങളിലും മറ്റും പരിശോധന നടത്തിയിട്ടുള്ളതാണ്. സിന്ധുവിന്റെ ഭർത്താവായ രവി താമസിക്കുന്ന കണിച്ചാർ മലയംപാടി പടിഞ്ഞാറെ വെള്ളുന്നി, രാജമുടി എന്നീ സ്ഥലങ്ങളിലും അന്വേഷണവും പരിശോധനയും നടത്തിയിട്ടുണ്ട്. ഉൾക്കാടുകളിൽ പരിശോധനക്കായി ഡ്രോൺ സേവനവും ഉപയോഗപ്പെടുത്തിയിരുന്നു. കൂടാതെ ജലാശയങ്ങളും മറ്റും വിശദമായി പരിശോധിക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെയും സന്നദ്ധപ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തി ഊർജ്ജിതമായ പരിശോധന നടത്തി കാണാതായ സ്ത്രീയെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വനമേഖലയിലെ ജലാശയങ്ങൾ, കരിങ്കൽ ക്വാറി, കിണറുകൾ, ടാങ്കുകൾ, കുഴികൾ മറ്റും Under Water Drone Camera Remotted operative vehicle ഉപയോഗിച്ച് കുത്തുപറമ്പ് ഫയർ ആന്റ് റസ്ക്യൂ സ്കൂബ ഡ്രൈവർ പരിശോധന

നടത്തിയിട്ടുള്ളതുമാണ്. കണ്ണവം വനമേഖലയ്ക്കടുത്തും ഉന്നതിക്കടുത്തും താമസിക്കുന്ന വിവിധ സ്റ്റേഷനുകളിൽ ജോലിചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു Special Investigation Team രൂപീകരിച്ച് അന്വേഷണം നടത്തുന്നുണ്ട്. കേസിന്റെ തെളിവിലേക്ക് സിന്ധുവിന്റെ അമ്മയായ പ്രേമജയുടെ ബ്ലഡ് സാമ്പിൾസ് ശേഖരിച്ച് കോടതി മുഖാന്തരം DNA രാസപരിശോധനയ്ക്ക് RFSL കണ്ണൂർ ലാബിൽ നൽകിയിട്ടുള്ളതും നിലവിൽ ടി കേസ് അന്വേഷണാവസ്ഥയിലിരിക്കുന്നതുമാണ്.

പൊലീസ് ആശുപത്രികളിലെ ഡോക്ടർമാരുടെ നിയമനം

94(2157) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊലീസ് ആശുപത്രികളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന മെഡിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം - 8, എറണാകുളം - 3, കണ്ണൂർ - 1 എന്നിങ്ങനെ നിലവിൽ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അന്യത്ര സേവനവ്യവസ്ഥ ചട്ടങ്ങൾ പാലിച്ചാണോ നിയമനം നടത്തുന്നത്; വിശദമാക്കാമോ; പ്രസ്തുത നിയമനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അന്യത്ര സേവനവ്യവസ്ഥ ചട്ടങ്ങൾ പാലിച്ചാണ് നിയമനം നടത്തിവരുന്നത്. അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. തുടർന്ന് ഒഴിവുകൾ നികത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും യോഗ്യരായവരുടെ പാനൽ നിരാക്ഷേപപത്രം സഹിതം ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് നടപടിക്രമം.

(സി) മുൻകാലങ്ങളിൽ മെഡിക്കൽ ഓഫീസർമാർ ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വഴി വർഷങ്ങളായി വിവിധ സ്ഥാപനങ്ങളിൽ തുടരുന്നതിൽ അഴിമതി നടന്നിട്ടുണ്ടോ എന്നുള്ളകാര്യം അന്വേഷണത്തിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ട്രാൻസ്ഫർ വഴി നിയമിതരായ മെഡിക്കൽ ഓഫീസർമാർ എത്ര വർഷം വരെ ഇങ്ങനെ വിവിധ സ്ഥാപനങ്ങളിൽ തുടർന്നുവെന്നുള്ള കാര്യം വ്യക്തമാക്കാമോ; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

നിലവിൽ ട്രാൻസ്ഫർ വഴി നിയമിക്കപ്പെട്ടവരില്ല.

കേരള പൊലീസ് ഫോറൻസിക് വിഭാഗത്തിലെ തസ്തികകൾ

95(2158) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊലീസ് ഫോറൻസിക് വിഭാഗത്തിൽ ആകെ എത്ര സ്ഥിരം തസ്തികകളുണ്ട്?

കേരള പൊലീസ് ഫോറൻസിക് വിഭാഗത്തിൽ ആകെ 233 സ്ഥിരം തസ്തികകളുണ്ട്.

(ബി) പ്രസ്തുത തസ്തികകളുടെ പേരും എണ്ണവും നിലവിലുള്ള ഒഴിവുകളുടെ എണ്ണവും

നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2025 ഒക്ടോബർ 1 മുതൽ 2028 ഓഗസ്റ്റ് 31 വരെ സയന്റിഫിക് ഓഫീസർ (കെമിസ്ട്രി), സയന്റിഫിക് ഓഫീസർ (ഫിസിക്സ്), സയന്റിഫിക് ഓഫീസർ (ബയോളജി), സയന്റിഫിക് ഓഫീസർ (ഡോക്യുമെന്റ്സ്) എന്നീ തസ്തികകളിൽ നിലവിലെ ഉദ്യോഗസ്ഥർ വിരമിക്കുന്നതുമൂലം എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നു; തസ്തിക, വർഷം, മാസം എന്നിവ തിരിച്ച് വിവരം നൽകാമോ?

ജോയിന്റ് ഡയറക്ടർ തസ്തികയിൽ 2026-ൽ 1-ഉം, 2028-ൽ 1-ഉം ആയി രണ്ടുപേർ വിരമിക്കുന്നുണ്ട്. അപ്രകാരം വിരമിച്ചാൽ സയന്റിഫിക് ഓഫീസർ തസ്തികയിൽ 2 ഒഴിവുകളുണ്ടാകുന്നതാണ്. അത് ഏത് വിഭാഗത്തിലാണെന്നത് മുൻകൂട്ടി വ്യക്തമാക്കാൻ കഴിയില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുകയോ നിലവിൽ ഡെപ്യൂട്ടേഷനിലുള്ള ഉദ്യോഗസ്ഥൻ മടങ്ങിവരികയോ ചെയ്യുന്നപക്ഷം എണ്ണത്തിൽ മാറ്റം വരാം.

ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ നിയമനങ്ങൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം

96(2159) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യകതമാക്കാമോ;

(സി) പ്രസ്തുത അന്വേഷണത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ലെങ്കിൽ ആയത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് അന്വേഷണം വൈകുന്നതെന്ന് വ്യക്തമാക്കാമോ?

(എ-ഡി) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - 1 നടത്തിയിരുന്ന വി.ഇ.7/2023/എസ്.ഐ.യു.-1 വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് 26-09-2025-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിലെ മറ്റ് ശിപാർശകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് എടുത്ത കേസുകൾ

97(2160) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കി അഴിമതി കുറച്ചുകൊണ്ടുവരുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം

വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളും വികസന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന ദൃഢനിശ്ചയത്തോടെ വിജിലൻസിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്ന 'അഴിമതിമുക്ത കേരളം' ക്യാമ്പയിൻ വലിയ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. അഴിമതിക്കാരായ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് വിവരദാതാക്കളുടെ ഒരു ശൃംഖലതന്നെ വിജിലൻസ് ഒരുക്കിയിട്ടുണ്ട്. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തുടർച്ചയായി നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

അഴിമതി ഇല്ലായ്മ ചെയ്യുന്നതിന് നമ്മുടെ സംസ്ഥാനത്ത് പല ഏജൻസികളും നിയമവ്യവസ്ഥകളും നിലവിലുണ്ടെങ്കിലും ഇവയൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന തരത്തിൽ പ്രവർത്തിച്ചിരുന്ന ഒരു വിഭാഗം കേന്ദ്ര സർക്കാർ ജീവനക്കാർ നടത്തുന്ന അഴിമതിക്കെതിരെ ശക്തമായ നടപടികൾ വിജിലൻസ് സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പണമിടപാടായി കൈക്കൂലി സ്വീകരിച്ചവർക്കും മദ്യം പാരിതോഷികമായി കൈപ്പറ്റിയവർക്കുമെതിരെ വിജിലൻസ് സ്വീകരിച്ചുവരുന്ന കർശന നടപടികൾ ഉദ്യോഗസ്ഥരിൽ ഭയം ജനിപ്പിച്ചിട്ടുള്ളതും ഇതിന്റെ ഫലമായി സാധാരണക്കാർ നിത്യേന സമീപിക്കുന്ന റവന്യൂ, തദ്ദേശസ്വയംഭരണം, മോട്ടോർ

വാഹനം, രജിസ്ട്രേഷൻ, സിവിൽ സപ്ലൈസ് മുതലായ വകുപ്പുകളിൽനിന്നും പൊതുജനങ്ങൾക്ക് വേഗതയിലുള്ളതും അഴിമതിരഹിതവുമായ സേവനങ്ങൾ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

അഴിമതി നടത്തുന്നവരെ കൈയോടെ പിടികൂടുന്നതിലേക്കായി ട്രാപ്പ് കേസുകൾ കൂടുതലായി രജിസ്റ്റർ ചെയ്യുവരികയും ആയതിലൂടെ അഴിമതി തടയുന്നതിലേക്ക് കർശന നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും 8592900900 എന്ന നമ്പരിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ കൈക്കൊണ്ടുവരുന്നു.

അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സൂട്ടിൽ ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിജിലൻസിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനായി ഓരോ വർഷവും വിജിലൻസ് ബോധവൽക്കരണ വാരാചരണം നടത്തിവരുന്നുണ്ട്. വിജിലൻസ് വകുപ്പ് സംബന്ധമായ

വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായി വിജിലൻസ് ആസ്ഥാനത്ത് സോഷ്യൽ മീഡിയാ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്.

വിജിലൻസ് തങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരുകയും അതിന്റെ ഫലമായി അഴിമതി കേസുകൾ കൂടുതൽ ആഴത്തിൽ അന്വേഷിക്കുന്നതിനും അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജന്റുമാരെ പിടികൂടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ബ്യൂറോയെ പ്രൊഫഷണലൈസ് ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണ മികവ് വർധിപ്പിക്കാനുള്ള പരിശീലനം ഇതിനോടകം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മികച്ച ഫലങ്ങൾ കൈവരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടപ്പിലാക്കിവരുന്നു.

അഴിമതി നടന്നതിനുശേഷം അന്വേഷിക്കുക എന്നതിന് വ്യത്യസ്തമായി അതിനവസരം നൽകാതെ ആരംഭത്തിൽത്തന്നെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആഭ്യന്തര- വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായുള്ള നടപടികളും വിജിലൻസ് ബ്യൂറോ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സ്വീകരിക്കേണ്ട മാർഗങ്ങളെ സംബന്ധിച്ചും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ആഭ്യന്തര-വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥർക്കായി വിദഗ്ധ ടെയിനിങ്ങും നൽകിവരുന്നുണ്ട്. ബ്യൂറോയിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തുടനീളം വിവിധ സ്ഥലങ്ങളിലായി 5 പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച്

പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിജിലൻസ് ആസ്ഥാനത്തും മധ്യമേഖല, ഉത്തരമേഖല ഓഫീസുകളിലുമായി സൈബർ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ അഴിമതിക്കെതിരെ ശക്തവും കാര്യക്ഷമവും സുതാര്യവുമായ നടപടികളാണ് വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.

(സി) സംസ്ഥാന സർക്കാർ സർവീസിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ടെന്ന വിവരം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.[+]

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ വിജിലൻസ് എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

8 കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകളെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

കൈക്കൂലി കേസിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

98(2161) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷ കാലയളവിൽ കൈക്കൂലി കേസിൽ പ്രതികളായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗസ്ഥരുടെ വർഷം തിരിച്ചുള്ള കണക്ക് നൽകുമോ; ടി ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്ന വകുപ്പുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതുമായി ബന്ധപ്പെട്ട് ഇക്കാലയളവിനുള്ളിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർ എത്രയെന്ന് വ്യക്തമാക്കുമോ?

113 ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ഉദ്യോഗസ്ഥരുടെ കൈക്കൂലി പൂർണ്ണമായും തുടച്ചുനീക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

അഴിമതിക്കാരായ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് വിവരദാതാക്കളുടെ ഒരു ശൃംഖലതന്നെ വിജിലൻസ് ഒരുക്കിയിട്ടുണ്ട്. കൂടാതെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ തുടർച്ചയായി നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

അഴിമതി നടത്തുന്നവരെ കൈയ്യോടെ പിടികൂടുന്നതിലേക്കായി ട്രാപ് കേസുകൾ കൂടുതലായി രജിസ്റ്റർ ചെയ്തുവരികയും ആയതിലൂടെ അഴിമതി തടയുന്നതിലേക്ക് കർശനനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1064 എന്ന ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും 8592900900 എന്ന നമ്പരിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ കൈക്കൊണ്ടുവരുന്നു.

പുതിയ മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടി

99(2162) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കോടതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 2016 മുതൽ 2025 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പുതിയ 114 കോടതികൾ സർക്കാർ അനുമതിയോടെ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) പുതുതായി മജിസ്ട്രേറ്റ് കോടതികൾ തുടങ്ങുന്നതിന് ഏതെങ്കിലും മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിൽ ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി, സബ് കോടതി, അഡീഷണൽ സബ് കോടതി, അഡീഷണൽ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, മുൻസിഫ് കോടതി, മുൻസിഫ്-മജിസ്ട്രേറ്റ് കോടതി, ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്

മജിസ്ട്രേറ്റ് കോടതി, മൊബൈൽ കോടതി എന്നിവ സ്ഥാപിക്കുന്നത് 02-03-2016-ലെ സ.ഉ. (കൈ) 79/2016/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മുൻഗണനാ പട്ടികയിൽനിന്നുമാണ്. പ്രസ്തുത മുൻഗണനാ പട്ടികയിൽ ഇനം നമ്പർ 45 ആയി കൊണ്ടോട്ടി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്. മുൻഗണനാപട്ടികയിലെ ക്രമപ്രകാരം ഹൈക്കോടതിയിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

നിലമ്പൂർ കോടതി സമുച്ചയത്തിലെ സ്ഥലപരിമിതിയും
കോടതികളുടെ പ്രവർത്തനവും

100(2163) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കോടതി സമുച്ചയത്തിലെ സ്ഥലപരിമിതികൊണ്ട് ജെ.എഫ്.സി.എം. കോടതിയും മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുംകൂടി എം.എം. കോടതിയായിട്ടാണ് പ്രവർത്തിക്കുന്നത് എന്നതിനാലും ആഴ്ചയിൽ മൂന്നുദിവസം വീതം മാത്രമാണ് രണ്ട് കോടതികളിലുമായി കേസ് തീർപ്പാക്കൽ നടക്കുന്നത് എന്നതിനാലും രണ്ട് കോടതികളിലുംകൂടി ഒരു മുൻസിഫ് മജിസ്ട്രേറ്റ് മാത്രമാണുള്ളത് എന്നതിനാലും ആയത് ബൈഫർക്കേഷൻ (വിഭജനം) നടത്താനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നിലമ്പൂർ മുൻസിഫ്-മജിസ്ട്രേറ്റ് കോടതി ബൈഫർക്കേഷൻ (വിഭജനം) നടത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലമ്പൂർ കോടതി സമുച്ചയത്തിന്റെ കെട്ടിടനിർമ്മാണത്തിനുവേണ്ടി തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണത്തിൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ കോടതി സമുച്ചയ നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച 1,791 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചതിനെത്തുടർന്ന് ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ പരിഹരിച്ചതിനുശേഷം ആയത് പുനഃസമർപ്പിക്കാൻ ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മുൻസിഫ് കോടതിയിലേക്കാവശ്യമായ സ്റ്റാഫ് ഫിക്സേഷൻ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

31-10-2013-ലെ സ. ഉ. (കൈ) നം. 271/2013/ആഭ്യന്തരം പ്രകാരം നിലമ്പൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി മാറ്റുകയും പ്രസ്തുത കോടതിയുടെ പ്രവർത്തനങ്ങൾക്കായി, 31-01-2015-ലെ സ.ഉ.(കൈ)നം.20/2015/ആഭ്യന്തരം പ്രകാരം 8 അധിക തസ്തികയും 02-03-2023-ലെ G.O. (Ms.) No.59/2023/Home പ്രകാരം ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയും അനുവദിക്കുകയും ചെയ്തിരുന്നു. അനുവദിച്ച 9 തസ്തികകൾക്കുപുറമെ 22 തസ്തികകൾകൂടി പുതുതായി അനുവദിക്കാൻ ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചതിനെതുടർന്ന് ടി കോടതിയിലേയ്ക്ക് 24-11-2023-ലെ സ. ഉ. (സാധാ) നം. 3414/2023/ആഭ്യന്തരം പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ 2 clerk cum typist-നെ നിയമിക്കുന്നതിന് അനുമതി നൽകുകയും 11 തസ്തികകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് നടത്തുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പഴയ കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി.

101(2164) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ (കെ.എം.ബി.ആർ./കെ.പി.ബി.ആർ.-2019) നിലവിൽ വരുന്നതിനുമുമ്പ് നിർമ്മിച്ചതും പ്രവർത്തനാനുമതി ലഭിച്ചതുമായ കെട്ടിടങ്ങൾക്ക് കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പിൽനിന്ന് ഫയർ എൻ.ഒ.സി. അനുവദിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; സാധിക്കുമെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ പരിശോധനയിലുള്ള, കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഫയർ ആൻഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മാനദണ്ഡം, നിരക്കുകൾ എന്നിവ നിശ്ചയിക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ ആധുനികവൽക്കരണം

102(2165) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ

ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് 2016 കാലഘട്ടം മുതൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വാർഷിക പദ്ധതിയിനത്തിലുൾപ്പെടുത്തി കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി ചുവടെ ചേർക്കുംപ്രകാരം ബജറ്റിൽ തുക വകയിരുത്തിയിരുന്നു.

സാമ്പത്തികവർഷം	തുക (രൂപ)
2016-17	39 കോടി
2017-18	40.12 കോടി
2018-19	65 കോടി
2019-20	70 കോടി
2020-21	65 കോടി
2021-22	65 കോടി
2022-23	72.5 കോടി
2023-24	72.5 കോടി
2024-25	51.5 കോടി
2025-26	60 കോടി

കൂടാതെ ദുരന്തനിവാരണഫണ്ടായി 2023-24 സാമ്പത്തികവർഷത്തിൽ 10 കോടി രൂപയും 2016-17 സാമ്പത്തികവർഷത്തിൽ യൂണിഫോം ആർട്ടിക്കിൾ വാങ്ങുന്നതിനായി 9.77 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മേൽപറഞ്ഞ തുകകൾ ഉപയോഗിച്ച് വകുപ്പ് വാങ്ങിയ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ആലപ്പുഴ ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

ഉണ്ട്. ആലപ്പുഴ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഫയർ ആൻഡ് റെസ്ക്യൂ സേനയിലെ പുതിയ സംവിധാനങ്ങൾ

103(2166) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നിലവിൽ പ്രയോഗത്തിലിരിക്കുന്നതും ഉപയോഗിക്കാൻ പദ്ധതിയിട്ടിരിക്കുന്നതുമായ പുതിയ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

അപകട സ്ഥലങ്ങളിൽ മനുഷ്യന് നേരിട്ട് എത്തിച്ചേരാൻ സാധിക്കാത്ത ഇടങ്ങളിലും അഗ്നിരക്ഷാ പ്രവർത്തനം സാധ്യമാക്കുന്ന രണ്ടെണ്ണം റോബോട്ടിക് ഫയർ ഫൈറ്റിങ്ങ് എക്യൂപ്മെന്റ് വിത്ത് കാരീയിങ് വെഹിക്കിളുകൾ, ജലാശയ അപകടങ്ങളിൽ വെള്ളത്തിനടിയിൽ തിരച്ചിൽ നടത്തുന്നതിനുപയോഗപ്രദമായ അണ്ടർവാട്ടർ ROV/അണ്ടർവാട്ടർ ഡ്രോണുകൾ, നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള ഇടുങ്ങിയ റോഡുകളിലൂടെ അനായാസം യാത്ര ചെയ്ത് ഫസ്റ്റ് റെസ്പോൻഡറായി പ്രവർത്തിക്കാനുതകുന്ന ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ, പുക പടലങ്ങൾ/ശ്വാസ തടസമുണ്ടാകുന്ന അന്തരീക്ഷം എന്നിവിടങ്ങളിൽ സുഗമമായി രക്ഷാപ്രവർത്തനം നടത്താനുതകുന്ന ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റുകൾ, ജലാശയ അപടകങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്താനുതകുന്ന സ്കൂബാ സെറ്റ്

വിത്ത് ഡൈവിംഗ് സ്യൂട്ടുകൾ, ഉപകരണങ്ങളിലെ എയർ സിലിണ്ടറുകളിൽ എയർ നിറയ്ക്കുന്നതിനുള്ള ബ്രീത്തിംഗ് എയർ കംപ്രസറുകൾ തുടങ്ങി നിരവധി ആധുനിക സംവിധാനങ്ങൾ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നിലവിൽ പ്രയോഗത്തിലുണ്ട്. ബഹുനിലകെട്ടിടങ്ങളിലുണ്ടാകുന്ന തീപിടുത്തം പോലെയുള്ള അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഏരിയൽ ലാഡർ പ്ലാറ്റ്ഫോം, ഫയർ ഫൈറ്റിങ്ങ് ടവർ മോണിറ്റർ തുടങ്ങിയവ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഫയർ ആൻഡ് റെസ്ക്യൂ സേനയിൽ ഡ്രോൺ ഉപയോഗിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ബഹുനില കെട്ടിടങ്ങളിൽ തീ അണയ്ക്കൽ പ്രവർത്തനങ്ങൾ നടത്തുക, രക്ഷാപ്രവർത്തകർക്ക് എത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളിൽ അപകടത്തിൽപ്പെട്ടവരെ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി ഡ്രോൺ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഇല്ല. രക്ഷാപ്രവർത്തനങ്ങളിൽ നിരീക്ഷണം നടത്തുന്നതിനും ഏകദേശം 10 കിലോയോളം ഭാരമുള്ള ഉപകരണങ്ങളെത്തിക്കുന്നതിനും ഉപയോഗിക്കാൻ സാധിക്കുന്ന ഡ്രോണുകൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തം സ്ഥലവും കെട്ടിടവും

104(2167) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ

ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് സ്റ്റേഷൻ നിലവിൽ നഗരസഭാ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമായിട്ടില്ല.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ മിനി മൾട്ടി-യൂട്ടിലിറ്റി വാഹനം അനുവദിക്കുന്നതിന് നടപടി

105(2168) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളും ഇടുങ്ങിയ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന വടക്കാഞ്ചേരി മേഖലയിൽ അപകടങ്ങൾ സംഭവിക്കുമ്പോൾ വലിയ ഫയർ ആൻഡ് റെസ്ക്യൂ വാഹനങ്ങൾ എത്തിച്ചേരുന്നത് പ്രയാസകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വടക്കാഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റ് വടക്കാഞ്ചേരി, ചേലക്കര എന്നീ രണ്ട് മണ്ഡലങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ചുമതലയുള്ള ഏക യൂണിറ്റാണെന്നത് പരിഗണിച്ച് പ്രസ്തുത യൂണിറ്റിന് ഒരു മിനി മൾട്ടി-യൂട്ടിലിറ്റി വാഹനം അത്യന്താപേക്ഷിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വടക്കാഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റിന് മിനി മൾട്ടി-യൂട്ടിലിറ്റി വാഹനം

അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പിൽ പുതിയ മൾട്ടി യൂട്ടിലിറ്റി വെഹിക്കിളുകൾ ലഭ്യമാകുമ്പോൾ ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വടക്കാഞ്ചേരി നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ

106(2169) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി നേര്യമംഗലത്ത് കവളങ്ങാട് പഞ്ചായത്ത് താൽക്കാലികമായി ലഭ്യമാക്കാമെന്ന് അറിയിച്ച സാംസ്കാരിക നിലയത്തിന്റെ ഏകദേശം 1,000 ചതുരശ്രമീറ്റർ വരുന്ന കെട്ടിടവും അതിനോടുചേർന്ന് നിർമ്മിച്ചുതരാമെന്ന് അറിയിച്ചിരുന്ന ഏകദേശം 800 ചതുരശ്രമീറ്റർ വരുന്ന ഷീറ്റ് മേഞ്ഞ ഗ്യാരേജിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് വർക്ക്, വാട്ടർ ടാങ്ക് ഉൾപ്പെടെ മറ്റ് പണികൾ പൂർത്തിയാക്കി നൽകാമെന്ന് പഞ്ചായത്ത് അധികൃതർ വകുപ്പ് മേധാവിയെ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷൻ പ്രവർത്തനം

ആരംഭിക്കുന്നതിന് തസ്തിക സൃഷ്ടിക്കുന്നതിന് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

അടിസ്ഥാനസൗകര്യങ്ങളുടെയും തസ്തികകളുടെയും കാര്യത്തിൽ അന്തിമ തീരുമാനമാകുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

നെടുങ്കുണ്ടം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

107(2170) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കുണ്ടം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി എത്ര രൂപയാണ് നവകേരള സദസുമായി ബന്ധപ്പെട്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

4 കോടി രൂപയാണ് ഇതിലേയ്ക്കായി അനുവദിച്ചിട്ടുള്ളത്.

(ബി) ഈ ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നുള്ള വിശദാംശം നൽകാമോ?

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചുവരുന്നു.

വാമനപുരം മണ്ഡലത്തിലെ അഗ്നിരക്ഷാനിലയങ്ങൾ

108(2171) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാലോട് അനുമതിയായ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാലോട് ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പാലോട് സ്റ്റേഷൻ നിർമ്മാണത്തിനായി ലഭിച്ച 34.5 സെന്റ് സർക്കാർ വക ഭൂമിയിലുള്ള കെട്ടിടത്തിൽ ഒരു പുതിയ ഫയർ സ്റ്റേഷനാവശ്യമായ ഭൗതിക സാഹചര്യമില്ല. ആയതിനാൽ ആത്യാവശ്യം ഭൗതിക സൗകര്യങ്ങളോടുകൂടിയ ഒരു അഗ്നിരക്ഷാ നിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ ടോപ്പോഗ്രാഫിക്കൽ സർവെ റിപ്പോർട്ടും വകുപ്പ് അംഗീകരിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ ബേസിക് പ്ലാനിന്റെ പകർപ്പും ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ vol II ക്രമനമ്പർ 413 പ്രകാരം ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത തുകയ്ക്ക് അടിസ്ഥാനസൗകര്യമൊരുക്കികൊണ്ട് പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) 2025-26 സംസ്ഥാന ബജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ തൽസ്ഥിതി അറിയിക്കാമോ?

2025-26 സംസ്ഥാന ബജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയ്ക്ക് വനിത-പുരുഷ ജീവനക്കാരുടെ വിശ്രമമുറികൾ, വനിത-പുരുഷ ജീവനക്കാരുടെ ടോയ്ലെറ്റ് സൗകര്യങ്ങൾ, 50,000 ലിറ്റർ ശേഷിയുള്ള ജലസംഭരണി, കുടിവെള്ള സ്രോതസ്/സംഭരണി, ചുറ്റുമതിൽ

തുടങ്ങിയ functional requirements ഉൾപ്പെടുത്തി പ്ലാൻ തയ്യാറാക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിരുന്നു.

(സി) പുതിയ കെട്ടിടത്തിനായി മറ്റേതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഇല്ല.

(ഡി) മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സമർപ്പിച്ച മിച്ചമുള്ള പ്രവൃത്തികളുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(ഡി&ഇ) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയ 260 ലക്ഷം രൂപ വിനിയോഗിച്ച് പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ പാകുന്നതിനും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയ 65,00,000/- രൂപയുടെ എസ്റ്റിമേറ്റിന് 26-09-2025-ലെ സ. ഉ. (സാധാ) 3333/2025/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ഗുരുവായൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

109(2172) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം നിർമ്മിച്ചുനൽകുന്ന ഗുരുവായൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഗുരുവായൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ ഫയർ സ്റ്റേഷനുവേണ്ടി ഗുരുവായൂർ ദേവസ്വം നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തടവുകാരുടെ മാനസികാരോഗ്യ പരിശോധനയും
കൗൺസിലിങ് സേവനങ്ങളും

110(2173) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ മാനസികാരോഗ്യ പരിശോധനയ്ക്കും കൗൺസിലിങ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഭൂരിഭാഗം ജയിലുകളിലും തടവുകാരുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായി കൗൺസിലർമാരുടെ സേവനം നൽകിവരുന്നുണ്ട്. സെൻട്രൽ

ജയിലുകളുൾപ്പെടെയുള്ള പ്രധാനപ്പെട്ട ജയിലുകളിൽ കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. അന്തേവാസികളുടെ മാനസികാരോഗ്യ പരിശോധനക്ക് സമീപത്തെ മെന്റൽ ഹോസ്പിറ്റലിൽനിന്നുള്ള മനോരോഗവിദഗ്ധന്റെ സേവനവും വിനിയോഗിക്കുന്നുണ്ട്. വെൽഫെയർ ഓഫീസർമാരുള്ള ജയിലുകളിൽ അന്തേവാസികൾക്ക് കൗൺസിലിങ് നൽകുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗിച്ചുവരുന്നു.

ജയിൽ നവീകരണവും പരിഷ്കാരങ്ങളും

111(2174) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിൽ നടപ്പാക്കിയ പുതിയ പരിഷ്കാരങ്ങളെക്കുറിച്ച് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിൽ നടപ്പാക്കിയ പുതിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:

i. സംസ്ഥാനത്തെ നാലാമത്തെ സെൻട്രൽ ജയിലായി 12-06-2022-ൽ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമും കണ്ണൂർ ജില്ലയിൽ 07-06-2022-ൽ കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലും പ്രവർത്തനമാരംഭിച്ചു.

ii. ജയിലുകളുടെ സുരക്ഷ മുൻനിർത്തി എല്ലാ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം പൂർണ്ണനിലയിൽ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചു.

iii. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച്, പ്രസ്തുത ജയിലുകൾക്ക് സമീപമുള്ള ജയിൽ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി അത്യാധുനിക വയർലെസ് കമ്മ്യൂണിക്കേഷൻ സംവിധാനമായ ടെട്രാ കമ്മ്യൂണിക്കേഷൻ സ്ഥാപിക്കുകയും 05-08-2023-ൽ പ്രവത്തനമാരംഭിക്കുകയും ചെയ്തു.

iv. ഇ-ഗവേർണൻസിന്റെ ഭാഗമായി ജയിൽ വകുപ്പിൽ 2024-ൽ ഇ- ഓഫീസ് സംവിധാനം ആരംഭിച്ചു.

v. ജയിലുകളിലെ ഉൽപാദന, വിപണന യൂണിറ്റുകളിലെ ലാഭവിഹിതത്തിന്റെ 50% തുക ഉപയോഗപ്പെടുത്തി 2018-19-ൽ രൂപീകരിച്ച 'പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് (പി.ഡി.എഫ്.)-ന്റെ ഫലപ്രദമായ വിനിയോഗത്തിനായി പുതുക്കിയ മാർഗനിർദേശങ്ങൾ 11-09-2024-ലെ സ.ഉ. (കൈ) നം. 207/2024/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും പ്രസ്തുത ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം നടന്നുവരുകയും ചെയ്യുന്നു. പ്രസ്തുത ഫണ്ടിലുൾപ്പെടുത്തി തിരുവനന്തപുരം, കൊട്ടാരക്കര, മാവേലിക്കര, ഇരിങ്ങാലക്കുട എന്നീ 4 സ്പെഷ്യൽ സബ് ജയിലുകളിൽ കൗൺസിലർമാരെ പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

vi. പുതിയതായി പ്രവർത്തനമാരംഭിച്ച തവനൂർ സെൻട്രൽ പ്രിസണിലും കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലുമായി 173 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

vii. ജയിലുകളിലെ ഓവർ ക്രൗഡിങ് പരിഗണിച്ച് മുഴുവൻ ജയിൽ സ്ഥാപനങ്ങളുടെയും ശേഷി വർധിപ്പിക്കൽ, ഇൻഫ്രാസ്ട്രക്ചർ വികസനം, തടവുകാരുടെ

എണ്ണത്തിനാനുപാതികമായി അധിക തസ്തികകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തിവരികയാണ്.

(ബി) കോഴിക്കോട് ജില്ലാ ജയിൽ നവീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കോഴിക്കോട് ജില്ലാ ജയിലിൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച കെട്ടിടം പൊളിച്ച് പുതുക്കിപ്പണിയുന്നതിനും അതിനോടനുബന്ധമായുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്.

(സി) കോഴിക്കോട് ജില്ലയിൽ നിലവിലെ ജയിലുകൾക്കുപുറമേ പുതിയ ജയിലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ പുതുപ്പാടി വില്ലേജിൽ പുതിയ ജയിൽ സ്ഥാപിക്കുന്നതിനുള്ള ശിപാർശയും വടകര താലൂക്കിൽ നടുക്കുതാഴെ വില്ലേജിൽ പുതുപ്പണം ദേശത്ത് ഗൂറൽ ജയിൽ നിർമ്മിക്കുന്നതിനുള്ള ശിപാർശയും ലഭിച്ചിട്ടുണ്ട്.

തവനൂർ സെൻട്രൽ ജയിലിൽ ആശുപത്രി നിർമ്മിക്കാൻ നടപടി

112(2175) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുന്നൂറ്റി അൻപതിലധികം തടവുകാരുള്ള തവനൂർ സെൻട്രൽ ജയിലിൽ നിലവിൽ ആശുപത്രിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടവുകാരെ സ്ഥിരമായി ചികിത്സയ്ക്ക് പുറത്തുകൊണ്ടുപോകുകയെന്നത് പ്രയാസപ്പെട്ട കാര്യമായതിനാൽ ജയിലിൽ

ആശ്രുപത്രി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ആശ്രുപത്രി ബ്ലോക്കിന്റെ ആദ്യഘട്ട നിർമ്മാണത്തിലേക്കായി 2024-25 വർഷത്തെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1,75,00,000/- രൂപയുടെ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ) ഭരണാനുമതി, 25-12-2024-ലെ സ.ഉ. (കൈ) നം. 273/2024/ആഭ്യന്തരം പ്രകാരം നൽകുകയും തുക മലപ്പുറം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ജയിലിലെ ജീവനക്കാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സില്ലാത്തതിനാൽ പരിസരത്തുനിന്നുമാറി വാടകക്കെട്ടിടങ്ങളിൽ താമസിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവിടെ ക്വാർട്ടേഴ്സ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിനോട് ചേർന്നുകിടക്കുന്ന ഒരേക്കർ ഭൂമിയുടെ സർവെ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ക്വാർട്ടേഴ്സിന് പ്രസ്തുത സ്ഥലം അനുയോജ്യമാകുമോയെന്ന കാര്യമുൾപ്പെടെ പരിശോധിക്കാവുന്നതാണ്.

അച്ചടിവകുപ്പിന് കീഴിലെ ബൈട്രാൻസ്ഫർ നിയമനം

113(2176) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ.സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 09-09-2025-ലെ 6771/2025/ജി.സി.പി.ഇ.6 നമ്പർ സർക്കുലർ പ്രകാരം ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച

ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പുതലത്തിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും പരാതിയുമായി ബന്ധപ്പെട്ട് നാളിതുവരെ വകുപ്പിൽ നടന്ന നടപടിക്രമങ്ങളുടെ ഫയൽ നോട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ സർക്കുലറിൽ (6771/2025/ജി.സി.പി.ഇ.6) പരാമർശിക്കാത്ത സാങ്കേതികവിഭാഗം ജീവനക്കാരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ആധികാരികത വകുപ്പുതലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ഫയൽ നോട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പരിശോധിച്ചിട്ടില്ലെങ്കിൽ ആയത് പരിശോധിക്കേണ്ട എന്ന് വകുപ്പുതലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സാങ്കേതിക വിഭാഗം തസ്തികകളായ ജീവനക്കാരുടെ ടെക്നീഷ്യൻ ഗ്രേഡ് II, ഇലക്ട്രീഷ്യൻ ഗ്രേഡ് II, ഹെൽപ്പർ ഗ്രേഡ് II തസ്തികകളുടെ യോഗ്യത സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിക്കുന്നതിന് ഒരു പാനലിനെ ചുമതലപ്പെടുത്താറുണ്ട്. ബന്ധപ്പെട്ട ഫയൽ നോട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

കോഴിക്കോട് ജില്ലാ സ്റ്റേഷനറി ഓഫീസിന്റെ പ്രവർത്തനം

114(2177) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. പ്രസ്സിൽനിന്ന് സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകാനാവശ്യമായ സർവീസ് ബുക്ക്, പെൻഷൻ ബുക്ക്, മറ്റ് സർവീസ് രജിസ്റ്ററുകൾ മുതലായവ ആവശ്യത്തിന് ലഭ്യമാക്കാതിരിക്കുന്നതും ഗുണമേന്മയില്ലാത്ത പേപ്പറുകൾ, സ്റ്റേഷനറികൾ എന്നിവ സപ്ലൈ ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇവിടെനിന്നും വിതരണം ചെയ്യുന്ന പേപ്പറുകൾ, സ്റ്റേഷനറി സാധനങ്ങൾ മുതലായവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഗവ. പ്രസ്സിലേക്കുള്ള പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യുന്നത് സ്റ്റേഷനറി വകുപ്പ് മുഖേനയാണ്. പേപ്പറുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്റ്റേഷനറി വകുപ്പിന് പേപ്പർ ടെസ്റ്റിങ് ലാബ് സൗകര്യമുണ്ട്. പേപ്പറുകൾ, സ്റ്റേഷനറി സാധനങ്ങൾ മുതലായവയുടെ ഗുണനിലവാരം പരിശോധിച്ചതിനുശേഷം മാത്രമാണ് അവ വിതരണം ചെയ്യുന്നത്.

കരി ഓയിൽ കോഴ

115(2178) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരി ഓയിൽ കമ്പനിയെക്കുറിച്ച് പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാവ് മുഖ്യമന്ത്രിക്ക് നൽകിയ പ്രധാന പരാതി എന്തായിരുന്നു;

(ബി) 2024 ഡിസംബർ 19 മുതൽ 2025 ജനുവരി 20 വരെയുള്ള കാലയളവിൽ ഇദ്ദേഹത്തിന്റെയും സുഹൃത്തിന്റെയും അക്കൗണ്ടുകളിലേക്കുവന്ന തുക സംബന്ധിച്ച് കമ്പനിയുടെ ആരോപണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ അന്വേഷിക്കണമെന്നാവശ്യപ്പെട്ട ഹർജിയിലെ എതിർകക്ഷികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-സി) ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വ്യക്തമല്ല.

വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ

116(2179) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർമെട്രോ ടെർമിനലുകളുടെ നിർമ്മാണംമൂലം നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്ത വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ജിഡയും കിഫ്ബിയും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പാലങ്ങൾക്കായി നിർദേശിക്കപ്പെട്ട അലൈൻമെന്റുകളിൽ വാട്ടർമെട്രോ ടെർമിനലുകളുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുള്ളതിനാൽ പാലം നിർമ്മാണം സാധ്യമാവാത്ത പ്രശ്നം

പരിഹരിക്കുന്നതിനായി വാട്ടർമെട്രോ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

1. കോതാട് - ചേന്നൂർ പാലം

2. ചേന്നൂർ – പിഴല പാലം

കോതാട് - ചേന്നൂർ പാലം

കടമക്കുടിയിലെ വാട്ടർ മെട്രോ ടെർമിനൽ നിർമ്മാണത്തിനുവേണ്ടി സ്വകാര്യ വ്യക്തികളിൽനിന്നും പൊന്നുംവിലയ്ക്ക് 13.6 സെന്റ് ഭൂമി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഏറ്റെടുത്തിരുന്നു. നിർദിഷ്ട പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നത് ജിഡ അഭ്യർഥിച്ചിരുന്നു.

ഇതുമായി ബന്ധപ്പെട്ട് ഗതാഗത (മെട്രോ) വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദേശിച്ചതുപ്രകാരം കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിനാവശ്യമായിവരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും മൂല്യവും നിർണ്ണയിക്കുന്നതിനും എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംയുക്തപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജിഡ (Goshree Islands Development Authority)-യുടെ അഭിപ്രായം ആരായുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

ചേന്നൂർ – പിഴല പാലം

ചേന്നൂർ - പിഴല പാലം നിർമ്മാണത്തിന് വാട്ടർ മെട്രോ ക്ലിയറൻസ് ലഭ്യമാക്കുന്നതുസംബന്ധിച്ച് ജിഡ അഭ്യർഥിച്ചിരുന്നു. ഇക്കാര്യത്തിൽ കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്.

വെർച്വൽ ഓട്ടോപ്സി/ഡിജിറ്റൽ പോസ്റ്റ്മോർട്ടം

117(2180) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികത്വത്തിന്റെ പേരിൽമാത്രം പോസ്റ്റ്മോർട്ടംവേണ്ടിവരുന്ന കേസുകളിൽ മൃതദേഹങ്ങൾ കീറിമുറിക്കാതെയുള്ള വെർച്വൽ ഓട്ടോപ്സി അഥവാ ഡിജിറ്റൽ പോസ്റ്റ്മോർട്ടം എന്ന രീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുസംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) ഡൽഹി എയിംസിൽ വെർച്വൽ ഓട്ടോപ്സിയുടെ നോഡൽ സെന്ററും ബാംഗ്ലൂർ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പോസ്റ്റ്മോർട്ടം ഡിജിറ്റലാക്കിയ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തും ഈ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

ഇരവിപുരം മണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

118(2181) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ഇരവിപുരം മണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) നവകേരള സദസ്സിലുൾപ്പെടുത്തി അംഗീകരിച്ച സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലെ പദ്ധതികളുടെ അന്തിമ പട്ടികയിൽ "ഇരവിപുരം പോലീസ് സ്റ്റേഷൻ-സ്ഥലം വാങ്ങി കെട്ടിട നിർമ്മാണം 1.50 കോടി രൂപ (ക്രമ നമ്പർ 204)", "കൊല്ലം ബീച്ച് - കൊണ്ടേത്ത് പാലം മുതൽ പള്ളിനേരു വഴി കോട്ടർ വരെയുള്ള തീരദേശ റോഡിന്റെ നവീകരണവും പാർശ്വഭിത്തി നിർമ്മാണവും - 5.50 കോടി രൂപ (ക്രമ നമ്പർ 205)" എന്നീ പദ്ധതികളാണ് ഇരവിപുരം മണ്ഡലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്രമ നമ്പർ 204-ന്റെ നിർവഹണ ഏജൻസി പൊതുമരാമത്ത് കെട്ടിട വിഭാഗവും ക്രമ നമ്പർ 205-ന്റെ നിർവഹണ ഏജൻസി ഹാർബർ എഞ്ചിനീയറിങ് വകുപ്പുമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

മേൽപ്രവൃത്തികളിൽ ക്രമ നമ്പർ 204 സംബന്ധിച്ച് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമ നമ്പർ 205-ന്റെ ഭരണാനുമതിക്കായി 550 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിങ് വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

കേരള അർബൻ കോൺക്ലേവ്

119(2182) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിപ്പിച്ച കേരള അർബൻ കോൺക്ലേവ് 2025 -ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള അർബൻ കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ:-

1. ദീർഘകാല നഗരനയം തയ്യാറാക്കൽ: കോൺക്ലേവിലെ നിർദേശങ്ങളെയും കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിനെയും അടിസ്ഥാനമാക്കി കേരളത്തിനായി ഒരു സമഗ്ര നഗരനയം രൂപപ്പെടുത്തുക.

2. സുസ്ഥിരവും സമഗ്രവുമായ വളർച്ച പ്രോത്സാഹിപ്പിക്കുക: ആഗോളതലത്തിലെ മികച്ച രീതികളും കേരളത്തിന്റെ അതുല്യമായ വികസനപാതയും ഉപയോഗപ്പെടുത്തിക്കൊണ്ട് കാലാവസ്ഥാ പ്രതിരോധശേഷി, തുല്യത ഉൾചേർക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന സന്തുലിത നഗരവികസനത്തിനുള്ള ശിപാർശകൾ മുന്നോട്ടുവയ്ക്കുക.

3. ആഗോള പങ്കാളിത്തങ്ങളും വിജ്ഞാന വിനിമയവും വളർത്തുക: കേരളത്തിന്റെ നയപരമായ നവീകരണങ്ങൾ ഉയർത്തിക്കാട്ടുന്നതിന് അന്താരാഷ്ട്ര, ദേശീയ സ്ഥാപനങ്ങൾ, പങ്കാളികൾ, വിദഗ്ധർ എന്നിവരുമായി സഹകരണം ശക്തിപ്പെടുത്തുക, തുടർച്ചയായ അറിവ് പങ്കിടൽ, പരിശീലനം, ശേഷിവർധിപ്പിക്കൽ എന്നിവയ്ക്കുള്ള വേദികൾ സൃഷ്ടിക്കുക.

നടപടികൾ:-

നഗര-ഗ്രാമ വ്യത്യാസം കുറഞ്ഞുവരുന്ന കേരളത്തിന്റെ തനത് സ്വഭാവം ഉൾക്കൊണ്ട് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങൾ തീഷ്ണമായി അനുഭവിക്കുന്ന പ്രദേശം എന്നത് കണക്കിലെടുത്ത് കേരളത്തിന്റെ സങ്കീർണ്ണമായ നഗരവൽക്കരണത്തെ മനസ്സിലാക്കുന്നതിനും

സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിന് അനുസൃതമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അടുത്ത 25 വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സമഗ്ര നഗരനയം രൂപീകരിക്കുന്നതിനായാണ് ഇന്ത്യയിൽ ആദ്യമായി സർക്കാർ കേരള നഗരനയ കമ്മീഷൻ രൂപീകരിച്ചത്. കേരള നഗരനയ കമ്മീഷൻ 2024 ഡിസംബറിൽ ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് 30-ന് അന്തിമ റിപ്പോർട്ടും സമർപ്പിച്ചു. കേരള നഗരനയ കമ്മീഷൻ പത്ത് വിഷയ മേഖലകളിൽ പ്രവർത്തനം നടത്തി, ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് 33 ലഘു പഠനങ്ങളും 50-ലധികം സ്റ്റേക്ക്ഹോൾഡർ ചർച്ചകളും സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, മുനിസിപ്പൽ ഉദ്യോഗസ്ഥർ, സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, സ്വകാര്യ-പൊതു മേഖലാ ഏജൻസികൾ, പ്രവർത്തക സംഘങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി, മൊത്തത്തിൽ 4000-ത്തിലധികം പേർ പങ്കാളികളായി. ഇവിടങ്ങളിൽനിന്നുയർന്ന ആശയങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് കേരള നഗരനയ കമ്മീഷൻ, റിപ്പോർട്ട് അന്തിമമാക്കിയത്. ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി 2025 സെപ്റ്റംബർ മാസം 12, 13 തീയതികളിലായി കൊച്ചിയിൽവച്ച് സംഘടിപ്പിച്ച "കേരള അർബൻ കോൺക്ലേവ് 2025"-ൽ 12 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഉൾപ്പെട്ട 34 സെക്ഷനുകളിലായി 295 പ്രഭാഷകർ പങ്കെടുക്കുകയും ചെയ്തു. കേരള അർബൻ കോൺക്ലേവിൽ മൂന്ന് ഹൈലെവൽ പൊളിറ്റിക്കൽ ഫോറങ്ങളും അഞ്ച് പ്ലീനറി സെക്ഷനുകളും പത്ത് പോളിസി സെക്ഷനുകളും രണ്ട് ഫോക്കസ് സെക്ഷൻ ചർച്ചകളും മൂന്ന് ഫയർ സൈഡ് ചാറ്റും പതിനൊന്ന് റൗണ്ട് ടേബിൾ സെക്ഷനുകളും നടന്നു. സമഗ്രമായ സംവാദങ്ങൾക്കും ആശയവിനിമയങ്ങൾക്കും അടിസ്ഥാനമായി ഏകദേശം

300 പ്രായോഗിക നിർദേശങ്ങൾ രൂപപ്പെട്ടു.

കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല-ദീർഘകാല ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമന്വയിപ്പിച്ച്, പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗര ധനാഗമ മാർഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം ഗവൺമെന്റ് ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള നഗരഭരണം, പുതിയ നഗരഭരണ പങ്കാളിത്ത മാതൃകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുമായ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ, സമീപനങ്ങൾ, നിയമപരമായ പരിഷ്കാരങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി അപ്രകാരം നയപരമായ നിർദേശങ്ങൾ ക്രോഡീകരിച്ച് ഒരു നഗരനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്രസർക്കാരുമായി എന്തെങ്കിലും ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

അർബൻ കോൺക്ലേവിന്റെ നയപങ്കാളികളായി നീതി ആയോഗ്, കപ്പാസിറ്റി ബിൽഡിങ് കമ്മീഷൻ, എൻ.ഐ.യു.എ. എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു. അതുകൂടാതെ അക്കാദമിക് പങ്കാളികളായി എസ്.പി.എ. ഭോപാൽ, എസ്.പി.എ. ഡൽഹി, എസ്.പി.എ. വിജയവാഡ, സി.ഇ.പി.ടി. യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളും സഹകരിച്ചിട്ടുണ്ട്.

കോൺക്ലേവിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ നടപ്പാക്കുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാരുമായി ധാരണയിൽ ഏർപ്പെട്ടിട്ടില്ല.

(സി) അർബൻ കോൺക്ലേവിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ അതിദാരിദ്ര്യനിർമ്മാർജനം നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; നിലവിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ മേഖലയിലുള്ള കുടുംബങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

അതിദാരിദ്ര്യ നിർമ്മാർജനം കേരള നഗര കോൺക്ലേവിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായി പറയാനാവില്ലെങ്കിലും സംസ്ഥാന സർക്കാർ കഴിഞ്ഞ കുറേ നാളുകളായി സഗൗരവം പരിഗണിക്കുന്ന ഒരു വിഷയമാണത്. 2021-ൽ സംസ്ഥാന സർക്കാർ രൂപം നൽകിയ അതിദാരിദ്ര്യ നിർമ്മാർജന പരിപാടി 64006 അതിദരിദ്ര കുടുംബങ്ങളെയാണ് സമഗ്രമായതും ജനകീയ പങ്കാളിത്തത്തോടുകൂടിയതുമായ തിരഞ്ഞെടുക്കൽ പ്രക്രിയയിലൂടെ കണ്ടെത്തിയത്. പ്രസ്തുത കുടുംബങ്ങളിൽ 12006 കുടുംബങ്ങൾ അധിവസിക്കുന്നത് കേരളത്തിലെ നഗരസഭകളിലാണ്. പ്രസ്തുത കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് പുറത്തുകൊണ്ടുവരുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നവകേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിൽ നഗരത്തിലെ ദരിദ്രർ (Urban Poor), മുഖ്യധാരയിൽനിന്ന് പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങൾ, തെരുവുകച്ചവടക്കാർ എന്നിങ്ങനെയുള്ളവരെക്കൂടി പരിഗണിച്ച് അതിദാരിദ്ര്യമുക്ത കേരളമെന്ന സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ മുൻനിർത്തിയുള്ള ഒരു നഗരനയം രൂപീകരിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും

നഗരഭരണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സാധിക്കുന്ന രീതിയിലുള്ള വാർഡ് കമ്മിറ്റികളുടെ പുനഃസംഘടനവും അവരെ ഉൾചേർത്തുകൊണ്ടുള്ള പൗരസഭകളും തൊഴിലാളി സഭകളും രൂപീകരിക്കുന്നതിനും നിർദേശങ്ങളുണ്ട്. അതിദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ ഉണ്ടായേക്കാവുന്ന വിടവുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ഇത്തരം നവീനാശയങ്ങൾ സഹായിക്കും. അതുപോലെ കുടുംബശ്രീ സംവിധാനത്തെയും തെരുവുകച്ചവടക്കാരുടെയും ജീവിത സാഹചര്യങ്ങളും വിപണന സാഹചര്യങ്ങളും മെച്ചപ്പെടുത്തിക്കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തിനും അതുവഴിയുള്ള ദാരിദ്ര്യ നിർമ്മാർജനത്തിനും സ്വീകരിക്കേണ്ടുന്ന തന്ത്രങ്ങളെന്തെന്നും വിശദമായ നിർദേശങ്ങളും ചർച്ചകളും കേരള അർബൻ കോൺക്ലേവിൽ നടന്നിരുന്നു.

(ഡി) സംസ്ഥാനം പൂർണ്ണമായും നഗരവൽക്കരിക്കപ്പെടുമ്പോൾ ഗ്രാമീണ മേഖലയ്ക്ക് നൽകിവരുന്ന കേന്ദ്രസഹായം നഷ്ടപ്പെടുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള നഗരനയ കമ്മീഷന്റെ കണക്കുകൾ പ്രകാരം, 2051-ഓടെ കേരളത്തിലെ ജനസംഖ്യയുടെ 81% നഗര മേഖലകളിലും 19% ഗ്രാമീണ മേഖലകളിലും താമസിക്കുമെന്ന് പ്രവചിക്കുന്നു. സംസ്ഥാനത്തെ ഭാവിയിലെ ജനവാസവും സാമ്പത്തിക പ്രവർത്തനങ്ങളും പ്രധാനമായും 19 നഗര സഞ്ചയങ്ങളിലായി (Urban Agglomerations) കേന്ദ്രീകരിക്കും. അതേസമയം, ഗ്രാമീണ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ തുടർന്നും സജീവമായി നിലനിൽക്കും, അതിലൂടെ ഗ്രാമങ്ങൾക്ക് നൽകുന്ന കേന്ദ്രസഹായം നഷ്ടപ്പെടാതെ തുടരും. ഈ

പ്രവണതകൾ കേരളത്തിന്റെ ഭാവി നഗര-ഗ്രാമ വികസന നയത്തിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരം സാഹചര്യത്തിൽ, ഗ്രാമീണ മേഖലയ്ക്ക് നൽകുന്ന കേന്ദ്രസഹായം നഷ്ടപ്പെടാനുള്ള സാഹചര്യമില്ല. കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിലെ ഇതുസംബന്ധിച്ച പ്രധാന നിർദേശങ്ങൾ :-

(1) നഗര തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത വർധിപ്പിക്കാൻ അവരുടെ സ്വന്തം വിഭവസാധ്യതകൾ വിപുലപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

(2) മുൻനിര നഗരങ്ങൾ (തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്) നേരിട്ട് ബോണ്ടുകൾ പുറത്തിറക്കി ഫണ്ട് സമാഹരിക്കാം.

(3) മറ്റ് നഗരങ്ങൾക്ക് കിഫ്ബി പോലുള്ള സംവിധാനം വഴി പൂൾഡ് ബോണ്ടുകൾ പ്രയോജനപ്പെടുത്താൻ സാധിക്കും.

(4) കേരള മുനിസിപ്പാലിറ്റി അക്കൗണ്ടുകൾ കാലോചിതമായി പരിഷ്കരിക്കുക.

(5) പ്രൊപ്പെർട്ടി ടാക്സ് നിയമങ്ങൾ നവീകരിച്ച് തദ്ദേശസ്ഥാപനങ്ങളുടെ വരുമാന ശേഷി ശക്തിപ്പെടുത്തുന്നത് അനിവാര്യമാണ്.

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

120(2183) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും

നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ഈ സർക്കാരിന്റെ കാലയളവിൽ 04-05-2020-ലെ ഉത്തരവ് പ്രകാരം 961.264 കോടി രൂപയും 29-12-2020-ലെ ഉത്തരവ് പ്രകാരം 38.736 കോടി രൂപയും ചേർത്ത് ആകെ 1,000 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ 8,18,24,08,925/- രൂപ (എണ്ണൂറ്റി പതിനെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിയഞ്ച് രൂപ മാത്രം) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചുനൽകുകയും 8,17,89,44,020/- രൂപ (എണ്ണൂറ്റി പതിനേഴ് കോടി എൺപത്തൊൻപത് ലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുപത് രൂപ മാത്രം) ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ടി പദ്ധതിക്കായി ആകെ 5,17,63,553/- രൂപ ചീഫ് എഞ്ചിനീയർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 1,000 കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0-ൽ ഉൾപ്പെടുത്തി 93,914.24 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 5,814.06 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനരുദ്ധരിക്കുമ്പോൾ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 എന്ന ബോർഡ് സ്ഥാപിക്കാൻ

നിർദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പേര് മേൽപ്പറഞ്ഞ രീതിയിൽ പരിഷ്കരിക്കുന്നത് അധികാരവികേന്ദ്രീകരണത്തിന് വിരുദ്ധമായ സമീപനമാണോ; അങ്ങനെയെങ്കിൽ പ്രസ്തുത നിർദേശം പിൻവലിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തി എന്ന നിലക്കാണ് പദ്ധതിയുടെ പേര് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 (CMLRRP -2.0) എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി പ്രദേശങ്ങളിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 ബോർഡ് സ്ഥാപിച്ചിട്ടുള്ളത്.

ഗെയിൽ പൈപ്പ് ലൈൻ പദ്ധതിനേട്ടങ്ങൾ

121(2184) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയിലൂടെ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായാണ് കേരളത്തിന്റെ ഭാവി വികസനത്തിന് കുതിപ്പേകുന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതി യാഥാർഥ്യമാക്കാനായത്. മതിയായ നഷ്ടപരിഹാരം ഉറപ്പാക്കി ജനങ്ങളുടെ ആശങ്ക പരിഹരിച്ച് പദ്ധതി നടപ്പിലാക്കിയതുവഴി ചുവടെ പ്രതിപാദിക്കുന്ന നിരവധി പ്രയോജനങ്ങളാണ് സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്.

1) BPCL, FACT മുതലായ കേരളത്തിലെ പ്രമുഖ വ്യവസായശാലകൾക്ക് പ്രകൃതിവാതകത്തിലേക്ക് പരിവർത്തനം ചെയ്യാൻ സാധിച്ചു.

2) ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി പി.എൻ.ജി. (Piped Natural Gas) നൽകുന്നതിനായി City Gas Distribution നടപ്പിലാക്കി.

3) വാഹനങ്ങൾക്ക് വേണ്ട സി.എൻ.ജി. (Compressed Natural Gas) പദ്ധതിയും പ്രാവർത്തികമായി.

4) കൂടാതെ സംസ്ഥാനത്തിന് നികുതി വരുമാന വർധനവുമുണ്ടായി.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം നഗരങ്ങളിൽ നേരിട്ട് പ്രകൃതിവാതക വിതരണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എന്നത്തേയ്ക്ക് സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും പ്രകൃതിവാതകം വിതരണത്തിനായി നേരിട്ടെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനത്തിനാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ Petroleum and Natural Gas Regulatory Board (PNGRB)-ൽനിന്ന് അനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഈ ജില്ലകളിൽ കമ്പനി പ്രകൃതിവാതക പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ മേൽ ജില്ലകളിലെ എല്ലാ നഗരപ്രദേശങ്ങളിലേക്കും പ്രകൃതി വാതകം എത്തിക്കുകയാണ് ലക്ഷ്യം.

എ.ജി.പി. സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് ആണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം നഗരസഭയിൽ 42 വാർഡുകളിൽ പ്രകൃതിവാതക വിതരണം നടന്നുവരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല മുനിസിപ്പാലിറ്റി വയലാർ, മുഹമ്മ, തണ്ണീർമുക്കം, കഞ്ഞിക്കുഴി, മണ്ണഞ്ചേരി, ആര്യാട് എന്നീ ഗ്രാമപഞ്ചായത്തുകളിലും പ്രകൃതിവാതക വിതരണം നടന്നുവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

തിരുവനന്തപുരം നഗരസഭയിൽ 2028 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നത് ഷോളഗാസ്കോ (Sholagasco Pvt Ltd) ലിമിറ്റഡാണ്.

31-03-2030-നുള്ളിൽ പരമാവധി ഉപഭോക്താക്കൾക്ക് പ്രകൃതിവാതകം എത്തിച്ചുനൽകുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ബന്ധപ്പെട്ട കമ്പനികൾ നടത്തിവരുന്നത്.

മുഖാമുഖം പരിപാടിയിൽ ചർച്ച ചെയ്ത പദ്ധതികൾ

122(2185) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഏപ്രിൽ 21-ന് കാഞ്ഞങ്ങാട് നടന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിൽ എത്ര പദ്ധതികളെക്കുറിച്ചാണ് ചർച്ച നടന്നതെന്ന് അറിയിക്കാമോ?

21 പദ്ധതികൾ.

(ബി) ഓരോ പദ്ധതിയിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

തുടർനടപടികൾ സ്വീകരിക്കുന്നതിന് അതത് വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ചർച്ചയിൽ കാഞ്ഞങ്ങാട് ദേശീയ പൈതൃക ഇടനാഴി പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കാഞ്ഞങ്ങാട് ദേശീയ പൈതൃക ഇടനാഴി പദ്ധതിയുടെ തുടർനടപടികൾക്കായി ജില്ലാ ഭരണകൂടത്തെ ചുമതലപ്പെടുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) നടപടി സ്വീകരിക്കുന്നതിനായി സാംസ്കാരികകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ നാമനിർദേശം ചെയ്യൽ

123(2186) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു സീറ്റിലേക്ക് ഭിന്നശേഷിക്കാരെ നാമനിർദേശം ചെയ്യണമെന്നാവശ്യപ്പെട്ട് ഡിഫറന്റ്ലി ഏബിൾഡ് പീപ്പിൾസ് കോൺഗ്രസ് കമ്മിറ്റി 12-03-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗങ്ങൾക്കും വനിതകൾക്കുമാണ്

സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗങ്ങൾക്ക് ജനസംഖ്യാനുപാതികമായും വനിതകൾക്ക് ആകെ സ്ഥാനങ്ങളുടെ 50 ശതമാനവുമാണ് സംവരണം നിശ്ചയിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളിൽ ഭിന്നശേഷിക്കാർക്ക് പ്രാതിനിധ്യം നൽകുന്നതിന് കേരള പഞ്ചായത്ത് രാജ്/ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിൽ വ്യവസ്ഥയില്ല. ഭിന്നശേഷിക്കാർക്ക് പ്രാതിനിധ്യം ഏർപ്പെടുത്തേണ്ടതുണ്ടെങ്കിൽ നിലവിലെ നിയമങ്ങളിൽ ഭേദഗതികൾ ആവശ്യമാണ്. ഇക്കാര്യം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യുന്നതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

എരവത്തുകുന്ന് ടൂറിസം പദ്ധതി

124(2187) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള സദസ്സിനോടനുബന്ധിച്ച് കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ അനുവദിച്ച എരവത്തുകുന്ന് ടൂറിസം പദ്ധതി, ചുള്ളിക്കാട് ബ്രിഡ്ജ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ "എരവത്തുകുന്ന് ടൂറിസം പദ്ധതി-നാല് കോടി രൂപ" "ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം-3 കോടി രൂപ" എന്നീ പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത മണ്ഡലത്തിലേയ്ക്കായി ജില്ലാ കളക്ടർ സമർപ്പിച്ച ഭേദഗതി പ്രൊപ്പോസൽ 08-09-2025-ലെ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഭേദഗതി കമ്മിറ്റി

പരിഗണിക്കുകയും 22-09-2025-ലെ സ.ഉ. (കൈ) നം. 4/2025/PIE&MD പ്രകാരം പ്രസ്തുത പദ്ധതികളുടെ തുക "എരവത്തുകുന്ന് ടൂറിസം പദ്ധതി-5 കോടി രൂപ" "ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം-2 കോടി രൂപ" എന്നിങ്ങനെ പുനഃക്രമീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

നിലവിൽ "ചുള്ളിക്കാട് ബ്രിഡ്ജ് നിർമ്മാണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എരവത്തുകുന്ന് ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

125(2188) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ, അനുവദിച്ച തുക, നിർമ്മാണം പൂർത്തീകരിച്ചവ, ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് കാരണസഹിതം വ്യക്തമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കുട്ടനാട്ടിലെ എൻ.സി.സി. നാഷണൽ ട്രെയിനിങ് സെന്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

126(2189) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിർദ്ദേശിച്ച എൻ.സി.സി. നാഷണൽ ട്രെയിനിങ് സെന്റർ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ.സി.സി.-യുടെ നേവൽ ട്രെയിനിങ് സെന്റർ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പ് അനുവദിച്ച 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ ബഹുമാനപ്പെട്ട മുൻസിഫ് കോടതിയിൽ നിലവിലുണ്ട്. കേസിന്റെ വിധിയായതിനുശേഷമോ/അതിർത്തിത്തർക്കം പരിഹരിച്ചതിനുശേഷമോ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിർത്തിത്തർക്കം പരിഹരിക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നടത്തിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധന നടത്തിയിരുന്നു. പ്രശ്നം പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

നിർദിഷ്ട സെന്ററിന്റെ രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ PWD-ക്ക് കൈമാറിയിട്ടുമുണ്ട്.

തിരുവല്ല മണ്ഡലത്തിലെ റോഡ് നിർമ്മാണം

127(2190) ശ്രീ. മാത്യൂ ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന തിരുവല്ല മണ്ഡലത്തിലെ ജനസേവ റോഡ്, പുളിക്കീഴ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിപ്പോയതിന്റെ കാരണം വ്യക്തമാക്കാമോ?

ജനസേവ റോഡ് പ്രവൃത്തിയുടെ നിർവഹണം സമയബന്ധിതമായ പുരോഗതി കൈവരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ റദ്ദാക്കിയിരുന്നു. മിച്ചമുള്ള പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ജനസേവ റോഡ് പ്രവൃത്തിയുടെ നിർവഹണം സമയബന്ധിതമായ പുരോഗതി കൈവരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ റദ്ദാക്കിയിരുന്നു. മിച്ചമുള്ള പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രതികൂലമായ കാലാവസ്ഥ ഉൾപ്പെടെയുള്ള കാരണത്താൽ പുളിക്കീഴ് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലുശ്ശേരി മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികൾ

128(2191) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

നവകേരള സദസ്സിന്റെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിനുകീഴിൽ "General – Navakerala sadas - Improvement Upgrading to BM & BC for Mundoth Theruvathkadavu road - Chainage 1/500 to 3/100 - Raising the low lying portions and upgrading the road to BM & BC" എന്ന പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയത്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

നവകേരള സദസ്സിൽ ഉദുമ മണ്ഡലത്തിൽനിന്ന് ലഭിച്ച അപേക്ഷകൾ

129(2192) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽനിന്ന് നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽനിന്ന് ലഭിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെ എണ്ണം വിശദമാക്കാമോ?

(എ-സി) 3746 അപേക്ഷകളിൽ 3707 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ

ഉൾപ്പെടുത്താതെ സമർപ്പിച്ച അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് അന്തിമ തീരുമാനമെടുക്കാൻ കഴിയും.

തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ ആസ്തി വികസന പദ്ധതി

130(2193) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിലും മറ്റ് പദ്ധതികളിലും തുക വകയിരുത്തിയിട്ടും 10 വർഷത്തിലധികമായി ടെൻഡർ എടുക്കാൻ കരാറുകാർ തയ്യാറാകാത്തതിനാൽ വെള്ളക്കെട്ടുകാരണം റോഡുകളെല്ലാം ഗതാഗത യോഗ്യമല്ലാതായതിനെത്തുടർന്ന് തീരദേശ മണ്ഡലം കൂടിയായ വൈപ്പിൻ മണ്ഡലത്തിന് അനുയോജ്യമായ കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് കിട്ടുന്നതിനായി 20-04-2024-ന് സ്ഥലം എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള ഓരുവെള്ള- കടലാക്രമണ ഭീഷണികളാൽ മണ്ഡലത്തിലെ റോഡുകളെല്ലാം തകർന്നുകിടക്കുന്നതിനാൽ തുക വകയിരുത്തിയിട്ടുള്ള റോഡ് പ്രവൃത്തികളെങ്കിലും പ്രാവർത്തികമാക്കുന്നതിനായി കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള റോഡ് പ്രവൃത്തി സംബന്ധിച്ച വിഷയങ്ങളിൽ ധനകാര്യ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും കളക്ടറേറ്റിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ഫയലുകളിൽ ദ്രുതഗതിയിലുള്ള തീരുമാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനം ആസൂത്രണവും

സാമ്പത്തിക കാര്യവും വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകൾ പരിശോധിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് ഉചിതമായ കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി സമർപ്പിക്കാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിരുന്നു. പ്രത്യേക കോസ്റ്റ് ഇൻഡക്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

കപ്പൽ മുങ്ങിയ സംഭവത്തിലെ പരിസ്ഥിതി ആഘാതം

131(2194)ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് എം.എസ്.സി. എൽസ-3 കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തിൽ പരിസ്ഥിതി ആഘാതം കണ്ടെത്തിയിട്ടില്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) എം.എസ്.സി. എൽസ-3 കപ്പലിലുണ്ടായിരുന്ന കണ്ടെയ്നറുകളിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള മലിനീകരണം കടലിൽ കലരുന്നുണ്ടോ എന്നതും എണ്ണച്ചോർച്ചമൂലം എണ്ണപ്പാട കടലിൽ പരക്കുന്നതുമായി ബന്ധപ്പെട്ട മലിനീകരണം

സംഭവിക്കുന്നുണ്ടോ എന്നതും ശാസ്ത്രീയമായും തുടർച്ചയായും നിരീക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് കപ്പലപകടത്തിന്റെ തൊട്ടടുത്ത ദിവസം മുതൽതന്നെ ആരംഭിക്കുകയുണ്ടായി. ഇതിനായി ഈ മേഖലയിൽനിന്നുള്ള വിദഗ്ധരുമായി ചർച്ച ചെയ്ത് സാംപ്ലിങ് പ്രോട്ടോകോൾ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുകയും ചെയ്തു. ഈ സാംപ്ലിങ് പ്രോട്ടോകോൾപ്രകാരമുള്ള ജല, വായു ഗുണനിലവാര പരിശോധനകൾ എന്നിവ കപ്പലപകടത്തിന്റെ ആഘാതമെത്താൻ സാധ്യതയുള്ള എല്ലാ കടൽത്തീരത്തുനിന്നും ശേഖരിച്ച് പരിശോധന നടത്തിയിരുന്നു. ഈ പരിശോധനയിൽ തീരപ്രദേശത്തെ ജല ഗുണനിലവാരത്തിൽ ഗണ്യമായ വ്യത്യാസമില്ലെന്നും നിലവിൽ പരിശോധനയും വിശകലനവും നടക്കുകയാണെന്നും ആയതിന്റെ അവസാനഘട്ടത്തിൽമാത്രമേ മലിനീകരണത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയൂ എന്നും മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രതിപാദിച്ചിരുന്നു.

കപ്പൽ അപകടം ആഴക്കടലിൽ ഉൾപ്പെടെയുണ്ടാക്കിയ പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനായി 11-06-2025-ലെ G.O. (Rt) No.62/2025/ENVT സർക്കാർ ഉത്തരവ് പ്രകാരം CSIR-NIO-യുമായി സഹകരിക്കാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ അധികാരപ്പെടുത്തി. തുടർന്ന് 16-07-2025-ൽ മലിനീകരണ നിയന്ത്രണ ബോർഡ് NIO-യുമായി കരാറിൽ ഒപ്പുവച്ചു. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

ഈ പ്രാഥമിക റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോട്ടോഗ്രാഫുകളും മറ്റ് ഫീൽഡ് ഒബ്സർവേഷൻ വിശദാംശങ്ങളും വ്യക്തമാക്കുന്നത് കടലിൽ MSC ELSA-3 കപ്പൽ തകർന്നതിന്റെ പരിസരപ്രദേശങ്ങളിലും ഇന്ത്യയുടെ ടെറിട്ടോറിയൽ ജലത്തിൽ ഉൾപ്പെടെ

എണ്ണ വ്യാപിച്ചതിന്റെ ലക്ഷണങ്ങളും തെളിവുകളുമുണ്ട് എന്നതാണ്. ഈ തെളിവുകൾ അടങ്ങിയ റിപ്പോർട്ട്, സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത Admiralty Suit-ന്റെ ഭാഗമായി, NIO-യുടെ ഒരു പ്രത്യേക അഫിഡവിറ്റായി, ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി)മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതുസംബന്ധിച്ച കേസിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം കമ്പനിയെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെട്ടിട നിർമ്മാണത്തിലെ സി.ആർ.ഇസഡ്. നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ

132(2195) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സി.ആർ.ഇസഡ്. മാനദണ്ഡപ്രകാരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലെ കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുള്ള പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2019 തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 2019 തീരദേശ പരിപാലന വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ലഭിക്കുന്നുണ്ട്. തീരദേശ നിയന്ത്രണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 300 m^2 വിസ്തീർണ്ണം വരെയുള്ള വാസഗൃഹ നിർമ്മാണങ്ങളുടെ അനുമതി

നൽകുന്നതിനുള്ള മാർഗനിർദേശം നൽകിയിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിലെ നിബന്ധനകൾക്കുവിധേയമായി മാത്രമാണ് റിസോർട്ടുകൾക്ക് അനുമതി നൽകിവരുന്നത്. കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 500 മീറ്റർ വരെ സി.ആർ.ഇസഡ്. മേഖലയിൽ ഉൾപ്പെടുന്നു. സി.ആർ.ഇസഡ്. II-ൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്തേയ്ക്ക് നിർമ്മാണാനുമതി ലഭിക്കുന്നതാണ്. സി.ആർ.ഇസഡ്. III A-യിൽ കടലിന്റെ വേലിയേറ്റ നിരയിൽനിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ.ഇസഡ്. III B കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 200 മീറ്റർ വരെ വികസനരഹിത മേഖലയായി തുടരും. ഉൾനാടൻ ജലാശയങ്ങളുടെ (സി.ആർ.ഇസഡ്. III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽനിന്നുള്ള ദൂരപരിധി 100 മീറ്ററിൽനിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണ് കുറവ് അതും വികസനരഹിത മേഖലയാണ്.

കൂടാതെ, പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായി ദുരന്തനിവാരണ നിയമങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ടും പൊതുശുചിത്വമാലിന്യ സംസ്കരണം ഉറപ്പുവരുത്തിക്കൊണ്ടും വികസന നിഷിദ്ധ മേഖലയിൽ (കടലിന്റെ വേലിയേറ്റ മേഖലയിൽനിന്നും 200 മീറ്റർ ദൂരപരിധി വരെയും കായലിന്റെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ വരെയും) വാസഗൃഹങ്ങൾക്ക് അനുമതി ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ 66 ഗ്രാമപഞ്ചായത്തുകളെ CRZ III-യിൽനിന്ന് CRZ II-ലേയ്ക്ക് തരംമാറ്റിയിട്ടുണ്ട്. കൂടാതെ 37 ഗ്രാമപഞ്ചായത്തുകളെ CRZ III A-യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്തുകൾക്ക് 2019 സി.ആർ.ഇസഡ്. വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്.

നിലവിൽ ദ്വീപുകളുടെ വികസന നിഷിദ്ധ മേഖലയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഉപയോഗമാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി പുനർനിർമ്മാണാനുമതി നൽകാവുന്നതാണ്. ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ മാറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ്. അനുമതി ആവശ്യമില്ല.

എം.എസ്.സി. എൽസ-3

133(2196) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള തീരത്ത് എം.എസ്.സി. എൽസ-3 കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കേരള തീരത്ത് എം.എസ്.സി. എൽസ-3 കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഫയൽ ചെയ്ത റിപ്പോർട്ടും റിപ്പോർട്ടിനോടനുബന്ധമായി ചേർത്തിരുന്ന Exhibit R7(a) മുതൽ Exhibit R7(z6) വരെയുള്ള 18 Exhibit- കളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.[+]

അതിദരിദ്രർക്കായുള്ള ആരോഗ്യപരിപാലനം

134(2199) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെന്ന് കണ്ടെത്തിയിട്ടുള്ളവർക്ക് ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് അതിദരിദ്രർ എന്ന് കണ്ടെത്തിയിട്ടുള്ളവർക്ക് വിപുലമായ ആരോഗ്യ സേവനങ്ങളാണ് നൽകിവരുന്നത്.

സൗജന്യ ചികിത്സാ സേവനങ്ങൾ

എല്ലാ സർക്കാർ ആശുപത്രികളിലും ഒ.പി./ഐ.പി. സേവനങ്ങൾ, മരുന്നുകൾ, പരിശോധനകൾ എന്നിവ സൗജന്യമായി നൽകിവരുന്നു.

സൗജന്യ ലബോറട്ടറി പരിശോധനകൾ

CBC, RBS, Blood urea/creatinine, SGOT/SGPT, Lipid profile, HbsAg എന്നീ പരിശോധനകൾ സൗജന്യമായി നടത്തിവരുന്നു.

വീടുതോറും സേവനം

മാസാന്ത്യ ആരോഗ്യ പരിശോധന, പ്രസവാനന്തര പരിചരണം, നവജാതശിശു പരിചരണം, പാലിയേറ്റീവ് കെയർ എന്നിവ നടപ്പാക്കിവരുന്നു.

ഗതാഗത സൗകര്യം

ഗർഭിണികൾക്കും ശിശുക്കൾക്കും JSSK പദ്ധതിയിലൂടെ സൗജന്യ ഗതാഗതം, ആദിവാസികൾക്കും പ്രത്യേക സഹായം.

പോഷണ സേവനം

ആശുപത്രികളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണ സഹായം.

(ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്; ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇതിനായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

താഴെപ്പറയുന്ന വകുപ്പുകൾ വിവിധ സേവനങ്ങളിൽ സഹകരിച്ചുവരുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

കുടുംബ പട്ടിക പുതുക്കൽ, ആരോഗ്യ പദ്ധതികളുടെ ഏകോപനം

<u>സാമൂഹികനീതി വകുപ്പ്</u>

ആശുപത്രിയിൽ ഒറ്റക്ക് കഴിയുന്നവർക്ക് കൂട്ടിരിപ്പ് സേവനം

<u>ഗോത്ര വികസന വകുപ്പ്</u>

ആദിവാസി സമൂഹത്തിന് ആശുപത്രി ഗതാഗതം.

<u>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി</u>

SHA നടപ്പിലാക്കുന്ന ആരോഗ്യ ആനുകൂല്യ പദ്ധതികളിൽ സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളും അംഗങ്ങളാണ്. എല്ലാ ഗുണഭോക്താക്കൾക്കും UHID ABHA ID നൽകി ആരോഗ്യ ഇൻഷ്വറൻസ് സംവിധാനത്തിൽ ഉൾപ്പെടുത്തുന്നു. പദ്ധതികളിൽ അംഗമല്ലാത്തവരുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കിടപ്പുരോഗികളായ അതിദരിദ്രർക്കും ഒറ്റയ്ക്ക് കഴിയുന്നവർക്കുമായി നൽകിവരുന്ന ആരോഗ്യ സേവനങ്ങൾ വിശദമാക്കാമോ?

താഴെപ്പറയുന്ന സേവനങ്ങൾ കിടപ്പുരോഗികളായ അതിദരിദ്രർക്ക് നൽകിവരുന്നു.

വീടുതോറും ആരോഗ്യ സേവനം.

മാസാന്ത്യ ആരോഗ്യ പരിശോധനകൾ (Haemoglobin, BP, Sugar, BMI)-എന്നിവയ്ക്ക്

ഗുരുതര രോഗങ്ങൾ (കാൻസർ, CVA, CAD, CKD) ഉള്ളവർക്ക് തുടർ ചികിത്സാ നിരീക്ഷണം.

ഒറ്റക്ക് കഴിയുന്ന മുതിർന്നവർക്കായി രണ്ടാഴ്ചയിൽ ഒരിക്കൽ പ്രത്യേക പരിചരണ സന്ദർശനം

കൂട്ടിരിപ്പുകാർ ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ വകുപ്പുവഴി കൂട്ടിരിപ്പ് സേവനം നൽകിവരുന്നു.

108 ആംബുലൻസ് പദ്ധതി

135(2200) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിൽ ഓരോ വർഷവും ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഇ.എം.ആർ.ഐ.) എന്ന സ്ഥാപനത്തിന് എത്ര രൂപയാണ് കരാർപ്രകാരമുള്ള കിലോമീറ്ററുകൾക്കുപുറമെ അധിക കിലോമീറ്ററുകൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നൽകിയതെന്ന വിവരം വർഷം തിരിച്ച് നൽകാമോ?

ഒരു ആംബുലൻസ് ഒരു മാസം 1000 കിലോമീറ്റർ

പ്രവർത്തിപ്പിക്കുന്നതിന് ടെൻഡറിൽ GVK EMRI സമർപ്പിച്ച വിലനിരക്കുപ്രകാരവും അധിക കിലോമീറ്ററുകൾക്ക് 15 രൂപ നിരക്കിൽ താഴെപ്പറയുന്ന പ്രകാരവുമാണ് തുക നൽകുന്നത്.

അധിക കിലോമീറ്റർ ചാർജ്ജുകൾ = (315 വാഹനങ്ങൾ മൂന്നുമാസത്തേയ്ക്ക് ആകെ ഓടിയ ദൂരം – 9,45,000) X 15.

ത്രൈമാസാടിസ്ഥാനത്തിലാണ് അധിക കിലോമീറ്ററുകൾ കണക്കാക്കി തുക നൽകുന്നത്.

കരാർപ്രകാരമുള്ള കിലോമീറ്ററുകൾക്കുപുറമെ അധിക കിലോമീറ്ററുകൾക്ക് ആനുപാതികമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നൽകിയ തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	അധിക കിലോമീറ്റർ	നൽകിയ തുക
2019-20	15,19,097	2,27,86,455
2020-21	86,91,989	13,03,79,835
2021-22	72,36,861	10,85,52,915
2022-23	83,67,452	12,55,11,780
2023-24	86,06,825	12,91,02,375

ശ്രവണ ചികിത്സാ സഹായപദ്ധതികൾ

136(2201) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രവണ വൈകല്യമുള്ള കുട്ടികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള സഹായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങൾ

എന്തൊക്കെയാണെന്നും വിശദമാക്കുമോ?

ശ്രുതിതരംഗം പദ്ധതി:- ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ തെറാപ്പി, കോക്ലിയാർ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, സ്പീച്ച് പ്രോസ്സസർ അപ്ഗ്രഡേഷൻ" എന്നിവ സൗജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'.

ശ്രുതിതരംഗം പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾപ്രകാരം ശസ്ത്രക്രിയയ്ക്ക് 0 മുതൽ 3 വയസ്സ് വരെയുള്ള വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് സാധാരണഗതിയിൽ അർഹത ലഭിക്കുന്നത്. എന്നിരുന്നാലും 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്കും പോസ്റ്റ് ലിംഗ്വൽമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ 12 വയസ്സുവരെയും മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ പ്രത്യേക അംഗീകാരത്തോടുകൂടി പ്രായഭേദമന്യേയും ശസ്ത്രക്രിയാ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ശസ്ത്രക്രിയയ്ക്കുശേഷം വേണ്ടിവരുന്ന അനുബന്ധ സേവനങ്ങളായ സ്പീച്ച് പ്രോസ്സസർ അപ്ഗ്രഡേഷൻ (ഒരു തവണ), കോക്ലിയർ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ 25 വയസ്സ് വരെയും ലഭ്യമാണ്. തദ്ദേശീയരായ ആദായനികുതിദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽവരുന്നത്. ഗുണഭോക്താവിന് പദ്ധതിപ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ/സ്വകാര്യ മേഖലാ ആശുപത്രികൾവഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോമുകൾ പ്രസ്തുത

ആശുപത്രികളിൽനിന്നും സൗജന്യമായി ലഭ്യമാണ്. പദ്ധതിപ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പ്രോസ്സസർ അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിലെ സേവനങ്ങൾ ലഭിക്കാനായി ചുവടെ സൂചിപ്പിച്ചിട്ടുള്ള എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

ആശുപത്രികളുടെ വിവരങ്ങൾ:

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം

4. കിംസ് ഹെൽത്ത്, തിരുവനന്തപുരം

5. ഡോ. നൗഷാദ് ഇ.എൻ.ടി. ആശുപത്രി, എറണാകുളം

6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം

7. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം

8. ഡോ. മനോജ് ഇ.എൻ.ടി. ആശുപത്രി, കോഴിക്കോട്

9. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്

10. അസെന്റ് ഇ.എൻ.ടി. ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം.

പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകളടക്കം അതത് ആശുപത്രികളിൽ സമർപ്പിക്കണം. തുടർന്ന് ആശുപത്രി ഈ അപേക്ഷകൾ പരിശോധിക്കുകയും ആവശ്യമായ വിലയിരുത്തലുകൾക്കുശേഷം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് സമർപ്പിക്കുകയും

ചെയ്യുന്നു. തുടർന്ന് പദ്ധതിയുടെ സാങ്കേതിക സമിതി അപേക്ഷ വിലയിരുത്തുകയും പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകുകയും ചെയ്യുന്നു. അംഗീകരിക്കപ്പെടുന്ന അപേക്ഷകളിൽ പദ്ധതിപ്രകാരമുള്ള പണരഹിത സേവനങ്ങൾ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ മുഖാന്തരമാണ് നൽകപ്പെടുന്നത്.

നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് ഡെഫ്നസ്സ് (എൻ.പി.പി.സി.ഡി.) അഥവാ ദേശീയ ബധിരത നിയന്ത്രണ പദ്ധതിയിലൂടെ ചുവടെ ചേർത്തിരിക്കുന്ന സേവനങ്ങൾ നൽകിവരുന്നു:-

ചെവി സംബന്ധമായ രോഗങ്ങളുടെ ചികിത്സയും ശസ്ത്രക്രിയയും നൽകുന്നു.

ഇ.എൻ.ടി. ഒ.പി.-യുമായി ബന്ധപ്പെട്ട് വരുന്ന രോഗികളുടെ (ചെവി സംബന്ധമായ രോഗമുള്ളവർ, കേൾവിക്കുറവുള്ളവർ) കേൾവി പരിശോധന നടത്തുന്നു.

ആശുപത്രി ഭിന്നശേഷി നിർണ്ണയ സമിതിയുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെ ഭിന്നശേഷി നിർണ്ണയ സമിതിയുടെയും ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനോടനുബന്ധിച്ചുള്ള കേൾവി പരിശോധന നടത്തുന്നു.

സമഗ്ര ശിക്ഷ കേരള പദ്ധതിയുടെ ഭാഗമായി കേൾവിക്കുറവുള്ള കുട്ടികളുടെ ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി കേൾവി പരിശോധനകൾ നടത്തുന്നു.

ജില്ലയിലെ എല്ലാ പ്രദേശങ്ങളിലെയും സർക്കാർ ആശുപത്രികളിൽനിന്നും വരുന്ന കേൾവി പരിശോധനയുടെ ആസ്ഥാനകേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു.

കേൾവിക്കുറവുമായി ബന്ധപ്പെട്ടതും അല്ലാതെയുമുള്ള സംസാര വൈകല്യങ്ങളുള്ളവരുടെ

പുനരധിവാസം നടത്തുന്നു.

കേൾവിക്കുറവുള്ളവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നു.

ഏതുകാരണത്താലുമുണ്ടായേക്കാവുന്ന എല്ലാ പ്രായക്കാരുമായ കേൾവിക്കുറവുള്ളവരുടെ പുനരധിവാസം നടത്തുന്നു.

ചെവിയും കേൾവിയുമായി ബന്ധപ്പെട്ട IEC/BCC പ്രവർത്തനങ്ങൾവഴിയുള്ള ബോധവൽക്കരണം.

കേരളത്തിൽ ദേശീയ ബധിരതാനിയന്ത്രണ പദ്ധതിയുടെ സേവനങ്ങൾ എല്ലാ പ്രായക്കാർക്കും ലഭ്യമാണ്. എന്നാൽ കേൾവി വൈകല്യമുള്ള നവജാതശിശുക്കളും കുട്ടികളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും മുൻഗണനാ വിഭാഗമാണ്. പരിശോധന, ചികിത്സ, ശസ്ത്രക്രിയ, ഹിയറിങ് എയ്ഡ് വച്ചതിനുശേഷമുള്ള പുനരധിവാസം എന്നിവ പദ്ധതിയുടെ സേവനങ്ങളിൽ ഉൾപ്പെടുന്നു.

(ബി) നിശ്ചിത പ്രായപരിധി കഴിഞ്ഞാലും ചികിത്സാ പുരോഗതിയുണ്ടാകുന്ന കേസുകൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ശ്രുതി തരംഗം പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾപ്രകാരം 3 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ചികിത്സ നൽകിവരുന്നത്. എന്നിരുന്നാലും 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്കും പോസ്റ്റ് ലിംഗ്വൽമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ 12 വയസ്സുവരെയും മെനിഞ്ചയിറ്റിസ് ബാധമൂലമുണ്ടാകുന്ന കേൾവി തകരാറുകളിൽ സാങ്കേതിക സമിതിയുടെ പ്രത്യേക അംഗീകാരത്തോടുകൂടി പ്രായഭേദമന്യേയും ശസ്ത്രക്രിയാ സേവനങ്ങൾ

ലഭ്യമാക്കുന്നുണ്ട്.

പദ്ധതിയിൽ നൽകുന്ന തുടർസേവനങ്ങളായ സ്പീച്ച് പ്രോസ്സസർ അപ്ഗ്രഡേഷനും (ഒരു തവണ) കോക്ലിയാർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും നിലവിൽ ശസ്ത്രക്രിയ നടത്തിയതിനുശേഷം ഒരാൾ സ്വയംപര്യാപ്തത കൈവരിക്കുന്ന പ്രായം വരെ (25 വയസ്സുവരെ) ഈ സേവനങ്ങൾ നൽകിവരുന്നുണ്ട്.

108 ആംബുലൻസ് പദ്ധതി

137(2202) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിലെ കരാർപ്രകാരം ഏത് പ്രവർത്തനങ്ങൾക്കാണ് സർവീസ് നടത്തേണ്ടതെന്ന് വിശദമാക്കാമോ?

റോഡപകടങ്ങളിൽ പൊലിഞ്ഞുപോകുന്ന വിലപ്പെട്ട ജീവനുകൾ പരമാവധി രക്ഷിക്കുകയെന്ന സദുദ്ദേശ്യത്തോടെ സമഗ്ര ട്രോമാ കെയറിന്റെ ഭാഗമായി വാഹന അപകടത്തിൽപ്പെട്ടവർക്കുംമറ്റും അടിയന്തര വൈദ്യസഹായമെത്തിക്കുന്നതിനായി ആരംഭിച്ച ഉദ്യമമാണ് 'കനിവ് 108' എന്ന സൗജന്യ ആംബുലൻസ് സേവന ശൃംഖല. റോഡപകടങ്ങൾക്കുപുറമെ ഗർഭിണികളുടെ അടിയന്തര ആരോഗ്യ പ്രശ്നങ്ങൾ, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ വൈദ്യശാസ്ത്രപരമായ അത്യാഹിതങ്ങൾ, അപ്രതീക്ഷിതമായി വന്നുചേരുന്ന പ്രകൃതിദുരന്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനും ടി ആംബുലൻസ് ശൃംഖലയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നു.

(ബി) കരാർപ്രകാരമുള്ള സർവീസിനുപുറമെ വാഹനങ്ങൾ ഓടിയതിന് കമ്പനിക്ക് കെ.എം.എസ്.സി.എൽ. പണം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവീസുകൾക്ക് എത്ര തുകയാണ് നൽകിയതെന്ന് വിശദമാക്കാമോ?

കരാർ പ്രകാരമുള്ള സർവീസിനുപുറമെ കോവിഡ്-19 മഹാമാരിയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 29-01-2020 മുതൽ 20-04-2022 വരെയുള്ള കാലയളവിൽ സേവനം നൽകിയ വകയിൽ 28,12,05,679/- രൂപ GVK EMRI എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്.

(സി) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിലെ കരാർപ്രകാരം ഓരോ വർഷവും എത്ര ആംബുലൻസുകൾ സർവീസ് നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;?

2019 സെപ്റ്റംബർ 25 മുതൽ 2020 ഫെബ്രുവരി 27 വരെയുള്ള കനിവ് 108 ആംബുലൻസുകളുടെ വിന്യാസം അനുബന്ധമായി+ ചേർക്കുന്നു.

2020 ഫെബ്രുവരി 27 മുതൽ 315 ആംബുലൻസുകളുമായി കനിവ് 108 പദ്ധതി സേവനം നൽകിവരുന്നു.

കുട്ടികൾക്കായുള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾ

138(2203) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) എല്ലാ കുട്ടികൾക്കും മതിയായ മെഡിക്കൽ സഹായവും ആരോഗ്യസംരക്ഷണവും നൽകണമെന്ന് കുട്ടികളുടെ അവകാശം സംബന്ധിച്ച യു.എൻ. കൺവൻഷൻ വ്യവസ്ഥ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ പദ്ധതിയായ ആർ.ബി.എസ്.കെ. വഴി 18 വയസ്സിനുതാഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങളെ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

ആർ.ബി.എസ്.കെ. മാർഗനിർദേശപ്രകാരം താഴെക്കൊടുത്തിരിക്കുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും ആവശ്യമായ ശസ്ത്രക്രിയയും ദേശീയ ആരോഗ്യദൗത്യം വഴി സൗജന്യമാക്കിയിട്ടുണ്ട്.

1. ജനനവൈകല്യങ്ങൾ (Defect at Birth)

• ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)

•ഡൗൺ സിൻഡ്രോം (Down Syndrome)

•മുറിച്ചുണ്ട്/അണ്ണാക്കിലെ വിടവുകൾ (Cleft lip/Cleft palate)

•കാല്പാദ വൈകല്യങ്ങൾ - Talipes (Club foot)

•അരക്കെട്ടിനുണ്ടാകുന്ന വികാസവൈകല്യം (Developmental Dysplasia of the Hip)

• ജന്മനാലുള്ള തിമിരം (Congenital Cataract)

•ജന്മനാലുള്ള കേൾവിക്കുറവ് (Congenital Deafness)

•ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)

•Retinopathy of Prematurity (മാസം തികയാതെ പ്രസവിക്കുന്നതുകൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ)

2. ന്യൂനതകൾ (Deficiencies)

•വിളർച്ചയും ഗുരുതരമായ അനീമിയയും

•വിറ്റാമിൻ A-യുടെ കുറവ് (Bitot Spot)

•വിറ്റാമിൻ D-യുടെ കുറവ് (Rickets)

•ഗുരുതരമായ പോഷകാഹാരക്കുറവ്

•തൊണ്ടവീക്കം (Goiter)

•ശൈശവ രോഗങ്ങൾ (Childhood Diseases)

•ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)

•ചെവിക്കുള്ളിലെ അണുബാധ (Otitis Media)

•റുമാറ്റിക്ക് ഹൃദ്രോഗം ((Rheumatic Heart Disease)

•പല്ലിലെ പോട് (Dental Caries)

•ജന്നിരോഗങ്ങൾ (Convulsive Disorders)

3. വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities)

•കാഴ്ചക്കുറവ്

•കേൾവിക്കുറവ്

•Neuro-Motor impairement (ചലനവൈകല്യങ്ങൾ)

•Motor Delay (ചലനവൈകല്യങ്ങൾ)

•ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം (Congnitive Delay)

•ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം (Language Delay)

•ഓട്ടിസം (Autism)

•പഠനവൈകല്യം (Learning Disorder)

•എ.ഡി.എച്ച്.ഡി. (Attention Deficit Hyperactivity Disorder)

ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്ത കുഞ്ഞുങ്ങൾക്ക് ഡി.ഇ.ഐ.സി.-യിൽനിന്നും ആവശ്യമായ ചികിത്സ നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർനിരീക്ഷണത്തിന് വിധേയമാക്കുകയും ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റെഫർ ചെയ്തുവരികയും ചെയ്യുന്നു.

ജന്മനായുള്ള ശാരീരിക വൈകല്യങ്ങൾ കണ്ടെത്തുന്നതിന് എല്ലാ സർക്കാർ ഡെലിവറി പോയിന്റുകളിലും പരിശീലനം നൽകി പ്രത്യേക നഴ്സുമാരെ നിയോഗിച്ചിട്ടുണ്ട്. ശലഭം പദ്ധതി വഴി VISIBLE BIRTH DEFECT, ശ്രവണവൈകല്യം, കാഴ്ച സംബന്ധമായ പരിമിതികൾ, ഹൃദയസംബന്ധമായ വൈകല്യങ്ങൾക്കുള്ള പരിശോധനകൾ നടത്തിവരുന്നു. ഇതുകൂടാതെ അങ്കണവാടി-സ്കൂൾ തലങ്ങളിലും പ്രതിരോധ കുത്തിവയ്പ് എടുക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലും മേൽ സൂചിപ്പിച്ചിരിക്കുന്ന 30 ആരോഗ്യപ്രശ്നങ്ങൾക്കുള്ള പരിശോധനകൾ നടത്തിവരുന്നു.

ആരോഗ്യകിരണം:- RBSK ഉൾപ്പെടുത്തിയിട്ടില്ലാത്ത ആരോഗ്യ അവസ്ഥകളുടെ മെഡിക്കൽ സഹായത്തിനും തുടർചികിത്സയ്ക്കുംവേണ്ടി സംസ്ഥാന സർക്കാർ 'ആരോഗ്യകിരണം' പദ്ധതി നടപ്പിലാക്കിവരുന്നു. അപൂർവ രോഗബാധിതരായ കുഞ്ഞുങ്ങളുടെ

കാര്യത്തിലും സംസ്ഥാനം പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്.

ദേശീയ അപൂർവരോഗ നയത്തിന്റെ ഭാഗമായി SAT ആശുപത്രിയിൽ 2021 ദേശീയ അപൂർവരോഗ നയപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള രോഗാവസ്ഥകൾക്കുള്ള ചികിത്സ നൽകിവരുന്നു. SMA ബാധിതരായ കുഞ്ഞുങ്ങളുടെ ചികിത്സ സർക്കാർ പദ്ധതിയായ KARE പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിവരുന്നു.

ഹീമോഫീലിയ ബാധിതരായ 18 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികൾക്കും 'ആശാധാര' പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ എമിസിസുമാബ് പ്രൊഫിലാക്സ് നൽകിവരുന്നു. തലാസീമിയ ബാധിതരായ കുട്ടികൾക്ക് ഇതേ പദ്ധതിക്കുകീഴിൽ തുടർചികിത്സ നൽകിവരുന്നുണ്ട്. അരിവാൾ കോശരോഗ ബാധിതരായ കുഞ്ഞുങ്ങൾക്ക് അത് കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടുന്ന നടപടികൾ രോഗബാധ വ്യാപകമായിട്ടുള്ള വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(ബി) കുട്ടികളിലെ മാനസികവും ശാരീരികവുമായ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളും നേരത്തെ കണ്ടെത്താനും സമയബന്ധിതമായി മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജനന വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റു തിരഞ്ഞെടുത്ത ശിശുരോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ പിന്തുണയോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന

ഒരു ആരോഗ്യ പദ്ധതിയാണ് ആർ.ബി.എസ്.കെ. (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം), സ്കൂൾ കേന്ദ്രീകൃത ആരോഗ്യ പരിപാടിയായ School Health Programme വിപുലപ്പെടുത്തി അങ്കണവാടികൾ/കിൻഡർ ഗാർഡൻ/പ്ലേ സ്കൂൾ എന്നിവിടങ്ങളിലും രോഗപ്രതിരോധ കുത്തിവയ്പ് സെഷനുകളും കേന്ദ്രീകരിച്ച് ആരോഗ്യ സ്ക്രീനിങ് ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾവഴിയും മെഡിക്കൽ കോളേജ് ആശുപത്രികൾവഴിയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ RBSK പദ്ധതി വഴി സൗജന്യമായി ലഭ്യമാണ്.

ശലഭം -COMPREHENSIVE NEWBORN SCREENING PROGRAMME (വെബ് പോർട്ടൽ)

കേരളത്തിലെ ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിനുകീഴിലുള്ള എല്ലാ സ്ക്രീനിങ്, ഫോളോഅപ് പ്രവർത്തനങ്ങൾക്കുംവേണ്ടി ആരംഭിച്ച പദ്ധതിയാണ് ശലഭം. ഇതിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പ്രധാന സ്ക്രീനിങ് പരിപാടിയാണ് സമഗ്ര നവജാതശിശു സ്ക്രീനിങ് (Comprehensive Newborn Screening). ഇതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന എല്ലാ നവജാതശിശുക്കളെയും ഡിസ്ചാർജ് ചെയ്യുന്നതിനുമുമ്പായി വിവിധ പരിശോധനകൾ നടത്തി ശലഭം വെബ്പോർട്ടലിൽ രേഖപ്പെടുത്തുകയും ഇവ കൃത്യമായ ഇടവേളകളിൽ സാമൂഹ്യതലത്തിൽ തുടർ പരിചരണം ഉറപ്പാക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ രാജ്യത്തുതന്നെ ആദ്യമായി ബർത്ത് ഡിഫക്ടുകൾക്കുള്ള വെബ്പോർട്ടൽ രജിസ്ട്രി തുടങ്ങിയതും കേരളത്തിലാണ്.

ഹൃദ്യം

കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്താനും അഥവാ കണ്ടെത്തിക്കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനുംവേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണിത്. വലിയൊരു വിഭാഗം കുട്ടികൾക്കും തുടർചികിത്സ ആവശ്യമാണ്. എന്നാൽ ഹൃദ്യം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് രോഗം കണ്ടെത്തിയതിനുശേഷമോ പ്രാഥമിക ചികിത്സ കഴിഞ്ഞോ മിക്ക കുട്ടികൾക്കും തുടർചികിത്സയ്ക്ക് വിധേയമാകുന്ന സാഹചര്യമുണ്ടായിരുന്നില്ല. ഇക്കാരണത്താൽ മരണനിരക്ക് വർധിച്ചുനിൽക്കുന്നൊരു സാഹചര്യമാണുണ്ടായിരുന്നത്. രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്നതിനും കൃത്യമായി ഫോളോഅപ് ചെയ്യുന്നതിനുമുണ്ടായിരുന്ന തടസ്സങ്ങൾ ഹൃദ്യം പദ്ധതിവഴി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. അസുഖത്തിന്റെ തോതനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും ഫോളോഅപ് യഥാവിധി ചെയ്യാനും ഒരു കൃത്യമായ സംവിധാനം ഹൃദ്യം പദ്ധതിയിലുണ്ട്.

ദേശീയ ആരോഗ്യദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ബി.എസ്.കെ. പദ്ധതിപ്രകാരം കുട്ടികളിലെ ഹൃദ്രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിനോടൊപ്പം മുകളിൽ വിവരിക്കുംപ്രകാരം യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം, ഐ.റ്റി. വിഭാഗവും സ്റ്റേറ്റ് ആർ.ബി.എസ്.കെ. വിഭാഗവുംകൂടി ഒരു വെബ്സൈറ്റ് ആവിഷ്കരിച്ചുനടപ്പിലാക്കിയിട്ടുണ്ട്. ഈ വെബ്സൈറ്റ് വഴി ഹൃദ്രോഗമുള്ള കുട്ടികളെ വെബ്സൈറ്റ് മുഖാന്തരം രജിസ്റ്റർ ചെയ്യുകയും

അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

FBNC-NBCC, NBSU, SNCU

ഫെസിലിറ്റി ബേസ്ഡ് ന്യൂബോൺ കെയർ (FBNC)- ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിലുള്ളൊരു പദ്ധതിയാണ്. നവജാതശിശു മരണങ്ങൾ കുറയ്ക്കുകയും രോഗികളും ചെറിയ കുഞ്ഞുങ്ങളും ആരോഗ്യ കേന്ദ്രങ്ങളിൽ പ്രത്യേക പരിചരണം ലഭ്യമാക്കുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിന് മൂന്ന് തലങ്ങളിലുള്ള സംവിധാനം പ്രവർത്തിക്കുന്നു:- ന്യൂബോൺ കെയർ കോർണറുകൾ (NBCC) - ജനനത്തിനുശേഷമുള്ള അടിയന്തര പരിചരണത്തിനായി, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ (NBSU) - ഹ്രസ്വകാല പരിചരണത്തിനും റഫറലിനുമായി, സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകൾ (SNCU) - ഗുരുതരാവസ്ഥയിലുള്ളതും അകാല ജനനവും കൈകാര്യം ചെയ്യുന്നതിനായി, ഈ സെന്ററുകളിൽ എല്ലാംതന്നെ നൽകുന്നത് പുനർ-ഉത്തേജനം, താപപരിചരണം, ഫീഡിങ് സപ്പോർട്ട്, അണുബാധ നിയന്ത്രണം, പ്രത്യേക ചികിത്സ തുടങ്ങിയ സേവനങ്ങൾ നൽകി ജനനം മുതൽ സ്ഥിരതയും വീണ്ടെടുക്കലും വരെ സമഗ്ര നവജാതശിശു പരിചരണം ഉറപ്പാക്കുന്നു.

(സി) കിടപ്പുരോഗികളായ കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ എന്നിവർക്കായി പ്രത്യേക ഗൃഹകേന്ദ്രീകൃത ആരോഗ്യപരിചരണം നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. കിടപ്പുരോഗികളായ കുട്ടികൾക്കും ഭിന്നശേഷിക്കാരായ കുട്ടികൾക്കും

വേണ്ടി സംസ്ഥാനത്ത് പ്രത്യേക ഗൃഹകേന്ദ്രീകൃത ആരോഗ്യപരിചരണം നടപ്പിലാക്കുന്നതിനായി പീഡിയാട്രിക് പാലിയേറ്റീവ് കെയർ പ്രോഗ്രാം ആരംഭിച്ചിരിക്കുന്നു. ഇത് പ്രധാനമായി കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും സമഗ്ര പിന്തുണ നൽകുക, കൂടാതെ പ്രാഥമികാരോഗ്യകേന്ദ്ര തലത്തിൽത്തന്നെ കുഞ്ഞുങ്ങളുടെ ആരോഗ്യാവസ്ഥകളെ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ രൂപകല്പന ചെയ്തതാണ്. പരിപാടിയുടെ ഭാഗമായി ശിശുരോഗ വിദഗ്ധർ, നഴ്സിങ് സ്റ്റാഫ്, സ്വകാര്യ മേഖലയിലെ ശിശുരോഗ വിദഗ്ധർ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിലുള്ള മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം 25-08-2025-ന് എറണാകുളം ജില്ലയിൽ സംഘടിപ്പിച്ചു. ഇതിനായി ആവശ്യമായ പരിശീലന മൊഡ്യൂൾ തയ്യാറാക്കുകയും പരിശീലനം നേടിയ ട്രെയിനർമാരുടെ സഹായത്തോടെ എല്ലാ ജില്ലകളിലെയും പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് കിടപ്പുരോഗികളായ കുഞ്ഞുങ്ങളുടെ പരിചരണത്തിനാവശ്യമായ പരിശീലനം 2025 ഒക്ടോബർ–നവംബർ മാസങ്ങളിൽ നൽകാൻ തീരുമാനിച്ചിട്ടുമുണ്ട്.

(ഡി) നവജാതശിശു പരിചരണത്തിന് മികച്ച സൗകര്യങ്ങൾ സംസ്ഥാനം ഒരുക്കിയിട്ടുണ്ടോ; ഈ സർക്കാർ എല്ലാ താലൂക്ക് ആശുപത്രികളിലും നവജാതശിശു പരിചരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് (NBSU), എല്ലാ താലൂക്ക് ആശുപത്രികളിലും നവജാതശിശുക്കളുടെ ഹ്രസ്വകാല പ്രത്യേക പരിചരണ കേന്ദ്രമാണ്. ജനനത്തിനുശേഷം ശ്വാസതടസ്സം, കുറഞ്ഞ ഭാരം, ഫീഡിങ് പ്രശ്നങ്ങൾ, നേരിയ അണുബാധ

തുടങ്ങിയ പ്രശ്നങ്ങളുള്ള കുഞ്ഞുങ്ങൾക്ക് ഉടൻതന്നെ പരിചരണം നൽകുക, ആദ്യഘട്ട ചികിത്സ നൽകി കുഞ്ഞിന്റെ ആരോഗ്യസ്ഥിതി സ്ഥിരപ്പെടുത്തുക (stabilization) എന്നിവയാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ആവശ്യമെങ്കിൽ കുഞ്ഞിനെ ജില്ലാ ആശുപത്രികളിലേക്കോ മെഡിക്കൽ കോളേജുകളിലേക്കോ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിലേക്ക് (SNCU) റഫർ ചെയ്യുന്നു. ഇതിലൂടെ എല്ലാ താലൂക്ക് ആശുപത്രി തലത്തിലും നവജാതശിശുക്കൾക്ക് സമയബന്ധിത പരിചരണം ലഭ്യമാക്കി ശിശുമരണനിരക്ക് കുറയ്ക്കുക സാധ്യമാണ്. മികച്ച ഗുണനിലവാരത്തിലുള്ള ശിശുസൗഹൃദ സേവനങ്ങൾ എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി 58 താലൂക്ക് ആശുപത്രികളിലും നവജാതശിശുപരിചരണ യൂണിറ്റുകൾ (ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് (NBSU) ആരംഭിച്ചിട്ടുണ്ട്.

ഇ-ഹെൽത്ത് പദ്ധതി

139(2205) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി തുടങ്ങിയത് എന്നുമുതലാണെന്നും ഇതിന്റെ നടത്തിപ്പിനായി ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശങ്ങളും നൽകാമോ?

കേരളത്തിൽ ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നതിന് 2013 ജൂൺ 26-ന് കേന്ദ്രസർക്കാർ അനുമതി ലഭിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് 2016-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചു.

പദ്ധതിയുടെ നടത്തിപ്പിനായി ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1+ആയി ചേർക്കുന്നു.

(ബി) നിലവിൽ എത്ര ആശുപത്രികളാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും ഇതിൽ എത്ര സ്ഥലങ്ങളിൽ എല്ലാ മോഡ്യൂളും പൂർണ്ണമായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്തെ 850 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് HMS സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 718 ആശുപത്രികളിൽ റിസപ്ഷൻ, 595 ആശുപത്രികളിൽ ഒ.പി., 551 ആശുപത്രികളിൽ ഫാർമസി, 475 ആശുപത്രികളിൽ ലാബ് എന്നീ പ്രധാന മോഡ്യൂളുകൾ ഉപയോഗിച്ചുവരുന്നു. ഇതിൽ ചില ആരോഗ്യ സ്ഥാപനങ്ങളിൽ ആ സ്ഥാപനത്തിന്റെ ആവശ്യകതകൾക്കനുസരിച്ചുള്ള മോഡ്യൂളുകൾ മാത്രമാണ് ഉപയോഗിച്ചുവരുന്നത്. ആശുപത്രികൾ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി 151 ആരോഗ്യ സ്ഥാപനങ്ങളിൽ വി.പി.എൻ. ഉപയോഗപ്പെടുത്തി ഓൺലൈൻ അഡ്വാൻസ് അപ്പോയ്ന്റ്മെന്റ്/റിസപ്ഷൻ മോഡ്യൂളുകൾ സജ്ജമാക്കിയ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

(സി) ഇതുവരെ സ്ഥിര യു.എച്ച്.ഐ.ഡി.-യും താൽക്കാലിക യു.എച്ച്.ഐ.ഡി.-യും നൽകിയിട്ടുള്ളത് എത്ര ആളുകൾക്കാണെന്ന് വ്യക്തമാക്കാമോ; രോഗികൾക്ക് താൽക്കാലിക യു.എച്ച്.ഐ.ഡി. നൽകുന്നത് ഒരേ രോഗിക്ക് നിരവധി ആരോഗ്യ രേഖകളായി മാറുന്നതിലേക്ക് നയിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

26284111 സ്ഥിര യു.എച്ച്.ഐ.ഡി.-യും 65283146 താൽക്കാലിക യു.എച്ച്.ഐ.ഡി.-യും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. രോഗികൾക്ക് താൽക്കാലിക യു.എച്ച്.ഐ.ഡി. നൽകുന്നത് ഒരേ രോഗിക്ക് നിരവധി ആരോഗ്യ രേഖകളായി മാറുന്നതിലേക്ക് നയിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അടിയന്തര ചികിത്സ ആവശ്യമായിവരുന്ന ഘട്ടത്തിലും ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ പക്കൽ സ്ഥിര യു.എച്ച്.ഐ.ഡി. സൃഷ്ടിക്കാൻ ആവശ്യമായ രേഖകളില്ലാത്തപക്ഷവും ചികിത്സാനിഷേധമുണ്ടാകാൻ പാടില്ലാത്തതിനാൽ താൽക്കാലിക യു.എച്ച്.ഐ.ഡി. സൃഷ്ടിച്ച് ചികിത്സ ഉറപ്പാക്കുന്നു. ഈ സാഹചര്യങ്ങളിൽ സൃഷ്ടിക്കപ്പെട്ട താൽക്കാലിക യു.എച്ച്.ഐ.ഡി.-കൾ ഈ പൗരൻ ഒരിക്കൽ സ്ഥിര യു.എച്ച്.ഐ.ഡി.-യിൽ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സംയോജിക്കുകയും അങ്ങനെ പഴയ ആരോഗ്യ രേഖകൾ സ്ഥിര യു.എച്ച്.ഐ.ഡി.-യിൽ ലഭ്യമാകുകയും ചെയ്യുന്നു.

ഒരു വ്യക്തിക്ക് സ്വന്തമായും അതോടൊപ്പം കുടുംബങ്ങൾക്കും സ്ഥിര യു.എച്ച്.ഐ.ഡി. സൃഷ്ടിക്കുന്നതിനുമുള്ള സൗകര്യം ഇ-ഹെൽത്ത് മൊബൈൽ ആപ്ലിക്കേഷനിലും ഇ-ഹെൽത്ത് പോർട്ടലിലും സജ്ജമാണ്.

ഇതുവഴി മുൻകൂറായി പണമടച്ച് ഒ.പി. അപ്പോയ്ന്റ്മെന്റ് എടുക്കുന്നതിനും ലാബ് റിപ്പോർട്ടുകൾ, ഫാർമസി വിവരങ്ങൾ, സ്വന്തം ചികിത്സാ കുറിപ്പടികൾ എന്നിവ കാണുന്നതിനുമുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. കൂടാതെ സ്ഥിര യു.എച്ച്.ഐ.ഡി.

ഉള്ളവർക്ക് ആശുപത്രികളിൽ പ്രദർശിപ്പിച്ചിട്ടുള്ള ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് ക്യൂ നിൽക്കാതെ ഡോക്ടറെ കാണുന്നതിന് ഒ.പി. ടിക്കറ്റെടുത്ത് ഡോക്ടറെ കാണുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. ഇത്തരം സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് സ്ഥിര യു.എച്ച്.ഐ.ഡി. എടുക്കുന്നതിന് പ്രേരകമായിട്ടുണ്ട്.

അതോടൊപ്പം താൽക്കാലിക യു.എച്ച്.ഐ.ഡി.-യുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനുതകുന്ന നിലയിൽ ആധാർ നിയമത്തിലെ സെക്ഷൻ (7) പ്രകാരം ഇ-ഹെൽത്ത് പദ്ധതിയുടെ വിവിധ സേവനങ്ങൾ സർക്കാരിന്റെ ആധാർ ആക്ടിന്റെ ആവശ്യപ്രകാരം കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) ഇ-ഹെൽത്ത് ഉപയോഗിക്കുന്ന രോഗികളെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും റഫർ ചെയ്യുമ്പോൾ അവരുടെ ആരോഗ്യ രേഖകൾ, റഫറൽ ആശുപത്രിയിൽ ഓൺലൈനായി ഡോക്ടർക്ക് കാണാനുള്ള സൗകര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റഫറൽ ആശുപത്രികളിലാണുള്ളത്; വിശദമാക്കാമോ?

ഇ-ഹെൽത്ത് ഉപയോഗിക്കുന്ന രോഗികളെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും റഫർ ചെയ്യുമ്പോൾ അവരുടെ ആരോഗ്യ രേഖകൾ, റഫറൽ ആശുപത്രിയിൽ ഓൺലൈനായി ഡോക്ടർക്ക് കാണാനുള്ള സൗകര്യം നിലവിലുണ്ട്. ഇ-ഹെൽത്ത് ഒ.പി. മൊഡ്യൂൾ നടപ്പിലാക്കിയ എല്ലാ ആശുപത്രികളിലേയ്ക്കും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ മറ്റ് ഏത് ആശുപത്രികളിൽനിന്നും റഫർ ചെയ്യാവുന്നതാണ്.

(എഫ്) ഇ-ഹെൽത്ത് ഡോക്ടർ മൊഡ്യൂൾ, ലബോറട്ടറി മൊഡ്യൂൾ, ഫാർമസി മൊഡ്യൂൾ എന്നിവയുടെ ഉപയോഗം നിലവിൽ എത്ര ശതമാനം ആണ്; ഇതിന്റെ ആശുപത്രി

തിരിച്ചുള്ള കണക്ക് നൽകാമോ?

ഇ-ഹെൽത്ത് ഡോക്ടർ മൊഡ്യൂൾ, ലബോറട്ടറി മൊഡ്യൂൾ, ഫാർമസി മൊഡ്യൂൾ എന്നിവയുടെ ഉപയോഗത്തിന്റെ ആശുപത്രി തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ജി) ഇ-ഹെൽത്ത് പ്രൊജക്ട് യൂണിറ്റിൽ എത്ര ജീവനക്കാരാണുള്ളതെന്നും പ്രൊജക്ട് യൂണിറ്റിന്റെ ഓരോ വർഷത്തെയും പ്രവർത്തന ചെലവുകളുടെയും വിവരം വിശദമാക്കാമോ?

ഇ-ഹെൽത്ത് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ സെപ്റ്റംബർ 2025-ലെ കണക്കനുസരിച്ച് 86 ജീവനക്കാരാണ് സേവനമനുഷ്ഠിച്ചുവരുന്നത്. പ്രൊജക്ട് യൂണിറ്റിന്റെ ഓരോ വർഷത്തെയും പ്രവർത്തന ചെലവുകളുടെയും വിവരം അനുബന്ധമായി+ ചേർക്കുന്നു.

കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് പദ്ധതി

140(2206) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും പരിഗണന നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

വർധിച്ചുവരുന്ന കാൻസർ രോഗം പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഗൗരവതരമായ പരിഗണനയാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നൽകിവരുന്നത്. അത്തരത്തിൽ പ്രാരംഭദശയിൽത്തന്നെ അർബുദം നിർണ്ണയിക്കാനുള്ള സൗകര്യങ്ങൾ ആരോഗ്യമേഖലയിലൊരുക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി "ആരോഗ്യം ആനന്ദം -

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അകറ്റാം അർബുദം" എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വായ, സ്തനം, ഗർഭാശയഗളം എന്നിവയിലെ അർബുദം നേരത്തെ കണ്ടെത്താനുള്ള ക്ലിനിക്കുകൾ ആരംഭിക്കുകയും പരിശീലനം ലഭിച്ച MLSP, നഴ്സിങ് ഓഫീസർ എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തുവരുന്നു. ആരോഗ്യം ആനന്ദം പരിപാടിയുടെ ആദ്യഘട്ടം 2025 ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ വനിതകളിലെ കാൻസർ രോഗ സാധ്യത നിർണ്ണയിക്കുന്നതിനായി നടത്തുകയുണ്ടായി. ഈ പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ മറ്റ് രണ്ട് അർബുദങ്ങളായ വായിലെ അർബുദവും വൻകുടൽ മലാശയ അർബുദവുംകൂടി ഉൾപ്പെടുത്തുകവഴി പുരുഷന്മാരുടെ അർബുദ നിർണ്ണയംകൂടി ഇതിന്റെ ഭാഗമാക്കി. കേരളത്തിലങ്ങോളമിങ്ങോളം ദശലക്ഷക്കണക്കിനാളുകൾ ഇതിന്റെ ഗുണഭോക്താക്കളായി.

ഇതിനുപുറമെ കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ ഭാഗമായി ആരോഗ്യ വകുപ്പിനുകീഴിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും വികേന്ദ്രീകൃതമായ കാൻസർ ചികിത്സ കൂടുതൽ സ്ഥാപനങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ മെഡിക്കൽ കോളേജുകളിൽ കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിങ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി, മുതലായ അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Accelerator (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കീ തെറാപ്പി സൗകര്യങ്ങൾ, റേഡിയേഷൻ ചികിത്സ എന്നിവയും

കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി. സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT, IMRT, Arc therapy എന്നിവ നൽകിവരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

കോട്ടയം മെഡിക്കൽ കേളേജിൽ 2022-ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റ ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക കാൻസർ ശസ്ത്രക്രിയകൾ നടത്തിവരുന്നതുകൂടാതെ BMT ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇവിടെ ഒ.പി./ഐ.പി. വിഭാഗങ്ങളും റഫറൽ സിസ്റ്റവും നന്നായി പ്രവർത്തിച്ചുവരുന്നു. കാൻസർ ഗവേഷണ രംഗത്ത് KMR, SBMR, State - Central സംയുക്ത പ്രോജക്ടുകളും നടന്നുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് ശസ്ത്രക്രിയകളിൽ പരിശീലനമുള്ളവരാണ്. അഡ്വാൻസ്ഡ് ഉപകരണങ്ങൾ വാങ്ങാനായി പ്ലാൻ ഫണ്ടിൽനിന്നും 5.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ലഭ്യമായാൽ നിലവിൽ സ്വകാര്യ ആശുപത്രികളിലും ആർ.സി.സി.-യിലുംമാത്രം ചെയ്യുന്ന ആധുനിക ഓങ്കോളജി ശസ്ത്രക്രിയകളും നെഞ്ചു രോഗാശുപത്രി, തൃശ്ശൂരിൽ ചെയ്യാൻ സാധിക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്ററിൽ നിലവിൽവന്ന

റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ രോഗ വിഭാഗത്തിൽ പുതുതായി മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിക്കുകയും നൂതന ലീനിയർ ആക്സിലറേറ്റർ പ്രവർത്തിച്ചുവരികയുമാണ്.

എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ സംബന്ധമായ ഗവേഷണങ്ങൾ അധ്യാപകരും പി.ജി. വിദ്യാർഥികളും നടത്തിവരുന്നുണ്ട്. അതോടൊപ്പംതന്നെ ചില മെഡിക്കൽ കോളേജുകളിൽ ICMR സഹായത്തോടെ കാൻസർ ഗവേഷണവും നടക്കുന്നുണ്ട്.

ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് ഓങ്കോളജി 2022-ൽ ആരംഭിച്ചു. അതിനൂതനമായ റേഡിയേഷൻ ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Stimulator(2024), Treatment Planning System എന്നിവ High Precision, State of the Art റേഡിയേഷൻ ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാ രീതികളായ 3DCRT, IMRT, Arc Therapy എന്നിവ നൽകുന്നു. ഈ ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI എന്നിവയിൽക്കൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു, ഈ സ്കീമുകൾ വഴി വിലയേറിയ കാൻസർ മരുന്നുകൾ സൗജന്യമായും നൽകുന്നു.

റേഡിയേഷൻ ടെക്നോളജിയിൽ പുതിയ കോഴ്സ് BSC RTT 2023-ൽ തിരുവനന്തപുരം

മെഡിക്കൽ കോളേജിൽ ആരംഭിച്ചു. പി.എസ്.സി. വഴി മെഡിക്കൽ ഓങ്കോളജി യോഗ്യതയുള്ള ഒരു അസിസ്റ്റന്റ് പ്രൊഫസറെ പുതുതായി നിയമിച്ചു.

മലബാർ കാൻസർ സെന്ററിൽ അർബുദ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി എന്ന വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും അർബുദബോധവൽക്കരണവും പുകയില സംബന്ധമായ അർബുദങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും പതിവായി നടത്താറുണ്ട്. പഞ്ചായത്തുകളെ അർബുദ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദത്തെടുക്കാറുണ്ട് (കണ്ണപുരം, പരിയാരം, പന്ന്യന്നൂർ തുടങ്ങിയ പഞ്ചായത്തുകൾ). മലയോര മേഖലകളിൽ അർബുദം നിർണ്ണയിക്കാനുള്ള അസ്സോസിയേറ്റ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കലിലും നടത്തിവരുന്നു.

അർബുദ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രിവന്റീവ് ആൻഡ് കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ സാങ്കേതിക പിന്തുണയോടെ നിരവധി സംഘടനകൾ അടങ്ങുന്ന കണ്ണൂർ ജില്ലാ കാൻസർ കൺട്രോൾ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു.

മലബാർ കാൻസർ സെന്ററിൽ ചുവടെപ്പറയുന്ന നൂതന ചികിത്സാ സംവിധാനങ്ങളും നിലവിലുണ്ട്.

1. തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

2. കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യൂലർ

ഓങ്കോളജി ആരംഭിച്ചു.

3. രോഗബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കുവാനുള്ള ബയോ ബാങ്ക് സംവിധാനം ഏർപ്പെടുത്തി.

4. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാ രീതിയായ CAR -T സെൽ തെറാപ്പി

5. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി താക്കോൽദ്വാര ശസ്ത്രക്രിയാ രീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യാൻ സാധിക്കുന്ന റോബോട്ടിക്ക് ശസ്ത്രക്രിയകൾ ആരംഭിച്ചു.

6. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

7. പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 3 Tesla MRI, Dexa Scan, Gallium Generator എന്നിവ ഉപയോഗിച്ചുള്ള രോഗ നിർണ്ണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

എം.സി.സി.-പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച്: അർബുദ ചികിത്സാരംഗത്ത് വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായും കൂടുതൽ വിദഗ്ധ ഡോക്ടർമാരെ വാർത്തെടുക്കുന്നതിനായും മലബാർ കാൻസർ സെന്ററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ആയി കേരള സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി (സ.ഉ.(കൈ) നം 118/ 2022/ H&FWD തീയതി 18-06-2022). നിലവിൽ സ്ഥാപനത്തിൽ നിരവധി ഡോക്ടർമാർ വിവിധ അർബുദ ചികിത്സാ വിഭാഗങ്ങളിൽ ഉന്നത പഠനം നടത്തിവരുന്നു. വരുംവർഷങ്ങളിൽ കൂടുതൽ സ്പെഷ്യാലിറ്റികളിൽ കൂടുതൽ കോഴ്സുകൾ

ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. നിരവധി അർബുദ വിഷയങ്ങളിൽ ഇവിടെ ഗവേഷണപഠനങ്ങളും നടന്നുവരുന്നു.

രാജ്യത്തിനാകെ മാതൃകയാകുന്ന നൂതനമായ ഒരു സംരംഭമാണ് കാരുണ്യ സ്പർശം അഥവാ Zero profit oncology Drug Counter എന്നത്. കാൻസർ രോഗികൾക്ക് ഉപയോഗിക്കുന്ന മരുന്നുകൾ പൊതുവിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ കാരുണ്യയിൽ നിലവിൽ ലഭിക്കും. കാൻസർ മരുന്നുകൾ കാരുണ്യ ഫാർമസി വഴി നൽകാനുള്ള കാരുണ്യ സ്പർശം പദ്ധതി 2024 ആഗസ്റ്റ് 29-ന് ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ഓരോ ജില്ലയിലേയും തിരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസിയിലൂടെ ഉയർന്ന നിരക്കിലുള്ള oncology മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. ഇത്തരത്തിൽ 247-ലധികം ഇനം Branded മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാംതന്നെ ഈ കൗണ്ടറുകളിലൂടെ ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

വെറും 2% സർവീസ് ചാർജ്ജുമാത്രം ഈടാക്കി മുഴുവൻ ലാഭവും രോഗികൾക്ക് പ്രയോജനപ്പെടുത്തുകയെന്നതാണ് ഈ നൂതനാശയത്തിന്റെ ലക്ഷ്യം.

(ബി) "കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്" പദ്ധതി വഴി മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നാളിതുവരെ പൊതു വിപണിയിൽ 6,28,26,848/- രൂപയുടെ മൂല്യമുള്ള മരുന്നുകൾ 2,08,62,054/- രൂപയ്ക്ക് സാധാരണക്കാരായ രോഗികൾക്ക് “കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ്” പദ്ധതിപ്രകാരം വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൽത്തന്നെ, കഴിഞ്ഞ

12 മാസത്തിനകം സാധാരണക്കാരായ രോഗികൾക്ക് 4,18,67,734/- രൂപയുടെ ആശ്വാസം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) "കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്" പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം Zero Profit anti-cancer Medicine Counter-കൾ പ്രവർത്തിക്കുന്നു. ഈ പദ്ധതികൾ ഒക്ടോബർ മാസത്തോടെ സംസ്ഥാനത്തെ മറ്റ് കാരുണ്യ ഫാർമകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

എൻ.എച്ച്.എം. മുഖേന നടപ്പിലാക്കിയ പദ്ധതികൾ

141(2207) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) മുഖേന അരുവിക്കര മണ്ഡലത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

അനുബന്ധമായി[+] ചേർക്കുന്നു.

ആരോഗ്യകിരണം പദ്ധതി

142(2208) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം പദ്ധതിയിൽ എന്തൊക്കെ ചികിത്സകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഒന്ന് മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതിപ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും (മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ (OP/IP)) ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കും. 2022 നവംബർ 1 മുതൽ ആരോഗ്യ വകുപ്പിനുകീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴിയാണ് ആരോഗ്യകിരണം പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്തെ പ്രാഥമികതലം മുതൽ ത്രിതീയതലം വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും പദ്ധതി സേവനങ്ങൾ ലഭ്യമാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് പരിഗണന. തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽനിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ബന്ധപ്പെട്ട മേഖലകളിൽനിന്നുള്ള വിദഗ്ധർ ഉൾപ്പെട്ട പദ്ധതിയുടെ സാങ്കേതിക സമിതിയുടെ

അംഗീകാരത്തോടെ ഉയർന്ന ചികിത്സാ ചെലവ് (2 ലക്ഷം രൂപയ്ക്കുമുകളിൽ) നേരിടുന്ന കരൾ, വൃക്ക, മജ്ജ എന്നിവയുടെ മാറ്റിവയ്ക്കൽ, ഉയർന്ന ചികിത്സാ ചെലവുള്ള ശസ്ത്രക്രിയകൾ, മരുന്നുകൾ എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങൾ പദ്ധതി വഴി ലഭ്യമാക്കിവരുന്നു.

(ബി) ഈ പദ്ധതിപ്രകാരം നിലവിൽ സൗജന്യ ചികിത്സ അനുവദിക്കുന്നുണ്ടോ; എത്ര രൂപയുടെ ചികിത്സാസഹായമാണ് പരമാവധി നൽകുന്നത്; എത്ര രൂപ വരെയുള്ള ലബോറട്ടറി പരിശോധനകൾ ഈ പദ്ധതിപ്രകാരം നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽനിന്നും ഈ പദ്ധതി സേവനം ലഭ്യമാണ്. അതത് ആശുപത്രി വികസന സമിതികൾ നിർണ്ണയിച്ചിട്ടുള്ള നിരക്കുകൾക്ക് അനുബന്ധമായി ഒ.പി. ചികിത്സയും KASP പദ്ധതിയുടെ ആരോഗ്യ ആനുകൂല്യ പാക്കേജ് പ്രകാരം കിടത്തിചികിത്സയും സൗജന്യമായി പദ്ധതിയിൽ നൽകിവരുന്നുണ്ട്. എന്നാൽ KASP, KBF മുതലായ പദ്ധതികളിലെപോലെ ചികിത്സ ലഭിക്കാവുന്ന തുകയുടെ പരിധി ആരോഗ്യകിരണം പദ്ധതിയിൽ നിർണ്ണയിച്ചിട്ടില്ല. ആയതിനാൽത്തന്നെ ഗുണഭോക്താവിന് മേൽപ്പറഞ്ഞ നിരക്കുകൾക്ക് വിധേയമായി പരിധിയില്ലാതെ സേവനങ്ങൾ പദ്ധതിപ്രകാരം ലഭ്യമാണ്. ബന്ധപ്പെട്ട ആശുപത്രിയിലെ ഡോക്ടറുടെ നിർദേശപ്രകാരം ലബോറട്ടറി, എക്സ്-റേ മുതലായ സേവനങ്ങളും മേൽപ്പറഞ്ഞ നിരക്കുകൾക്ക് വിധേയമായി പരിധിയില്ലാതെ ലഭ്യമാണ്.

(സി) ഈ പദ്ധതിപ്രകാരം ഈ വർഷം നാളിതുവരെ എത്ര കുട്ടികൾക്ക് ചികിത്സാസഹായം നൽകിയിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ആരോഗ്യകിരണം പദ്ധതി

143(2209) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യകിരണം പദ്ധതിയിൽ കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ അർഹതപ്പെട്ട കുട്ടികൾക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന ഗുരുതരമായ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണത്താൽ ആശുപത്രികൾ, രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുതെന്ന നിർദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

കാരുണ്യ ചികിത്സാ പദ്ധതി

144(2210) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിൽ എന്തൊക്കെ ചികിത്സകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ വിവിധ മെഡിക്കൽ സർജിക്കൽ രോഗങ്ങൾക്കായി ഇൻപേഷ്യന്റ് ചികിത്സ നൽകിവരുന്നു. ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ തുടങ്ങി മെഡിക്കൽ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി 1750 പാക്കേജുകൾ നിലവിലുണ്ട്. ഈ പാക്കേജുകളിൽ ഉൾപ്പെടാത്ത ശസ്ത്രക്രിയകൾക്കായി ആശുപത്രികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ അൺസ്പെസിഫൈഡ് പാക്കേജായി ഉൾപ്പെടുത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രത്യേക അനുമതി വാങ്ങി രോഗികൾക്കാവശ്യമായ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം നിലവിൽ സൗജന്യ ചികിത്സ അനുവദിക്കുന്നുണ്ടോ; എത്ര രൂപയുടെ ചികിത്സാസഹായം വരെയാണ് ഈ പദ്ധതി പ്രകാരം പരമാവധി നൽകുന്നത്; ഈ പദ്ധതിപ്രകാരം എത്ര രൂപയുടെവരെ ലബോറട്ടറി പരിശോധനകൾ നടത്തുവാൻ സാധിക്കുന്നതാണ്?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള സ്വകാര്യ/സർക്കാർ ആശുപത്രികളിൽനിന്നും അനുവദിക്കുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം ലബോറട്ടറി പരിശോധനകൾക്ക് പദ്ധതിയിൽ പ്രത്യേകമായ പാക്കേജുകളൊന്നും നിലവിൽ ഇല്ല. പദ്ധതിയുടെ കീഴിലുള്ള പാക്കേജുകളിൽ ചികിത്സക്കുമുമ്പും ചികിത്സയ്ക്കിടയിലും ചികിത്സക്കുശേഷവും രോഗവുമായി ബന്ധപ്പെട്ട ലബോറട്ടറി പരിശോധന ചെലവുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ വർഷംതോറും ഓരോ കുടുംബത്തിനും 5000 രൂപ വരുന്ന 'High End Radiology' എന്ന പാക്കേജും നിലവിലുണ്ട്.

(സി) ഈ പദ്ധതിപ്രകാരം ഈ വർഷം നാളിതുവരെ എത്ര കുട്ടികൾക്ക് ചികിത്സാസഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ആശുപത്രി തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ അർഹതപ്പെട്ടവർക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന ഗുരുതരമായ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കുകീഴിൽ എം.പാനൽ ചെയ്ത ആശുപത്രികൾക്ക് കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണത്താൽ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുതെന്ന നിർദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

ഡയാലിസിസ് യൂണിറ്റുകൾ

145(2211) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിൽ എത്ര ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 11 മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിനുകീഴിലുള്ള 111 ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) ആരോഗ്യ വകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യക്തമാക്കാമോ?

(ബി&സി) ആർദ്രം പദ്ധതിപ്രകാരം ആരോഗ്യ വകുപ്പിലെ വിവിധ മേജർ ആശുപത്രികളിൽ 23-09-2017-ലെ സ.ഉ.(എം.എസ്.) 136/2017/H&FW പ്രകാരം ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക 68 എണ്ണം സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത നിയമന നടപടികൾ കേരള പി.എസ്.സി. മുഖാന്തരം നടന്നുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നെഫ്രോളജി വിഭാഗത്തിലെ എൻടി കേഡർ ടെക്നീഷ്യൻ തസ്തിക ലാബ് അസിസ്റ്റന്റ് ഡയാലിസിസ് ആണ്. ആയതിന്റെ സ്ഥാനക്കയറ്റ തസ്തികയാണ് ഡയാലിസിസ് ടെക്നീഷ്യൻ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ ഡയാലിസിസ് ലാബ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ സേവനം ലഭ്യമാണ്. നെഫ്രോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണതോതിലുള്ള മെഡിക്കൽ കോളേജുകളിലെല്ലാംതന്നെ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അപ്രകാരം ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകളില്ലാത്ത പുതിയ മെഡിക്കൽ കോളേജുകളിൽ നെഫ്രോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണതോതിലാകുന്ന സമയത്തുമാത്രമാണ് ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ ആവശ്യമായിവരുന്നത്.

ഷൊർണ്ണൂർ മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

146(2212) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ നിത്യരോഗങ്ങൾ, മാതൃശിശു

സംരക്ഷണം, പോഷകാഹാരം എന്നിവയെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് ബോധവൽക്കരണം നടത്താൻ എന്തൊക്കെ പദ്ധതികൾ സർക്കാർ ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കിടപ്പിലായ നിത്യരോഗികൾക്കായി പാലിയേറ്റീവ് പരിചരണ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പാലിയേറ്റീവ് ടീം ഗൃഹസന്ദർശനം നടത്തുകയും രോഗികൾക്ക് മികച്ച പരിചരണം ഉറപ്പുവരുത്തുകയും നിശ്ചിത ഇടവേളകളിൽ രോഗികളുടെയും ബന്ധുക്കളുടെയും പങ്കാളിത്തത്തോടെ പാലിയേറ്റീവ് സംഗമം നടത്തുകയും ചെയ്തുവരുന്നു. മാതൃ-ശിശു സംരക്ഷണത്തിന്റെ ഭാഗമായി Antenatal ക്ലിനിക്കുകൾവഴി ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും അങ്കണവാടികൾ വഴിയും കൗമാരക്കാർക്കും അടിസ്ഥാനപരമായ ആരോഗ്യ ബോധവൽക്കരണം നൽകിയിട്ടുണ്ട്. പോഷകാഹാരത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനായി ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ വ്യാഴാഴ്ചതോറും നടക്കുന്ന NCD ക്ലിനിക്കുകൾവഴി അതത് പ്രദേശത്തെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജീവിതശൈലീരോഗങ്ങൾ സംബന്ധിച്ച ആരോഗ്യ അവബോധം പകർന്നിട്ടുണ്ട്. വനിതകൾക്കായി 'ആരോഗ്യം ആനന്ദം' എന്ന കാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിന്റെ ഭാഗമായി സ്തനാർബുദവും ഗർഭാശയഗള അർബുദവും നേരത്തേ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനുമായി ബോധവൽക്കരണ ക്ലാസുകളും സ്ക്രീനിങ്ങും സംഘടിപ്പിച്ചിട്ടുണ്ട്.

വിവിധ ക്യാമ്പയിനിലൂടെ കൃത്യമായ പരിശോധന നടത്തി കൗമാരക്കാരായ പെൺകുട്ടികളിലും സ്ത്രീകളിലുമുണ്ടാകുന്ന വിളർച്ച തിരിച്ചറിയുകയും വേണ്ടവർക്ക് ആവശ്യമായ

ചികിത്സയും കൃത്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുകയും ചെയ്യുന്നു. എല്ലാ ചൊവ്വാഴ്ചകളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന വുമൺ വെൽനെസ് ക്ലിനിക്കിൽ സ്ത്രീകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തനങ്ങൾ "സ്ത്രീ" (Strengthening Her to empower every one) എന്ന പേരിൽ പ്രത്യേക ക്യാമ്പയിനായി സെപ്റ്റംബർ 16-ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ക്യാമ്പയിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്നു.

നേരിട്ടുള്ള ബോധവൽക്കരണ പരിപാടികൾക്കുപുറമെ നവമാധ്യമങ്ങളിലൂടെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയും ബോധവൽക്കരണ മെസ്സേജുകളും വീഡിയോകളും ഷെയർ ചെയ്യപ്പെടുകയും അത് പരമാവധി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും പ്രാദേശിക ഭാഷകളിലും സന്ദേശങ്ങൾ തയ്യാറാക്കി നൽകുന്നതുവഴി വലിയതോതിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്നുണ്ട്.

മാതൃ-ശിശു സംരക്ഷണത്തിന്റെ ഭാഗമായി എല്ലാ ചൊവ്വാഴ്ചകളിലും പി.എച്ച്.സി., എഫ്.എച്ച്.സി., സി.എച്ച്.സി., പി.പി. യൂണിറ്റ്, ജനകീയാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ഗർഭിണികൾക്കായി ആന്റിനേറ്റൽ ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ ബുധനാഴ്ചകളിലും തിരഞ്ഞെടുക്കപ്പെട്ട മറ്റു ദിവസങ്ങളിലും ഔട്ട് റീച് സെഷൻസ് ഉൾപ്പെടെ പ്രതിരോധ കുത്തിവയ്പുകളും ആർ.ബി.എസ്.കെ. നഴ്സുമാർ വഴി കുട്ടികളുടെ സ്ക്രീനിങും നടത്തുന്നുണ്ട്. ഇവിടെയെത്തുന്ന ഗർഭിണികൾക്കും അമ്മമാർക്കും ഗർഭ

സംരക്ഷണത്തിനും മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും ഗർഭനിരോധന മാർഗങ്ങളെപ്പറ്റിയും ആവശ്യമായ ബോധവൽക്കരണം ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരുംവഴി നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ, അങ്കണവാടികൾ, അഡോളസെന്റ് ഹെൽത്ത് ക്ലിനിക്കുകൾ വഴി അഡോളസെന്റ് ഹെൽത്ത് കൗൺസിലർമാരും കൗമാരക്കാർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ ആരോഗ്യ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. അതിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ തുടർന്നുവരുന്നുണ്ട്.

ദേശീയ ആരോഗ്യ പദ്ധതി മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

147(2213) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ആരോഗ്യ പദ്ധതി (എൻ.എച്ച്.എം.) മുഖാന്തരം വാമനപുരം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിനായി ചെലവാക്കിയ തുക എത്രയാണെന്നും പ്രവൃത്തികളുടെ പുരോഗതിയും അറിയിക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ ആരോഗ്യ പദ്ധതികൾ

148(2214) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ വിവിധ ആരോഗ്യ പദ്ധതികളുടെ വിശദാംശം നൽകാമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2016 മുതൽ നടപ്പിലാക്കിയ എൻ.എച്ച്.എം. മുഖേന അല്ലാതെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ഉടുമ്പൻചോല മണ്ഡലത്തിൽ വണ്ടൻമേട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദിച്ചിരുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നെടുങ്കണ്ടം താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനത്തിന്റെ 54% പ്രവൃത്തികൾ പൂർത്തിയായി.

എഫ്.എച്ച്.സി. ഉടുമ്പൻചോലയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള 45 ലക്ഷം രൂപയുടെ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം പൂർത്തിയായി.

എഫ്.എച്ച്.സി. ഉടുമ്പൻചോലയിൽ 14 ലക്ഷം രൂപയുടെ എച്ച്.ഡബ്ല്യു.സി. ബിൽഡിങ് 2 എണ്ണം പൂർത്തിയായി.

എഫ്.എച്ച്.സി. ശാന്തൻപാറയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള 45 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം (2016-17) പൂർത്തിയായി.

എഫ്.എച്ച്.സി. ശാന്തൻപാറയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള 80 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം (2020-21) പൂർത്തിയായി.

എഫ്.എച്ച്.സി. ശാന്തൻപാറയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള ഒരു കോടി 80 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം (2025-26) – പ്രവൃത്തി ആരംഭിച്ചിട്ടില്ല.

എഫ്.എച്ച്.സി. ശാന്തൻപാറയിൽ എൽ.എസ്.ജി.ഡി. ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള 40 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തിയായി.

എഫ്.എച്ച്.സി. ചെമ്പകപ്പാറയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള 50 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണത്തിന്റെ 50% പ്രവൃത്തി പൂർത്തിയായി.

സി.എച്ച്.സി. രാജാക്കാട് - കുട്ടികളുടെ വാർഡിനായി (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) 40 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി.

സി.എച്ച്.സി. രാജാക്കാട് - 95.48 ലക്ഷം രൂപയുടെ പി.എം.ജെ.വി.കെ. വനിതാ വാർഡ് കെട്ടിടം - പ്രവൃത്തി നടന്നുവരുന്നു.

എഫ്.എച്ച്.സി. രാജകുമാരി - 2025-26-ലെ പി.ഡബ്ല്യു.ഡി. മുഖാന്തരമുള്ള 50 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ എൻ.എച്ച്.എം. ഫണ്ട് പ്രയോജനപ്പെടുത്തി വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പേരുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

(ബി&സി) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചേർക്കുന്നു.

ഡയാലിസിസ് കേന്ദ്രങ്ങൾ

149(2216) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുണ്ട്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് 11 മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിനുകീഴിലുള്ള 110 ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഡയാലിസിസ് സംവിധാനം നിലവിലില്ലാത്ത താലൂക്കാശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി, ജില്ലാ/ജനറൽ ആശുപത്രി തലങ്ങളിലുള്ള 29 മേജർ ആശുപത്രികളിൽ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നുണ്ട്.

(സി) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ ചുവടെ ചേർക്കുന്ന 11 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

1. മഞ്ചേരി മെഡിക്കൽ കോളേജ്, മലപ്പുറം
2. ജില്ലാ ആശുപത്രി, നിലമ്പൂർ
3. ജില്ലാ ആശുപത്രി, തിരൂർ
4. താലൂക്ക് ആസ്ഥാന ആശുപത്രി, തിരൂരങ്ങാടി
5. താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി
6. ബി.എഫ്.എച്ച്.സി., മാറഞ്ചേരി
7. ബി.എഫ്.എച്ച്.സി., ചുങ്കത്തറ
8. ബി.എഫ്.എച്ച്.സി., വളവന്നൂർ
9. എഫ്.എച്ച്.സി., താനാളൂർ
10. ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ
11. താലൂക്ക് ആശുപത്രി, വണ്ടൂർ

(ഡി) മലപ്പുറം താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സ്ഥലപരിമിതിയുണ്ട്. PMJVK പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പരിഗണനയിലാണ്. ആയത് അംഗീകരിക്കുന്നമുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ കഴിയുന്നതാണ്.

കുത്തുപറമ്പ് താലൂക്ക് ആശുപത്രി

150(2217) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് താലൂക്ക് ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കുത്തുപറമ്പ് താലൂക്ക് ആശുപത്രിക്കുവേണ്ടി നിർമ്മിക്കുന്ന 12 നിലകളുള്ള പുതിയ കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിനുകീഴിൽ 13.045 കോടി രൂപ ചെലവിൽ പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിനുകീഴിൽ 46.1837 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ഏകദേശം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടത്തിൽ ഐ.സി.യു., പീഡിയാട്രിക്സ്, ന്യൂബോൺ, മെഡിക്കൽ, സർജിക്കൽ സൗകര്യവും ഓപ്പറേഷൻ തിയേറ്റർ സമുച്ചയവും (ജനറൽ സർജറി, ഒഫ്താൽമോളജി, ഗൈനക്കോളജി, ഇ.എൻ.ടി., ഓർത്തോ) സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ റെക്കോർഡ് ലൈബ്രറിയും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) അനിവാര്യമായ തസ്തികകൾ സൃഷ്ടിച്ചും ജീവനക്കാരെ ക്രമീകരിച്ചും ആശുപത്രി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) കുത്തുപറമ്പ് താലൂക്ക് ആശുപത്രി എന്ന് ഉദ്ഘാടനം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ?

കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഏകദേശം പൂർത്തിയായിട്ടുണ്ട്. 2025 ഒക്ടോബർ മാസത്തോടുകൂടി കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

151(2218) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം തിരിച്ച് അറിയിക്കാമോ?

മറുപടി അനുബന്ധമായി+ ചേർക്കുന്നു.

പോസ്റ്റ്മോർട്ടത്തിന് സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി

152(2219) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കുത്താട്ടുകുളം, മുളന്തുരുത്തി എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ,വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ, വിശദമാക്കാമോ?

(എ&ബി) കുത്താട്ടുകുളം സാമൂഹികാരോഗ്യകേന്ദ്രത്തിൽനിന്നും 13 km ദൂരത്തിലുള്ള പിറവം താലൂക്ക് ആശുപത്രിയിലും 15 km ദൂരത്തിലുള്ള മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറി, പോസ്റ്റ്മോർട്ടം സൗകര്യം എന്നിവ ലഭ്യമാണ്. ഇതിൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പോലീസ് സർജന്റെ സേവനവും ലഭ്യമാണ്. മുളന്തുരുത്തി സാമൂഹികാരോഗ്യകേന്ദ്രത്തിൽനിന്നും 7 km ദൂരത്തിലുള്ള പിറവം താലൂക്ക് ആശുപത്രിയിലും 14 km ദൂരത്തിലുള്ള തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലും ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറി, പോസ്റ്റ്മോർട്ടം സൗകര്യം ലഭ്യമാണ്.

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ,വിശദമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തതിന്റെ നിയമപരവും സാങ്കേതികപരവുമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(സി&ഡി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന ഘടകങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ മുഖേന നൽകേണ്ട സേവനങ്ങളിൽ പോസ്റ്റ്മോർട്ടം ഉൾപ്പെടുന്നില്ല. മാത്രമല്ല സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺപ്രകാരം പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ ജീവനക്കാർ ലഭ്യമല്ല.

സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സാ സൗകര്യങ്ങൾ

153(2220) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽനിന്ന് ലഭ്യമാകുന്ന സൗജന്യ ചികിത്സകൾ (മരുന്ന്, എക്സ്റേ, സി.ടി. സ്കാൻ അടക്കം) കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ഏതെല്ലാം സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ടിയാണ് പണം നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്), കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.), ആരോഗ്യകിരണം പദ്ധതി, ശ്രുതി തരംഗം പദ്ധതി, RBSK, ഹൃദ്യം, JSSK, മാതൃയാനം, ജനനി സുരക്ഷാ യോജന (JSY), സുകൃതം, സാർവത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി, ആശാധാര പദ്ധതി, അപൂർവരോഗ ചികിത്സാ പദ്ധതി എന്നീ പദ്ധതികളുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എം.പാനൽ ചെയ്യപ്പെടുന്ന സർക്കാർ ആശുപത്രികളിൽനിന്ന് സൗജന്യ ചികിത്സ ലഭ്യമാക്കിവരുന്നു.

ആരോഗ്യ വകുപ്പിനുകീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും എക്സ്റേ, സി.ടി. സ്കാൻ, അൾട്രാ സൗണ്ട്, ചില പ്രത്യേക ലാബ് ടെസ്റ്റുകൾ, പ്രൊസീജിയറുകൾ തുടങ്ങിയ പരിശോധനകൾ മേൽപ്പറഞ്ഞ സ്കീമുകളിലും ഒരു വിഭാഗത്തിലുംപെടാത്ത രോഗികളിൽനിന്നും HMC-കൾ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡായ നിശ്ചിത തുക

ഈടാക്കിയാണ് നൽകിവരുന്നത്. സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾക്ക് ഈടാക്കുന്ന തുകയെ അപേക്ഷിച്ച് സർക്കാർ ആശുപത്രികളിൽ വളരെ കുറവ് നിരക്കാണ് ചാർജ് ചെയ്യുന്നത്. സർക്കാരിന്റെ വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ മുഖേന എല്ലാ ചികിത്സകളും സൗജന്യമായി നൽകിവരുന്നു. (മരുന്ന്, എക്സ്റേ, സി.ടി. സ്കാൻ അടക്കം) മരുന്നുകൾ Essential Drug List വഴി സൗജന്യമായി സർക്കാർ വിതരണം നടത്തുന്നതിനാൽ പണം ഈടാക്കാറില്ല.

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ജനങ്ങൾക്ക് ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ഏതെല്ലാം ചികിത്സകൾക്കും സംവിധാനങ്ങൾക്കുമാണ് പണം നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി എത്തുന്ന ഒരു രോഗി ഏതെല്ലാം ചികിത്സകൾക്ക് പണം നൽകേണ്ടിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; കേരളത്തിലെ മറ്റ് സർക്കാർ ആശുപത്രികളിലെയും സ്ഥിതി ഇതുതന്നെയാണോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്, സർജറി, ഇ.എൻ.ടി., ന്യൂറോളജി, ഓർത്തോ, eye, ഡെന്റൽ, സ്കിൻ കാൻസർ, ഫോറൻസിക്, റേഡിയോളജി ഓഡിയോളജി, പി.എം.ആർ., പാലിയേറ്റീവ്, കാന്റീൻ, ഡയറ്റ്, പി.പി. യൂണിറ്റ് എന്നീ വിഭാഗങ്ങളിൽ ചികിൽസയും ലാബ്, എക്സ്റേ, സി.ടി. സ്കാൻ, ആംബുലൻസ്, ഫാർമസി എന്നീ അനുബന്ധ സൗകര്യങ്ങളും ലഭ്യമാണ്.

ഐ.പി. ലാബ്, ഇ.സി.ജി., ഡെന്റൽ, എക്സ്റേ, സി.ടി. സ്കാൻ, ബ്ലഡ് ബാങ്ക്, ഡയറ്റ് ചാർജ്, സന്ദർശന പാസ്, UHID കാർഡ് പ്രിന്റിങ്, ഓപ്പറേഷൻ തിയേറ്റർ ചാർജ്, ഫ്രീസർ ചാർജ്, ആംബുലൻസ് എന്നിവയ്ക്കും അനുബന്ധമായി+ ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ചികിത്സയ്ക്കും സേവനങ്ങൾക്കും നിശ്ചിത ഫീസ് നൽകേണ്ടതുണ്ട്.

JSSK, KASP, KBF, AK, നിർധന രോഗികൾ, കാൻസർ രോഗികൾ, കുട്ടികൾ എന്നിവർ ഫീസ് അടയ്ക്കേണ്ടതില്ല.

ചേലക്കര താലൂക്കാശുപത്രിയിലെ ഡയാലിസിസ് സൗകര്യം വർധിപ്പിക്കാൻ നടപടി

154(2221) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര താലൂക്കാശുപത്രിയിൽ ഒരു ദിവസം എത്ര വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ടെന്ന് അറിയിക്കാമോ?

ചേലക്കര താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള 4 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് ഒരു ദിവസം 2 ഷിഫ്റ്റിലായി 7 രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.

(ബി) നിലവിൽ എത്ര പേർ ചേലക്കര താലൂക്കാശുപത്രിയിൽ ഡയാലിസിസ് ചികിത്സാ സൗകര്യം ലഭിക്കുന്നതിനായി ബുക്ക് ചെയ്ത് വെയിറ്റിങ് ലിസ്റ്റിലുണ്ടെന്ന വിവരം അറിയിക്കാമോ?

നിലവിൽ 90 രോഗികൾ ബുക്ക് ചെയ്ത് വെയിറ്റിങ് ലിസ്റ്റിലുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത ചികിത്സാ സൗകര്യം ഒറ്റദിവസം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 4 ബെഡുകൾകൂടി സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യമുണ്ട്. കെട്ടിടത്തിന്റെ 2 നിലകളിലായാണ് സൗകര്യമൊരുക്കിയിട്ടുള്ള തെന്നതിനാൽ ലിഫ്റ്റ് സൗകര്യം അത്യാവശ്യമാണ്. ലിഫ്റ്റ് പണിയുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തുകയും ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ജീവനക്കാരുൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കി യൂണിറ്റ് വിപുലീകരിക്കാവുന്നതാണ്.

ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ

155(2222) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി പൂർത്തിയായതിന്റെയും നടന്നുകൊണ്ടിരിക്കുന്നതിന്റെയും വിശദാംശം പ്രത്യേകം ഇനം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) മറുപടി അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോന്നി താലൂക്ക് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

156(2223) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 7.5 കോടി രൂപ ചെലവിൽ പണിയുന്ന കോന്നി താലൂക്ക് ആശുപത്രിയിലെ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗമാണ് നിർവഹണ ഏജൻസി. നിലവിൽ 90% പണികളും പൂർത്തീകരിച്ചു. കെട്ടിടത്തിന്റെ പുറംഭാഗത്തെ ഭിത്തിയുടെ പെയിന്റിങ്, ഇലക്ട്രിക്കൽ വർക്ക് എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്.

കോന്നി താലൂക്ക് ആശുപത്രിയിലെ ഒ.പി. നവീകരണ പ്രവർത്തനങ്ങൾക്കായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 93.128 ലക്ഷം രൂപ അനുവദിച്ചിരുന്നു. FIT ഏജൻസി മുഖേന നടത്തിയ ടി പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്.

കോന്നി താലൂക്ക് ആശുപത്രിയിലെ ലക്ഷ്യ പദ്ധതിക്കായി 2.076 കോടി രൂപയുടെ ഭരണാനുമതി 27-04-2022-ൽ നൽകിയിരുന്നു. KEL എന്ന ഏജൻസിക്കാണ് പദ്ധതിയുടെ നിർവഹണ ചുമതല. നിലവിൽ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ഇന്റേണൽ പാർട്ടീഷൻ, ടൈൽ വർക്കുകൾ എന്നിവ പൂർത്തീകരിച്ചു. കൂടാതെ ഓപ്പറേഷൻ

തീയറ്ററിന്റെ ഫിനിഷിങ് വർക്കുകൾ, വിനൈൽ ഫ്ലോറിങ് വർക്കുകൾ എന്നിവ പുരോഗമിച്ചുവരുന്നു.

കോന്നി താലൂക്ക് ആശുപത്രിയിലെ Eye Operation Theatre പദ്ധതിക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി 08-01-2024-ൽ നൽകിയിരുന്നു. KSIE എന്ന ഏജൻസിക്ക് ടെൻഡർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി നിഷ്കർഷിച്ച സ്ഥലത്താണ് നിലവിൽ ആശുപത്രിയുടെ താൽകാലിക ഒ.പി. പ്രവർത്തിച്ചുവരുന്നത്. ഒ.പി. നവീകരണത്തിനുശേഷം താൽക്കാലിക ഒ.പി. ഇവിടെനിന്നും മാറുന്നമുറയ്ക്ക് Eye Operation Theatre-ന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) കോന്നി മണ്ഡലത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളായ മലയാലപ്പുഴ, കൂടൽ, മൈലപ്ര, കൊക്കാത്തോട് എന്നിവയുടെ നിർമ്മാണ പുരോഗതിയും നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച 8 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കോന്നി മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

<u>എഫ്.എച്ച്.സി. മലയാലപ്പുഴ</u>

പ്രധാന ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്.

നിർവഹണ ഏജൻസി - PWD, ഭരണാനുമതി തുക – 762.8 ലക്ഷം രൂപ

<u>JAK കാഞ്ഞിരപ്പാറ</u>

80% പൂർത്തീകരിച്ചു. നിലവിൽ പ്ലാസ്റ്ററിങ് വർക്ക് പുരോഗമിക്കുന്നു. നിർവഹണ

ഏജൻസി LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ.

JAK പുതുകുളം

60% പൂർത്തീകരിച്ചു. നിലവിൽ ബ്രിക് വർക്ക് പുരോഗമിക്കുന്നു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ.

JAK വെട്ടൂർ

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി – KSHB, ഭരണാനുമതി തുക - 7 ലക്ഷം രൂപ.

എഫ്.എച്ച്.സി. കൂടൽ

പ്രധാന ആശുപത്രി കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം പൂർത്തിയായി. നിലവിൽ ഇലക്ട്രിക്കൽ/പ്ലംബിങ് ജോലികൾ പുരോഗമിക്കുന്നു. നിർവഹണ ഏജൻസി – PWD, ഭരണാനുമതി തുക – 662.16 ലക്ഷം രൂപ.

JAK ഇടത്തറ

80% ജോലികൾ പൂർത്തീകരിച്ചു. നിലവിൽ ഇലക്ട്രിക്കൽ/പ്ലംബിങ് ജോലികൾ പുരോഗമിക്കുന്നു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55.5 ലക്ഷം രൂപ.

JAK കൂടൽ മെയിൻ സെന്റർ

നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർവഹണ ഏജൻസി – KSHB, ഭരണാനുമതി തുക - 7 ലക്ഷം രൂപ.

JAK അതിരുംകൽ

നിർമ്മാണം പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - KESNIK, ഭരണാനുമതി തുക - 7

ലക്ഷം രൂപ.

എഫ്.എച്ച്.സി. മൈലപ്ര

പുതിയ ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വയറിങ്, പ്ലംബിങ് എന്നിവ പുരോഗമിക്കുന്നു. നിർവഹണ ഏജൻസി – KSCC, ഭരണാനുമതി തുക - 143 ലക്ഷം രൂപ.

JAK മൈലപ്ര

നിർമ്മാണം പൂർത്തിയായി. നിർവഹണ ഏജൻസി – HLL, ഭരണാനുമതി തുക - 7 ലക്ഷം രൂപ.

JAK മൈലപ്ര മെയിൻ സെന്റർ

നിർമ്മാണം പൂർത്തിയായി. നിർവഹണ ഏജൻസി – KSHB, ഭരണാനുമതി തുക – 7 ലക്ഷം രൂപ.

എഫ്.എച്ച്.സി. കൊക്കാത്തോട്

പ്രധാന കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി - WAPCOS, ഭരണാനുമതി തുക – 124.8 ലക്ഷം രൂപ.

JAK മുതുപെഴുംകൽ

നിർമ്മാണം 75% പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക - 55 ലക്ഷം രൂപ.

JAK വയക്കര

നിർമ്മാണം 70% പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - LSGD, ഭരണാനുമതി തുക -

55 ലക്ഷം രൂപ.

JAK ഐരവൺ

നിർമ്മാണം പൂർത്തീകരിച്ചു. നിർവഹണ ഏജൻസി - KESNIK, ഭരണാനുമതി തുക – 7 ലക്ഷം രൂപ.

JAK അരുവാപാലം

നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർവഹണ ഏജൻസി – HLL, ഭരണാനുമതി തുക – 7 ലക്ഷം രൂപ.

നെടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കൽ

157(2224) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിൽ നിലവിൽ അനുവദനീയമായ ഡോക്ടർമാരുടെ തസ്തികകൾ എത്രയെന്നും ഏതെല്ലാം വിഭാഗങ്ങളിലാണ് ഡോക്ടർമാരുടെ അംഗീകൃത തസ്തികകൾ ഉള്ളതെന്നും അംഗീകൃത തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

ക്രമ നം.	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ളത്	ഒഴിവ്
1	സിവിൽ സർജൻ	1	1	0
2	അസിസ്റ്റന്റ് സർജൻ	5	5	0
3	ജൂനിയർ കൺസൾട്ടന്റ് (ഒ&ജി)	1	1	0
4	ജൂനിയർ	1	1	0

	കൺസൾട്ടന്റ് (പീഡിയാടിക്സ്)			
5	അസിസ്റ്റന്റ് ഡെന്റൽ സർജൻ	1	1	0
	ആകെ	9	9	0

അംഗീകൃത തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം നിലവിലുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നും ആയത് ഏതെല്ലാം വിഭാഗങ്ങളിലാണെന്നും പ്രസ്തുത ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണോയെന്നും അറിയിക്കാമോ?

2 എൻ.എച്ച്.എം. ഡോക്ടർമാർ, ഒരു ഡയാലിസിസ് യൂണിറ്റ് മെഡിക്കൽ ഓഫീസർ (മുനിസിപ്പാലിറ്റി പ്രോജക്ട്) എന്നിങ്ങനെ താൽക്കാലികാടിസ്ഥാനത്തിൽ 3 ഡോക്ടർമാരുടെ സേവനം നെടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ലഭ്യമാണ്.

(സി) നെടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ അനിവാര്യമായതും എത്രയും വേഗം സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ചും അതിൽ സത്വരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആരോഗ്യ വകുപ്പിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മണന്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിര നിർമ്മാണം

158(2225) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നാലുകോടി രൂപ അനുവദിച്ചതും ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണന്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതുമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ?

മണന്തൂർ സി.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

നിർദിഷ്ട കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് ഉപയോഗശൂന്യമായ രണ്ട് ക്വാർട്ടേഴ്സുകൾ നിലവിലുള്ളത് പൊളിച്ചുമാറ്റാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ 29-05-2025-ൽ നടപടിക്രമം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ലേലവും പുനർലേലവും നടത്തിയെങ്കിലും അതിൽ പരാമർശിക്കപ്പെട്ട തുകയ്ക്ക് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

ഇടയാഴം ഫാമിലി ഹെൽത്ത് സെന്ററിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം

159(2226) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-

വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടയാഴം ഫാമിലി ഹെൽത്ത് സെന്ററിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് എന്നത്തേയ്ക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

(എ-സി) ഇടയാഴം ഫാമിലി ഹെൽത്ത് സെന്ററിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാകുന്നമുറയ്ക്ക് ഐസൊലേഷൻ വാർഡ് പ്രവർത്തന സജ്ജമാകുന്നതാണ്.

ഇരവിപുരം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

160(2227) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം ഇരവിപുരം മണ്ഡലത്തിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്; വിശദമാക്കാമോ?

ഇരവിപുരം മണ്ഡലത്തിൽ 3 ആരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. പ്രസ്തുത സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ഉയർത്തുമ്പോൾ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് കൂടുതലായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ ഈവനിങ് ഒ.പി. ആരംഭിക്കൽ, പ്രോജക്ട് മുഖാന്തരം കൂടുതൽ ജീവനക്കാരെ നിയമിച്ച് രോഗികൾക്ക് മികച്ച രീതിയിൽ ചികിത്സ നൽകൽ, ലാബ് സൗകര്യം, പ്രീ-ചെക്ക് സൗകര്യം ഇതുകൂടാതെ രോഗികളുടെ സേവനത്തിനായി ഇരിപ്പിട സൗകര്യം, ടെലിവിഷൻ, പബ്ലിക് അഡ്രസിങ് സിസ്റ്റം, വാട്ടർ പ്യൂരിഫയർ, ടോയ്ലെറ്റ് സൗകര്യം തുടങ്ങിയവ ലഭ്യമാക്കി ആരോഗ്യ കേന്ദ്രത്തെ രോഗീസൗഹൃദമാക്കുന്നു.

കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടി

161(2228) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22-ലെ ബജറ്റിൽ ഉൾപ്പെടുത്തി അഞ്ചുകോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയ, ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 5,23,00,000/- രൂപയുടെ (അഞ്ച് കോടി ഇരുപത്തി മൂന്ന് ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനായി 2,11,00,000/- രൂപ അനുവദിക്കുകയും സ്ഥലം വാങ്ങുകയും ചെയ്തു. നിലവിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കെട്ടിട പെർമിറ്റിനുവേണ്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

162(2229) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വലിയകുന്ന് താലൂക്കാശുപത്രിയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പുതിയ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വലിയകുന്ന് താലൂക്കാശുപത്രിയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം

2) പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിന്റെ നിർമ്മാണം

3) കണ്ണ് ഓപ്പറേഷൻ തീയേറ്റർ സജ്ജീകരണം

4) കുടുംബശ്രീ ക്യാന്റീൻ

5) ഫിസിയോതെറാപ്പി യൂണിറ്റ്

6) പാലിയേറ്റീവ് വാർഡ്

7) ഓപ്പറേഷൻ തീയറ്ററിന്റെ നവീകരണം

കൂടാതെ കാഷ്വാലിറ്റി ബ്ലോക്കിന്റെയും മെറ്റേണിറ്റി ബ്ലോക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

163(2230) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി+ ചേർക്കുന്നു.

മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രി നിർമ്മാണം

164(2231) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

മലയിൻകീഴ് താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവൃത്തി നിലവിൽ 95% പൂർത്തിയായിട്ടുണ്ട്. ടി ആശുപത്രിയിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി മന്ത്രിതലത്തിലും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും നിരവധി അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2025 ഒക്ടോബർ മാസത്തോടുകൂടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

165(2232) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഗൈനക്കോളജിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവർക്ക് ആവശ്യമായ പരിശീലനം തൃശ്ശൂർ ജനറൽ ആശുപത്രിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ആഴ്ചയിൽ രണ്ടു ദിവസം പ്രത്യേകം ഗൈനക് ഒ.പി.-യും ബാക്കി ദിവസങ്ങളിൽ ഗർഭിണികൾക്കുവേണ്ട സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഗൈനക് വിഭാഗത്തിൽ ആവശ്യംവേണ്ട Minor Procedure-കളും നടത്തുന്നുണ്ട്.

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ആർദ്രം മാനദണ്ഡപ്രകാരം കൂടുതൽ ഡോക്ടർമാരുടെ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ സേവനം

166(2233) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണുള്ളത്. ടി ആശുപത്രിയിൽ ആഴ്ചയിൽ രണ്ട് ദിവസം ഒ.പി., മറ്റ് ദിവസങ്ങളിൽ ഡയാലിസിസ്, സർജറി എന്നീ സേവനങ്ങൾക്ക് പ്രസ്തുത ഡോക്ടറുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം ജില്ലാ/ജനറൽ ആശുപത്രികളിൽ മാത്രമാണ് നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഘട്ടംഘട്ടമായി എല്ലാ മേജർ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

167(2234) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവ. താലൂക്ക് ആശുപത്രിയിൽ ദിനംപ്രതി ചികിത്സ തേടിയെത്തുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക്

ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് നിയമനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 28-06-2017-ലെ സ.ഉ.(കൈ) നം. 101/2017/H&FWD പ്രകാരം 03 സ്റ്റാഫ് നഴ്സ് തസ്തികയും 01 ലാബ് ടെക്നീഷ്യൻ തസ്തികയും 23-09-2017-ലെ സ.ഉ.(കൈ) 136/2017/H&FWD പ്രകാരം ജൂനിയർ കൺസൾട്ടന്റ് (ഒ.ബി.ജി.)- 1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I - 1 എന്നീ തസ്തികകളും 22-09-2021-ലെ സ.ഉ.(സാധാ) നം. 168/2021/H&FWD പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 2 എന്നീ തസ്തികകളും സൃഷ്ടിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അടിയന്തര സാഹചര്യത്തിൽ നാഷണൽ ഹെൽത്ത് മിഷൻ, KASP, HMC മുഖേന ജീവനക്കാരെ നിയമിച്ച് രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നുണ്ട്. ഐ.സി.യു. നടത്തിപ്പിനായി നാല് സ്റ്റാഫ് നഴ്സ് ജീവനക്കാർ, ഒഫ്താൽമിക് ഒ.പി. നടത്തിപ്പിനായി ഒരു സ്റ്റാഫ് നഴ്സ് ജീവനക്കാരൻ, ആശുപത്രിയുടെ പ്രതിദിന പ്രവർത്തനങ്ങൾക്കായി ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരെ എൻ.എച്ച്.എം. അനുവദിച്ചിട്ടുണ്ട്. HMC, KASP എന്നീ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് ജീവനക്കാരെ നിയമിച്ചും രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പശ്ചാത്തല സൗകര്യ വികസനത്തോടൊപ്പം താലൂക്ക് ആശുപത്രി നിലവാരത്തിൽ ആവശ്യമായ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 28-06-2017-ലെ സ.ഉ.(കൈ) നം. 101/2017/H&FWD പ്രകാരം മൂന്ന് സ്റ്റാഫ് നഴ്സ് തസ്തികയും ഒരു ലാബ് ടെക്നീഷ്യൻ തസ്തികയും 23.09.2017-ലെ സ.ഉ.(കൈ) 136/2017/H&FWD പ്രകാരം ജൂനിയർ കൺസൾട്ടന്റ് (ഒ.ബി.ജി.)-1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I - 1, എന്നീ തസ്തികകളും 22-09-2021-ലെ സ.ഉ.(സാധാ) നം. 168/2021/H&FWD പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 2 എന്നീ തസ്തികകളും സൃഷ്ടിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അടിയന്തിര സാഹചര്യത്തിൽ നാഷണൽ ഹെൽത്ത് മിഷൻ, KASP, HMC മുഖേന ജീവനക്കാരെ നിയമിച്ച് രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നുണ്ട്. ഐ.സി.യു. നടത്തിപ്പിനായി നാല് സ്റ്റാഫ് നഴ്സ് ജീവനക്കാർ, ഒഫ്താൽമിക് ഒ.പി. നടത്തിപ്പിനായി ഒരു സ്റ്റാഫ് നഴ്സ് ജീവനക്കാരൻ, ആശുപത്രിയുടെ പ്രതിദിന പ്രവർത്തനങ്ങൾക്കായി ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരെ എൻ.എച്ച്.എം. അനുവദിച്ചിട്ടുണ്ട്. HMC, KASP എന്നീ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് ജീവനക്കാരെ നിയമിച്ചും രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ കണ്ണാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി എൻ.എച്ച്.എം. മുഖേന ഒരു സ്റ്റാഫ് നഴ്സിനെ അനുവദിച്ചിട്ടുണ്ട്. അനസ്തറ്റിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയതായി ആരംഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് കണ്ണാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഒപ്റ്റോമെട്രിസ്റ്റ്, 4 സ്റ്റാഫ് നഴ്സുമാർ, 2 നഴ്സിങ് അസിസ്റ്റന്റുമാർ, 2 അറ്റൻഡന്റുമാർ എന്നീ തസ്തികകൾ അനുവദിക്കുന്നതിനായി ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഒഫ്താൽമിക് ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കി ഇൻഫക്ഷൻ കൺട്രോളിൽനിന്നും മൈക്രോബയോളജി ടെസ്റ്റ് റിസൾട്ട് ലഭ്യമാക്കിയാൽ മാത്രമേ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇത് ലഭ്യമാകുന്നമുറയ്ക്ക് ഒപ്പോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, നഴ്സിങ് അസിസ്റ്റന്റ് എന്നിവരെ വർക്കിങ് അറേഞ്ച്മെന്റ്/എൻ.എച്ച്.എം. മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണ്ണാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി എൻ.എച്ച്.എം. മുഖേന ഒരു സ്റ്റാഫ് നഴ്സിനെ അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മണ്ഡലത്തിലെ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

168(2235) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്നുവരുന്നതെന്നും

അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് അവയ്ക്ക് ഭരണാനുമതി ലഭിച്ച തീയതി, പൂർത്തീകരിക്കേണ്ട സമയം എന്നിങ്ങനെ പട്ടിക തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) കിഫ്ബി മുഖാന്തരം ആലപ്പുഴ മണ്ഡലത്തിലെ ചെട്ടിക്കാട് താലൂക്കാശുപത്രി വികസനം നടത്തുന്നതിനായി 10-01-2018-ലെ സ.ഉ. (സാധാ)നം. 103/2018/ആകുവ പ്രകാരം 118.5 കോടി രൂപയുടെ ഭരണാനുമതിയും 101.10 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. പ്രസ്തുത മണ്ഡലത്തിലെ മറ്റ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിൽ മന്ത്രിയും എം.എൽ.എ.-യും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ടും നിരവധി അവലോകനയോഗങ്ങൾ നടത്തി. വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

അമീബിക് മസ്തിഷ്കജ്വര ലാബ് ടെസ്റ്റ്

169(2236) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമീബിക് മസ്തിഷ്കജ്വരം പരിശോധിക്കാനുള്ള ലാബ് ടെസ്റ്റ് നടത്തുന്നതിന് നിലവിൽ എവിടെയെല്ലാം സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്; അറിയിക്കാമോ?

അമീബിക് മസ്തിഷ്കജ്വരം രണ്ട് തരം ലാബ് പരിശോധനയിലൂടെ സ്ഥിരീകരിക്കുന്നുണ്ട്.

A) Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy: രോഗലക്ഷണങ്ങളുമായി വരുന്ന രോഗികളിൽ പ്രാഥമികമായി ചെയ്യുന്ന പരിശോധനയാണ് Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy. നട്ടെല്ലിൽനിന്നും കുത്തിയെടുക്കുന്ന CSF സ്രവം മൈക്രോസ്കോപ്പിൽകൂടി പരിശോധിക്കുമ്പോൾ അമീബയുടെ സാന്നിധ്യം നേരിട്ട് കാണാൻ സാധിക്കുന്നു. എന്നാൽ പരിശീലനം നേടിയ മൈക്രോബയോളജിസ്റ്റുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ വൈദഗ്ധ്യമുള്ള മൈക്രോബയോളജിസ്റ്റും മൈക്രോസ്കോപ്പി ചെയ്യാനുള്ള സംവിധാനവുമുള്ള എല്ലാ ലാബുകളിലും ഈ പരിശോധന ചെയ്യാവുന്നതാണ്. സർക്കാർ മൈക്രോബയോളജി ലാബുകളിലും ടി സംവിധാനം ലഭ്യമാണ്. കൂടാതെ വിവിധ സ്വകാര്യ മൈക്രോബയോളജി ലാബുകളും ടി പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്.

B) Cerebrospinal Fluid (CSF) PCR പരിശോധന: നിലവിൽ അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച് പി.സി.ആർ. പരിശോധന തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ലഭ്യമാണ്. Naegleria, Acanthamoeba and Balamuthia എന്നീ വകഭേദങ്ങൾക്കാവശ്യമായ പോസിറ്റീവ് കൺട്രോൾസ് ശേഖരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.) RT-PCR അധിഷ്ഠിത പരിശോധനാ സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാണോ;

(സി) അടുത്തിടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത മസ്തികജ്വരംമൂലമുള്ള മരണങ്ങളിൽ ഏറ്റവും അധികം മലബാർ മേഖലയിൽ ആണെന്നിരിക്കെ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ സൗകര്യമൊരുക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) നിലവിൽ Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy പരിശോധന കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാണ്. ഇപ്രകാരം ഇതുവരെ 32 അമീബിക് മസ്തിഷ്കജ്വര കേസുകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ കണ്ടെത്തിയിട്ടുണ്ട്.

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒഴിവുകൾ

170(2237) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തസ്തിക	ഒഴിവുകളുടെ എണ്ണം
കൺസൾട്ടന്റ് (ഒഫ്താൽമോളജി)	1
കൺസൾട്ടന്റ് (അനസ്തേഷ്യ)	1

സീനിയർ കൺസൾട്ടന്റ് (റേഡിയോ തെറാപ്പി/റേഡിയോ ഡയഗ്നോസിസ്)	1
അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി സൂപ്രണ്ട്	1
സീനിയർ നഴ്സിങ് ഓഫീസർ	4
നഴ്സിങ് ഓഫീസർ	12
പബ്ലിക് ഹെൽത്ത് നഴ്സ്	1
എക്സ്റേ അറ്റൻഡർ	2
ജൂനിയർ ലാബ് അറ്റൻഡർ	1

(ബി) ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലെ ഒഴിവും സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നഴ്സിങ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഴ്സിങ് ഓഫീസർ ഗ്രേഡ്-I തസ്തികയിലെയും സീനിയർ നഴ്സിങ് ഓഫീസർ തസ്തികയിലെയും ഒഴിവുകൾ സ്ഥാനക്കയറ്റം വഴി അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല, അനുവദിച്ചിരിക്കുന്ന പോസ്റ്റിലെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ആളെ നിയമിച്ച് ഒഴിവ് നികത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പൊന്നാനിയിലെ അമ്മയും-കുഞ്ഞും ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്

171(2238) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി പ്രസവം പ്രതിദിനം നടക്കുന്ന പൊന്നാനി അമ്മയും-കുഞ്ഞും ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ആരോഗ്യവകുപ്പിനുകീഴിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ 2 വർഷം മുമ്പുവരെ അധിക ജീവനക്കാരെവച്ചാണ് ആശുപത്രി പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ 24 ജീവനക്കാരുടെ കുറവുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി സ്ഥിരം ജീവനക്കാർക്കുപുറമെ ദേശീയ ആരോഗ്യ ദൗത്യം മുഖേന 32 അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

പൊന്നാനി നഗരസഭാ പ്രോജക്ട് വഴി വിവിധ തസ്തികകളിൽ 24 ജീവനക്കാരെ നിയമിച്ചിരുന്നു. പ്രത്യേക അനുമതിപ്രകാരം ടി പ്രോജക്ട് 2024 മാർച്ച് വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി ജീവനക്കാരെ നിലനിർത്തുന്ന വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

(സി) പൊന്നാനി അമ്മയും-കുഞ്ഞും ആശുപത്രിയിൽ കുഞ്ഞുങ്ങളെ

ചികിത്സിക്കുന്നതിന് പീഡിയാട്രീഷ്യൻ ഡോക്ടർ ഇല്ലായെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സ്ഥാപനത്തിൽ അനുവദിക്കപ്പെട്ട 4 പീഡിയാട്രിക് ഡോക്ടർമാരുടെ തസ്തികയാണ് നിലവിലുള്ളത്. ടി ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ആശുപത്രിയിലെത്തുന്ന കുട്ടികൾക്കുവേണ്ട ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ പീഡിയാട്രീഷ്യന്റെ സ്റ്റേ ഡ്യൂട്ടിക്കുവേണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി പൊന്നാനിയിൽനിന്ന് 2 പീഡിയാട്രീഷ്യൻമാരെ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിനുകീഴിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ

172(2239) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകാമെന്ന തീരുമാനത്തിന്മേൽ

എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണുള്ളത്. ടി ആശുപത്രിയിൽ ആഴ്ചയിൽ രണ്ട് ദിവസം ഒ.പി., മറ്റ് ദിവസങ്ങളിൽ ഡയാലിസിസ്, സർജറി എന്നീ സേവനങ്ങൾക്ക് പ്രസ്തുത ഡോക്ടറുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം ജില്ലാ/ജനറൽ ആശുപത്രികളിൽ മാത്രമാണ് നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഘട്ടംഘട്ടമായി എല്ലാ മേജർ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

173(2240) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ വർക്ക് ലോഡിനനുസരിച്ച് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തിരുരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 27 ഡോക്ടർമാരുൾപ്പെടെ ആകെ 125 ജീവനക്കാരുടെ സ്ഥിരം തസ്തികകളുണ്ട്. സ്ഥിരം ജീവനക്കാർക്കുപുറമെ താൽക്കാലിക ജീവനക്കാരുടെ സേവനംകൂടി ഉപയോഗിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നുണ്ട്.

(ബി) മറ്റു ജില്ലകളിലെ ഗവൺമെന്റ് ആശുപത്രികളിലുള്ള സ്റ്റാഫുകളുടെ എണ്ണത്തിനനുസൃതമായി തിരുരങ്ങാടി മണ്ഡലത്തിലെ താലൂക്ക് ആശുപത്രി അടക്കമുള്ള

ആശുപത്രികളിൽ അധിക സ്റ്റാഫുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മറ്റ് ജില്ലകളിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണും മലപ്പുറം ജില്ലയിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നു.

എറണാകുളം ജനറൽ ആശുപത്രിക്ക് കൂടിശ്ശിക നൽകാൻ നടപടി

174(2241) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് ചികിത്സയുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിക്ക് സർക്കാരിൽനിന്നും ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ സ്കീമുകളിലായി എത്ര രൂപയാണ് എറണാകുളം ജനറൽ ആശുപത്രിക്ക് നൽകുവാനുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രധാനമന്ത്രിയുടെ ചികിത്സാ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത ആശുപത്രിക്ക് തുക നൽകാനുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഈ തുകകൾ സമയത്ത് നൽകാത്തതുമൂലം പാവപ്പെട്ട രോഗികളുടെ ചികിത്സ മുടങ്ങുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ സേവനങ്ങൾക്കുവേണ്ടി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ (പർച്ചേസ് ഇനത്തിൽ കൺസ്യൂമബിൾസ് ഉൾപ്പെടെ) എത്ര രൂപ സർക്കാരിൽനിന്ന് ആശുപത്രിയിലേക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

(എ-ഇ) ലഭ്യമായ വിവരമനുസരിച്ച് SHA-യിൽനിന്നും ആരോഗ്യ ഇൻഷ്വറൻസ് ചികിത്സയുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിക്ക് 73.04 കോടി രൂപ നൽകാനുണ്ട്. അതിൽ കാസ്പ് പദ്ധതിപ്രകാരം 54.94 കോടി രൂപയും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം 17.96 കോടി രൂപയും കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്. കുടിശ്ശിക നിലനിൽക്കുന്നുവെന്ന കാരണത്താൽ ആശുപത്രികൾ, രോഗികൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുതെന്ന നിർദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ നിർമ്മാണ പ്രവൃത്തികൾ

175(2242) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ വിവിധ വകുപ്പുകളുടെ ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ 2017 മുതൽ 2025 വരെയുള്ള കാലത്ത് പുതുതായി അനുവദിച്ച തസ്തികകൾ, അവയുടെ എണ്ണം എന്നിവ ആശുപത്രികൾ തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ സേവനം

176(2243) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകുന്നതിന് എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണുള്ളത്. ടി ആശുപത്രിയിൽ ആഴ്ചയിൽ രണ്ട് ദിവസം ഒ.പി., മറ്റ് ദിവസങ്ങളിൽ ഡയാലിസിസ്, സർജറി എന്നീ സേവനങ്ങൾക്ക് പ്രസ്തുത ഡോക്ടറുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം ജില്ലാ/ജനറൽ ആശുപത്രികളിൽ മാത്രമാണ് നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഘട്ടംഘട്ടമായി എല്ലാ മേജർ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിഭാഗത്തിലെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ ഹെൽത്ത് സബ് സെന്ററുകളുടെ നവീകരണം

177(2244) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2021-22 മുതൽ നവീകരണത്തിനുവേണ്ടി തിരഞ്ഞെടുത്ത ഹെൽത്ത് സബ് സെന്ററുകളുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ; ഓരോ സെന്ററും നവീകരിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവഹണം നടത്തുന്ന ഏജൻസി ഏതാണെന്നും പ്രവൃത്തി പൂർത്തീകരിച്ച സബ് സെന്ററുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

(എ&ബി) ജില്ലയിൽ 2021-22 മുതൽ 147 ജനകീയ ആരോഗ്യകേന്ദ്രങ്ങളെ നവീകരണത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവഹണം അതത് തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിഭാഗം മുഖേനയാണ് നടപ്പിലാക്കുന്നത്. നാളിതുവരെ 49 സ്ഥാപനങ്ങളിലെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 7 സ്ഥാപനങ്ങളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) ശേഷിക്കുന്നവയുടെ പ്രവൃത്തി ആരംഭിക്കുന്നതിനും തുക അനുവദിക്കുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ശേഷിക്കുന്ന സ്ഥാപനങ്ങളിൽ 48 സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ 15-ാം ധനകാര്യ കമ്മീഷനിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സമർപ്പിച്ചിട്ടുണ്ട്.

പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

178(2245) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പിനുകീഴിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലെ രണ്ട് ഒഴിവുകളിൽ ഒരു ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റൊരു ഒഴിവിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പബ്ലിക് ഹെൽത്ത് നഴ്സിങ് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ഓരോ വിഭാഗത്തിലും നിലവിൽ എത്ര സ്റ്റാഫുണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലെ രണ്ട് ഒഴിവുകളിൽ ഒരു ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റൊരു ഒഴിവിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പബ്ലിക് ഹെൽത്ത് നഴ്സിങ് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മാറഞ്ചേരി സി.എച്ച്.സി.

179(2246) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽപ്പെട്ട മാറഞ്ചേരി സി.എച്ച്.സി.-യിൽ സ്റ്റാഫ് സ്റ്റെങ്ത് അനുസരിച്ച് ഡോക്ടർമാരും ജീവനക്കാരുമില്ലാത്തതിനാൽ കിടത്തിചികിത്സ നടക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരെ അടിയന്തരമായി നിയമിച്ച് കിടത്തി ചികിത്സക്കുള്ള സൗകര്യം ഒരുക്കുമോ; വിശദമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ പൊന്നാനി മണ്ഡലത്തിൽപ്പെട്ട മാറഞ്ചേരി സാമൂഹികാരോഗ്യകേന്ദ്രം കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി ആർദ്രം

പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളതാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രധാനമായും സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ (രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യവർധക പ്രവർത്തനങ്ങൾ, ചികിത്സ, സാന്ത്വന പരിചരണം, പുനരധിവാസം) സേവനങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്. മേൽപരാമർശിച്ച സേവനങ്ങൾ സ്ഥാപനത്തിൽ നൽകിവരുന്നുണ്ട്. പൊന്നാനി മണ്ഡലത്തിലെതന്നെ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ കിടത്തി ചികിത്സ നിലവിലുണ്ട്.

നിലവിലെ സ്റ്റാഫ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തസ്തിക	സ്ഥിരം	റിമാർക്ക്സ്
1	ഡോക്ടർ	3	NHM - 1
2	സ്റ്റാഫ് നഴ്സ് (നഴ്സിങ് ഓഫീസർ)	3	
3	ഹെഡ് നഴ്സ് (സീനിയർ നഴ്സിങ് ഓഫീസർ)	1	
4	നഴ്സിങ് അസിസ്റ്റന്റ്	2	
5	ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II	2	Vacant
6	ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I	1	
7	ഫാർമസിസ്റ്റ്	1	LSGD-1, HMC-1
8	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	5	
9	പബ്ലിക് ഹെൽത്ത് നഴ്സ് (ടി തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നു)	1	

കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

180(2247) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 144.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ ഡി.പി.ആർ. അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. അംഗീകരിച്ച് ധനാനുമതി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ എല്ലാ ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

(ബി&സി) താലൂക്കാശുപത്രി സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചുള്ള സ്പെഷ്യാലിറ്റി സൗകര്യങ്ങൾ (ഡയാലിസിസ് സംവിധാനം ഉൾപ്പെടെ) ഉണ്ടാകുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലാബ്, ഡെന്റൽ ലാബ് സൗകര്യങ്ങൾ, സി.എസ്.എസ്.ഡി. ലാബ്, എക്സ്റേ യൂണിറ്റ്, അത്യാധുനിക ഓപ്പറേഷൻ തിയേറ്റർ, സ്കാനിങ്, ഐ.സി.യു, മെഡിക്കൽ റിക്കോർഡ്സ് തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാകുന്നതാണ്.

ലിക്വിഡേറ്റഡ് ഡാമേജ് ഒഴിവാക്കുന്നതിന് നടപടി

181(2248) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം കണ്ണൂർ പരിയാരം ദന്തൽ കോളേജിൽ ബി.ഡി.എസ്.-ന് പ്രവേശനം നേടിയ ഓമശ്ശേരി സ്വദേശിനി ഫാത്തിമത്ത് സുഹറ ആരോഗ്യ കാരണങ്ങളാൽ പഠനം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ ലിക്വിഡേറ്റഡ് ഡാമേജ് ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ തിരികെ നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2016-17 വർഷം കണ്ണൂർ പരിയാരം ദന്തൽ കോളേജിൽ പ്രവേശനം നേടിയ ബി.ഡി.എസ്. വിദ്യാർഥിനിയായ ഫാത്തിമത്ത് സുഹറയുടെ ലിക്വിഡേറ്റഡ് ഡാമേജസ് ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) നിർധന കുടുംബത്തിലെ അംഗമായതിനാൽ ടിയാൾക്ക് പ്രത്യേക പരിഗണന നൽകി ലിക്വിഡേറ്റഡ് ഡാമേജ് ഒഴിവാക്കുന്നതിനും സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

സർക്കാരിൽ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

അമീബിക് മസ്തിഷ്ക ജ്വരം

182(2249) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്രപേർക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിൽ 23-09-2025 വരെ സ്ഥിരീകരിച്ചിട്ടുള്ള അമീബിക് മസ്തിഷ്കജ്വര കേസുകളുടെയും റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രിയിലെ ചികിത്സാപിഴവിൽ നടപടി

183(2250) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-03-2021-ന് പാമ്പ് കടിയേറ്റ് കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ എത്തിച്ച മൂന്ന് വയസുകാരി യഥാസമയം ചികിത്സ ലഭിക്കാത്തതിനെത്തുടർന്ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടറുടെ പേര് വിവരവും നിലവിൽ ഈ ഡോക്ടർ ഏത് തസ്തികയിൽ ഏത് ആശുപത്രിയിൽ ജോലി ചെയ്തുവരുന്നുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ ചികിത്സാ വീഴ്ച്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) അന്വേഷണത്തിൽ കുറ്റക്കാർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കുറ്റക്കാരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ എന്തുകൊണ്ടാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപടികൾ സ്വീകരിക്കാത്തതെന്നും വ്യക്തമാക്കാമോ?

(എ-ഇ) തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രാഥമിക അന്വേഷണം നടത്തി തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ശ്രീരേഖ ബി.എസ്.-നെതിരെ അച്ചടക്ക നടപടി ആരംഭിച്ചു. അച്ചടക്ക നടപടിയുടെ ഭാഗമായി 14-08-2025-ൽ നടത്തിയ ഔപചാരിക അന്വേഷണത്തെത്തുടർന്ന് വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി അന്വേഷണം നടത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20-09-2025-ലെ DHS/13977/2024-EV3 നമ്പർ നടപടിക്രമ പ്രകാരം ആരോഗ്യ വകുപ്പിലെ റീജിയണൽ വിജിലൻസ് യൂണിറ്റ്-2 (എറണാകുളം) ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

സർവീസിൽനിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന ഡോക്ടർമാർ

184(2251) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവീസിൽനിന്നും അനധികൃതമായി നിലവിൽ വിട്ടുനിൽക്കുന്ന എത്ര ഡോക്ടർമാരുണ്ട്; അവരുടെ പേരുൾപ്പെടെയുള്ള വിശദാംശവും അവർക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിൽ സർവീസിൽനിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന ഡോക്ടർമാരുടെ എണ്ണം 507 ആണ്. അനധികൃതമായി വിട്ടുനിൽക്കുന്ന മെഡിക്കൽ ഓഫീസർമാരുടെ പട്ടിക (പ്രൊബേഷൻ പൂർത്തീകരിക്കാത്തവർ), (പ്രൊബേഷൻ

പൂർത്തിയാക്കിയവർ) അനുബന്ധമായി ചേർക്കുന്നു.+

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അനധികൃതമായി സർവീസിൽനിന്നും വിട്ടുനിൽക്കുന്ന ഡോക്ടർമാരുടെ എണ്ണം 47 ആണ്. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

സർവീസിൽനിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. സർവീസിൽനിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന ഡോക്ടർമാരിൽ പരിവീക്ഷാ കാലയളവ് പൂർത്തിയാക്കിയവർക്കെതിരെ സർക്കാർ തലത്തിലും പരിവീക്ഷാ കാലയളവ് പൂർത്തീകരിക്കാത്ത മെഡിക്കൽ ഓഫീസർമാർക്കെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിലും നടപടി സ്വീകരിച്ചുവരുന്നു.

പേവിഷബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം

185(2253) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകളുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പേവിഷബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല. സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേനയാണ്. വിവിധ ഘട്ടങ്ങളിലൂടെ കർശന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിച്ചാണ് പേവിഷ പ്രതിരോധ വാക്സിനുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ. സംഭരിച്ച് വിതരണം ചെയ്തുവരുന്നത്. പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന RABIES VACCINE FOR HUMAN IP, EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകൾ, ടി വാക്സിൻ ഉൽപാദിപ്പിക്കുന്ന കമ്പനികൾ നൽകുന്ന ഇൻ-ഹൗസ് റിപ്പോർട്ടിനുപുറമെ വിതരണം ചെയ്യുന്ന ഓരോ ബാച്ചും സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ (Central Drugs Laboratory, Kasauli) നിന്നും നിശ്ചിത ഗുണനിലവാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രമാണ് വിതരണം നടത്തിവരുന്നത്. ഇത്തരത്തിൽ വിതരണം നടത്തുന്ന പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8 ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data

loggers ദർഘാസ് വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് അതത് ജില്ലാ വെയർഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പുവരുത്താറുള്ളതുമാണ്.

നിശ്ചിത താപനിലയിലല്ല ടി ഇനങ്ങൾ വിതരണം നടത്തിയതെന്ന് ബോധ്യപ്പെടുന്നപക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയയ്ക്കുന്നു. ഇത്തരത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിലെത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room-കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്കനുസൃതമായി വിതരണം നടത്തിവരുന്നു.

Walk-in-cold-Room-കളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങൾക്ക് വാക്സിൻ/ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ ഐസ് പാക്കുകളിട്ട Cold Box/Thermocol box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നു.

സ്ഥാപനങ്ങളിൽ വാക്സിൻ/ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില (2-8 degree celsius) നിലനിർത്തുന്ന റെഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് നൽകുന്നതിനുവേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റെഫ്രിജറേറ്ററുകളിൽ വയ്ക്കുകയോ നിശ്ചിത ഐസ് പാക്കുകളുള്ള വാക്സിൻ കാരിയറുകളിൽ

സൂക്ഷിക്കുകയോ ആണ് ചെയ്യുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കാൻ തുടങ്ങിയ വാക്സിൻ വയൽ പരമാവധി 6 മണിക്കൂർ വരെ മാത്രമാണ് ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

2025-ൽ പ്രതിരോധ കുത്തിവയ്പുകളെടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനയ്ക്കായി സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളിയിൽ വീണ്ടും അയച്ചതിൽ, പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിനാൽ പേവിഷ ബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾക്ക് അടിസ്ഥാനമില്ല.

അപൂർവരോഗം പിടിപെട്ട കുട്ടിക്ക് ചികിത്സ

186(2255) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവരോഗം പിടിപെട്ട കുട്ടിയുടെ ചികിത്സക്ക് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ അനന്തര നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 19-06-2025-ൽ കെ.എസ്.എസ്.എം. 467/2025/പി9 നമ്പർ പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കയച്ച കത്തിന്മേൽ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അപൂർവരോഗം ബാധിച്ച കുട്ടിയുടെ ചികിത്സക്ക് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സജില കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിച്ച

അപേക്ഷ ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടതുപോലെ ധനസഹായം നൽകാൻ സാധിക്കുമോ എന്നതിൽ കുട്ടിയുടെ രോഗാവസ്ഥ പരിഗണിച്ചുകൊണ്ട് നാഷണൽ ഹെൽത്ത് മിഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതുപ്രകാരം Selumetinib എന്ന മരുന്ന് ന്യൂറോഫിബ്രോമറ്റോസിസ് എന്ന രോഗത്തിന് നൽകുന്നതായതിനാൽ കുട്ടിക്ക് പ്രസ്തുത രോഗമാണെന്ന് അനുമാനിക്കുന്നുവെന്നും നിലവിൽ KARE പദ്ധതിയിലൂടെ SMA രോഗചികിത്സ മാത്രമാണ് നൽകുന്നതെന്നും NHM പദ്ധതികൾവഴി Selumetinib എന്ന മരുന്ന് വാങ്ങി നൽകാൻ സാധ്യമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേശീയ അപൂർവരോഗ നയപ്രകാരം ന്യൂറോഫിബ്രോമറ്റോസിസ് എന്ന രോഗം അപൂർവരോഗങ്ങളുടെ ഗണത്തിലുൾപ്പെടുത്തിയിട്ടില്ലെന്നും ആരോഗ്യകിരണം പദ്ധതിവഴി അപേക്ഷ സമർപ്പിച്ചാൽ ടി രോഗത്തിനുള്ള ചികിത്സ ഉൾപ്പെടുത്താൻ കഴിയുമോയെന്നത് പരിശോധിക്കാവുന്നതാണെന്നും നാഷണൽ ഹെൽത്ത് മിഷൻ കാര്യാലയത്തിൽനിന്നും അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ആരോഗ്യകിരണം പദ്ധതിയിൽ പ്രസ്തുത രോഗത്തിനുള്ള ചികിത്സ ഉൾപ്പെടുത്താനാകുമോ എന്നതിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോട് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഈ വിഷയത്തിന്മേൽ വിവിധ കാര്യാലയങ്ങളിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതിന് മറുപടി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മറുപടി നൽകുന്നതിനുള്ള കാലതാമസത്തെക്കുറിച്ച് വകുപ്പ് മേധാവികളോട് വിശദീകരണം ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

അപൂർവരോഗവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ നാഷണൽ ഹെൽത്ത് മിഷന്റെ

അഭിപ്രായവും വിശദീകരണവും അഭ്യർഥിച്ചിരുന്നതിനെത്തുടർന്ന് 11-09-2025-ലെ കത്തിലൂടെ ഇതുസംബന്ധിച്ചുള്ള വിശദീകരണം ലഭ്യമായിട്ടുണ്ട്. പ്രസ്തുത രോഗം അപൂർവരോഗങ്ങളുടെ ഗണത്തിലുൾപ്പെടാത്തതിനാൽ കുട്ടിക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നാഷണൽ ഹെൽത്ത് മിഷന് നിർവാഹമില്ലാത്തതിനാൽ ആരോഗ്യകിരണം പദ്ധതിയിലുൾപ്പെടുത്തി രോഗ ചികിത്സാ സഹായം നൽകാൻ സാധിക്കുമോ എന്നതിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം

187(2256) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

അന്തർദേശീയ ഗുണനിലവാര ഏജൻസിയായ ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഇൻ ഹെൽത്ത് കെയർ അംഗീകാരത്തോടുകൂടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS).

എ) സർവീസ് പ്രൊവിഷൻ

ബി) പേഷ്യന്റ് റൈറ്റ്സ്

സി) ഇൻപുട്സ്

ഡി) സപ്പോർട്ട് സർവീസസ്

ഇ) ക്ലിനിക്കൽ സർവീസസ്

എഫ്) ഇൻഫെക്ഷൻ കൺട്രോൾ

ജി) ക്വാളിറ്റി മാനേജ്മെന്റ്

എച്ച്) ഔട്ട്കം

എന്നീ 8 പ്രധാന വിഭാഗങ്ങളിലായി (Area of concerns) ഒട്ടനവധി ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഓരോ സ്ഥാപനത്തിനും എൻ.ക്യു.എ.എസ്. അംഗീകാരം നൽകുന്നത്. നിലവിൽ ജില്ലാ താലൂക്കാശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കൂടാതെ ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവയൊക്കെ ഈ അക്രഡിറ്റേഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

ഓരോ സ്ഥാപനതലത്തിലും അക്രഡിറ്റേഷനുവേണ്ടി പരിശോധിക്കുന്ന ഡിപ്പാർട്ടുമെന്റുകളുടെ എണ്ണം വ്യത്യസ്തമാണ്. ഇത്തരത്തിൽ ഓരോ ഡിപ്പാർട്ടുമെന്റുകളിലും 8 area of concerns പരിശോധിക്കുന്നുണ്ട്. അതിൽ area of concern (സി)-input വ്യക്തമാക്കുന്നത് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും കൂടാതെ രോഗ ചികിത്സാ സംവിധാനങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും ഉൾപ്പെടുന്നവയാണ്.

ഇൻപുട്ട് എന്ന സ്റ്റാൻഡേർഡിൽ ആശുപത്രിയുടെ ഭൗതിക സംവിധാനങ്ങളെ പ്രതിപാദിക്കുന്ന നിരവധി ചെക്ക് പോയിന്റുകൾ പ്രതിപാദിക്കുന്നുണ്ട്. ഇത്തരത്തിൽ ഭൗതിക സാഹചര്യങ്ങൾ, രോഗചികിത്സ/നിർണ്ണയ സംവിധാനങ്ങൾ എന്നിവയുടെ വിശദമായ പരിശോധനയ്ക്കുശേഷമാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്

സർട്ടിഫിക്കേഷൻ ലഭിക്കുന്നത്.

ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്കുശേഷം എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനയ്ക്കുശേഷമാണ് എൻ.ക്യു.എ.എസ്. അംഗീകാരത്തിന് പരിഗണിക്കുന്നത്. ആശുപത്രിയുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കി ഇവയിൽ ഓരോ വിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന ആശുപത്രികൾക്ക് ഭാരതസർക്കാർ എൻ.ക്യു.എ.എസ്. അംഗീകാരം നൽകുന്നു.

(ബി) ഈ അംഗീകാരം ലഭിക്കുന്ന ആശുപത്രികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വിശദീകരിക്കാമോ?

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിക്കുന്ന, കിടത്തി ചികിത്സയുള്ള ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് (functional bed) പതിനായിരം രൂപ എന്ന നിലയിലും കിടത്തി ചികിത്സയില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും 2 ലക്ഷം രൂപ വീതവും ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. എല്ലാ വർഷവും സംസ്ഥാനതല തുടർപരിശോധനകളും മൂന്ന് വർഷത്തിനുശേഷം ദേശീയതല പുനഃപരിശോധനയും ഉണ്ടായിരിക്കുന്നതാണ്.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര ആശുപത്രികൾക്ക് ഈ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ജില്ലാശുപത്രികൾ, താലൂക്കാശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ, അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (NQAS) പദ്ധതി നടപ്പാക്കിവരുന്നു.

നാളിതുവരെ 262 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 89 ആശുപത്രികൾ പുനരംഗീകാരവും നേടി. 8 ജില്ലാശുപത്രികൾ, 8 താലൂക്കാശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 165 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 20 ജനകീയാരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയെടുത്ത ആശുപത്രികൾ.

ഇതിൽ ഈ സർക്കാരിന്റെ കാലത്ത് (2021-26) നാളിതുവരെ 244 സർക്കാർ ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു. അതിൽ 155 ആശുപത്രികൾക്ക് പുതുതായി അംഗീകാരവും 89 ആശുപത്രികൾക്ക് പുന:രംഗീകാരവും ഉൾപ്പെടുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

188(2257) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ ആയുർവേദം, ഹോമിയോ എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നാഷണൽ ആയുഷ് മിഷൻ

ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അരുവിപ്പുറം, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കള്ളിക്കാട്, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കുന്നത്തുകാൽ, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ഒറ്റശേഖരമംഗലം എന്നീ സ്ഥാപനങ്ങളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ ഒരു യോഗ ഇൻസ്ട്രക്ടറെയും മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറെയും നാഷണൽ ആയുഷ് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്.

ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് പൊതുജനാവബോധം വളർത്തുകയും അത്തരം രോഗങ്ങൾക്കെതിരായ പ്രതിരോധ നടപടിയായി ജീവിതശൈലീ മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആയുഷ് വെൽനസ് സെന്റർ എന്ന പദ്ധതി പാറശ്ശാല ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കിവരുന്നു. ആയുർവേദത്തിലധിഷ്ഠിതമായ ആരോഗ്യശീലങ്ങൾ പ്രചരിപ്പിക്കുക, പകർച്ചവ്യാധി പ്രതിരോധം, ജീവിതശൈലീ രോഗപ്രതിരോധം എന്നിവയിലൂന്നിയ പ്രവർത്തനങ്ങൾ നടത്തുക, യോഗ, ഔഷധ സസ്യകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കുവേണ്ടി ആയുഷ് ഗ്രാമം പദ്ധതി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി കുന്നത്തുകാലിൽ നടപ്പിലാക്കി വരുന്നു.

ഹോമിയോപ്പതി വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ വികസനത്തിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി മരുന്നുകൾ വാങ്ങുന്നതിനും കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ലാപ്ടോപ്പ്, ആശുപത്രി ഉപകരണങ്ങൾ, ഇൻവെർട്ടർ, വാട്ടർ പ്യൂരിഫയർ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും ദൈനംദിന ചെലവുകൾക്കായും തുകകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷൻ വഴി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും കണ്ടിജൻസി ഇനത്തിലും തുകകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ വകുപ്പുതല പ്ലാൻ ഫണ്ടിൽനിന്നും വിവിധ പദ്ധതികൾക്കായി തുകകൾ അനുവദിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭാരതീയ ചികിത്സ വകുപ്പിന്റെ 7 സ്ഥാപനങ്ങളും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 3 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 10 ആയുർവേദ സ്ഥാപനങ്ങളാണുള്ളത്. അവിടെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

നാഷണൽ ആയുഷ് മിഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി അരുവിപ്പുറത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ ചെലവായ തുക 29,99,980 രൂപയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്ത മേൽപരാമർശിച്ച നാല് സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റും 5 ലക്ഷം രൂപ വീതം അതത് പഞ്ചായത്തുകൾക്ക് നാഷണൽ ആയുഷ് മിഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഹോമിയോപ്പതി വകുപ്പ്

ആശുപത്രി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഭാരതീയ ചികിത്സാ വകുപ്പ്

ആശുപത്രി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2016 സാമ്പത്തിക വർഷം മുതൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട്, സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

ഹോമിയോപ്പതി വകുപ്പ്

2016 സാമ്പത്തിക വർഷം മുതൽ ഹോമിയോപ്പതി വകുപ്പിന്റെ പ്ലാൻ ഫണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിനിയോഗിച്ച് വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സ്ഥാപനങ്ങളിൽ AHIMS 2.0 നടപ്പിലാക്കുന്നതിനായി ലാപ്ടോപ്പ് വാങ്ങുന്നതിന് 39,121 രൂപ ചെലവഴിച്ചു.

2. സ്ഥാപനങ്ങളിൽ ഫയർ എക്സ്റ്റിങ്ഗ്വിഷർ സ്ഥാപിക്കുന്നതിന് 21,417 രൂപ ചെലവഴിച്ചു.

3. കമ്പ്യൂട്ടർ പെരിഫെറൽസ് ഇനത്തിൽ 34,500 രൂപ ചെലവഴിച്ചു.

4. IEC ഇനത്തിൽ 85,196 രൂപ ചെലവഴിച്ചു.

ഭാരതീയ ചികിത്സാ വകുപ്പ്

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ദേശീയ ആരോഗ്യ ദൗത്യം

2016 സാമ്പത്തിക വർഷം മുതൽ ദേശീയാരോഗ്യ ദൗത്യം ഫണ്ട്, സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ NHM മുഖേനേ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എയിംസ്

189(2261) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദേശമെന്താണെന്നും ഏതൊക്കെ സ്ഥലങ്ങളാണ് സംസ്ഥാന സർക്കാർ എയിംസ് സ്ഥാപിക്കുന്നതിന് ഉചിതമായിരിക്കുമെന്ന് നിർദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. എയിംസ് സ്ഥാപിക്കുന്നതിന് ഏകദേശം 200 ഏക്കർ സ്ഥലം ഒരു ലൊക്കേഷനിൽത്തന്നെ ആവശ്യമാണെന്നും റോഡ് കണക്ടിവിറ്റി, ജലലഭ്യത, വൈദ്യുതി സൗകര്യം എന്നിവയുണ്ടായിരിക്കണമെന്നും ഇവ സൗജന്യമായി ലഭ്യമാക്കണമെന്നും മറ്റ് സൗകര്യങ്ങളൊരുക്കി നൽകണമെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

4 സ്ഥലങ്ങൾ സംസ്ഥാന സർക്കാർ നേരത്തെ നിർദേശിച്ചെങ്കിലും ഒരു സ്ഥലം തിരഞ്ഞെടുത്ത് നൽകാൻ കേന്ദ്രം നിർദേശിച്ചതിന്റെയടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള ഭൂമി ഉചിതമായിരിക്കുമെന്നും ഇവിടെ സ്ഥാപിക്കാവുന്നതാണെന്നും കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 17-11-2021-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2523/2021/ആ.കു.വ. ഉത്തരവും കിനാലൂർ വില്ലേജിലെ 61.3424 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, കൈവശാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കൊണ്ട് 29-08-2024-ലെ സ.ഉ.(കൈ) നം. 155/2024/RD ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കോട്ടയം വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ അധികമുള്ള

ഭൂമിയിൽ എയിംസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിന്റെ ആവശ്യമടങ്ങിയ ഫയൽ ധനമന്ത്രാലയത്തിന് കൈമാറി എന്നതാണ് കേന്ദ്ര ആരോഗ്യ മന്ത്രിയിൽനിന്നും സംസ്ഥാന ആരോഗ്യ മന്ത്രിക്ക് ലഭിച്ച അവസാന മറുപടി. മറ്റ് ആശയവിനിമയങ്ങളൊന്നും കേന്ദ്രം നടത്തിയിട്ടില്ല.

നെന്മാറ മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ

190(2263) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ അനുമതി ലഭിച്ച എത്ര കെട്ടിടങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും അവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്നും വിശദമാക്കുമോ?

(എ&ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.+

എലിപ്പനി വർധിച്ചുവരുന്നത് തടയാൻ നടപടി

191(2264) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് എലിപ്പനിയും മരണ നിരക്കും വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗബാധ പടർന്നുപിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്; രോഗബാധയെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ-സി) എലിപ്പനിയുൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഊർജിതമായി നടന്നുവരുന്നുണ്ട്. എലിപ്പനി രോഗ പ്രതിരോധത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ

192(2265) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം പതിനായിരക്കണക്കിന് കാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, കണ്ണൂർ മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ റീജിയണൽ കാൻസർ സെന്ററുകളുടെ രജിസ്ട്രി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം 2025 ജനുവരി 1 മുതൽ നാളിതുവരെ 10599 പുതിയ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വർധിച്ചുവരുന്ന ഈ രോഗത്തെ തടയുന്നതിനായി കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

വർധിച്ചുവരുന്ന കാൻസർ രോഗബാധയെ തടയുന്നതിനുള്ള പ്രതിരോധം ഒരുക്കുന്നതിനായി കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ സംസ്ഥാന സർക്കാർ അംഗീകരിച്ച് പുറത്തിറക്കുകയുണ്ടായി. ഈ ആക്ഷൻ പ്ലാൻ പ്രകാരം അർബുദ ചികിത്സ കേന്ദ്രങ്ങളെ മികവിന്റെയടിസ്ഥാനത്തിൽ പല തലങ്ങളായി തിരിക്കുകയും ഓരോ തലത്തിലുമുള്ള ആശുപത്രികൾക്കുവേണ്ട മാനദണ്ഡങ്ങൾ പ്രഖ്യാപിക്കുകയും സാധാരണയായി കണ്ടുവരുന്ന കാൻസർ രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള ഒരു ഏകീകൃത പ്രോട്ടോക്കോൾ തയ്യാറാക്കുകയും ചെയ്തു. കാൻസർ ചികിത്സ കേന്ദ്രങ്ങളെ കോർത്തിണക്കുന്ന ഒരു കാൻസർ കെയർ ഗ്രിഡും ജില്ലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ളതുകൂടാതെ കാൻസർ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഒരു കാൻസർ കെയർ ബോർഡും രൂപീകരിക്കുകയുണ്ടായി.

കാൻസർ കൺട്രോൾ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ പ്രകാരം പി.എച്ച്.സി., സി.എച്ച്.സി. തലങ്ങളിൽ കാൻസർ awareness class എടുക്കുകയും കാൻസർ സ്ക്രീനിംഗ് പ്രോഗ്രാമുകൾ നടത്തുകയും കാൻസർ ആദ്യ സ്റ്റേജുകളിൽത്തന്നെ കണ്ടുപിടിക്കാനും കാൻസറുണ്ടാകാൻ സാധ്യതയുള്ള High risk ആളുകളെ കണ്ടെത്തുകയും ചെയ്യുന്നു. ഇവരുടെ തുടർപരിശോധനകളും ചികിത്സയും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കുന്നതുകൂടാതെ ഈ രോഗികളുടെ ഡാറ്റാ കളക്ഷനും ഈ പ്ലാൻ വഴി നടത്തുന്നുണ്ട്.

അതോടൊപ്പംതന്നെ കാൻസർ രോഗങ്ങളുടെ Early Detection Strategy പ്രോഗ്രാമുകളായ പൊതുജനങ്ങൾക്കായുള്ള കാൻസർ ബോധവൽക്കരണ പരിപാടികൾ, ക്ലാസ്സുകൾ (Symposium), ഗർഭാശയഗള കാൻസർ മുൻകൂട്ടി കണ്ടെത്താനുള്ള പാപ്സ്മിയർ, കോൾപോസ്കോപി പരിശോധന, സ്തനാർബുദം കണ്ടെത്തുന്നതിനായുള്ള ക്ലിനിക്കൽ ബ്രെസ്റ്റ് എക്സാമിനേഷൻ, Mammogram Test എന്നിവയും മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്നു.

അർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള സി.റ്റി. സ്കാൻ, എം.ആർ.ഐ. സ്കാൻ, PET സ്കാൻ, SPECT സ്കാൻ, മാമോഗ്രാഫി മുതലായ ആധുനിക വൈദ്യശാസ്ത്ര പരിശോധനാ സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്റർ (RCC) മാതൃകയിൽ മിനി ആർ.സി.സി. ആയും പ്രവർത്തിക്കുന്നുണ്ട്.

കാൻസറിനെപ്പറ്റിയുള്ള അവബോധ ക്ലാസ്സുകൾ, കാൻസർ പ്രാരംഭ ദിശകൾ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിലൊരുക്കി കാൻസർ തുടക്കത്തിൽത്തന്നെ കണ്ടെത്തുക, കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാശുപത്രികളെയും ജനറൽ ആശുപത്രികളെയും താലൂക്കാശുപത്രികളെയും ഉൾപ്പെടുത്തി Cancer Care Grid രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കാൻസറിനെപ്പറ്റിയുള്ള അവബോധവും രോഗനിർണ്ണയവും ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ കാൻസർ നിയന്ത്രണപദ്ധതിയും (DCCP-

District Cancer Control Programme) ആരംഭിച്ചിട്ടുണ്ട്. അതത് പഞ്ചായത്തുകളുടെ സഹകരണത്തോടെ ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവുമടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്താനുള്ള സാഹചര്യങ്ങളൊരുക്കുകയുമാണ് DCCP-യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും കാൻസർ ചികിത്സിക്കുന്നതിന് മുന്നോടിയായുള്ള പരിശീലന പരിപാടികളും ആർ.സി.സി.-യിൽ കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്നു. ആർ.സി.സി.-യുടെ നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്നുകഴിഞ്ഞു. ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം.എൽ.എസ്.പി. (Mid Level Service Provider)-മാർക്കും മറ്റാരോഗ്യ പ്രവർത്തകർക്കുമുള്ള പരിശീലനം കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽവച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ആരംഭഘട്ടത്തിൽ പ്രധാനപ്പെട്ട കാൻസർ (സ്തനം, ഗർഭാശയഗളം, വായ) രോഗത്തിനുള്ള ചികിത്സക്കുള്ള സൗകര്യങ്ങൾ അവരവരുടെ ജില്ലാ/താലൂക്ക് ആശുപത്രികളിൽത്തന്നെ ഒരുക്കാനുള്ള പദ്ധതിയും ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് കാൻസർ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 25-05-2024-ലെ സ.ഉ. (കൈ) നം. 96/2024/ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ ബോർഡിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി, റീജിയണൽ കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (എൻ.എച്ച്.എം.), കാൻസർ രോഗ വിദഗ്ധർ എന്നിവരുൾപ്പെടുന്നു. കാൻസർ രോഗ ചികിത്സയുമായി ബന്ധപ്പെട്ടുള്ള സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയെന്നത് ഈ ബോർഡിന്റെ പ്രധാന ചുമതലയാണ്. ചികിത്സ നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും ട്യൂമർ ബോർഡ് രൂപീകരിക്കാൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. കാൻസറിനെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് ഈ നടപടികൾ സഹായകമാകുന്നതാണ്.

(ഡി) നിലവിലുള്ള റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സ വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിംഗ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി, മുതലായ 7 അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ റേഡിയേഷൻ

ചികിത്സ കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി. സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT, IMRT, Arc therapy എന്നിവ നൽകിവരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 2022-ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക കാൻസർ ശസ്ത്രക്രിയകൾ നടത്തിവരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ ആധുനിക ലീനിയർ ആക്സിലറേറ്ററിനാവശ്യമായ KMSCL rate contract-ഉള്ള 27 കോടി രൂപയ്ക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ 8.5 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. HDR മെഷീൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. BMT-ക്കായി 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർജിക്കൽ ഓങ്കോളജിക്ക് ആധുനിക സർജിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്റർ നിലവിൽവന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു. ബ്രാക്കി തെറാപ്പിയിൽ ആവശ്യമായ ഇൻട്രാ ഓപ്പറേറ്റീവ് ബ്രാക്കി തെറാപ്പി ഇവിടെ ചെയ്യുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള ഭാഗമായി അതിനൂതനമായ റേഡിയേഷൻ

ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Stimulator (2024), Treatment Planning System High Precision, State of the Art റേഡിയേഷൻ ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ടി സംവിധാനങ്ങൾവഴി നൂതന റേഡിയേഷൻ ചികിത്സ രീതികളായ 3DCRT, IMRT, Arc Therapy, എന്നിവ നൽകുന്നു. ഈ ചികിത്സ രീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI, എന്നിവയിൽക്കൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു. ഈ സ്കീമുകൾവഴി വിലയേറിയ കാൻസർ മരുന്നുകൾ സൗജന്യമായി നൽകുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് ഓങ്കോളജി 2022-ൽ മെഡിക്കൽ കോളേജിൽ ആരംഭിച്ചു.

തിരുവനന്തപുരം ആർ.സി.സി.-യിൽ ന്യൂറോ എൻഡോക്രൈൻ ട്യൂമറും പ്രോസ്റ്റേറ്റ് കാൻസറും കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് 50 ലക്ഷം രൂപ ചെലവിൽ ഗാലിയം ജനറേറ്റർ, KSIDC ധനസഹായത്തോടെ അതിനൂതന ചികിത്സാരീതിയായ DOTADATE/PSMA സ്കാനുകളിലൂടെ കണ്ടുപിടിക്കുന്ന ന്യൂറോ എൻഡോക്രൈൻ/പ്രോസ്റ്റേറ്റ് കാൻസറുകൾക്ക് ലുട്ടീഷ്യം ചികിത്സ നൽകുന്ന സംവിധാനം, ബഹുമാനപ്പെട്ട മുൻ രാജ്യസഭാ എം.പി.-യായ ശ്രീ. സി. പി. നാരായണന്റെ വികസന ഫണ്ടിൽനിന്നും 2.60 കോടി രൂപ ചെലവഴിച്ച് പ്രോസ്റ്റേറ്റ് കാൻസർ ഉൾപ്പെടെ യൂറോ-ഓങ്കോളജി റേഡിയേഷൻ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് 'ഇറിഡിയം' ഉപയോഗിച്ച് ബ്രാക്കി/ബ്രാച്ചിതെറാപ്പി നൽകുന്ന സംവിധാനമായ യൂറോ- ബ്രാക്കി/ബ്രാച്ചിതെറാപ്പി യൂണിറ്റ് തുടങ്ങിയ കാൻസർ ചികിത്സ കൃത്യതയുള്ളതാക്കാൻ സഹായിക്കുന്ന അത്യാധുനിക ഉപകരണങ്ങളും പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് 20 കോടി രൂപ ചെലവിൽ ഒരു റിംഗ് ഗാൻട്രി (ഹാൽസിയോൺ) ലീനിയർ ആക്സിലറേറ്റർ, വയറ്റിനുള്ളിൽ കീമോതെറാപ്പി മരുന്ന് ഒരു പ്രത്യേക താപനിലയിൽനിറയ്ക്കുന്ന 1.32 കോടി രൂപ ചെലവിൽ സജ്ജമാക്കിയിട്ടുള്ള ഹൈപെക് ചികിത്സ സംവിധാനം എന്നിവ ആർ.സി.സി.-യിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 19.5 കോടി രൂപ മുടക്കി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന 3T MRI സ്കാൻ, 2.5 കോടി രൂപ മുടക്കി 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ് എന്നിവയും സ്ഥാപിച്ചു.

അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനവും രോഗികളുടെ സാമ്പിൾ സ്വീകരിക്കുന്നതുമുതൽ റിപ്പോർട്ട് നൽകുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ തത്സമയം നിരീക്ഷിക്കാനും പരിശോധനകൾ പൂർണ്ണമായും ആട്ടോമേറ്റഡായി നിർവഹിക്കാനുള്ള സംവിധാനവും ഒരു കോടിയോളം രൂപ ചെലവിട്ട് ആർ.സി.സി.-യിൽ ആരംഭിച്ചിട്ടുണ്ട്.

സമഗ്രവും അത്യാധുനികവുമായ അർബുദ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി എം.സി.സി.-യിൽ റോബോട്ടിക് സർജറി സംവിധാനം ഒരുക്കിയിട്ടുണ്ട്. ആർ.സി.സി.-യിൽ, റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി, 30 കോടി രൂപ ചെലവിൽ ആരംഭിച്ച റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റിന്റെ ഉദ്ഘാടനം 15-01-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. ഈ അത്യാധുനിക സംവിധാനം ഉപയോഗിച്ച് ഇതുവരെ 35 സർജറികൾ ചെയ്തിട്ടുണ്ട്. കേരളത്തിലെ ആദ്യത്തേതും സൗത്ത് ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റമാണ് ആർ.സി.സി.-യിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേസമയം രണ്ട് സർജൻമാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.

മലബാർ കാൻസർ സെന്റർ (എം.സി.സി.-പി.ജി.ഐ.ഒ.എസ്.ആർ.)-ലെ വിവിധ ചികിത്സ വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തലച്ചോർ, സുഷുമ്നനാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

2. കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സ വിഭാഗമായ ഒക്യൂലർ ഓങ്കോളജി ആരംഭിച്ചു.

3. രോഗബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കാനുള്ള ബയോ ബാങ്ക് സംവിധാനം സജ്ജീകരിച്ചു.

4. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാരീതിയായ CAR-T സെൽ തെറാപ്പി സംവിധാനം ഏർപ്പെടുത്തി.

5. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി താക്കോൽ ദ്വാര ശസ്ത്രക്രിയാരീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യാൻ സാധിക്കുന്ന റോബോട്ടിക് ശസ്ത്രക്രിയകൾ ഏർപ്പെടുത്തി.

6. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റൽ പത്തോളജി ലാബ് സെറ്റ്അപ് ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

7. പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ജലശുദ്ധീകരണ പ്ലാന്റും 3 Tesla MRI, Dexa Scan, Gallium Generator എന്നിവ ഉപയോഗിച്ചുള്ള രോഗനിർണ്ണയ സംവിധാനങ്ങളുടെ

പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

8. കിഫ്ബി ഒന്നാംഘട്ടത്തിൽ 4 നിലകളിലായി ഏകദേശം 97000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ ട്രീറ്റ്മെന്റ് ആൻഡ് അക്കാദമിക് ബ്ലോക്ക് പൂർത്തിയായി.

9. കിഫ്ബി രണ്ടാംഘട്ടത്തിൽ 14 നിലകളിലായി ഏകദേശം 5 ലക്ഷത്തിനുമേൽ ചതുരശ്രയടി വിസ്തീർണ്ണത്തിൽ 11 ഓപ്പറേഷൻ തിയേറ്റർ, മറ്റ് ആധുനിക സൗകര്യങ്ങളുൾപ്പെടെയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്.

ചികിത്സകൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്താൻ നടപടി

193(2266) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ വിവിധ ചികിത്സകൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്തുന്നതിനും അവ ആശുപത്രികളിൽ പ്രദർശിപ്പിക്കുന്നതിനും നടപടികളുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശുപത്രികൾ വ്യത്യസ്തമായ ചികിത്സ ഫീസ് ഏർപ്പെടുത്തുന്നതുമൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ വിവിധ പരിശോധനകൾക്കും പ്രൊസീജറുകൾക്കുമുള്ള ഫീസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി

(എച്ച്.എം.സി.)-കൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ ആശുപത്രികളിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 സെക്ഷൻ 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ ക്ലിനിക്കൽ സ്ഥാപനത്തിനും സ്ഥിര രജിസ്ട്രേഷൻ നൽകുന്നതിനുമുമ്പ് അസസ്മെന്റിന് നിയോഗിച്ചിട്ടുള്ള അസ്സസർമാർ നേരിട്ട് സ്ഥാപനത്തിലെത്തി ഫീസ് പ്രദർശിപ്പിക്കുന്നതുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെയടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്. സ്വകാര്യ ആശുപത്രികളിൽ വ്യത്യസ്തമായ ചികിത്സാ ഫീസ് ഏർപ്പെടുത്തിയിരിക്കുന്നതിനാൽ സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിക്കുന്നത് ടി ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. ബി.പി.എൽ. വിഭാഗം ആളുകൾക്ക് സർക്കാർ ആശുപത്രികളിൽ നിരക്കുകളിൽ കുറവ് നൽകിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി എം.പാനൽഡ് സ്വകാര്യ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ സെക്ഷൻ 26(2) പ്രകാരം ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും,

ഈ ആക്ടിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നവിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന് ബോധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്നപക്ഷം, പിഴശിക്ഷയ്ക്കുപുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ 39(1), 39(2) ഉൾപ്പെടെയുള്ള വിവിധ സെക്ഷനുകൾ നടപ്പിലാക്കുന്നതിനെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ, ഇന്ത്യൻ ദന്തൽ അസോസിയേഷൻ, കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ 23-06-2025-ൽ ടി റിട്ട് പെറ്റീഷനുകൾ കോടതി dismiss ചെയ്ത് അന്തിമവിധി വന്നിട്ടുള്ളതാണ്. എന്നാൽ ചില അസോസിയേഷനുകൾ അപ്പീലുകൾ സമർപ്പിച്ചു. അതിനാൽ, 03-07-2025, 28-07-2025 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവുകളിലൂടെ, അപ്പലന്റ് അസോസിയേഷനുകളിലെ അംഗങ്ങൾക്കെതിരെ കൂടുതൽ ഉത്തരവുകളുണ്ടാകുന്നതുവരെ നിർബന്ധിത നടപടി സ്വീകരിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. ഈ

ഇടക്കാല നിർദേശങ്ങളുടെ വെളിച്ചത്തിൽ, നിരക്കുകൾ/പാക്കേജുകൾ പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അപ്പലന്റ് അസോസിയേഷനുകൾക്കെതിരെ നടപടി ആരംഭിക്കുന്നതിൽനിന്ന് സംസ്ഥാനത്തിന് നിലവിൽ വിലക്കുണ്ട്. എന്നിരുന്നാലും, 2018-ലെ നിയമപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ നിയന്ത്രണം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനം പ്രതിജ്ഞാബദ്ധമായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്.

(സി) ആരോഗ്യ മേഖലയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ/സ്വകാര്യ മേഖലകളിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സർക്കാർ മേഖലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ്, K-CDC തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യമേഖലയിൽ സംസ്ഥാനത്ത് പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചുവരുന്നുണ്ട്.

കൊരട്ടിയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന കേന്ദ്രം

194(2267) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലനകേന്ദ്രത്തിന്റെ നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതെന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഈ പരിശീലന കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

(എ-ഡി) രണ്ട് ഘട്ടങ്ങളിലായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തിക്കായി തുക പൊതുമരാമത്ത് കെട്ടിട വിഭാഗം പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ലിഫ്റ്റ് സംവിധാനം, ജലലഭ്യത, ഫയർ ഫൈറ്റിംഗ് ജോലികളും പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിലുള്ള റോഡ് സംവിധാനം പരിശീലന കേന്ദ്രത്തിലേക്കുള്ള രീതിയിൽ ക്രമപ്പെടുത്തേണ്ടതും കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്. അക്കോമഡേഷൻ, ബ്ലോക്കിലേക്ക് ജലലഭ്യത, വൈദ്യുതി എന്നിവ ഒരുക്കേണ്ടതും ആവശ്യമാണ്. ഇവ പൂർത്തിയാകാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് ആശുപത്രി സൂപ്രണ്ടിന് കെട്ടിടം കൈമാറി നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ, നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ഈ തുക കണ്ടെത്തി ആവശ്യമുള്ള അനുമതികൾ ലഭിച്ച് നിർമ്മാണ ഏജൻസിയെ കണ്ടെത്തി പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. പരിശീലന കേന്ദ്രത്തിന്റെ നിർദിഷ്ട കെട്ടിടത്തിന്റെ സമീപത്തായി എൻ.എച്ച്.എം., ആർ.ഒ.പി. ഫണ്ട് 2.5 കോടി രൂപ ചെലവഴിച്ച് അക്കോമഡേഷൻ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിന് എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ടെന്നും ഇത് ഏതൊക്കെയാണെന്നും എപ്രകാരമാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഇക്കാര്യം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ

195(2268) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ?

ANTI-RABIES VACCINE FOR HUMAN IP (CELL CULTURE- CHICK EMBRYO), EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകളാണ് പേവിഷ പ്രതിരോധത്തിനായി കേരളത്തിലെ സർക്കാർ ആശുപത്രികൾ മുഖേന നൽകി വരുന്നത്.

(ബി) പ്രസ്തുത മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പുമേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ

വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേനയാണ്.

1. RABIES VACCINE FOR HUMAN IP, 2. EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകളാണ് പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്നത്. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾതന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽനിന്നുമുള്ള വിദഗ്ധർ ഉൽപാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ പ്രസ്തുത മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മരുന്നുപരിശോധനാ ലബോറട്ടറിയായ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി (CDL) കസൗളിയിൽനിന്നുമുള്ള പരിശോധനാഫലവും ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും പരിശോധിച്ചശേഷം മാത്രമാണ് ജില്ലാ മരുന്ന സംഭരണശാലകളിൽ വിതരണത്തിനായി സ്വീകരിക്കുന്നത്.

പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8 ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data loggers ദർഘാസ് വ്യവസ്ഥപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും,

പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് അതത് ജില്ലാ വെയർ ഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പുവരുത്താറുള്ളതുമാണ്.

നിശ്ചിത താപനിലയിലല്ല ടി വാക്സിനുകൾ വിതരണം നടത്തിയതെന്ന് ബോധ്യപ്പെടുന്നപക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്ന് സംഭരണകേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയക്കുന്നു. ഇത്തരത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നുസംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room-കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നു.

Walk-in-cold-Room-കളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആശുപത്രികൾക്ക് വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ Ice പാക്കുകൾ ഇട്ട Cold Box/Thermocol box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നു.

ആശുപത്രികളിൽ വാക്സിൻ/ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില (2-8 degree celsius) നിലനിർത്തുന്ന റഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് നൽകുന്നതിനുവേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റഫ്രിജറേറ്ററുകളിൽ വയ്ക്കുകയോ നിശ്ചിത Ice Pack-കളുള്ള വാക്സിൻ കാരിയറുകളിൽ സൂക്ഷിക്കുകയോ ആണ് ചെയ്യുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കാൻ തുടങ്ങിയ വാക്സിൻ

വയൽ പരമാവധി 6 മണിക്കൂർ വരെ മാത്രമാണ് ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

(സി) സർക്കാർ മേഖലയിലുള്ള എല്ലാ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള പ്രതിരോധ മരുന്നുകളായ ആന്റി റാബിസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബിനുകളും ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റിന് അനുസൃതമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മുകളിലോട്ടുള്ള 81 ശതമാനം സ്ഥാപനങ്ങളിലും, മെഡിക്കൽ കോളേജുകളിലും നിലവിൽ പേവിഷ പ്രതിരോധ വാക്സിനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, താലൂക്ക് ആശുപത്രികൾ മുതൽ മുകളിലോട്ടുള്ള 85 ശതമാനം സ്ഥാപനങ്ങളിലും, എല്ലാ മെഡിക്കൽ കോളേജുകളിലും ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മുകളിലോട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും വാക്സിനും, താലൂക്ക് ആശുപത്രി മുതൽ എല്ലാ സ്ഥാപനങ്ങളിലും ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിൻപ്രകാരം മരുന്നുകളുടെ വാർഷിക ഇൻഡന്റ് സമർപ്പിക്കുമ്പോൾ ആന്റി റാബിസ് വാക്സിനുകളും ഇമ്മ്യൂണോഗ്ലോബുലിനുകളും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഡയാലിസിസ് യൂണിറ്റുകൾ

196(2269) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികളുടെ എണ്ണത്തിൽ വർധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോശമായ ഭക്ഷണക്രമം, ഉയർന്ന പ്രമേഹം, ദീർഘകാല രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ ഇതിന് പ്രധാന കാരണങ്ങളായി ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

(ബി) മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണവും സൗകര്യങ്ങളും വർധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 11 മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വൃക്കരോഗികളുടെ പ്രധാന ചികിത്സ മാർഗമായ ഡയാലിസിസ് (Hemodialysis and peritoneal dialysis) എല്ലാ ജില്ലകളും വിവിധ കേന്ദ്രങ്ങളിലായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തരം സൗജന്യമായി നൽകി വരുന്നുണ്ട്. വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർധനവിനെതുടർന്ന് ആരോഗ്യവകുപ്പ് ഡയാലിസിസ് പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ

കോളേജുകളിലും വൃക്ക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്.

(സി) ഡയാലിസിസ് ലാബ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണത്തിലെ കുറവ് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വിവിധ മെഡിക്കൽ കോളേജുകളിലായി 28 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈ 28 തസ്തികകളിലും സമയബന്ധിതമായിത്തന്നെ പി.എസ്.സി. നിയമന ശിപാർശ നൽകുകയും ഉദ്യോഗാർഥികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത തസ്തികകളിൽ ഒഴിവുകളില്ല. ഇതുകൂടാതെ ആശുപത്രി വികസന സമിതികൾ വഴി ടി വിഭാഗത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ഡി) ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നെഫ്രോളജി വിഭാഗത്തിലെ എൻടി കേഡർ ടെക്നീഷ്യൻ തസ്തിക ലാബ് അസിസ്റ്റന്റ് ഡയാലിസിസ് ആണ്. ആയതിന്റെ സ്ഥാനക്കയറ്റ തസ്തികയാണ് ഡയാലിസിസ് ടെക്നീഷ്യൻ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ ഡയാലിസിസ് ലാബ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ സേവനം ലഭ്യമാണ്. നെഫ്രോളജി വിഭാഗത്തിന്റെ

പ്രവർത്തനം പൂർണ്ണതോതിലുള്ള മെഡിക്കൽ കോളേജുകളിൽ എല്ലാംതന്നെ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനം

197(2272) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 166,04,51,850 രൂപ അനുവദിച്ചിട്ടുണ്ട്. 24-01-2020-ലെ സ.ഉ.(സാധാ) 181/2020/ആ.കു.വ പ്രകാരം കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി ധനസഹായത്തോടെ 124.95 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും ആയതിന്റെ തുടർവികസന പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരികയും ചെയ്യുന്നുണ്ട്. എം.എൽ.എ. ഫണ്ടായി 37,60,000 രൂപയും ഇക്കാലയളവിൽ കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്

മെഡിക്കൽ കോളേജുകൾക്കും ജില്ലാ ആശുപത്രികൾക്കും ശസ്ത്രക്രിയാ ഉപകരണങ്ങൾ

198(2273) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കും ജില്ലാ ആശുപത്രികൾക്കും ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും എത്ര തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ?

വിവിധ പദ്ധതികൾപ്രകാരം ആശുപത്രികൾക്ക് അനുവദിച്ചുനൽകുന്ന തുകയിൽനിന്ന് ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശ്ശിക തുക നല്കി വരുന്നു. നിലവിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ 90,82,86,532 (തൊണ്ണൂറു കോടി എൺപത്തി രണ്ടു ലക്ഷത്തി എൺപത്തി ആറായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ടു രൂപ മാത്രം) രൂപ മെഡിക്കൽ കോളേജുകൾ കുടിശ്ശികയായി കമ്പനികൾക്ക് നൽകാനുണ്ട്.

ജില്ലാ ആശുപത്രികൾ നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ ആശുപത്രി മാവേലിക്കര – 12,00,000/-

2. ജില്ലാ ആശുപത്രി ചെങ്ങന്നൂർ - 42,528/-

3. ജില്ലാ ആശുപത്രി ആലുവ – 27,88,541/-

4. ജില്ലാ ആശുപത്രി വയനാട് - 87,24,138/-

5. ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് - 68,49,055/-

6.ജില്ലാ ആശുപത്രി കണ്ണൂർ - 5,12,08,038/-

7. ജില്ലാ ആശുപത്രി കൊല്ലം - 1,81,00,967/-

8. ജില്ലാ ആശുപത്രി നെടുമങ്ങാട് - 4,10,000/-

(ബി) ഏത് മെഡിക്കൽ കോളേജിനാണ് പ്രസ്തുത കുടിശ്ശിക ഏറ്റവും കൂടുതലുള്ളതെന്നും ആയതിന്റെ തുക എത്രയാണെന്നും അറിയിക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജാണ് ഏറ്റവും കൂടുതൽ തുക കുടിശ്ശിക നൽകാനുള്ളത്. 18,32,09,105 (പതിനെട്ടു കോടി മുപ്പത്തി രണ്ടു ലക്ഷത്തി ഒൻപതിനായിരത്തി നൂറ്റി അഞ്ച് രൂപ മാത്രം) രൂപ കുടിശ്ശികയാണ് കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് നൽകാനുള്ളത്.

(സി) ഏറ്റവുമധികം കുടിശ്ശികയുള്ള മെഡിക്കൽ കോളേജിൽ 2024 ജൂലൈ മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ മാത്രം സർക്കാർ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് 2024 ജൂലൈ മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ മാത്രം 12,93,22,849 (പന്ത്രണ്ട് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒൻപതു രൂപ മാത്രം) രൂപയാണ് കുടിശ്ശികയായി നൽകാനുള്ളത്.

(ഡി) അടിയന്തര ചികിത്സയ്ക്കായി ആവശ്യമുള്ള ഏതൊക്കെ പ്രധാന ഉപകരണങ്ങളുടെ വിതരണമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അടിയന്തര ചികിത്സയ്ക്കായി ആവശ്യമുള്ള ഉപകരണങ്ങളുടെ വിതരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശസ്ത്രക്രിയാ ഉപകരണങ്ങളുടെ വിതരണക്കാരുടെ സംഘടനയായ ചേംബർ ഓഫ് ഡിസ്ട്രിബ്യൂട്ടേഴ്സ് ഓഫ് മെഡിക്കൽ ഇംപ്ലാന്റ്സ് ആൻഡ് ഡിസ്പോസബിൾസ്

എന്തൊക്കെ ആവശ്യങ്ങളാണ് സർക്കാരിനോട് ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശസ്ത്രക്രിയാ ഉപകരണങ്ങൾ നല്കിയ വകയിൽ തുക ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ചേംബർ ഓഫ് ഡിസ്ട്രിബ്യൂട്ടേഴ്സ് ഓഫ് മെഡിക്കൽ ഇംപ്ലാന്റ്സ് ആൻഡ് ഡിസ്പോസബിൾസ് എന്ന സംഘടന നിവേദനം നൽകിയിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും മനുഷ്യവിഭവശേഷിയുമാണ് സർക്കാർ നൽകിവരുന്നത്. വിവിധ പദ്ധതികൾപ്രകാരം ആശുപത്രികൾക്ക് അനുവദിച്ചുനൽകുന്ന തുകയിൽനിന്ന് ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ സ്ഥലംമാറ്റം

199(2276) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അധ്യാപകർക്ക് കാസർഗോഡ് മെഡിക്കൽ കോളേജിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലംമാറ്റം അനുവദിച്ചതിനെത്തുടർന്ന് പ്രസ്തുത അധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ നേരിടുന്ന പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ ഇപ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലം മാറ്റുന്നത് ചികിത്സ സംവിധാനങ്ങളെ ദോഷകരമായി

ബാധിക്കുമെന്നതിനാൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നോൺ ക്ലിനിക്കൽ വിഭാഗം അധ്യാപകരെയാണ് ജോലിക്രമീകരണ വ്യവസ്ഥയിൽ 3 മാസക്കാലയളവിലേയ്ക്ക് അല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച്/നിലവിലുള്ള തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നത് ഏതാണോ ആദ്യം വരുന്നത് എന്ന നിലയിലാണ് നിയമിച്ചിട്ടുള്ളത്.

(സി) കാസർഗോഡ് ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ആവശ്യാനുസരണം അധ്യാപകരുടെ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കാസർഗോഡ്, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പര്യാപ്തമായത്ര ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 09-04-2020-ലെ G.O(Ms)No. 62/2020/ആ.കു.വ പ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിൽ 273 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർധിപ്പിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലെ രോഗികളുടെ വർധനവ് കണക്കിലെടുത്തും പുതിയ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിക്കുന്നതിനുമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും

തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അത് പര്യാപ്തമല്ലാത്തതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളും വിദ്യാർഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങളും ഉൾപ്പെടെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ, ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും ആവശ്യമായി വരുന്നമുറയ്ക്ക് അതത് വർഷങ്ങളിലെ പ്ലാൻ, വികസന പാക്കേജുകൾ തുടങ്ങിയവ വഴി ആവശ്യത്തിന് ഹോസ്റ്റലുകളും, ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 103 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ ഹോസ്റ്റലുകളും, ക്വാർട്ടേഴ്സുകളും വിദ്യാർഥികൾക്കും, ജീവനക്കാർക്കും ഉപയോഗത്തിനായി നൽകി കഴിഞ്ഞു. അതുപോലെ 92 കോടി രൂപ മുടക്കി ഇടുക്കി മെഡിക്കൽ കോളേജിൽ പണിത ഹോസ്റ്റലുകളും നിലവിൽ വിദ്യാർഥികളുടെ ഉപയോഗത്തിനായി നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ട് കൂടാതെ കിഫ്ബി ഫണ്ട് മുഖേനയും ഹോസ്റ്റലുകൾ നിർമ്മിക്കുന്നുണ്ട്. കിഫ്ബി ഫണ്ട് മുഖേന കോന്നി മെഡിക്കൽ കോളേജിൽ 24.66 കോടി രൂപ വിനിയോഗിച്ച് നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടങ്ങൾ വിദ്യാർഥികളുടെ ഉപയോഗത്തിനായി നൽകിയിട്ടുണ്ട്. കാസർഗോഡ്

സർക്കാർ മെഡിക്കൽ കോളേജിൽ കെ.ഡി.പി. ഫണ്ട് മുഖേന 36 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ മറ്റു കോളേജുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളും വിദ്യാർഥികളുടെ ഹോസ്റ്റൽ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ലഭ്യമായ സൗകര്യങ്ങൾ കാലാകാലങ്ങളിൽ നവീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

നഴ്സിംഗ് കോളേജുകളിലെ കരാർ ജീവനക്കാർ

200(2279) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിക്ക് കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ വിവിധ നഴ്സിംഗ് കോളേജുകളിലായി എത്ര കരാർ ജീവനക്കാരുണ്ട്; പേരും തസ്തികയും ലഭ്യമാക്കാമോ?

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സിമെറ്റ്)-ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ 205 ജീവനക്കാർ ജോലി ചെയ്യുവരുന്നു. പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും ഉൾപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനത്തിനുകീഴിൽ വിവിധ ജില്ലകളിലുള്ള നഴ്സിംഗ് കോളേജുകളിലെ സ്ഥിരമോ കരാർ വ്യവസ്ഥയിലോ ഉള്ള ജീവനക്കാരിൽ അവധിയിൽ പ്രവേശിച്ചവരുടെ പേര്, തസ്തിക, എത്ര കാലം അവധിയിലാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്പെഷ്യൽ റൂൾസ് പ്രകാരം സി-മെറ്റിന് കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ അവധിയിൽ പ്രവേശിച്ചവരുടെ പേര്, തസ്തിക, അവധി കാലയളവ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഡയാലിസിസ് ടെക്നിഷ്യൻ തസ്തികകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി

201(2280) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിൽ G.O. (MS)No. 136/2017/H&FWD ഉത്തരവ് പ്രകാരം സൃഷ്ടിച്ച 68 ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികകളിൽ തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചത് വെറും രണ്ട് തസ്തിക മാത്രമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് ആശുപത്രികളിൽ 2 ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയാണ് അനുവദനീയമായിട്ടുള്ളത്. ആയതിന്റെയടിസ്ഥാനത്തിലാണ് തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ 2 ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചിരിക്കുന്നത്.

(ബി) നൂറിൽപ്പരം രോഗികൾക്ക് ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന ഈ ആശുപത്രിയിൽ ജോലിക്ക് കുറഞ്ഞത് 16 ജീവനക്കാർ ആവശ്യമാണെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ തിരുരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 16 ഡയാലിസിസ് മെഷീൻ ഉപയോഗിച്ച് 3 ഷിഫ്റ്റുകളിലായി 81 രോഗികൾക്കാണ് ചികിത്സ നൽകി വരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസ്പ് മുഖേന 7 ഡയാലിസിസ് ടെക്നീഷ്യൻമാരും, 4 നഴ്സിംഗ് ഓഫീസർമാരും, ഇതുകൂടാതെ 4 ഡയാലിസിസ് ടെക്നീഷ്യൻ ടെയിനികളും ജോലി ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് ആശുപത്രികളിൽ 2 ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയാണ് അനുവദനീയമായിട്ടുള്ളത്. ആയതിന്റെയടിസ്ഥാനത്തിലാണ് തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ 2 ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചിരിക്കുന്നത്.

ആലപ്പുഴ ജില്ലയിലെ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് -2 തസ്തികയിലെ ജീവനക്കാരുടെ പ്രൊമോഷൻ

202(2281) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 2018-നുശേഷം ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ പ്രൊമോഷൻ നടത്താത്തത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മറ്റു ജില്ലകളിലെ പ്രസ്തുത തസ്തികയിലെ എല്ലാ ജീവനക്കാരുടെയും പ്രൊമോഷൻ യഥാസമയം നടത്തിയിട്ടും ആലപ്പുഴ ജില്ലയിൽ മാത്രം പ്രൊമോഷൻ നടത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രൊമോഷൻ കാലതാമസം കൂടാതെ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ആരോഗ്യ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- 2 തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1-ന്റെ 55 (അമ്പത്തിയഞ്ച്) തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ജില്ലയിൽ നഴ്സിംഗ് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ, വിരമിക്കൽ എന്നിവമൂലമുണ്ടാകുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ഒഴിവുകൾക്ക് ആനുപാതികമായി യഥാസമയം ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിൽനിന്ന് നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കും ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിൽനിന്ന് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിലേക്കും പ്രൊമോഷൻ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ 2018 മുതൽ ആകെ 265 ജീവനക്കാർക്ക് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ പ്രൊമോഷൻ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിലുണ്ടാകുന്ന ഒഴിവിനനുസരിച്ച് യഥാസമയം നിയമനം നടത്തുന്നുണ്ട്. അവസാനമായി പ്രൊമോഷൻ നടത്തിയത് 01-09-2025-നാണ്. നിലവിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1 തസ്തികയിൽ ഒഴിവുകളില്ല.

പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്ന നടപടി

203(2282) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനുവേണ്ട തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഡോ. സക്കീർ ഹുസൈൻ അരിമ്പയ്ക്ക് തസ്തികമാറ്റം നൽകാൻ നടപടി

204(2283) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് ദന്തൽ കോളേജിൽ പീരിയോഡോന്റിക്സ് ഡിപ്പാർട്ട്മെന്റിൽ ലക്ചറർ തസ്തികയിൽ സൂപ്പർ ന്യൂമററിയായി നിയമിക്കപ്പെട്ട് ജോലി ചെയ്തുവരുന്ന ഡോ. സക്കീർ ഹുസൈൻ അരിമ്പ എന്നയാൾ 2021-ൽ എം.ഡി.എസ്. പൂർത്തിയാക്കിയ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി തസ്തിക മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അപേക്ഷ സമർപ്പിച്ചിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളവർക്ക് പ്രൊമോഷന് അർഹതയില്ലെന്ന് 03-02-2016-ലെ സ.ഉ.(പി)നം. 1/2016/സാ.നീ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും ടിയാൻ വിരമിക്കുന്നതോടെ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ലക്ചറർ തസ്തിക ഇല്ലാതാകുന്ന രീതിയിൽ നിയമനം നൽകിയിട്ടുള്ളതിനാലും ടി ഡോക്ടറെ അസിസ്റ്റന്റ് പ്രൊഫസറായി റീ-ഡെസിഗ്നേറ്റ് ചെയ്യാൻ

കഴിയില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു.

(ബി) സൂപ്പർ ന്യൂമററിയായി ലക്ചറർ തസ്തികയിൽ ജോലി ചെയ്യുവരവെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് തസ്തിക മാറ്റി നൽകിക്കൊണ്ട് സർക്കാർ ആർക്കെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ സമാനമായ രീതിയിൽ ഡോ. സക്കീർ ഹുസൈൻ അരിമ്പ എന്നയാൾക്കും തസ്തിക മാറ്റി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഒ.എ. നം. 1031/2025, ഒ.എ. നം. 1034/2025 എന്നിവയിന്മേലുള്ള 13-06-2025-ലെ പൊതു ഉത്തരവിന്റെയടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഓർത്തോഡോണ്ടിക്സ് വിഭാഗം ലക്ചററായ ഡോ. സുബു. ആർ-നെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പുന:നാമകരണം ചെയ്യുന്നതിന് 08-07-2025-ലെ സ.ഉ. (സാധാ) നം. 1886/2025/ആ.കു.വ. ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂപ്പർ ന്യൂമററി തസ്തികയിൽ സർവീസിൽ പ്രവേശിച്ചവർക്ക് തുടർന്നുള്ള സ്ഥാനക്കയറ്റം, സീനിയോരിറ്റി, നിരീക്ഷണകാലം എന്നിവ സംബന്ധിച്ച വിഷയത്തിലുള്ള ബഹു. സുപ്രീം കോടതിയുടെ 23-05-2025-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ പ്രവേശിച്ചവർക്ക് ടി ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് -II നിയമനം

205(2284) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-

വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള ഫാർമസിസ്റ്റ് ഗ്രേഡ് - II റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർഥികൾക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിലവിലുള്ള ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിൽനിന്നും 26 ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

നിലവിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകൾ ഇല്ല. ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് ആയത് സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം

206(2285) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ എന്തെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാനക്കയറ്റംമൂലം നികത്തേണ്ട ഒഴിവുകൾ അപ്രകാരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എൻ.എച്ച്.എം.-ന് കീഴിലുള്ള എം.എൽ.എസ്.പി. തസ്തികയ്ക്ക് ഇന്റർവ്യൂ പൂർത്തിയായിട്ടുണ്ട്. റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കും, തുടർന്ന് നിയമനം നൽകുന്നതാണ്. ആർ.ബി.എസ്.കെ. നഴ്സിന്റെ നിയമന നടപടികൾ ഉടൻ പൂർത്തീകരിക്കും.

ആരോഗ്യ വകുപ്പിനുകീഴിൽ നിർമ്മിതബുദ്ധിയുടെ ഉപയോഗം

207(2286) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പിനുകീഴിലുള്ള ഏതെങ്കിലും ഓഫീസുകളിൽ നിർമ്മിതബുദ്ധി (എ.ഐ.) ഉപയോഗിക്കാനുള്ള ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരും ഉദ്യോഗസ്ഥരും കൃത്യനിർവഹണത്തിന്റെ ഭാഗമായി നിർമ്മിതബുദ്ധി ഉപയോഗിക്കുന്നതിന് നടപടികൾ പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇന്ത്യയിൽ ആദ്യമായി ജൻറോബോട്ടിക്സ് വികസിപ്പിച്ചെടുത്ത ജി ഗെയ്റ്റർ (റോബോട്ടിക് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള) പ്രവർത്തിച്ചുവരുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നൽകുന്ന ഗെയ്റ്റ് പാറ്റേണുകൾ, ആക്ടീവ്, പാസീവ്, അസിസ്റ്റീവ് മോഡുകൾ ഉൾപ്പെടെയുള്ള

സ്വാഭാവിക ഗെയ്റ്റ് പാറ്റേണുകൾ ഉപയോഗിച്ച് ഏറ്റവും നൂതനമായ ഗെയ്റ്റ് പരിശീലനം ഇത് നൽകുന്നു. ഇത് ഏറ്റവും പഴക്കമുള്ളതും ചലനാത്മകവുമായ പുനരധിവാസം സാധ്യമാക്കുന്ന ഒന്നാണ്. സ്ട്രോക്ക്, നട്ടെല്ലിന് ക്ഷതം, അപകടങ്ങൾ, പാർക്കിൻസൺ രോഗം തുടങ്ങി സമാനമായ മറ്റ് കാരണങ്ങളാൽ ചലനശേഷി നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ നടപടികൾ സാധ്യമാക്കുന്നതിനാണിത് ഉപയോഗപ്പെടുത്തുന്നത്. ആർക്കിടെക്ചർ, ലബോറട്ടറി മാനേജ്മെന്റ്, ഫാർമസി സപ്പോർട്ട് തുടങ്ങി ആശുപത്രികളിൽ എ.ഐ. അടിസ്ഥാനമാക്കിയുള്ള സിസ്റ്റങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. Kerala Health System Improvement Programme പോലുള്ള പദ്ധതികൾ പ്രകാരം എമർജൻസി-ട്രോമാ കെയർ, ഡിജിറ്റൽ ഹെൽത്ത്, ജീവിതശൈലി രോഗനിയന്ത്രണം എന്നിവയിൽ സാങ്കേതികവിദ്യയുടെ ഉപയോഗം ഉറപ്പാക്കുന്നുണ്ട്. Advanced Therapeutics, Diagnostics, Pharmaceutical Supply, Clinical Pharmacy, pharmacovigilance, മെഷീൻ ലേണിംഗ് പരീക്ഷണങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ക്ലിനിക്കൽ ഡിജിറ്റൽ ഹബ്ബുകൾ, അസിസ്റ്റീവ് ടെക്നോളജി, മികച്ച മെഡിക്കൽ ഡിവൈസ് നിർമ്മാണം ഇവ നൂതന സാങ്കേതികവിദ്യയുടെ ഭാഗമാണ്. “Nayanamritham 2.0" സർക്കാർ-നേതൃത്വത്തിലുള്ള AI-assisted chronic eye disease screening program ആണ്. "K-AI Initiative" പോലുള്ള സമഗ്ര AI-സേവന സംയോജനം ലക്ഷ്യമിടുന്ന പദ്ധതികളും നിലനിൽക്കുന്നു. രോഗീപരിചരണത്തിനും രോഗനിർണ്ണയത്തിലും വിവിധങ്ങളായ നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനായുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുണ്ട്. AI

സാങ്കേതികവിദ്യ ഉപയോഗിച്ച് റേഡിയോളജിസ്റ്റിന്റെ സഹായമില്ലാതെതന്നെ സ്ട്രോക്ക് കണ്ടെത്തുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ആരോഗ്യ വകുപ്പിന്റെകൂടി സഹായത്തോടെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഗർഭാശയഗളാർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള പാപ്സ്മിയർ സ്ലൈഡ് പരിശോധന വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള പൈലറ്റ് പ്രോജക്ട് കെ.ഡി.ഐ.എസ്.സി. സഹായത്തോടുകൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഡാറ്റാ വാലിഡേഷൻ പ്രക്രിയ നടന്നുവരികയാണ്. ഭാവിയിൽ കൂടുതൽ നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ പദ്ധതികൾ രോഗനിർണ്ണയത്തിലും രോഗീപരിചരണത്തിലും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് IEC (Information, Education & Communication) പ്രവർത്തനങ്ങൾക്കുള്ള വീഡിയോ, പോസ്റ്റർ, ഇൻഫോഗ്രാഫിക്, ആനിമേഷൻ തുടങ്ങിയവയുടെ നിർമ്മാണത്തിന് ഇന്ന് എ.ഐ. ഉപയോഗിച്ചുവരുന്നുണ്ട്. കെ-ഡിസ്ക് (K-DISC) മുഖേന വികസിപ്പിക്കുന്ന എ.ഐ. (നിർമ്മിതബുദ്ധി) അടിസ്ഥാനമാക്കിയുള്ള സർക്കാർ അംഗീകൃത പദ്ധതികളായ ചാറ്റ്ബോട്ട്, ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീനിംഗ്, ഒ.പി. ടോക്കൺ പ്രവചനം മുതലായവ ഇ-ഹെൽത്ത് പദ്ധതിയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

(സി) നിർമ്മിതബുദ്ധി ഉപയോഗിക്കുന്ന സാഹചര്യത്തിൽ രോഗികളുടെ വ്യക്തിഗത വിവരങ്ങളും തിരിച്ചറിയലും സംരക്ഷിക്കുന്നതിനായി ശക്തമായ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിർമ്മിതബുദ്ധിയെ അടിസ്ഥാനമാക്കിയോ അതുമായി ബന്ധപ്പെട്ടോ

കേന്ദ്രസർക്കാർ പാസാക്കിയിട്ടുള്ള ഡിജിറ്റൽ വ്യക്തിഗത ഡാറ്റാ സംരക്ഷണ നിയമം, 2023 പോലുള്ള നിയമങ്ങൾ ദുർബലമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(സി & ഡി) Digital Personal Data Protection Act, 2023 ഇന്ത്യയിൽ കേന്ദ്രസർക്കാർ 2023-ൽ പാസാക്കിയ ഡാറ്റാ പ്രൈവസി നിയമമാണ്. ഇതിലെല്ലാം personal data ആയി മാത്രം കാണുന്നു. എ.ഐ. അടിസ്ഥാനത്തിലുള്ള സംവിധാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ, രോഗികളുടെ വ്യക്തിഗതവും ആരോഗ്യവുമായി ബന്ധപ്പെട്ടതുമായ വിവരങ്ങളുടെ സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ഹെൽത്തിന്റെ ഡാറ്റ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സൂക്ഷിക്കുന്നു. ആശുപത്രി നെറ്റ്‌വർക്കിലേക്കുള്ള പ്രവേശനം KSWAN, KFON, Railtel VPNOBB, VI MPLS തുടങ്ങിയ സ്വകാര്യ കണക്റ്റിവിറ്റികൾ വഴിയാണ്. കൂടാതെ, SSL, Role Based Access Control, Security Audit, Data Obfuscation, Anonymization, Encryption തുടങ്ങിയ സുരക്ഷാ നടപടികളും നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഡി.എൻ.ബി. കോഴ്സ് ആരംഭിക്കുന്നതിന് നടപടി

208(2287) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഡി.എൻ.ബി. (ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിൽ സർക്കാർ മേഖലയിൽ ഡി.എൻ.ബി കോഴ്സ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ ഡി.എൻ.ബി. കോഴ്സ് ആരംഭിക്കുന്നതിനുള്ള Guideline അനുസരിച്ചുള്ള പ്രൊപ്പോസൽ സർക്കാരിൽ നിലവിൽ പരിഗണനയിലില്ല.

ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ

209(2288) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇനി ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സ്ഥാപനം	പ്രവൃത്തിയുടെ പേര്	നിലവിലെ സ്ഥിതി
അയത്തിൽ ജനകീയാരോഗ്യ കേന്ദ്രം	പുതിയ കെട്ടിട നിർമ്മാണം	പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.
തെക്കും ഭാഗം ജനകീയാരോഗ്യ കേന്ദ്രം	പുതിയ കെട്ടിട നിർമ്മാണം	

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനധികൃത സൗന്ദര്യവർധക ചികിത്സ കേന്ദ്രങ്ങൾ

210(2289) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗന്ദര്യവർധക ചികിത്സയുടെ പേരിൽ അനധികൃത കേന്ദ്രങ്ങൾ വ്യാപകമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സൗന്ദര്യവർധക ചികിത്സ നടത്തുന്ന ചില സ്ഥാപനങ്ങളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

- കോസ്മെറ്റിക് ഹോസ്പിറ്റൽ, തിരുവനന്തപുരം
- കിയാര മെഡിക്കൽ എസ്തെറ്റിക്, തിരുവനന്തപുരം
- Hair Tree Hair Transplantation, എറണാകുളം
- ആൽഫ ഹീൽ (സ്കിൻ ആൻഡ് ഹെയർ), തിരുവനന്തപുരം
- Grace dental and aesthetic clinic എന്ന സ്ഥാപനത്തിന്റെ തൊടുപ്പുഴ, കരുനാഗപ്പള്ളി, കാലിക്കറ്റ് എന്നീ ശാഖകൾ
- ലാ ഡെൻസിറ്റി ഹെയർ ട്രാൻസ്പ്ലാന്റ് സെന്റർ എന്ന സ്ഥാപനത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ശാഖകൾ
- ACTYMED Aesthetics- ഇടുക്കി
- ഗ്ലോ റൂട്ട് ഹെയർ & സ്കിൻ ക്ലിനിക്ക്, എറണാകുളം

(ബി) ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും അനുമതി ആവശ്യമുണ്ടോ; വിശദവിവരം നൽകാമോ?

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് വിധേയമായി പുറപ്പെടുവിച്ച 04-07-2025-ലെ G.O.(Ms)No.186/2025/H&FWD ഉത്തരവ് പ്രകാരം, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ സെക്ഷൻ 16(5) അനുസരിച്ച് ആക്ട് ആരംഭിച്ചതിനുശേഷം സ്ഥാപിതമായ ക്ലിനിക്കൽ സ്ഥാപനങ്ങൾ, അവ സ്ഥാപിതമായ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അടിവയറ്റിലെ കൊഴുപ്പ് നീക്കം ചെയ്യുന്നതിന് നടത്തിയ ശസ്ത്രക്രിയയെ തുടർന്ന് യുവതിക്ക് വിരലുകൾ നഷ്ടമായതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോസ്മെറ്റിക് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിനെതിരെ ലഭ്യമായ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ ഇതുസംബന്ധിച്ച വ്യക്തമായതും കൃത്യമായതുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

- തിരുവനന്തപുരം നന്തൻകോട് സ്ഥിതി ചെയ്യുന്ന കിയാര മെഡിക്കൽ എസ്റ്റെറ്റിക് ക്ലിനിക്കിനെതിരെ ലഭ്യമായ പരാതിയിന്മേൽ സമർപ്പിക്കപ്പെട്ട അന്വേഷണ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

- കേരളത്തിലെ ഹെയർ ട്രാൻസ്പ്ലാന്റ് നടത്തുന്ന ക്ലിനിക്കുകളിലെ ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് എല്ലാ ജില്ലാ രജിസ്റ്ററിങ് അതോറിറ്റികൾക്കും നിർദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരികയാണ്.
- Hair Tree Hair Transplantation എറണാകുളം എന്ന സ്ഥാപനത്തിനെതിരെ ലഭ്യമായ പരാതിയിന്മേൽ ജില്ലാ രജിസ്റ്ററിങ് അതോറിറ്റി മുഖാന്തരം അന്വേഷണം പുരോഗമിക്കുന്നു.
- ആൽഫ ഹീൽ (സ്കിൻ ആൻഡ് ഹെയർ), തിരുവനന്തപുരം എന്ന സ്ഥാപനത്തിനെതിരെ ലഭ്യമായ പരാതി ജില്ലാ രജിസ്റ്ററിങ് അതോറിറ്റി മുഖാന്തരം പരിശോധിച്ചുവരുന്നു.

ആൽഫ ഹീൽ (സ്കിൻ ആൻഡ് ഹെയർ), തിരുവനന്തപുരം, Grace dental and aesthetic clinic എന്ന സ്ഥാപനത്തിന്റെ തൊടുപുഴ, കരുനാഗപ്പള്ളി, കോഴിക്കോട് എന്നീ ശാഖകൾ, La Density Hair Transplant centre എന്ന സ്ഥാപനത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ശാഖകൾക്കും ACTYMED Aesthetics- ഇടുക്കി, Glow root Hair & Skin Clinic എറണാകുളം എന്നീ സ്ഥാപനങ്ങൾക്കെതിരെയും പരാതികൾ ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടത്തുന്നതിന് ജില്ലാ രജിസ്റ്ററിങ് അതോറിറ്റികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) വ്യാജ സൗന്ദര്യവർധക വസ്തുക്കളെയും അനധികൃത കേന്ദ്രങ്ങളെയും

നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 16(1) പ്രകാരം ഈ ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾപ്രകാരം കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ബന്ധപ്പെട്ട അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആക്ടിലെ സെക്ഷൻ 27 പ്രകാരം രജിസ്ട്രേഷൻ ചെയ്യാത്തതിനുള്ള ശിക്ഷയിലെ ഇനം (1) പ്രകാരം രജിസ്ട്രേഷനില്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന ഏതൊരാളും, ആദ്യത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും പിന്നീടുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും തുടർച്ചയായ ലംഘനത്തിന്റെ കാര്യത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ എന്നതിന് വിധേയമായി ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന ഓരോ അധിക ദിവസത്തിനും പതിനായിരം രൂപ പണമായുള്ള പിഴ ശിക്ഷയ്ക്കും ബാധ്യസ്ഥനായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാത്തരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുവേണ്ടിയിട്ടുള്ള മിനിമം സ്റ്റാൻഡേർഡ്സ് 20-04-2023-ൽ SRO 503/2023 വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഒരു ക്ലിനിക്കൽ സ്ഥാപനം സ്ഥിര രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുമ്പോൾ അസ്സെസർമാർ രജിസ്ട്രേഷൻ നൽകുന്നതിനായി സ്ഥാപനങ്ങളിൽ നേരിട്ട് പോയി മിനിമം സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള നിലവാരം നിർണ്ണയിക്കുകയും അസ്സെസർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകി

വരുന്നത്. കൂടാതെ വ്യാജ/അനധികൃത സൗന്ദര്യവർധക വസ്തുക്കൾ കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ സൗന്ദര്യ എന്ന പേരിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിതരണം ചെയ്യുന്ന സൗന്ദര്യവർധക വസ്തുക്കൾ പലതും വ്യാജ നിർമ്മിതവും നിയമപരമല്ലാതെ ഇറക്കുമതി ചെയ്യുന്നതുമാണെന്ന വാർത്തയെത്തുടർന്ന് ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വകുപ്പിലെ എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ സൗന്ദര്യ-PHASE I" എന്ന പേരിൽ 2023 ഫെബ്രുവരി 14 മുതൽ 17 വരെ റെയ്ഡ് നടത്തുകയുണ്ടായി. പ്രസ്തുത റെയ്ഡിൽ, വിവിധ ജില്ലകളിലായി 59 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കോസ്മെറ്റിക്സ് റൂൾ 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള "Misbranded Cosmetics, മതിയായ കോസ്മെറ്റിക്സ് നിർമ്മാണ ലൈസൻസുകളില്ലാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ളതും ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമത്തിലെ യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെ വിപണിയിൽ എത്തിച്ചിരുന്ന 5,09,303 രൂപയോളം വിലപിടിപ്പുള്ള വ്യാജ സൗന്ദര്യവർധക വസ്തുക്കൾ പിടിച്ചെടുക്കുകയും 18 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൗമാരപ്രായക്കാരിലും കുട്ടികളിലും ഫെയ്സ് ക്രീമുകളുടെ അമിത ഉപയോഗംമൂലം ത്വക്ക്, കിഡ്നി സംബന്ധമായ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തിയെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി 2023 സെപ്റ്റംബർ മാസം 29, 30 തീയതികളിൽ ഓപ്പറേഷൻ സൗന്ദര്യ PHASE-II എന്ന പേരിൽ നടത്തിയ റെയ്ഡിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ആകെ 30-ഓളം വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന

നടത്തുകയും, കോസ്മെറ്റിക്സ് റൂൾ 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ളതും, അന്യരാജ്യങ്ങളിൽനിന്ന് അനധികൃതമായി ഇറക്കുമതി ചെയ്തിട്ടുള്ളതുമായ "Misbranded Cosmetics, മതിയായ കോസ്മെറ്റിക്സ് നിർമ്മാണ ലൈസൻസുകളില്ലാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ളതും ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമത്തിലെ യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെ വില്പനയ്ക്കായി സൂക്ഷിച്ചിരുന്നതുമായ 2,50,000 രൂപയോളം വിലപിടിപ്പുള്ള സൗന്ദര്യവർധക വസ്തുക്കൾ പിടിച്ചെടുക്കുകയും 15-ഓളം കേസുകൾ രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്. കൂടാതെ സ്കിൻ ക്രീമുകൾ വിഭാഗത്തിലുൾപ്പെടുന്ന കോസ്മെറ്റിക് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി ഈ സ്ഥാപനങ്ങളിൽനിന്ന് ശേഖരിച്ച് വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിട്ടുമുണ്ട്. പരിശോധനയ്ക്ക് വിധേയമാക്കിയ ലിപ്സ്റ്റിക്, ഫെയ്സ് ക്രീം സാമ്പിളുകളിൽ അനുവദനീയമായതിൽ കൂടുതൽ മെർക്കുറിയുടെ അംശം കണ്ടെത്തിയിരുന്നു.

അന്യരാജ്യങ്ങളിൽനിന്ന് അനധികൃതമായി ഇറക്കുമതി ചെയ്തിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന ഇത്തരം ഉൽപന്നങ്ങൾ ആധികാരികമായ രേഖകളില്ലാതെയാണ് സംസ്ഥാനത്ത് എത്തിക്കുന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സൗന്ദര്യവർധക വസ്തുക്കളുടെ തെറ്റിദ്ധരിപ്പിക്കുന്നതും തെറ്റിദ്ധാരണാജനകവുമായ ലേബലിലെ പരസ്യപ്രചാരണവും ഇത്തരം വസ്തുതകളിൽ പൊതുജനങ്ങൾ ആകൃഷ്ടരാകുകയും ആയതിന്റെ നിയന്ത്രണാതീതമായ ഉപയോഗം വിവിധ ചർമ്മരോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. ബ്രാൻഡഡ് കമ്പനികളുടെ പേരിൽ വ്യാജ

നിർമ്മിതമായ ഇത്തരം ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കാനുള്ള സാഹചര്യവും നിലവിലുണ്ട്. പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്നവിധം വ്യാജ സൗന്ദര്യവർധക വസ്തുക്കളുടെ കുത്തൊഴുക്ക് സംസ്ഥാനത്ത് നിയന്ത്രിക്കേണ്ടത് അനിവാര്യമായതുകൊണ്ടുതന്നെ പരിശോധനകൾ ഊർജിതമാക്കി നിയമം ലംഘിക്കുന്നവർക്കെതിരെ വകുപ്പ് കർശന നടപടികൾ വരുംനാളുകളിലും സ്വീകരിക്കുന്നതാണ്. ഇത്തരം വ്യാജ നിർമ്മിതവും ഗുണനിലവാരമില്ലാത്തതുമായ സൗന്ദര്യവർധക വസ്തുക്കളുടെ ഉപയോഗം ബോധപൂർവ്വം കൈകാര്യം ചെയ്യണമെന്ന് പൊതുജനങ്ങളോടും ആയവ വിൽപനയ്ക്കായി വ്യാപാരികൾ വാങ്ങി സൂക്ഷിക്കുന്നത് നിയമവ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണമെന്നും ഡ്രഗ്സ് കൺട്രോളർ മുഖേന അറിയിപ്പ് നൽകുന്നു.

ഓപ്പറേഷൻ സൗന്ദര്യയുടെ മൂന്നാംഘട്ടത്തിൽ 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുക്കുകയും ഒന്നര ലക്ഷത്തിൽ അധികം രൂപയുടെ സൗന്ദര്യവർധക വസ്തുക്കൾ പിടിച്ചെടുക്കുകയും ചെയ്തു. സംസ്ഥാനത്താകെ 101 സ്ഥാപനങ്ങളിൽ പരിശോധന നടത്തി ലിപ്സ്റ്റിക്, ഫെയ്സ് ക്രീം, ബേബി പൗഡർ, ബേബി സോപ്പ്, ബേബി ഓയിൽ തുടങ്ങിയവ ലാബ് പരിശോധനയ്ക്ക് 59 സാമ്പിളുകൾ അയച്ചു. മതിയായ ലൈസൻസുകളോ 2020-ലെ കോസ്മെറ്റിക്സ് ചട്ടങ്ങളോ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെയാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത്. സൗന്ദര്യവർധക വസ്തുക്കൾ വാങ്ങുന്നവർ അവ ലൈസൻസോടെ നിർമ്മിച്ചതാണോയെന്നും നിർമ്മാതാവിന്റെ വിലാസം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും പരാതിയുള്ളവർക്ക് ടോൾ ഫ്രീ നമ്പർ

18004253182 ഉപയോഗിക്കാവുന്നതാണ്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പദ്ധതികൾ

211(2291) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് 2021 മുതൽ വിവിധ പദ്ധതികൾ പ്രകാരം നടപ്പാക്കിയിട്ടുള്ളതും നടപ്പാക്കി വരുന്നതുമായ വികസന പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

212(2292) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്ന് നിലവിൽ ഏത് ആശുപത്രിയെയാണ് തിരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്ന് വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരുന്നത്. എന്നാൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലപരിമിതിമൂലം പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള ആദ്യഘട്ട പട്ടികയിൽ ടി ആശുപത്രി ഉൾപ്പെട്ടിരുന്നില്ല. ടി മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള മറ്റ് സാധ്യതകൾ പരിശോധിച്ചുവരുന്നു.

ആലത്തൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ

213(2293) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ 2025 വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

നഴ്സിംഗ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള ബസ്സുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

214(2294) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നഴ്സിംഗ് സ്കൂളുകൾക്കാണ് ബസ്സ് അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. ഗവ. നഴ്സിംഗ് സ്കൂൾ, കോട്ടയം

2. ഗവ. നഴ്സിംഗ് സ്കൂൾ, ഇലന്തൂർ, പത്തനംതിട്ട

3. JPHN ട്രെയിനിംഗ് സ്കൂൾ, തൈക്കാട്, തിരുവനന്തപുരം

4. JPHN ട്രെയിനിംഗ് സ്കൂൾ, പെരിങ്ങോട്ടുക്കുറിശ്ശി, പാലക്കാട്

5. ഗവ. നഴ്സിംഗ് സ്കൂൾ, തിരുവനന്തപുരം

6. ഗവ. നഴ്സിംഗ് സ്കൂൾ, തൃശ്ശൂർ

7. ഗവ. നഴ്സിംഗ് സ്കൂൾ, മുട്ടം, ഇടുക്കി

8. JPHN ട്രെയിനിംഗ് സ്കൂൾ, കാസർഗോഡ്

9. ഗവ. നഴ്സിംഗ് സ്കൂൾ, പള്ളിക്കുന്ന്, കണ്ണൂർ

(ബി) ഓരോ സ്കൂളിനും അനുവദിച്ച ബസ്സുകളുടെ സീറ്റ് കപ്പാസിറ്റി, തുക എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കാമോ?

SL No.	Institution Name	Seating	Amount
1	ഗവ. നഴ്സിംഗ് സ്കൂൾ, കോട്ടയം	31	21,75,000/-
2	ഗവ. നഴ്സിംഗ് സ്കൂൾ, ഇലന്തൂർ പത്തനംതിട്ട	31	21,75,000/-
3	JPHN ട്രെയിനിംഗ് സ്കൂൾ തൈക്കാട്, തിരുവനന്തപുരം	31	21,75,000/-

4	JPHN ട്രെയിനിംഗ് സ്കൂൾ, പെരിങ്ങോട്ടുക്കുറിശ്ശി, പാലക്കാട്	53	24,60,000/-
5	ഗവ. നഴ്സിംഗ് സ്കൂൾ, തിരുവനന്തപുരം	43	23,25,000/-
6	ഗവ. നഴ്സിംഗ് സ്കൂൾ, തൃശ്ശൂർ	43	23,25,000/-
7	ഗവ. നഴ്സിംഗ് സ്കൂൾ മുട്ടം, ഇടുക്കി	43	23,25,000/-
8	JPHN ട്രെയിനിംഗ് സ്കൂൾ, കാസർഗോഡ്	25	20,00,000/-
9	ഗവ. നഴ്സിംഗ് സ്കൂൾ, പള്ളിക്കുന്ന്,കണ്ണൂർ	31	21,75,000/-

(സി) കണ്ണൂർ നഴ്സിംഗ് സ്കൂളിന് ബസ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഇല്ലെങ്കിൽ സ്കൂളിന് ബസ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്കൂളിന് ബസ്സ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; വിശദാംശം നൽകാമോ?

(സി-ഇ) ഉണ്ട്. 15-10-2024-ലെ സ.ഉ.(സാധാ)നം. 2451/2024/ആ.കു.വ പ്രകാരം കണ്ണൂർ ഗവ. നഴ്സിംഗ് സ്കൂളിന് 31 സീറ്റുള്ള ബസ്സ് വാങ്ങാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നുവെങ്കിലും ആയതിനുപകരം 43 സീറ്റുള്ള ബസ്സ് അനുവദിക്കാനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

215(2295) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷം മുതൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടന്നിട്ടുള്ളതും ഇനി നടക്കാനിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷൻ ലഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ

216(2297) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്;

(ബി) ഇനി എത്ര എണ്ണം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താനുണ്ട്?

(എ&ബി) സംസ്ഥാനത്തെ തിരഞ്ഞെടുത്ത 885 സ്ഥാപനങ്ങളിൽനിന്നും 740 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 145 സ്ഥാപനങ്ങളെക്കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ദേശീയ ഗുണനിലവാര സൂചികയായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷൻ ലഭിച്ചത്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ? 165 കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് ദേശീയ ഗുണനിലവാര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൂചികയായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ഗാർഹിക പീഡന പരാതി

217(2298) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ വിവേചനങ്ങളില്ലാതാക്കുന്നതിനും അവരുടെ സമഗ്രമായ ശാക്തീകരണം ഉറപ്പാക്കുന്നതിനുമായി ക്രിയാത്മകമായ ഇടപെടലുകളുണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ ഇല്ലാതാക്കുന്നതിനും അവരുടെ സമഗ്രമായ ശാക്തീകരണം ഉറപ്പാക്കുന്നതിനുമായി നിരവധി പരിപാടികളും പദ്ധതികളും വനിത ശിശു വികസന വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഗാർഹിക പീഡന നിരോധന നിയമത്തിന്റെ ഫലമായി നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ ജീവിതങ്ങളിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ടോയെന്ന പരിശോധന നടത്തിയിട്ടുണ്ടോ; ഗാർഹിക പീഡന പരാതിയുമായി എത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും തുടർപിന്തുണ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ?

ഗാർഹിക അതിക്രമങ്ങളിൽനിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. വനിതാ സംരക്ഷണ ഓഫീസർ ഗാർഹിക പീഡന പരാതിയുമായി എത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും തുടർപിന്തുണ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പരാതിക്കാരിൽനിന്നും ലഭിച്ച പരാതി അനുസരിച്ച് നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡെന്റ് റിപ്പോർട്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കുകയും പകർപ്പുകൾ പോലീസ് ഉദ്യോഗസ്ഥൻ, സർവീസ് പ്രൊവൈഡർ എന്നിവർക്ക് നൽകുകയും ചെയ്യുന്നു. പരാതിക്കാരി ആവശ്യപ്പെടുന്നുവെങ്കിൽ അവർക്ക് സുരക്ഷിത ഷെൽട്ടർ ഹോം ലഭ്യമാക്കുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 77 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസസൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യസഹായം, തൊഴിലാധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു.

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് ആരംഭിച്ച പദ്ധതിയാണ് 'രക്ഷാദൂത്'. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ്ആപ്പ് എസ്.എം.എസ്. ഹെൽപ്പ്ലൈനിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമ പരാതികളിൽ കൃത്യമായ ഫോളോഅപ്പും നടത്തി വരുന്നു.

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ തടയുന്നതിനും അതിജീവിതർക്കാവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്നതിനുമായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യ പൊതുയിടങ്ങളിൽ അക്രമത്തിന് ഇരയായ സ്ത്രീകൾക്കും ദുരിതത്തിലായവർക്കും സംയോജിത പിന്തുണയും സഹായവും ഉറപ്പുവരുത്തുന്നതിനായി

നടപ്പാക്കിയിട്ടുള്ള ഏറ്റ ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വൺ സ്റ്റോപ്പ് സെന്റർ. ഏപ്രിൽ 2015-ന് വൺ സ്റ്റോപ്പ് സെന്റർ പദ്ധതി പ്രാബല്യത്തിൽ വന്നു. ഈ പദ്ധതിയുടെ പൂർണ്ണ മേൽനോട്ട ചുമതല വനിതാ ശിശു വികസന വകുപ്പിനാണ്. ആവശ്യമായ സ്ത്രീകൾക്ക് വൈദ്യസഹായം, നിയമസഹായവും നിയമോപദേശവും, താൽക്കാലിക അഭയം, പോലീസ് സേവനം, സൈക്കോ സോഷ്യൽ കൗൺസിലിംഗ് എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും വൺ സ്റ്റോപ്പ് സെന്റർ പ്രവർത്തിക്കുന്നു. നാളിതുവരെ 23,875 സ്ത്രീകൾക്ക് സേവനം നൽകിയിട്ടുണ്ട്. നിലവിൽ 14 ജില്ലകളിലും ഒരു വൺ സ്റ്റോപ്പ് സെന്റർ വീതം പ്രവർത്തിക്കുന്നു. കൂടാതെ എറണാകുളം, കോഴിക്കോട് ജില്ലകളിൽ അഡീഷണൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അക്രമം നേരിടുന്ന സ്ത്രീകളുടെ മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഖി വൺ സ്റ്റോപ്പ് സെന്ററുകളിലെ ജീവനക്കാർക്ക് അടിസ്ഥാനപരവും നൂതനവുമായ പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

അക്രമം നേരിടുന്ന സ്ത്രീകളുടെ മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വൺ സ്റ്റോപ്പ് സെന്ററിലെ ജീവനക്കാർക്ക് അടിസ്ഥാനപരവും നൂതനവുമായ പരിശീലനം ഓൺലൈനായും ഓഫ്‌ലൈനായും നിർഭയ സെൽ മുഖേന നടത്തിവരുന്നു. കൂടാതെ വൺ സ്റ്റോപ്പ് സെന്ററുകൾക്ക് നൂതന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാതല റിവ്യൂ മീറ്റിങ്ങുകളും ഓൺലൈനായി കൃത്യമായ ഇടവേളകളിൽ

നടത്തുന്നുണ്ട്. നിർഭയ സെൽ മുഖേന ഫിസിക്കൽ പരിശീലന പരിപാടികൾ നടത്തിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ക്രഷ് ജീവനക്കാരുടെ ശമ്പളം

218(2299) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിഞ്ചുകുഞ്ഞുങ്ങളെ പരിപാലിച്ചിരുന്ന ക്രഷുകൾ അടച്ചുപൂട്ടി അങ്കണവാടികൾക്ക് കീഴിലാക്കിയപ്പോൾ ക്രഷുകളിലെ ജീവനക്കാരെ മുഴുവൻ സാമൂഹ്യനീതി വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നാഷണൽ ക്രഷ് സ്കീമിനെ മിഷൻ ശക്തി അംബ്രല സ്കീമിലെ പൽന കംപോണന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗനിർദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 304 അങ്കണവാടി-കം-ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം അനുമതി നൽകിയതിനെത്തുടർന്ന് സംസ്ഥാനത്ത് അങ്കണവാടി-കം-ക്രഷ് പദ്ധതി നടപ്പാക്കി 31-08-2024-ലെ സ.ഉ.(സാധാ) 345/2024-വ.ശി.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. നിലവിൽ വകുപ്പിനുകീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 23-01-2025-ലെ സ.ഉ.(സാധാ) 28/2025-വ.ശി.വി.വ നമ്പർ ഉത്തരവ് പ്രകാരം ആയതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. സ്റ്റാൻഡ്-എലോൺ ക്രഷുകളിലെ ജീവനക്കാരിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓപ്ഷൻ ക്ഷണിക്കുകയും സ്കീം മാനദണ്ഡപ്രകാരമുള്ള യോഗ്യതകൂടി കണക്കിലെടുത്ത് അങ്കണവാടി-കം-ക്രഷിന്റെ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് ക്രഷ് ജീവനക്കാർ നൽകിയിട്ടുള്ള ഓപ്ഷനിൽനിന്നും അനുയോജ്യമായ സ്ഥലങ്ങളിൽ അപ്രകാരം നിയമനം നൽകുകയും അല്ലാത്തയിടങ്ങളിൽ പൊതുവായി നിയമനം നൽകി വരികയും ചെയ്യുന്നു.

(ബി) ഇപ്രകാരം പുനർവിന്യസിച്ചപ്പോൾ ജീവനക്കാർക്ക് നേരത്തെ ലഭിച്ചിരുന്ന ശമ്പളം/അലവൻസ് നിരക്കുകൾ കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ സാഹചര്യം വ്യക്തമാക്കാമോ; കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

പൽന സ്കീം പ്രകാരം പ്രവർത്തിച്ചിരുന്ന ക്രഷുകളിലെ വർക്കർ, ഹെൽപ്പർമാർക്ക് പ്രതിമാസ ഓണറേറിയമായി 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതമായി 6,500,3,250 രൂപ അനുവദിച്ച് വന്നിരുന്നു. ഇതുകൂടാതെ ക്രഷുകളിലെ വർക്കർ/ഹെൽപ്പർമാർക്ക് യഥാക്രമം 1000, 500 രൂപ പ്രതിമാസ നിരക്കിൽ സംസ്ഥാന സർക്കാർ അധിക ഓണറേറിയമായി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പുതുക്കിയ കേന്ദ്ര മാനദണ്ഡപ്രകാരം അങ്കണവാടി-കം-ക്രഷ് സ്കീമിലെ ക്രഷ് വർക്കർ/ ഹെൽപ്പർമാർക്ക് യഥാക്രമം 5500, 3000 രൂപ മാത്രമാണ് പ്രതിമാസ ഓണറേറിയമായി നിലവിൽ അനുവദനീയമായിട്ടുള്ളത്.

കേരളത്തിന്റെ ജീവിത നിലവാരവും ക്രഷ് വർക്കർ, ഹെൽപ്പർമാർ നൽകുന്ന സേവനവും പരിഗണിക്കുമ്പോൾ ടി ഓണറേറിയം തുക കുറവായതിനാൽ ആയത് വർധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ വിഹിതംകൂടി ഉൾപ്പെടുത്തി അങ്കണവാടി-കം-ക്രഷിലെ വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയം വർധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ക്രഷുകളിലെ അധ്യാപകർക്കും ആയമാർക്കും എത്ര തുക വീതമാണ് ഇപ്പോൾ ശമ്പളം നൽകുന്നതെന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാനം വിഹിതവും എത്ര വീതമാണെന്നും വ്യക്തമാക്കുമോ; നിലവിൽ ജീവനക്കാർക്ക് നൽകാനുള്ള ശമ്പള കുടിശ്ശിക എത്രയാണെന്നും ഇത് എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?

അങ്കണവാടി-കം-ക്രഷ് സ്കീമിലെ ക്രഷ് വർക്കർ, ഹെൽപ്പർമാർക്ക് യഥാക്രമം 5,500, 3,000 രൂപ മാത്രമാണ് പ്രതിമാസ ഓണറേറിയമായി നിലവിൽ അനുവദനീയമായിട്ടുള്ളത്. അതിലുൾപ്പെട്ടിട്ടുള്ള കേന്ദ്ര-സംസ്ഥാന വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ജീവനക്കാർ	അനുവദിക്കുന്ന പരമാവധി പ്രതിമാസ ഓണറേറിയം	കേന്ദ്ര വിഹിതം (60 ശതമാനം)	സംസ്ഥാന വിഹിതം (40 ശതമാനം)
അങ്കണവാടി കം ക്രഷ്- ക്രഷ് വർക്കർ	5,500	3,300	2,200
അങ്കണവാടി കം ക്രഷ്- ക്രഷ് ഹെൽപ്പർ	3,000	1,800	1,200

നിലവിൽ പ്രവർത്തനം ആരംഭിച്ച അങ്കണവാടി-കം-ക്രഷുകളിലെ വർക്കർ/ഹെൽപ്പർമാർക്ക് 2025 ആഗസ്റ്റ് മാസം വരെയുള്ള ഓണറേറിയം ഗ്രാന്റ് നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ക്രഷുകൾക്ക് 31-03-2025 വരെ

ഓണറേറിയം ഉൾപ്പെടെയുള്ള കുടിശ്ശിക ഗ്രാന്റ് ഇനത്തിൽ അനുവദിച്ച് നൽകേണ്ട കേന്ദ്ര വിഹിതമായ 6,32,16,019 രൂപ (60 ശതമാനം) ലഭ്യമാകേണ്ടതുണ്ട്. കേന്ദ്ര റിലീസ് ലഭ്യമായാലുടൻ ആനുപാതിക സംസ്ഥാന വിഹിതമായ (40 ശതമാനം) 4,21,44,013 രൂപ ഉൾപ്പെടെ കുഷ്യകൾക്ക് അനുവദിച്ച് നൽകുന്നതാണ്.

ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്

219(2300) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആശാവർക്കർമാരുടെ സംയുക്ത ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്ന വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 12-05-2025-ലെ സ.ഉ.(സാധാ)നം 1297/2025/H&FWD ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ആശാവർക്കർമാരുടെ ജോലികൾ ഏകീകരിക്കാനും വേതനം കൃത്യമായി നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007-ലാണ് കേരളത്തിൽ ആശാ പദ്ധതി ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശാ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും ആശമാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രീഷൻ കമ്മിറ്റിയിൽ ആശയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശാ എന്ന രീതിയിൽ നിലവിലുള്ള ആശാ പ്രവർത്തകരെ 2018-ൽ പുന:ക്രമീകരിച്ചു. നിലവിൽ 26,125 പേർ 14 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ആശമാർക്ക് നൽകിവരുന്ന വിവിധ ഇൻസെന്റീവുകൾ ലഭിക്കുന്നതിന് ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് എല്ലാ വർഷവും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ള ആർ.ഒ.പി.-യിൽ നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ ദേശീയ ആരോഗ്യ പദ്ധതികളിലെ ഇൻസെന്റീവുകൾ ഏതൊക്കെയെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും എല്ലാ വർഷവും സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഏകീകൃത സർക്കുലർ പുറപ്പെടുവിക്കുന്നുണ്ട്. കൂടാതെ നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന ഓണറേറിയം ഉപാധിരഹിതമായാണ് ആശമാർക്ക് നൽകി വരുന്നത്. സംസ്ഥാന ധനവകുപ്പുമായി ആലോചിച്ച് ആശാ ഓണറേറിയം നിലവിൽ കൃത്യമായി നൽകി വരുന്നു. ആശമാർക്ക് നൽകി വരുന്ന ഇൻസെന്റീവുകൾ 60:40 കേന്ദ്ര സംസ്ഥാന ആനുപാതികത്തിലാണ്. കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് ഇൻസെന്റീവുകളും ആശമാർക്ക് കൃത്യമായി നൽകി വരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ അധ്യാപക തസ്തികകൾ

220(2302) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വനിത-

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതിയ എം.ബി.ബി.എസ്. സീറ്റുകൾ ലഭ്യമായതിനെത്തുടർന്ന് ഇവിടെ പുതിയ അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര അധ്യാപക തസ്തികകൾ ഇപ്രകാരം പുതുതായി ആവശ്യമുണ്ടെന്ന് വിശദമാക്കുമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിതമായ സമയത്ത് 273 തസ്തികകൾ 09-04-2020-ലെ G.O(Ms)No.62/2020/H&FWD പ്രകാരം സൃഷ്ടിക്കുകയും ആയതിൽ 50 ശതമാനം തസ്തികകളിൽ നിയമനം നടത്താൻ അനുമതി നൽകുകയും ചെയ്തിരുന്നു. ബാക്കി തസ്തികകൾ റിവൈവ് ചെയ്ത് അതിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഇനി സൃഷ്ടിക്കേണ്ടതായ തസ്തികകളിൽ ടീച്ചിങ് വിഭാഗത്തിൽ 14 പ്രൊഫസർ, 17 അസോസിയേറ്റ് പ്രൊഫസർ, 8 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും, 28 അനധ്യാപക തസ്തികകളും, വയനാട് മെഡിക്കൽ കോളേജിൽ ടീച്ചിങ് വിഭാഗത്തിൽ 8 പ്രൊഫസർ, 8 അസോസിയേറ്റ് പ്രൊഫസർ, 11 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും, 32 അനധ്യാപക തസ്തികകളും ഉൾപ്പെടുന്നു.

(ബി) നിലവിൽ മറ്റ് മെഡിക്കൽ കോളേജുകളിൽനിന്ന് ഇവിടേയ്ക്ക് അധ്യാപകരെ താൽക്കാലികമായി സ്ഥലംമാറ്റി കൊണ്ടുവന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലെ 19 അധ്യാപകരെ

താൽക്കാലിക ജോലി ക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളിൽ നിയമിച്ചിട്ടുണ്ട്.

(സി) എങ്കിൽ എത്ര കാലത്തേക്കാണ് താൽക്കാലിക സംവിധാനം ഏർപ്പെടുത്തുന്നതെന്നും സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജുകളിൽ അവർ നിർവഹിച്ചിരുന്ന അക്കാദമികവും ക്ലിനിക്കലുമായ ജോലികൾ പ്രസ്തുത ട്രാൻസ്ഫർ വഴി തടസ്സപ്പെടാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

മൂന്ന് മാസക്കാലയളവിൽ അല്ലെങ്കിൽ പുതിയ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നത് ഏതാണോ ആദ്യം വരുന്നത് എന്ന നിലയ്ക്കാണ് ജോലിക്രമീകരണം അനുവദിച്ചിരിക്കുന്നത്. നോൺ-ക്ലിനിക്കൽ വിഭാഗങ്ങളിലെ ഡോക്ടർമാർക്ക് മാത്രമാണ് ജോലിക്രമീകരണം നൽകിയിട്ടുള്ളത്. സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജുകളിൽ എൻ.എം.സി. മാനദണ്ഡം പാലിച്ചുകൊണ്ടും അക്കാദമിക്, ക്ലിനിക്കൽ ജോലികളിൽ തടസ്സം വരാത്ത രീതിയിലുമാണ് പ്രസ്തുത ജോലിക്രമീകരണം നൽകിയിട്ടുള്ളത്.

(ഡി) ഇപ്രകാരമുള്ള താൽക്കാലിക സ്ഥലംമാറ്റങ്ങൾ വിദ്യാർഥികളുടെ പഠനം തടസ്സപ്പെടാനും രോഗികളുടെ ചികിത്സ മുടങ്ങാനും കാരണമാകുമെന്ന് കണ്ട് ആവശ്യമായ തസ്തികകൾ എത്രയും വേഗം സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

തിയേറ്റർ ടെക്നീഷ്യൻ/അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ

221(2304) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ എത്ര വീതം തിയേറ്റർ ടെക്നീഷ്യൻ/അനസ്തേഷ്യ ടെക്നീഷ്യൻ അംഗീകൃത അനുവദനീയ തസ്തികകളുണ്ടെന്ന വിവരം സ്ഥാപനത്തിന്റെ പേര്, തസ്തികകളുടെ എണ്ണം, പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ എത്ര ആളുകൾ തിയേറ്റർ ടെക്നീഷ്യൻ/ അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിൽ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 61 അനസ്തേഷ്യ/തിയേറ്റർ ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത തസ്തികകളിൽ, നിലവിൽ 3 ഒഴിവുകളുണ്ട്. ആയതിൽ 2 ഒഴിവുകൾ പി.എസ്.സി.-ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒരൊഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമെ, ആശുപത്രി വികസന സമിതിയുടെ കീഴിൽ തിയേറ്റർ ടെക്നീഷ്യൻ/അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിൽ 17 താൽക്കാലിക ജീവനക്കാരും സേവനമനുഷ്ഠിക്കുന്നു. ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നില്ല. സമയബന്ധിതമായിത്തന്നെ ഒഴിവുകൾ ഇ-വേക്കൻസി (e-vacancy) മുഖാന്തരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹോമിയോ കോളേജ് അനുവദിക്കുന്നത്

222(2305) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ജൂൺ 22-ലെ ഡബ്ല്യു.പി.(സി)1464 ഓഫ് 2019 നമ്പർ കേസിന്മേൽ കേരള ഹൈക്കോടതി വിധിപ്രകാരം ചക്കാല നായർ സമുദായത്തിന് ഹോമിയോ മെഡിക്കൽ കോളേജ് അനുവദിക്കുന്നതുസംബന്ധിച്ച അപേക്ഷ ആയുഷ് വകുപ്പ് സെക്രട്ടറി പരിശോധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കോടതി വിധിപ്രകാരം പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരണം വ്യക്തമാക്കാമോ?

പുതിയ ഹോമിയോ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി എൻ.ഒ.സി. ലഭ്യമാക്കാൻ അപേക്ഷിച്ചുകൊണ്ട് ആൾ കേരള ചക്കാല നായർ/ചക്കാല സമുദായ സംഘം ട്രസ്റ്റ് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ, WP(C) 1464/2019-ലെ 22-06-2020-ലെ വിധിന്യായം പ്രകാരം പരിശോധിച്ച്, 08-09-2020-ലെ സ.ഉ.(സാധാ)നം.324/2020/ആയുഷ് നമ്പർപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

മലപ്പുറം ജില്ലയിലെ ഹോമിയോപ്പതി ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ

223(2306) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആകെ എത്ര ഹോമിയോപ്പതി ഡിസ്പെൻസറികളാണുള്ളതെന്ന് വിശദമാക്കാമോ?

സർക്കാർ ഹോമിയോ ഡിസ്പെൻസറി - 67

സർക്കാർ ഹോമിയോ ആശുപത്രി - 4

(ബി) മലപ്പുറം ജില്ലയിൽ ഹോമിയോപ്പതി ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

1 (ഒന്ന്)

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഫാർമസിസ്റ്റ് തസ്തികയിലെ ഒരു ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രി

224(2307) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രിയെ താലൂക്കാസ്ഥാനാശുപത്രിയായി ഉയർത്തണമെന്ന നിർദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രിയെ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തണമെന്ന നിർദേശം നിലവിൽ സർക്കാരിൽ ലഭിച്ചിട്ടില്ല. അത്തരത്തിൽ നിർദേശം ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഹോമിയോ ഫാർമസിസ്റ്റ് തസ്തിക

225(2308) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിലെ ഡിസ്പെൻസറികൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളിലും നിശ്ചിത യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഹോമിയോപ്പതി വകുപ്പിലെ ഡിസ്പെൻസറികൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള 743 സ്ഥാപനങ്ങളിലായി 603 ഫാർമസിസ്റ്റ് തസ്തികകളുണ്ട്. ആയതിൽ 42 തസ്തികകളിൽ ഒഴിവ്

നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഹോമിയോ ഫാർമസിസ്റ്റുകളില്ലാത്ത സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഹോമിയോ ഫാർമസിസ്റ്റ് തസ്തികകളില്ലാത്ത സ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ച ഡിസ്പെൻസർ വിഭാഗത്തിൽപ്പെട്ട ജീവനക്കാരാണ് മരുന്ന് വിതരണം ചെയ്യുന്നത്. റെഗുലർ ഫാർമസിസ്റ്റ്/ഡിസ്പെൻസർ ഇല്ലാത്ത സ്ഥാപനങ്ങളിൽ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പുതുതായി ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നത് തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ആയുർവേദ സർവകലാശാല

226(2309) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ-സി) കോട്ടക്കലിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല

സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ആയുർവേദ സർവകലാശാല തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

ചെറുവട്ടൂർ ആയുർവേദ ആശുപത്രി

227(2310) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

(എ&ബി) എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിൽ നിലവിൽ 10 കിടക്കകളോടെ പ്രവർത്തിച്ചുവരുന്ന ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ 18-01-2025-ൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചിരുന്നു.

ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുമ്പോൾ ഭാരതീയ ചികിത്സാ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം 11 അധിക തസ്തികകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും, ടി ആശുപത്രിയുടെ സമീപ പ്രദേശത്ത് കിടത്തി ചികിത്സ സൗകര്യമുള്ള മറ്റ് മൂന്ന് സർക്കാർ ആയുർവേദ ആശുപത്രികളുള്ള സാഹചര്യത്തിലും, എറണാകുളം ജില്ലയിലെ ചെറുവട്ടൂർ സർക്കാർ

ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മാവിളക്കടവിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവേദ ആശുപത്രി

228(2311) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ മാവിളക്കടവിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ നിലവിൽ ഒ.പി. വിഭാഗം മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) രോഗികളെ കിടത്തി ചികിത്സ നടത്തുന്നതിന് ഏതൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

ആയുർവേദ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കുന്നതിനോടൊപ്പം ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ പുതിയ തസ്തികകൾകൂടി സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യകതയിൽ ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാപന പരിശോധന നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി

തീരുമാനം, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ലഭ്യമാക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തെ ആശുപത്രിയായി ഉയർത്തുന്നതിനുള്ള ശിപാർശ വകുപ്പ് മേധാവി സർക്കാരിലേക്ക് നൽകുകയും ടി പ്രൊപ്പോസൽ വിശദമായി വിലയിരുത്തി ആവശ്യകത പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം

229(2312) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ ഫണ്ട് അനുവദിച്ച ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണത്തിനായി 2023-24 സാമ്പത്തിക വർഷം ആയുഷ് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും 2,11,50,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കേണ്ടത് പൊതുമരാമത്ത് വകുപ്പ് മുഖാന്തരമാണ്. പ്രസ്തുത പ്രവൃത്തിക്കായുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഭാരതീയ ചികിത്സാ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും തുടർനടപടികൾ സ്വീകരിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) ഗുരുവായൂർ ആയുർവേദാശുപത്രിക്ക് 2023-ൽ ആരോഗ്യവകുപ്പിന്റെ പ്ലാൻ

ഫണ്ടിൽനിന്നും അനുവദിച്ച 2.11 കോടി രൂപ ആശുപത്രി കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി അടങ്കൽ തുകയായ 400 ലക്ഷം രൂപയിൽ, ആദ്യഘട്ടമായി 2,11,50,000 രൂപയാണ് 2023-24 സാമ്പത്തിക വർഷത്തിലെ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചത്. ടി ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങളിൽ ഫൗണ്ടേഷന്റെ ഭാഗമായി പൈൽ ഫൗണ്ടേഷൻ ചെയ്യുന്നതിന് ആകെ 104 പൈൽ ആവശ്യമാണെന്നും ഇപ്പോൾ ലഭ്യമായിരിക്കുന്ന പ്ലാൻ ഫണ്ടിലെയും, 2017-18 സാമ്പത്തിക വർഷത്തെ ബഹു. ഗുരുവായൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം ലഭ്യമായ 72,62,000 രൂപയും വിനിയോഗിച്ച് ആകെ 55 പൈലുകളുടെ നിർമ്മാണം മാത്രമാണ് പൂർത്തീകരിക്കാൻ സാധിക്കുന്നതെന്ന് ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ഉപയോഗിച്ച് ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർണ്ണമായി ചെയ്യുന്നതിന് അപര്യാപ്തമാണെന്നാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്നത്.

ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തിക

230(2313) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പിനുകീഴിൽ 709 ഹോമിയോ

ഡിസ്പെൻസറികളിലും 34 ആശുപത്രികളിലും 407 എൻ.എച്ച്.എം. ഡിസ്പെൻസറികളിലും 29 എസ്.സി. ഡിസ്പെൻസറികളിലും 3 ഫ്ലോട്ടിംഗ് ഡിസ്പെൻസറികളിലും 4 മൊബൈൽ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തികയുണ്ടോയെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

ഹോമിയോപ്പതി വകുപ്പിനുകീഴിലെ സർക്കാർ സ്ഥാപനങ്ങളിലായി ആകെ 603 ഫാർമസിസ്റ്റ് റെഗുലർ തസ്തികകളുണ്ട്. എൻ.എച്ച്.എം., എസ്.സി., ഫ്ലോട്ടിംഗ്, മൊബൈൽ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തികകളില്ല.

(ബി) മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങളിൽ നിലവിൽ റെഗുലർ ഫാർമസിസ്റ്റ് തസ്തികയില്ലാത്തവയിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

ഹോമിയോ ഫാർമസിസ്റ്റുകളുടെ റെഗുലർ തസ്തികയില്ലാത്ത 91 സ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ച ഡിസ്പെൻസർമാരാണ് മരുന്ന് വിതരണം ചെയ്യുന്നത്. വകുപ്പിൽ റെഗുലർ ഫാർമസിസ്റ്റ്/ഡിസ്പെൻസർ ഇല്ലാത്ത 50 സ്ഥാപനങ്ങളിൽ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പുതുതായി ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ആയുർവേദ ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

231(2314) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യം നിന്നുപോകുന്ന ആയുർവേദ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും ആയുർവേദ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

വ്യാവസായിക പ്രാധാന്യമുള്ളതും അന്യം നിന്നുപോകുന്നതുമായ ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനും, കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഔഷധസസ്യ ബോർഡ് സംസ്ഥാനത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഔഷധസസ്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലായി 10-ഓളം ഔഷധസസ്യ ഉദ്യാനങ്ങൾ പൂർത്തീകരിക്കുകയും, 27 വിദ്യാലയങ്ങളിൽ ഔഷധസസ്യ ഉദ്യാനങ്ങൾ നിർമ്മിക്കുകയും ഔഷധസസ്യ സംരക്ഷണവും, ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ഔഷധിയുടെ കുട്ടനെല്ലൂർ ഫാക്ടറിയോട് അനുബന്ധിച്ചുള്ള ഭൂമിയിലും, കണ്ണൂർ ജില്ലയിലെ പരിയാരത്ത് പാട്ടത്തിന് അനുവദിച്ചിട്ടുള്ള ഭൂമിയിലും ഗണ്യമായ തോതിൽ കേന്ദ്ര-സംസ്ഥാന ഔഷധസസ്യ ബോർഡുകളുടെ ധനസഹായത്തോടെ വിവിധ പ്രോജക്ടുകളിലായി വിപുലമായ തോതിൽ ഔഷധസസ്യ കൃഷിയും നടത്തി വരുന്നുണ്ട്. ഏകദേശം 70-ഏക്കറോളം സ്ഥലം ഇത്തരത്തിൽ ഔഷധസസ്യ കൃഷിക്കായും, ഔഷധസസ്യ നഴ്സറി, ഡെമോൺസ്ട്രേഷൻ ഗാർഡൻ, ഔഷധസസ്യ വിജ്ഞാന-വ്യാപനകേന്ദ്രം തുടങ്ങിയവയുടെ സജ്ജീകരണത്തിനുമായും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ടി ഭൂമിയിൽ ഔഷധ ഗുണമുള്ള

മുപ്പതിനായിരത്തിൽപ്പരം മരങ്ങൾ/ഔഷധ സസ്യങ്ങൾ പരിപാലിച്ചുവരുന്നുണ്ട്. ഇതോടനുബന്ധിച്ചുള്ള ഔഷധസസ്യ നഴ്സറികളിൽ ഒരു ലക്ഷത്തോളം ഔഷധസസ്യങ്ങൾ മിതമായ നിരക്കിൽ സ്കൂൾ/കോളേജ് വിദ്യാർഥികൾ, സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം നടത്തിവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം അടക്കമുള്ള വിവിധ പ്രോജക്ടുകളിലേക്കായും അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പദ്ധതി പ്രദേശത്തേക്കും ഔഷധസസ്യങ്ങൾ ഔഷധി ഉൽപാദിപ്പിച്ച് നൽകുന്നുണ്ട്. ഔഷധസസ്യങ്ങളെക്കുറിച്ച് ഭാവി തലമുറയ്ക്കിടയിൽ അവബോധം വളർത്തുന്നതിനായി “ഔഷധസസ്യ വിജ്ഞാന വ്യാപന കേന്ദ്ര" എന്ന നിലയിൽ ഔഷധസസ്യങ്ങളുടെ പ്രദർശന തോട്ടവും ഔഷധി സജ്ജീകരിച്ചിട്ടുണ്ട്.

(ബി) മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് എത്ര ഔഷധസസ്യ നഴ്സറികളും ഗവേഷണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 5 മാതൃക നഴ്സറികളും, 5 ചെറുകിട നഴ്സറികളും ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്നുണ്ട്. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസ്, കേരള വനഗവേഷണ കേന്ദ്രം, ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള യൂണിവേഴ്സിറ്റി ബോട്ടണി ഡിപ്പാർട്ട്മെന്റ്, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി എന്നീ ഗവേഷണ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കായി

ഔഷധ സസ്യബോർഡ് ഫണ്ടുകൾ നൽകിയിട്ടുണ്ട്.

(സി) ഔഷധസസ്യങ്ങളുടെ ശേഖരണം, കൃഷി, വിതരണം എന്നിവ വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ?

കർഷകർ ഉൽപാദിപ്പിക്കുന്ന ഔഷധസസ്യങ്ങൾ ശേഖരിക്കുന്നതിനും ഉണക്കി സൂക്ഷിക്കുന്നതിനുമായി ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ ജില്ലകളായി 4 സംഭരണകേന്ദ്രങ്ങളും 4 ഉണക്ക് പുരകളും 3 ശേഖരണ കേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. ഔഷധി 2023-ൽ ഉദ്ദേശം 4 ഹെക്ടർ ഭൂമിയിലും, 2024-ൽ ഉദ്ദേശം 3.25 ഹെക്ടർ ഭൂമിയിലും ഔഷധസസ്യ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. ഈ വർഷം 5 ഹെക്ടർ ഭൂമിയിലേക്കുകൂടി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഔഷധസസ്യങ്ങളുടെ വിത്തുകൾ ശേഖരിക്കുന്നതിനും കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും വിത്തുസംഭരണ വിതരണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഔഷധസസ്യങ്ങളുടെ വിത്തുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കർഷകർ ശേഖരിക്കുന്ന വിത്തുകൾ സൂക്ഷിക്കുന്നതിനുമായി രണ്ട് വിത്ത് സംഭരണ കേന്ദ്രങ്ങൾക്ക് (ഫോറസ്ട്രി കോളേജ്, തൃശ്ശൂർ, കേരള സർവകലാശാല ബോട്ടണി ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം) ഔഷധസസ്യ ബോർഡ് ധനസഹായം നൽകിയിട്ടുണ്ട്.

(ഇ) ആയുർവേദ മേഖലയിലെ സ്ഥാപനങ്ങൾ, അഭ്യുദയകാംക്ഷികൾ, സന്നദ്ധസംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന്

ആയുർവേദ ഔഷധ കൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർ, കർഷക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സംഘങ്ങൾ എന്നിവരിലൂടെ ഔഷധ നിർമ്മാതാക്കളുമായി മുൻക്കൂട്ടി തയ്യാറാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 700-ൽപ്പരം കർഷകരിലൂടെ 800 ഹെക്ടറിൽ വിവിധങ്ങളായ ഔഷധസസ്യങ്ങളുടെ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധസസ്യങ്ങൾ വാങ്ങുന്നതിനായി 35-ഓളം ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട്. ഔഷധസസ്യ ബോർഡിന്റെ നേതൃത്വത്തിൽ മറ്റത്തൂർ ലേബർ സൊസൈറ്റിയുമായി സഹകരിച്ചുകൊണ്ട് തൃശ്ശൂർ, ആലപ്പുഴ, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നീ ജില്ലകളായി ഏകദേശം 100-ഓളം ഹെക്ടറിൽ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചുകൊണ്ട് 2025-26 സാമ്പത്തിക വർഷം വിപുലമായ രീതിയിൽ കുറുന്തോട്ടി കൃഷി നടപ്പിലാക്കിവരുന്നു.

മൊഗ്രാൽ ഗവ. യുനാനി ആശുപത്രി

232(2315) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിയിൽനിന്നും നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറിയിൽ ഒ.പി. ചികിത്സ, ലാബ് സൗകര്യങ്ങൾ, തെറാപ്പി യൂണിറ്റ് (ഫീമെയിൽ & മെയിൽ), ഫിസിയോ

തെറാപ്പി യൂണിറ്റ്, മൈനർ ഓപ്പറേഷൻ തീയേറ്റർ, ഹിജാമ ചികിത്സാ, റെജിമെന്റൽ തെറാപ്പി (ഇലാജ് ബിൽ തദ്ബീർ) എന്നീ സേവനങ്ങൾ നിലവിൽ നൽകി വരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ശരാശരി പ്രതിദിന ഔട്ട് പേഷ്യന്റ് എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഡിസ്പെൻസറിയിലെ ശരാശരി പ്രതിദിന ഔട്ട് പേഷ്യന്റ് 95 ആണ്.

(സി) പ്രസ്തുത ആശുപത്രിയെ കിടത്തി ചികിത്സ നൽകുന്ന ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മൊഗ്രാൽ സർക്കാർ യൂനാനി ഡിസ്പെൻസറി 10 ബെഡ് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടി കുമ്പള ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി തീരുമാനം ലഭ്യമായതിന്റെയടിസ്ഥാനത്തിൽ ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശാനുസരണം കാസർഗോഡ് ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാപനം സന്ദർശിച്ച് റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി കിച്ചൻ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി നിർമ്മിച്ച രണ്ട് നില കെട്ടിടത്തിന്റെ ഉദ്ഘാടനം 12-08-2022-ൽ നിർവഹിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിൽ നിലവിൽ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത തെറാപ്പി യൂണിറ്റുകൾക്കായി നിലവിൽ ഡിസ്പെൻസറിയുടെ ഒ.പി. പ്രവർത്തിക്കുന്ന പഴയ കെട്ടിടത്തിന്റെ മുകളിൽ ഒരുനിലകൂടി കെട്ടിട സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾകൂടി പൂർത്തിയാക്കേണ്ടതുണ്ടെന്നും പ്രസ്തുത സൗകര്യം ലഭ്യമായശേഷം മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറിയെ 10 ബെഡ് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ

സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്നും ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കാരുണ്യ ഫാർമസിയിൽനിന്നുള്ള മരുന്ന് വിതരണം

233(2316) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി മുൻകൂർ പണമടച്ചിട്ടും കാരുണ്യ ഫാർമസിയിൽനിന്ന് മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ പദ്ധതികൾ വഴി നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ കീഴിൽ തൃശ്ശൂർ ഡിപ്പോവഴി തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കും കൊല്ലം ഡിപ്പോവഴി ബാക്കി 11 ജില്ലകളിലേയ്ക്കും യുദ്ധകാലാടിസ്ഥാനത്തിൽ മരുന്നുകൾ വിതരണം ചെയ്തുവരുന്നു. എൽ.എസ്.ജി.ഡി. പദ്ധതിപ്രകാരം മരുന്ന് വിതരണത്തിനായി 1,47,57,77,349 രൂപ കോർപ്പറേഷന്റെ അക്കൗണ്ടിൽ കൈമാറിയിട്ടുള്ളതിൽ 1,13,40,35,765 രൂപയുടെ മരുന്നുകൾ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിതരണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) സർക്കാർ ഫണ്ടിൽ നിർധന രോഗികൾക്ക് സൗജന്യമായി നൽകേണ്ട മരുന്നുകളുടെ വിതരണം തടസ്സപ്പെട്ടിട്ടുള്ള സാഹചര്യം പരിശോധിക്കുമോ?

എൽ.എസ്.ജി.ഡി. പദ്ധതി വഴി ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും തുക കൈമാറിയ

ഇൻവോയ്സുകൾക്ക് ആനുപാതികമായ എല്ലാ മരുന്നുകൾക്കും പർച്ചേസ് ഓർഡർ നൽകി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്നപക്ഷം മറ്റ് കാരുണ്യ ഫാർമസികളിൽനിന്നോ ഡിപ്പോകളിൽനിന്നോ ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജീവിതശൈലീ രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് കാരുണ്യ ഫാർമസികൾ വഴി എത്രയും വേഗം മരുന്ന് വിതരണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ പൊതുജനങ്ങൾക്ക് മരുന്നുകൾ കൃത്യമായി നൽകിവരുന്നു.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ

234(2317) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപയോഗയോഗ്യമല്ലാത്ത എത്ര അങ്കണവാടികളുണ്ട്; ഇവ പുനർനിർമ്മിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപയോഗയോഗ്യമല്ലാത്ത അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലമ്പൂർ നഗരസഭയിൽ വൃന്ദാവനിലെ 63-ാം നമ്പർ അങ്കണവാടിക്ക് പുതിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിടം നിർമ്മിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. ആര്യാടൻ ഷൗക്കത്ത് സമർപ്പിച്ച നിലമ്പൂർ നഗരസഭയിലെ വൃന്ദാവനിലെ 63-ാം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിൽ വിശദമായ അന്വേഷണം നടത്തി നിലമ്പൂർ നഗരസഭയിലെ ചന്തകുന്ന് പ്രദേശത്തെ വൃന്ദാവനിലെ സ്വന്തമായി 10 സെന്റിലധികം സ്ഥലമുള്ള സെന്റർ നമ്പർ. 63 അങ്കണവാടി നിലവിലുള്ള മാനദണ്ഡങ്ങൾ (വകുപ്പ് വിഹിതവും, തദ്ദേശസ്വയംഭരണ വകുപ്പ്/എം.എൽ.എ വിഹിതവും 50:50 അനുപാതത്തിൽ) പാലിച്ചുകൊണ്ട് 2025-26-ലെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിലുൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിച്ച്, വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മലപ്പുറം ജില്ലാതല ഐ.സി.ഡി.എസ്. സെൽ പ്രോഗ്രാം ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽനിന്നും ധനസഹായം ലഭ്യമാകുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

വകുപ്പിൽനിന്നും സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 6 വ്യത്യസ്ത കെട്ടിട നിർമ്മാണ പ്ലാനുകളിൽ വകുപ്പ് വിഹിതവും, തദ്ദേശസ്വയംഭരണ വകുപ്പ്/എം.എൽ.എ വിഹിതവും 50:50 അനുപാതത്തിൽ പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നുണ്ട്. വിശദാംശം അനുബന്ധമായി

ചേർക്കുന്നു.+ വകുപ്പിൽനിന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ MGNREGS പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നുണ്ട്. MGNREGS പദ്ധതിപ്രകാരം യൂണിറ്റ് കോസ്റ്റായ 12 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും, 8 ലക്ഷം രൂപ MGNREGS വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മിഷൻ ഫണ്ടും, വഹിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ PM JANMAN പദ്ധതി പ്രകാരം PVTG ഹാബിറ്റേഷനുകളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 12 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമെ എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, സി.എസ്.ആർ. ഫണ്ട് എന്നിവ ഉപയോഗിച്ചും അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

235(2318) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അങ്കണവാടികളുണ്ടെന്നും പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്രയെണ്ണമുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള അങ്കണവാടികളുടെ എണ്ണം-238-ഉം സ്വന്തമായി കെട്ടിടമില്ലാത്തവ 15-ഉം ആണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

മാവേലിക്കര നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിമയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

236(2319) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ 'സ്മാർട്ട് അങ്കണവാടികൾ' ആയി ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയമസഭാമണ്ഡലത്തിലെ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളായി ഉയർത്തുന്നതിനായി "സക്ഷം പദ്ധതി"-യിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 5 അങ്കണവാടികൾക്ക് ഒരു ലക്ഷം രൂപയുടെ നവീകരണം നടത്തിയിട്ടുണ്ട്.

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ അങ്കണവാടികളിൽ സ്വന്തമായി സ്ഥലമുള്ളവ, കെട്ടിടങ്ങളുള്ളവ, സ്ഥലമില്ലാത്തവ, കെട്ടിടങ്ങളില്ലാത്തവ എന്നിങ്ങനെ ഏതെല്ലാമെന്ന് അറിയിക്കാമോ?

മാവേലിക്കര നിയമസഭാ മണ്ഡലത്തിലുള്ള 233 അങ്കണവാടികളിൽ 111 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്, ബാക്കിയുള്ള 122 അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ലഭ്യമായ 33 അങ്കണവാടികളുണ്ട്. ആയതിൽ 18 എണ്ണത്തിന് വിവിധ പദ്ധതികളിലുൾപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി ലഭ്യമായതും, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമാണ്. സ്വന്തമായി സ്ഥലമില്ലാത്ത 89 അങ്കണവാടികളുണ്ട്. മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികളുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇരവിപുരം നിയോജകമണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ

237(2320) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഇരവിപുരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വർഷം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മുഖത്തല ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള മയ്യനാട് പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ: 40, 1 എന്നീ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇനി ഏതെങ്കിലും അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദമാക്കാമോ?

പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിൽ ലഭ്യമായിട്ടില്ല.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സമ്പൂർണ അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി

238(2321) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത മുഴുവൻ അങ്കണവാടികൾക്കും കെട്ടിട നിർമ്മാണത്തിന് സമ്പൂർണ അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി (2024-25-ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് MGNREGS, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. MGNREGS ഫണ്ട് വിനിയോഗിച്ച് നടത്തേണ്ട കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് MGNREGS മുഖേനയും അവശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. മുഖേനയും തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ MGNREGS പദ്ധതിപ്രകാരം 12 അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചതിൽ ലഭ്യമായ 4 പ്രൊപ്പോസലുകളിൽനിന്നും നാളിതുവരെ 3 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ ശേഷിക്കുന്ന ഒന്നിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എൽ.എസ്.ജി.ഡി. വഴി നിർമ്മാണം നടത്താൻ തീരുമാനിച്ച 6 അങ്കണവാടികളുടെ പ്ലാനും എസ്റ്റിമേറ്റും ചീഫ് എഞ്ചീനിയർ വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണാനുമതി നൽകുന്നതിനാവശ്യമായി മറ്റ് അനുബന്ധ രേഖകൾ പ്രോഗ്രാം ഓഫീസുകളിൽനിന്ന് ഡയറക്ടറേറ്റ് തലത്തിൽ ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടി കം ക്രഷ്

239(2322) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രഷ് പദ്ധതി റദ്ദാക്കി അങ്കണവാടികളുമായി ചേർന്ന് അങ്കണവാടി കം ക്രഷ് പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നാഷണൽ ക്രഷ് പദ്ധതിയിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ ക്രഷുകളെയും അങ്കണവാടി കം ക്രഷ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; മേൽപ്പറഞ്ഞ പദ്ധതിയിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ ജീവനക്കാർക്കും അങ്കണവാടി കം ക്രഷ് പദ്ധതിയിൽ ജോലി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വർഷങ്ങളോളം പ്രവൃത്തി പരിചയമുള്ള ഈ ജീവനക്കാരെ മുഴുവൻ പേരെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നാഷണൽ ക്രഷ് സ്കീമിനെ മിഷൻ ശക്തി അംബ്രല സ്കീമിലെ പൽന കംപോണന്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗനിർദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം അനുമതി നൽകിയതിനെത്തുടർന്ന് സംസ്ഥാനത്ത് അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കി 31-08-2024-ലെ സ.ഉ.(സാധാ)345/2024-വ.ശി.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 170 അങ്കണവാടി കം ക്രഷുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ വകുപ്പിനുകീഴിലെ ക്രഷുകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ

തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 23-01-2025-ലെ സ.ഉ.(സാധാ)28/2025-വ.ശി.വി.വ നമ്പർ ഉത്തരവ് പ്രകാരം ആയതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. സ്റ്റാന്റ് എലോൺ ക്രഷുകളിലെ ജീവനക്കാരിൽനിന്നും ഓപ്ഷൻ ക്ഷണിക്കുകയും സ്കീം മാനദണ്ഡപ്രകാരമുള്ള യോഗ്യതകൂടി കണക്കിലെടുത്ത് അങ്കണവാടി കം ക്രഷിന്റെ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് ക്രഷ് ജീവനക്കാർ നൽകിയിട്ടുള്ള ഓപ്ഷനിൽനിന്നും അനുയോജ്യമായ സ്ഥലങ്ങളിൽ അപ്രകാരം നിയമനം നൽകുകയും അല്ലാത്തയിടങ്ങളിൽ പൊതുവായി നിയമനം നൽകി വരികയും ചെയ്യുന്നു.

(സി) നാഷണൽ ക്രഷ് പദ്ധതിയിൽനിന്നും 62 വയസ്സ് തികഞ്ഞതിനെത്തുടർന്ന് പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യവും പെൻഷനും അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

എൻ.ജി.ഒ. പങ്കാളിത്തത്തോടെ നടപ്പിലാക്കി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിൽ പെൻഷൻപോലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നൽകി വരുന്നില്ല. ജീവനക്കാരെ നിയമിക്കുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്തുവന്നിരുന്നത് എൻ.ജി.ഒ. തന്നെയാണ്. പദ്ധതിയിലുൾപ്പെട്ട ക്രഷുകൾക്ക് ആവശ്യമായ ചെലവ് തുക എൻ.ജി.ഒ. വഹിക്കുകയും പിന്നീട് സർക്കാരിൽനിന്ന് റീ-ഇംബേഴ്സ് ചെയ്ത് നൽകുകയുമാണ് ചെയ്യുന്നത്. 62 വയസ്സ് കഴിഞ്ഞ ജീവനക്കാർക്ക് ആനുകൂല്യവും പെൻഷനും നൽകണമെന്ന ആവശ്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) അങ്കണവാടി കം ക്രഷ് പദ്ധതിയിലെ ജീവനക്കാരുടെ ഓണറേറിയം അങ്കണവാടി ജീവനക്കാരുടേതിന് തുല്യമായി വർധിപ്പിക്കുന്നതിനും ഉത്സവബത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അങ്കണവാടി ജീവനക്കാർക്കും അങ്കണവാടി കം ക്രഷ് ജീവനക്കാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി കം ക്രഷ് സ്കീമിലെ ക്രഷ് വർക്കർ, ഹെൽപ്പർമാർക്ക് യഥാക്രമം 5500, 3000 രൂപ മാത്രമാണ് പ്രതിമാസ ഓണറേറിയമായി അനുവദനീയമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതംകൂടി ഉൾപ്പെടുത്തി അങ്കണവാടി കം ക്രഷിലെ വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയം വർധിപ്പിക്കുന്ന വിഷയവും, അങ്കണവാടി കം ക്രഷ് ജീവനക്കാർക്ക് ഉത്സവബത്ത അനുവദിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരുന്നു. അങ്കണവാടി കം ക്രഷ് ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) അങ്കണവാടി കം ക്രഷ് പദ്ധതിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി എന്ത് സ്കീം ആണ് നടപ്പിലാക്കിയിട്ടുള്ളത്; എന്തൊക്കെ പോഷകാഹാരങ്ങളാണ് നൽകുന്നത്; ഇതിനായി ഓരോ കുട്ടിക്കും പ്രതിദിനം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

അങ്കണവാടി കം ക്രഷ് പദ്ധതിയുടെ കേന്ദ്ര സർക്കാർ SOP പ്രകാരം Morning Snacks, Lunch എന്നിവ അങ്കണവാടികളിൽനിന്നും നൽകി വരുന്ന Mission POSHAN മാർഗനിർദേശങ്ങളിലെ പോഷകമൂല്യമുള്ള അനുപൂരക പോഷകാഹാരം (SNP)

നൽകുന്നതിനും; Afternoon Snacks അങ്കണവാടി കം ക്രഷ് പദ്ധതിയിലൂടെ അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ച് നൽകുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിലേക്കായി Additional SNP ഇനത്തിൽ പ്രതിദിനം ഒരു കുട്ടിക്ക് 7 രൂപ നിരക്കിൽ വിനിയോഗിക്കാവുന്നതാണ്. അങ്കണവാടി കം ക്രഷിലെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് സ്നാക്സ്, ലഞ്ച് എന്നിവ നൽകുന്നതിന് ഐ.സി.ഡി.എസ്. പദ്ധതിയിലൂടെ നൽകിവരുന്ന Take Home Ration (THR)-നുപകരം അങ്കണവാടി കം ക്രഷിലെ ഗുണഭോക്താവ് എന്ന നിലയിൽ എസ്.എൻ.പി. നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അങ്കണവാടി ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ

240(2323) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാരെ തൊഴിലാളികളായി അംഗീകരിക്കാനും നിലവിലുള്ള ഓണറേറിയം വർധിപ്പിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾ അനുസരിച്ചാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സക്ഷം' അങ്കണവാടി പദ്ധതിയിൽ അങ്കണവാടി പ്രവർത്തകരുടെ സേവന വേതനവ്യവസ്ഥകൾ നിശ്ചയിക്കപ്പെടുന്നത്. അങ്കണവാടി പ്രവർത്തകർ ഓണറേറിയം അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന സന്നദ്ധ പ്രവർത്തകരാണ്. 2025-26 സാമ്പത്തിക വർഷം മുതൽ, അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം ഇനത്തിൽ പ്രതിമാസം 1,000 രൂപ വർധനവ് അനുവദിക്കുന്നതിനായി കേരള നിയമസഭയുടെ വിഷയ

നിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ക്ഷേമനിധി, യാത്രാ ആനുകൂല്യങ്ങൾ, വിവാഹം, അസുഖങ്ങൾ, വീടുനിർമ്മാണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള സഹായം എന്നിവ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ ധനസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി പെൻഷൻ, ക്ഷേമനിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം, മരണാനുകൂല്യം എന്നിവയ്ക്കൊപ്പംതന്നെ മറ്റാനുകൂല്യങ്ങളും ധനസഹായങ്ങളും നൽകുന്നത് പരിശോധിക്കുന്നതാണ്. വിവാഹം, അസുഖങ്ങൾ, വീടുനിർമ്മാണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളൊന്നും നിലവിൽ ക്ഷേമനിധി ബോർഡിൽ കുടിശ്ശികയായിട്ടില്ല. അങ്കണവാടി പ്രവർത്തകർക്കുള്ള യാത്രാബത്ത പുന:സ്ഥാപിക്കുന്നതിനായി കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുള്ളതും 2025-26-ലെ പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിങ്ങിൽ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതുമാണ്. കേന്ദ്ര വിഹിതം നിലവിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ യാത്രാബത്ത അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

വിരമിച്ച അങ്കണവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ

241(2324) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച അങ്കണവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങിയിട്ട്

എത്ര മാസമായെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഉടൻ കൊടുത്തുതീർക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,15,00,000 രൂപ (രണ്ട് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) വരുമാനം ലഭിക്കുമ്പോൾ പെൻഷൻ നൽകുന്നതിനുമാത്രമായി പ്രതിമാസം 4,25,67,000 രൂപ (നാല് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം) ശരാശരി ചെലവാകുന്നുണ്ട്. അതിനാൽ നിലവിൽ പ്രതിമാസം 2,10,67,000 രൂപ (രണ്ട് കോടി പത്ത് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം) അതായത്, ഒരു വർഷം 25.28 കോടി അധികമായി കണ്ടെത്തേണ്ടതുണ്ട്. 2025-2026 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 9,00,00,000 രൂപയും (ഒൻപത് കോടി രൂപാ മാത്രം) അധികധനസഹായമായി 12.32 കോടി രൂപയും ബോർഡിന് അനുവദിച്ചിട്ടുണ്ട്. അതുപയോഗിച്ച്, 2023-ൽ വിരമിച്ച പ്രവർത്തകർക്ക് 18-09-2025-ൽ ആനുകൂല്യങ്ങൾ പൂർണ്ണമായി അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 40,81,35,000 രൂപ (നാൽപ്പത് കോടി എൺപത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം), ക്ഷേമനിധി ആനുകൂല്യത്തിന്റെ കുടിശ്ശികയായി നൽകാനുണ്ട്. സർക്കാർ വിഹിതം/സഹായം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ച് നൽകിവരുന്നുണ്ട്.

അങ്കണവാടികൾ നവീകരിക്കുന്നതിന് നടപടി

242(2325) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നവീകരണ പ്രവൃത്തികൾ നടത്തിയിട്ടുള്ള അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

വകുപ്പിൽ നിന്നും നവീകരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത 89 അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പടവുകൾ പദ്ധതിയുടെ കുടിശ്ശിക തുക നൽകാൻ നടപടി

243(2326) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പടവുകൾ പദ്ധതിയ്ക്ക് 2022-23 മുതലുള്ള ധനസഹായം അനുവദിച്ചോ എന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പദ്ധതിയുടെ കുടിശ്ശിക തുക മുഴുവൻ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) G.O.(Rt) No. 7283/2025/Fin. dated 10-09-2025 പ്രകാരം പടവുകൾ പദ്ധതിക്കായി 2235-02-198-50-01-00-00-N-V ശീർഷകത്തിൽ നിന്നും 2235-02-103-77-NP ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖാന്തരം 5,54,91,000/-രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽനിന്നും 2022-23 സാമ്പത്തിക വർഷം അപേക്ഷ സമർപ്പിച്ചതും, നാളിതുവരെ ധനസഹായം ലഭ്യമാക്കിയിട്ടില്ലാത്തതുമായ 190 ഗുണഭോക്താക്കൾക്ക് 2,14,44,987/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശേഷിച്ച 3,40,46,013/- രൂപയും, പടവുകൾ പദ്ധതിക്കായി 2025-26 വർഷത്തിൽ ടി ശീർഷകത്തിൽ അനുവദിച്ച 48,40,000/- രൂപയിൽ, 2022-23 വർഷത്തെ ഗുണഭോക്താക്കൾക്കായി 2025-26 വർഷം അനുവദിച്ച 48,37,890/- രൂപ കിഴിച്ചുള്ള 2,110/- രൂപയും ചേർത്ത് 3,40,48,123/- രൂപ 2235-02-103-77-NP ശീർഷകത്തിൽ നീക്കിയിരിപ്പുണ്ട്. ആയതിൽ നിന്നും 2023-24

സാമ്പത്തിക വർഷം അപേക്ഷ സമർപ്പിച്ചതും, നാളിതുവരെ ധനസഹായം ലഭ്യമാക്കിയിട്ടില്ലാത്തതുമായ 278 ഗുണഭോക്താക്കൾക്കായി 3,40,47,915/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി

244(2327) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. മഞ്ഞളാം കുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായ തോതിൽ നിരോധിത നിറങ്ങൾ, കീടനാശിനികൾ, പ്രിസർവേറ്റീവുകൾ, മാലിന്യങ്ങൾ എന്നിവ ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭക്ഷ്യവസ്തുക്കളിൽ നിരോധിത നിറങ്ങൾ, കീടനാശിനികൾ, പ്രിസർവേറ്റീവ്സ്, contaminants എന്നിവ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Baked products, cake, pastry, snacks, savouries എന്നിവയിൽ നിരോധിത നിറങ്ങൾ, പ്രിസർവേറ്റീവ്സ് എന്നിവ കണ്ടെത്തിയിട്ടുണ്ട്. Spices, Spices products എന്നിവയിൽ maximum residue limit നേക്കാൾ അധികമായി കീടനാശിനികൾ കണ്ടെത്തിയിട്ടുണ്ട്. നിരോധിത നിറങ്ങൾ, പ്രിസർവേറ്റീവ്സ്, കീടനാശിനികൾ, മാലിന്യങ്ങൾ എന്നിവ കണ്ടെത്തിയിട്ടുള്ള ഭക്ഷ്യവസ്തുക്കളെ 'unsafe'

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. അത്തരം ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദകർ, വിതരണക്കാർ, വിൽപ്പനക്കാർ എന്നിവർക്കെതിരെ നിയമം അനുശാസിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടില്ല.

(സി) ഭക്ഷ്യ വസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മായം ചേർത്തിട്ടുള്ള ഭക്ഷ്യവസ്തുക്കൾ 'unsafe' എന്ന കാറ്റഗറിയിൽ വരുന്നവയാണ്. Unsafe ഭക്ഷ്യവസ്തുക്കൾക്ക് എതിരെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട്, 2006, സെക്ഷൻ 59-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോട്ടലുകളുടെ ശുചിത്വവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് നടപടി

245(2328) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളുടെ ശുചിത്വവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് ഹോട്ടൽ, റസ്റ്റോറന്റ് തുടങ്ങിയ എല്ലാത്തരം ഭക്ഷ്യ ബിസിനസ് സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി വരുന്നു. Routine ഇൻസ്പെക്ഷനുകൾ, സർപ്രൈസ് ഡ്രൈവുകൾ, സ്പെഷ്യൽ ഡ്രൈവുകൾ, രാത്രികാല പരിശോധനകൾ, പരാതി അടിസ്ഥാനമാക്കിയുള്ള പരിശോധനകൾ എന്നിവയാണ് എൻഫോഴ്സ്മെന്റ് തലത്തിൽ വകുപ്പ് നടത്തുന്ന പരിശോധനകൾ. ഭക്ഷ്യ സംരംഭങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന, വിതരണം ചെയ്യുന്ന, വില്പന ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ അവയുടെ സാമ്പിൾ ശേഖരിച്ച് NABL Accredited Lab-ൽ പരിശോധനയ്ക്ക് അയക്കുന്നു. ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

പരിശോധന വേളകളിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് തിരുത്തൽ നടപടികൾക്കായി നിർദ്ദേശം നൽകുകയും Compounding നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമേ കപ്പാസിറ്റി ബിൽഡിങ്ങിന്റെ ഭാഗമായി ഹോട്ടൽ, റെസ്റ്റോറന്റ് മറ്റ് ഭക്ഷ്യ ബിസിനസ് സ്ഥാപനങ്ങളുടെ Supervisors, food handlers എന്നിവർക്കായി FoSTaC പരിശീലനം നൽകിവരുന്നു. ഇതോടൊപ്പം തന്നെ Food Safety Officer സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് IEC പ്രവർത്തനങ്ങളായ Model Food Safety Panchayat, Model food Safety Town, Eat Right Initiatives എന്നിവയുടെ ഭാഗമായും ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് ബോധവൽക്കരണം നൽകി വരുന്നു. ഹോട്ടൽ, റസ്റ്റോറന്റ്, ബേക്കറി, മീറ്റ് ഷോപ്പ് എന്നിവിടങ്ങളിൽ ശുചിത്വം, ഭക്ഷ്യ സുരക്ഷ എന്നിവ

ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് അവയുടെ ശുചിത്വ നിലവാരം മനസ്സിലാക്കി ഇത്തരം സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനുമായി Food Safety and Standard Authority of India (FSSAI) ആവിഷ്കരിച്ച പദ്ധതിയാണ് ഹൈജീൻ റേറ്റിംഗ്. ഹൈജീൻ റേറ്റിംഗ് പദ്ധതി പ്രകാരം Food Safety and Standard Authority of India (FSSAI) എംപാനൽ ചെയ്ത Audit agency തിരഞ്ഞെടുക്കപ്പെട്ട ഹോട്ടൽ/റസ്റ്റോറന്റ് /ബേക്കറി/Meat shop എന്നിവിടങ്ങളിൽ ഓഡിറ്റ് നടത്തി ശുചിത്വം, സുരക്ഷാ മാനദണ്ഡം എന്നിവ വിലയിരുത്തി റേറ്റിംഗ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ Hygiene Rating Certificate സ്ഥാപനത്തിന് ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഹോട്ടലുകളുടെ പരിശോധന ഊർജിതമാക്കുന്നതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

2025 ജനുവരി മാസം മുതൽ കയ്പമംഗലം ഭക്ഷ്യസുരക്ഷാ സർക്കിൾ പരിധിയിൽ വരുന്ന 150 ഹോട്ടലുകളിൽ പരിശോധനകൾ നടത്തുകയുണ്ടായി. പരിശോധന സമയത്ത് കണ്ട ന്യൂനതകൾക്ക് അനുസൃതമായി 26 ഹോട്ടലുകൾക്ക് പിഴയടയ്ക്കാനായി ശിപാർശ ചെയ്തുകൊണ്ടുള്ള നോട്ടീസ് നൽകി. ഈ ഇനത്തിൽ 32,500/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഹോട്ടൽ ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനായി 2025 ജൂലൈ മാസത്തിൽ സ്പെഷ്യൽ സ്ക്വാഡ് ഉണ്ടായിരുന്നു. കൂടാതെ 2025 ഓഗസ്റ്റ് മാസത്തിൽ ഷവർമ നിർമ്മാണ മേഖലകളിൽ പ്രത്യേക പരിശോധനകൾ നടത്തിയിരുന്നു.

ഈ കാലയളവിൽ വിവിധ ഹോട്ടലുകളിൽ നിന്ന് 3 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 137 സർവ്വയലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി ശേഖരിച്ചിരുന്നു. ആയതിൽ unsafe എന്ന് പരിശോധന ഫലം ലഭിച്ച 2 സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹോട്ടൽ മേഖലയിലെ 40 അതിഥി തൊഴിലാളികൾ ഉൾപ്പെടെ ആകെ 120 ജീവനക്കാർക്ക് 2025 ഓഗസ്റ്റ് മാസത്തിൽ FOSTaC പരിശീലനം നൽകി. ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് 2 ബോധവൽക്കരണ ക്ലാസുകളും ഇക്കാലയളവിൽ നൽകി. ജില്ലയിലെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി ഉപയോഗിച്ച് സാമ്പിളുകൾ ശേഖരിക്കുകയും 10 ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തു.

ഒറ്റപ്പാലം മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

246(2329) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

2021-22 സാമ്പത്തിക വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ വിശദാംശവും വ്യക്തമാക്കാമോ?

1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാക്കുന്ന

പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority Subsidy) കാർഡിൽ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority Non-subsidy) കാർഡിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്യുന്നു.

1. വിശന്നിരിക്കുന്നവർക്ക് ഒരു നേരം ഭക്ഷണം എന്ന സർക്കാർ ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 03-06-2022 മുതൽ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 6,56,820/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

2. അതിദരിദ്ര നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെട്ട റേഷൻകാർഡ് ഇല്ലാത്ത 33 പേർക്ക് ഈ മണ്ഡലത്തിൽ റേഷൻകാർഡ് നൽകിയിട്ടുണ്ട്.

3. കടയിൽ നേരിട്ട് പോയി റേഷൻ വാങ്ങാൻ സാധിക്കാത്ത അവശജനവിഭാഗങ്ങൾക്ക് റേഷൻ അവരുടെ വീടുകളിൽ എത്തിക്കുന്ന 'ഒപ്പം' പദ്ധതി 18-04-2023-ന് നടപ്പാക്കി. നിലവിൽ 5 ഗുണഭോക്താക്കളുണ്ട്.

4. ഓൺലൈൻ സേവനങ്ങൾ ലഭ്യമല്ലാത്ത ഉൾഗ്രാമങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട റേഷൻകടകൾ മുഖാന്തരം ഓൺലൈൻ സേവനങ്ങളും സപ്ലൈകോ ശബരി

ഉൽപ്പന്നങ്ങളും ചോട്ടു ഗ്യാസ്, മിൽമ ഉൽപ്പന്നങ്ങൾ, MSME ഉൽപ്പന്നങ്ങൾ എന്നിവയും ലഭ്യമാക്കുന്നതിനായി നിയോജക മണ്ഡലത്തിൽ 15 കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

5. അർഹരായ എല്ലാവർക്കും ഓൺലൈൻ മുഖാന്തരം ലഭ്യമാകുന്ന അപേക്ഷകളും മാരക രോഗ ബാധിതരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളും പരിശോധിച്ച് മുൻഗണനാ കാർഡുകൾ നൽകി വരുന്നു.

6. എല്ലാ എ.എ.വൈ./പി.എച്ച്.എച്ച്. അംഗങ്ങളുടെയും റേഷൻ തടസ്സപ്പെടാതിരിക്കാൻ റേഷൻ മസ്റ്ററിങ് 98.31% പൂർത്തീകരിച്ചിട്ടുണ്ട്.

7. നിയോജകമണ്ഡലത്തിലെ എല്ലാ റേഷൻകടകളിലും സമൃഷ്ടീകരിച്ച അരിവിതരണം ആരംഭിക്കുകയും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഇതുസംബന്ധിച്ച വിശദവും വിപുലവുമായ ക്ലാസ്സുകൾ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

8. അതിഥി തൊഴിലാളികൾക്ക് റേഷൻകടകളിലൂടെ 5 കി.ഗ്രാം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റേഷൻ റൈറ്റ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

9. ഉപഭോക്തൃ ബോധവൽക്കരണത്തിനായി സ്കൂൾ തലത്തിൽ കൺസ്യൂമർ ക്ലബ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സിവിൽ സപ്ലൈസ് പരിശോധന

247(2330) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ ഓണക്കാലത്ത് പൊതുവിപണി പരിശോധനയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കടകളിൽ സിവിൽ സപ്ലൈസ് പരിശോധന നടത്തിയെന്ന് അറിയിക്കാമോ?

കഴിഞ്ഞ ഓണക്കാലത്ത് പൊതു വിപണിയിൽ സംസ്ഥാനത്ത് 4828 കടകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഇതിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത എത്ര കടകൾ കണ്ടെത്തിയെന്ന് അറിയിക്കാമോ; വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

ഇതിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത 567 കടകൾ കണ്ടെത്തിയിട്ടുണ്ട്. വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.

എ.എ.വൈ. കാർഡുകൾ

248(2331) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിന് കേന്ദ്രം അനുവദിച്ച എ.എ.വൈ. കാർഡുകളുടെ ആകെ എണ്ണം എത്രയാണ്; നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ ആകെയുള്ള എ.എ.വൈ. കാർഡുകളുടെ എണ്ണം എത്രയായിരുന്നു; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെ എത്ര എ.എ.വൈ. കാർഡുകൾ അനുവദിച്ചു; വിശദമാക്കാമോ?

2013-ലെ NFSA പ്രകാരം കേരളത്തിന് കേന്ദ്രം അനുവദിച്ച എ.എ.വൈ. കാർഡുകളുടെ ആകെ എണ്ണം 5,95,800 ആണ്. ആയതിനുശേഷം എ.എ.വൈ. കാർഡുകളുടെ എണ്ണം കേന്ദ്രസർക്കാർ പരിഷ്കരിച്ച് നൽകിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2024 മെയ് 31 വരെ അനർഹരായ എ.എ.വൈ. കാർഡ് ഉടമകളെ കണ്ടെത്തി തരം മാറ്റിയതു വഴിയും, സ്വമേധയാ കാർഡുകൾ തിരിച്ചു നൽകിയ വകയിലും, 'ഓപ്പറേഷൻ യെല്ലോ' യിലൂടെ കണ്ടെത്തിയിട്ടുള്ളതുമായ ഒഴിവിലേയ്ക്ക് 42817 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ട്.

(ബി) സമയബന്ധിതമായി എ.എ.വൈ. കാർഡുകൾ അനുവദിക്കാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെയായി എത്ര ടൺ അരി നഷ്ടമായി; ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്നും കേന്ദ്ര അരി വിഹിതം ലാപ്സാക്കിയ ഉദ്യോഗസ്ഥനെതിരെ എന്ത നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായും വിട്ടെടുത്തിട്ടുണ്ട്. AAY വിഭാഗത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അരി ലാപ്സായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ

58,329 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് തരം മാറ്റി.

(സി) 2024 ജനുവരി 31 വരെ അനുവദിച്ച എ.എ.വൈ. കാർഡുകളുടെ എണ്ണം എത്രയാണ്; ഈ കാലയളവിൽ മാനദണ്ഡങ്ങൾ പ്രകാരം എത്ര കാർഡുകൾകൂടി അനുവദിക്കാമായിരുന്നു; ഇതുപ്രകാരം 2024 മെയ് 31 നുള്ളിൽ എത്ര എ.എ.വൈ. കാർഡുകൾ അനുവദിച്ചു; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2024 ജനുവരി 31 വരെ 39594 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ട്. 2024 ജനുവരിയിൽ കേരളത്തിൽ ആകെയുള്ള എ.എ.വൈ. കാർഡുകളുടെ എണ്ണം 5,89,367 ആയിരുന്നു. ഉണ്ടായിരുന്ന 6433 ഒഴിവുകളിൽ അർഹരായ 3223 കുടുംബങ്ങൾക്ക് 2024 മെയ് 31 വരെ തരം മാറ്റി കാർഡ് നൽകിയിട്ടുണ്ട്.

(ഡി) എ.എ.വൈ. കാർഡുകൾ അനുവദിക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമാണ്; പി.എച്ച്.എച്ച്. കാർഡുകളെപ്പോലെ എന്തുകൊണ്ടാണ് എ.എ.വൈ. കാർഡുകളുടെ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കാത്തത്; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് സംസ്ഥാനത്ത് AAY വിഭാഗത്തിലേയ്ക്ക് കുടുംബങ്ങളെ ഉൾപ്പെടുത്തുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള AAY മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

വിധവകൾ, ഭിന്നശേഷിയുള്ള വ്യക്തികൾ/സ്ഥിര വരുമാനമില്ലാത്തവരും സാമൂഹിക പിന്തുണയില്ലാത്തതുമായ 60 വയസ്സിന് മേൽ പ്രായമുള്ളവർ/മാരക രോഗങ്ങൾ ബാധിച്ചവർ,

വനിതകൾ കുടുംബനാഥരായി വരുന്ന കുടുംബങ്ങൾ, ഒറ്റയ്ക്ക് താമസിക്കുന്ന വിധവകൾ, ഭിന്നശേഷിക്കാർ/സാമൂഹികമായും സാമ്പത്തികമായും നിലനിൽപ്പിനായി സ്ഥിരവരുമാനമില്ലാത്ത കുടുംബമില്ലാത്ത 60 വയസ്സ് കഴിഞ്ഞവർ തുടങ്ങിയ വ്യക്തികൾ, അർഹരായ എല്ലാ പ്രാക്തനാ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കും HIV ബാധിതർ അംഗങ്ങളായുള്ള PHH കുടുംബങ്ങൾ.

PHH വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അത്രയും എണ്ണം ഒഴിവുകൾ AAY വിഭാഗത്തിൽ നിലവിൽ ഉണ്ടാകാറില്ല. PHH വിഭാഗത്തിലേക്കുള്ള അപേക്ഷകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ച് അപേക്ഷകൾ മാത്രമെ AAY കാർഡിന് വേണ്ടി ലഭിക്കുന്നുള്ളൂ. ആയതിനാലാണ് AAY കാർഡിനായി ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിക്കാത്തത്.

(ഇ) എ.എ.വൈ. കാർഡുകളുടെ അപേക്ഷ എന്നു മുതലാണ് ഓൺലൈനായി സ്വീകരിച്ച് തുടങ്ങുന്നത്; എ.എ.വൈ. മാനദണ്ഡങ്ങൾ പ്രകാരം ഉണ്ടാവുന്ന ഒഴിവുകൾ തൊട്ടടുത്ത മാസംതന്നെ നികത്തുന്നതിനായി ഓൺലൈനായി അപേക്ഷ സ്വീകരിച്ച് പട്ടിക തയ്യാറാക്കുന്ന നടപടി എന്നു മുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എ.എ.വൈ കാർഡുകളുടെ അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള തീരുമാനം നിലവിൽ കൈക്കൊണ്ടിട്ടില്ല. PHH വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അത്ര ഒഴിവുകൾ AAY വിഭാഗത്തിൽ ഉണ്ടാകാറില്ല. AAY വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നികത്തി വരുന്നു.

മുൻഗണന റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ

249(2332) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2021 മുതൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിന്നും എത്ര റേഷൻ കാർഡുകൾ മുൻഗണന പട്ടികയിലും അന്ത്യോദയ അന്നയോജന വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷകൾ ലഭിച്ചു എന്നതിന്റെ വിവരം നൽകാമോ?

2021 മുതൽ 2025 ആഗസ്റ്റ് വരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് (PHH) മാറ്റുന്നതിന് 11805 അപേക്ഷകളും, എ.എ.വൈ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 3453 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ നിരസിച്ചുവെന്നതിന്റെയും വിവരം നൽകാമോ?

ലഭ്യമായ എല്ലാ അപേക്ഷകളിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. PHH വിഭാഗത്തിലേയ്ക്ക് ലഭിച്ച 11805 അപേക്ഷകളിൽ അർഹരായ 7616 പേർക്ക് മുൻഗണനാ കാർഡ് അനുവദിക്കുകയും, അനർഹരെന്ന് കണ്ടെത്തിയ 4189 അപേക്ഷകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്. എ.എ.വൈ. വിഭാഗത്തിലേയ്ക്ക് ലഭിച്ച 3453 അപേക്ഷകളിൽ അനർഹരെന്ന് കണ്ടെത്തിയ 55 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 3123 പേർക്ക് എ.എ.വൈ. കാർഡുകൾ അനുവദിക്കുകയും, അർഹരെന്ന് കണ്ടെത്തിയ 275 പേർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് എ.എ.വൈ. കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുമോ?

ബാധകമല്ല.

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡ് വിതരണം

250(2333) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡുകൾ എത്ര പേർക്ക് നിലവിലുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 591194 എ.എ.വൈ. കാർഡുകൾ നിലവിലുണ്ട്.

(ബി) ഇതിൽ പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലുമുള്ള കണക്ക് ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ 49530 കുടുംബങ്ങൾക്കും, ഷൊർണ്ണൂർ മണ്ഡലത്തിൽ 2957 കുടുംബങ്ങൾക്കും എ.എ.വൈ. കാർഡുകൾ നിലവിൽ അനുവദിച്ചിട്ടുണ്ട്.

(സി) അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡുകൾക്ക് വേണ്ടി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം ദരിദ്രരിൽ അതിദരിദ്രർ ആയിട്ടുള്ളവർക്കാണ് എ.എ.വൈ. കാർഡുകൾ നൽകിവരുന്നത്. 2013-ലെ NFSA ആക്ട് പ്രകാരം സംസ്ഥാനത്തിന് എ.എ.വൈ. വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള കാർഡുകളുടെ പരമാവധി എണ്ണം 595800 ആണ്. AAY കാർഡുകൾ ലഭിക്കുന്നതിനായി അതത് താലൂക്ക് സപ്ലൈ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എ.എ.വൈ. വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അർഹരായവരെ പ്രസ്തുത വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തുവരുന്നു.

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

251(2334)ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഗ്രാമീണ ഭക്ഷ്യധാന്യ വിതരണം നടത്തണമെന്ന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സംസ്ഥാനത്ത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

NFSA ആക്ട് 2013, TPDS കൺട്രോൾ ഓർഡർ 2015 എന്നിവ പ്രകാരം ഓരോ സംസ്ഥാനത്തിനും പൊതുവിതരണ സംവിധാനം വഴിയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുള്ള ജനസംഖ്യയുടെ ശതമാനം നിശ്ചയിച്ചിട്ടുണ്ട്. TPDS കൺട്രോൾ ഓർഡർ 2015 അനുബന്ധം (1) പ്രകാരം കേരളത്തിൽ ഗ്രാമീണ ജനസംഖ്യയുടെ 52.63%-വും നഗര

ജനസംഖ്യയുടെ 39.57%-വും പൊതുവിതരണ സംവിധാനത്തിൽ ഉൾപ്പെടുത്തണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. NFSA പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച അർഹരായ ഗുണഭോക്താക്കളുടെ എണ്ണം 15480040 ആയി നിജപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക ഗ്രാമീണ/നഗര തുടർച്ച സ്വഭാവം കണക്കിലെടുത്ത്, ഗ്രാമീണ/നഗര വിഭജനം പരിഗണിക്കാതെ, മൊത്തം ജനസംഖ്യയുടെ 46.36% NFSA-യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച് നൽകിയിട്ടുള്ള, മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 15480040 ആണ്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിധി നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ ജനസംഖ്യ വർധനയ്ക്ക് ആനുപാതികമായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ മുൻഗണനാ പരിധി നിശ്ചയിക്കപ്പെടാത്തതിനാൽ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിന് കഴിയില്ല. എങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച TPDS Control Order 2015 പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഈ അധികാരം ഉപയോഗിച്ച് NFSA സ്റ്റേറ്റ് റൂൾ, 2018 പ്രകാരം സംസ്ഥാനം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അർഹരായ കുടുംബങ്ങളെ മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായി കണക്കാക്കി നടപടി കൈക്കൊണ്ട് വരുന്നതിനാൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 640786 മുൻഗണനാ കാർഡുകൾ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

(ബി) തെരുവോരങ്ങളിൽ അധിവസിക്കുന്നവർക്കും വാടക വീടുകളിൽ മാറിമാറി താമസിക്കുന്നവർക്കും റേഷൻകാർഡ് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വാടകവീടുകളിൽ താമസിക്കുന്നവർക്കും റേഷൻകാർഡ് അനുവദിച്ച് റേഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനായി, സാധുവായ വാടകക്കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പരിഗണിച്ച്, അപേക്ഷകന്റെയും കാർഡിൽ ഉൾപ്പെടുന്ന മറ്റ് അംഗങ്ങളുടെയും ആധാർ കാർഡ് പരിശോധന നടത്തി നിലവിൽ മറ്റൊരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പു വരുത്തിയശേഷം റേഷൻകാർഡ് അനുവദിക്കുന്നതിന് സ.ഉ.(സാധാ.) നം.389/2021/ഭ.പൊ.വി.വ. തീയതി, 01-10-2021 പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഇപ്രകാരം അനുവദിക്കുന്ന റേഷൻകാർഡ്, റേഷൻ ആനുകൂല്യങ്ങൾക്കല്ലാതെ തിരിച്ചറിയൽ രേഖയായോ മറ്റ് ആനുകൂല്യങ്ങൾക്കായോ അവകാശവാദങ്ങൾക്കുള്ള രേഖയായോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

സർക്കാരിന്റെ, "എല്ലാവർക്കും റേഷൻ കാർഡ്" എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി റെയിൽ പരിസരത്തും റോഡ് വക്കിലും പുറമ്പോക്ക് ഭൂമിയിലും കുടിൽ കെട്ടി താമസിക്കുന്നവരെ കണ്ടെത്തി അവർക്ക് വീട്ട് നമ്പർ ഇല്ലെങ്കിൽ തൽസ്ഥാനത്ത് '00' എന്ന് രേഖപ്പെടുത്തി റേഷൻ കാർഡുകൾ നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി അനുവദിച്ച റേഷൻകാർഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

PHH (പിങ്ക്) കാർഡുകൾ - 125326

NPNS (വെള്ള) കാർഡുകൾ - 425298

NPI (ബ്രൗൺ) കാർഡുകൾ - 8537

ആകെ അനവദിച്ച പുതിയ കാർഡുകൾ - 558981

(ഡി) കേന്ദ്ര സർക്കാർ സ്വീകരിച്ച അശാസ്ത്രീയമായ സമീപനം സംസ്ഥാനത്തെ മുൻഗണനാ കാർഡുകൾക്ക് അർഹതയുള്ളവരെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച് നൽകിയിട്ടുള്ള, മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ

പരിധി 15480040 ആണ്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിധി നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ ജനസംഖ്യ വർധനയ്ക്ക് ആനുപാതികമായി കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ മുൻഗണനാ പരിധി നിശ്ചയിക്കപ്പെടാത്തതിനാൽ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിന് കഴിയില്ല. എങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച TPDS Control Order 2015 പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഈ അധികാരം ഉപയോഗിച്ച് NFSA സ്റ്റേറ്റ് റൂൾ, 2018 പ്രകാരം സംസ്ഥാനം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അർഹരായ കുടുംബങ്ങളെ മുൻഗണനാ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായി കണക്കാക്കി നടപടി കൈക്കൊണ്ട് വരുന്നതിനാൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 640786 മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 2025 സെപ്റ്റംബർ മാസം 20 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത്തിന് അവസരം നൽകിയിട്ടുണ്ട്.

റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ഓൺലൈൻ

സേവനങ്ങളുടെ ഫീസ്

252(2335) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങളുടെ ഫീസിനെക്കുറിച്ച് സർക്കാർ എടുത്ത പുതിയ തീരുമാനം എന്താണെന്ന് അറിയിക്കാമോ?

28-08-2025-ലെ സ.ഉ.(സാധാ)നം. 299/2025/F&CS പ്രകാരം അന്ത്യോദയ അന്നയോജന ഗ്രണഭോക്താക്കളെ സർവീസ് ചാർജ്ജ് ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും മറ്റ് വിഭാഗങ്ങൾക്ക് റേഷൻകാർഡുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും 50/- രൂപ സർവീസ് ചാർജ്ജ് ഈടാക്കുന്നത് പുനഃസ്ഥാപിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകളിൽ ഫീസ് വീണ്ടും ഈടാക്കാൻ കാരണം എന്താണ്; വ്യക്തമാക്കാമോ?

17-07-2024-ലെ സ.ഉ.(അച്ചടി) നം. 55/2024/ധന. നമ്പർ സർക്കാർ ഉത്തരവിൻപ്രകാരം സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും വരുമാന വർധനവിനുള്ള സാധ്യതകൾ പരിശോധിച്ച് നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനുള്ള സർക്കാർ തീരുമാന പ്രകാരമാണ് റേഷൻ

കാർഡുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും 50/- രൂപ സർവീസ് ചാർജ് ഈടാക്കുന്നത് പുനഃസ്ഥാപിച്ച് സർക്കാർ ഉത്തരവ് ആയിട്ടുള്ളത്.

(സി) ഏതു വിഭാഗത്തിലെ ഗുണഭോക്താക്കളെയാണ് ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അന്ത്യോദയ അന്നയോജന ഗുണഭോക്താക്കളെ സർവീസ് ചാർജ് ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ സമർപ്പിച്ച ശിപാർശയെ അടിസ്ഥാനമാക്കിയുള്ള സർക്കാർ ഉത്തരവിന്റെ പ്രധാന നേട്ടം എന്താണെന്ന് വിശദമാക്കാമോ?

റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും 50/- രൂപ സർവീസ് ചാർജ് ഈടാക്കുന്നത് പുനഃസ്ഥാപിച്ചതുവഴി സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിന് സഹായകമാകുന്നതാണ്.

അതിദരിദ്ര വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാക്കാൻ നടപടി

253(2336) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അതിദരിദ്ര വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

NFSA-യുടെ കീഴിൽ AAY, PHH വിഭാഗങ്ങളിലാണ് ദരിദ്ര വിഭാഗങ്ങൾക്കുള്ള റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത്. ദരിദ്രരിൽ അതിദരിദ്രർ ആയിട്ടുള്ളവർക്കാണ് AAY കാർഡുകൾ നൽകിവരുന്നത്. 2013-ലെ NFSA ആക്ട് പ്രകാരം സംസ്ഥാനത്തിന് AAY വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള കാർഡുകളുടെ എണ്ണം 595800 ആണ്. അതിദരിദ്രർക്ക് നൽകുന്ന പ്രസ്തുത കാർഡുകളുടെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ആണ് നിശ്ചയിച്ചിട്ടുള്ളത്. AAY വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതി ദരിദ്രരായിട്ടുള്ളവരെ പ്രസ്തുത വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58329 AAY കാർഡുകൾ നൽകിയിട്ടുണ്ട്. AAY കാർഡിന് അർഹത ഇല്ലാത്തവർക്ക് മുൻഗണനാ കാർഡുകൾ അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 640786 PHH കാർഡുകൾ നൽകിയിട്ടുണ്ട്. അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് ശിപാർശ ചെയ്ത 3940 കുടുബങ്ങൾക്ക് AAY കാർഡുകൾ അനുവദിച്ചിട്ടുണ്ട്. PHH വിഭാഗത്തിലേക്ക് പരിവർത്തനത്തിനായി ലഭ്യമായ എല്ലാ അപേക്ഷകളും പരിശോധിച്ച് അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ കാർഡ് നൽകിയിട്ടുണ്ട്. 2025 സെപ്തംബർ മാസം 20 മുതൽ അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് PHH വിഭാഗത്തിലേക്ക് തരംമാറ്റുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്കാണ് ഇപ്രകാരം കാർഡ്

നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അതിദരിദ്രവിഭാഗക്കാർക്കായി 58329 AAY കാർഡുകൾ നൽകിയിട്ടുണ്ട്. AAY കാർഡിന് അർഹത ഇല്ലാത്തവർക്ക് പി.എച്ച്.എച്ച്. കാർഡുകൾ അനുവദിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നൽകിയതും ഉൾപ്പെടെ 640786 PHH (മുൻഗണന) കാർഡുകൾ നൽകിയിട്ടുണ്ട്. അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ ചെയ്ത 3940 കുടുബങ്ങൾക്ക് AAY കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഇതുപോലെ പ്രത്യേക പരിഗണന നൽകി റേഷൻ കാർഡുകൾ അനുവദിച്ച മറ്റ് വിഭാഗക്കാർ ആരൊക്കെയാണെന്ന് വിശദമാക്കാമോ?

Kerala Food Security Rules, 2018 ഖണ്ഡിക 6-ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7-ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. എന്നിരുന്നാലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് മെരിറ്റടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ 27-10-2020-ലെ 319/2020/ഭ.പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ അപേക്ഷ പ്രകാരം പരിശോധിച്ച് പി.എച്ച്.എച്ച്. വിഭാഗത്തിലേക്ക് തരംമാറ്റി നല്കി വരുന്നുണ്ട്.

മുൻഗണന വിഭാഗത്തിലെ കാർഡുകളിൽ നിന്നും അനർഹരെ ഒഴിവാക്കുവാൻ നടപടി

254(2337) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി ഒരു മാസം ശരാശരി എത്ര അപേക്ഷകൾ ലഭിക്കുന്നു; ഇവയിൽ എത്ര അപേക്ഷകൾക്ക് പരിഹാരം കാണാറുണ്ടെന്നും വ്യക്തമാക്കാമോ?

റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി രണ്ട് ലക്ഷത്തോളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഇവയിൽ 99.84% അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മുൻഗണന കാർഡുകൾ അനുവദിച്ചുവെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 640786 മുൻഗണന കാർഡുകൾ നൽകിയിട്ടുണ്ട്.

(സി) അനർഹരായ ആളുകളെ മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അനർഹരായ ആളുകളിൽ നിന്നും പിഴ ഇനത്തിൽ സ്വീകരിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

NFSA സ്റ്റേറ്റ് റൂൾ, 2018-ലെ ഖണ്ഡിക 6 പ്രകാരം മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7 പ്രകാരം അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. വകുപ്പിലെ എല്ലാ പരിശോധനാ ഉദ്യോഗസ്ഥരും ഫീൽഡ് തല പരിശോധനകൾ നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ആയത് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിക്കൊണ്ട് പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ പിന്തുണയും ആവശ്യമാണ്. പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് ടോൾ ഫ്രീ നമ്പർ 1987, 1800-425-1550, വാട്ട്സ്ആപ്പ് നമ്പർ 9188527301 എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. പരാതി സെല്ലിലൂടെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അനർഹരാണെന്ന് ബോധ്യപ്പെടുന്നപക്ഷം കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റി വരികയാണ്. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി "ഓപ്പറേഷൻ യെല്ലോ" എന്ന പേരിൽ ഒരു പരിശോധനാ പരിപാടി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 'ഓപ്പറേഷൻ യെല്ലോ' പ്രകാരം - 4,19,19,486/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. അനർഹരെ കണ്ടെത്തുന്നതിന്റെ ഭാഗമായി മരണപ്പെട്ടവരുടെ വിവരങ്ങൾ

ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഒരംഗം മാത്രമുള്ള മുൻഗണനാവിഭാഗം കാർഡുകൾ പരിശോധിച്ച് അനർഹരെ കണ്ടെത്തി വരുന്നു. അനർഹരെ മാറ്റുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ചവരിൽ നിന്നും ആകെ 15,47,34,361/- (ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെ) രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

അരൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

255(2338) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷൻ ഉല്പന്നങ്ങൾ, IOC-യുടെ ചോട്ടു ഗ്യാസ്,

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

അരുർ മണ്ഡലത്തിൽ നിലവിൽ 11 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയവയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ-സ്റ്റോർ വഴി ജനങ്ങൾക്ക് ഏതെല്ലാം സാധനങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കുന്നുണ്ട് എന്ന് വിശദമാക്കാമോ?

കെ-സ്റ്റോർ വഴി ജനങ്ങൾക്ക് മിതമായ നിരക്കിൽ ഉല്പന്നങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. എന്നാൽ സബ്സിഡി സാധനങ്ങൾ നിലവിൽ വിതരണം ചെയ്യുന്നില്ല.

റേഷൻ വ്യാപാരി ക്ഷേമനിധി

256(2339) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) റേഷൻ ലൈസൻസികൾക്ക് സംസ്ഥാന സർക്കാർ ഉത്സവബത്ത നൽകുന്നുണ്ടോ; മുൻ വർഷങ്ങളിൽ ഉത്സവബത്തയായി പ്രഖ്യാപിച്ച തുക നൽകാൻ ബാക്കിയുണ്ടോ; റേഷൻ ലൈസൻസികൾക്ക് ഈ ഓണക്കാലത്ത് ഉത്സവബത്ത നൽകിയില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

റേഷൻ ലൈസൻസികൾക്ക് നിലവിൽ സംസ്ഥാന സർക്കാർ ഉത്സവബത്ത നൽകുന്നില്ല. എന്നാൽ 2022-ലും 2023-ലും ഓണക്കാലത്ത് റേഷൻവ്യാപാരികൾക്ക് 1,000/- രൂപ വീതം ഓണറേറിയം അനുവദിച്ചു നൽകിയിരുന്നു. 2025 ഓണക്കാലത്ത് ഉത്സവബത്ത ആവശ്യപ്പെട്ടുകൊണ്ടുള്ള റേഷൻ വ്യാപാരി സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിരുന്നു.

(ബി) ഓണക്കാലത്ത് കിറ്റ് നൽകിയതിന് റേഷൻ ലൈസൻസികൾക്ക് കമ്മിഷൻ നൽകാൻ ബാക്കിയുണ്ടോ; എത്ര തുകയാണ് നൽകാനുള്ളത്; 2025-ലെ ഓണക്കാലത്ത് കിറ്റ് നൽകിയ ഇനത്തിൽ എത്ര രൂപയാണ് നൽകാനുള്ളത്; വ്യക്തമാക്കാമോ?

ഓണക്കാലത്ത് നടത്തുന്ന കിറ്റ് വിതരണത്തിന് പ്രത്യേകം കമ്മീഷൻ നൽകുന്നില്ല. എന്നാൽ ഓണക്കാലത്ത് സ്പെഷ്യൽ അരി വിതരണം ചെയ്ത വകയിൽ കമ്മീഷൻ ഇനത്തിൽ റേഷൻ ലൈസൻസികൾക്ക് അധിക വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) റേഷൻ വ്യാപാരികൾക്കായി ക്ഷേമനിധി നിലവിലുണ്ടോ; എന്നു മുതലാണ് ക്ഷേമനിധി ആരംഭിച്ചത്; എത്ര പേരാണ് അംഗങ്ങളായിട്ടുള്ളത്; എന്തെല്ലാം

ആനുകൂല്യങ്ങളാണ് നൽകുന്നത്; വ്യാപാരികളും സർക്കാരും ഇതിൽ നൽകുന്ന വിഹിതം എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 01-01-2000-ലാണ് കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആരംഭിച്ചത്. നിലവിൽ 11666 അംഗങ്ങൾ ക്ഷേമനിധിയുണ്ട്. പെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മരണാനന്തര ധനസഹായം, അംശദായം തിരികെ നൽകൽ (പ്രതിമാസം ലൈസൻസി അടവാക്കുന്ന തുക) എന്നീ ആനുകൂല്യങ്ങളാണ് കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും നിലവിൽ അനുവദിച്ചു വരുന്നത്. നിലവിൽ അംഗങ്ങളായ റേഷൻ വ്യാപാരികളിൽ നിന്ന് 200/- രൂപ അംശദായ ഇനത്തിൽ പ്രതിമാസം ഈടാക്കുന്നുണ്ട്. വ്യാപാരികളുടെ വിഹിതം കൂടാതെ മൂന്ന് തവണയായി അഞ്ചരക്കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) റേഷൻ വ്യാപാരി ക്ഷേമനിധിയിൽ ഏതെല്ലാം ആനുകൂല്യങ്ങളിൽ എത്ര തുകയാണ് നൽകാൻ ബാക്കിയുള്ളത്; ഏതു വർഷം മുതലുള്ള തുകയാണ് കുടിശികയുള്ളത്; വ്യാപാരി ക്ഷേമനിധി ഓഫീസിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരാണ് ഉള്ളത്; ഇവർക്കു ശമ്പളം നൽകാൻ എത്ര രൂപയാണ് പ്രതിമാസം ചെലവിടുന്നത്; ഈ തുക ക്ഷേമനിധിയിൽ നിന്നാണോ നൽകുന്നത്; വ്യക്തമാക്കാമോ?

സാമ്പത്തിക പ്രതിസന്ധിമൂലം കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്ന് കുടിശ്ശികയായ ആനുകൂല്യങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽ ആനുകൂല്യങ്ങളിലായി നിലവിൽ രണ്ട് കോടി ഒരുലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നൂറ്റി അറുപത്തി രണ്ട് രൂപ കുടിശ്ശികയായുണ്ട്. ലഭ്യമാകുന്ന വരവിനത്തിലെ തുകയിൽ നിന്നും ത്രൈമാസ പെൻഷൻ ഉൾപ്പെടെയുള്ള പ്രധാന ചെലവ് കഴിഞ്ഞ് അവശേഷിക്കുന്ന തുകയിൽ നിന്നും മേൽപ്രകാരം പാസായ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾക്ക് തുക കണ്ടെത്തുന്നുണ്ട്. കുടിശ്ശികയായ ആനുകൂല്യങ്ങളുടെ കാലയളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നിലവിൽ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ 7 ഉദ്യോഗസ്ഥരാണ് ജോലി ചെയ്ത് വരുന്നത്. 2025 ഓഗസ്റ്റ് മാസത്തെ ശമ്പളത്തിനായി 4,22,510/- രൂപ ചെലവ് വന്നിട്ടുണ്ട്. വിവിധ കാലയളവുകളിലായി 3 തവണയായി സർക്കാരിൽ നിന്നും അഞ്ചര കോടി രൂപ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിലേക്ക് അനുവദിച്ചിട്ടുണ്ട്. ആയതുൾപ്പെടെ ക്ഷേമനിധിക്ക് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 8,35,15,005/- രൂപ സ്ഥിര നിക്ഷേപമായി നിലവിലുണ്ട്. ആയതിൽ നിന്നും പ്രതിവർഷം ലഭ്യമാകുന്ന പലിശയിനത്തിലെ തുകയും ക്ഷേമനിധിയുടെ തനത് ഫണ്ടും ഉപയോഗിച്ചാണ് ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ഭരണചെലവുകൾക്കുള്ള തുക കണ്ടെത്തുന്നത്.

വർക്കല മണ്ഡലത്തിലെ പുതിയ റേഷൻ കടകൾ

257(2340) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും (2016-21) കാലത്ത് വർക്കല മണ്ഡലത്തിൽ എത്ര പുതിയ റേഷൻ കടകൾക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിന് അനുമതി നല്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ (2016-21) വർക്കല നിയോജകമണ്ഡലത്തിൽ പുതിയ റേഷൻകട അനുവദിക്കുന്നതിനായി 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഇതിൽ നിന്നും ഒരു റേഷൻകട അനുവദിച്ചു നല്കിയിട്ടുണ്ട്.

ഗുരുവായൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ

258(2341) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിലെ റേഷൻകടകൾ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തും ഈ താലൂക്കിലെതന്നെ കടപ്പുറം ഗ്രാമ പഞ്ചായത്തിലെ 5-ാം വാർഡിലെ മാട്ടുമ്മൽ പ്രദേശത്തും പുതിയ ന്യായവില കടകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം

(നിയന്ത്രണ) ഉത്തരവ് 2021 നിലവിൽവന്ന ശേഷമാണ് ഈ കടകൾ അനുവദിച്ചിട്ടുള്ളത് എന്നതിനാൽ സംവരണക്രമം പാലിച്ചുകൊണ്ട് ലൈസൻസികളെ കണ്ടെത്തുന്നതിനായി ന്യായവില കടകളുടെ ആദ്യഘട്ട വിജ്ഞാപനത്തിൽ ഈ കടകൾ ഉൾപ്പെടുത്തുകയും തുടർന്ന് പട്ടികജാതി (Scheduled Caste) സംവരണ വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

16-05-2022-ലെ DSOTSR/704/2022-F2 നം. വിജ്ഞാപന പ്രകാരം പുന്ന പ്രദേശത്തെ ന്യായവില കടയ്ക്കായി ശ്രീമതി ഓമന സി. കെ. സമർപ്പിച്ച അപേക്ഷ പരിശോധിച്ചപ്പോൾ അപേക്ഷക റൈറ്റർ (Document Writer) ആയി പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021, വകുപ്പ് (29) പ്രകാരം ശ്രീമതി ഓമനയുടെ അപേക്ഷ നിരസിക്കുകയും ഇക്കാര്യം ശ്രീമതി ഓമനയെ രേഖാമൂലം അറിയിക്കുകയും ചെയ്തു.

16-05-2022-ലെ DSOTSR/705/2022-F2 പ്രകാരം മാട്ടുമ്മൽ പ്രദേശത്തെ ന്യായവിലകടയ്ക്കായി അപേക്ഷകളൊന്നും ലഭിച്ചില്ല. തുടർന്ന് മേൽപ്പറഞ്ഞ രണ്ട് കടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിന് പട്ടികജാതി (Scheduled Caste) സംവരണ വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് പുനഃവിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ പുനഃവിജ്ഞാപന പ്രകാരവും ഈ രണ്ട് കടകൾക്കും അപേക്ഷകളൊന്നും ലഭിച്ചില്ല.

സംവരണ വിഭാഗത്തിൽ അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനായി മൂന്ന് തവണ വിജ്ഞാപനം ചെയ്യണമെന്നുള്ളതിനാൽ പട്ടികജാതി (Scheduled Caste) സംവരണ

വിഭാഗക്കാരിൽ നിന്നുതന്നെ അപേക്ഷകരെ തേടികൊണ്ട് മൂന്നാമതും വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ വിജ്ഞാപന സമയപരിധിയായ 11-07-2025, 12-07-2025 എന്നീ തീയതികൾ വരെ അപേക്ഷകളൊന്നും ലഭിച്ചില്ല. ചാവക്കാട് താലൂക്കിലെ ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തും ഈ താലൂക്കിലെ തന്നെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലായുള്ള മാട്ടുമ്മൽ പ്രദേശത്തും അനുവദിച്ച പുതിയ ന്യായവിലകടകൾക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനായി പട്ടികജാതി (Scheduled Caste) വിഭാഗക്കാരിൽ നിന്നും അപേക്ഷകരെ തേടികൊണ്ട് പുറപ്പെടുവിച്ച മൂന്ന് വിജ്ഞാപനങ്ങളിലും അപേക്ഷകൾ ലഭിക്കാത്തതിനാലും/യോഗ്യരായ അപേക്ഷകർ ഇല്ലാത്തതിനാലും നിയമനം സാധ്യമായില്ല.

മേൽ പ്രദേശങ്ങളിൽ വിജ്ഞാപനം സാധ്യമാകത്തക്ക ശതമാനം പട്ടികവർഗ്ഗ (Scheduled Tribe) ജനസംഖ്യയില്ലായെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികളുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തിയശേഷം മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ പുതിയ ന്യായവില കടകൾക്ക് പൊതു വിഭാഗത്തിൽ (General Category) നിന്നും അപേക്ഷകരെ തേടി വിജ്ഞാപനം പുറപ്പെടുവിച്ചു.

പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം പുന്ന പ്രദേശത്തെ കടയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 09-09-2025 തീയതി വരെയും മാട്ടുമ്മൽ പ്രദേശത്തെ കടയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 08-09-2025 തീയതി വരെയും സമയം അനുവദിച്ചിരുന്നു.

07-08-2025-ലെ DSOTSR/705/2022-F2 (GE 1) വിജ്ഞാപന പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലായുള്ള മാട്ടമ്മൽ പ്രദേശത്തെ ന്യായവില കടയ്ക്കായി ശ്രീമതി മിഷാര കെ. ജി. സമർപ്പിച്ച അപേക്ഷയിന്മേൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ തുടർനടപടി സ്വീകരിച്ചു വരുന്നു.

08-08-2025-ലെ DSOTSR/704/2022-F2(GE 1) വിജ്ഞാപന പ്രകാരം ചാവക്കാട് നഗരസഭയിൽ 5, 6 വാർഡുകളിലായുള്ള പുന്ന പ്രദേശത്തെ ന്യായവില കടയ്ക്കായി അപേക്ഷകളൊന്നും ലഭിച്ചില്ല. അപേക്ഷകൾ ഒന്നും ലഭിക്കാത്ത ഈ കടയ്ക്കായി പൊതു വിഭാഗത്തിൽ (General Category) നിന്നും അപേക്ഷകരെ തേടികൊണ്ട് 24-09-2025-ൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (DSOTSR/704/2022-F2 (GE II). വിജ്ഞാപന പ്രകാരം 24-10-2025 വരെ അപേക്ഷ സമർപ്പിക്കുവാൻ അവസരമുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ കെ സ്റ്റോർ പദ്ധതി

259(2342) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിലവിലെ സർക്കാർ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എത്ര റേഷൻകടകളിൽ കെ-സ്റ്റോർ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ-സ്റ്റോർ വഴി നല്കി വരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ

പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻകട വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങൾ, IOC-യുടെ ചോട്ടു ഗ്യാസ് വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 17 റേഷൻ കടകളിൽ കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി ന്യായവിലക്കടകളുടെ നമ്പറുകൾ ചുവടെ രേഖപ്പെടുത്തുന്നു.

1. FPS 1738041

2. FPS 1738049

3. FPS 1738271

4. FPS 1738186

5. FPS 1738141

6. FPS 1738247

7. FPS 1738188

8. FPS 1738193

9. FPS 1738248

10. FPS 1738056

11. FPS 1738096

12. FPS 1738195

13. FPS 1738126

14. FPS 1738036

15. FPS 1738092

16. FPS 1738089

17. FPS 1738050

(സി) കൂടുതൽ റേഷൻ കടകളിലേക്ക് കെ-സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ?

കൂടുതൽ റേഷൻ കടകളിലേയ്ക്ക് കെ-സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26-04-2024-ലെ സ. ഉ. (സാധാ)നം. 167/2023/F&CS നമ്പർ ഉത്തരവ് പ്രകാരം കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നത് 2 കിലോമീറ്റർ ചുറ്റളവിനുള്ളിൽ

അക്ഷയ സെന്ററുകൾ, ബാങ്കുകൾ, സപ്ലൈകോ ഔട്ട്‌ലെറ്റുകൾ എന്നിവ ഇല്ലാത്ത റേഷൻ കടകളിലായിരിക്കണം എന്ന നിബന്ധന മാറ്റി 13-12-2024-ലെ സ. ഉ. (സാധാ)നം. 398/2024/F&CS നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകൾ കെ-സ്റ്റോറുകളാക്കി മാറ്റാൻ സ്വമേധയാ തയ്യാറെടുക്കുന്ന എല്ലാ ലൈസൻസികൾക്കും എന്ന് തിരുത്തൽ വരുത്തി ഉത്തരവായിട്ടുണ്ട്. 2135 കെ-സ്റ്റോറുകൾ സംസ്ഥാനത്ത് നിലവിലുണ്ട്.

റേഷൻ കടകളുടെ പേരുവിവരം

260(2343) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ് ജില്ലയിൽ നിലവിലെ സർക്കാരിന്റെ കാലത്ത് അനുവദിച്ച റേഷൻ കടകളുടെ പേരുവിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിലെ സർക്കാരിന്റെ കാലത്ത് 3 റേഷൻ കടകളാണ് അനുവദിച്ചിട്ടുള്ളത്. പേരുവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	താലൂക്ക്	എഫ്. പി.എസ്. നമ്പർ	ലൈസൻസിയുടെ പേര്, വിലാസം
1	കാസർഗോഡ്	193	ശ്രീ. പി. വിജയ, കുമ്പഡാജെ പഞ്ചായത്ത്, KGP 10/85
2	ഹോസ്ദുർഗ്	233	ശ്രീമതി. ഷീമ എം, ഇടയിലക്കാട്, വലിയ പറമ്പ പഞ്ചായത്ത്, 2/325, 326
3	ഹോസ്ദുർഗ്	234	ശ്രീ. അശ്വിൻ ശേഖർ, നടക്കാവ്, തടിയൻ കൊവ്വൽ, പടന്ന പഞ്ചായത്ത്, 9/329, 330

(ബി) കാസർഗോഡ് ജില്ലയിൽ പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പുതിയ റേഷൻ കടകൾക്കുള്ള 8 അപേക്ഷകളിൽ തീർപ്പ് കല്പിക്കേണ്ടതുണ്ട്. ആയത് വകുപ്പുതലത്തിൽ പരിശോധിച്ച് വരുന്നു. പുതിയ റേഷൻകട അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	താലൂക്ക്	പഞ്ചായത്ത്	സ്ഥലം
1	ഹോസ്ദുർഗ്	കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി	ഉദയം കുന്ന്
2	ഹോസ്ദുർഗ്	പള്ളിക്കര	തോക്കനംമൊട്ട
3	ഹോസ്ദുർഗ്	കാഞ്ഞങ്ങാട്	ചേടി റോഡ്
4	ഹോസ്ദുർഗ്	മടിക്കൈ	ചതുരക്കിണർ
5	കാസർഗോഡ്	കമ്പടാജെ	1-ാം വാർഡ്
6	കാസർഗോഡ്	മൂളിയാർ	മൂലടുക്കം
7	മഞ്ചേശ്വരം	മഞ്ചേശ്വരം	വാർഡ് 09,10
8	ഹോസ്ദുർഗ്	കാഞ്ഞങ്ങാട്	അരയി

ഗോതമ്പ് വിതരണം

261(2344) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ജീവിതശൈലീ രോഗങ്ങൾ കാരണം ഭക്ഷണത്തിനായി ഗോതമ്പിനെ ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ സംസ്ഥാനത്തുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് AAY, PHH റേഷൻ കാർഡുകാർക്ക് പ്രതിമാസം റേഷൻ വിഹിതമായി നൽകി വരുന്ന ഗോതമ്പ്, ആട്ട എന്നിവ ശരാശരി 98% AAY കാർഡുടമകളും ശരാശരി 95% PHH കാർഡുടമകളും കൈപ്പറ്റുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, വലിയൊരു വിഭാഗം ജനങ്ങൾ ഭക്ഷണത്തിനായി ഗോതമ്പിനെ ആശ്രയിക്കുന്നുവെന്ന് കണക്കാക്കാവുന്നതാണ്.

(ബി) കേരളത്തിന് ടൈഡ് ഓവർ വിഹിതമായി പ്രതിമാസം ലഭിച്ചു കൊണ്ടിരുന്ന ഗോതമ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന് ടൈഡ് ഓവർ ഇനത്തിൽ 2022 മേയ് മാസം വരെ 26835.124 MT അരിയും 6459.074 MT ഗോതമ്പും ലഭിച്ചിരുന്നുവെങ്കിലും സംസ്ഥാനം ആവശ്യപ്പെടാതെ തന്നെ കേന്ദ്ര സർക്കാർ 2022 ജൂൺ മാസം മുതൽ ഗോതമ്പിന് പകരമായി അരി അനുവദിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ഗോതമ്പിന്റെ Tide over വിഹിതം പുന:സ്ഥാപിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരന്തരം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല.

(സി) പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം കേരളത്തിലെ മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്നും ഗോതമ്പ് പൂർണ്ണമായി കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ;

പൊതുവിതരണ സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പു വിതരണം ഇതോടെ പൂർണ്ണമായും നിലച്ചിട്ടുണ്ടോ; വിശദമാക്കാമോ?

PMGKAY പദ്ധതി പ്രകാരം 2022 ഡിസംബർ വരെ അധികമായി അരിയും ഗോതമ്പും ലഭ്യമായിരുന്നുവെങ്കിലും 2023 ജനുവരി മുതൽ AAY /PHH വിഭാഗങ്ങൾക്ക് NFSA 2013 പ്രകാരം ലഭിച്ചിരുന്ന അരി - 3kg, ഗോതമ്പ് - 2kg എന്നിവ PMGKAY പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അത് സൗജന്യ നിരക്കിൽ അനുവദിക്കുകയും, എന്നാൽ പൊതു വിതരണ സമ്പ്രദായം വഴി മുൻഗണനേതര കാർഡുകൾക്ക് ലഭിച്ചിരുന്ന ഗോതമ്പ് വിഹിതം കേന്ദ്ര സർക്കാർ പൂർണ്ണമായും നിർത്തലാക്കുകയും ചെയ്തു.

(ഡി) സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട അൻപത് ലക്ഷത്തിലധികം കാർഡുടമകൾക്ക് ഇനിമുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ ഗോതമ്പിന് പകരം അരി അനുവദിച്ച് തുടങ്ങിയ 2022 ജൂൺ മാസം മുതൽ പൊതു വിഭാഗത്തിൽ ഉൾപ്പെടുന്ന (NPS, NPNS) കാർഡുകൾക്ക് ഗോതമ്പ്/ആട്ട അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്.

റേഷൻ കടകളിൽ യഥാസമയം സാധനങ്ങൾ ലഭ്യമാക്കാത്തത്

262(2345) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ യഥാസമയം സാധനങ്ങൾ ലഭ്യമാക്കാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റേഷൻ സാധനങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കി ബുദ്ധിമുട്ട് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ റേഷൻ കടകളിൽ യഥാസമയം സാധനങ്ങൾ ലഭ്യമാകാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എല്ലാ മാസവും വാതിൽപ്പടി വിതരണത്തിനായി റേഷൻ സമയബന്ധിതമായി എത്തിച്ച് നൽകുന്നുണ്ട്. റേഷൻ കടകളിൽ ബഫർ സ്റ്റോക്കായി സാധനങ്ങൾ നിലവിലുള്ളതിനാൽ റേഷൻ വിതരണത്തിന് യാതൊരു തടസ്സവും ഉണ്ടാകുന്നില്ല. ഈ ഓണക്കാലത്ത് 87 ശതമാനം റേഷൻ കാർഡുടമകളും റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. 98% എ.എ.വൈ. കാർഡ് ഉടമകളും, 96% പി.എച്ച്.എച്ച്. കാർഡ് ഉടമകളും റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. ഈ കാലയളവിൽ 8255541 പേർ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കെ-സ്റ്റോറുകൾ

263(2346) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; കെ-സ്റ്റോറുകൾ വഴി ഏതൊക്കെ സാധനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിന് റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ (IOC) ചോട്ടു ഗ്യാസ് 5Kg, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങളും, കേരള ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറീവ് സൊസൈറ്റിയുടെ ഉല്പന്നങ്ങളായ അമ്മാർക്ക് കറി പൗഡറുകൾ, വിവിധ തരത്തിലുള്ള മസാലപ്പൊടികൾ, ഗോതമ്പ് പൊടി, പുട്ടുപൊടി, തേങ്ങാപാൽ ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, കുടകൾ എന്നിവ കെ-സ്റ്റോറുകൾ വഴി വിതരണം നടത്തുന്നതിലേയ്ക്കായി ടി സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ 10 കെ-സ്റ്റോറുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അനുവദിച്ചിട്ടുള്ള കെ-സ്റ്റോറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ക്രമ നമ്പർ	താലൂക്ക്	FPS നമ്പർ	പഞ്ചായത്ത്	സ്ഥലം
1	ഇരിട്ടി	2379035	മട്ടന്നൂർ മുനിസിപ്പാലിറ്റി	പൊറോറ
2	ഇരിട്ടി	2379115	പടിയൂർ	പെരുമണ്ണ്
3	ഇരിട്ടി	2379034	മട്ടന്നൂർ മുനിസിപ്പാലിറ്റി	മണ്ണൂർ
4	ഇരിട്ടി	2379117	പടിയൂർ	കല്ലുവയൽ
5	ഇരിട്ടി	2379110	പടിയൂർ	പടിയൂർ
6	തലശ്ശേരി	2367202	കോളയാട്	ആലച്ചേരി
7	തലശ്ശേരി	2367105	മാങ്ങാട്ടിടം	കൈതേരി ഇടം
8	തലശ്ശേരി	2379176	മാലൂർ	കാഞ്ഞിലേരി
9	തലശ്ശേരി	2379178	മാലൂർ	തോലമ്പ്ര
10	തലശ്ശേരി	2367427	മാലൂർ	കുണ്ടേരിപ്പൊയിൽ

റേഷൻ സാധനങ്ങൾ കടത്തുന്നവർക്കെതിരെ നടപടി

264(2347) ശ്രീ. പി. കെ. ബഷീർ:

ഡോ. എം. കെ. മുനീർ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) റേഷൻ കടകളിൽ വിതരണം ചെയ്യാനുള്ള അരി സിവിൽ സപ്ലൈസിന്റെ ഗോഡൗണിൽ നിന്നും കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അടുത്ത കാലത്തായി ഇത്തരം സംഭവങ്ങൾ എവിടെയെല്ലാം നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) റേഷൻ സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിന് കൂട്ടുനിന്നവർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-ഡി) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ വെഞ്ഞാറമൂട് എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും 20-08-2025-ൽ വാഹനത്തിൽ അരി കടത്തുന്നത് സംബന്ധിച്ച് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഗോഡൗൺ ഇൻചാർജ്ജ്, കസ്റ്റോഡിയൻ എന്നിവരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ഇവർക്കെതിരെ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

അരുവിക്കര മണ്ഡലത്തിൽ ഭക്ഷ്യപൊതു വിതരണ വകുപ്പ്

നടപ്പിലാക്കിയ പദ്ധതികൾ

265(2348) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യപൊതു വിതരണ വകുപ്പ് മുഖേന അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority Subsidy) കാർഡിൽ ഉണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഉണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്യുന്നു.

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ, കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ, പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ "വിശപ്പു രഹിത കേരളം പദ്ധതി"-യുടെ ഭാഗമായി ഒരു സുഭിക്ഷ ഹോട്ടൽ 2025

ജനുവരിയിൽ ആരംഭിച്ചിട്ടുണ്ട്. ടി സുഭിക്ഷ ഹോട്ടൽ തുടങ്ങുന്നതിനായി 1,76,417/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ജനുവരി 2025 മുതൽ മേയ് 2025 വരെ ടി ഹോട്ടൽ മുഖേന വിതരണം ചെയ്ത ഉച്ചഭക്ഷണത്തിന്റെ സബ്സിഡി ഇനത്തിൽ 87,445/- രൂപയും നാളിതുവരെയായി അനുവദിച്ചു നൽകിയിട്ടുണ്ട്. നിലവിൽ ടി ഹോട്ടൽ പരാതി രഹിതമായി പ്രവർത്തിച്ചു വരുന്നു.

1) കെ-സ്റ്റോർ

റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായാണ് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. അരുവിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ 13 റേഷൻ ഷോപ്പുകൾ (കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ 4 എണ്ണം, നെടുമങ്ങാട് താലൂക്കിന്റെ പരിധിയിൽ 9 എണ്ണം) "കെ-സ്റ്റോറുകളായി" പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

2) സുജലം പദ്ധതി

അരുവിക്കര നിയോജകമണ്ഡലത്തിലെ റേഷൻ ഷോപ്പുകളിൽ "സുജലം പദ്ധതി"യും നടപ്പിലാക്കിയിട്ടുണ്ട്. (കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ 19 റേഷൻ ഷോപ്പുകളിലും, നെടുമങ്ങാട് താലൂക്കിന്റെ പരിധിയിൽ 99 റേഷൻ ഷോപ്പുകളിലും). ഈ രണ്ടു പദ്ധതികളും നടപ്പിലാക്കിയ റേഷൻ ഷോപ്പുകളിൽ ആയത് സുഗമമായും, പരാതിരഹിതമായും നടന്നു വരുന്നുണ്ട്.

കെ-സ്റ്റോർ, സുജലം എന്നീ പദ്ധതികൾക്ക് ഇതുവരെ അനുവദിച്ചു നൽകിയിട്ടില്ല.

ക്ഷേമ സ്ഥാപനങ്ങൾക്കുള്ള റേഷൻ വിതരണം

266(2349) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര ക്ഷേമ സ്ഥാപനങ്ങൾക്കാണ് പൊതുവിതരണവകുപ്പ് നിലവിൽ റേഷൻ വിതരണം നടത്തുന്നതെന്നും പ്രതിവർഷം എത്ര അളവ് അരി ഇപ്രകാരം വിതരണം നടത്തുന്നുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് 890 ക്ഷേമ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 2787.82162 മെട്രിക് ടൺ അരിയും 927.80516 മെട്രിക് ടൺ ഗോതമ്പും വിതരണം നടത്തിയിട്ടുണ്ട്.

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ക്ഷേമസ്ഥാപനങ്ങൾക്ക് റേഷൻ വിതരണം നടത്തുന്നുണ്ടോയെന്നും എങ്കിൽ ആയത്

ഏതെല്ലാം ക്ഷേമസ്ഥാപനങ്ങൾക്കാണെന്നും പ്രതിവർഷം എത്ര അളവ് അരി വിതരണം നടത്തുന്നുവെന്നും വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന 3 (മൂന്ന്) ക്ഷേമ സ്ഥാപനങ്ങൾക്ക് നിലവിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തി വരുന്നു. അതുകൂടാതെ, ഈ സാമ്പത്തിക വർഷം 6 (ആറ്) ക്ഷേമ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഇ-പോസ് യന്ത്രസംവിധാനത്തിലെ മാറ്റങ്ങൾ

267(2350) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റേഷൻ വിതരണത്തിനുള്ള ഇ-പോസ് യന്ത്രസംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി കരാർ ഇപ്പോഴും നിലവിലുണ്ടോ; എന്നാണ് കരാർ നിലവിൽ വന്നത്; ഈ കരാർ പലവട്ടം പുതുക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. 10-09-2025-ൽ Annual Maintanance Contract (AMC) പുതുക്കി work order നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം L0 ഡിവൈസിൽ നിന്നും L1 ഡിവൈസിലേക്ക് മാറ്റുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കിയ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ മൂന്ന് വർഷം വാറണ്ടി വ്യവസ്ഥയിലും, തുടർന്നുള്ള രണ്ട് വർഷം AMC വ്യവസ്ഥയിലുമായി 01-06-2018 മുതലാണ് കരാർ നിലവിൽ വന്നത്. AMC കരാർ കാലാവധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31-05-2023-ൽ അവസാനിച്ച സാഹചര്യത്തിൽ നിലവിലെ കരാർ കമ്പനിയായ M/s Linkwell Telesystems Pvt. Ltd.-ന് വിവിധ ഘട്ടങ്ങളിലായി 01-06-2023 മുതൽ 31-08-2025 വരെ AMC തുകയിൽ വർധനവ് വരുത്താതെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) കരാർ നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച ടെൻഡർ നടപടികൾ മുൻപ് നടത്തിയ ശേഷം ഉപേക്ഷിക്കുകയുണ്ടായോ; അന്ന് ടെൻഡറിൽ പങ്കെടുത്ത കമ്പനികളും അവർ ക്വാട്ട് ചെയ്ത തുകയും എത്രയാണ്; എന്തു കൊണ്ടാണ് ടെൻഡർ നിർത്തിവച്ചത്; പുതിയ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉണ്ടായി. കരാർ കാലാവധി അവസാനിച്ചതിനെ തുടർന്നുണ്ടായ അടിയന്തര സാഹചര്യത്തിൽ പുതിയ ടെൻഡർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s Linkwell Telesystems Pvt. Ltd. കമ്പനിയെ L1 ബിഡ്ഡറായി തിരഞ്ഞെടുക്കുകയും ചെയ്തെങ്കിലും ഭരണാനുമതി നൽകാത്തതിനാൽ ടെൻഡർ നടപടികൾ ഉപേക്ഷിക്കുകയാണുണ്ടായത്.

താഴെ പറയുന്ന കമ്പനികളാണ് അന്നത്തെ ടെൻഡറിൽ പങ്കെടുത്തത്.

1. Senrysa Technologies Pvt. Ltd.
2. M/s Linkwell Telesystems Pvt. Ltd.
3. Integra Micro Systems Pvt. Ltd.

30 കോടി Average networth ഉണ്ടായിരിക്കണം എന്ന മാനദണ്ഡം പാലിക്കാത്തതിനാൽ, Pre-qualification evaluation-ൽ Senrysa Technologies Pvt. Ltd. സമർപ്പിച്ച ബിഡ് നിരസിച്ചിരുന്നു. വിവിധ കമ്പനികൾ ക്വാട്ട് ചെയ്ത തുക താഴെ ചേർക്കുന്നു .

1) L1 Bidder

M/s Linkwell Telesystems Pvt. Ltd. - 27,97,50,290 /-

2) L2 Bidder

Integra Micro Systems Pvt. Ltd. - 28,67,17,450 /-

03-06-2025-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No157/2025/F&CS പ്രകാരം ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് Gem Portal മുഖേന പുതിയ ടെൻഡർ ക്ഷണിക്കുകയും ആയത് പ്രകാരം L1 Bidder ആയ M/s Linkwell Telesystems Pvt. Ltd.-ന് work order നൽകുകയും ചെയ്തിട്ടുണ്ട്.

(സി) റേഷൻകടയിലെ ഇ-പോസ് യന്ത്രവും അളവുതൂക്ക യന്ത്രവും ബന്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; ഇതിന്റെ നടപടികൾ ഏത വരെയായി; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. റേഷൻ കടയിലെ ഇ-പോസ് യന്ത്രവും അളവുതൂക്ക യന്ത്രവും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുള്ളതും പ്രസ്തുത ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്. ഈ പദ്ധതിക്കായി 2025-26 സാമ്പത്തികവർഷം 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കണ്ണറ നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

268(2351) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും എതൊക്കെയാണെന്നും വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 6 മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ച് വരുന്നത്. ആയവ ചുവടെ ചേർക്കുന്നു.

1. കുണ്ടറ മാവേലി സ്റ്റോർ

2. പെരുമ്പുഴ മാവേലി സ്റ്റോർ

3. കുളപ്പാടം മാവേലി സ്റ്റോർ

4. കേരളപുരം മാവേലി സ്റ്റോർ

5. പേരയം മാവേലി സ്റ്റോർ

6. കുറ്റിച്ചിറ മാവേലി സ്റ്റോർ

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ എത്രയെണ്ണമുണ്ട്; ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഇളമ്പള്ളൂർ പഞ്ചായത്തിൽ ആലുമൂട് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തന ഉദ്ഘാടനം 03-10-2025 തീയതിയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കുണ്ടറ നിയോജകമണ്ഡലത്തിലെ പേരയം പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

വിശദമാക്കാമോ; പേരയത്ത് മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പേരയം പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് ലഭ്യമായ കെട്ടിടം നിലവിലുള്ള മാവേലി സ്റ്റോറിന് സമീപത്ത് ആയതിനാൽ പ്രസ്തുത മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതാണ് ഉചിതമെന്ന് കാണുന്നു. ഉചിതമായ മറ്റൊരു കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സിവിൽ സപ്ലൈസ് കോർപറേഷന്റെ വിപണി ഇടപെടൽ

269(2352) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2024-25 വരെ ഓരോ വർഷവും അനുവദിച്ച തുക എത്രയാണ്; 2025-26 സാമ്പത്തിക വർഷം ഇതു വരെ എത്ര തുകയാണ് നൽകിയത്?

വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെ സപ്ലൈകോയ്ക്ക് 7022.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 250 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽപന നടത്തുന്ന സബ്സിഡി സാധനങ്ങളുടെ വില ഇപ്പോൾ എത്രയാണ്; കഴിഞ്ഞ വർഷം ഫെബ്രുവരിക്കുശേഷം എത്ര തവണ ഏതെല്ലാം സാധനങ്ങളുടെ വില പരിഷ്കരിച്ചിട്ടുണ്ട്?

സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി വില്പന നടത്തുന്ന സബ്സിഡി സാധനങ്ങളുടെ വില്പന വില അനുബന്ധമായി ചേർക്കുന്നു.+

2024 ഫെബ്രുവരി മുതൽ വില്പന നടത്തി വരുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പനവില 9 തവണ പരിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സപ്ലൈകോയിലെ 13 സബ്സിഡി സാധനങ്ങളിൽ ഏറിയ പങ്കിന്റെയും വില്പനവില 2024 ഫെബ്രുവരിക്കുശേഷം കുറയുകയാണ് ചെയ്തത്.

(സി) സബ്സിഡി വെളിച്ചെണ്ണയും നോൺ സബ്സിഡി വെളിച്ചെണ്ണയും ഒന്നിച്ച് ഒരു കിലോയായി ആണോ സപ്ലൈകോ വഴി നൽകുന്നത്; ഇതിൽ സബ്സിഡി, നോൺ സബ്സിഡി ഇനങ്ങളുടെ വേർതിരിച്ചുള്ള വില എത്രയാണ്; വെളിച്ചെണ്ണയുടെ സബ്സിഡി വില ഈയിടെ പരിഷ്കരിച്ചിരുന്നോ; അതിനു മുൻപ് എത്ര രൂപയായിരുന്നു വില?

സബ്സിഡി വെളിച്ചെണ്ണയും നോൺ സബ്സിഡി വെളിച്ചെണ്ണയും ഒന്നിച്ച് ഒരു ലിറ്റർ ആയിട്ടാണ് സപ്ലൈകോ വഴി വില്പന നടത്തുന്നത്. നിലവിൽ സബ്സിഡി വെളിച്ചെണ്ണയുടെ (500 ml) വില്പന വില 140+GST യും നോൺ സബ്സിഡി (500 ml) വെളിച്ചെണ്ണയുടെ വില്പന വില 163.80+GST യും ആണ് (ആകെ-140 + 163.80 = 303.80/- + GST).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഓണക്കാലത്ത് സപ്ലൈകോ വഴി എത്ര രൂപയുടെ എത്ര അളവ് വെളിച്ചെണ്ണയാണ് വിറ്റഴിച്ചത്; ഇതിൽ 'കേര' ഉൾപ്പെടെ വിവിധ ബ്രാൻഡുകളുടെ വിലയും അളവും എത്രയായിരുന്നു; കേര വെളിച്ചെണ്ണ മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കൂടിയ വിലയ്ക്കാണ് സപ്ലൈകോയ്ക്ക് നൽകിയത് എന്നത് ശരിയാണോ; വില കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

ഓണക്കാലത്ത് (01-08-2025 മുതൽ 04-09-2025 വരെ) സപ്ലൈകോ വഴി 80,72,77,300.2 രൂപയുടെ 2305849 ലിറ്റർ അളവ് വെളിച്ചെണ്ണയാണ് വിറ്റഴിച്ചത്. ഇതിൽ 'കേര' ഉൾപ്പെടെ വിവിധ ബ്രാൻഡുകളുടെ വിലയും അളവും അനുബന്ധമായി ചേർക്കുന്നു.+

കേര വെളിച്ചെണ്ണ മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കൂടിയ വിലയ്ക്കല്ല സപ്ലൈകോയ്ക്ക് ലഭ്യമായിട്ടുള്ളത്. വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയർന്നപ്പോൾ സപ്ലൈകോ നടത്തിയ ശക്തമായ വിപണി ഇടപെടൽമൂലം വെളിച്ചെണ്ണയുടെ വില കേരളത്തിലെ പൊതുവിപണിയിൽ കുറയുവാനിടയായി. കേരളത്തിലെ ഉപഭോക്താക്കളുടെ ഇടയിൽ കൂടുതൽ ഡിമാൻഡുള്ള കേര ഉൾപ്പെടെയുള്ള വെളിച്ചെണ്ണകൾ പൊതു വിപണിയെക്കാൾ ഏറ്റവും കുറഞ്ഞ വിലയിൽ സപ്ലൈകോയുടെ 1600-ഓളം വിപണന ശാലകൾ മുഖേന വിതരണം ചെയ്തു. കേര വെളിച്ചെണ്ണയ്ക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകി പൊതുജനങ്ങൾക്ക് എറ്റവും കുറഞ്ഞ വിലയിൽ സപ്ലൈകോ ലഭ്യമാക്കിയതുമൂലം പൊതുവിപണിയിൽ കുതിച്ചുയർന്ന വെളിച്ചെണ്ണ വില കുറയുവാനിടയായി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഓണക്കാലത്ത് സപ്ലൈകോയുടെ ആകെ വിൽപന എത്രയായിരുന്നു; ഇതിൽ സബ്സിഡി സാധനങ്ങളുടെ വിൽപന എത്ര തുകയുടേതായിരുന്നു; എത്ര കാർഡ് ഉടമകളാണ് സാധനങ്ങൾ വാങ്ങാൻ എത്തിയത്; വിശദമാക്കുമോ?

ഓണക്കാലത്ത് സപ്ലൈകോയുടെ ആകെ വില്പന 385 കോടി രൂപ (3,85,39,10,425 രൂപ) ആയിരുന്നു. ഇതിൽ 180 കോടിയുടെ (1,80,29,01,615 രൂപ) സബ്സിഡി സാധനങ്ങളുടെ വില്പന നടന്നു. 2025 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെ 56.73 ലക്ഷം റേഷൻ കാർഡുടമകളും സപ്ലൈകോ വില്പനശാലകളും ഫെയറുകളും വഴി സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭവും നഷ്ടവും

270(2353) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള ലാഭവും നഷ്ടവും എത്രയാണ്; റേഷൻ വിതരണം, നെല്ല് സംഭരണം എന്നീ ഇനങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ എത്ര രൂപയാണ് ഈ വർഷങ്ങളിൽ സപ്ലൈകോയ്ക്ക് നൽകിയത്; പ്രസ്തുത വർഷങ്ങളിൽ എത്ര തുക ഏതൊക്കെ ഇനങ്ങളിൽ ഇനി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള ലാഭ നഷ്ട കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

റേഷൻ വിതരണം, നെല്ല് സംഭരണം എന്നീ ഇനങ്ങളിൽ 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.+

2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാരിൽ നിന്ന് ₹2,190.65 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ₹1,212.42 കോടി രൂപയും കുടിശ്ശിക ഇനത്തിൽ സപ്ലൈകോയ്ക്ക് ലഭിക്കുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംഭരിച്ച നെല്ല് മില്ലുകൾക്ക് നൽകുന്ന സി.എം.ആർ. പദ്ധതി പ്രകാരം എത്ര രൂപയാണ് സപ്ലൈകോ 2016 ഏപ്രിൽ മുതൽ 2025 മാർച്ച് 31 വരെ ഓരോ വർഷവും മില്ലുകൾക്ക് നൽകിയത്; എത്ര കിലോ നെല്ലാണ് ഓരോ വർഷവും നൽകിയതെന്നും അതിന് എത്ര അരിയാണ് തിരിക ലഭിച്ചതെന്നും വ്യക്തമാക്കാമോ?

2016 ഏപ്രിൽ മുതൽ 2025 മാർച്ച് 31 വരെ സംഭരിച്ച നെല്ലിന്റെയും തിരികെ ലഭ്യമായ സി.എം.ആർ.-ന്റെയും തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നെല്ല് സംഭരണം സെപ്റ്റംബർ 1 മുതൽ ജൂൺ 30 വരെ സീസൺ അടിസ്ഥാനത്തിൽ ആണ് നടത്തപ്പെടുന്നത്. ആയതിനാൽ 2016-17 സീസൺ മുതൽ 2024-25 സീസൺ വരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭരിച്ച നെല്ലിന്റെയും തിരികെ ലഭ്യമായ സി.എം.ആർ.-ന്റെയും തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) എത്ര മില്ലുകളാണ് ഇപ്പോൾ സപ്ലൈകോയുമായി സഹകരിക്കുന്നത്; ഇവയിൽ സർക്കാർ സ്വകാര്യ സഹകരണ മേഖലയിലെ മില്ലുകളുടെ പട്ടിക നൽകാമോ?

2024-25 സീസണിൽ 57 മില്ലുകളാണ് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. പാലക്കാട് ജില്ലയിലെ പാഡികോ മാത്രമാണ് സഹകരണ മേഖലയിലുള്ളത്. സർക്കാർ മേഖലയിൽ മില്ലുകളൊന്നും ഇല്ല.

(ഡി) 2016 മുതൽ എത്ര കിലോ റേഷൻ ഗോതമ്പാണ് ഓരോ വർഷവും കേന്ദ്രം സംസ്ഥാന സർക്കാരിന് അനുവദിക്കുന്നത്; ഈ ഗോതമ്പിൽ എത്ര അളവാണ് മില്ലുകൾക്ക് നൽകി ഓരോ വർഷവും പൊടിച്ച് ആട്ടയാക്കി മാറ്റുന്നത്; ഇതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള മില്ലുകൾ ഏതൊക്കെയാണ്; അവർക്ക് എത്ര തുകയാണ് 2016 മുതൽ നൽകിയത്; റേഷൻ കട വഴി വിൽക്കുന്ന ആട്ടയുടെ തുക കഴിഞ്ഞ 10 വർഷത്തിനിടെ എപ്പോഴെല്ലാമാണ് വർധിപ്പിച്ചത്; വിശദമാക്കാമോ?

2016 മുതൽ കേന്ദ്രം സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുള്ള ഗോതമ്പിൽ മില്ലുകൾക്ക് നൽകി പൊടിച്ചു ആട്ടയാക്കുന്ന ഗോതമ്പിന്റെ അളവ് സാമ്പത്തിക വർഷം തിരിച്ച് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗോതമ്പിനെ ഫോർട്ടിഫൈഡ് ആട്ടയാക്കി പരിവർത്തനം ചെയ്യുന്നതിന്റെ ചുമതല കരാർ അടിസ്ഥാനത്തിൽ 7 മില്ലർമാർക്കാണ് നൽകിയിട്ടുള്ളത്.

1. PUNATHIL ROLLER FLOUR MILLS PVT. LTD.

2. SASTHA CONTAINERS AND PACKAGING PVT. LTD.

3. SREE RAHUL FLOUR MILLS PVT. LTD.

4. VELIYATH AGRO INDUSTRIES.

5. MALAPPURAM ROLLER FLOUR MILLS.

6. PURELISH VEBTURES PVT. LTD.

7. PREMIER AGRO INDUSTRIES.

2016 മുതൽ 2025 വരെ മില്ലർമാർക്ക് നൽകിയിട്ടുള്ള ആകെ തുക = 2,77,50,29,551.66

റേഷൻ കട വഴി വിൽക്കുന്ന ആട്ടയുടെ വില 01-09-2023-ന് മാത്രമാണ് വർധിപ്പിച്ചിട്ടുള്ളത്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ മാവേലിസ്റ്റോറുകൾ

271(2354) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2025-ൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോറുകൾ

അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) നിലവിൽ എത്ര മാവേലിസ്റ്റോറുകൾ ആണ് നെയ്യാറ്റിൻകര മണ്ഡലത്തിൽ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ?

നിലവിൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ 4 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

1. അരുമാനൂർക്കട മാവേലി സ്റ്റോർ

2. നെല്ലിമൂട് മാവേലി സ്റ്റോർ

3. ഉച്ചക്കട മാവേലി സ്റ്റോർ

4. പോങ്ങിൽ മാവേലി സ്റ്റോർ

പാറശാല മണ്ഡലത്തിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ

272(2355) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാറശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ കർഷകരിൽ നിന്നും എത്ര നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് സീസൺ അടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ച് വിവരം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാറശാല നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ സീസൺ അടിസ്ഥാനത്തിലുള്ള പഞ്ചായത്ത് തിരിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നാളിതുവരെ മണ്ഡലത്തിലെ കർഷകർക്ക് എത്ര രൂപ കൊടുത്ത് തീർത്തിട്ടുണ്ടെന്നും ഇനി എത്ര കൊടുക്കാനുണ്ടെന്നും നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്ന് എത്ര രൂപ ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നാളിതുവരെ മണ്ഡലത്തിലെ കർഷകർക്ക് എത്ര രൂപ കൊടുത്ത് തീർത്തിട്ടുണ്ടെന്നും ഇനി എത്ര കൊടുക്കാനുണ്ടെന്നും ഉള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പാറശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് കളത്തറയ്ക്കൽ നെൽപാടശേഖര സമിതി 17-04-2024-ന് പി.ആർ.എസ്. നമ്പർ 2233036805 ആയി കയറ്റിവിട്ട 28324 കിലോ നെല്ലിന് ലഭിക്കേണ്ട തുക പൂർണ്ണമായും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നെല്ല് സംഭരണത്തിനായി രജിസ്ട്രേഷൻ പ്രക്രിയ നിർവ്വഹിക്കുമ്പോൾ വ്യക്തിഗതം എന്ന വിഭാഗത്തിലാണ് പേര് ചേർക്കുന്നതെങ്കിൽ പരമാവധി 5 ഏക്കർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിസ്തൃതിയ്ക്ക് ആനുപാതികമായ എസ്.ഐ.ബി.-യ്ക്ക് മാത്രമേ അർഹതയുണ്ടാവുകയുള്ളൂ. എന്നാൽ ഗ്രൂപ്പ് എന്ന വിഭാഗത്തിന് ഈ പരിധി 25 ഏക്കറാണ്. തിരുവനന്തപുരം ജില്ലയിൽ കൊല്ലയിൽ കൃഷിഭവന്റെ പരിധിയിൽപ്പെട്ട കളത്തറയ്ക്കൽ നെൽകർഷക സമിതി 2023-24 ക്രോപ്പ്-2 സീസണിൽ നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്തതിൽ (Reg. No. 2233036805) ഗ്രൂപ്പ് എന്ന് തിരഞ്ഞെടുക്കാതെ 10.5 ഹെക്ടർ സ്ഥലത്തിനായി ആധാർ അധിഷ്ഠിതമെന്നോണം വ്യക്തിഗതമായി തെറ്റായിട്ടാണ് രജിസ്ട്രേഷൻ പൂർത്തീകരിച്ചിരുന്നത്. ടി അപാകത നിമിത്തം സമിതിക്ക് വ്യക്തിഗത രജിസ്ട്രേഷൻ ഇനത്തിൽ മാത്രം അർഹതപ്പെട്ട 6,72,353/- രൂപ (MSP+5 ഏക്കറിന് അർഹതപ്പെട്ട SIB+Handling charge) മാത്രമേ PRS വായ്പയായി ലഭ്യമായിട്ടുള്ളൂ. State Incentive Bonus-ൽ ഉൾപ്പെട്ട ബാക്കി തുകയായ 1,29,783 രൂപ കിട്ടുന്നതിനുവേണ്ടി സമിതിയുടെ കത്ത് ലഭിച്ചതിൻപ്രകാരം സപ്ലൈകോ ഈ വിഷയം പരിശോധിച്ചിരുന്നു. കൃഷി ഓഫീസർ ഉൾപ്പെടെ അംഗീകരിച്ച് നെല്ല് സംഭരിച്ച് പെയ്മെന്റ് ഓർഡർ അടക്കം generate ചെയ്യുകയും, PRS വായ്പയായി നെല്ലിന്റെ തുക അടക്കം കൈപ്പറ്റുകയും ചെയ്ത സാഹചര്യത്തിലും ഈ വിവരങ്ങൾ എല്ലാംതന്നെ വിവിധ കേന്ദ്ര പോർട്ടലുകളായ CFPP അടക്കം ഡാറ്റാ പോയിട്ടുള്ളത് കൊണ്ടും ഇനി ഈ കാര്യത്തിൽ സപ്ലൈകോ തലത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധ്യമല്ല. ആയതിനാൽ ടി കർഷക സമിതിയെ ഗ്രൂപ്പ് ആയി പരിഗണിച്ച് ഈ ഇനത്തിൽ സമിതിക്ക് ലഭിക്കാനുള്ള, ബാക്കി തുകയായ 1,29,783/- രൂപ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

അഴീക്കോട് മണ്ഡലത്തിലെ ഭക്ഷ്യപൊതുവിതരണം

273(2356) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഈ സർക്കാർ കാലയളവിൽ അഴീക്കോട് മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലും രണ്ട് കോർപ്പറേഷൻ സോണുകളിലുമായി ഭക്ഷ്യപൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഉണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഉണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്യുന്നു.

ഈ സർക്കാരിന്റെ കാലയളവിൽ അഴീക്കോട് നിയമസഭാ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിലും രണ്ട് കോർപ്പറേഷൻ സോണുകളിലുമായി ആയിരത്തോളം മുൻഗണനാ റേഷൻ കാർഡുകളും, കൂടാതെ പുതിയ റേഷൻ കാർഡിന് അപേക്ഷിച്ചവർക്കെല്ലാം റേഷൻ കാർഡുകളും അനുവദിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിനായി റവന്യു, ലീഗൽ, മെട്രോളജി വകുപ്പുമായി ചേർന്ന് പൊതുവിപണിയിൽ പരിശോധനകൾ നടത്തി വരുന്നു.

കെ-സ്റ്റോർ – റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായാണ് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC-യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. അഴീക്കോട് മണ്ഡലത്തിൽ നിലവിൽ 4 കെ-സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. (ന്യായവിലക്കട നമ്പർ 2366250, 2366170, 2366121, 2366161)

ഒപ്പം പദ്ധതി:- സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായിട്ടാണ് 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലൂടെ വാർധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഒപ്പം പദ്ധതിയിലൂടെ

ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-ന് മുമ്പ് ഓട്ടോറിക്ഷ തൊഴിലാളികൾ സൗജന്യമായി വീട്ടിൽ എത്തിക്കും. ഒപ്പം പദ്ധതി പ്രകാരം അഴീക്കോട് മണ്ഡലത്തിൽ 4 ഉപഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ചു നൽകുന്നുണ്ട്.

കെ-സ്റ്റോർ

274(2357) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കല്ല്യാശ്ശേരി മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

നിലവിൽ റേഷൻകടകൾ വഴി നല്കിവരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങൾ, IOC-യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ

നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിംഗ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ 5 കെ-സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ക്രമ നമ്പർ	താലൂക്ക്	FPS നമ്പർ	പഞ്ചായത്ത്	സ്ഥലം
1	കണ്ണൂർ	2366239	മാട്ടൂൽ	മാട്ടൂൽ സൗത്ത്
2	പയ്യന്നൂർ	2383001	ഏഴോം	നരിക്കോട്
3	പയ്യന്നൂർ	2383029	കുഞ്ഞിമംഗലം	കുണ്ടംകുളങ്ങര
4	പയ്യന്നൂർ	2383011	മാടായി	വാടിക്കൽ
5	പയ്യന്നൂർ	2383005	ഏഴോം	നെരുവമ്പ്രം

ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കേന്ദ്ര സർക്കാർ നൽകാനുള്ള തുക

275(2358) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കേന്ദ്രസർക്കാർ എത്ര തുക വീതം നല്കാനുണ്ടെന്ന് ഇനം തിരിച്ചു വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രസർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി 1248.7591 കോടി രൂപ ലഭ്യമാകാനുണ്ട്. ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ

276(2359) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന ഭക്ഷ്യ കമ്മീഷനെ സർക്കാർ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ചെയർമാനും അംഗങ്ങളും ഉൾപ്പെടെ എത്ര പേരാണ് കമ്മിഷനിലുള്ളതെന്നും ഇവരുടെ സേവനവേതന വ്യവസ്ഥകൾ എപ്രകാരമാണെന്നും അറിയിക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ചെയർപേഴ്സണും 5 അംഗങ്ങളും നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു മെമ്പർ സെക്രട്ടറിയുമടങ്ങുന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ചെയർപേഴ്സണും കമ്മീഷൻ അംഗമായി ഒരാളും മെമ്പർ സെക്രട്ടറിയും നിലവിലുണ്ട്.

പ്രതിമാസ ഓണറേറിയമായി ചെയർപേഴ്സന് 80,000/- രൂപയും അംഗങ്ങൾക്ക് 70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ചെയർപേഴ്സണും അംഗങ്ങൾക്കും ക്ലാസ്സ് I ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ യാത്രാബത്ത, കേരള സർവ്വീസ് ചട്ടം, അനുബന്ധം VIII പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾ, പ്രതിമാസം 840/- രൂപ നിരക്കിൽ ടെലഫോൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബത്ത, 500/- രൂപ ദിനബത്ത, 5,000/- രൂപ നിരക്കിൽ പ്രതിമാസ വാഹനബത്ത എന്നിവയും അനുവദിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യ കമ്മീഷനിലെ അംഗങ്ങളുടെ ഒഴിവുകൾ നികത്താനുണ്ടോ; എങ്കിൽ എന്ന് മുതലാണ് ഒഴിവുകൾ ഉണ്ടായതെന്ന് അറിയിക്കുമോ; ആരൊക്കെയാണ് കാലാവധി പൂർത്തിയാക്കി ഒഴിവായതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി പി. വസന്തം 24-05-2024-ലും ശ്രീ. വി. രമേശൻ, ശ്രീമതി എം. വിജയലക്ഷ്മി, ശ്രീ. കെ. ദിലീപ് കുമാർ എന്നിവർ 24-06-2024-ലും വിരമിച്ചതിനാൽ നിലവിൽവന്ന 4 അംഗങ്ങളുടെ ഒഴിവുകളിലേക്ക് അഡ്വ. കെ. എൻ. സുഗതൻ, ശ്രീ. രമേശൻ വി., ശ്രീ. മുരുകേഷ് എം., ശ്രീമതി ഷീല വിജയകുമാർ എന്നിവരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഭക്ഷ്യ കമ്മീഷൻ പുനഃസംഘടിപ്പിച്ചശേഷം നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; കമ്മീഷൻ എത്ര കേസുകൾ തീർപ്പാക്കിയെന്നും അവശേഷിക്കുന്നവ എത്രയാണെന്നും അറിയിക്കാമോ; കമ്മീഷൻ സ്വമേധയാ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ സമഗ്രമായ മേൽനോട്ടവും വിലയിരുത്തലും പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് സ്വമേധയായും ലഭ്യമാകുന്ന

പരാതിയിന്മേലും അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതും ഭക്ഷ്യ ഭദ്രതാ നിയമത്തെക്കുറിച്ച് പൊതു ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതും കമ്മിഷന്റെ പ്രധാന പ്രവർത്തനങ്ങളാണ്. ഭക്ഷ്യ ഭദ്രതാ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി അങ്കണവാടികൾ, പൊതു വിദ്യാലയങ്ങൾ. റേഷൻകടകൾ, ഗോത്ര വർഗ്ഗ മേഖലകൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്യുന്നു.

•തീർപ്പാക്കിയ കേസുകൾ - 39

•അവശേഷിക്കുന്ന കേസുകൾ - 3

•സ്വമേധയാ രജിസ്റ്റർ ചെയ്ത കേസുകൾ - 42

(ഡി) സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് അറിയിക്കാമോ; ഇവർ അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിൽ നിന്ന് എത്തിയവരാണോ, കമ്മീഷൻ നേരിട്ട് നിയമിച്ചവരാണോ എന്നത് വ്യക്തമാക്കാമോ?

സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ 16 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ, രണ്ട് ഡ്രൈവർമാർ ഒഴികെയുള്ള 14 തസ്തികകളിലും അന്യത്ര സേവന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. രണ്ട് ഡ്രൈവർമാരുടെ തസ്തികകളിൽ ഒരാളെ ദിവസവേതനാടിസ്ഥനത്തിലും മറ്റൊരാളെ "vehicle with driver" ഇനത്തിൽ കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

(ഇ) കമ്മീഷൻ എത്ര വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ; ഇവ സ്വന്തം വാഹനങ്ങളാണോ കരാർ അടിസ്ഥാനത്തിൽ ഉള്ളതാണോ; വിശദാംശങ്ങൾ നൽകാമോ?

കമ്മീഷനിൽ രണ്ട് വാഹനങ്ങൾ ഉണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വാഹനം കമ്മീഷന്റെ ചെയർപേഴ്സന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നു. "vehicle with driver" ഇനത്തിൽ കരാർ എടുത്തിട്ടുള്ള വാഹനം പൊതു ആവശ്യങ്ങൾക്കായും ഉപയോഗിച്ചു വരുന്നു.

(എഫ്) കമ്മീഷന്റെ വാഹനങ്ങൾ ഓടിക്കാൻ പുതുതായി ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിയമന നടപടികൾ വ്യക്തമാക്കാമോ; മുൻപ് ഉണ്ടായിരുന്ന ഡ്രൈവർമാരെ മാറ്റിയതിന്റെ കാരണം അറിയിക്കാമോ?

കമ്മീഷനിൽ അനുവദിച്ചിട്ടുള്ള രണ്ട് ഡ്രൈവർമാരുടെ തസ്തികകളിൽ ഒരാളെ ദിവസവേതനാടിസ്ഥനത്തിലും മറ്റൊരാളെ "vehicle with driver" ഇനത്തിൽ കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. പൊതു വിതരണ ഉപഭോക്തൃകാര്യ കാര്യാലയത്തിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ഒരു ഡ്രൈവറെ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവറായി നിയമിച്ചിരുന്നുവെങ്കിലും ടിയാന്റെ അന്യത്രസേവന വ്യവസ്ഥയിലുള്ള നിയമനം റദ്ദാക്കിയതിനെ തുടർന്നാണ് ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുള്ളത്.

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

277(2360) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള ഓഫീസുകളിൽ എത്ര പരാതികൾ തീർപ്പാക്കാനുണ്ടെന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമായി 27549 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. 01-01-2025 മുതൽ 31-08-2025 വരെയുള്ള ദേശീയ തലത്തിലെ കണക്കുകൾ വിലയിരുത്തുമ്പോൾ സംസ്ഥാനത്തെ തീർപ്പാക്കൽ 170 ശതമാനവുമായി നാലാം സ്ഥാനത്താണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) എത്ര നാളിനകം പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2019-ലെ ഉപഭോക്തൃ നിയമത്തിന്റെ സെക്ഷൻ 38(7) പ്രകാരം ചരക്കുകളുടെ വിശകലനമോ പരിശോധനയോ ആവശ്യമില്ലാത്തതായ പരാതിയിൽ എതിർകക്ഷിക്ക് നോട്ടീസ് ലഭ്യമായ തീയതി മുതൽ മൂന്ന് മാസത്തെ കാലയളവിനുള്ളിൽ പരാതി തീർപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ചരക്കുകളുടെ വിശകലനമോ പരിശോധനയോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യമുള്ള പരാതികളിൽ അഞ്ച് മാസങ്ങൾക്കുള്ളിൽ തീരുമാനമെടുക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതും ഓരോ പരാതിയും കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കേണ്ടതുമാകുന്നു എന്നും വ്യവസ്ഥ ചെയ്യുന്നു.

(സി) കമ്മിഷനിൽ നിയമിക്കുന്നതിനു മുൻപായി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ടോ; വിശദമാക്കാമോ?

ജീവനക്കാരെ നിയമിച്ചതിനുശേഷം ഉപഭോക്തൃ കമ്മീഷനിൽ നിന്നും ഐ.എം.ജി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മുഖേന ട്രെയിനിംഗ് നൽകാറുണ്ട്.

പെട്രോൾ പമ്പുകളിൽ പരിശോധന

278(2361) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പെട്രോൾ പമ്പുകളിൽ പരിശോധന നടന്നിട്ടുണ്ട്; താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് 2,959 പെട്രോൾ പമ്പുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏതെല്ലാം പെട്രോൾ പമ്പുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; അവയ്ക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്നുള്ള വിശദാംശം താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാനമൊട്ടാകെ 980 പെട്രോൾ പമ്പുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും 688 കേസുകളിലുമായി 17,06,500/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും കുടിവെള്ളം, സുരക്ഷിതവും സൗകര്യപ്രദവുമായ സ്ഥലത്ത് വൃത്തിയുള്ളതും അടച്ചുറപ്പുള്ളതും ഉള്ളിൽ വെളിച്ചമുള്ളതുമായ ടോയ്ലെറ്റ് സൗകര്യം എന്നിവ ഉറപ്പാക്കുന്നതിലും ഇവ ലഭ്യമാണെന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിനും നിലവിൽ സ്വീകരിച്ചു വരുന്ന നടപടി വിശദീകരിക്കാമോ;

പെട്രോൾ വ്യവസായത്തിലെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻ (MDG) പ്രകാരം ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകളുടെ അടിസ്ഥാനത്തിൽ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും കുടിവെള്ളം, സുരക്ഷിതവും സൗകര്യപ്രദവുമായ സ്ഥലത്ത് വൃത്തിയുള്ളതും അടച്ചുറപ്പുള്ളതും ഉള്ളിൽ വെളിച്ചമുള്ളതുമായ ടോയ്ലറ്റ് സൗകര്യം എന്നിവ ഉറപ്പാക്കുന്നതിലും ഇവ ലഭ്യമാണെന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിനും ഡീലർഷിപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സെയിൽസ് ഓഫീസർമാർ നടത്തുന്ന പരിശോധനകളിൽ ഇക്കാര്യം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പൊതുജനങ്ങൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാക്കാത്ത പെട്രോൾ പമ്പുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ?

പൊതുജനങ്ങൾക്ക് മേൽപ്പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാക്കാത്ത പെട്രോൾ പമ്പുകൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻ (MDG) പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

ആലത്തൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം നടത്തിയ പരിശോധനകൾ

279(2362) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം നടത്തിയ പരിശോധനകൾ എത്രയാണെന്ന് വിശദമാക്കാമോ; അതിൽ എത്ര നിയമലംഘനങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര തുക പിഴ ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം 3,063 പരിശോധനകൾ നടത്തിയതിൽ 1,101 നിയമ ലംഘനങ്ങൾ കണ്ടെത്തുകയും 3,091,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) റമദാൻ, വിഷു, ഓണം പോലുള്ള ഉത്സവകാലത്ത് ആലത്തൂരിൽ നടത്തിയ പ്രത്യേക പരിശോധന റെയ്ഡുകളിൽ എത്ര വ്യാപാരികൾക്കെതിരെയാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

റമദാൻ, വിഷു, ഓണം പോലുള്ള ഉത്സവകാലത്ത് ആലത്തൂരിൽ നടത്തിയ പ്രത്യേക പരിശോധന റെയ്ഡുകളിൽ 25 വ്യാപാരികൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

മയക്ക് മരുന്ന് ഉപയോഗം

280(2363) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2011 മുതൽ 2025 വരെ മയക്കുമരുന്ന് ഉപയോഗംമൂലമുള്ള എത്ര അതിക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരങ്ങളുടെ വർഷവും ജില്ലയും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

മയക്കുമരുന്ന് ഉപയോഗംമൂലം എത്ര അതിക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിൽ ലഭ്യമല്ല.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ മയക്കുമരുന്ന് കൈവശം വച്ചതിനും വിതരണം ചെയ്തതിനും ഉപയോഗിച്ചതിനുമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ കുറ്റവിമുക്തരായിട്ടുണ്ടെന്നുമുള്ള വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള NDPS കേസുകളുടെയും, കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും കുറ്റ വിമുക്തരാക്കിയിട്ടുള്ളതുമായ പ്രതികളുടെ എണ്ണം, വർഷം എന്നിവ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ലഹരി മരുന്ന് വ്യാപാരം

281(2364) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെറ്റാമെലോൺ ഡാർക്ക് നെറ്റ് ലഹരി ഇടപാടുമായി ബന്ധപ്പെട്ട് മലയാളികളായ എഞ്ചിനീയർമാർ അറസ്റ്റിലായത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കെറ്റാമെലോൺ ഡാർക്ക് നെറ്റ് ലഹരി ഇടപാടുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) ഡാർക്ക് നെറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് വൻതോതിൽ ലഹരി മരുന്ന് വ്യാപാരം നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ലഹരി മരുന്ന് വ്യാപാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തടയുന്നതിന് എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉത്പന്നങ്ങൾ വാട്സ്ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി കടത്തും കച്ചവടവും നടത്തുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ അവരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ചു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൊറിയർ സർവ്വീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നു.

ഡാർക്ക് നെറ്റ് മുഖാന്തരം ഇടപാടുകൾ നടത്തി ഇന്റർനാഷണൽ മെയിൽ സെന്റർ വഴി കടത്തിക്കൊണ്ട് വന്ന ലഹരിമരുന്ന് കണ്ടെടുത്ത് മൂന്ന് കേസുകൾ 2025 വർഷത്തിൽ എറണാകുളം എക്സൈസ് റേഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദേശത്തു നിന്നും മയക്ക് മരുന്ന് വരാൻ സാധ്യതയുള്ള പാഴ്സൽ സർവീസുകൾ കേന്ദ്രീകരിച്ച് ജില്ലയിലെ എൻഫോഴ്സ്മെന്റ് വിഭാഗം നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ റിസോർട്ടുകൾ കേന്ദ്രീകരിച്ച് ലഹരി പാർട്ടികൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഹരി പാർട്ടികൾ നടത്തിയതുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളിൽ പരിശോധന

നടത്തിയിട്ടുണ്ട്; എത്ര സ്ഥലത്ത് നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ റിസോർട്ട് ഉടമകൾ ഉൾപ്പെടെയുള്ളവർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഹരി പാർട്ടികൾ നടത്തിയതുമായി ബന്ധപ്പെട്ട് 52 റിസോർട്ടുകളിൽ പരിശോധന നടത്തുകയും ആകെ 1579 റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 4 സ്ഥലത്ത് നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തിയതിനെത്തുടർന്ന് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ നിന്നായി 6.362 ഗ്രാം MDMA, 120 ഗ്രാം ഗഞ്ചാവ്, 97.186 ഗ്രാം ഹാഷിഷ് ഓയിൽ, 5 ഗഞ്ചാവ് ചെടികൾ, എന്നിവ തൊണ്ടിയായി പിടിക്കൂടിയിട്ടുണ്ട്.

ചങ്ങനാശ്ശേരി എക്സൈസ് റേഞ്ചിനെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി

282(2365) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചങ്ങനാശ്ശേരി എക്സൈസ് റേഞ്ചിനെ വിഭജിച്ച് വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുങ്കുന്നം, കങ്ങഴ, കുറുകച്ചാൽ പഞ്ചായത്തുകൾ ഉൾപ്പെടുത്തി കുറുകച്ചാലോ നെടുങ്കുന്നമോ കേന്ദ്രമാക്കി പുതിയ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാഫുകളുടെ പുനർവിന്യാസത്തിലൂടെ പ്രസ്തുത പദ്ധതി എത്രയും വേഗം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ & ബി) ചങ്ങനാശ്ശേരി എക്സൈസ് റേഞ്ചിൽ ഉൾപ്പെട്ട വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുങ്കുന്നം, കങ്ങഴ, കുറുകച്ചാൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി നെടുങ്കുന്നം എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് ഉൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാറ്റി വച്ചിട്ടുണ്ട്.

ഭരണകക്ഷിയുടെ പ്രാദേശിക നേതാവ് എം.ഡി.എം.എ.-യുമായി പിടിയിലായ കേസിന്റെ അന്വേഷണ പുരോഗതി

283(2366) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂരിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവ് എം.ഡി.എം.എ. യുമായി പിടിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; എത്ര ഗ്രാം എം.ഡി.എം.എ. ആണ് പ്രസ്തുത വ്യക്തിയിൽ നിന്ന് പിടിക്കൂടിയതെന്ന് അറിയിക്കാമോ; ഈ കേസിന്റെ എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കണ്ണൂരിൽ രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവ് എം.ഡി.എം.എ. യുമായി പിടിയിലായത് എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുപ്രവർത്തനം മറയാക്കി ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ വ്യക്തിക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി

284(2367) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതുക്കാട് കേന്ദ്രീകരിച്ച് ഒരു എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

നിലവിൽ പരിഗണനയിലില്ല.

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

എക്സൈസ് സേനയിലെ വനിതാ പ്രാതിനിധ്യം

285(2368) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. വി. ജോയി:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മദ്യ-മയക്കുമരുന്ന് കേസുകളിൽ പെൺകുട്ടികളുടെയും സ്ത്രീകളുടെയും പങ്കാളിത്തം കൂടിവരുന്ന സാഹചര്യം പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. എക്സൈസ് വകുപ്പിന്റെ സംസ്ഥാന-മേഖലാ-ജില്ലാ തലങ്ങളിൽ പ്രതിമാസം നടത്തുന്ന അവലോകനത്തിലും, ജില്ലാ തലത്തിൽ എല്ലാ ആഴ്ചകളിലും നടത്തുന്ന അവലോകനത്തിലും മദ്യ-മയക്കുമരുന്ന് കേസുകളിലെ സ്ത്രീകളുടെയും, പെൺകുട്ടികളുടെയും പങ്കാളിത്തം പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ചും, കോളേജുകൾ കേന്ദ്രീകരിച്ചും പെൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർഥികൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സന്നദ്ധ സംഘടനകളുമായും സഹകരിച്ച് ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു.

(ബി) സ്ത്രീകളെ മദ്യ-മയക്കുമരുന്ന് വിപണനത്തിന്റെ കാരിയറായി ഉപയോഗിക്കുന്നതായും അവരെ വിവിധ തരത്തിലുള്ള ചൂഷണത്തിന് വിധേയരാക്കുന്നതായും വന്നുകൊണ്ടിരിക്കുന്ന വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ?

മദ്യം, മയക്കുമരുന്ന് വിപണനത്തിന്റെ കാരിയറായി സ്ത്രീകളെ ഉപയോഗിക്കുന്നതായും അവരെ വിവിധ തരത്തിലുള്ള ചൂഷണത്തിന് വിധേയരാക്കുന്നതുമായ വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ച് നിയമപരമായ നടപടികളും അതോടൊപ്പം ബോധവത്കരണവും, പുനരധിവാസ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനിതാ ജീവനക്കാരെയുൾപ്പെടുത്തി കർശന പരിശോധനകളും നടത്തി വരുന്നുണ്ട്.

(സി) നിലവിൽ എക്സൈസ് ഉദ്യോഗസ്ഥരിലെ വനിതാ പ്രാതിനിധ്യം എത്രയാണെന്ന് അറിയിക്കാമോ?

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ഒന്നും എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 19-ഉം വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 658-ഉം വനിതകൾ സേവനമനുഷ്ഠിക്കുന്നുണ്ട്.

(ഡി) എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനും ഉണർവ്, നേർവഴി തുടങ്ങിയ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളിൽ വനിതകൾക്ക് പരിശീലനം നൽകി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നത് സർക്കാർ പരിശോധിച്ച് വരികയാണ്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ആരംഭിച്ച "ഉണർവ്" പദ്ധതിയിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും, സ്പോർട്സ് ഉപകരണങ്ങളും, മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നു. സ്കൂളുകളിൽ പെൺകുട്ടികൾക്കും പ്രസ്തുത പദ്ധതിയുടെ ഭാഗമായ കായിക പരിശീലനത്തിന് അവസരം ലഭിക്കുന്നു.

ലഹരിയുടെ ഉപയോഗത്തിൽനിന്നും കുട്ടികളെ വിടുതൽ ചെയ്ത് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് വിമുക്തി മിഷന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് 'നേർവഴി'. പ്രതികൂല സാഹചര്യങ്ങളിൽപ്പെട്ട് ലഹരി ഉപയോഗത്തിലേക്ക് തിരിയുന്ന കുട്ടികളെ അതിൽ നിന്നും കരകയറ്റുന്നതിനായുള്ള പ്രാഥമിക പ്രായോഗിക ഇടപെടൽ നടത്തുക എന്നതാണ് 'നേർവഴി' എന്ന പദ്ധതി ലക്ഷ്യമിടുന്നത്. എക്സൈസ് വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങളിൽ ആകെയുള്ള 5 കൗൺസിലർമാരിലെ 4 പേരും വനിതകളാണ്. കൂടാതെ നിലവിലുള്ള വിമുക്തി മെന്റർമാരിൽ 3 പേരും, പുതുതായി പരിശീലനം നൽകാൻ തിരഞ്ഞെടുത്തവരിൽ മൂന്ന് പേരും വനിതകളാണ്.

ലഹരി/മയക്കുമരുന്ന് വ്യാപനം കുറയ്ക്കുന്നതിന് ശാസ്ത്രീയമായ ബോധവത്കരണം

286(2369) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ലഹരി/മയക്കുമരുന്ന് ഉപയോഗം വർധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കൗമാരപ്രായക്കാർക്കിടയിലെ ലഹരി ഉപയോഗവും, പൊതു സമൂഹത്തിൽ ലഹരി ഉപയോഗം വർധിക്കുന്നതിനുള്ള കാരണങ്ങളും അവ ചെറുക്കുന്നതിനുള്ള പ്രതിവിധികളും കണ്ടെത്തുന്നതിനുമായി വിമുക്തിയുടെ ജില്ലാതല ഡീ-അഡിക്ഷൻ സെന്ററുകളിലും കൗൺസലിംഗ് സെന്ററുകളിലും ചികിത്സക്ക് എത്തിയതും, എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെട്ടവരുമായ, 21 വയസ്സിൽ താഴെ പ്രായമുള്ളവരിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.

"Public Opinion Survey on Substance Abuse" എന്ന പേരിൽ എക്സൈസ് വകുപ്പ്, വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഒരു പൊതുജനാഭിപ്രായ സർവ്വേ നടത്തിയിട്ടുണ്ട്. 26 വ്യത്യസ്ത വിഭാഗങ്ങളിലെ 62693 വ്യക്തികളിൽ നിന്നും വിവരം (DATA) ശേഖരിക്കുകയും ടി വിവരങ്ങൾ വിഷയ വിദഗ്ധരുടെ ഒരു ടീം രൂപീകരിച്ച്, സമഗ്രമായ വിശകലനത്തിനും ചർച്ചക്കും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലഹരി/മയക്കുമരുന്ന് വ്യാപനം കുറയ്ക്കുന്നതിനായി ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

സ്കൂൾ-കോളേജ് കാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ

287(2370) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോളേജ് കാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ സംഘങ്ങളെ ചെറുക്കുന്നതിനും ലഹരിവിമുക്തമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണ് വിശദീകരിക്കാമോ?

കോളേജ് തലത്തിൽ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. 2025 ജനുവരി മാസം മുതൽ ആഗസ്റ്റ് മാസംവരെ കോളേജ് തലത്തിൽ 5701 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ചു പരിശോധന നടത്തി ലഹരി

ഉപയോഗിച്ചതായി കണ്ടെത്തിയാൽ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി കർശന പരിശോധന നടത്തി വരുന്നു. കൂടാതെ പോലീസ് വകുപ്പുമായും ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്.

(ബി) സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശികതലങ്ങളിലുള്ള ജാഗ്രതാസമിതികളുടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

സ്കൂൾ പരിസരങ്ങളിൽ എക്സൈസ് വകുപ്പ് നിരന്തര നിരീക്ഷണം നടത്തി വരുന്നു. സ്കൂൾ തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പും സ്കൂൾ സമയത്തിനു ശേഷമുള്ള ഒരു മണിക്കൂറും സ്കൂൾ പരിസരങ്ങളിലും, വിദ്യാർത്ഥികൾ കൂട്ടം കൂടുന്ന സ്ഥലങ്ങളിലും എക്സൈസ് ഉദ്യോഗസ്ഥർ മഫ്തിയിൽ നിരീക്ഷണം നടത്തി വരുന്നു. സ്കൂളുകളിൽ ജാഗ്രതാസമിതികൾ രൂപീകരിച്ച് ലഹരിക്കെതിരെ അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മയക്കുമരുന്നുപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളുടെയും തോത് വർധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

മുൻ വർഷങ്ങളെ അപേക്ഷിച്ച് എക്സൈസ് കൂടുതൽ മയക്കുമരുന്ന് കേസുകൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സ് ജില്ലാ ആസ്ഥാനങ്ങളിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്തിൽ ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡായി പ്രവർത്തിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ ഇടുക്കി കൂടാതെ അടിമാലി കേന്ദ്രീകരിച്ച് ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് കൂടി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ടാസ്ക് ഫോഴ്സ് ജില്ലയിലുള്ള ലഹരിക്കടത്ത്, വിപണനം, ഉപയോഗം എന്നിവയെക്കുറിച്ച് വിവരം ശേഖരിക്കുകയും കുറ്റകൃത്യം കണ്ടെത്തി നിയമനടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ഡി) സംസ്ഥാനത്ത് പുതിയതായി എത്തുന്ന ലഹരി വസ്തുക്കളുടെ/കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നാർകോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോതെറാപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പുതിയതായി എത്തുന്ന ലഹരി വസ്തുക്കളുടെ/കൃത്രിമ ലഹരി വസ്തുക്കളുടെ വ്യാപനം തടയാൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനകൾ നടത്തുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ എൻ.ഡി.പി.എസ്. ആക്ടിന് കീഴിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ട്രമഡോൾ ഉൾപ്പെടെയുള്ള ലഹരി മരുന്നുകൾ എൻ.ഡി.പി.എസ്. ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമം

പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ് .

(ഇ) വിമാനത്താവളം, റെയിൽവേ, ചെക്ക്പോസ്റ്റുകൾ എന്നിവ വഴി ഇതര സംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് കടത്തികൊണ്ടുവരുന്ന കഞ്ചാവ്, എം.ഡി.എം.എ. ഉൾപ്പെടെയുള്ള ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്കടത്തും കച്ചവടവും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

റെയിൽവേ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്ന് പരിശോധനകൾ നിരന്തരം നടത്തി വരുന്നു. വിമാനത്താവളം വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി വിമാനത്താവളവുമായി ബന്ധപ്പെട്ട റോഡുകളിൽ പരിശോധന നടത്താറുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ ചെക്ക് പോസ്റ്റുകൾ വഴി കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് 24 മണിക്കൂറും ശക്തമായ വാഹന പരിശോധന നടത്തി വരുന്നു. ചെക്ക് പോസ്റ്റുകൾ കഴിഞ്ഞു വരുന്ന റോഡുകളിലും എക്സൈസ് പട്രോൾ ടീമുകൾ വാഹന പരിശോധന നടത്തുന്നുണ്ട്. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) സംസ്ഥാന അതിർത്തികളിൽ നിരന്തര പരിശോധന നടത്തി വരുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്ന് കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് ഇന്റലിജൻസ് വിഭാഗം

നടത്തുന്ന രഹസ്യ വിവരശേഖരണവും, പൊതുജനങ്ങളിൽ നിന്നു കിട്ടുന്ന വിവരങ്ങളും പരാതികളും സ്വീകരിച്ച് ഉടനടി ഉചിതവും കൃത്യവുമായ നടപടികൾ സ്വീകരിച്ചുവരുന്നു.

രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉൽപന്നങ്ങൾ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ മുഖേനയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും കൈമാറ്റം ചെയ്യുന്നത് എക്സൈസ് സൈബർ സെൽ കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നു. കൊറിയർ സർവീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു.

ലഹരി കടത്തും കച്ചവടവും നടത്തി വരുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ അവരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(എഫ്) ചെറിയ അളവിൽ ലഹരി കൈവശം വെച്ചാൽ സ്റ്റേഷൻ ജാമ്യം ലഭിക്കുമെന്നതിനാൽ ഇത്തരത്തിൽ വിൽപ്പന നടത്തുന്നവർ/ ഉപയോഗിക്കുന്നവർ വേഗത്തിൽ സ്റ്റേഷൻ ജാമ്യത്തിൽ പുറത്തെത്തി വീണ്ടും പ്രസ്തുത കുറ്റകൃത്യം ചെയ്യുന്നുവെന്നതിനാൽ പ്രസ്തുത കുറ്റകൃത്യത്തിൽ തുടർച്ചയായി ഏർപ്പെടുന്നവർക്ക് ജാമ്യം നൽകാതിരിക്കുന്നതിനും കൂടുതൽ കർശനമാക്കുന്നതിനുമായി നിയമം ഭേദഗതി വരുത്തുന്നതിനും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

എൻ.ഡി.പി.എസ്. ആക്ടിൽ സ്മാൾ, മീഡിയം, കൊമേഴ്സ്യൽ ക്വാണ്ടിറ്റി അളവുകൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്.

(ജി) രാസലഹരിയുടെയും മറ്റും ഉപയോഗം വ്യക്തിയിലും സമൂഹത്തിലും ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കാമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിയുടെ കടന്നുകയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടെ വിമുക്തിമിഷൻ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം', കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻനിർത്തി 'ഉണർവ്', 'ടീം വിമുക്തി സ്പോർട്സ് ടീം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിലെ കുട്ടികൾക്കായി ജീവിത നൈപുണികളെ അടിസ്ഥാനമാക്കി "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി “കരുതൽ" എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി “കവചം" എന്ന പേരിലും ക്രിയാത്മകമായ

പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി SCERT-മായി സഹകരിച്ച് കുട്ടികൾക്കായി “തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജുഡിഷ്യൽ കൊളോക്യം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യ നീതി, പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തുകയും, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുകയും, കുട്ടികൾക്കാവശ്യമായ ബോധവൽക്കരണം, ചികിത്സ എന്നിവ നൽകുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ 'No To Drugs' 2022 ഒക്ടോബർ 2-ന് ആരംഭിച്ചിട്ടുള്ളതും അതിന്റെ 4 ഘട്ടം വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ക്യാമ്പയിനിന്റെ അഞ്ചാം ഘട്ടം 2025 ജൂൺ 26 മുതൽ ആരംഭിച്ചിട്ടുള്ളത് 2026 ജനുവരി 26 വരെ നടപ്പിലാക്കുന്നതാണ്.

കായംകുളം എക്സൈസ് ഓഫീസ് കെട്ടിടം

288(2371) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കായംകുളം എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസിന് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓഫീസിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരി വ്യാപനം

289(2372) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി വ്യാപനം കൂടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ സർക്കാർ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി കച്ചവടവും ഉപയോഗവും സംബന്ധിച്ച് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ വർധനവ്

ഉണ്ടായിട്ടുണ്ട്. ഇത് ലഹരി വ്യാപനം കൂടുന്നതു കൊണ്ടല്ല മറിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് കൊണ്ടാണ്. വിദ്യാലയ പരിസരങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാലയങ്ങളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനുവേണ്ടി സ്കൂൾ/കോളേജ് പരിസരത്തെ കടകളിൽ പരിശോധന നടത്തി ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുന്നുണ്ട്. കൂടാതെ ലഹരി മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് എക്സൈസ് വകുപ്പ് സംയുക്ത പരിശോധനകൾ നടത്തുകയും സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എക്സൈസ് ഉദ്യോഗസ്ഥർ വിദ്യാലയങ്ങൾ സന്ദർശിക്കുകയും ഉപയോഗ ശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന ഇടങ്ങൾ എന്നിവ കണ്ടെത്തി സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് ഒരു മണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനു ശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തുകയും മറ്റ് സർക്കാർ

വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും പുകയില, മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന വിദ്യാർഥികളെ കണ്ടെത്തി കൗൺസിലിംഗ്/ഡി അഡിക്ഷൻ ചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്തു വരുന്നു. സ്കൂൾ പരിസരത്തെ കടകളിലും സ്ഥാപനങ്ങളിലും പരിചയമില്ലാത്തതും, സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നൽകിയിട്ടുണ്ട്.

ലഹരിയുടെ ദുരുപയോഗം ഇല്ലാതാക്കുക എന്ന ലക്ഷ്യം വച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനോടൊപ്പം വിമുക്തിയുടെ സഹകരണത്തോടെ ശാസ്ത്രീയമായ രീതിയിലുള്ള വിവിധങ്ങളായ ബോധവത്ക്കരണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) ലഹരി വ്യാപനം തടയാൻ 24 മണിക്കൂറും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും, ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്ന കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിന നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ എക്സൈസ് കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലുവഴിയും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ രൂപീകരിച്ചും പൊതുജനങ്ങളിൽ നിന്ന് വിവരങ്ങളും പരാതികളും സ്വീകരിച്ച് ഉടനടി നടപടി സ്വീകരിച്ചുവരുന്നു. 14 ജില്ലകളിലും

മുഴുവൻ സമയവും പ്രവർത്തിക്കുന്ന എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) സംസ്ഥാന അതിർത്തികളിൽ നിരന്തര പരിശോധന നടത്തി വരുന്നു.

രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉൽപന്നങ്ങൾ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ മുഖേനയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി കടത്തും കച്ചവടവും നടത്തി വരുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ അവരുടെ സമഗ്ര വിവരങ്ങൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നിരീക്ഷിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൊറിയർ സർവീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു. വ്യാജ വാറ്റ്, വ്യാജ മദ്യം, മയക്കുമരുന്ന് എന്നിവ കടത്തുന്നതിനെതിരെ പോലീസ്, ഫോറസ്റ്റ്, ആരോഗ്യം, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ ഇതര വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി അത്തരം പ്രവർത്തനങ്ങളെ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന

നടപ്പാക്കിയ പദ്ധതികൾ

290(2373) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മുന്നൂറ്റി അഞ്ചു ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ചങ്ങനാശ്ശേരി എക്സൈസ് കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. വിമുക്തി പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയമസഭ മണ്ഡല പരിധിയിലുള്ള 3 സ്കൂളുകളിൽ സ്പോർട്സ് ടീം രൂപികരിക്കുന്നതിലേക്കായി 30,000/- (മുപ്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച പഠനം

291(2374) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച് എക്സൈസ് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ?

കൗമാരപ്രായക്കാർക്കിടയിലെ ലഹരി ഉപയോഗവും, പൊതു സമൂഹത്തിൽ ലഹരി ഉപയോഗം വർധിക്കുന്നതിനുള്ള കാരണങ്ങളും അവ ചെറുക്കുന്നതിനുള്ള പ്രതിവിധികളും കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളിൽപ്പെട്ടവരിലും, വിമുക്തിയുടെ ജില്ലാതല ഡീ-അഡിക്ഷൻ സെന്ററുകളിലും കൗൺസലിംഗ് സെന്ററുകളിലും ചികിത്സാർത്ഥം എത്തപ്പെട്ടവരിലും 21 വയസ്സിൽ താഴെ പ്രായമുള്ളവരിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.

"Public Opinion Survey on Substance Abuse" എന്ന പേരിൽ എക്സൈസ് വകുപ്പ്, വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഒരു പൊതുജനാഭിപ്രായ സർവ്വേ നടത്തിയിട്ടുള്ളതാണ്. 26 വ്യത്യസ്ത വിഭാഗങ്ങളിലെ 62,693 വ്യക്തികളിൽ നിന്നും വിവരം (DATA) ശേഖരിക്കുകയും ടി വിവരങ്ങൾ അപഗ്രഥിച്ച്, വിഷയവിദഗ്ധരുടെ ഒരു ടീം രൂപീകരിച്ച്, സമഗ്രമായ വിശകലനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയിട്ടുണ്ട്.

ലഹരി വസ്തുക്കളുടെ ഉത്പാദനം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾ കൂടുതൽ ജനകീയമാക്കുന്നതിനും കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സംബന്ധിച്ച സർവ്വേയിലെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) മയക്കുമരുന്ന് ഭീഷണിക്കെതിരെ എക്സൈസ് വകുപ്പ് നാല് ഘട്ടമായി ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി മിഷന്റെ നേതൃത്വത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സാമൂഹിക–സാംസ്കാരിക- സന്നദ്ധ-രാഷ്ട്രീയ-ജാതി-മത യുവജന സംഘടനകളുടെയും സഹകരണത്തോടെ ആരംഭിച്ച ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഒന്നാം ഘട്ടം 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും രണ്ടാം ഘട്ടം 2022 നവംബർ 16 മുതൽ ജനുവരി 26 വരെയും മൂന്നാം ഘട്ടം പ്രവർത്തനം 2023 ഒക്ടോബർ 2 മുതൽ 2024 ജനുവരി 30 വരെയും നാലാം ഘട്ടം 2024 ജൂൺ 1 മുതൽ 2025 ജനുവരി 30 വരെയും സംഘടിപ്പിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും സ്കൂൾ തലത്തിലും ജനജാഗ്രതാ സമിതികളുടെ രൂപീകരണം, പട്ടികജാതി പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, ഹോസ്റ്റലുകൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് പ്രചാരണ പരിപാടികൾ, അതിഥി തൊഴിലാളികൾക്കിടയിൽ ലഹരിക്കെതിരെ അവബോധം, കായിക വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ഒരു ഗോൾ എന്ന മുദ്രാവാക്യത്തോടെ ഗോൾ ചലഞ്ച്, മയക്ക് മരുന്ന് ഉപയോഗവും വിൽപനയും ഇല്ലായെന്ന് ഉറപ്പ് വരുത്തിയ പ്രദേശങ്ങളിൽ ബോർഡുകൾ സ്ഥാപിക്കൽ, വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, കോച്ചിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് അവബോധവും സോഷ്യൽ

ഓഡിറ്റിംഗും, ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കൽ, സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി ലഹരിക്കെതിരെ മനുഷ്യ ചങ്ങല സംഘടിപ്പിക്കൽ, സ്കൂളുകളിൽ പ്രത്യേക അസംബ്ലി ചേർന്ന് ബോധവൽക്കരണ ക്ലാസുകൾ, പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കൽ, കച്ചവട സ്ഥാപനങ്ങളിൽ "ഈ സ്ഥാപനത്തിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നില്ല" എന്ന ബോർഡ് സ്ഥാപിക്കാൻ നിർദ്ദേശം നൽകൽ, 2024-25 അധ്യയന വർഷം സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് ആശംസ കാർഡുകളും കോളേജ് തലത്തിൽ ലഹരി വിരുദ്ധ സന്ദേശം അടങ്ങിയ നോട്ടീസുകളും വിതരണം ചെയ്യൽ എന്നീ പരിപാടികളാണ് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ആദ്യ നാല് ഘട്ടങ്ങളിൽ സംഘടിപ്പിച്ച പ്രധാന പരിപാടികൾ. ടി ക്യാമ്പയിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 59874 ബോധവൽക്കരണ പരിപാടികളും, കോളേജ് തലത്തിൽ 5645 ബോധവൽക്കരണ പരിപാടികളും, പൊതു ജനങ്ങൾക്കായി 20354 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ക്യാമ്പയിന്റെ അഞ്ചാം ഘട്ടം 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ സംഘടിപ്പിച്ച് വരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വകുപ്പുകൾ എപ്രകാരമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിമുക്തി മിഷന്റെ നേതൃത്വത്തിൽ 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ അഞ്ചാം ഘട്ടം പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, ആരോഗ്യം, പോലീസ്, പട്ടികജാതി പട്ടികവർഗ വികസനം, കായികം, തൊഴിൽ, സാംസ്കാരികം,

യുവജനകാര്യം, മത്സ്യബന്ധനം, വിവരപൊതുജന സമ്പർക്കം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഓരോ വകുപ്പുകളും നടപ്പിലാക്കേണ്ട പരിപാടികൾ ഉൾപ്പെടുന്ന പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി അതത് വകുപ്പുകൾ നടപടി സ്വീകരിച്ച് വരുന്നു.

(ഡി) എക്സൈസ് വകുപ്പ് വിദ്യാഭാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശദമാക്കാമോ?

ലഹരിയിൽ കുടുങ്ങിയവരെ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ ആരംഭിച്ച വിമുക്തി പദ്ധതിയിലൂടെ 2021 മുതൽ 2025 ആഗസ്റ്റ് വരെ ലഹരിക്കടിമപ്പെട്ട 8592 കുട്ടികളെ പുതുജീവിതത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർഥികൾക്കിടയിൽ അവബോധം സൃഷ്ടിച്ച് ഭാവിതലമുറയെ ലഹരിയിൽ നിന്ന് അകറ്റി നിർത്തി ലഹരി മുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നുണ്ട്. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ ശ്രദ്ധ/നേർക്കൂട്ടം കമ്മിറ്റികളും രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ ലഹരിക്കെതിരായ ചിന്ത വളർത്തുന്ന അനവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ വിദ്യാർഥികളെ ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിന് സാധിക്കുന്നുണ്ട്. വിമുക്തി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ

സ്പോർട്സ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിലൂടെയും വിദ്യാർത്ഥികളെ ലഹരിക്കടിമപ്പെടാതെ പഠനത്തിലേക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ

292(2375) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(ബി) പയ്യന്നൂർ താലൂക്ക് ആസ്ഥാനമായി പുതിയ എക്സൈസ് സർക്കിൾ ഓഫീസ് തുടങ്ങാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) സർക്കാർ പരിശോധിച്ചു വരുന്നു.

മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയൽ

293(2376) ശ്രീ. എം. രാജഗോപാലൻ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. മയക്ക് മരുന്നുകളുടെ ഉപയോഗവും, വ്യാപനവും സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എല്ലാ മാസവും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ അവലോകനം നടത്തി വരുന്നു. കണ്ടെടുത്ത NDPS കേസുകളുടെ അന്വേഷണ പുരോഗതി ജില്ലാ തലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, സംസ്ഥാന തലത്തിൽ അഡീഷണൽ എക്സൈസ് കമ്മീഷണറും (എൻഫോഴ്സ്മെന്റ്) അവലോകനം നടത്തി വരുന്നു. എല്ലാ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാരും, ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും അതത് ജില്ലകളിലെ ദൈനംദിന കേസുകൾ വിലയിരുത്തി ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു.

(ബി) മയക്കുമരുന്ന് വിപണന ശൃംഖലയിലെ എല്ലാ കണ്ണികളിലേയ്ക്കും എത്തിച്ചേരാൻ അന്വേഷണ സംഘങ്ങൾക്ക് സാധ്യമാകുന്നുണ്ടോ; വിശദമാക്കുമോ?

ഇല്ല. ലഹരിവസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കടത്തികൊണ്ടു വരുന്നത്. വിപണനം ചെയ്യുന്നവരിൽ അന്യസംസ്ഥാനക്കാർ കേരളത്തിൽ വന്ന് തിരിച്ചു പോയാൽ അവരെ കണ്ടെത്തുക എളുപ്പമല്ല. ഓരോ കേസിലും ലഹരിയുടെ ഉറവിടം, ലഹരി വിപണനം ചെയ്യുന്ന ശൃംഖല, കൂട്ടുപ്രതികൾ എന്നിവരെക്കുറിച്ചും അന്വേഷണം നടത്തി വരുന്നു.

(സി) അന്വേഷണങ്ങൾ വ്യാപകവും ശക്തവുമാക്കുന്നതിന് സഹായകരമായ എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന്റെ സഹായത്തോടെയും കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെയും കൂട്ടു പ്രതികളുടെയും സി.ഡി.ആർ., മൊബൈൽ ഫോൺ പരിശോധന, കോൾ ഡീറ്റെയിൽസ് എന്നിവ പൊലീസിന്റെ സഹായത്തോടെയും പരിശോധിച്ച് പ്രതികൾക്കെതിരായ തെളിവുകൾ ശേഖരിക്കുന്നതിനും കൂടുതൽ കേസുകൾ, ലഹരിയുടെ ഉറവിടം എന്നിവ കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. പ്രതികളുടെ മൊബൈൽ ഫോൺ പരിശോധിച്ച് അവരുടെ സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ നിരീക്ഷിച്ച് ലഹരിക്കടത്തിനോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരേയും കണ്ടെത്തുന്നു.

പരാതികൾ സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനായി ഡ്രഗ് ഡിറ്റക്ഷൻ കിറ്റ്, അബോൺ കിറ്റ് എന്നീ നൂതന സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നിന്നും കണ്ടെത്തിയിട്ടുള്ള മയക്കുമരുന്നുകളുടെയും മയക്കുമരുന്ന കേസുകളുടെയും വിശദാംശം നൽകാമോ?

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പ് 33306 മയക്കുമരുന്ന് (NDPS) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പിടിച്ചെടുത്തിട്ടുള്ള മയക്കുമരുന്നുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഹരിക്കെതിരെയുള്ള പ്രചരണം

294(2377) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദേശ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

തദ്ദേശസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡുതലത്തിലും ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് ജനജാഗ്രത സദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെ സഹായിക്കുന്നതോടൊപ്പം ഈ സമിതികൾ ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് നൽകുന്നതിന് സഹായിക്കുകയും ചെയ്യുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിയുടെ കടന്നു കയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടെ വിമുക്തിമിഷൻ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജ്

ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം', കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻനിർത്തി 'ഉണർവ്', 'ടീം വിമുക്തി' സ്പോർട്സ് ടീം എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിലെ കുട്ടികൾക്കായി ജീവിത നൈപുണികളെ അടിസ്ഥാനമാക്കി "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി തിരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ലഹരിയുടെ ഉപയോഗംമൂലം വിദ്യാർഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി 'നേർവഴി' എന്ന ഒരു പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി SCERT-യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജുഡീഷ്യൽ കൊളോക്യം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യ നീതി, പോലീസ്, മെഡിക്കൽ

വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തുകയും, ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുകയും ചെയ്യുക, കുട്ടികൾക്കാവശ്യമായ ബോധവൽക്കരണം, ചികിത്സ എന്നിവ നൽകുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുള്ള സിനിമ, നാടകം, മറ്റ് കലാരൂപങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുള്ള നാടകം, മറ്റ് കലാരൂപങ്ങൾ എന്നിവ എക്സൈസ് വകുപ്പ് പ്രദർശിപ്പിച്ചു വരുന്നുണ്ട്. ഇവ പ്രദർശിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടില്ല.

ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ പദ്ധതി

295(2378) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിരോധിത ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ., കേന്ദ്രീയ വിദ്യാലയങ്ങളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർധിപ്പിക്കുന്നതിനുമായി, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്.

പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും, കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങളുടെ വിതരണം എന്നിവ നടത്തുന്നു. നിലവിൽ സംസ്ഥാനത്തെ 29 സ്കൂളുകളിൽ ഉണർവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ലഹരിയുടെ ഉപയോഗംമൂലം വിദ്യാർഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച്

കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി "നേർവഴി" എന്ന പദ്ധതി നടപ്പിലാക്കുന്നു.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിന് പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി 'ബാല്യം അമൂല്യം' എന്ന പദ്ധതി നടപ്പിലാക്കുന്നു. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം ആകെ 140 സ്കൂളുകളിൽ ടി പദ്ധതി ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിമുക്തി കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി വിമുക്തി കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

ഡി.റ്റി.പി. സ്കീമിൽ ഉൾപ്പെട്ട റോഡ് വികസന പദ്ധതികൾ സംബന്ധിച്ച്

296(2379) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് കോർപ്പറേഷനിൽ വർഷങ്ങൾക്ക് മുൻപേ അംഗീകരിച്ച ഡി.റ്റി.പി. (ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ്) സ്കീമിൽ ഉൾപ്പെട്ടതും ഇപ്പോൾ നടപ്പിലാക്കേണ്ട ആവശ്യകതയില്ലാത്തതും സാങ്കേതിക തടസ്സമുള്ളതുമായ റോഡ് വികസനപദ്ധതികൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കോഴിക്കോട് കോർപ്പറേഷനിൽ നിലവിലിരുന്ന 16 ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളിൽ (ഡി.റ്റി.പി. സ്കീം) മൂന്ന് എണ്ണം ജൂലൈ 2024-ൽ അംഗീകൃതമായ കോഴിക്കോട് മാസ്റ്റർ പ്ലാൻ മുഖേന റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. ബാക്കിയുള്ള 13 ഡി.റ്റി.പി. സ്കീമുകളിൽ 12 എണ്ണം കോഴിക്കോട് കോർപ്പറേഷൻ പുനരവലോകനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനരവലോകനം ചെയ്ത് പ്രസിദ്ധീകരിച്ച 12 ഡി.റ്റി.പി. സ്കീമുകളിൽ പൊതുജനങ്ങളിൽ നിന്നും ആക്ഷേപ/അഭിപ്രായങ്ങൾക്കായി 60 ദിവസം നിയമാനുസൃതമായ സമയം അനുവദിക്കുകയും ലഭിച്ചിട്ടുള്ള ആക്ഷേപ/അഭിപ്രായങ്ങൾ പരിശോധിച്ചശേഷം നിലവിലെ വികസന സാധ്യതകൾ വിലയിരുത്തി അവലോകനം ചെയ്ത് ആവശ്യമായ പ്രൊപ്പോസലുകൾ നിലനിർത്തുകയും അല്ലാത്തവ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അത് പ്രകാരം ടി സ്കീമുകളിലെ വിവിധ റോഡ് അലൈൻമെന്റുകളിൽ മാറ്റം വരുത്തുകയും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ടി ഡി.റ്റി.പി. സ്കീമുകളുടെ ക്രോഡീകരിച്ച സ്റ്റാറ്റസ് അനുബന്ധമായി

ചേർക്കുന്നു.+

13-ാമത് ഡി.റ്റി.പി. സ്കീം ആയ 'ഡി.റ്റി.പി. സ്കീം ഫോർ കോഴിക്കോട് ബിച്ച് ഏരിയ' കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, 2016, വകുപ്പ് 50(3)-പ്രകാരം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ടേക്ക് എ ബ്രേക്ക് പദ്ധതി

297(2380) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാലക്കാട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം 163 വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇതിൽ പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുള്ളവ എത്രയെന്നും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടും തുറന്നുകൊടുക്കാത്തവ എത്രയെന്നും വ്യക്തമാക്കാമോ?

158 എണ്ണം പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായിട്ടും തുറന്ന് കൊടുക്കാത്തവയായി 5 എണ്ണം നിലവിലുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവ തുറന്നുകൊടുത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി കുടുംബശ്രീയെ ഏൽപ്പിക്കുകയോ മറ്റ് രീതിയിൽ| പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുചിത്വ മിഷൻ മുഖേനയുള്ള പ്രവൃത്തികൾ

298(2381) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ശുചിത്വ മിഷൻ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ മുഖേന ശുചിത്വ മിഷൻ, 'ടേക്ക് എ ബ്രേക്ക് ' ടോയ്ലെറ്റ് പദ്ധതി, വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം, എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവയുടെ നിർമ്മാണം, എയ്റോബിക് കമ്പോസ്റ്റ്, ബയോഗ്യാസ് എന്നിവയുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ, ഉറവിട മാലിന്യ ഉപാധികൾ സ്ഥാപിക്കൽ എന്നിവയാണ് നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും ഫണ്ട് ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2025-26 സാമ്പത്തിക വർഷം സ്വച്ച് മിഷൻ (ഗ്രാമീൺ) ഫണ്ടിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 5 കോടി രൂപയും സംസ്ഥാന വിഹിതവും ചേർത്ത് ആകെ 8.33 കോടി രൂപയാണ് പദ്ധതികൾക്കായി വിനിയോഗിക്കുവാൻ ലഭ്യമായിരുന്നത്. ആയതിനാൽ എല്ലാ പദ്ധതികൾക്കും ഫണ്ട് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത അലോട്ട്മെന്റായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ള 25 കോടി രൂപ ലഭ്യമാകുന്നതനുസരിച്ച് എല്ലാ പദ്ധതികൾക്കും ഫണ്ട് അനുവദിക്കാൻ കഴിയുന്നതാണ്.

(സി) നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ ഏകദേശം 75 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള എം.സി.എഫ്. ബിൽഡിംഗിന് ശുചിത്വമിഷൻ ഫണ്ട് ലഭ്യമാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമ പഞ്ചായത്തിൽ 75 ലക്ഷം രൂപ വകയിരുത്തി എം.സി.എഫ്. ബിൽഡിംഗ് നിർമ്മാണ പദ്ധതി ആരംഭിച്ചുവെങ്കിലും നിലവിൽ അടങ്കൽ തുക 45 ലക്ഷമാക്കി കുറച്ചിട്ടുണ്ട്. ഇതിൽ 11,83,857/- രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി ശുചിത്വ മിഷൻ വിഹിതമായി അനുവദിക്കേണ്ട 13,60,063/- രൂപ ഫണ്ട് ലഭ്യമാകുന്ന മുറക്ക് അനുവദിക്കുന്നതാണ്.

കെട്ടിട കൂട്ടിച്ചേർക്കലിനുള്ള നികുതി

299(2382) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ, പഴക്കംചെന്ന കെട്ടിടത്തോടൊപ്പം പുതുതായി കൂട്ടിച്ചേർക്കലുകൾ നടത്തുമ്പോൾ പുതിയ കൂട്ടിച്ചേർക്കലിനുമാത്രമായി നികുതി അടയ്ക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധത്തിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. K-Smart സോഫ്റ്റ് വെയർ മുഖേന നികുതി ഡിമാന്റ് ചെയ്യുന്നതും സ്വീകരിക്കുന്നതും പൂർണ്ണമായും ഇതുസംബന്ധിച്ച 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233-ാം വകുപ്പിലെയും തൽസംബന്ധിയായ വസ്തു നികുതി ചട്ടങ്ങളിലെ വ്യവസ്ഥകളും ഇക്കാര്യത്തിൽ സർക്കാർ ഉത്തരവുമൂലം നൽകിയിട്ടുള്ള പ്രത്യേക നിർദേശങ്ങളും പൂർണ്ണമായി പാലിച്ചു കൊണ്ടാണ്.

പഴയ കെട്ടിടത്തോട് കൂട്ടി ചേർത്ത് പണിത പുതിയഭാഗത്തിന് 144/2015, 358/2015, 77/2023 എന്നീ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നികുതി പ്രത്യേകമായാണ് നിശ്ചയിക്കുന്നതെങ്കിലും അപ്രകാരം നിശ്ചയിച്ച പുതിയ ഭാഗത്തിന്റെ നികുതി തുക ആ കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന നികുതി തുകയോട് ചേർത്ത് നിലവിലുണ്ടായിരുന്ന കെട്ടിട നമ്പറിലെ ഡിമാന്റ് പുനർനിർണ്ണയിക്കപ്പെടുകയാണ് ചെയ്യുന്നത്. ഒരു കെട്ടിട നമ്പർ

നൽകിയിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായോ വാർഷിക നികുതിയായി ഒറ്റത്തവണയായോ മാത്രമാണ് അടവാക്കാൻ ആകുിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നതിനാൽ അപ്രകാരം കൂട്ടി ചേർത്ത ഭാഗത്തിന് പ്രത്യേകമായി നികുതി അടവാക്കാൻ നിയമപരമായി സാധ്യമാകില്ല. എന്നാൽ കൂട്ടിച്ചേർക്കപ്പെട്ട കെട്ടിട ഭാഗത്തിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രത്യേക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ പ്രത്യേക ഡിമാന്റ് നൽകി ആ ഭാഗത്തിന് മാത്രമായി നികുതി അടയ്ക്കാവുന്നതാണ്.

(ബി) പഴയകെട്ടിടം ഉൾപ്പെടെ പുതുതായുള്ള കൂട്ടിച്ചേർക്കലിന് നികുതി നിശ്ചയിച്ച് നൽകുന്നതുമൂലം ജനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യത വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഴയ കെട്ടിടത്തോട് കൂട്ടിച്ചേർത്ത് പുതിയ കെട്ടിട ഭാഗം നിർമ്മിച്ച് നികുതി നിശ്ചയിക്കുമ്പോൾ 144/2015, 358/2015, 77/2023 എന്നീ നമ്പർ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പരിഗണിച്ച് പുതിയ കെട്ടിട ഭാഗത്തിന് മാത്രമാണ് നികുതി പുതിയതായി നിശ്ചയിക്കപ്പെടുക. എന്നാൽ കൂട്ടി ചേർക്കുന്ന ഭാഗത്തിന് പുതിയതായി നിശ്ചയിക്കുന്ന നികുതി തുക പഴയ കെട്ടിട ഭാഗത്തിന്റെ നിലവിലുണ്ടായിരുന്ന നികുതി തുകയുമായി കൂട്ടി ചേർത്ത് ഒറ്റ തുകയായാണ് ഡിമാന്റ് ചെയ്യപ്പെടുക. ഇതുമൂലം ജനങ്ങൾക്ക് യാതൊരു വിധത്തിലുള്ള അധിക സാമ്പത്തിക ബാധ്യതയും വരുന്നതല്ല.

മേൽ പ്രകാരമുള്ള നികുതി നിർണയത്തിന്റെ വിശദാംശം നികുതിദായകന്റെ ലോഗിനിൽ ലഭ്യമാണെന്നതിനാൽ ഇപ്രകാരം നികുതി നിർണയത്തിൽ അധികബാധ്യതയുണ്ടാകുന്നില്ല എന്നത് ബോധ്യപ്പെടാവുന്നതുമാണ്.

(സി) കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ പഴയ കെട്ടിടത്തിനോടൊപ്പം പുതുതായി കൂട്ടിച്ചേർക്കൽ നടത്തിയതിനുമാത്രം നികുതി അടയ്ക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഈ സൗകര്യം അടിയന്തരമായി പ്രസ്തുത സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പഴയ കെട്ടിടത്തിനോട് പുതിയ ഭാഗം കൂട്ടി ചേർക്കുമ്പോൾ പുതിയതായി നിർമ്മിച്ച ഭാഗത്തിന് മാത്രമാണ് പുതിയ നികുതി ബാധകമാകുന്നത്. എന്നാൽ ആയത് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ നിലവിലുള്ള നികുതി തുകയോട് കൂട്ടിച്ചേർത്ത് മാത്രമാണ് ഡിമാന്റ് ചെയ്യാൻ കഴിയുക എന്നുള്ളതിനാൽ പ്രത്യേകമായി സ്വീകരിക്കുവാൻ നിലവിൽ കഴിയില്ല.

നിലവിൽ ഒരു നമ്പറിലുള്ള കെട്ടിടത്തിന്റെ നികുതി തുകയ്ക്ക് ഭാഗിക ഡിമാന്റ് നൽകാൻ ആകട്ടിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ സോഫ്റ്റ്വെയറിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്വെയർ വരുന്നതിനു മുൻപും ഭാഗികമായി നികുതി അടയ്ക്കുവാൻ കഴിയുമായിരുന്നില്ല.

കെട്ടിടനികുതി പുനർനിർണ്ണയം

300(2383) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2011 മുതൽ കെട്ടിടനികുതി പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതിനുള്ള നികുതി പരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിച്ചപ്പോഴും തുടർന്ന് വന്ന 05-04-2023-ലെ സ. ഉ.(അച്ചടി) നമ്പർ 25/2023/എൽ.എസ്.ജി.ഡി.(എസ്.ആർ.ഒ.നം. 479/2023) നികുതി പരിഷ്കരണ ഉത്തരവിലും, ആനുവൽ റെന്റ് വാല്യൂ (എ.ആർ.വി.) അടിസ്ഥാനത്തിൽ വീടുകളുടെ കരം നിർണ്ണയിച്ചിരുന്ന രീതിയിൽ വരുത്തേണ്ട മാറ്റത്തെകുറിച്ച് പരാമർശിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

07-10-2009-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 (2) എ ഭേദഗതി പ്രകാരം വസ്തു നികുതി ചുമത്തുന്നതിലേയ്ക്കായി ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ 2011 മുതൽ വസ്തു നികുതി നിർണ്ണയം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ മാറ്റി നിർണ്ണയിച്ചിട്ടുണ്ട്.

(ബി) ആനുവൽ റെന്റ് വാല്യൂ (എ.ആർ.വി.) അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ വീടുകളുടെ കരം നിർണ്ണയിച്ചിരുന്ന കാലഘട്ടത്തിൽ ഉൾപ്പെട്ടവർക്ക് 2011 മുതലുള്ള

പരിഷ്കരിച്ച നികുതി നിർണ്ണയത്തിലേയ്ക്ക് മാറുവാൻ സാധിക്കാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ അടിയന്തരമായി ആനുവൽ റെന്റ് വാല്യൂ (എ.ആർ.വി.) രീതിയിൽ കരം ഒടുക്കുന്നവർക്ക് നിലവിലെ ഉത്തരവ് പ്രകാരമുള്ള രീതിയിലേക്ക് മാറ്റുന്നതിനായി അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ബാലുശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഫണ്ട്

301(2385) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണപദ്ധതി പ്രകാരം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത റോഡുകളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ചിക്കൻ പദ്ധതിയുടെ ഡയറക്ടർ ബോർഡിൽ കർഷക പ്രതിനിധിയെ ഉൾപ്പെടുത്തുവാൻ നടപടി

302(2386) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗുണനിലവാരമില്ലാത്ത രോഗവാഹകരായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതുമൂലം കുടുംബശ്രീ വഴി നടപ്പിലാക്കിയ കേരള ചിക്കൻ പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

കുടുംബശ്രീ കേരള ചിക്കൻ പദ്ധതികളിൽ ഒരു വർഷം ഏകദേശം 78 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ ഫാം നടത്തിപ്പിനായി വാങ്ങുന്നുണ്ട്. കേരള ചിക്കൻ കർഷകർക്ക് ഉന്നത നിലവാരത്തിലുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുവേണ്ടി VENCOBB 430 Y എന്ന ബ്രീഡ് കുഞ്ഞുങ്ങളായിരിക്കണം, ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളുടെ ഭാരം 45 ഗ്രാമിന് മുകളിലായിരിക്കണം എന്നുള്ള കർശന നിർദേശം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന വെൻഡർമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായും, ബ്രീഡർ സ്റ്റോക്ക് അനുസരിച്ചും കോഴിക്കുഞ്ഞിന്റെ ഗുണനിലവാരത്തിൽ വ്യതിയാനം ഉണ്ടാവാം. ഇതുമൂലം കൂടുതൽ സാമ്പത്തിക നഷ്ടം കമ്പനിക്കാണ് ഉണ്ടാകാറുള്ളത്. ഗുണനിലവാരത്തിൽ അപാകതകൾ ഉണ്ടാകുന്ന അവസരങ്ങളിൽ വെൻഡറിനോട് ബ്രീഡർ സ്റ്റോക്ക് മാറ്റി ഗുണ നിലവാരമുള്ള കുഞ്ഞുങ്ങളെ വിതരണം

ചെയ്യുവാനുള്ള നിർദ്ദേശം നൽകാറുണ്ട്. എന്നാൽ കർഷകർക്ക് കൂടുതൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അവരുടെ ഫാം പരിപാലനത്തിലുള്ള വീഴ്ച കാരണമാണ്. കോഴിക്കുഞ്ഞുങ്ങൾക്ക് ഇ-കോളി, ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങൾ ഫാം പരിപാലനത്തിലുള്ള വീഴ്ച കാരണം പിടിപെടുകയും മരണനിരക്ക് ഉയരുകയും ചെയ്യും. ആയത് പരിഹരിക്കുന്നതിനുവേണ്ടി ജില്ലാ അടിസ്ഥാനത്തിൽ കർഷകർക്ക് നിലവിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) വിശ്വാസയോഗ്യമായ കമ്പനികളിൽ നിന്ന് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ കേരള ചിക്കൻ പദ്ധതിയിലേയ്ക്ക് വിതരണം ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വിശ്വാസയോഗ്യമായ കമ്പനികളിൽ നിന്ന് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ കേരള ചിക്കൻ പദ്ധതിയിലേയ്ക്ക് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കോഴിക്കുഞ്ഞുങ്ങളുടെ വില ദിനം പ്രതി മാറുന്നത് കാരണം ടെൻഡർ നടപടികളിൽ പങ്കെടുക്കാൻ പല വിതരണക്കാരും തയ്യാറാകുന്നില്ല എന്നത് വെല്ലുവിളിയാണ്.

(സി) കേരള ചിക്കൻ പദ്ധതി തുടങ്ങിയ കാലം മുതൽ കോഴിക്കുഞ്ഞുങ്ങളുടെ വളർത്തുകൂലി ഇനത്തിൽ നൽകിവരുന്ന പതിമൂന്ന് രൂപ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2024 ജൂൺ വരെ കർഷകർക്ക് കിട്ടിയിരുന്ന മിനിമം വളർത്തുകൂലി ഒരു കിലോയ്ക്ക് 2 രൂപ ആയിരുന്നു. ആയത് 2024 ജൂലൈ മാസത്തിൽ ഒരു കിലോയ്ക്ക് 6 രൂപയായി

ഉയർത്തിയിരുന്നു. നിലവിൽ കമ്പനി നൽകുന്ന പരമാവധി വളർത്തുകൂലിയായ ഒരു കിലോയ്ക്ക് 13 രൂപയെന്നത് മാർക്കറ്റിലെ ഏറ്റവും ഉയർന്ന വളർത്തു കൂലിയാണ്. മറ്റ് പ്രൈവറ്റ് ഇന്റഗ്രേറ്റർമാർ നൽകുന്ന പരമാവധി വളർത്തുകൂലി 7 മുതൽ 10 രൂപയാണ്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ വളർത്തു കൂലി വർധിപ്പിക്കാൻ നിർവാഹമില്ല.

(ഡി) കേരള ചിക്കൻ പദ്ധതിയുടെ ഡയറക്ടർ ബോർഡിൽ ഒരു കർഷക പ്രതിനിധിയെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

കോതമംഗലം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

303(2387) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. സ്കീമിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

(എ&ബി) PMGSY IV-ൽ ഉൾപ്പെടുത്തുന്നതിനായി കോതമംഗലം നിയോജകമണ്ഡലത്തിലെ 52 ഹാബിറ്റേഷനുകൾ ഗ്രാമസഡക് സർവ്വേ മുഖാന്തരം സമർപ്പിച്ചിരുന്നു. ഇതിൽ 20 ഹാബിറ്റേഷനുകളുടെ ഗ്രാമസഡക് സർവ്വേയ്ക്ക് കേന്ദ്ര

സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഇതിൽ, പ്രാരംഭ ഘട്ടമായി 24-07-2025-ൽ അംഗീകാരം ലഭിച്ച 14 ഹാബിറ്റേഷനുകൾക്ക് ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (SLSC) അംഗീകാരമാണ് ഇനി ലഭിക്കാനുള്ളത്.

(സി) കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻചാൽ എന്നീ പാലങ്ങളുടെയും അനുബന്ധ റോഡുകളുടെയും നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവന കടവ് പാലവും അനുബന്ധ റോഡും ഉൾപ്പെടുന്ന കല്ലേലിമേട്-വാരിയം ഹാബിറ്റേഷന്റെ ഗ്രാമസഡക് സർവേയ്ക്ക് 20-08-2025-ലും മണികണ്ഠൻചാൽ പാലവും അനുബന്ധ റോഡും ഉൾപ്പെടുന്ന പൂയംകുട്ടി ഹാബിറ്റേഷന്റെ ഗ്രാമ സഡക് സർവേയ്ക്ക് 24-07-2025-ലും കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

304(2388) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മങ്കട നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സഹായം നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയാകാൻ ബാക്കിയുള്ള വീടുകൾ എത്രയെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

മങ്കട നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അനുമതി ലഭിച്ച 3,182 കുടുംബങ്ങളിൽ 2,356 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 826 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മങ്കട നിയോജകമണ്ഡലത്തിൽ അവശേഷിക്കുന്ന ഭവന രഹിതർ എത്രയെന്നും അതിൽ സർക്കാരിന്റെ ഒരു ഭവന പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്തവർ എത്രയെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

കെ-സ്മാർട്ടിന്റെ പ്രവർത്തന പുരോഗതി

305(2389) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുജനസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആവിഷ്കരിച്ച കെ-സ്മാർട്ടിന്റെ പ്രവർത്തന പുരോഗതി എത്രത്തോളമായിയെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ?

2024 ജനുവരി 1 മുതൽ കേരളത്തിലെ എല്ലാ നഗര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും, 2025 ഏപ്രിൽ 10 മുതൽ കേരളത്തിലെ എല്ലാ ത്രിതല പഞ്ചായത്തുകളിലും കെ-സ്മാർട്ട് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് മുഖേനയാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്.

രോഗബാധയുള്ള തെരുവുനായ്ക്കളുടെ ദയാവധം

306(2390) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പേ പിടിച്ചതും മറ്റ് രോഗബാധയുള്ളതുമായ തെരുവുനായ്ക്കളെ ദയാവധത്തിന് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ദയാവധത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ദയാവധത്തിനുള്ള തെരുവുനായ്ക്കളെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതിനായി ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക പരിശീലന പദ്ധതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ-സി) വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായി Prevention of Cruelty to Animals (Animal Husbandry Practices and Procedures) Rules 2023-ലെ ചട്ടം 8-ന്റെ പരിധിയിൽ വരുന്ന തെരുവ് നായ്ക്കളെ പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ദയാവധത്തിന് വിധേയമാക്കാവുന്നതാണെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന W.P.(C)No.18013/2017-ലെയും മറ്റ് അനുബന്ധ കേസുകളിലെയും 28-07-2025-ലെ ഉത്തരവുപ്രകാരം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ മൃഗങ്ങളെ ദയാവധം ചെയ്യുന്നത് അനുവദിക്കാനാവില്ല എന്ന് നിർദേശിച്ചിട്ടുണ്ട്.

തെരുവുനായ്ക്കളിലെ വന്ധ്യംകരണ ശസ്ത്രക്രിയകൾ വർദ്ധിപ്പിക്കാൻ നടപടി

307(2391) ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എ.ബി.സി. സെന്ററുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം

വർധിപ്പിക്കാനും മൃഗാശുപത്രികളിലെ സൗകര്യങ്ങൾ വർധിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തെരുവ് നായ ആക്രമണങ്ങൾ തടയുന്നതിനും തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടേയും, മൃഗസംരക്ഷണവകുപ്പ് മന്ത്രിയുടെയും സംയുക്ത അധ്യക്ഷതയിൽ 16-07-2025-ൽ ഒരു യോഗം ചേരുകയും തുടർന്ന് ഓരോ ബ്ലോക്ക് പഞ്ചായത്തിലും 1 വീതം 152 ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രാവർത്തികമാകുന്നതോടുകൂടി എ.ബി.സി. സെന്ററുകളിൽ ആനുപാതികമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർധിക്കുകയും പോർട്ടബിൾ സെന്ററുകൾ സ്ഥാപിക്കുന്നതോടുകൂടി എ.ബി.സി. പ്രോഗ്രാമുകൾ കൂടുതൽ സൗകര്യപ്രദമാകുകയും ചെയ്യും.

(ബി) തെരുവുനായ്ക്കളിലെ വന്ധ്യംകരണ ശസ്ത്രക്രിയകളുടെ എണ്ണം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ 18 എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് 152 ബ്ലോക്ക് പഞ്ചായത്തുകൾ ഉണ്ട്. നിലവിൽ എ.ബി.സി. യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, പോർട്ടബിൾ എ.ബി.സി. യൂണിറ്റ് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കെ-സ്മാർട്ട് പദ്ധതിയിൽ ജനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ

308(2392) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നടപ്പാക്കിയ കെ-സ്മാർട്ട് പദ്ധതിയിൽ ജനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സാങ്കേതികവിദ്യയിൽ പരിജ്ഞാനം കുറഞ്ഞവർക്കും അത് ലഭ്യമല്ലാത്തവർക്കും കെ-സ്മാർട്ട് സാങ്കേതികവിദ്യ സ്വായത്തമാവുകയും പരിചിതമാവുകയും ചെയ്യുന്നതുവരെ പൊതുജനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കെ-സ്മാർട്ട് സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും മറ്റ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന പരാതികൾ തുടർനടപടി സ്വീകരിക്കുന്നതിനായി സമയബന്ധിതമായി ഐ.കെ.എം.-ന് കൈമാറുന്നുണ്ട്. 10-04-2025-ലെ സ.ഉ.(കൈ.) നം. 66/2025/എൽ.എസ്.ജി.ഡി. നം. ഉത്തരവ് പ്രകാരം കെ-സ്മാർട്ട് സംവിധാനം കുറ്റമറ്റ വിന്യാസത്തിനും നിർവഹണത്തിനും മോണിറ്ററിംഗിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് സെൽ (SIMC, DIMC) രൂപീകരിച്ച്

പ്രവർത്തിക്കുന്നുണ്ട്.

(ബി) കെ-സ്മാർട്ട് വഴി അപേക്ഷകൾ സമർപ്പിക്കുന്നതിന് ആധാർ അധിഷ്ഠിത ഒ.ടി.പി. സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ആധാർ ഡാറ്റയിൽ മൊബൈൽ നമ്പർ പുതുക്കാത്തതിനാലും വെബ്സൈറ്റിന്റെ മറ്റു തടസ്സങ്ങളും കാരണം പലർക്കും ഒ.ടി.പി. ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആധാർ അധിഷ്ഠിത ഒ.ടി.പി. സംവിധാനം നിർബന്ധമാക്കിയിട്ടില്ല. കെ-സ്മാർട്ടിൽ ആധാർ അധിഷ്ഠിത KYC വെരിഫിക്കേഷൻ (OTP മുഖേന) ചില സേവനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ലഭ്യമല്ലാത്തവർക്ക് മറ്റ് ഡോക്യുമെന്റുകൾ ഉപയോഗിച്ച് ലോഗിൻ തയ്യാറാക്കാവുന്നതും മൊബൈൽ നമ്പറോ ഇ-മെയിൽ യൂസർ ഐഡി ആയി ഉപയോഗിക്കാവുന്നതാണ്.

(സി) ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ഇല്ലാത്തതിനാൽ കെ-സ്മാർട്ട് വഴി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ലഭ്യമല്ലാത്തവർക്ക് മറ്റ് രേഖകൾ ഉപയോഗിച്ച് ലോഗിൻ തയ്യാറാക്കാവുന്നതും മൊബൈൽ നമ്പറോ ഇ-മെയിൽ വിലാസമോ യൂസർ ഐഡിയായി ഉപയോഗിക്കാവുന്നതാണ്.

നെറ്റ് സീറോ കാർബൺ കേരളം

309(2393) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ നടത്തുന്ന പരിസ്ഥിതി പുനഃസ്ഥാപനപ്രവർത്തനമായ നെറ്റ് സീറോ കാർബൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം കാർബൺ എമിഷൻ ലഘൂകരിക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട 92 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന ക്യാമ്പയിന് തുടക്കമിട്ടത്. ഇതിന് തുടർച്ചയായി എറണാകുളം ജില്ലയിലെ ഗോശ്രീ ഐലന്റ് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ പരിധിയിലുള്ള 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ക്യാമ്പയിനുമായി സഹകരിക്കാൻ മുന്നോട്ടു വരികയും ചെയ്തു. നിലവിൽ വടകര മുനിസിപ്പാലിറ്റി ഉൾപ്പെടെ 152 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഈ ക്യാമ്പയിനുമായി സഹകരിക്കുന്നത്.

ഊർജ്ജമേഖല, കൃഷി-വനം-ഭൂവിനിയോഗം, മാലിന്യം എന്നീ മേഖലകളിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതും കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള വൃക്ഷവൽക്കരണം എന്നിവയിലൂടെ അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് നീക്കംചെയ്യുന്നതും അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് ക്യാമ്പയിൻ ഊന്നൽ

നൽകുന്നത്.

സംസ്ഥാനതലത്തിൽ ക്യാമ്പയിന് മാർഗനിർദേശം നൽകുന്നതിനായി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരും മറ്റുസ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ജില്ലാതലത്തിൽ പരിസ്ഥിതി പ്രവർത്തകരും സ്ഥാപനങ്ങളിലെ വിദഗ്ധരും ഉദ്യോഗസ്ഥരുമടങ്ങുന്ന ജില്ലാതല കോർ ഗ്രൂപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും, റസിഡന്റ്സ് അസോസിയേഷനുകളുടേയും മറ്റുവിവിധ വിഭാഗം ജനങ്ങളുടേയും പ്രതിനിധികളടങ്ങുന്ന നെറ്റ് സീറോ കോർ ഗ്രൂപ്പും ഉൾപ്പെടുന്നതാണ് ക്യാമ്പയിൻ സംഘടനാ സംവിധാനം.

കൂടാതെ പ്രാദേശികമായി കലാലയങ്ങളുടേയും സ്കൂളുകളുടേയും വിദ്യാർത്ഥികളുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തുവാനും ശ്രമിക്കുന്നുണ്ട്. ചിലയിടങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സേവനം ക്യാമ്പയിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ ക്യാമ്പയിന്റെ സഹായത്തിനായി ഹരിതകേരളം മിഷൻ വേൾഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ക്യാമ്പയിന്റെ ഭാഗമായി പരിപാടിയിൽ പങ്കെടുക്കുന്ന 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികൾക്ക് എനർജി മാനേജ്മെന്റ് സെന്ററിന്റെ അംഗൻജ്യോതി ക്യാമ്പയിനിലൂടെ ഊർജ്ജകാര്യക്ഷമത ഉറപ്പാക്കുന്ന പാചക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ പകൽ സമയത്ത് ഉപയോഗിക്കുന്നതുകൊണ്ട് മിക്കവാറും പൂർണമായും

ഗ്രിഡിൽ നിന്നും ലഭ്യമായ സൗരോർജ്ജത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. ഈ അങ്കണവാടികളിൽ വിവിധ മാർഗങ്ങളിലൂടെ പ്രത്യേക സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമവും നടന്നുവരികയാണ്. കൂടാതെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുൾപ്പെടുന്ന 1120 കെട്ടിടങ്ങളിൽ സൗരോർജ പാനൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയിരുന്നു. ഇതിൽ 883 കെട്ടിടങ്ങൾ സൗരോർജ പാനൽ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. സംസ്ഥാനത്തെ മൊത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ 10 ശതമാനം വരുന്നതാണ് ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം. ഈ സാധ്യതാ പഠന റിപ്പോർട്ട് ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും അവർക്ക് സഹായം ലഭിക്കുമെന്ന് കാണിച്ചുകൊണ്ട് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്.

കുടുംബശ്രീയിനിലുൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി ഒരു നിർവഹണ രൂപരേഖയും തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വാഹന ഗതാഗത വകുപ്പിന്റെ നിർദേശപ്രകാരം ഫോസിൽ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾ പരമാവധി ബഹിർഗമനം കുറയ്ക്കുന്ന വിധം ഉപയോഗിക്കുന്നതിനുള്ള നിർദേശങ്ങളും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രേഖകളുടേയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും സഹായത്തോടെ റസിഡന്റ്സ് അസോസിയേഷൻ, വിദ്യാർഥികൾ,

കുടുംബശ്രീ പ്രവർത്തകർ, കർഷകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെയുള്ള ഡ്രൈവർമാർ എന്നിവർക്ക് പരമാവധി കാർബൺ പാദമുദ്ര കുറയ്ക്കുന്നവിധം ഊർജ്ജ വിനിയോഗം സാധ്യമാക്കുന്നതു സംബന്ധിച്ച പരിശീലനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവകലാശാലയുടെ സഹായത്തോടെ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനവും നീക്കം ചെയ്യലും കണക്കാക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും അതുപയോഗിച്ച് വിവരശേഖരണം നടത്തുകയും നിലവിലുള്ള അവസ്ഥ നിർണയിക്കുകയും ചെയ്യുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായത്തോടെ 653 ഹരിതകർമ്മ സേനാംഗങ്ങൾക്ക് എൽ.ഇ.ഡി. ബൾബ് റിപ്പയറിംഗിൽ ഏകദിന പരിശീലനം നൽകി.

ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പരിധിയിൽ ഉൾപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകളിലെ കാർബൺ അക്കൗണ്ടിംഗ് പ്രക്രിയ പൂർത്തീകരിക്കുകയും നിലവിലെ അവസ്ഥയും നെറ്റ് സീറോ കാർബൺ അവസ്ഥ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങളുമടങ്ങുന്ന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഗോശ്രീ ഡെലവപ്മെന്റ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ വിവിധ ജില്ലകളിലായി സ്കൂളുകളും കലാലയങ്ങളും ഉൾപ്പെടെ 55 സ്ഥാപനങ്ങളിൽ കാർബൺ അക്കൗണ്ടിംഗ് പരിശോധന നടത്തുകയും അതിൽ ഇതുവരെ 11 സ്ഥാപനങ്ങൾ നെറ്റ് സീറോ കാർബൺ അവസ്ഥ കൈവരിച്ചതായും സാക്ഷ്യപ്പെടുത്തുകയും ബാക്കി സ്ഥാപനങ്ങൾക്ക് ഈ അവസ്ഥ

കൈവരിക്കുന്നതിനാവശ്യമായ നിർദേശങ്ങളും പിന്തുണയും ഹരിതകേരളം മിഷൻ നൽകിയിട്ടുമുണ്ട്.

കൂടാതെ ക്യാമ്പയിനിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തരിശുഭൂമിയിൽ മില്ലറ്റ് ഉൾപ്പെടെയുള്ള കൃഷി, പച്ചത്തുരുത്തുകൾ സ്ഥാപിക്കൽ, സമ്പൂർണ മാലിന്യമുക്തമാക്കലും ആ അവസ്ഥ നിലനിർത്തലും, നീർച്ചാലുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ വൈദ്യുതി ഉപയോഗം 50 ശതമാനം എങ്കിലും സൗരോർജ്ജത്തിലേക്ക് മാറൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഹരിതകേരളം മിഷൻ നിർദ്ദേശിക്കുന്നുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിച്ച വീടുകൾ

310(2394) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിയെന്നുമുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 22-09-2025 വരെ 4301 വീടുകൾ അനുവദിച്ചു.

ഇതിൽ 3180 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 1121 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ഡലത്തിലെ ഭൂരഹിതരായ അപേക്ഷകർക്ക് ഭൂമി കണ്ടെത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഭൂമി ലഭ്യമാക്കേണ്ട അപേക്ഷകരുടെ എണ്ണവും ഭൂമി കണ്ടെത്തിയിട്ടുള്ള അപേക്ഷകരുടെ എണ്ണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവന രഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന 'മനസ്സോടിത്തിരി മണ്ണ് ' എന്ന ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിലൂടെ ലൈഫ് ലിസ്റ്റിലും ഇ.പി.ഇ.പി. ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഒരു ഗുണഭോക്താവിന് രണ്ടര ലക്ഷം രൂപ വീതം കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ നൽകി വരുന്നു. ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകളും ലൈഫ് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അർഹരായ ഭൂരഹിത ഭവനരഹിതരുടെയും അതിൽ ഭൂമിയാർജിച്ചവരുടെയും, ഭൂമിയാർജിക്കുവാൻ അവശേഷിക്കുന്നവരുടെയും എണ്ണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശ സ്ഥാപനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

ഒറ്റപ്പാലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

311(2395) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

2021-22 സാമ്പത്തികവർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; അവയ്ക്ക് വേണ്ടി അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് അവയ്ക്ക് വേണ്ടി അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

തെരുവുനായകളുടെ അനിയന്ത്രിതമായ വർദ്ധനവ്

312(2396) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തെരുവുനായകളുടെ അനിയന്ത്രിതമായ വർധനവ് പൊതുജനങ്ങൾക്ക് വലിയ ഭീഷണിയായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തെരുവുനായകളെ പിടികൂടി പ്രജനന നിയന്ത്രണം നടത്താനുള്ള സ്ഥിരം സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക്, താലൂക്ക് തലത്തിലും ഒരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

(എ&ബി) തെരുവുനായകളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം.

തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായമുൾപ്പെടെ നൽകിവരികയും ചെയ്യുന്നു. നിലവിൽ 18 എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ എ.ബി.സി. യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ എ.ബി.സി. യൂണിറ്റ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രോഗം ബാധിച്ച തെരുവുനായകളെ ദയാവധത്തിന് വിധേയമാക്കുമ്പോൾ മൃഗസ്നേഹികളെന്ന് അവകാശപ്പെടുന്ന ചിലർ എതിർപ്പുമായി രംഗത്തുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായി Prevention of Cruelty to Animals (Animal Husbandry Practices and Procedures) Rules 2023-ലെ ചട്ടം 8 പ്രകാരം തെരുവ് നായ്ക്കളെ പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ദയാവധത്തിന് വിധേയമാക്കാവുന്നതാണ് എന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന W.P.(C) No. 18013/2017-ലെയും മറ്റ് അനുബന്ധ കേസുകളിലെയും 28.07.2025-ലെ ഉത്തരവുപ്രകാരം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ മൃഗങ്ങളെ ദയാവധം ചെയ്യുന്നത് അനുവദിക്കാനാവില്ല എന്ന് നിർദേശിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ തെരുവുനായ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കേന്ദ്രനിയമങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിനുള്ള വ്യവസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിയമങ്ങൾ വളരെ കർശനമാണെങ്കിലും, പല വ്യവസ്ഥകളും വളരെ അപ്രായോഗികമായതിനാൽ സമ്പൂർണ്ണ ലക്ഷ്യങ്ങൾ എ.ബി.സി.യുടെ കീഴിൽ കൈവരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. എ.ബി.സി. പ്രോഗ്രാമിന്റെ ചില വ്യവസ്ഥകൾ ചുവടെ സൂചിപ്പിക്കുന്നു.

ഓപ്പറേഷൻ തിയേറ്ററിലും മൃഗങ്ങളുടെ ജനന നിയന്ത്രണ കേന്ദ്രത്തിൽ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന സ്ഥലത്തും, മുഴുവൻ പരിസരത്തും ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സ്ഥാപിക്കുകയും കുറഞ്ഞത് ഒരു മാസമെങ്കിലും ജന്തുക്ഷേമ ബോർഡ്

വ്യക്തമാക്കിയതുപോലെ വീഡിയോ നിരീക്ഷണത്തിന്റെ റെക്കോർഡ് സൂക്ഷിക്കുകയും വീഡിയോ റെക്കോർഡിംഗുകൾ ആവശ്യപ്പെടുന്നപക്ഷം പരിശോധനാ അതോറിറ്റി, മോണിറ്ററിംഗ് കമ്മിറ്റി അല്ലെങ്കിൽ ബോർഡിന് ലഭ്യമാക്കുകയും വേണം. നായകൾക്ക് ശസ്ത്രക്രിയ്ക്കുശേഷം, ദിവസം രണ്ടു തവണ ഭക്ഷണവും ആവശ്യത്തിന് വെള്ളവും നൽകണം. കുറഞ്ഞത് നാല് ദിവസമെങ്കിലും നായ്ക്കളെ കെന്നലുകളിൽ സൂക്ഷിക്കുകയും കൂടാതെ, ആൺ, പെൺ നായ്ക്കളെ വെവ്വേറെ പാർപ്പിക്കുകയും വേണം.

സുഖം പ്രാപിച്ചശേഷം നായ്ക്കളെ പിടികൂടിയ അതേ സ്ഥലത്തോ പ്രദേശത്തോ വിട്ടയക്കുകയും അവയെ മോചിപ്പിച്ച തീയതി, സമയം, സ്ഥലം എന്നിവ രേഖപ്പെടുത്തുകയും തദ്ദേശ സ്ഥാപന അതോറിറ്റിയുടെയോ മൃഗക്ഷേമ സംഘടനയുടെയോ പ്രതിനിധി ടീമിനെ അനുഗമിക്കുകയും ചെയ്യണം. കാലാകാലങ്ങളിൽ, പിടിക്കുമ്പോഴും വിട്ടയക്കുമ്പോഴും നായ്ക്കളുടെ സ്ഥാനം ജിയോ-ടാഗിംഗ് ചെയ്യണം.

നായയ്ക്ക് പേവിഷബാധ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെങ്കിൽ, അവയെ സ്വാഭാവിക മരണം വരെ ഒറ്റക്ക് പാർപ്പിക്കണം. പേവിഷബാധ പിടിപെട്ടാൽ സാധാരണയായി പത്ത് ദിവസത്തിനുള്ളിൽ മരണം സംഭവിക്കുന്നു.

കൂട്ടായ വന്ധ്യംകരണത്തിനായി എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലും പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും കടുത്ത പ്രതിഷേധം നേരിടുന്നുണ്ട്.

തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം

313(2397) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഒരോന്നും നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

തെരുവു നായ്ക്കളുടെ ആക്രമണം തടയാൻ നടപടി

314(2398) ശ്രീ. എൻ. ഷംസുദ്ദീൻ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ എണ്ണം പെരുകി വരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തെരുവു നായ്ക്കളുടെ ആക്രമണം ഫലപ്രദമായി തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ ജനന നിയന്ത്രണ (എ.ബി.സി.) പരിപാടിയും പ്രതിരോധ കുത്തിവയ്പ്പും നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ 15-ന് പുറപ്പെടുവിച്ച സ.ഉ. (സാധാ.) നമ്പർ 2244/2022/ത.സ്വ.ഭ.വ. പ്രകാരം പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരുവുനായകളുടെ വന്ധ്യംകരണത്തിനും വാക്സിനേഷൻ ഡ്രൈവുകൾക്കും നടപടികൾ സ്വീകരിച്ചത് കൂടാതെ വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തി വരുന്നു. തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവയ്പും ഉറപ്പാക്കാനും പുരോഗതി പതിവായി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിനുള്ള വ്യവസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിർബന്ധിത വന്ധ്യംകരണവും നായ്ക്കൾക്കുള്ള പ്രതിരോധ കുത്തിവയ്പുമാണ് തെരുവ് നായ നിയന്ത്രണത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ.

തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് മാലിന്യ സംസ്കരണ സംവിധാനങ്ങളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭക്ഷ്യ മാലിന്യങ്ങളും അറവു

മാലിന്യങ്ങളും അവയുടെ ഉറവിടത്തിൽ സംസ്കരിക്കുകയോ അംഗീകൃത ഏജൻസികൾക്ക് കൈമാറുകയോ ചെയ്യുന്നു. ഓൺ-സൈറ്റ് പ്രോസസ്സിംഗ് സാധ്യമല്ലെങ്കിൽ, ഉദാഹരണത്തിന്, ചിക്കൻ സ്റ്റാളിലെ മാലിന്യങ്ങൾ മൃഗങ്ങളുടെ തീറ്റയാക്കി മാറ്റുന്നു. പൊതുസ്ഥലങ്ങളിലും ജനവാസമില്ലാത്ത പ്രദേശങ്ങളിലും ഭക്ഷ്യം, അറവു മാലിന്യങ്ങൾ എന്നിവ വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്തരവാദികളായ കക്ഷികൾക്ക് പിഴ ചുമത്തുന്നു. മാലിന്യ ക്യൂവാരങ്ങൾക്ക് പിഴ ഇടാക്കുന്നതിലേക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നത് പോലുള്ള നടപടികളും നടപ്പാക്കുന്നുണ്ട്. ഫലപ്രദമായ നിർവഹണത്തിനായി, പ്രാദേശിക വിജിലൻസ് സ്ക്വാഡുകൾ, ഐ.വി.ഒ. സ്ക്വാഡുകൾ, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ സജീവമായി ഇടപെടുന്നു.

തെരുവുനായ്ക്കളുടെ ആക്രമണങ്ങൾ വർധിക്കുന്നതുമൂലം ഉയർന്നുവരുന്ന അതീവഗുരുതരമായ സാഹചര്യം സർക്കാർ വളരെ പ്രാധാന്യത്തോടെ പരിഗണിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിലെയും മൃഗസംരക്ഷണ വകുപ്പിലെയും മന്ത്രിമാരുമായും ഉദ്യോഗസ്ഥരുമായും ഉന്നതതല യോഗം നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾക്ക് അനുസൃതമായി കർശന നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

1. നിലവിലുള്ള 18 എ.ബി.സി. കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എ.ബി.സി. കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യും.

2. തെരുവ് നായ്ക്കൾക്കായി സംസ്ഥാന വ്യാപകമായി വാക്സിനേഷൻ ഡ്രൈവ് നടത്തുന്നതിനും, വളർത്തുമൃഗങ്ങൾക്ക് അടിയന്തിര മുൻഗണന നൽകി പ്രതിരോധ കുത്തിവയ്പ്പുകളും ലൈസൻസ് വിതരണം പൂർത്തീകരിക്കുകയും ചെയ്യുന്നതിനും തീരുമാനിച്ചു.

3. തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് Compassion for Animal Welfare Association(CAWA), ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, കുടുംബശ്രീ എന്നിവയുടെ സഹായം കൂടുതൽ വിപുലമായി വിനിയോഗിക്കും.

4. പദ്ധതിയുടെ മേൽനോട്ടത്തിനായി ഓരോ തദ്ദേശ സ്ഥാപനങ്ങളിലും സർവകക്ഷി ജനകീയസമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

5. തെരുവ് നായകളുടെ ആക്രമണ ഭീഷണി മറികടക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനായി വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് എ.ബി.സി. നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം മൃഗസംരക്ഷണ വകുപ്പ് മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

6. വളർത്തുമൃഗങ്ങളുടെ ഉടമകളെ ഉത്തരവാദികളാക്കി വളർത്തുമൃഗങ്ങളുടെ ലൈസൻസിംഗും കുത്തിവയ്പ്പുകളും നടപ്പിലാക്കുന്നത് വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

7. G.O. (MS) No.135/2025/LSGD, തെരുവ് നായ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി, ചെയർപേഴ്സൺ ആയി ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, എന്നിവരെ അംഗങ്ങൾ ആക്കി ജില്ലാ തലത്തിൽ Stray Dog Victim Compensation Committee രൂപീകരിച്ചു.

തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പും ഉറപ്പാക്കാനും പുരോഗതി പതിവായി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുള്ള എ.ബി.സി. കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എ.ബി.സി. കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യം ഒരുക്കുകയും, മൃഗസംരക്ഷണ വകുപ്പ് മാനവ വിഭവശേഷി ക്രമീകരിക്കുകയും ചെയ്യും.

ABC Rule 2023 ഖണ്ഡിക 10.1.C പ്രകാരം പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2 മാസത്തിനകം കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എ.ബി.സി. സെന്ററുകളുടെ പ്രവർത്തനം തടസപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾക്ക് പോലീസ് സഹായം തേടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Dog Catchers-നെ കണ്ടെത്തുന്നതിന് കുടുംബശ്രീയെ ഒരു ഏജൻസിയായി കണക്കാക്കുന്നതിനും നിലവിലെ Dog Catchers-ന്റെ എണ്ണം വർധിപ്പിക്കുന്നതിനും നടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡോഗ് ക്യാച്ചേഴ്സിന്റെ പ്രതിഫല തുക 300/- രൂപയായി ഏകീകരിച്ചിട്ടുണ്ട്.

എ.ബി.സി. സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനും പൊതുജന സഹകരണം ഉറപ്പു വരുത്തുന്നതിനും, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജനകീയ സർവകക്ഷി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലൈഫ് പദ്ധതി മുഖേന അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച വീടുകൾ

315(2399) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി മുഖേന അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച വീടുകൾ, അവയുടെ നിർമ്മാണ പുരോഗതി എന്നിവയുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 മേയ് മുതൽ 22-09-2025 വരെ) ലൈഫ് ഭവനപദ്ധതി മുഖേന അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച 2,880

വീടുകളിൽ 2,060 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 820 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

തദ്ദേശസ്ഥാപനം തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആറ് മാസത്തിൽ ഒരിക്കൽ ജനസമ്പർക്ക പരിപാടി

316(2400) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആറ് മാസത്തിലൊരിക്കൽ ജനസമ്പർക്ക പരിപാടി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശ അദാലത്തുകൾ നടത്തുകയും സംസ്ഥാന അദാലത്ത് സമിതി, സ്ഥിരം അദാലത്ത് സമിതികൾ എന്നിവ പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. സിറ്റിസൺ അസിസ്റ്റന്റ് പോർട്ടൽ മുഖേന സ്ഥിരം അദാലത്തിൽ ആകെ 8231 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും ആയതിൽ 7775 അപേക്ഷകൾ വിവിധ തലത്തിലുള്ള അദാലത്ത് സമിതികൾ പരിശോധിച്ച് തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിലും നടത്തിയ തദ്ദേശ അദാലത്തിൽ 17288 അപേക്ഷകൾ ലഭ്യമായിരുന്നതും ആയതിൽ 17254 അപേക്ഷകൾ അദാലത്ത് സമിതി പരിശോധിച്ച് അന്തിമ തീരുമാനം കൈകൊണ്ടിട്ടുമുണ്ട്. പ്രസ്തുത അപേക്ഷകളിൽ 14369 അപേക്ഷകളിലും അപേക്ഷകന് അനുകൂലമായ തീരുമാനമാണ് അദാലത്ത് സമിതികൾ കൈക്കൊണ്ടിട്ടുള്ളത്.

(ബി) ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ K-smart എന്ന സോഫ്റ്റ്വെയർ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം അവർക്കുതന്നെ നേരിട്ട് നിരീക്ഷിക്കുവാനുള്ള സംവിധാനം പ്രസ്തുത പോർട്ടലിൽ ഉണ്ട്. പ്രസ്തുത സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അറിയിക്കുന്നതിന് K-smart വെബ് ആപ്ലിക്കേഷനിൽ We are online എന്നപേരിൽ Online Live Chat and call centre സംവിധാനം ലഭ്യമാണ്. പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് ജീവനക്കാരുമായി ചാറ്റ് ചെയ്യുന്നതിനും കോൾ ചെയ്യുന്നതിനും സാധിക്കും. ഈ സേവനം എല്ലാ ദിവസവും രാവിലെ 8 മണിമുതൽ വൈകുന്നേരം 8 മണിവരെ ലഭ്യമാണ്. നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും K-smart മുഖേനയാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ട് ഇന്റേണൽ വിജിലൻസിനെ അറിയിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടറുടെ നിയന്ത്രണത്തിൽ രൂപീകരിച്ചിട്ടുള്ളതാണ് 8078066060 SINGLE

വാട്ട്സ് ആപ്പ് നമ്പർ. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ ജില്ലാതലത്തിലോ തീർപ്പാക്കാൻ കഴിയുന്നവയാണ്. ആയതിനാൽ പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലകളിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി അപേക്ഷ കൈമാറി നൽകുന്നുണ്ട്. കൂടാതെ യഥാസമയം സേവനം ലഭ്യമാക്കുന്നതിന് സ്ഥിരം അദാലത്ത് പോർട്ടൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ജനങ്ങൾക്ക് സേവനം കൃത്യസമയത്ത് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജനങ്ങൾക്ക് സേവനം യഥാസമയം നൽകാത്ത ജീവനക്കാർക്കെതിരെ സേവനാവകാശ നിയമ പ്രകാരവും കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു.

ഭിന്നശേഷിക്കാർക്ക് ത്രിതല പഞ്ചായത്ത്
തിരഞ്ഞെടുപ്പിൽ സംവരണം

317(2401) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭിന്നശേഷിക്കാരുടെ സാമൂഹിക പദവി ഉയർത്തുന്നതിനും അവർക്ക് പ്രാദേശിക ഭരണ സംവിധാനത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും ത്രിതല പഞ്ചായത്ത്

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അവർക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, വനിതാ സംവരണ രീതിയാണ് വ്യവസ്ഥകളിലുള്ളത്. പ്രസ്തുത സംവരണ രീതിയാണ് സർക്കാർ നിലവിൽ പിന്തുടരുന്നത്.

ഗ്രണനിലവാരമില്ലാത്ത കോഴിയിറച്ചി വിൽപന

318(2402) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഗ്രണനിലവാരമില്ലാത്ത കോഴിയിറച്ചി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കാരപ്പറമ്പ് സർക്കിൾ പരിധിയിൽപ്പെട്ട തടമ്പാട്ടുതാഴം ഫാത്തിമ ചിക്കൻ സ്റ്റാൾ എന്ന സ്ഥാപനത്തിൽ ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചി വിൽപന നടത്തിയതിന് കടയടച്ച് പൂട്ടുകയും ന്യൂനതകൾ പരിഹരിച്ച് പിഴ ഈടാക്കി കുറ്റം രാജിയാക്കിയിട്ടുള്ളതുമാണ്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ആകെ 8 സ്ഥാപനങ്ങൾക്ക് ന്യൂനതാ നോട്ടീസ് നൽകുകയും 2 സ്ഥാപനങ്ങൾ താത്കാലികമായി അടച്ച് പൂട്ടുകയും ന്യൂനതകൾ

പരിഹരിച്ച് പിഴ ഈടാക്കി കുറ്റം രാജിയാക്കിയിട്ടുള്ളതും 4 സ്ഥാപനങ്ങൾ ന്യൂനതകൾ പരിഹരിച്ച് പിഴ ഈടാക്കി കുറ്റം രാജിയാക്കിയിട്ടുള്ളതുമാണ്. നിലവിൽ 2 സ്ഥാപനങ്ങൾ ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്.

(സി) ഒരേ സ്ഥാപനത്തിനെതിരെ ഒന്നിൽ കൂടുതൽ തവണ നടപടി സ്വീകരിച്ചിട്ടുണ്ടോ; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സി.പി.ആർ. ചിക്കൻ സ്റ്റാൾ (റഷീദ് സി.പി)

(ഡി) ഹെൽത്ത് വിഭാഗം ജീവനക്കാർ ഇത്തരം സ്ഥാപനങ്ങൾക്കായി അനുകൂല നിലപാട് സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഹെൽത്ത് വിഭാഗം ജീവനക്കാർ ഇത്തരം സ്ഥാപനങ്ങൾക്കായി അനുകൂല നിലപാട് സ്വീകരിക്കാറില്ല.

(ഇ) പൊതുജനത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

മുഴുവൻ കോഴിക്കടകളിലെയും കോഴിമാലിന്യം വെൻഡറിങ്ങ് പ്ലാന്റിലേക്ക് കൈമാറി സംസ്കരിച്ച് വരുന്നതും കോഴിമാലിന്യം ശേഖരിക്കുന്നതിനായി മുഴുവൻ ചിക്കൻ കടകളിലും ഫ്രീസർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും സമയബന്ധിതമായി സ്ഥാപനങ്ങളിൽ ഹെൽത്ത് വിഭാഗം പരിശോധന നടത്തുകയും ശുചിത്വ നിലവാരം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുള്ളതാണ്.

സാങ്കേതിക കാരണങ്ങളാൽ കെട്ടിട നികുതി ഒടുക്കാൻ കഴിയാത്തത്

പരിഹരിക്കാൻ നടപടി

319(2403) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടും കെട്ടിടനമ്പരും ഉണ്ടെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ കെട്ടിട വിവരങ്ങൾ നഷ്ടമായതിനാൽ ജനങ്ങൾക്ക് നികുതി ഒടുക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സാഹചര്യം അടിയന്തരമായി പരിഹരിച്ച് ജനങ്ങൾക്ക് നികുതി അടച്ച് വിവിധ സേവനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതും ഘടനപരമായ മാറ്റം വരുത്താത്തതുമായ കെട്ടിടങ്ങളെയും കെ-സ്മാർട്ടിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസ്തുത കെട്ടിടങ്ങളെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്. തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ ഡയറക്ടർക്ക് ഉൾപ്പെടുത്തേണ്ട കെട്ടിടങ്ങളുടെ വിവരം കൈമാറുന്ന പക്ഷം ഇൻഫർമേഷൻ കേരളാ മിഷന് കെട്ടിടങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

എറണാകുളം നിയോജകമണ്ഡലത്തിലെ കോന്തുരുത്തിപ്പുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി

320(2404) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ കോന്തുരുത്തിപ്പുഴയുടെ കരകളിലും മറ്റുമായി താമസിച്ചിരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായ സാഹചര്യത്തിൽ ഇവർക്കായി എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എത്ര കുടുംബങ്ങളെ എന്നത്തേക്ക് പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) എത്ര തുകയാണ് ഇതിനു വേണ്ടി വകയിരുത്തിയിട്ടുള്ളതെന്നും എവിടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ-ഡി) 122 കുടുംബങ്ങൾക്ക് പള്ളുരുത്തി വില്ലേജിൽ ജി.സി.ഡി.എ. കൊച്ചി നഗരസഭയ്ക്ക് കൈമാറിയ സ്ഥലത്ത് ലൈഫ് ഭവന സമുച്ചയം കൊച്ചി നഗരസഭ മുഖേന നിർമ്മിക്കുവാൻ തത്വത്തിൽ അനുമതിയും അതിന് ലൈഫ് മിഷൻ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഫണ്ട്, ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും കൊച്ചി നഗരസഭയ്ക്ക് ലൈഫ് മിഷൻ

കൈമാറുന്നതിനുള്ള അനുമതിയും നൽകിക്കൊണ്ട് 24-06-2022-ലെ സ.ഉ.(കൈ) നം. 132/2022/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കോടതിയുടെ നിർദേശപ്രകാരം നടപടികൾ തുടർന്നത് പ്രകാരം പുനരധിവസിപ്പിക്കുന്നതിന് അർഹരായ 126 പേരുടെ പട്ടിക കൊച്ചിൻ നഗരസഭാ തയ്യാറാക്കുകയും, കൊച്ചി നഗരസഭയും എറണാകുളം ജില്ലാ ഭരണകൂടവും സംയുക്തമായി തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്തുവെ അവസാനഘട്ടത്തിൽ കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കാൻ ജി.സി.ഡി.എ. കൊച്ചി നഗരസഭയ്ക്ക് കൈമാറിയതും, ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ കൊച്ചി കോർപ്പറേഷൻ DPR തയ്യാറാക്കിയതുമായ ഭൂമി Critically Vulnerable Coastal Area (CRZ-1A)-യിൽ ഉൾപ്പെട്ട സ്ഥലമാണെന്ന് KCZMA റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. പുനരധിവാസത്തിനായി സ്ഥലം കണ്ടെത്തുന്നതിന് നിരന്തരമായ ശ്രമം കൊച്ചി കോർപ്പറേഷൻ നടത്തുകയും പുതുവൈപ്പ് വില്ലേജ്, വാഴക്കാല തുടങ്ങിയ സ്ഥലങ്ങൾ പുനരധിവാസത്തിനായി പരിഗണിക്കുകയും ചെയ്തുവെങ്കിലും ചതുപ്പ്, CRZ-ൽ ഉൾപ്പെട്ടവ, പുന:രധിവസിപ്പിക്കുന്നവരുടെ എതിർപ്പ് ഇവമൂലം സ്ഥലം കണ്ടെത്താനായില്ല.

ലൈഫ് ഭവന സമുച്ചയം മുഖേനയുള്ള പുനരധിവാസം സാധ്യമാകാത്ത സാഹചര്യത്തിൽ നിലവിലെ നിയമപ്രകാരം കൈയേറ്റം ഒഴിപ്പിക്കുമ്പോൾ ഒഴിഞ്ഞു പോകുന്നവർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലെ നിയമ പ്രകാരം കോർപ്പറേഷൻ പരിധിയിൽ ഭൂമി വാങ്ങുന്നതിനായി പരമാവധി ഒരു കുടുംബത്തിന് (ജനറൽ വിഭാഗം) 5.25 ലക്ഷം രൂപയും (28-5-2022-ലെ സ.ഉ.(കൈ) 115/2022/തസ്വഭവ) ലൈഫ് മിഷൻ പ്രകാരം

വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമെ നൽകാൻ സാധിക്കുകയുള്ളുവെന്ന് ബഹു. ഹൈക്കോടതിയെ അറിയിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ അന്തിമവിധി വരുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

321(2405)ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി എത്ര വീടുകളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം 22-09-2025 വരെ 5,95,536 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 4,62,883 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 1,32,653 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നാളിതുവരെയായി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

22-09-2025 വരെ അനുവദിച്ച 5,774 വീടുകളിൽ 4,752 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ
അത്തോളി	432	352
ബാലുശ്ശേരി	523	441
കായണ്ണ	482	360
കൂരാച്ചുണ്ട്	479	373
കോട്ടൂർ	957	824
നടുവണ്ണൂർ	578	473
പനങ്ങാട്	906	793
ഉള്ള്യേരി	612	494
ഉണ്ണികുളം	805	642
ആകെ	**5,774**	**4,752**

ഏറനാട് നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

322(2406) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഏറനാട് നിയോജകമണ്ഡലത്തിൽ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് ഇവയ്ക്കായി അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

സൂപ്പർവൈസർ ബി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള യോഗ്യതകൾ

323(2407)ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർകിടെക്ചറൽ അസിസ്റ്റന്റ് (ഒരു വർഷ കോഴ്സ്), നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി.), സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.ടി.സി.) എന്നിവയും അതോടൊപ്പം പത്ത് വർഷം പ്രവൃത്തി പരിചയമുള്ളവർക്ക് സൂപ്പർവൈസർ ബി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള അംഗീകൃത യോഗ്യതയായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സൂപ്പർവൈസർ ബി രജിസ്ട്രേഷന് നിലവിൽ ആവശ്യമായ മറ്റു യോഗ്യതകൾക്ക് തുല്യമായി കണക്കാക്കാനാകുമോ എന്ന് വകുപ്പ് പരിശോധിച്ച് വരുന്നു.

(ബി) ഇത് സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് നൽകിയ പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പ് നൽകിയ പ്രൊപ്പോസൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ 12-11-2024-ലെ സ.ഉ.(സാധാ) നം. 2162/2024/തസ്വഭവ ഉത്തരവുപ്രകാരം തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട് കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് മുഖ്യനഗരാസൂത്രകന് നിർദ്ദേശം നൽകിയിരിക്കുകയാണ്.

ജിഡ (ജി.ഐ.ഡി.എ.) ധന സഹായത്തോടെയുള്ള റോഡുകൾ

324(2408) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ 43 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള കടമക്കുടി-പിഴല പാലത്തിനെ മൂലമ്പിള്ളി പാലവുമായും കടമക്കുടി- ചാത്തനാട് പാലവുമായും ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് നിർമ്മാണത്തിന് 200 കോടിയോളം രൂപ ചെലവ് വരും എന്ന കാരണത്താൽ കിഫ്ബി മാറ്റി വയ്ക്കാൻ തീരുമാനിച്ചതിനെ തുടർന്ന് എം.എൽ.എ. കിഫ്ബിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിളിച്ചുചേർത്ത യോഗതീരുമാന പ്രകാരം അടിയന്തരമായി നിർമ്മാണം ആരംഭിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജി.ഐ.ഡി.എ. (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി)-യുടെ ധനസഹായത്തോടെയുള്ള അനുബന്ധ റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ജിഡ ധന സഹായത്തോടെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന അനുബന്ധ റോഡുകൾ ചുവടെ ചേർക്കുന്നു.

1. പിഴല 350 മീറ്റർ റോഡ്

2. കടമക്കുടി സൗത്ത് റോഡ്

3. കടമക്കുടി നോർത്ത് റോഡ്

4. പിഴല പാലിയംതുരുത്ത റോഡ്

5. പിഴല 550 മീറ്റർ റോഡ്

(ബി) പ്രസ്തുത റോഡുകൾ എത്ര മീറ്റർ വീതിയിലാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഓരോ റോഡുകളും വീതി കൂട്ടുന്നതിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും വിശദമാക്കാമോ?

പ്രസ്തുത റോഡുകൾ 9 മീറ്റർ വീതിയിലാണ് വീതി കൂട്ടാൻ ഉദ്ദേശിക്കുന്നത്.

ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം ചുവടെ ചേർക്കുന്നു.

1. പിഴല 350 മീറ്റർ റോഡ്- നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

2. കടമക്കുടി സൗത്ത് റോഡ് - 61.84 ആർ

3. കടമക്കുടി നോർത്ത് റോഡ് - ഫേസ് 1 - 17.37 ആർ, ഫേസ് II - അലൈൻമെന്റ് അന്തിമമായിട്ടില്ല.

4. പിഴല - പാലിയംതുരുത്ത റോഡ് -ഫേസ്- 1 - 31.54 ആർ, ഫേസ് - II - അലൈൻമെന്റ് അന്തിമമായിട്ടില്ല.

5. പിഴല 550 മീറ്റർ റോഡ് - 27.11 ആർ.

(സി) ടി അനുബന്ധ റോഡുകളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ സ്ഥലമേറ്റെടുക്കലിന് ഡയറക്ട് പർച്ചേസിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച ഐ.എ.3/92/2025/എൽ.എസ്.ജി.ഡി. നമ്പർ ഫയലിന്റേയും അനുബന്ധ ഫയലുകളുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയലുകളിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പിഴല-പാലിയംതുരുത്ത് ഒന്നാം ഘട്ടം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നെഗോഷിയേറ്റഡ് പർചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് 24-09-2025-ലെ സ.ഉ.(സാധാ) നം. 2328/2025/തസ്വഭവ ഉത്തരവ് പ്രകാരം ജിഡ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവായിരുന്നു. മറ്റു ഫയലുകളിൽ അനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഇ) നിർമ്മാണം പൂർത്തിയായിട്ടുള്ള വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ വലിയ കടമക്കുടി ഭാഗത്തെ കടമക്കുടി നോർത്ത്, കടമക്കുടി സൗത്ത് അനുബന്ധ റോഡുകളുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ടി റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? കടമക്കുടി സൗത്ത് റോഡ് നിർമ്മാണത്തിനുള്ള DPR തയ്യാറാക്കുന്നതിന് INKEL എന്ന ഏജൻസിക്ക് നൽകിയിട്ടുണ്ട്.

കടമക്കുടി നോർത്ത് റോഡ്-അലൈൻമെന്റ് അന്തിമമായി തയ്യാറാക്കിയിട്ടില്ല.

കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണ പദ്ധതി

325(2409) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുറ്റിപ്പുറം ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഭാവനം ചെയ്യുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 25.00 ലക്ഷം രൂപയും, പദ്ധതി ആരംഭിക്കുന്നതിനായി 1.5 കോടി രൂപയും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നീക്കിവച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി ഊരാളുങ്കൽ ലേബർ സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആയതുമായി ബന്ധപ്പെട്ട് 4,64,625/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി സോയിൽ ടെസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 20.65 കോടി രൂപയുടെ റഫ് കോസ്റ്റ് റിപ്പോർട്ട് 28-06-2025-ലെ 4(1) തീരുമാന പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത സ്ഥലത്തിന്റെ രേഖകളും കൈവശ സർട്ടിഫിക്കറ്റും സമർപ്പിക്കുന്നതിന് കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനോട് നിർദേശിച്ചിരുന്നുവെങ്കിലും സ്ഥലത്തിന്റെ പ്രമാണങ്ങൾ ഇല്ലാത്തതും 69, 162/2, 162/6A, 163/1A, 163/1B, 163/2 (പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉൾപ്പെടുന്ന ഭാഗം) എന്നീ സർവ്വേ നമ്പറുകളിൽ 163/1A-ലെ 7.69 ആർസ് ഭൂമിയും

162/6A2 -ലെ 12.95 ആർസ് ഭൂമിയുമാണ് പഞ്ചായത്തിന്റെ കൈവശത്തിലുള്ളത്. കൈവശം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി താലൂക്ക് ഓഫീസിലേയ്ക്ക് കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. റവന്യൂ രേഖകൾ പഞ്ചായത്തിന്റെ പേരിൽ ലഭ്യമാകാത്തത് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ടെന്ന വിവരവും ഡി.പി.ആർ. ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോതാട്-ചേന്ദർ പാലത്തിന്റെ നിർമ്മാണം

326(2410) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ധന സഹായത്തോടെ നിർമ്മിക്കുന്നതും തദ്ദേശ സ്വയംഭരണ വകുപ്പ് 53 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ കോതാട്-ചേന്ദർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിലെ lA3/28/2024/LSGD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വർധിച്ചുവരുന്ന നിർമ്മാണ ചെലവ് കണക്കിലെടുത്ത് 83 ശതമാനം സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര

നടപടികൾ സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) പാലം നിർമ്മാണത്തിനായി വാട്ടർമെട്രോയുടെ സ്ഥലം വിട്ടുനൽകണമെന്ന ട്രാൻസ്പോർട്ട് സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനം നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-ഡി) കോതാട്-ചേന്ദൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്തു വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.

(1) 13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത് :-

പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധനസഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(2) വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാകുന്നത്:-

പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോക്കുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) ഭൂമിയുടെ ലഭ്യത:-

ചേന്ദൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടുനൽകുന്നതിന് സമ്മത പത്രം

നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായിക്കഴിഞ്ഞശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും, ബഹു. ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതുകൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി

327(2411) ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിൽ വീട് തകർന്ന മുകുന്ദപുരം താലൂക്ക് നെന്മണിക്കര വില്ലേജ് തലവണിക്കര ദേശത്ത് വെളുത്താണ്ടി വീട്ടിൽ ശ്രീമതി രേഖ എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിധവയുടെ നിർധന കുടുംബത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതു സംബന്ധിച്ച് നെന്മണിക്കര ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രീമതി രേഖയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേലുള്ള ലൈഫ്മിഷന്റെ അഭിപ്രായം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി 18-09-2025-ന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിന്റെ അജണ്ടയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മലയിൻകീഴ് താലൂക്കാശുപത്രിക്ക് സ്ഥലം വാങ്ങുന്നതിന് നടപടി

328(2412) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിക്കായി സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് റസീപ്റ്റ് നമ്പർ 2222617/2025 പ്രകാരം ലഭിച്ച നിർദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഏത് സെക്ഷനാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്യുന്നത്; കാലതാമസം ഒഴിവാക്കി നിർദേശം ഗവൺമെന്റിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടറുടെ ഓഫീസിൽ ലഭിച്ച 2222617/2025 നമ്പർ റസീപ്റ്റ് 23-09-2025-ൽ SPMC സെക്ഷനിൽ ലഭ്യമായിട്ടുള്ളതും ആയത് സംബന്ധിച്ച് LSGD/PD/29369/2025-SPMC2 നമ്പർ ഫയലിൽ ഭരണാനുമതിക്കുള്ള തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രി വികസനത്തിന് ഭൂമി വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് അടങ്കൽ തുകയായി 450 ലക്ഷം രൂപയും ആയതിന്റെ 20% തുകയായ 90 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ അനുബന്ധം II വാല്യം 2-ൽ ക്രമ നമ്പർ 2223 ആയി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത തുക വകയിരുത്തിയതായി കാണുന്നില്ല. പ്രയോരിറ്റി വർക്ക് ആയതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ വച്ചിട്ടുള്ള 20% തുകയുടെ പ്രൊപ്പോസൽ പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ പരിശോധിച്ചു വരികയാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുമ്പോൾ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചെറുവാടി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

329(2413) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ചെറുവാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് സ്ഥല പരിമിതിയുള്ളതിനാലും നിർമ്മാണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാത്തതിനാലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്ത വിഷയം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ചെറുവാടി ഗവ: ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് നിർമ്മാണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാത്തതിനാൽ (Access Width) കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ നൃനതകൾ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് തിരിച്ചയച്ചിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളിന്റെ കെട്ടിടമായതിനാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഇളവനുവദിച്ച് സ്കൂളിന് കെട്ടിട നമ്പർ നൽകുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കുന്ന കാര്യം, ആർ.ബി 3/284/2025/തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ഗ്രാമപഞ്ചായത്തുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നത്

330(2414) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച നഗരസഭ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് മാറ്റി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന കൊടുവള്ളി ബ്ലോക്ക് ആസ്ഥാനം ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് സാമ്പത്തിക സഹായം

331(2415) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ രോഗബാധിതരായാൽ അവർക്ക് സാമ്പത്തിക സഹായം നല്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് എന്തെല്ലാം രോഗങ്ങൾക്കാണെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിൽ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ, സെക്രട്ടറിയുടെ അപേക്ഷ, ബന്ധപ്പെട്ട ജനപ്രതിനിധിയുടെ അപേക്ഷ, കമ്മിറ്റി തീരുമാനം, തനത് ഫണ്ട് നീക്കിയിരുപ്പ് സംബന്ധിച്ച തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ, മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ എന്നിവ മെഡിക്കൽ ബില്ലുകൾ എല്ലാം പരിശോധിച്ച് ശിപാർശ സഹിതം സർക്കാരിൽ അനുബന്ധ രേഖകൾ ഉൾപ്പെടുത്തി സമർപ്പിക്കുകയാണ് ചെയ്യുന്നത്. സർക്കാർ ഉത്തരവിന് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്.

ലൈഫ് പദ്ധതി

332(2416) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ?

ലൈഫ് ഭവന പദ്ധതി മുഖേന 1801 വീടുകൾ അനുവദിച്ചതിൽ 1473 വീടുകൾ പൂർത്തീകരിച്ചു. 328 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

കോങ്ങാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

333(2417) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കായംകുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുള്ള വീടുകൾ

334(2418)ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലുള്ള പുരോഗതി എന്താണെന്നും നഗരസഭ, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദമാക്കാമോ?

22-09-2025 വരെ 3,903 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,341 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ 562 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതി

335(2419) ശ്രീ. ടി. ഐ. മധുസൂദനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം എന്ന സ്ഥലത്തെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ അടിത്തറയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർത്തീകരിച്ചു. എന്നാൽ കരാർ തുക വർധനവ് ആവശ്യപ്പെട്ട് കരാറുകാരൻ നിർമ്മാണം 20-11-2023 മുതൽ നിർത്തിവെച്ചിരിക്കുകയാണ്.

(ബി) പ്രവൃത്തി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നതെന്ന് വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി**)** സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്.

നൂതന പ്രീഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യയിലുള്ള നിർമ്മാണത്തിൽ ഇരുമ്പിന്റെ ഉപയോഗം വളരെ കൂടുതലാണെന്നും കരാറിനുശേഷം ഇരുമ്പിന്റെ കമ്പോളവിലയിൽ വലിയ വിലവർധനവ് ഉണ്ടായെന്നും അതുകാരണം ടെൻഡർ തുകയിൽ വർധനവ് വേണമെന്ന് കരാറുകാർ ആവശ്യപ്പെട്ടിരുന്നു. ടി തുക വർധനവ് ആവശ്യം പരിശോധിച്ച സാങ്കേതിക സമിതിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

പ്രവൃത്തികൾ നിറുത്തിവച്ചിട്ടുള്ളത് പുനരാരംഭിക്കാൻ ലൈഫ് മിഷൻ നോട്ടീസ് നല്കിയിട്ടുള്ളതാണ്.

കാസർഗോഡ് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

336(2420)ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

(സി) തസ്തികകൾ ഒഴിഞ്ഞതുമൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയ ബദൽ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

അധികച്ചുമതല നൽകി പ്രതിസന്ധി പരിഹരിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എപ്പോഴാണ് നികത്തുകയെന്ന് വ്യക്തമാക്കാമോ?

പ്രൊമോഷൻ തസ്തികകളിൽ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം മുഖാന്തരവും എൻട്രി കേഡർ തസ്തികകളിൽ പി.എസ്.സി. മുഖാന്തരവും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ പി.എച്ച്.ഐ. ഗ്രേഡ് 2 തസ്തികയിൽ റാങ്ക് പട്ടിക നിലവിലില്ല. ആയത് നിലവിൽ വരുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

വി.ഇ.ഒ. ഗ്രേഡ് -1 ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 971/2022 കേസ് നിലവിലുണ്ട്. ആയതിനാൽ തദ്ദേശ സ്ഥാപനങ്ങളിലെ ഹെഡ് ക്ലർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ/അക്കൗണ്ടന്റ് തസ്തികയിൽ ജീവനക്കാരെ നിയമിക്കാൻ സാധിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി

337(2421) ശ്രീ. കുറുക്കോളി മൊയ്തീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) തിരുർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ബി) തിരുർ നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവയുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(സി) തിരുർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിന് കാരണമെന്തെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ?

(എ-സി) ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) തിരുർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രൊമോഷൻ തസ്തികകകൾ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനും എൻടി കേഡർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യ നികത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വി.ഇ.ഒ. ഗ്രേഡ്-I ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ നിലവിലുള്ള OA 971/2022-ൽ സ്റ്റേ നിലവിലുള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങളിലെ 58 ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസർ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുവാൻ സാധിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി

338(2422) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് 2023-24 ബജറ്റിൽ തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആൻഡ് എഞ്ചിനീയറിംഗ് വിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്ക് തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിൽ നിന്നും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ൽ ക്രമ നമ്പർ 2667 ആയി ഉൾപ്പെടുത്തിയതും 200 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയതുമായ 'മാവേലിക്കര മണ്ഡലത്തിൽ വിവിധ ആയുർവേദ ആശുപത്രികളുടെ നവീകരണം' എന്ന പ്രവൃത്തിക്ക് പകരമായി അടങ്കൽ തുക അധികരിക്കാതെ, തദ്ദേശസ്വയംഭരണ (LID&EW) വകുപ്പിനെ നിർവഹണ വകുപ്പായി 'മാവേലിക്കര

നിയോജകമണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നത് എന്ന പ്രവൃത്തി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ DSR 2018 പ്രകാരമുള്ളതായതിനാൽ പുതുക്കിയ DSR 2021 പ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലൈഫ് മിഷൻ പദ്ധതി

339(2423) ശ്രീ. ഡി. കെ. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം പ്രസ്തുത ഭവന പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ എത്ര വീടുകൾ, ഫ്ലാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും നിർമ്മാണത്തിലിരിക്കുന്ന എത്ര ഭവനങ്ങളുണ്ടെന്നും വിശദമാക്കാമോ?

ലൈഫ് ഭവനപദ്ധതി മുഖേന 22-09-2025 വരെ 595536 വീടുകൾ അനുവദിച്ചതിൽ 462883 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 132653 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ലൈഫ് മിഷൻ മുഖേനയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പാർട്ട്ണർഷിപ്പ്/സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും നിർമ്മാണം പൂർത്തീകരിച്ച് ലൈഫ്

ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ഫ്ലാറ്റുകളുടെ വിവരം അനുബന്ധം+ ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) ലൈഫ് ഭവന പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ ഇതുവരെ ചെലവാക്കിയ തുക എത്രയാണെന്ന് വിശദമാക്കാമോ?

ലൈഫ് ഭവന പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം/വായ്പ വിഹിതം എന്നീ ഇനങ്ങളിൽ 22-09-2025 വരെ 18573.61 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധം+ ആയി ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര ഭവനങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും നിർമ്മാണത്തിലിരിക്കുന്ന എത്ര ഭവനങ്ങളുണ്ടെന്നും ഇനി പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ വിവരങ്ങളും ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ 22-09-2025 വരെ അനുവദിച്ച 7299 വീടുകളിൽ 5779 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1520 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദാംശം തദ്ദേശസ്ഥാപനം തിരിച്ച് അനുബന്ധം+ ആയി ഉള്ളടക്കം ചെയ്യുന്നു.

(ഡി) ലൈഫ് ഭവന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലുള്ള പട്ടികജാതി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നാളിതുവരെ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ 22-09-2025 വരെ പട്ടികജാതി വിഭാഗത്തിൽ അനുവദിച്ച 1444 വീടുകളിൽ 1128 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 316 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പട്ടികവർഗ വിഭാഗത്തിൽ അനുവദിച്ച 750 വീടുകളിൽ 662 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 88 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദാംശം തദ്ദേശസ്ഥാപനം തിരിച്ച് അനുബന്ധം+ ആയി ഉള്ളടക്കം ചെയ്യുന്നു.

കോങ്ങാട് നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

340(2424) ശ്രീമതി ശാന്തകുമാരി കെ. : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം എത്ര ഭവനങ്ങൾ പൂർത്തിയായിട്ടുണ്ട്; എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു എന്നത് സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം 4982 വീടുകൾ അനുവദിച്ചതിൽ 3776 വീടുകൾ പൂർത്തിയായിട്ടുണ്ട്. 1206 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം [+] ആയി ചേർക്കുന്നു

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കാണ് ഭവനം അനുവദിച്ചിട്ടുള്ളതെന്നും ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ?

22-09-2025 വരെ 1486 പട്ടികജാതി വിഭാഗക്കാർക്കും, 135 പട്ടികവർഗ്ഗ വിഭാഗക്കാർക്കുമാണ് വീടുകൾ അനുവദിച്ചിട്ടുള്ളത്. ഇതിൽ 791 പട്ടികജാതി വിഭാഗക്കാരുടേയും, 109 പട്ടികവർഗ്ഗ വിഭാഗക്കാരുടേയും വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി[+] ചേർക്കുന്നു.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

341(2425) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) അസ്സറ്റ് ഡെവലപ്മെന്റ് സ്കീം (എ.ഡി.എസ്.) എന്നിവയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെയെല്ലാം നിർവഹണ പുരോഗതി വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവയിൽ ടെൻഡർ ആയ പ്രവൃത്തികളുടെ കരാറുകാരുടെ പേര് വിവരങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-ഡി) അനുബന്ധം [+] ആയി ചേർത്തിരിക്കുന്നു.

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള കോങ്ങാട് നിയോജകമണ്ഡലത്തിലെ റോഡുകൾ

342(2426) ശ്രീമതി ശാന്തകുമാരി കെ. : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി[+] ചേർക്കുന്നു.

ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം

343(2427) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഹരിതകർമ്മസേനയ്ക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏതെല്ലാം തരത്തിലുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഹരിതകർമ്മസേന അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം വഴി എല്ലാ മാസവും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു. കൂടാതെ ഇതര മാലിന്യങ്ങളായ ഇ-വേസ്റ്റ്, ആപൽക്കരമായ ഇ-മാലിന്യങ്ങൾ (പിക്ച്ചർ ട്യൂബ്, ബൾബ്, ട്യൂബ്, കണ്ണാടി) തുണി മാലിന്യം, ചെരുപ്പ്, ബാഗ്, തെർമോകോൾ, തുകൽ, കാർപ്പെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ്, മെത്ത, തലയണ, പ്ലാസ്റ്റിക് പായ, കൂപ്പി, ചില്ല് മാലിന്യങ്ങൾ, ഉപയോഗശൂന്യമായ ടയർ, പോളി എത്തിലീൻ പ്രിന്റിംഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ, മരുന്ന് സ്ട്രിപ്പ് എന്നിവയും അജൈവ മാലിന്യ ശേഖരണ കലണ്ടർ പ്രകാരമുള്ള തീയതികളിൽ ശേഖരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ അതത് തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എം.സി.എഫ്.-കളിൽ എത്തിച്ചു തരംതിരിവിന് ശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ലിഫ്റ്റിംഗ് പ്ലാൻ, ട്രാൻസ്പോർട്ടേഷൻ പ്ലാൻ എന്നിവ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എം.പാനൽ ചെയ്തിട്ടുള്ള 42 സ്വകാര്യ ഏജൻസികൾ എന്നിവർക്ക് കൈമാറുന്നു. ഇവയിൽ നിന്നും പുനഃചംക്രമണ സാധ്യമായവ റീസൈക്ലിംഗിനായും അല്ലാത്തവ സിമന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും RDF (Refuse-Derived Fuel) രൂപേണയും കൈമാറുന്നു.

(ബി) ഹരിതകർമ്മസേനയ്ക്ക് ഇ-വേസ്റ്റുകൾ, ഉപയോഗശൂന്യമായ തുണിത്തരങ്ങൾ

എന്നിവ ശേഖരിച്ച് സംഭരിക്കുന്നതിന് പലസ്ഥലങ്ങളിലും സംഭരണ സ്ഥലങ്ങൾ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ഹരിതകർമ്മസേന വഴി ഉറവിടത്തിൽ തരംതിരിച്ച് ശേഖരിക്കുന്ന അജൈവ മാലിന്യം സംഭരിച്ച് കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മിനി എം.സി.എഫ്-കളും, എം.സി.എഫ്-കളും, കണ്ടെയ്നർ എം.സി.എഫ്.-കളും, ആർ.ആർ.എഫ്.-കളും (നിർമ്മാണത്തിലിരിക്കുന്നവ ഉൾപ്പെടെ) സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ ബിന്നുകളും ബോട്ടിൽ ബൂത്തുകളുമുണ്ട്. എന്നാൽ 100 ശതമാനം വാതിൽപ്പടി ശേഖരണവും എല്ലാ വിഭാഗത്തിലും വരുന്ന പ്രത്യേക മാലിന്യങ്ങളുടെ സമാഹരണവും പൂർണ്ണമാകുന്നതോടെ നിലവിലുള്ള സംഭരണ സംവിധാനങ്ങളും സംസ്കരണ സംവിധാനങ്ങളും വിപുലപ്പെടുത്തേണ്ടതായി വരുമെന്ന സാഹചര്യത്തിൽ ഇതിനുള്ള നടപടികളും തദ്ദേശസ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ശുചിത്വ മിഷൻ വഴിയുള്ള പദ്ധതികൾ

344(2428) ശ്രീ. പി. പി. ചിത്തരഞ്ജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ശുചിത്വ മിഷൻ വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും എത്ര തുകയാണ് ഇവയ്ക്കായി ചെലവഴിക്കുന്നതെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ നഗരസഭയിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം ചുവടെ പറയുന്ന പദ്ധതികൾ നടന്നുവരുന്നു.

1. School Toilet – 96,05,400/-

2. MCF – 44,00,000/-

3. Aspirational Toilets (Take a Break) – 25,00,000/-

4. Aerobic Compost Unit – 64,46,157/-

5. STP at Civil Station – 20,00,000/-

6. Biomining (Survodhayapuram) Phase II – 1,91,05,855/-

7. IHHLs – 10,40,052/-

(ബി) പ്രസ്തുത മണ്ഡലത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത്; അവയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ നഗരസഭയിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ചുവടെ പറയുന്ന പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

School Toilets – 9,54,000/-

MCF – 88,77,463/-

Biomining (Survodhayapuram) Phase I – 1,91,06,000/-

Clean Toilet Campaign (maintenance of Public Toilet) – 32,36,000/-

IHHLs – 10,40,052/-

കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം) പദ്ധതിയിൽ മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, ആര്യാട്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തുകളിലായി വ്യക്തിഗത സാനിട്ടറി കക്കൂസ് നിർമ്മാണത്തിനായി 27,78,000/- രൂപയും ഖരമാലിന്യ സംസ്കരണ പദ്ധതികൾക്കായി 39,25,755/- രൂപയും പൊതു ശൗചാലയങ്ങൾക്കായി 74,46,594/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലം സമ്പൂർണ്ണ മാലിന്യ മുക്തമാക്കുന്നതിനായി ആലപ്പുഴ നഗരസഭയിൽ ലെഗസി മാലിന്യനിർമ്മാർജ്ജനം, നഗരസഭ ഹെൽത്ത് വിഭാഗത്തിന് മൊബൈൽ സർവൈലൻസ് ക്യാമറ, മാലിന്യമുക്തം നവകേരള ക്യാമ്പയിൻ, മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങൾക്ക് വാഹനം വാങ്ങൽ, മറ്റ് പ്രവർത്തനങ്ങൾ, മാലിന്യം വളമാക്കി മാറ്റുന്ന യൂണിറ്റ്, മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങൾ (മിനി എം.സി.എഫ്., Twin Bin purchase etc.) എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

ആര്യാട് ഗ്രാമപഞ്ചായത്തിൽ ബയോ കമ്പോസ്റ്റ് ബോട്ടിൽ ബൂത്ത്, ഘടക സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും ബയോബിൻ എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്ലീൻ മണ്ണഞ്ചേരി പദ്ധതിയിൽ 23 വാർഡുകളിലെയും തെരുവോരങ്ങളിൽ ബോട്ടിൽ ബൂത്ത്, വേമ്പനാട് കായൽ പുനരുജ്ജീവനം എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, മാലിന്യമുക്ത ഗ്രാമം, ക്യാമറ സ്ഥാപിക്കൽ, പോർട്ടബിൾ ബയോ കമ്പോസ്റ്റ്, ഘടക സ്ഥാപനങ്ങളിലേക്ക് ബയോ ബിൻ വാങ്ങി നൽകൽ എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ ബയോ കമ്പോസ്റ്റർ ബിൻ, ബോട്ടിൽ ബൂത്ത്

സ്ഥാപിക്കൽ, ഘടക സ്ഥാപനങ്ങളിലേക്ക് മിനി എം.സി.എഫ്. എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

മേൽ പദ്ധതികൾക്കായി

ആലപ്പുഴ നഗരസഭ – 1,43,60,559/-

ആര്യാട് നഗരസഭ – 16,59,770/-

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് - 6,13,990/-

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് - 19,35,973/-

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് - 11,61,000/-

എന്നിങ്ങനെ ആകെ 1,97,31,292 രൂപ ചെലവഴിച്ചു.

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

345(2429) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജക മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി-2025 ന്റെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

പാറശാല നിയോജകമണ്ഡലത്തിൽ പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

346(2430) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ പാറശാല നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2024-25 പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പാറശാല നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) അനുബന്ധം [+] ആയി ചേർത്തിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സ്ഥലംമാറ്റം

347(2431) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ഈ വർഷം എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; അവരുടെ വിശദവിവരങ്ങൾ അറിയിക്കാമോ; പ്രസ്തുത ജീവനക്കാർ ക്രമക്കേട് നടത്തിയ ഓഫീസിൽ എത്ര നാൾ ജോലി ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ഈ വർഷം 16

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

1) ശ്രീ. ജയേഷ് ജെ.പി., ഓവർസിയർ (ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി) കൈക്കൂലി വാങ്ങിയതിനെത്തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്തു. 15-07-25-ലെ G.O.(Rt) 1834/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

2) ശ്രീ. പത്രോസ് Y., ഓവർസിയർ, തിരുവനന്തപുരം കോർപ്പറേഷൻ, കൈക്കൂലി വാങ്ങിയതിനെത്തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്തു. 20-05-2025-ലെ G.O. (Rt) 1220/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

3) ശ്രീ.ധനേഷ് സി. എസ്., (PEN:827983), പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, കൈക്കൂലി വാങ്ങിയതിനെത്തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്തു. 09-06-25-ലെ G.O.(Rt) 1422/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

4) ശ്രീമതി സ്വപ്ന B.l., കൊച്ചി കോർപ്പറേഷൻ, 20-05-25-ലെ G.O.(Rt) 1233/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

5) ശ്രീ. സുഭാഷ് എം.കെ., ചാലക്കുടി മുനിസിപ്പാലിറ്റിയിൽ AEE ആയിരിക്കെ പുതുക്കുളം നവീകരണവുമായി ബന്ധപ്പെട്ട് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിനെ തുടർന്ന് 10-01-25-ലെ G.O.(Rt) 111/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

6) പത്തനംതിട്ട നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. പ്രദീപ് കുമാർ പി.എൻ.-നെ പണാപഹരണവുമായി ബന്ധപ്പെട്ട് അന്വേഷണവിധേയമായി സർവീസിൽ നിന്നും 03-07-2025-ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി ജീവനക്കാരൻ 1 വർഷവും 11 മാസവും 20 ദിവസവും പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിട്ടുണ്ട്.

7) ശ്രീ. ബിനോയ് പി.ബി., അസിസ്റ്റന്റ് സെക്രട്ടറി, ഇടുക്കി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ സേവനകാലയളവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൻ 1 വർഷം 3 മാസം സീനിയർ ക്ലർക്കായും 1 വർഷം 3 മാസം അക്കൗണ്ടന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

8) കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഒടുക്കിയതിൽ ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ സീനിയർ ക്ലർക്ക് ശ്രീമതി ജമുന ജേക്കബിനെ 10-01-2025-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ശ്രീമതി ജമുന ജേക്കബ് 28-02-2025-ൽ സർവീസിൽ നിന്ന് വിരമിച്ചു. ടി ജീവനക്കാരി 3 വർഷവും 7 മാസവും പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിട്ടുണ്ട്.

9) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ബനേഷ്ഖാൻ-നെ 19-06-2025-ന് സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും ടിയാൻ 9 മാസവും 21 ദിവസവും ടി ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതുമാണ്.

10) മലപ്പുറം എടവണ്ണ ഗ്രാമപഞ്ചായത്തിൽ ശ്രീ. സതീഷ് കുമാർ എം.എ., സീനിയർ ക്ലർക്കിനെ രസീതിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് 11-03-2025-ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എൽ.ഡി. ക്ലർക്ക് തസ്തികയിൽ 03-02-2014 മുതൽ 05-02-2020 തീയതി വരെയും സീനിയർ ക്ലർക്ക് തസ്തികയിൽ 10-07-2020 മുതൽ 10-11-2021 വരെയും 08-07-2023 മുതൽ 18-04-2024 വരെയും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

11) പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. ശ്രീ. ശിവപ്രസാദ്-നെ ടി പഞ്ചായത്തിലെ പദ്ധതിപണം മതിയായ രേഖകൾ ഇല്ലാതെ പിൻവലിച്ച് സാമ്പത്തിക

ക്രമക്കേട് നടത്തിയ വിഷയത്തിൽ 31-05-2025-ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൻ 4 വർഷത്തോളം ടി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടുണ്ട്.

12) തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി വികസന പരിശീലന കേന്ദ്രത്തിൽ ട്രെയിനിംഗ് സെക്ഷൻ കൈകാര്യം ചെയ്യുന്ന സീനിയർ ക്ലർക്ക് ശ്രീ.രാമദാസ് സി.എൻ. കൃത്രിമരേഖകൾ ചമച്ചും, ഓഫീസ് മോധാവിയുടെ വ്യാജ ഒപ്പ് ഉപയോഗിച്ചും ടിയാന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുട്ടനല്ലൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രെയിനിംഗ് ഫണ്ട് പലതവണകളായി ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച വിഷയത്തിൽ ടിയാനെ 03-09-2025 തീയതിയിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. 5 വർഷത്തോളം മണ്ണുത്തി വികസന പരിശീലന കേന്ദ്രത്തിൽ ജോലി ചെയ്തതായി അന്വേഷണത്തിൽ ലഭ്യമായിട്ടുണ്ട്.

13) സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറിയായ ശ്രീ. അഷീഷ് ജി.എസ്.-നെ 26-06-2025-ൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ സേവനത്തിലിരുന്ന തീയതി 04-09-2023 മുതൽ സസ്പെൻഷൻ തീയതി വരെയാണ്.

14) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 12,500/- രൂപ ബാങ്ക് അക്കൗണ്ടിൽ വരവ് വയ്ക്കാതെ ക്രമക്കേട് നടത്തിയ വിഷയത്തിൽ ക്ലർക്ക് ശ്രീ. വി.ഡി. ശ്രീകുമാറിനെ 11-07-2025 തീയതി പ്രാബല്യത്തിൽ പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൻ 2 വർഷത്തോളമായി ടി പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു.

15) ശ്രീ. അനീഷ് വി. രാജൻ, ക്ലർക്ക്, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് (വണ്ടിപ്പെരിയാർ

ഗ്രാമപഞ്ചായത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട്) 25-09-2020 മുതൽ 22-11-2024 വരെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

16) ശ്രീ. കെൻസി ജോൺസൺ, ക്ലർക്ക്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, 17-06-2022 മുതൽ 07-04-2025 വരെ ടി ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

(ബി) ജീവനക്കാർ ഒരു ഓഫീസിൽതന്നെ കൂടുതൽ വർഷങ്ങൾ ജോലി ചെയ്യുന്നത് ഇത്തരം സാമ്പത്തിക ക്രമക്കേട് നടത്തുന്നതിന് സഹായകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ മൂന്ന വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റി നിയമിക്കുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ മൂന്ന് മുതൽ അഞ്ച് വർഷംവരെ ഒരു സ്റ്റേഷനിൽ ജോലി ചെയ്ത ജീവനക്കാരെ പൊതു സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏതു വിഭാഗം ജീവനക്കാരെയാണ് ഇപ്രകാരം ഒഴിവാക്കിയിട്ടുള്ളതെന്നും ഇവരെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ?

ഉണ്ട്. അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാർ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ലക്ചറർ വിഭാഗം ജീവനക്കാർ, വെറ്ററിനറി സർജൻസ് എന്നിവരെ 29-04-2025-ലെ സ.ഉ.(സാധാ) നം. 1081/2025/LSGD നമ്പർ ഉത്തരവ് പ്രകാരം മൂന്ന് വർഷത്തെ നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കി, അപേക്ഷിക്കുന്ന മുറയ്ക്ക് ഒഴിവ് കണക്കാക്കി മാത്രം സ്ഥലംമാറ്റം നടത്തേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ

എച്ച്.ഡി.വി. ഡ്രൈവർ തസ്തികയിലെ ജീവനക്കാരെയും 23-05-2025-ലെ സ.ഉ.(സാധാ) നം. 1272/2025/LSGD നമ്പർ ഉത്തരവ് പ്രകാരം 2025 ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. മേൽ ജീവനക്കാരുടെ ജോലി സ്വഭാവത്തിലെ പ്രത്യേകത പരിഗണിച്ചും, നാമമാത്രമായ തസ്തികളാണ് നിലവിലുള്ളത് എന്നത് പരിഗണിച്ചും, ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചുമാണ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ച്, മേൽ ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ഈ വിഭാഗം ജീവനക്കാർ നിർബന്ധിത പൊതു സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ; പൊതു സ്ഥലംമാറ്റം എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുസ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകൾ അനുബന്ധമായി + ചേർക്കുന്നു. മേൽവിഭാഗം ജീവനക്കാരെയും പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതു സംബന്ധിച്ചുള്ള വിഷയം നിലവിൽ പരിഗണനയിലില്ല.

പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉല്പാദനം, വിൽപ്പന, ഉപയോഗം, നിയന്ത്രണം

348(2432) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) കേരളത്തിൽ അപകടകരമായ പ്ലാസ്റ്റിക് ക്യാരിബാഗുകളും മറ്റ ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഇപ്പോഴും നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ടോ; സർക്കാരിന്റെ കർശനമായ നിരോധന നടപടികൾ ഉണ്ടായിരിക്കെ, ഇവയുടെ ഉല്പാദനം, വിൽപ്പന, ഉപയോഗം എന്നിവ തുടർന്നുകൊണ്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ, 17-12-2019-ലെ G.O.(Ms.) 7/2019/ENVT പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും സർക്കാർ നിരോധിച്ചിട്ടുണ്ട്. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും സിംഗിൾ യൂസ് പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ അനധികൃതമായി എത്തിച്ച് വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. നിരോധിക്കപ്പെട്ട ഇത്തരം പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ സ്റ്റോക്ക് ചെയ്യുന്നതും വിൽപ്പന നടത്തുന്നതിനുമെതിരെ പരിശോധനകൾ നടത്തുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ (തദ്ദേശ സ്ഥാപനതല വിജിലൻസ് സ്ക്വാഡ്, ഐ.വി.ഒ. സ്ക്വാഡ്, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ്) നിയോഗിച്ചിട്ടുള്ളതും ഫൈൻ, പ്രോസിക്യൂഷൻ എന്നിവ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

നിരോധിത സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരെ പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും പരാതി നൽകുന്നതിനായി സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ (9446700800) സംവിധാനവും ആയത് നിരീക്ഷിക്കുന്നതിനായി LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിച്ചുവരുന്നു.

(ബി) ഹരിതകേരളമിഷന്റെ കീഴിൽ ഹരിതകർമ്മസേനാംഗങ്ങളെ ഉപയോഗിച്ച്

വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും, വീടുതോറും ₹50 വീതം ഉപഭോക്തൃഫീസ് ഈടാക്കുകയും ചെയ്യുന്നതോടൊപ്പം ഇത്തരം അപകടകരമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിനും വിൽപ്പനയ്ക്കും അനുമതി നൽകുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ 17-12-2019-ലെ G.O.(Ms)No. 7/2019/ENVT പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ പൂർണ്ണമായും സർക്കാർ നിരോധിച്ചിട്ടുണ്ട്. എന്നാൽ വിവിധതരം ഉൽപന്നങ്ങൾക്ക് പാക്കേജിങ്ങിനായി പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നു. ആയത് ഹരിതകർമ്മസേന ശേഖരിച്ച് MCF/RRF-ലേക്ക് എത്തിച്ച് വേർതിരിക്കുന്നു. റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക്ക്, റിസൈക്ലിങ് കമ്പനികൾക്ക് നൽകുന്നു. അല്ലാത്തവ സിമെന്റ് ഫാക്ടറികളിലേക്ക് ഇന്ധനമായി ഉപയോഗിക്കുന്നതിന് ക്ലീൻ കേരള കമ്പനി/അംഗീകൃത ഏജൻസി മുഖേന നൽകുന്നു.

(സി) ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ റോഡ് നിർമ്മാണത്തിനായി ബിറ്റുമിനുമായി കലർത്തി ഉപയോഗിക്കുന്നുണ്ടോ; ബിറ്റുമിനുമായി കലർത്തുന്ന വേളയിൽ പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുക വായുവിലേക്ക് പുറപ്പെടുവിക്കുന്നുണ്ടെന്നും അതുവഴി വായു മലിനീകരണവും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് National Ministry of Rural

Development, Gol-യുടെ കീഴിലുള്ള Rural Roads Development Agency, Guidelines for the use of Plastic Waste in Rural Roads Construction പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഗ്രാന്യൂൾ രൂപത്തിലോ, പൗഡർ രൂപത്തിലോ വിപണിയിൽ ലഭ്യമാണ്. ഈ ഗ്രാന്യൂളുകൾ bitumen- നോടൊപ്പം കൂട്ടികലർത്തിയാണ് സ്പെസിഫിക്കേഷൻ പ്രകാരം ബിറ്റുമിനസ് കോൺക്രീറ്റ് റോഡ് ഉപരിതല നവീകരണത്തിന് ഉപയോഗിച്ചു വരുന്നത്. സർക്കാർ നയപ്രകാരവും നിലവിലുള്ള നിർദേശ പ്രകാരവുമാണ് ഇത്തരം സാങ്കേതികവിദ്യ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നത്.

ബിറ്റുമിനസ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി Hot Mixing Plant സാധാരണയായി പ്രവൃത്തി നിർവ്വഹണ പ്രദേശത്തു നിന്നും വളരെ അകലെയായി ജനവാസം കുറഞ്ഞ മേഖലയിലാണ് സ്ഥാപിക്കാറുള്ളത്. Mixing Plant-ന്റെ പുകക്കുഴൽ മലിനീകരണ നിയന്ത്രണബോർഡ് നിഷ്കർഷിച്ചിട്ടുള്ള വ്യാസത്തിലും ഉയരത്തിലുമാണ് നിർമ്മിക്കുന്നത്. ആയതിനാൽ പ്ലാന്റിൽ ഉണ്ടാകുന്ന പുകമൂലമുള്ള വായു മലിനീകരണമോ, തദ്വാരാ പൊതുജനാരോഗ്യപ്രശ്നങ്ങളോ ഉണ്ടാകുന്നില്ല.

(ഡി) അപകടകരമായ ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിൽപ്പന, ഉപയോഗം എന്നിവ പൂർണ്ണമായി അവസാനിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാം; ഇതിന് പകരം ലഭ്യമാക്കുന്ന പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

നിരോധിത ഏകോപയോഗ പ്ലാസ്റ്റിക്കിനെതിരെ പൊതുജനങ്ങൾക്കും

വിദ്യാർഥികൾക്കും പരാതി നൽകുന്നതിനായി സിംഗിൾ വാട്സ്ആപ്പ് നമ്പർ (9446700800) സംവിധാനവും ആയത് നിരീക്ഷിക്കുന്നതിനായി LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. കേരളാ മുനിസിപ്പാലിറ്റി ആക്ട്, കേരളാ പഞ്ചായത്ത് രാജ് ആക്ട് എന്നിവയുടെ 2024-ലെ അമെന്റ്മെന്റ് മുഖേന വലിയ തുക പിഴ ചുമത്താവുന്നതും പ്രോസിക്യൂഷൻ ഉൾപ്പടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു.

നിയമ ലംഘനം നടത്തുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡ്, ഐ.വി.ഒ സ്ക്വാഡ് ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ പ്രവർത്തിക്കുന്നു. പ്രസ്തുത നിരോധനം നടപ്പാക്കുന്നതിന് ഹരിത പ്രോട്ടോക്കോൾ പാലിച്ചും ബദൽ ഉൽപ്പന്നങ്ങൾ (സെറാമിക്ക്/ഗ്ലാസ്, സ്റ്റീൽ പ്ലേറ്റുകൾ, കപ്പുകൾ, പൊതു സ്വകാര്യ ചടങ്ങുകളിൽ വാട്ടർ ഡിസ്പെൻസറുകൾ/കംപോസ്റ്റബിൾ ഉത്പന്നങ്ങൾ, പ്രകൃതി സൗഹൃദ വസ്തുക്കൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. ബദൽ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പേപ്പർ/ക്ലോത്ത്/ജ്യൂട്ട് ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും ഹരിത പ്രോട്ടോക്കോൾ പാലിച്ച് കാറ്ററിങ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും കുടുംബശ്രീ മുഖേന സ്വയംസംരംഭക യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.

തിരുവല്ല മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

349(2433) ശ്രീ. മാത്യു ടി. തോമസ് : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് ശിപാർശ ചെയ്തതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമാക്കാമോ; ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം അനുബന്ധമായി + ചേർക്കുന്നു.

ഇരവിപുരം നിയോജകമണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ റോഡുകൾ

350(2434) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം അനുബന്ധം + ആയി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വിശദമാക്കാമോ?

ഉത്തരം അനുബന്ധം + ആയി ചേർത്തിരിക്കുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്നതും, 178-ാം വകുപ്പ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും ചട്ടങ്ങളിലെ) വ്യവസ്ഥകൾക്ക് വിധേയമായി ആർജിക്കുന്നതുമായ ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾക്ക് പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്റ് സെക്ഷൻ 178 പ്രകാരം സെക്രട്ടറിമാരുടെ പേരിൽ രജിസ്റ്റർ ചെയ്ത്, പോക്കുവരവ് ചെയ്ത് സെക്രട്ടറിയുടെ പേരിൽ കരം ഒടുക്കി ഉടമസ്ഥത അവകാശം ഉറപ്പുവരുത്തി അപേക്ഷ സഹിതം സെക്രട്ടറിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്.

ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം

351(2435) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണത്തിനായി വിവിധ ജില്ലകളിൽ ഈ സർക്കാർ പുതുതായി ആരംഭിച്ചിട്ടുള്ളതും നിലവിലുണ്ടായിരുന്നതിൽ ആധുനികീകരണം കൊണ്ടുവന്നിട്ടുള്ളതുമായ പദ്ധതികൾ വിശദമാക്കാമോ?

കേരളത്തിൽ മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി, മാലിന്യനിർമ്മാർജ്ജനത്തിന് വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിനും (Decentralized source-level waste management) പ്രാദേശികതലത്തിലുള്ള കേന്ദ്രീകൃത

സംവിധാനങ്ങൾക്കും (Regional/Community level facilities) ഊന്നൽ നൽകുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ജൈവ മാലിന്യ സംസ്കരണം (Biodegradable Waste Management)

ജൈവമാലിന്യം പരമാവധി ഉറവിടത്തിൽതന്നെ ഉൽപാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതിനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നു:

- **വീടുകളിലും സ്ഥാപനങ്ങളിലും:** കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികൾക്കായി അംഗീകൃത ഉപകരണങ്ങൾ (Bio Bins, Bio Composters, Bio Gas Plants, etc.) ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- **കമ്മ്യൂണിറ്റി തലത്തിൽ:** സ്ഥലപരിമിതിയുള്ള വീടുകളിലെ മാലിന്യം ശേഖരിച്ച് കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ്, കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയിലേക്ക് എത്തിച്ച് സംസ്കരിക്കുന്നു.
- **സ്ഥാപനങ്ങൾ, മാർക്കറ്റുകൾ** : തുമ്പൂർമുഴി, കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നു.
- **സഹായങ്ങൾ:** ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുന്നു.
- **പ്രത്യേക മാലിന്യം:** സാനിറ്ററി മാലിന്യം, മുടി മാലിന്യം, കോഴിമാലിന്യം, ഇറച്ചി മാലിന്യം, മത്സ്യ മാലിന്യം എന്നിവ സംസ്കരിക്കുന്നതിനായി പ്രത്യേക പ്ലാന്റുകൾ

സ്ഥാപിക്കുന്നു. ചിക്കൻ റെൻഡറിങ് പ്ലാന്റുകളും ഇതിന്റെ ഭാഗമാണ്.

അജൈവ മാലിന്യ സംസ്കരണം (Non-Biodegradable Waste Management)

അജൈവ മാലിന്യം ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഹരിതകർമ്മ സേനയെയും സാങ്കേതിക സംവിധാനങ്ങളെയും ആശ്രയിക്കുന്നു.

ശേഖരണവും കൈമാറ്റവും

1. **വാതിൽപടി ശേഖരണം:** ഹരിതകർമ്മ സേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി മാലിന്യം ശേഖരിക്കുന്നു. ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം 38312 ആയി വർധിച്ചു. വാതിൽപ്പടി ശേഖരണം 90% ആയും യൂസർ ഫീ കളക്ഷൻ 72% ആയും വർധിച്ചു.

2. **ഡിജിറ്റൽ നിരീക്ഷണം:** മാലിന്യ ശേഖരണം 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ മുഖേനയാണ് നടത്തുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിന്റെ ഡിജിറ്റൽ മോണിറ്ററിങ് ആരംഭിച്ചു.

3. **വേർതിരിക്കൽ കേന്ദ്രങ്ങൾ:** ശേഖരിച്ച മാലിന്യം തരംതിരിക്കുന്നതിനായി വാർഡ് തലങ്ങളിലെ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ (Mini MCF), മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ (MCF), റീസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ (RRF) എന്നിവയുടെ എണ്ണം വർധിപ്പിച്ചു. (20051 മിനി MCF-കൾ, 1354 MCF-കൾ, 192 RRF-കൾ)

4. **കൈമാറ്റം:-** വേർതിരിച്ച മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനി അല്ലെങ്കിൽ മറ്റ് അംഗീകൃത റീസൈക്ലിങ് ഏജൻസികൾക്ക് കൈമാറുന്നു.

സംസ്കരണം, പുനഃചംക്രമണം

1. **പുനഃചംക്രമണം(Recycling):** പുന:ചംക്രമണ സാധ്യമായവ റിസൈക്ലിങ്ങിനായി പോകുന്നു.

2. **ഊർജ്ജോത്പാദനം:** പുനഃചംക്രമണം സാധ്യമല്ലാത്ത മാലിന്യം Refuse Derived Fuel(RDF) രൂപേണ സിമന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും പോകുന്നു.

3. **പുതിയ പ്ലാന്റുകൾ:**

- ഒൻപതോളം പ്ലാന്റുകൾ ക്ലീൻ കേരള കമ്പനിയുടെയും സ്വകാര്യ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ നിർമ്മാണത്തിലാണ്. 2026-27-ഓടെ ഇത് പൂർത്തിയാക്കും.
- വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ, റീസൈക്ലിങ് വ്യവസായ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നു.
- MCF/RRF കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾക്കായി ബെയിലിംഗ് മെഷീൻ, ഷ്രഡിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജല ട്രീറ്റ്മെന്റ് സൗകര്യം എന്നിവ ഏർപ്പെടുത്തുന്നു.

4. **മാലിന്യ നിക്ഷേപം:** കാലങ്ങളായി കെട്ടിക്കിടക്കുന്ന വലിയ മാലിന്യ കൂനകൾ ബയോ മൈനിംഗ് പ്രക്രിയയിലൂടെ നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നു.

<u>അടിസ്ഥാന സൗകര്യ വികസനം (Infrastructure Development)</u>

മാലിന്യം വേർതിരിക്കാനും സംസ്കരിക്കാനുമുള്ള അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്താൻ താഴെപ്പറയുന്ന പദ്ധതികൾ പുരോഗമിക്കുന്നു:

- **പ്രാദേശികതല പ്ലാന്റുകൾ:** റീജിയണൽ വേസ്റ്റ് പ്രോസസിംഗ് ഫെസിലിറ്റികൾ, ആധുനിക ബയോഡിഗ്രേഡബിൾ വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റുകൾ, കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റുകൾ, റീജിയണൽ സാനിറ്ററി വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റികൾ, മിനി സാനിറ്ററി ലാന്റ് ഫിൽ ഫെസിലിറ്റികൾ എന്നിവയുടെ നിർമ്മാണം.
- **മാലിന്യ സംഭരണം:** അജൈവ മാലിന്യം താത്ക്കാലികമായി സംഭരിക്കുന്നതിന് ബിന്നുകൾ, ബോട്ടിൽ ബൂത്ത്, മിനി MCF, കണ്ടെയ്നർ MCF എന്നിവ നിലവിലുണ്ട്.
- **ദ്രവ മാലിന്യ സംസ്കരണം:** സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP), ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (FSTP) എന്നിവയുടെ പദ്ധതികൾ.
- **C&D മാലിന്യം:** കെട്ടിട നിർമ്മാണ-പൊളിച്ചുമാറ്റൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി കൺസ്ട്രക്ഷൻ & ഡിമോളിഷൻ (C&D) മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ.
- **ജലാശയ സംരക്ഷണം:** ജലാശയങ്ങളിലും കനാലുകളിലും മാലിന്യം വന്നുചേരുന്നത് തടയാൻ ട്രാഷ് ബൂമുകൾ, സ്ക്രീൻ ചേംബറുകൾ, നെറ്റ് ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നു.
- **പൊതുമാലിന്യ പ്ലാന്റുകൾ:** നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു.

- **മറ്റുള്ളവ:** ഗ്യാസ് ക്രിമറ്റോറിയം, അറവുശാലകൾ, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ

നിയമ നിർവ്വഹണവും ബോധവൽക്കരണവും

മാലിന്യ പരിപാലന നിയമങ്ങൾ കർശനമാക്കുകയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

എൻഫോഴ്സ്മെന്റ്

- **നിയമങ്ങൾ:** കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി പ്രകാരം മാലിന്യ നിക്ഷേപത്തിനെതിരെ നിയമം കർശനമാക്കി.
- **സ്ക്വാഡുകൾ:** നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, വിജിലൻസ് സ്ക്വാഡുകൾ, IVO സ്ക്വാഡുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ പ്രവർത്തിക്കുന്നു.
- **പരാതി സംവിധാനം:** മാലിന്യ നിക്ഷേപത്തിനെതിരെയും നിരോധിത സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരെയും പൊതുജനങ്ങൾക്ക് പരാതി നൽകാൻ സിംഗിൾ വാട്സ് ആപ്പ് നമ്പർ (9446700800) സംവിധാനവും LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു.
- **റിവാർഡ്:** തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴത്തുകയുടെ 25% റിവാർഡ് നൽകുന്ന സംവിധാനം നിലവിലുണ്ട്.

ബോധവൽക്കരണവും ബദൽ മാർഗ്ഗങ്ങളും

- **ബദൽ ഉൽപന്നങ്ങൾ:** ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം കുറക്കുന്നതിനായി IEC (Information, Education and Communication) പ്രവർത്തനങ്ങളും കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബദൽ ഉൽപന്നമേളകളും സംഘടിപ്പിച്ചു. ക്ലോത്ത് ബാഗുകളുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നു.
- **ക്ലീൻ കേരള ഇക്കോ ബാങ്കുകൾ:** എല്ലാ ജില്ലകളിലും പൊതുജനങ്ങൾക്ക് നേരിട്ട് അജൈവ പാഴ്വസ്തുക്കൾ കൈമാറാൻ ക്ലീൻ കേരള കമ്പനിയുടെ ഇക്കോ ബാങ്കുകൾ സ്ഥാപിച്ചു.
- **മറ്റ് പദ്ധതികൾ:** സ്വാപ് ഷോപ്പുകൾ, ഇ-വേസ്റ്റ് മാലിന്യ ശേഖരണ സ്പെഷ്യൽ ഡ്രൈവ് എന്നിവയും നടത്തുന്നു.
- **വലിച്ചെറിയൽ മുക്തവാരം:** പൊതു ഇടങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് തടയാൻ വലിച്ചെറിയൽ മുക്തവാരം സംഘടിപ്പിക്കുകയും ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്തു.

ബൾക്ക് വേസ്റ്റ് ജനറേറ്ററുകൾ (Bulk Waste Generators)

പ്രതിദിനം 100 കിലോയിൽ കൂടുതൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങിയ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്, സ്വന്തം നിലയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദേശപ്രകാരമോ മാലിന്യം

ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കാൻ ഉത്തരവാദികളാണ്. ഈ നടപടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) വെള്ളക്കെട്ട് രൂക്ഷമായ ആലപ്പുഴ പോലുള്ള ജില്ലകളിൽ സാനിറ്ററി മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അതുവഴി ജലാശയങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്.

1. സംസ്ഥാനതല പദ്ധതികളും പൊതുവായ നടപടികളും

a) **സാനിറ്ററി മാലിന്യ സംസ്കരണം:** സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്ന സാനിറ്ററി മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ക്ലീൻ കേരള കമ്പനി മുഖേന 20 ടൺ കപ്പാസിറ്റിയുള്ള റീജിയണൽ സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

b) **ജലസംരക്ഷണം/കായൽ മലിനീകരണം തടയൽ:**

ഇനി ഞാൻ ഒഴുകട്ടെ, 'തെളിനീരൊഴുകും നവകേരളം' എന്നീ ജനകീയ ക്യാമ്പയിനുകളിലൂടെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ, ഡ്രെയിനേജുകൾ, തോടുകൾ, കനാലുകൾ എന്നിവയുടെ ശുചീകരണം, കായൽ മലിനീകരണം തടയുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം സി.സി.ടി.വി. ക്യാമറകൾ, നെറ്റ് ഫെൻസിംഗ് തുടങ്ങിയ പ്രോജക്ടുകളും ഏറ്റെടുത്ത്

നടപ്പിലാക്കിവരുന്നു.

2. ആലപ്പുഴ ജില്ലയിലെ പ്രത്യേക പദ്ധതികൾ

a) **വേമ്പനാട്ട് കായൽ പുനരുജ്ജീവനം പദ്ധതി:** ആലപ്പുഴ ജില്ലയിലെ ഏറ്റവും വലിയ ജലാശയമായ വേമ്പനാട് കായലിന്റെ പുനരുജ്ജീവനത്തിനായി 15 തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ ഭരണകൂടത്തിന്റെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ നടത്തിയ ബൃഹത്തായ ജനകീയ പദ്ധതി.

പ്രവർത്തനങ്ങൾ: ജില്ലയിലെ 12 തദ്ദേശ സ്ഥാപനങ്ങളിലായി വേമ്പനാട് കായലിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം.സി.എഫ്.-കളിലേക്ക് മാറ്റുന്ന വലിയ ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചു.

ബി. മാലിന്യ സംസ്കരണ പദ്ധതികൾ

i. **അജൈവ മാലിന്യ സംസ്കരണം**

ഹരിത കർമ്മ സേന: ജില്ലയിലെ 78 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 2689 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു.

എം.സി.എഫുകൾ: ശേഖരിക്കുന്ന അജൈവ മാലിന്യം 95 എം.സി.എഫുകളിൽ ശേഖരിച്ച് തരംതിരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നു.

മോണിറ്ററിങ്: എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേനയുടെ സേവനങ്ങൾ ഹരിതമിത്രം ആപ്പിൽ രേഖപ്പെടുത്തി അവലോകനം ചെയ്യുന്നു.

പുതിയ എം.സി.എഫ്.: 27 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ എം.സി.എഫ്. നിർമ്മാണത്തിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

പൊതു സംവിധാനങ്ങൾ: എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്

ii. **ജൈവ/സാനിറ്ററി മാലിന്യ സംസ്കരണം**

സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റ്: ഹരിപ്പാട് നഗരസഭയിൽ ഡബിൾ ചേംബർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

ഗാർഹിക സോക് പിറ്റ്: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും വഴി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗാർഹിക സോക് പിറ്റ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നു.

ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാന്റ് (FSTP):

ചേർത്തല നഗരസഭയിൽ 250 KLD സംഭരണശേഷിയുള്ള FSTP സ്ഥാപിച്ച് പ്രവർത്തിക്കുന്നു.

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 70 KLD സംഭരണശേഷിയുള്ള FSTP സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട് .

സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാന്റ് (STP)

കമ്മ്യൂണിറ്റി STP: ആലപ്പുഴ നഗരസഭയിൽ ആലിശ്ശേരി കോളനി (5 MLD+13KLD), ഭജനമഠം നഗർ (12 KLD) എന്നിവിടങ്ങളിലും ഹരിപ്പാട് നഗരസഭയിലെ പിലാപ്പുഴയിലും കമ്മ്യൂണിറ്റി തല STP സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

സ്ഥാപനതല STP: ഇറവൂർ താലൂക്ക് ആശുപത്രി, ആലപ്പുഴ W&C ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിർമ്മാണം നടന്നുവരുന്നു.

മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് (MTU):

ആലപ്പുഴ നഗരസഭയിൽ 2 യൂണിറ്റ് MTU പ്രവർത്തിക്കുന്നു.

കായംകുളം നഗരസഭയിൽ ഒരു യൂണിറ്റ് MTU വാങ്ങൽ നടപടികൾ പൂർത്തീകരിച്ചു. ചെങ്ങന്നൂർ നഗരസഭയിൽ ഒരു യൂണിറ്റ് MTU വാങ്ങി പ്രവർത്തിപ്പിക്കുന്നതിനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

ചിറ്റൂർ മണ്ഡലത്തിലെ വില്ലന്നി പാലം നിർമ്മാണം

352(2436) ശ്രീ മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ വകുപ്പിന്റെ കീഴിലുള്ളതും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ചതുമായ ചിറ്റൂർ നിയോജകമണ്ഡലത്തിലെ വില്ലന്നി പാലം നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിലെ വില്ലന്നി പാലം നിർമ്മാണത്തിനായി തയാറാക്കിയ ഡി.പി.ആർ-ലെ ന്യൂനതകൾ പരിഹരിച്ച് നൽകുന്നതിനായി ചീഫ് എഞ്ചിനീയർ, പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തിരിച്ചയച്ചിട്ടുള്ളതും, ന്യൂനതകൾ പരിഹരിച്ച് ഡി.പി.ആർ. ഉടൻതന്നെ സമർപ്പിക്കുന്നതാണെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസത്തിന്

കാരണമെന്താണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി 2021-22 ലെ R.K.I. ഫണ്ടിൽ ഒരു കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഡി.പി.ആർ. പ്രകാരം 4 കോടി രൂപ ആവശ്യമുള്ളതിനാൽ 2023-24 വർഷത്തെ ബജറ്റിൽ 3 കോടി രൂപ അധികമായി അനുവദിക്കുകയും 4 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. എന്നാൽ R.K.I. ഫണ്ടിനോടുകൂടി ബജറ്റ് ഫണ്ട് സംയോജിപ്പിക്കാൻ പറ്റില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപയുടെ ബജറ്റ് ഫണ്ടിനുള്ള ഡി.പി.ആർ.-ഉം ഒരു കോടി രൂപയുടെ R.K.I. ഫണ്ടിനുള്ള ഡി.പി.ആർ.-ഉം തയാറാക്കിവരുന്നതായി പാലക്കാട് ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(സി) 2018-ലെ പ്രളയത്തിൽ തകർന്ന പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്നമുറക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാവേലിക്കര ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണം

353(2437) ശ്രീ. എം. എസ്. അരുൺ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുവാൻ ബജറ്റിൽ തുക അനുവദിച്ചതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന്റെ ഭാഗമായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനായി അപാകതകൾ പരിഹരിച്ചുള്ള രേഖകൾ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓൺലൈൻ മുഖേന സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

കേരളാ അർബൻ കോൺക്ലേവ്

354(2438) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന കേരളാ അർബൻ കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

അർബൻ കോൺക്ലേവിന്റെ ഉദ്ദേശലക്ഷ്യങ്ങൾ–

1. ദീർഘകാല നഗരനയം തയ്യാറാക്കൽ: കോൺക്ലേവിലെ നിർദേശങ്ങളെയും കേരള നഗര നയ കമ്മീഷൻ റിപ്പോർട്ടിനെയും അടിസ്ഥാനമാക്കി കേരളത്തിനായി ഒരു സമഗ്ര നഗരനയം രൂപപ്പെടുത്തുക.

2. സുസ്ഥിരവും സമഗ്രവുമായ വളർച്ച പ്രോത്സാഹിപ്പിക്കുക: ആഗോളതലത്തിലെ മികച്ച രീതികളും കേരളത്തിന്റെ അതുല്യമായ വികസനപാതയും ഉപയോഗപ്പെടുത്തിക്കൊണ്ട് കാലാവസ്ഥാ പ്രതിരോധശേഷി, തുല്യത ഉൾചേർക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന സന്തുലിത നഗരവികസനത്തിനുള്ള ശിപാർശകൾ മുന്നോട്ട് വയ്ക്കുക.

3. ആഗോള പങ്കാളിത്തങ്ങളും വിജ്ഞാന വിനിമയവും വളർത്തുക: കേരളത്തിന്റെ നയപരമായ നവീകരണങ്ങൾ ഉയർത്തിക്കാട്ടുന്നതിന് അന്താരാഷ്ട്ര, ദേശീയ സ്ഥാപനങ്ങൾ, പങ്കാളികൾ, വിദഗ്ധർ എന്നിവരുമായി സഹകരണം ശക്തിപ്പെടുത്തുക, തുടർച്ചയായ അറിവ് പങ്കിടൽ, പരിശീലനം, ശേഷി വർധിപ്പിക്കൽ എന്നിവയ്ക്കുള്ള വേദികൾ സൃഷ്ടിക്കുക.

(ബി) പ്രസ്തുത കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നയരൂപീകരണ നടപടികൾ അറിയിക്കുമോ?

അടിസ്ഥാനമേഖലകളുടെ വികസനത്തിന് ഊന്നൽ ജനപങ്കാളിത്തം ഉറപ്പാക്കിയും പ്രകൃതിസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, നീർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകിവരുന്ന കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ട് അതീവ സങ്കീർണമായ നഗരവൽകരണ പ്രക്രിയയ്ക്ക് വിധേയമായതും, കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ശക്തമായി അനുഭവിക്കുന്നതുമായ നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിന് അനുസൃതമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സമഗ്ര നഗരനയം

രൂപീകരിക്കുന്നതിനായി ഇന്ത്യയിൽ ആദ്യമായി കേരളം "നഗരനയ കമ്മീഷൻ" രൂപീകരിച്ചു. കേരള നഗരനയ കമ്മീഷൻ 2024 ഡിസംബറിൽ ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് 30-ന് അന്തിമ റിപ്പോർട്ടും സമർപ്പിച്ചു. കേരള നഗരനയ കമ്മീഷൻ പത്ത് വിഷയ മേഖലകളിൽ പ്രവർത്തനം നടത്തി, ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് 33 ലഘുപഠനങ്ങളും 50-തിലധികം സ്റ്റേക്ക്ഹോൾഡർ ചർച്ചകളും സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, മുനിസിപ്പൽ ഉദ്യോഗസ്ഥർ, സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, സ്വകാര്യ-പൊതു മേഖലാ ഏജൻസികൾ, പ്രവർത്തക സംഘങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി മൊത്തത്തിൽ 4000-ത്തിലധികം പേർ പങ്കാളികളായി. ഇവിടങ്ങളിൽ നിന്നുയർന്ന ആശയങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് കേരള നഗരനയ കമ്മീഷൻ റിപ്പോർട്ട് അന്തിമമാക്കിയത്.

2025 സെപ്റ്റംബർ മാസം 12 & 13 തീയതികളിലായി കൊച്ചിയിൽ വച്ച് സംഘടിപ്പിച്ച "കേരള അർബൻ കോൺക്ലേവ് 2025"-ൽ, 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെട്ട 34 സെഷനുകളിലായി 295 പ്രഭാഷകർ പങ്കെടുക്കുകയും ചെയ്തു. കേരള അർബൻ കോൺക്ലേവിൽ മൂന്ന് ഹൈലെവൽ പൊളിറ്റിക്കൽ ഫോറങ്ങളും, അഞ്ച് പ്ലീനറി സെഷനുകളും പത്ത് പോളിസി സെഷനുകളും, രണ്ട് ഫോക്കസ് സെഷൻ ചർച്ചകളും, മൂന്ന് ഫയർ സൈഡ് ചാറ്റ്സും, പതിനൊന്ന് റൗണ്ട് ടേബിൾ സെഷനുകളും നടന്നു. സമഗ്രമായ സംവാദങ്ങൾക്കും ആശയവിനിമയങ്ങൾക്കും അടിസ്ഥാനമായി ഏകദേശം 300 പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെട്ടു.

കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല - ദീർഘകാല

ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ സമന്വയിപ്പിച്ച്, പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗരധനാഗമ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം ഗവൺമെന്റ് ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമുള്ള നഗരഭരണം, പുതിയ നഗരഭരണ പങ്കാളിത്ത മാതൃകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുമായ നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ, സമീപനങ്ങൾ, നിയമപരമായ പരിഷ്കാരങ്ങൾ ഏതൊക്കെ, എന്ന് കണ്ടെത്തി അപ്രകാരം നയപരമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു നഗരനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാമ്പത്തിക, പാർപ്പിട, തൊഴിൽ, സുരക്ഷാ മേഖലകളിലെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ കോൺക്ലേവിൽ ഉയർന്നുവന്ന പ്രധാന നിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

1. ദാരിദ്ര്യ നിർമ്മാർജ്ജന ലക്ഷ്യങ്ങളിലൂന്നിയ നിലവിലെ പ്രാദേശിക സാമ്പത്തിക വികസന തന്ത്രങ്ങളിലുപരിയായി ഒരു വളർച്ചാധിഷ്ഠിത സമീപനത്തിലേക്ക് പ്രാദേശിക സാമ്പത്തിക വികസനം മാറണം, ഫണ്ടിംഗിലുള്ള അമിത ആശ്രിതത്വം കുറച്ചുകൊണ്ട് ധനസഹായ രീതിയിലേക്ക് പ്രാദേശിക സാമ്പത്തിക വികസനം മാറേണ്ടതുണ്ട്. അത്തരമൊരു മാറ്റം സംസ്ഥാന വിഭജിത വിഭവങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും സ്വന്തം വരുമാന സ്രോതസ്സുകളും ആസ്തികളും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ

തദ്ദേശസ്വയംഭരണ (ULB) സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (ULB) പ്രാദേശിക സാമ്പത്തിക വികസനം നയിക്കാൻ കഴിവുള്ള ഒരു സ്ഥാപനഘടന സ്ഥാപിക്കുന്നതിന്, ഓരോ ULB-യിലും സിറ്റി ബിസിനസ് ഡെവലപ്മെന്റ് കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്. ബിസിനസ്, സംരംഭക ഗ്രൂപ്പുകളുടെ പ്രതിനിധികളോടൊപ്പം രാഷ്ട്രീയ നേതൃത്വവും ഈ കൗൺസിലുകളിൽ ഉണ്ടായിരിക്കണം.

3. ക്ലസ്റ്റർ അധിഷ്ഠിത സമീപനത്തിലൂടെ അവരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ വർധിപ്പിക്കുന്നതിനും നഗര പ്രദേശങ്ങളുടെ താരതമ്യ നേട്ടങ്ങൾ തിരിച്ചറിയുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള ഒരു ഘടനാപരമായ പദ്ധതി വികസിപ്പിക്കേണ്ടതും ഇത് നേടുന്നതിന്, സമഗ്രമായ നഗര പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ തയ്യാറാക്കാൻ ULB- കളെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്.

4. പരമ്പരാഗത ഐ.ടി. സേവനങ്ങളിൽ നിന്ന് ആഗോളശേഷി കേന്ദ്രങ്ങളിലേക്ക് (GCC-കൾ) ആഗോള മാറ്റം സംഭവിക്കുന്നുണ്ടെന്ന് ശ്രദ്ധിക്കപ്പെടുന്നു, ഇന്ത്യ ഒരു പ്രധാന കേന്ദ്രമായി ഉയർന്നുവരുന്നു. അതിനാൽ, സീഡ് ലെവൽ ഫിനാൻസിംഗിനപ്പുറം സ്റ്റാർട്ടപ്പുകളെയും GCC നിക്ഷേപങ്ങളെയും ആകർഷിക്കാനും പരിപോഷിപ്പിക്കാനും സംസ്ഥാനത്ത് സ്ഥാപിക്കുന്ന മേഖലാവികസന തന്ത്രങ്ങൾക്ക് കേരളം മുൻഗണന നൽകേണ്ടത് അത്യാവശ്യമാണ്.

5. പ്രാദേശിക തൊഴിൽ ഉറപ്പാക്കാൻ സംസ്ഥാന തലത്തിൽ ഒരു AUEGS സംവിധാനം നിലവിലുണ്ടെങ്കിലും, നിലവിലെ ഘടന അതിന്റെ പൂർണ്ണ ശേഷി പ്രയോജനപ്പെടുത്താൻ അപര്യാപ്തമാണ്. ശ്രദ്ധാപൂർവ്വമായ ഒരു വിലയിരുത്തൽ നടത്തുകയും തുടർന്ന് ഉയർന്നുവരുന്ന

പ്രാദേശിക സാമ്പത്തിക വികസന മുൻഗണനകളുമായി അതിനെ യോജിപ്പിക്കുന്നതിനുള്ള നടപടികൾ പുന:ക്രമീകരിക്കുകയും ശക്തിപ്പെടുത്തുകയും വേണം.

6. പാർശ്വവൽക്കരിക്കപ്പെടുന്ന സമൂഹങ്ങളിലെ കുട്ടികളടക്കം എല്ലാവരും പങ്കാളികളാകുന്ന രീതിയിൽ പദ്ധതികൾ തയ്യാറാക്കണം; ശുചിത്വവും സുരക്ഷിതവുമായ പൊതുസ്ഥലങ്ങൾ ഒരുക്കുകയും, കുട്ടികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

355(2439) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികളായ ഒട്ടുപാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ ഡിസൈൻ റിവ്യൂ അവസാന ഘട്ടത്തിലാണ്.

വടക്കാഞ്ചേരി ആധുനിക വാതക ശ്മശാനം

ടി പദ്ധതിക്ക് 08-09-2025-ന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ എസ്റ്റിമേറ്റുകൾ PRICE 3 സോഫ്റ്റ്വെയറിൽ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ ഡി.എസ്.ആർ.-2021 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള

പ്രൈസ് സോഫ്റ്റ്വെയറിൽ ഇംപാക്ട് കേരള എന്ന എസ്.പി.വി.-യ്ക്ക് ലോഗിൻ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആയത് ലഭ്യമായിട്ടില്ലെങ്കിൽ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഇംപാക്ട് കേരളയ്ക്ക് PRICE 3 സോഫ്റ്റ്വെയറിൽ 19-08-2025-ന് ലോഗിൻ ലഭ്യമായിട്ടുള്ളതാണ്.

(ഡി) മേൽ പരാമർശിച്ച വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ ഡി.പി.ആർ. ഡ്രോയിങ്സ്, എസ്റ്റിമേറ്റ് എന്നിവ ഇംപാക്ട് കേരള എന്ന എസ്.പി.വി. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി അവ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

(ഡി & ഇ) വടക്കാഞ്ചേരി നഗരസഭയിലെ അത്താണി, ഓട്ടുപാറ മാർക്കറ്റ് കെട്ടിടങ്ങളുടെയും വാതക ശ്മശാനത്തിന്റെയും DPR, drawings, estimates കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കിഫ്ബിയിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് തിരുത്തലുകൾ വരുത്തി സമർപ്പിച്ചിട്ടുള്ളതുമാണ്.

ലൈഫ് ഭവന പദ്ധതി

356(2440)ശ്രീ. കെ. ബാബു (നെന്മാറ):താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ എത്ര വീടുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ 3726 വീടുകളാണ് അനുവദിച്ചത്.

(ബി) പ്രസ്തുത വിവരത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് ചുവടെചേർക്കുന്നു

ഗ്രാമപഞ്ചായത്ത്	അനുവദിച്ച വീടുകളുടെ എണ്ണം
അയിലൂർ	452
എലവഞ്ചേരി	342
കൊടുവായൂർ	370
കൊല്ലങ്കോട്	463
മുതലമട	479
നെല്ലിയാമ്പതി	73
നെന്മാറ	502
പല്ലശ്ശന	433
പുതുനഗരം	309
വടവന്നൂർ	303
ആകെ	**3726**

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

357(2441) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയതും, തദ്ദേശ വകുപ്പ് മുഖേന കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

1) എടത്തോട്-വള്ളിച്ചിറ്റ അട്ടക്കണ്ടം തീരം തേറംകല്ല് റോഡ്

(ക്രമ നം.243) (2025-2026)

2) ഗുരുവനം ഉപ്പലികൈ-ചേടി റോഡ് (ക്രമ നം.1332)(2025-2026)

3) കുന്നുപാറ പൊടിപ്പള്ളം റോഡ് നവീകരണം(ക്രമ നം. 1707)

(2025-2026)

4) ഇരിയ-ലാലൂർ-പറക്കായി റോഡ് (ക്രമ നം.1768)(2025-2026)

5) കൊല്ലംപാറ-കട്ടിപൊയിൽ-ബിരിക്കുളം റോഡ് (2111)

(2025-2026)

6) കോളിച്ചാൽ-പ്രാന്തർകാവ്-പാലച്ചാൽ റോഡ് (ക്രമ നമ്പർ 2676) (2025-2026)

(ബി) നിലവിൽ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(ബി&സി) മേൽ പ്രവൃത്തികളുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ ശ്മശാനങ്ങൾ

358(2442)ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പൊതുശ്മശാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

അഗളി, അകത്തേത്തറ, അല്ലനല്ലൂർ, ആലത്തൂർ (പ്രവർത്തനം ആരംഭിച്ചിട്ടില്ല), ആനക്കര, അങ്ങനടി, അയിലൂർ, ചളവറ, എലവഞ്ചേരി, എരിമയൂർ, എരുത്തേമ്പതി, കടമ്പഴിപുറം, കാഞ്ഞിരപ്പുഴ, കണ്ണമ്പ്ര, കരിമ്പ, കരിമ്പുഴ, കാവശ്ശേരി, കേരളശ്ശേരി, കിഴക്കഞ്ചേരി, കൊടുവായൂർ, കൊല്ലങ്കോട്, കുല്ലിക്കല്ലൂർ, കുമരംപുത്തൂർ, കുത്തനൂർ, കുഴൽമന്ദം, ലക്കിടി-പേരൂർ, മലമ്പുഴ, മങ്കര, മണ്ണൂർ, മരുതറോഡ്, മാത്തൂർ, മേലാർക്കോട്, മുണ്ടൂർ, മുതലമട, നല്ലേപ്പിള്ളി, നെല്ലായ (പ്രവർത്തനം ആരംഭിച്ചിട്ടില്ല), നെന്മാറ, പല്ലശ്ശേന, പറളി, പരുതൂർ, പട്ടഞ്ചേരി, പെരിങ്ങോട്ടുകുർശ്ശി, പൊൽപ്പുള്ളി, പുതുശ്ശേരി, പുതുക്കോട്, പുതുനഗരം, പുതുപ്പരിയാരം, ശ്രീകൃഷ്ണപുരം, തച്ചമ്പാറ, തരൂർ, തേങ്കുറിശ്ശി, തിരുമ്മിറ്റക്കോട്, തിരുവേഗപ്പുറ, വടക്കഞ്ചേരി, വടവന്നൂർ, വണ്ടാഴി, വാണിയംകുളം, വെള്ളിനേഴി, വിളയൂർ, ചിറ്റൂർ-തത്തമംഗലം നഗരസഭ, മണ്ണാർക്കാട് നഗരസഭ, ഒറ്റപ്പാലം നഗരസഭ, പാലക്കാട് നഗരസഭ, പട്ടാമ്പി നഗരസഭ, ഷൊർണ്ണൂർ നഗരസഭ.

(ബി) സ്വന്തമായി ശ്മശാനം ഇല്ലാത്ത ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് ശ്മശാനം ആരംഭിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സ്വന്തമായി ശ്മശാനം ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം-30. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അമ്പലപ്പാറ, ചാലിശ്ശേരി, എലപ്പുള്ളി, കണ്ണാടി, കപ്പൂർ, കാരാകുറിശ്ശി, കൊടുമ്പ്, കോങ്ങാട്, കൊപ്പം, കോട്ടായി, കോട്ടോപ്പാടം, കൊഴിഞ്ഞാമ്പാറ, മുതുതല, നാഗലശ്ശേരി, നെല്ലിയാമ്പതി, ഓങ്ങല്ലൂർ, പട്ടിത്തറ, പെരുമാട്ടി, പെരുവെമ്പ്, പിരായിരി, പൂക്കോട്ടുകാവ്, പുതൂർ, ഷോളയൂർ, തച്ചനാട്ടുകര, തെങ്കര, തൃക്കടീരി, വടകരപ്പതി, വല്ലപ്പുഴ, തൃത്താല, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി.

മേൽ പ്രസ്താവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കപ്പൂർ പഞ്ചായത്ത്-DPR തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പെരുമാട്ടി പഞ്ചായത്തിൽ വാതക ശ്മശാനത്തിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. പുതൂർ പഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

359(2443) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സർവീസ് രൂപീകരണത്തിനുശേഷം ജില്ലാ

ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും ഒരു വർഷം മുമ്പ് വിരമിച്ച മുനിസിപ്പൽ ജീവനക്കാർക്ക് ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ചെയ്യാൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; സ്പാർക്ക് സോഫ്റ്റ്വെയറിൽ മാറ്റം വരുത്താൻ ഒരു വർഷത്തിൽ കൂടുതലായിട്ടും കഴിയാത്തതെന്തുകൊണ്ടാണ്; വ്യക്തമാക്കുമോ?

മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് സ്പാർക്ക് ഐ.ഡി. ഉപയോഗിച്ച് ശമ്പളം മാറിവരുന്നതിനാലാണ് സ്പാർക്കിൽ 60 ദിവസത്തിൽ കൂടുതൽ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിൽ, 05-06-2025 ലെ സ.ഉ. (സാധാ) നം. 5022/2025/ധന പ്രകാരം രൂപീകരിച്ച കമ്മിറ്റി പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത വകുപ്പിൽ പ്രൊമോഷൻ ലഭിക്കേണ്ട സമയത്ത് സി.ആർ. (കോൺഫിഡൻഷ്യൽ റിപ്പോർട്ട്) സമർപ്പിച്ചു കൊള്ളാം എന്ന വ്യവസ്ഥയിൽ സമയബന്ധിത ഹയർ ഗ്രേഡ് വാങ്ങുകയും എന്നാൽ സമയബന്ധിതമായി സി.ആർ. സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക നിയമാനുസരണ പലിശ സഹിതം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് അവർക്ക് അർഹതപ്പെട്ട റെഗുലർ പ്രൊമോഷൻ നിർദിഷ്ട കാലയളവുകളിൽ ലഭിക്കാതിരിക്കുമ്പോഴാണ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നതിൻ പ്രകാരം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത്. പ്രവേശന

തസ്തികയിലെ നിശ്ചിത കാലയളവ് സേവനം ആധാരമാക്കിയാണ് സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ച് വരുന്നത്.

08-08-2008-ലെ സർക്കുലർ നം. 46/2008/Fin പ്രകാരം അപേക്ഷ, ഡിക്ലറേഷൻ ഫോം എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് ആയവ പരിശോധനയ്ക്ക് വിധേയമാക്കിയാണ് ഹയർഗ്രേഡ് അനുവദിച്ച് നൽകുന്നത്. എന്നാൽ പ്രസ്തുത സർക്കുലറിൽ സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ച് നൽകുന്നതിന് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിനോക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർക്ക് നാളിതുവരെ ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ഇവർക്ക് ശമ്പള പരിഷ്കരണ കുടിശിക എപ്പോൾ നൽകുവാൻ കഴിയുമെന്നറിയിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പ് ഒഴികെ മറ്റു വകുപ്പുകളിൽ ശമ്പളം മാറുന്നത് പ്രധാനമായും സ്പാർക്ക് മുഖേനയായതിനാൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്ത ജീവനക്കാർക്ക് സർക്കാരിന്റെ 0070-60-800-24-Receipt എന്ന ശീർഷകത്തിൽ തുക അടവാക്കി സ്പാർക്ക് മുഖേനതന്നെ പേ-റിവിഷൻ തുക പ്രസ്തുത ജീവനക്കാർക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് വകുപ്പ് ഏകീകരണത്തോട് അനുബന്ധിച്ച് സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസിൽ നിന്ന് (പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസ്, ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്) സ്പാർക്ക് ഇതര ഓഫീസുകളിലേയ്ക്കും (മുനിസിപ്പൽ കോർപ്പറേഷൻ,

മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് ഓഫീസ്) സ്പാർക്ക് ഇതര ഓഫീസുകളിൽ നിന്നും സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസുകളിലേയ്ക്കും സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. ആയതിനാൽ മറ്റ വകുപ്പുകളിൽ തുടരുന്ന രീതി തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കാൻ സാധിക്കില്ല. ടി ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്.

(ഡി) തിരുവനന്തപുരം നഗരസഭയിൽ നിന്നും വിരമിച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ ആർക്കൊക്കെയാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാത്തതെന്ന് പേരുവിവരം സഹിതം വ്യക്തമാക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് പെൻഷനും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇവരുടെ അപേക്ഷകളിൽ നടപടിയെടുക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

1. ശ്രീ. അനിൽകുമാർ R - സീനിയർ ക്ലാർക്ക് (വിജിലൻസ് കേസ് നിലനിൽക്കുന്നു. (SB, PB, NLC/LC എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല).

2. ശ്രീ. കെസി H.R. - സീനിയർ ക്ലർക്ക് (നഗരസഭയിലെ ബാധ്യത തീർപ്പാക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാൽ മതിയെന്ന് ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (SB, PB, NLC/LC എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി നഗരസഭയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല).

3. ശ്രീമതി പദ്മജാദേവി എ.വി - റവന്യൂ ഇൻസ്പെക്ടർ (നഗരസഭയിൽ നിന്നും SB, PB എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കിയിട്ടില്ല NLC/LC,LPC

എന്നിവയും ലഭ്യമാക്കിയിട്ടില്ല).

4. ശ്രീ. ജയ് പ്രേം ജെ. - ഡ്രൈവർ (നഗരസഭയിൽ നിന്നും SB, PB എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കിയിട്ടില്ല NLC/LC,LPC എന്നിവയും ലഭ്യമാക്കിയിട്ടില്ല).

5. ശ്രീ. അരുൺകുമാർ എസ്. (ഫാമിലി പെൻഷൻ) - റവന്യൂ ഇൻസ്പെക്ടർ (ജീവനക്കാരന്റെ മരണസർട്ടിഫിക്കറ്റ്, മറ്റനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല)

6. ശ്രീ. മധുസൂദനൻ - റവന്യൂ ഇൻസ്പെക്ടർ (പെൻഷൻ ബുക്ക് രേഖപ്പെടുത്തലുകൾ നടത്തി ലഭ്യമാക്കിയിട്ടില്ല. NLC/LC,LPC എന്നിവയും ലഭ്യമാക്കിയിട്ടില്ല).

(ഇ) പെൻഷൻ ലഭിക്കാത്തവരുടെ പെൻഷൻ പേപ്പറുകൾ തിരുവനന്തപുരം നഗരസഭയിലെ ഓരോ സീറ്റിലും എത്ര ദിവസം വരെ പെന്റിംഗ് ആയിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതോടൊപ്പം സമർപ്പിച്ച അപേക്ഷകളിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ച അപേക്ഷകളുമായി താരതമ്യം ചെയ്ത് വിശദീകരണം നൽകാമോ?

വിവരം ശേഖരിച്ചുവരുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്

360(2444) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭയിലും മറ്റ് 6 ഗ്രാമപഞ്ചായത്തുകളിലും (പൂതക്കുളം, ചിറക്കര, കല്ലുവാതുക്കൽ, ചാത്തന്നൂർ, ആദിച്ചനല്ലൂർ,

പൂയപ്പള്ളി) 2023-24, 2024-25 എന്നീ സാമ്പത്തികവർഷങ്ങളിലും 2025-26 സാമ്പത്തികവർഷം നാളിതുവരെയും അനുവദിച്ച പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഫണ്ടുകൾ എന്നിവയുടെ വിവരങ്ങൾ വർഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവ തിരിച്ച് അറിയിക്കാമോ?

ഉത്തരം അനുബന്ധമായി + ചേർത്തിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ കണ്ടിൻജന്റ് ജീവനക്കാരെ സംബന്ധിച്ച കരട് വിശേഷാൽ ചട്ടം

361(2445) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ എത്ര പേരാണ് കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ 6608 പേരാണ് കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നത്.

(ബി) കണ്ടിൻജന്റ് ജീവനക്കാരെ സംബന്ധിച്ച മുൻ കരട് വിശേഷാൽ ചട്ടം റദ്ദാക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

കണ്ടിൻജന്റ് ജീവനക്കാർക്കായി പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ കരട് വിശേഷാൽ ചട്ടങ്ങളിൽ ചില ന്യൂനതകൾ ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന് 14-08-2025-ലെ സ.ഉ.(സാധാ) നം. 2022/2025/തസ്വഭവ ഉത്തരവ് പ്രകാരം കണ്ടിൻജന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരുടെ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) -നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) പുതിയ കരട് ചട്ടം തയ്യാറാക്കുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള ചെലവ് ഏത് ഫണ്ടിൽ നിന്നാണ് അനുവദിക്കാനിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD)-നെ ചുമതലപ്പെടുത്തിക്കൊണ്ടും ആയതിനുള്ള ചെലവുകൾക്കായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ Capacity Building Fund-ൽ നിന്നും തുക അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും 14-08-2025-ലെ സ.ഉ.(സാധാ) നം. 2022/2025/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) റദ്ദാക്കിയ കരട് ചട്ടം പ്രകാരം കണ്ടിൻജന്റ് ജീവനക്കാരെ എത്ര കാറ്റഗറികളിലായി തരംതിരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; ആയതിൽ കാറ്റഗറി-1 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച കരട് വിശേഷാൽ ചട്ടങ്ങളിൽ കണ്ടിൻജന്റ് ജീവനക്കാരെ 3 കാറ്റഗറികളിലായി തരംതിരിച്ചിരുന്നു. ആയതിൽ കണ്ടിൻജന്റ് ജീവനക്കാർക്കായുള്ള Category 1 -ൽ Full time sweeper, Full time Nursery Teacher, Full time ferry man, Full time contingent worker, Full time Librarian, Full time Scavenger എന്നീ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) കരട് ചട്ടം അംഗീകരിക്കപ്പെട്ടാൽ കണ്ടിൻജന്റ് ജീവനക്കാർക്ക് ലഭിക്കാവുന്ന

പ്രധാന ഘണം എന്താണെന്ന് അറിയിക്കുമോ?

ഏകീകൃത വകുപ്പ് നിലവിൽ വരുന്നതിന് മുമ്പ് ഓരോ വകുപ്പിലും പ്രത്യേക തരത്തിലാണ് കണ്ടിൻജന്റ് ജീവനക്കാരുടെ സർവീസ് കാര്യങ്ങൾ നടത്തിയിരുന്നത്. കരട് ചട്ടം അംഗീകരിക്കുക വഴി ഏകീകൃത വകുപ്പിൽ ഇതിന് പൊതു രീതി കൈവരികയും അത് വഴി ഓരോ കണ്ടിൻജന്റ് ജീവനക്കാരന്റെയും അർഹമായ സർവ്വീസ് ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് കഴിയുന്നതുമാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

362(2446) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി, വിശദാംശം സഹിതം അറിയിക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി [+] ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2025 ഡിസംബർ 31-നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവല്ല സബ്ട്രഷറിക്ക് സ്ഥലം വിട്ടുനൽകൽ

363(2447) ശ്രീ മാത്യു ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിൽ പുതിയ ട്രഷറി പണിയുന്നതിന് സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് തിരുവല്ല നഗരസഭ എത്ര തവണ തീരുമാനം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏറ്റവും പുതിയ തീരുമാനം എന്താണെന്ന് അറിയിക്കുമോ?

തിരുവല്ല സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് 10-05-2018, 30-07-2019, 11-11-2021, 29-07-2022, 24-07-2024, 27-09-2024 എന്നീ തീയതികളിൽ തിരുവല്ല നഗരസഭ തീരുമാനം എടുത്തിട്ടുള്ളതാണ്. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് 04-11-2024-ൽ ഭരണസമിതി യോഗം ചേർന്നിരുന്നു. എന്നാൽ ടി യോഗത്തിലെ മിനുട്സ് ചെയർപേഴ്സൺ അംഗീകരിച്ചിട്ടില്ല. 27-09-2024-ലെ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ 2024 നവംബറിൽ കൂടിയ കൗൺസിൽ യോഗത്തിലെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നഗരസഭാ സെക്രട്ടറി ഇതു സംബന്ധിച്ച് തയ്യാറാക്കിയ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) 04-11-2024 തീയതിയിൽ കൗൺസിൽ യോഗം ചേർന്നിരുന്നുവെങ്കിലും മിനുട്സ് ചെയർപേഴ്സൺ അംഗീകരിച്ചിട്ടില്ല. ആയതിനാൽ മിനുട്സിന്റെ പകർപ്പ് ലഭ്യമല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രൊമോഷൻ

364(2448)ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവീസിലുൾപ്പെട്ട ഏതൊക്കെ വകുപ്പുകളിലുള്ള ജീവനക്കാർക്കാണ് തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ടുള്ള പ്രൊമോഷനോ/ബൈട്രാൻസ്ഫർ പ്രൊമോഷനോ അർഹത ഉള്ളതെന്ന് റേഷ്യോ സഹിതം വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം Secretary, Local Self Government Institutions കാറ്റഗറിയിൽ ഉൾപ്പെടുന്ന തസ്തികകൾ ചുവടെ ചേർക്കുന്നവയാണ്.

Grama Panchayat Secretary/Block Panchayat Secretary/Municipal Secretary Grade III/ Senior Superintendent/Revenue Officer Grade I/ Accounts Officer, Local Self Government Institutions/Council Secretary, Local Self Government Institutions/Deputy Municipal Secretary/Deputy Corporation Secretary.

ടി തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ Rule 5 Group I

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

General Wing Sl No. 5-ന ചുവടെയുള്ള Note 2 പ്രകാരം നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ അവസാനത്തെ ജീവനക്കാരനും സെക്രട്ടറി, LSGI തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ വകുപ്പിൽ നിലവിലുണ്ടായിരുന്ന അനുപാതം തുടരുന്നതാണ്. ആയത് പ്രകാരം മുൻപഞ്ചായത്ത് വകുപ്പിൽ നേരിട്ടുള്ള നിയമനം 220 തസ്തികകളിലേയ്ക്കും മുൻ ഗ്രാമവികസന വകുപ്പിൽ നേരിട്ടുള്ള നിയമനവും ബൈ ട്രാൻസ്ഫർ നിയമനവും 40:60 അനുപാതത്തിലും മുൻ നഗരകാര്യ വകുപ്പിലെ മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റ് നിയമനവും 4:3:1 എന്ന അനുപാതത്തിലും നടത്തിവരുന്നു.

(ബി) തദ്ദേശ പൊതുസർവീസ് രൂപീകരിച്ചതിനുശേഷം മേൽ പ്രകാരം ഓരോ വകുപ്പിൽ നിന്നും എത്ര പേർക്ക് പ്രൊമോഷനോ/ബൈ ട്രാൻസ്ഫർ പ്രൊമോഷനോ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തദ്ദേശ പൊതുസർവ്വീസ് രൂപീകരിച്ചതിന് ശേഷം ഓരോ വകുപ്പിൽ നിന്നും പ്രൊമോഷൻ/ബൈ ട്രാൻസ്ഫർ പ്രൊമോഷൻ അനുവദിച്ചിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

വകുപ്പ്	**പ്രമോഷൻ/ബൈ ട്രാൻസ്ഫർ പ്രമോഷൻ**
മുൻ പഞ്ചായത്ത് വകുപ്പ്	207
മുൻ ഗ്രാമവികസന വകുപ്പ്	69
മുൻ നഗരകാര്യ വകുപ്പ്	3
മുൻ മുനിസിപ്പൽ കോമൺ സർവ്വീസ്	25
മുൻ നഗര ഗ്രാമാസൂത്രണ വകുപ്പ്	1

(സി) തദ്ദേശ പൊതുസർവീസിൽ ഉൾപ്പെട്ട മുനിസിപ്പൽ കോമൺസർവീസ്, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നും എത്ര പേർക്ക് തദ്ദേശസ്ഥാപന സെക്രട്ടറിമാരായി പ്രൊമോഷനോ/ബൈട്രാൻസ്ഫർ പ്രൊമോഷനോ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തദ്ദേശ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ 25 പേർക്കും മുൻ നഗരകാര്യ വകുപ്പിലെ ഒരാൾക്കും പ്രൊമോഷൻ/ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) മുനിസിപ്പൽ കോമൺ സർവീസ്, അർബൻ അഫയേഴ്സ് വകുപ്പ് എന്നിവയിൽ നിന്ന് പ്രൊമോഷനോ/ബൈട്രാൻസ്ഫർ പ്രൊമോഷനോ ആയി നികത്താനുള്ള തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിൽ നിന്നും നാല് ഒഴിവുകൾ നികത്താനുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഓഫീസുകളിലെ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം നടപ്പാക്കാൻ നടപടി

365(2449) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ നന്തൻകോട് സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പേപ്പർ വേസ്റ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് മുതലായ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് സെക്ഷനുകളിൽ വെവ്വേറെ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി അജൈവ മാലിന്യങ്ങൾ, ഇ-മാലിന്യം, പേപ്പർ വേസ്റ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. ടോയ്ലെറ്റുകളിൽ നിന്നുള്ള ദ്രവ മാലിന്യം സംസ്കരണത്തിനായി സീവർ ലൈൻ മുഖേന മുട്ടത്തറ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് എത്തിക്കുന്നു. സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിന് ടോയ്ലെറ്റുകളിൽ സാനിറ്ററി നാപ്കിൻ ഡിസ്പോയറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ജൈവ മാലിന്യ സംസ്ക്കരണത്തിനായുള്ള തുമ്പൂർമുഴി പ്ലാന്റും പ്രവർത്തനക്ഷമമാക്കുന്നതാണ്.

(ബി) പ്രസ്തുത കാര്യാലയത്തിൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ഇല്ലാത്തതിനാൽ ജീവനക്കാർ ഉച്ചയൂണിന് ശേഷം ആഹാര അവശിഷ്ടങ്ങൾ തിരിച്ചു വീട്ടിലേക്ക് കൊണ്ടുപോകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച് സർക്കാരിന്റെ മുന്നിൽ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. അതിന്റെ

ഭാഗമായി ജൈവ മാലിന്യ സംസ്ക്കരണത്തിനായുള്ള തുമ്പൂർമുഴി പ്ലാന്റും മാറ്റി സ്ഥാപിക്കേണ്ടി വരികയും നവീകരണ പ്രവർത്തനങ്ങൾക്ക് ശേഷം പ്രവർത്തനക്ഷമമാക്കുന്നതുമാണ്. ആയത് പൂർത്തിയാകുന്നതുവരെ ജൈവ മാലിന്യം അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സിസ്റ്റമാറ്റിക് ആയിട്ടുള്ള വേസ്റ്റ് മാനേജ്മെന്റ് ഇല്ലാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ തെരുവ് നായകളുടെ ശല്യം അമിതമായി വർധിച്ചുവരുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നായ ശല്യം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

തെരുവ് നായയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരം കോർപ്പറേഷനിൽ അറിയിക്കുകയും നഗരസഭ ആധികൃതർ തെരുവ് നായ്ക്കളെ എ.ബി.സി. സെന്ററുകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. നിലവിൽ തെരുവുനായ്ക്കളുടെ സാന്നിധ്യം ആഫീസ് കോമ്പൗണ്ടിൽ ഇല്ലാത്തതാണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ സ്ഥലപരിമിതിമൂലം വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം സമഗ്രമായി നടപ്പിലാക്കുന്നതിനോ മറ്റു വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനോ നിർവാഹമില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ 15 വർഷം പൂർത്തിയായ വാഹനങ്ങൾ സ്ക്രാപ് ആയി ലേലം ചെയ്യുന്നതിന് പൊതുമരാമത്ത്

മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്യുവേഷൻ രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ടി വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം സമഗ്രമായി നടപ്പിലാക്കാനുള്ള നയം ആവിഷ്കരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

- മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനായി 04-05-2018-ലെ 176/ഡി.സി1/18/തസ്വഭവ നം. സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.
- കൂടാതെ സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രീൻ ഓഫീസ് സർട്ടിഫിക്കേഷനും ഗ്രേഡും നൽകുന്നതിന്റെ ഭാഗമായി ഹരിത ഓഡിറ്റ് നടത്തുന്നതിനുള്ള മാർഗ്ഗരേഖ 18-12-2020-ലെ GO(Rt)No.2343/2020/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.
- മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ ശാസ്ത്രീയമായ രീതിയിൽ നിർമാർജ്ജനം ചെയ്യുന്നതിനായി 03-05-2023-ലെ സ.ഉ(സാധാ) നം 966/2023/LSGD പ്രകാരം വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(എഫ്) സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ

ശാസ്ത്രീയമായ രീതിയിൽ കൃത്യമായി നിർമാർജ്ജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൃത്യമായ പരിശോധനകൾ നടത്തി വൃത്തിയുള്ള ഓഫീസ് അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നായ ശല്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സത്വര നടപടിക്ക് തയ്യാറാകുമോ; വിശദമാക്കുമോ?

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ ശാസ്ത്രീയമായ രീതിയിൽ നിർമാർജ്ജനം ചെയ്യുന്നതിനായി 03-05-2023-ലെ സ.ഉ(സാധാ) നം 966/2023/LSGD പ്രകാരം വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നോഡൽ ഓഫീസറെ നിയോഗിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവർ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഓഫീസിന്റെ പരിസരങ്ങളിൽ നായശല്യം ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

പുളിക്കൽ പഞ്ചായത്തിലെ അന്തിയൂർ കുന്നിൽ മാലിന്യം തള്ളിയതിനെതിരെ നടപടി

366(2450) ശ്രീ. ടി. വി. ഇബ്രാഹിം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിലെ അന്തിയൂർ കുന്നിൽ ആശുപത്രി മാലിന്യം തള്ളിയ സംഭവത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും പഞ്ചായത്തും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ലോഡ് മാലിന്യമാണ് തള്ളിയതെന്നും ഇതിലെ പ്രതികളുടെ പേരിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

(എ&ബി) ഏകദേശം 20-ൽ കൂടുതൽ ലോഡ് മാലിന്യമാണ് തള്ളിയിട്ടുള്ളത്.

ക്വാറി ഉടമക്ക് 50,000/- രൂപ, മാലിന്യം തള്ളിയ ഏജൻസിക്ക് 1,00,000/- രൂപ, ലോറി ഉടമയ്ക്ക് 50,000/- രൂപ എന്ന നിരക്കിൽ പഞ്ചായത്ത് പിഴ ചുമത്തുകയും ഇവർക്കെതിരെ പോലീസിൽ പരാതി നൽകുകയും ചെയ്തു. മാലിന്യം തള്ളിയ ലോറി ഉടമയെകൊണ്ട് 5 ലോഡ് മാലിന്യം നീക്കം ചെയ്യിച്ചു. ഒരു ലോഡ്, സബ് ഏജൻസിയായി പ്രവർത്തിച്ച ശ്രീ. ഹസീബുദ്ദീൻ എന്നയാളെക്കൊണ്ട് നീക്കം ചെയ്യിച്ചു. 4 ലോഡ് മാലിന്യം പഞ്ചായത്ത് നീക്കം ചെയ്തു. വേസ്റ്റ് തള്ളുന്നതിനായി ഉപയോഗിച്ച KL 85 C 4763 നമ്പർ ജെ.സി.ബി. പിടിച്ചെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത മാലിന്യം നീക്കം ചെയ്ത്, അതിന്റെ ചെലവ് പ്രതികളിൽനിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത മാലിന്യം നീക്കം ചെയ്ത് ആയതിന്റെ ചെലവ് മാലിന്യം തള്ളിയവരിൽ നിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത്, ക്വാറി ഉടമക്ക് 50,000/-, മാലിന്യം തള്ളിയ ഏജൻസിക്ക് 1,00,000/-

രൂപയും ലോറി ഉടമയ്ക്ക് 50,000/- രൂപയും പിഴ ചുമത്തുകയും ഇവർക്കെതിരെ പോലീസിൽ പരാതി നൽകുകയും ചെയ്തു.

(ഡി) ഈ മാലിന്യം അവിടെ നിന്നും പൂർണ്ണമായും മാറ്റുന്നതിന് എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഒരു വർഷത്തോളമായി ക്വാറി ഉടമകളുടെ അറിവോടെ മാലിന്യം തള്ളി വരുന്നുണ്ട്. മണ്ണ് കലർന്ന ഈ മാലിന്യം സിമന്റ് കമ്പനിക്കാർ സ്വീകരിക്കാൻ വിസമ്മതിച്ചതിനാൽ തുടർന്നുള്ള മാലിന്യ നീക്കം സ്തംഭനാവസ്ഥയിലാണ്. എന്നിരുന്നാൽകൂടി നടപ്പ് വർഷംതന്നെ മാലിന്യം പൂർണ്ണമായും നീക്കം ചെയ്യുന്നതിനുവേണ്ട നടപടി പഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

ഇടവ സ്റ്റേഡിയം റോഡിന് വീതി വർധിപ്പിക്കുന്ന നടപടി

367(2451) ശ്രീ. വി. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഇടവ സ്റ്റേഡിയം റോഡിന് വീതി വർധിപ്പിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നിർമ്മാണത്തിലിരിക്കുന്ന ഇടവ സ്റ്റേഡിയത്തിന്റെ ഫയർ പ്ലാനിലും ബിൽഡിംഗ് പ്ലാനിലും നിർദിഷ്ട 6 മീറ്റർ വീതിയുള്ള റോഡ് നിർമ്മാണമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആയതിന് ജലസേചന വകുപ്പിന്റെ ആസ്തിയിലുള്ള ചന്ദ്രനല്ലൂർ കനാലിന് മുകളിൽക്കൂടി റോഡ് നിർമ്മിക്കുന്നതിന് ഇരുവശമുള്ള സ്ഥലം ഉടമകളെ കണ്ടെത്തുകയും 01-09-2025-ന് യോഗം

വിളിച്ചു ചേർക്കുകയും ചെയ്യ. പ്രസ്തുത നിർമ്മാണത്തിനായി ഈ റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ച് തരണമെന്ന് ആവശ്യപ്പെട്ട് 09-09-2025-ന് വർക്കല ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിന് കത്ത് നൽകിയിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കൽ പ്രക്രിയ അന്തിമ ഘട്ടത്തിലാണ്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 (RFCTLARR Act - 2013)-ലെ വ്യവസ്ഥകൾക്കു വിധേയമായി ഫോം നമ്പർ 2-ൽ അർത്ഥന, പദ്ധതി പ്രദേശത്തിന്റെ കല്ല് നാട്ടിയുള്ള അലൈൻമെന്റ് സ്കെച്ച്, ഏരിയ ലിസ്റ്റ്, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള ഭരണാനുമതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പൊന്നുംവില ഓഫീസറായി ഡെപ്യൂട്ടി കളക്ടർ (എൽ.എ.) അല്ലെങ്കിൽ ബന്ധപ്പെട്ട സബ് ആഫീസുകളിലെ സ്പെഷ്യൽ തഹസിൽദാർമാരെയോ ജില്ലാ കളക്ടർ ചുതലപ്പെടുത്തുന്നു. തുടർന്ന്, നിർദിഷ്ട പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്. ഭൂമിയുടെ വാല്യുവേഷൻ നടപടികൾക്കായി വാല്യുവേഷൻ അസിസ്റ്റന്റ്, റവന്യൂ ഇൻസ്പെക്ടർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരുടെയും ഭൂമി സർവ്വേ ചെയ്ത നൽകുന്നതിന് സർവേയറുടെയും ഏറ്റെടുക്കുന്ന ഭൂമിയുടെ സർവേ സ്കെച്ച് അപ്രൂവ് ചെയ്ത നൽകുന്നതിന് ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ സേവനവും ആവശ്യമായി വരുന്നതാണ്. കൂടാതെ, ജില്ലാ കളക്ടർ നൽകുന്ന ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ,

പുന:സ്ഥാപന പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് ഉത്തരവാകുന്നു. ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ മേൽപ രാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്.

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ?

ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

പുതുപ്പാടി പഞ്ചായത്തിലെ കെട്ടിടങ്ങൾക്കുള്ള നിർമ്മാണാനുമതി

368(2452) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ദേശീയപാത വീതി കൂട്ടുന്നതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റും, കെട്ടിട നമ്പറും അനുവദിക്കുന്നതിന് നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർവീസ് റോഡുകളില്ലാത്ത ദേശീയപാതയിലേക്ക് നേരിട്ട് പ്രവേശനമുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് നിലവിൽ നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് സർക്കാർ നിലവിൽ പരിശോധിച്ച് വരുന്ന ഫയലിന്മേൽ (RA1/499/2024/LSGD) സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന്

വിശദമാക്കാമോ?

(ബി&സി) National Highway Authority of India (NHAI)-യുടെ അധികാരപരിധിയിലുള്ള ദേശീയപാതയിലേക്ക് (സർവീസ് റോഡ് ഉൾപ്പെടെ) പ്രവേശനമുള്ള ഏതെങ്കിലും പുതിയ ഘടനകൾ/കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുമ്പ്, 2002-ലെ നാഷണൽ ഹൈവേസ് കൺട്രോൾ (ലാൻഡ് & ട്രാഫിക്) ആക്ട് അനുസരിച്ച് NHAI-യിൽ നിന്ന് Access permission ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നിർദേശം നൽകണമെന്നും, NHAI യിൽ നിന്നുമുള്ള Access permission നിർബന്ധമാക്കുന്നതിന്, 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളിലെ സെക്ഷൻ 5(4)-ൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനും NHAI കേരള മേഖല ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന്മേൽ ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ആർഎ 1/499/2024-തസ്വഭവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.

കുറുവ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ

369(2453) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം (അൺടൈഡ് ഫണ്ട്) ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്നും പ്രവൃത്തിയുടെ പേരും തുകയും വാർഡ്

അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത വർഷത്തെ പദ്ധതികളിൽ നിന്നും കുറവ ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും വാർഡുകൾ ഉൾപ്പെടാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വാർഡുകളാണ് ഉൾപ്പെടാത്തതെന്നും ഉൾപ്പെടാതിരിക്കാനുള്ള കാരണവും വ്യക്തമാക്കാമോ?

പ്രസ്തുത ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം (അൺടൈഡ് ഫണ്ട്) പ്രവൃത്തികളിൽ വാർഡ് നം. 5 ഉൾപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച് തീരുമാനമെടുക്കുന്നത് അതത് സ്ഥാപനങ്ങളാണ്.

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

370(2454) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ നിർവഹണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

ചെമ്മനാട് പഞ്ചായത്തിൽ ലൈഫ് ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി

371(2455) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മനാട് പഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന ലൈഫ് ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ചെമ്മനാട് പഞ്ചായത്തിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 95% പൂർത്തീകരിച്ചു. കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഫ്ലാറ്റ് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

2025 നവംബർ മാസത്തോടെ ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഫ്ലാറ്റിന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം പാലിച്ച് ഫ്ലാറ്റിൽ പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം ഫ്ലാറ്റിൽ പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ച് നൽകുന്നതാണ്.

കെട്ടിട നമ്പർ നൽകുന്നതിന് നടപടി

372(2456)ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മരിയാപുരം ഗ്രാമ പഞ്ചായത്തിൽ കെട്ടിടം നിർമ്മിച്ച് പത്ത് കൊല്ലം കഴിഞ്ഞിട്ടും കെട്ടിട നമ്പർ നൽകാത്തതുമൂലം കെട്ടിട ഉടമ ശ്രീ. ജോസഫ് എം. കെ. നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കെട്ടിട നമ്പർ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ചുമാത്രം നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷ നൽകി നിരവധി പ്രാവശ്യം പഞ്ചായത്തിൽ ചെന്നിട്ടും ഉടമയെ അപമാനിച്ചു വിടുന്ന സാഹചര്യം ഉണ്ടായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ശക്തമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാരിന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രീ ജോസഫ് എം. കെ-യ്ക്ക് ഒക്കുപ്പൻസി (കെട്ടിടനമ്പർ) ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ജോസഫ് എം.കെ 03.07.2025 തീയതിയായി സർക്കാരിൽ നൽകിയ പരാതി 21-07-2025-ന് ഡോക്കറ്റ് നം. BPI DK 30604000023 ആയി തദ്ദേശസ്വയംഭരണ വകുപ്പിലെ സ്ഥിരം അദാലത്ത് സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി

നൽകിയിട്ടുള്ളതാണ്. പ്രസ്തുത പരാതി 29-09-2025-ലെ ഉപജില്ല അദാലത്ത് സമിതി യോഗത്തിൽ പരിശോധിച്ചിരുന്നു.

മരിയാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, അപേക്ഷകനായ ശ്രീ. ജോസഫ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ അദാലത്ത് സമിതി സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ മുന്നിലൂടെയുള്ള ഉപ്പുതോട്-പ്രകാശ് PWD റോഡിൽ, ടി കെട്ടിട നിർമ്മാണം നടക്കുന്നതിനിടയിൽ നവീകരണം നടത്തിയിട്ടുണ്ടെന്നും ടി കെട്ടിടം നിലനിൽക്കുന്ന പ്ലോട്ടിലെ മുൻ ഭാഗത്തെ മണ്ണ് റോഡ് ലെവലിൽ താഴ്ത്തിയിട്ടുള്ളതായും പ്ലോട്ട് അളവ് പരിശോധിച്ചതിൽ പെർമിറ്റ് നൽകുന്ന സമയത്ത് മാർക്ക് ചെയ്തിരുന്ന സ്ഥലത്ത് നിന്നും മുൻഭാഗത്ത് PWD റോഡിന്റെ ഭാഗത്തേക്ക് വലിച്ചാണ് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുള്ളതെന്നും കണ്ടതിനെത്തുടർന്ന് ബന്ധപ്പെട്ട PWD അസിസ്റ്റന്റ് എഞ്ചിനീയറെ ഫോണിൽ കേട്ടതിൽ ടി റോഡിന്റെ അതിര് PWD-യ്ക്ക് നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും റോഡിന് 8 മീറ്റർ വീതിയുള്ളതാണെന്നും അറയിച്ചിട്ടുള്ളതാണ്. അപേക്ഷകൻ പെർമിറ്റിൽ നിന്ന് വ്യതിയാനം വരുത്തിയാണ് നിലവിലുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്ന് പ്രഥമ പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാലും മുന്നിലൂടെയുള്ള ഉപ്പുതോട്-പ്രകാശ് റോഡിനോട് ചേർന്നുള്ള അതിര് നിർണ്ണയിക്കാൻ കഴിയാത്തതിനാലും അപേക്ഷകനായ ശ്രീ. ജോസഫിന്റെ പ്ലോട്ടിന്റെ സർവ്വെ സ്കെച്ച് താലൂക്ക് സർവ്വെയറിൽ നിന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമയബന്ധിതമായി ലഭ്യമാക്കുന്നതിന് അദാലത്ത് സമിതി നിർദ്ദേശം നൽകിയിട്ടുള്ളതും ഇപ്രകാരം ലഭ്യമാക്കുന്ന സർവ്വെ സ്കെച്ച് പരിശാധിച്ച്

അദാലത്ത് സമിതി ടി അപേക്ഷയിൽ അന്തിമതീരുമാനം എടുക്കുന്നതാണെന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതുമാണ്.

കെട്ടിട ഉടമയെ പഞ്ചായത്തിൽ നിന്ന് അപമാനിച്ചു വിടുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാരിന്റെ ഉത്തരവുകൾ അനുസരിക്കാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന് വർഷങ്ങളായി നമ്പർ ലഭിക്കാത്തതുമൂലം ജീർണ്ണാവസ്ഥയിൽ ആകുന്നത് പരിഹരിക്കുവാൻ കെട്ടിട നമ്പർ നൽകുന്നതിൽ ഗുരുതര പിഴവ് വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഈ കെട്ടിടത്തിന് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി-ഇ) മരിയാപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് 14/11/2013 തീയതിയിൽ ശ്രീ. ജോസഫ് എം.കെ.-യ്ക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ലഭിക്കുന്നതിന് ടിയാൻ 22-03-2023-ലാണ്

അപേക്ഷ നൽകിയിരുന്നത്. ടി അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തിയപ്പോൾ, നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ മുൻവശത്തുടി കടന്നുപോകുന്ന ഉപ്പുതോട്-പ്രകാശ് റോഡിന്റെ വീതിക്കുട്ടൽ പ്രവർത്തനങ്ങൾ നടത്തിയതുമൂലം റോഡും പുരയിടവും തമ്മിലുള്ള അതിര് കൃത്യമായി മനസ്സിലാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കഴിയാത്തതുമൂലമാണ് ഒക്കുപ്പൻസി നൽകുവാൻ പഞ്ചായത്തിന് കഴിയാതിരുന്നത്. തുടർന്ന് അതിർത്തി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്ന് ഉപ്പുതോട് വില്ലേജ് ഓഫീസറുമായും പിഡബ്ല്യൂഡി (നിരത്ത് വിഭാഗം) അസി. എഞ്ചിനീയറുമായും താലൂക്ക് സർവ്വേയറുമായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇതുസംബന്ധിച്ച് ശ്രീ. ജോസഫ് നൽകിയ പരാതികളുടെ കോപ്പിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ?

ശ്രീ. ജോസഫ് എം.കെ. 03-07-2025 തീയതിയായി സർക്കാരിൽ നൽകിയ പരാതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു[+].

മരിയാപുരം ഗ്രാമപഞ്ചായത്തിൽ നിന്നു 24-11-2013-ൽ ശ്രീ. ജോസഫ് എം. കെ., മേക്കാലയിൽ എന്നയാൾക്ക് അനുവദിച്ചിട്ടുള്ള എ 4-3246/14(68/14) നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് ടിയാൻ 22-03-2023 തീയതി അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തിയപ്പോൾ, നിർമ്മാണം പൂർത്തീകരിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെടിടത്തിന്റെ മുൻവശത്തുകൂടി കടന്നുപോകുന്ന ഉപ്പുതോട്-പ്രകാശ് റോഡും പുരയിടവും തമ്മിലുള്ള അതിര് കൃത്യമായി മനസിലാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കഴിയാത്തതുമൂലം ഒക്കുപ്പൻസി നൽകുവാൻ കഴിഞ്ഞിരുന്നില്ല. റോഡും പുരയിടവും തമ്മിലുള്ള അതിർത്തി നിശ്ചയിച്ച് നൽകുന്നതിന് പഞ്ചായത്തിൽ നിന്ന് ഉപ്പുതോട് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും ഉപ്പുതോട്-പ്രകാശ് റോഡിന്റെ വീതികൂട്ടൽ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥലം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ, അതിർത്തിയിൽ വ്യത്യാസം വന്നിട്ടുണ്ടോ എന്നീ വിവരങ്ങൾ പ്രസ്തുത ഓഫീസിൽ ലഭ്യമല്ലെന്നും ടി വിവരങ്ങൾ പൊതുമരാമത്ത് വകുപ്പാണ് ലഭ്യമാക്കേണ്ടതെന്നും, റോഡും പുരയിടവും തമ്മിലുള്ള അതിര് താലൂക്ക് സർവ്വേയർ മുഖാന്തരമേ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളുവെന്നും 04-03-2025 തീയതിയിൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. തുടർന്ന് പി.ഡബ്ല്യു.ഡി. (നിരത്ത് വിഭാഗം) അസി. എഞ്ചിനീയർക്ക് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയതിൽ പരാതിക്കാരന്റെ പുരയിടവും പി.ഡബ്ല്യു.ഡി. റോഡും തമ്മിലുള്ള അതിര് കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ലെന്നും, റോഡിന്റെ അതിർത്തി സംബന്ധിച്ച് രേഖകൾ ഒന്നും തന്നെയില്ലെന്നും ആയത് ലഭ്യമാക്കുന്നതിന് താലൂക്ക് സർവ്വേയർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണെന്നും പി.ഡബ്ല്യു.ഡി. അസിസ്റ്റൻറ് എഞ്ചിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. തുടർന്ന് ടി റോഡും പുരയിടവും തമ്മിലുള്ള അതിര് അളന്ന് തിട്ടപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്ന് താലൂക്ക് സർവ്വേയർക്ക് കത്ത്

നൽകിയിട്ടുള്ളതാണ്. അതിര് തിട്ടപ്പെടുത്തുന്ന മുറയ്ക്ക് ടി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

പേരാമ്പ്രയിൽ പോളിടെക്നിക്കിന് സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച്

373(2457) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ അനുവദിച്ച പോളിടെക്നിക്കിന് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 5 ഏക്കർ സ്ഥലം കൈമാറുന്നതിന് സർക്കാർ അനുമതിക്കായി പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷ ലഭിച്ചിരുന്നോ;

(ബി) ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

(എ&ബി) ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ പുറക്കിലേരിമലയിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 5 ഏക്കർ ഭൂമി സർക്കാർ അംഗീകാരത്തോടെ പോളിടെക്നിക്കിനായി വിട്ട് നൽകാൻ 14-08-2025-ലെ 36(1)/25 തീരുമാന പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിന്റെ നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ?

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിന് വസ്തു ആർജ്ജിക്കുന്നതിനും കയ്യൊഴിക്കുന്നതിനാവശ്യമായ ചട്ടങ്ങൾ നിലവിലുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജ്ജിത ഭൂമിയുടെ കാര്യത്തിൽ റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞ് ഭൂമി വിട്ടൊഴിക്കൽ നടപടി പ്രകാരം തണ്ടപ്പേരിൽ കൂറവ് ചെയ്ത് പുറമ്പോക്കിലേയ്ക്ക് മാറ്റിയ ശേഷമാണ് സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുന്നത്.

പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ വാതക ശ്മശാനം

374(2458) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ആധുനിക വാതക ശ്മശാനം സ്ഥാപിക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇംപാക്ട് എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ പ്രസ്തുത പദ്ധതി ടെൻഡർ ചെയ്യുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ടെൻഡർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഡി.എസ്.ആർ. 2021 ഏപ്രിൽ മാസം മുതൽ നിലവിൽ വന്നതിനാൽ

എസ്റ്റിമേറ്റ്, PRICE 3-ൽ മാറ്റേണ്ടതുണ്ടായിരുന്നു. ആയതിനുള്ള ലോഗിൻ ഇംപാക്ട് കേരളയ്ക്ക് ലഭ്യമായത് 19-08-2025-നാണ്. അപ്രകാരം, പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ ആധുനിക വാതക ശ്മശാനം പദ്ധതിയുടെ PRICE 3-യിൽ മാറ്റിയ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയ്ക്കായി ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി പദ്ധതി ടെൻഡർ ചെയ്യുന്നതാണ്.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള റോഡുകൾ

375(2459) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കാലങ്ങളായി ഉപയോഗിച്ചുവരുന്നതും എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ റോഡുകൾ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ടതായ നടപടിക്രമം വിശദമാക്കാമോ?

1994-കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 2(35) പ്രകാരമുള്ള പൊതുവഴികളുടെ നിർവചനം, പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 169(1) (സി)-എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ ഗ്രാമീണ പാതകൾ, നിരത്തുകൾ, ഇടവഴികൾ എന്നിവയെല്ലാം സർക്കാർ വസ്തു അല്ലെങ്കിൽ സ്വകാര്യ വസ്തുവെന്ന വ്യത്യാസമില്ലാതെ പൊതുവഴിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പൊതുവഴികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്താവുന്നതാണ്.

(ബി) പഞ്ചായത്ത് ആസ്തി രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 02-08-2018-ൽ ജെ8-22652/2018 നമ്പർ സർക്കുലറും, ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് 08-11-2018-ൽ സി2-15471/18 നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. ആയവയുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി + ചേർത്തിരിക്കുന്നു.

(സി) വിവിധ കാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് പഞ്ചായത്ത് ആസ്തി രജിസ്റ്റർ പുതുക്കി പൊതുജനങ്ങൾ കാലങ്ങളായി ഉപയോഗിച്ചുവരുന്ന റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങളിൽ ആവശ്യമായ വ്യക്തത വരുത്തി ഒരു സർക്കുലർ പുറപ്പെടുവിക്കുന്നത് പരിഗണിക്കാമോ?

പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പ്രകാരമുള്ള മാർഗനിർദേശങ്ങൾ പൊതുവിൽ ഡിജിറ്റലായി വേഗത്തിൽ ലഭ്യമാണ് എന്നതിനാലും, ഡിജിറ്റലായി ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാലും; മാർഗനിർദേശങ്ങളിൽ പ്രത്യേകമായി ക്രോഡീകരിക്കേണ്ടതായിട്ടില്ല.

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഹോമിയോ, ആയുർവേദ ആശുപത്രി എന്ന പ്രോജക്ട്

376(2460) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഹോമിയോ, ആയുർവേദ ആശുപത്രി എന്ന പ്രോജക്ടിന് സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ഒരുകോടി രൂപ അനുവദിച്ചിരുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളായ ആയുർവേദ, ഹോമിയോ ആശുപത്രികൾക്കായി സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതാണ്. നിലവിലുള്ള ആയുർവേദ, ഹോമിയോ ഡിസ്പെൻസറി പൊളിച്ച് നീക്കിയാണ് പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കാനുള്ളത്. ഗ്രാമപഞ്ചായത്ത് പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള DPR തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർക്കും ആറ്റിങ്ങൽ നിയോജകമണ്ഡലം എം.എൽ.എ.-യ്ക്കും സമർപ്പിച്ചിരിക്കുയാണ്.

ജനനനിരക്ക് സംബന്ധിച്ച്

377(2461) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 വർഷം മുതൽ 2024 വർഷം വരെ ഓരോ വർഷവും ജനിച്ച കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

2021 വർഷം മുതൽ 2024 വർഷം വരെ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ

അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള ജനനങ്ങളുടെ എണ്ണം ഇതോടൊപ്പം അനുബന്ധമായി + ചേർത്തിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിനായി സ്ഥലം വാങ്ങൽ

378(2462) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചാലിക്കരയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിന് സ്ഥലം വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനായി പ്രത്യേക അനുമതിക്ക് പേരാമ്പ്ര, മേപ്പയൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ ലഭിച്ചിരുന്നോ;

(ബി) എന്നാണ് അപേക്ഷ ലഭിച്ചതെന്നും, അപേക്ഷയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(സി) ഈ ആവശ്യത്തിന് പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ ലഭിച്ചു; ലഭിച്ച അപേക്ഷയിൽ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

(എ-സി) കാലിക്കറ്റ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് പേരാമ്പ്ര, മേപ്പയൂർ ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ 30-12-2024-ന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിങ് സംവിധാനം

379(2463) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണനിലവാര പ്രശ്നങ്ങളും ജലക്ഷാമവും പരിഹരിക്കാൻ സാധിക്കുന്ന കിണർ റീചാർജിങ് പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത്, പൊതുവെ കുടിവെള്ള ആവശ്യങ്ങൾക്കായി ജനങ്ങൾ ആശ്രയിക്കുന്നത് തുറന്ന കിണറുകളെയാണ്. ആഴം കുറഞ്ഞ ജലസ്രോതസ്സുകളിൽ നിന്നാണ് ഇത്തരം കിണറുകളിൽ വെള്ളം എത്തുന്നത്. ജലക്ഷാമമുള്ള പ്രദേശങ്ങളിൽ, ഒരു പ്രദേശത്തെ എല്ലാ കിണറുകളും റീചാർജ് ചെയ്യുന്നത് ജലലഭ്യത വർധിപ്പിക്കുന്നതിനും ജലഗുണനിലവാരം ഉയർത്തുന്നതിനും സഹായകരമാണ്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് 10491 കിണറുകളിൽ റിചാർജിങ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

2025-26 സാമ്പത്തിക (15-09-2025 വരെ) വർഷം 2317 കിണർ റീചാർജിങ് പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തുകളിൽ വരുമാനപരിധി പരിഗണിക്കാതെയോ വരുമാനപരിധിയിൽ ഇളവുകൾ നൽകിയോ എല്ലാ ഭവനങ്ങളിലും കിണർ റീചാർജിങ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

വിശദമാക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പാർലമെന്റ് പാസാക്കിയ തൊഴിലുറപ്പ് നിയമം 2005, പദ്ധതിയുടെ ആനുവൽ മാസ്റ്റർ സർക്കുലർ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ - 1 ഖണ്ഡിക 5-ൽ പരാമർശിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ മുൻഗണന നിശ്ചയിച്ച് വരുന്നത്. ഇത് കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലും റീചാർജിങ് പ്രവർത്തനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മണമ്പൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

380(2464) ശ്രീമതി ഒ. എസ്. അംബിക : താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപ അനുവദിച്ചതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ ഭരണാനുമതി

ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി

381(2465) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പുത്തൂർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി റദ്ദാക്കി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ പുത്തൂർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തി റദ്ദാക്കിയും, പ്രസ്തുത പ്രവൃത്തിക്ക് പകരമായി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക എന്ന പ്രവൃത്തിയാക്കി ഭേദഗതി വരുത്തിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിൽ നിന്നും 23-10-2024-ലെ 2023/2024/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം അനുമതി നൽകിയ പ്രസ്തുത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 10-04-2025-ലെ കെ.എൻ.ആർ./136/2025-എഫ്2 നമ്പർ കത്തിന്മേൽ അഞ്ച് മാസമായിട്ടും തീരുമാനങ്ങളെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആയത് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ രീതിയിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ്, ചീഫ് എഞ്ചിനീയറുടെ കത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി

382(2466) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക വികസനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്ക് വ്യക്തമാക്കുമോ?

ഭരണഘടനയുടെ അനുച്ഛേദം 243 (ബി) പ്രകാരം മധ്യതല പഞ്ചായത്ത് സംവിധാനം കേരളത്തിൽ അനിവാര്യമായതിനാൽ, പ്രാദേശിക വികസനത്തിൽ നിർണ്ണായക പങ്ക്

വഹിക്കാൻ കഴിയുംവിധം ജില്ലാ പഞ്ചായത്തിനും ഗ്രാമപഞ്ചായത്തുകൾക്കും ഇടയിൽ അനുയോജ്യമായ ചുമതലകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിശ്ചയിച്ചു നൽകുക എന്ന സമീപനമാണ് കേരളം സ്വീകരിച്ചത്. അതനുസരിച്ച് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ (സെൻ കമ്മിറ്റിയുടെ) ശിപാർശ പ്രകാരം 1999-ൽ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 3, 4, 5 പട്ടികകൾ ഭേദഗതി ചെയ്ത് ത്രിതല പഞ്ചായത്തുകളുടെ ചുമതലകൾ പുനർനിർവചിച്ചിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക, ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക, ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ കണക്കിലെടുത്ത് ഫോർവേർഡ്, ബാക്ക് വേർഡ് ലിങ്കേജ് നൽകുക എന്നിവയിൽ ബ്ലോക്ക് പഞ്ചായത്തുകൾ പ്രധാന പങ്ക് വഹിക്കുന്നു. ഈ പൊതു ചുമതലകൾക്ക് അനുസൃതമായാണ് മേഖലാ ചുമതലകൾ നിശ്ചയിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന് പര്യാപ്തമാകുംവിധം പദ്ധതി ആസൂത്രണ മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലൂടെ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസക്തി വ്യക്തമാക്കുമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ നാലാം പട്ടികയിലെ പൊതു ചുമതലകളിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം സർക്കാരിതര സ്ഥാപനങ്ങളുടെ സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുകയും ഗ്രാമപഞ്ചായത്തുകളെയും ജില്ലാപഞ്ചായത്തിനെയും കോർത്തിണക്കി വലിയ

വികസന-ക്ഷേമ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് പ്രാദേശിക വികസനം ഉറപ്പ് വരുത്തുവാൻ കഴിയും എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസക്തി. ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് സംരംഭകത്വ വികസനത്തിനായി പ്രവർത്തിച്ചു വരുന്ന സംരംഭകത്വ തൊഴിൽ വികസന ഇൻഫർമേഷൻ സെന്റർ, ജോബ് സ്റ്റേഷൻ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കുള്ള സഹായ സംവിധാനമായ ബ്ലോക്ക് പഞ്ചായത്ത് റിസോഴ്സ് സെന്ററുകൾ, കുടുംബശ്രീയുടെ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ തുടങ്ങിയ സംവിധാനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസക്തി വെളിവാക്കുന്നവയാണ്.

(സി) ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസ്രോതസ്സ് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം കൈമാറുന്ന ഉപാധിരഹിത ഫണ്ടുകൾ [വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനുള്ള ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട്, ടെൻഡർ ഫോമുകൾ, നിരതദ്രവ്യം എന്നിവ ഉൾപ്പെടെയുള്ള സ്രോതസ്സുകളിൽ നിന്നുള്ള നികുതിയേതര വരുമാനം, ആസ്തികളിൽ നിന്നുള്ള വരുമാനം, 1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് പ്രകാരം എടുക്കുന്ന വായ്പ എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ മുഖ്യ ധന സ്രോതസ്സുകൾ.

(ഡി) 2020-25 കാലഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള മാതൃക പദ്ധതികൾ വിശദമാക്കുമോ?

സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും വികസനത്തിനുമുള്ള പ്രോജക്ടുകൾ, ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ, ഗ്രാമ പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത റോഡുകളുടെ മെച്ചപ്പെടുത്തൽ തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കിവരുന്ന പ്രോജക്ടുകളിൽ പ്രധാനപ്പെട്ടവയാണ്. ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി./യു.പി. സ്കൂളുകളുടെ പശ്ചാത്തല വികസന പ്രവൃത്തികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ അനുവാദത്തോടെ നിർവഹിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാധിക്കുന്നതാണ്.

(ഇ) ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ടി റിപ്പോർട്ടുകളുടെ പകർപ്പുകൾ നൽകുമോ?

വികേന്ദ്രീകൃതാസൂത്രണവും വികസനവും സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിനായി 2007-ൽ സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. എം.എ. ഉമ്മൻ കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. കമ്മിറ്റി 2009-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അധ്യായം 9 അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കാസർഗോഡ് നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം

383(2467) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബജറ്റിൽ ഉൾപ്പെടുത്തി അടങ്കൽ തുക പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര രൂപയുടെ അടങ്കൽ തുകയാണ് പ്രഖ്യാപിച്ചതെന്നും ഏതു വർഷത്തെ ബജറ്റിലാണ് പ്രഖ്യാപനം ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(സി) ബജറ്റിൽ ഉൾപ്പെടുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) കാസർഗോഡ് നഗരസഭ ഓഫീസ് കെട്ടിടനിർമ്മാണത്തിന് 2022-23 ബജറ്റിൽ ക്രമനമ്പർ 2401 ആയി പൊതുമരാമത്ത് വകുപ്പ് നിർവഹണ വകുപ്പായും, 300 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും, മൊത്തം അടങ്കലിന്റ 20% തുകയായ 60 ലക്ഷം വകയിരുത്തിയും പ്രഖ്യാപിച്ചിരുന്നു.

(ഡി) പദ്ധതി ഇതുവരെ യാഥാർഥ്യമായിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന്റെ കാലത്ത് സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി തുടങ്ങാൻ സാധിച്ചിട്ടില്ല.

നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന്റെ പെൻഷൻ

384(2468) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന് നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന നഗരസഭാ സ്റ്റേഷൻ മാറി മറ്റൊരു സ്റ്റേഷനിൽ നിന്നും (മുൻപ്

ജോലി ചെയ്ത സ്റ്റേഷൻ) പെൻഷൻ സ്വീകരിക്കുവാൻ സാധിക്കുന്നതാണോ; വിശദാംശം നൽകാമോ?

സാധിക്കും.

നിലവിൽ ഒരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വിരമിച്ച ജീവനക്കാരന് ടിയാൻ മറ്റൊരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനായി സാധുവായ കാരണം ബോധിപ്പിക്കുന്നപക്ഷം പെൻഷൻ മറ്റൊരു നഗരസഭയിലേയ്ക്ക് മാറ്റി അനുവദിക്കാവുന്നതാണ്.

(ബി) അങ്ങനെ സ്വീകരിക്കാൻ പറ്റുമെങ്കിൽ അപേക്ഷ നൽകേണ്ടതിന്റെ വിശദാംശം അറിയിക്കാമോ?

ഒരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷണർക്ക് മറ്റൊരു നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിനായി, ടിയാന്റെ പെൻഷൻ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ നിലവിൽ പെൻഷൻ വാങ്ങുന്ന നഗരസഭ സെക്രട്ടറിക്ക് നൽകേണ്ടതും, നഗരസഭ സെക്രട്ടറി ആവശ്യമായ രേഖപ്പെടുത്തൽ സഹിതം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ റോഡുകൾ

385(2469) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകളാണ് നവീകരിച്ചിട്ടുള്ളത്; പ്രസ്തുത റോഡുകളുടെ പേരും തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനംതിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനുദ്ദേശിക്കുന്ന പുതിയ റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനുദ്ദേശിക്കുന്നതും കേന്ദ്രസർക്കാരിൽ നിന്നും ഗ്രാമ സഡക് സർവ്വേക്ക് അംഗീകാരം ലഭിച്ചതുമായ റോഡുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം+ ആയി ചേർത്തിരിക്കുന്നു. ഗ്രാമ സഡക് സർവ്വേക്ക് അംഗീകാരം ലഭിച്ച 133 റോഡുകളിൽ 107 എണ്ണത്തിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (SLSC) അംഗീകാരമാണ് ഇനി ലഭിക്കാനുള്ളത്.

മുക്കിൽക്കട-ആനന്ദേശ്വരം റോഡ് റീ ടാറിംഗ്

386(2470) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിലുള്ള മുക്കിൽക്കട-ആനന്ദേശ്വരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡിന്റെ റീ-ടാറിംഗ് പൂർത്തിയായോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വാട്ടർ അതോറിറ്റി, സിറ്റി ഗ്യാസ് ലൈൻ പൈപ്പുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടതിനാൽ ടി റീസ്റ്റോറേഷൻ പ്രവൃത്തി നഗരസഭ ഏറ്റെടുത്ത് നടത്തുകയാണ് ഉണ്ടായത്.

(ബി) പ്രസ്തുത റോഡിന്റെ റീ-ടാറിംഗ് പ്രവൃത്തിക്ക് എത്ര രൂപയുടെ അന്തിമ അനുമതിയാണ് നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2,98,10,000/- (രണ്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ അന്തിമ അനുമതിയാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധം+ ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച കരാറുകാരന്റെ പേരും എത്ര തുകയ്ക്കാണ് കരാർ ലഭിച്ചതെന്നും നിലവിൽ എത്ര തുകയ്ക്കുള്ള ബില്ലുകൾ മാറിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

2,51,97,044.84/- രൂപയ്ക്ക് ശ്രീ. സെൽവൻ എൻ. എന്ന വ്യക്തിക്കാണ് കരാർ ലഭിച്ചിട്ടുള്ളത്. നിലവിൽ ബില്ലുകൾ ഒന്നും കരാറുകാരന് മാറി നൽകിയിട്ടില്ല.

(ഡി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

2025 നവംബർ മാസം അവസാനത്തോടെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉമ്മളത്തൂർ താഴം, പയ്യാനക്കൽ പട്ടർകൊടി എന്നീ കളിസ്ഥലങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി

387(2471) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2025-26 ബജറ്റിൽ ഇരുപത് ശതമാനം തുകയനുവദിച്ച കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ഉമ്മളത്തൂർ താഴം കളിസ്ഥലം, പയ്യാനക്കൽ പട്ടർകൊടി കളിസ്ഥലം എന്നിവയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

ഉമ്മളത്തൂർ കളിസ്ഥലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നഗരസഭാ ധനകാര്യ സ്ഥിരം സമിതിയുടെ ശിപാർശ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ച് വരുന്നു.

പയ്യാനക്കൽ കളിസ്ഥലത്തിനായി കോഴിക്കോട് താലൂക്കിലെ പന്നിയങ്കര വില്ലേജിൽ റീസർവ്വെ 297/2-ൽപ്പെട്ട 1.63 ഏക്കർ സ്ഥലം ആർ ഒന്നിന് 19,66,015/- രൂപ കണക്കാക്കി ബജറ്റിൽ മുൻകൂട്ടി കാണാൻ കഴിയാത്ത പ്രവൃത്തികൾക്കായി മാറ്റിവച്ച തുകയിൽ നിന്നും അനുവദിക്കുന്നതിന് 16-09-2025-ൽ ചേർന്ന കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ അജണ്ട 9-ലെ തീരുമാനം നം. 1 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2056, 2078, 2081, 2092, 2096, 2127, 2136, 2137, 2141, 2197, 2198, 2204, 2215, 2252, 2254, 2258, 2259, 2260, 2262, 2270, 2271, 2274, 2275, 2277,

2278, 2290, 2296, 2301, 2303, 2384 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

(III) ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) മേശപ്പുറത്തുവച്ച മറുപടി

ദുരന്തബാധിതരായ ജനങ്ങൾക്ക് താങ്ങും തണലുമായി നിന്നുകൊണ്ട് അവരെ ഒപ്പം ചേർത്തുപിടിക്കുന്ന സമീപനമാണ് വിലങ്ങാട് ദുരന്തബാധിതരുടെ കാര്യത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ള നയം. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് ബോധ്യമുള്ളതുമാണ്. ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി വിലങ്ങാട് ദുരന്തബാധിതർക്കും നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത സർക്കാർ പരിഗണിക്കുകയും ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി ചികിത്സാ ധനസഹായ ഫണ്ട്, വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭകർക്കുമുള്ള നഷ്ടപരിഹാരം എന്നിവ അനുവദിക്കുന്നതിന് 01-08-2025-ലെ സ.ഉ.(കൈ)നം.14/2025/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനാവശ്യമായ ശിപാർശ സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ഉരുൾപൊട്ടൽ ദുരന്തത്തിൽ 11 കുടുംബങ്ങൾക്ക് പൂർണ്ണമായും ഭൂമിയും വീടും നഷ്ടപ്പെടുകയുണ്ടായി. 25 വീടുകൾ പൂർണ്ണമായും 9 വീടുകൾ ഭാഗികമായും തകർന്നു. 9 മറ്റ് കെട്ടിടങ്ങളും തകർന്നു. 1.24 ഹെക്ടർ പുരയിടം ഒലിച്ചുപോയി. 250 ഏക്കർ കൃഷിനാശമുണ്ടായി. 58.81 കോടി രൂപയുടെ വ്യക്തിഗത നഷ്ടവും 158 കോടി രൂപയുടെ പൊതുമുതൽ

നഷ്ടവുമാണുണ്ടായത്.

വിലങ്ങാട് ദുരന്തത്തിൽ മരണപ്പെട്ട മൂന്നുപേരുടെ കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ദുരന്തബാധിതരായ 488 കുടുംബങ്ങൾക്ക് അടിയന്തര സഹായമായി SDRF-ൽനിന്നും 5,000/-രൂപയും CMDRF-ൽനിന്നും 5,000/-രൂപയുമുൾപ്പെടെ 10,000/-രൂപ വീതം നൽകിയിട്ടുണ്ട്. 37 കുടുംബങ്ങളിലെ 74 പേർക്കും 3 കച്ചവടക്കാർക്കും പ്രതിദിനം 300/-രൂപയുടെ ജീവനോപാധി 3 മാസത്തേയ്ക്ക് അനുവദിച്ചു. കൂടാതെ മരണമടഞ്ഞ മൂന്നുപേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം SDRF-ൽനിന്നും 2 ലക്ഷം രൂപ വീതം CMDRF-ൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

ദുരന്തബാധിതർക്ക് 7 മാസത്തേയ്ക്കുള്ള വാടക ഇതുവരെ അനുവദിച്ചിട്ടുണ്ട്. ഇത് ആഗസ്റ്റ് മാസംവരെ അനുവദിച്ചിരുന്നു. 20-08-2025-ൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ വിലങ്ങാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട യോഗത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ തുക അനുവദിച്ചതിനുശേഷം 3 മാസംകൂടി വാടക നൽകിയാൽ മതിയെന്ന് തീരുമാനിച്ചിരുന്നു. വാടക ഈ മാസവും നൽകിയിട്ടുണ്ട്. 49 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 15 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. അതിൽ 13 ലക്ഷം രൂപ CMDRF-ൽനിന്നും 2 ലക്ഷം രൂപ SDRF-ൽനിന്നുമാണ് അനുവദിച്ചത്. കൃഷി നാശനഷ്ടത്തിന് 21,21,000/-രൂപ AIMS portal മുഖാന്തരം അനുവദിച്ചിട്ടുണ്ട്. വളർത്തുമൃഗങ്ങളുടെ നാശനഷ്ടത്തിന് 1,67,000/-രൂപ അനുവദിച്ചു. രണ്ട് കോടി രൂപയുടെ റിവർ പ്രൊട്ടക്ഷൻ വർക്ക് ജലസേചന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്.

Debris removal-നായി 8 കോടി രൂപ SDRF-ൽനിന്നും അനുവദിച്ചിട്ടുണ്ട്. പുഴയുടെ പാർശ്വഭിത്തി കെട്ടുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിലങ്ങാട് ഉരുൾപൊട്ടലിൽ തകർച്ച നേരിട്ട റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം സംബന്ധിച്ച് ശേഷിക്കുന്ന വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മണ്ണ്, ജല സംരക്ഷണ പ്രവൃത്തി, നീർച്ചാൽ പുനരുദ്ധാരണം, റോഡ് നിർമ്മാണം, മുളവൽക്കരണ പ്രവൃത്തികൾ ഉൾപ്പെടെ വാണിമേൽ ഗ്രാമപഞ്ചായത്തിൽ ആകെ 19 പ്രവൃത്തികളിലായി 1.04 കോടി രൂപയുടെയും നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 8 പ്രവൃത്തികളിലായി 37.6 ലക്ഷം രൂപയുടെയും പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ/അഡീഷണൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയും അംഗീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ആവശ്യപ്പെട്ട റോഡിന്റെയും പാലങ്ങളുടെയും പുനർനിർമ്മാണം, വീടിന് കേടുപാട് പറ്റിയവരുടെ അപേക്ഷകളിൽ ധനസഹായം ഉൾപ്പെടെ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ എല്ലാപേർക്കും ധനസഹായം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പാവറട്ടി-മുല്ലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി സംബന്ധിച്ച ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) മേശപ്പുറത്തുവച്ച മറുപടി

മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി RKI (Rebuild- Kerala Initiative) പദ്ധതിയിൽ

ഉൾപ്പെടുത്തി 54.80 കോടി രൂപയ്ക്ക് 03-03-2020-ൽ ഭരണാനുമതി നൽകുകയും 44.72 കോടി രൂപയ്ക്ക് 19-08-2020-ൽ സാങ്കേതികാനുമതി നൽകുകയും ചെയ്തു.

കൂടാതെ ടി പഞ്ചായത്തുകളിലേക്കുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ പ്രവൃത്തിയോടനുബന്ധിച്ച് ചെയ്യുവാൻ അവശേഷിച്ചിരുന്ന ബ്രഹ്മകുളം റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പെപ്പ്ലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തിയും പൂർത്തീകരിച്ചുകഴിഞ്ഞു. റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പിടുന്നതിന് അനുമതി ലഭിക്കാൻ കാലതാമസമുണ്ടായതാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയത്.

RKI പദ്ധതിയുടെ മേൽപ്പറഞ്ഞ വിവിധ ഘടക പ്രവൃത്തികളടക്കം ഏകദേശം 90 ശതമാനത്തോളം പ്രവൃത്തികളും പൂർത്തീകരിച്ചു കഴിഞ്ഞതാണ്. മേൽ പദ്ധതിയുടെ പ്രധാന പ്രവൃത്തിയായ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിലെ ആകെയുള്ള 109 km വിതരണ ശൃംഖലയുടെ പ്രവൃത്തിയിൽ 95 km പ്രവൃത്തിയും ചെയ്ത് പൂർത്തിയായിട്ടുള്ളതാണ്.

RKI-യുടെ കീഴിൽവരുന്ന ചില പ്രവൃത്തികൾകൂടി പൂർത്തീകരിച്ച് ഈ പദ്ധതി കമ്മീഷൻ ചെയ്യണമെങ്കിൽ താഴെപ്പറയുന്ന പ്രവൃത്തികളുംകൂടി പൂർത്തീകരിക്കേണ്ടതുണ്ട്. അനുമതി ലഭ്യമാക്കേണ്ട ഏതാണ്ട് 6 km പി.ഡബ്ല്യു.ഡി. റോഡിലും (5 stretches) 700 മീറ്ററോളം വരുന്ന പി.എം.ജി.എസ്.വൈ. റോഡിലും പൈപ്പുകൾ സ്ഥാപിക്കൽ കൂടാതെ ചില ഭാഗങ്ങളിൽ ലൈൻ ചാർജ് ചെയ്യൽ, ഹൗസ് കണക്ഷൻ നൽകൽ, ഇന്റർ കണക്ഷൻ, ഗ്യാപ് ഫില്ലിങ് മുതലായ അനുബന്ധപ്രവൃത്തികളും പൂർത്തീകരിക്കേണ്ടതുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് 2026 മാർച്ച് 31-ഓടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന്

പ്രതീക്ഷിക്കുന്നു.

ഉത്സവങ്ങൾ രജിസ്ട്രേഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച ശ്രീ. പി. പി. സുമോദ് എം.എൽ.എ., ശ്രീ സച്ചിൻദേവ് എം.എൽ.എ. എന്നിവരുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) മേശപ്പുറത്തുവച്ച മറുപടി

WP(C) No.743/2014 കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 18-05-2015-ലെ ഉത്തരവിൻപ്രകാരം, നിശ്ചിത സമയപരിധിക്കുള്ളിൽ ജില്ലാ മോണിറ്ററിങ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ആരാധനാലയങ്ങൾക്ക് മാത്രമെ ആന എഴുന്നള്ളത്തിന് അനുമതി നൽകാൻ കഴിയൂ.

എന്നാൽ, സമയപരിധിക്കുള്ളിൽ ജില്ലാ മോണിറ്ററിങ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ക്ഷേത്രങ്ങൾക്കും ദേവസ്വങ്ങൾക്കും 20-01-2020 മുതൽ ഒരു മാസത്തേയ്ക്കും തുടർന്ന് 20-04-2022-ലെ G.O.(Ms.)No.19/2022/F&WLD സർക്കാർ ഉത്തരവുപ്രകാരം 31-05-2022 വരെയും സമയപരിധി നീട്ടി നൽകിയിരുന്നു.

ഇത്തരത്തിൽ ഈ വിഷയത്തിൽ രണ്ടുതവണ സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്കായി അവസരം നൽകിയിരുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതിയും 18-05-2015-ൽ WP(C)No.743/2014 കേസിലെ ഉത്തരവിൽ 2012-ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും) ചട്ടം കർശനമായി നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 13-11-2024-ൽ WP(C)No.31520/2024 കേസിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്മേൽ സർക്കാർ ഉത്തരവിനെതിരെ പരാമർശം നടത്തിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കോടതി വിധികൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

വിരുപ്പാക്ക സഹകരണ സ്പിന്നിങ് മിൽ സംബന്ധിച്ച ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യുടെ സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) മേശപ്പുറത്തുവച്ച മറുപടി

തൃശ്ശൂർ ജില്ലയിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതിചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിൽ 30 കോടി രൂപയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ടെക്സ്റ്റൈൽ വ്യവസായ മേഖലയിൽ രാജ്യത്താകമാനമുണ്ടായ പ്രതിസന്ധി, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവ കാരണം 06-02-2023 മുതൽ ലേ ഓഫിലാണ്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിലേക്കായി ആധുനികവൽക്കരണ പദ്ധതിയിൻകീഴിൽ 2024-25 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷം 30 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

പ്രവർത്തന മൂലധന ഇനത്തിൽ 2024-25 സാമ്പത്തിക വർഷം 10.28 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷം 20 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലെ കുടിശ്ശിക നൽകുന്നതിന് 15 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷം അനുവദിച്ചുനൽകിയിട്ടുണ്ട്.

വിരമിച്ച 192 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയിനത്തിൽ 4 കോടി 81 ലക്ഷം രൂപ കുടിശ്ശികയുണ്ട്. നടപ്പുസാമ്പത്തികവർഷം വ്യവസായ വകുപ്പിന് കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory dues/commitments പരിഹരിക്കുന്നതിനായി 4,250 ലക്ഷം രൂപയ്ക്ക്

ഭരണാനുമതി നൽകിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഘട്ടംഘട്ടമായി തീർക്കുന്നതിനും റവന്യൂ റിക്കവറികൾ ഒഴിവാക്കുന്നതിനുമായി 410 ലക്ഷം രൂപ ഉൾപ്പെടുത്തുകയും പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മില്ലിനുണ്ടായിരുന്ന 23 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക, മില്ലിന്റെ ബാധ്യതയിൽനിന്നും സർക്കാർ എഴുതിത്തള്ളുകയുണ്ടായി. മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായുള്ള ശക്തമായ നടപടികളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന ഡയറക്ടർ ബോർഡിനെ പുനഃസംഘടിപ്പിക്കുകയുണ്ടായി. മില്ലിന്റെ ഓഫീസ് തുറന്നു പ്രവർത്തിപ്പിക്കുകയും ചെയ്തു.

നിലവിൽ മില്ലിലെ റോളിൽ സ്ഥിരം/കോൺട്രാക്ട്/സെക്യൂരിറ്റി എന്നീ വിഭാഗങ്ങളിലായി 138 ജീവനക്കാരാണുള്ളത്. ഓണത്തോടനുബന്ധിച്ച് തൊഴിൽ വകുപ്പിൽനിന്നുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2023 ഫെബ്രുവരിയിലെ ശമ്പള/വേതന കുടിശ്ശികയും മില്ലിലെ സ്ഥിരം ജീവനക്കാർക്ക് ഓണം അഡ്വാൻസായി 5,000 രൂപ വീതവും നൽകിയിട്ടുണ്ട്. മില്ലിൽനിന്നും അവസാനം പിരിഞ്ഞുപോയ 25 ജീവനക്കാർക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽനിന്നും ലഭിക്കാനുള്ള തുകയും ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ, സർക്കാർ അനുമതിയോടെ, അതത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ അധിക ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി വിനിയോഗിച്ച് വരുമാനം കണ്ടെത്താനും

ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ വാടക/പാട്ടം മുഖേന വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇത്തരത്തിൽ മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്ന് നിലവിലുള്ള 10 ഏക്കർ ഭൂമിയിൽ അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന് ലഭ്യമായ/അനുമതി നൽകിയിട്ടുള്ള സാമ്പത്തിക സഹായം കണക്കിലെടുത്ത് മില്ലിൽ നിലനിൽക്കുന്ന കുടിശ്ശികകൾ/പ്രതിസന്ധികൾ പരമാവധി തീർപ്പാക്കി/കൈകാര്യംചെയ്ത് മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്നുപ്രവർത്തിപ്പിക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. മില്ലിൽ പുതിയ HT പവർ ലഭ്യമാക്കി മെഷീനുകൾ ഓരോന്നായി പ്രവർത്തിപ്പിക്കുകയും അസംസ്കൃത വസ്തുക്കൾ കോട്ടൺ ബോർഡ് വഴി ലഭ്യമാക്കി മില്ലിനെ ചുരുങ്ങിയ കാലയളവിൽ പ്രവർത്തന മികവിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

<u>കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിൽ കൃഷിഭവൻ സ്ഥാപിക്കുന്നത് സംബന്ധിച്ച ശ്രീ. കെ. ജെ. മാക്സി എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) മേശപ്പുറത്തുവച്ച മറുപടി</u>

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷൻ കൃഷിഭവൻ വൈറ്റിലയിലാണ് പ്രവർത്തിക്കുന്നത്. 74 വാർഡുകളും 13 വില്ലേജുകളുമുള്ള കൊച്ചി കോർപ്പറേഷനിൽ ഒരു

കൃഷിഭവൻകൂടി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൊച്ചി കോർപ്പറേഷൻ പരിധിയിൽ കൃഷി വ്യാപകമല്ലാതിരുന്ന കാലഘട്ടത്തിലാണ് വൈറ്റില കൃഷിഭവൻ സ്ഥാപിക്കപ്പെട്ടത്. എന്നാൽ കാലാന്തരത്തിൽ കോർപ്പറേഷന്റെ വിസ്തൃതി വർധിക്കുകയും കാർഷിക മേഖലയിലെ സർക്കാരിന്റെ വിവിധ പദ്ധതികളായ 'ഞങ്ങളും കൃഷിയിലേക്ക്', 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം', 'പോഷക സമൃദ്ധി മിഷൻ', 'ജൈവ കാർഷിക മിഷൻ' തുടങ്ങിയവയിൽ ആകൃഷ്ടരായി കൂടുതൽ കർഷകർ മട്ടുപ്പാവ് കൃഷി, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിങ് തുടങ്ങിയ ആധുനിക കൃഷിരീതികൾ ആരംഭിച്ചു. നിരവധി കർഷക കൂട്ടായ്മകൾ ഇന്ന് പ്രാഥമിക, ദ്വിതീയ കാർഷിക മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈറ്റില കൃഷിഭവനിൽ ഒരു കൃഷി ഫീൽഡ് ഓഫീസറും ഒരു കൃഷി അസിസ്റ്റന്റുമാണ് ഉണ്ടായിരുന്നത്. നഗരകൃഷിയും നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള സ്മാർട്ട് കൃഷിയും വർധിച്ചിട്ടുള്ള സാഹചര്യത്തിൽ കർഷകർക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിന് കൂടുതൽ സൗകര്യം ഒരുക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-06-2023-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.6/2023/AGRI. പ്രകാരം രണ്ട് കൃഷി അസിസ്റ്റന്റ് തസ്തികകൂടി വൈറ്റില കൃഷിഭവനിലേക്ക് പുനർവിന്യസിച്ച് നൽകിയിട്ടുണ്ട്.

പടിഞ്ഞാറൻ മേഖലയിൽ കർഷകർക്ക് സേവനം ലഭ്യമാക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ലഭ്യമാക്കുന്ന മുറയ്ക്ക് അവിടെ ഒരു സബ് സെന്റർ ഉടൻ ആരംഭിക്കാൻ കഴിയും. പുതിയ കൃഷിഭവൻ ആരംഭിക്കുന്നതിന് വിവിധ ഭൗതിക സൗകര്യങ്ങൾ ആവശ്യമാണ്. ആയത് കോർപ്പറേഷനിൽനിന്ന് ലഭ്യമായാൽ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് പടിഞ്ഞാറൻ മേഖലയിൽ ഒരു കൃഷിഭവൻകൂടി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം സംബന്ധിച്ച ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

കരമന-കളിയിക്കാവിള നാലുവരി പാതയിലെ ബാലരാമപുരം-വഴിമുക്ക് റോഡ് വികസനത്തിനുള്ള വിശദ പദ്ധതിരേഖ തയ്യാറാക്കുന്നത് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുകയാണ്. ഇവിടെ സ്ഥലമേറ്റെടുപ്പിന് 98 കോടി രൂപ അനുവദിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആ തുക ഉപയോഗിച്ച് 193 വസ്തുക്കൾക്ക് നഷ്ടപരിഹാരം അനുവദിച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഈ വസ്തുക്കളിലെ ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള ലേല നടപടികൾ പുരോഗമിക്കുകയാണ്. ബാക്കി സ്ഥലമേറ്റെടുക്കലിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് മാറിയാണ് തുക അനുവദിച്ചത്. അത് മാറ്റി നൽകുന്നതിനായി നിർദേശിച്ചിട്ടുണ്ട്. അത് കൈമാറിക്കഴിഞ്ഞാൽ ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കാനാകും.

വഴിമുക്ക്-കളിയിക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കണമെന്ന വിഷയത്തിൽ കിഫ്ബിയിൽനിന്നും അന്തിമമായ തീരുമാനം ലഭിക്കാനുണ്ട്. നേരത്തെ

ജങ്ഷൻ ഭാഗങ്ങളിൽ 30.20 മീറ്റർ വീതിയിലും മറ്റുഭാഗങ്ങളിൽ 23 മീറ്റർ വീതിയിലും റോഡ് വികസിപ്പിക്കുന്നത് സംബന്ധിച്ചുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദേശം നൽകിയിരുന്നു. കിഫ്ബി നിർദേശിച്ച രീതിയിൽ സ്ഥലമെടുപ്പ് നടത്തുന്നതിൽ കാര്യമായ സാമ്പത്തികലാഭം ഉണ്ടാകില്ലെന്നും കൂടാതെ ബന്ധപ്പെട്ട മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ നിർദേശമനുസരിച്ച് മുഴുവൻ ദൂരത്തിലും 30.20 മീറ്റർ വീതിതന്നെ തുടരണമെന്നും KRFB-യിൽനിന്നും കിഫ്ബിയിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പൊതുമരാമത്ത് സെക്രട്ടറി തലത്തിൽ കൂടിയ മീറ്റിങ്ങിൽ 30.20 മീറ്റർ വീതിയിൽതന്നെ കിഫ്ബിയിൽനിന്നും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കിഫ്ബിയിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും.

അഴീക്കോട് ചാൽ ബീച്ച് വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ശ്രീ. കെ. വി. സുമേഷ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

സമീപകാലത്ത് ടൂറിസം ഭൂപടത്തിലേക്ക് ഉയർന്നുവന്ന ഒരു ഡെസ്റ്റിനേഷനാണ് അഴീക്കോട് ചാൽ ബീച്ച്. ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷനോടെ ചാൽ ബീച്ച് ഡെസ്റ്റിനേഷൻ അന്തർദേശീയ തലത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ട ഒന്നായി മാറി. ബ്ലൂ ഫ്ലാഗ് ഉയർത്തുന്ന ചടങ്ങിന്റെ ഭാഗമായി ചാൽ ബീച്ചിലെ അടിസ്ഥാന സൗകര്യം വർധിപ്പിക്കാനും സഞ്ചാരികളെത്തുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനും വികസന പദ്ധതി നടപ്പാക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. അതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. കെ. വി.

സുമേഷിന്റെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു. എന്നാൽ, അത് കടൽ പുറമ്പോക്കാണെന്ന് കണ്ടെത്തുകയും സർവെ നടത്തി FMB-ലേക്ക് രേഖാപരമായി വരവ് വരുത്തുന്നതിനും ടൂറിസം വകുപ്പിന് പ്രസ്തുത സ്ഥലത്തിന്മേൽ നിയന്ത്രിതാനുമതി അനുവദിച്ചുതരുന്നതിനും കണ്ണൂർ ജില്ലാകളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് അത്യാവശ്യംവേണ്ട വിവരങ്ങളും അനുമതിയും ലഭ്യമായാൽ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. ഇക്കാര്യത്തിൽ എം.എൽ.എ.-യെയും കളക്ടറെയും ഉൾപ്പെടുത്തി പ്രത്യേകമായി യോഗം വിളിക്കാൻ ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നെല്ലിന്റെ സംഭരണവില യഥാസമയം ലഭ്യമാക്കാനുള്ള നടപടി സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) മേശപ്പുറത്തുവച്ച മറുപടി

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പായിപ്പാട് കൃഷിഭവനുകീഴിൽ 4091 മെട്രിക് ടൺ നെല്ല് സംഭരിച്ചതിന്റെ വിലയായ 11.59 കോടി രൂപയിൽ 10.94 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. വാഴപ്പിള്ളി കൃഷിഭവനുകീഴിൽ 4905 മെട്രിക് ടൺ നെല്ലിന്റെ വിലയായ 13.89 കോടി രൂപയിൽ 13.75 കോടി രൂപയും കുറിച്ചി കൃഷിഭവനുകീഴിൽ 1313 മെട്രിക് ടൺ നെല്ലിന്റെ വിലയായ 3.72 കോടി രൂപയിൽ 3.65 കോടി രൂപയും ചങ്ങനാശ്ശേരി നഗരസഭാ കൃഷിഭവനുകീഴിൽ 155 മെട്രിക് ടൺ നെല്ലിന്റെ വിലയായ 44 ലക്ഷം രൂപയിൽ 41 ലക്ഷം രൂപയും വിതരണം ചെയ്തുകഴിഞ്ഞു. ഈ നാല് കൃഷിഭവനുകളിലും ചേർത്ത് 10464 മെട്രിക് ടൺ നെല്ല് സംഭരിച്ചതിന്റെ വിലയായ 29.64 കോടി രൂപയിൽ 28.75 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്നത് 89 ലക്ഷം രൂപയാണ്.

കർഷകർക്ക് സംഭരണവില പൂർണ്ണമായി നൽകാൻ ആവശ്യമായ തുക സപ്ലൈകോ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ബാങ്കുകളുമായി ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളിലിടപെട്ട് ആവശ്യമായ സഹായം ചെയ്യുന്നതിന് പാഡി മാർക്കറ്റിങ് ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബാങ്കിന്റെ മേഖലാതല അധികാരികൾക്ക് സപ്ലൈകോ ആസ്ഥാനത്തുനിന്നും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഏതെങ്കിലും തലങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടാവുകയാണെങ്കിൽ യഥാസമയം ഇടപെട്ട് പരിഹരിക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

****